# ഭാഗം രണ്ട്

അധ്യായം പതിനാല്

# ആര്യന്മാർ

ഇൻഡോ-ആര്യൻമാരുടെ മൂല തറവാടിനെപ്പറ്റി ഗുരുതരമായ ഭിന്നാഭിപ്രായങ്ങളാണ് ചരിത്രപണ്ഡിതന്മാർക്കിടയിൽ കാണുന്നത്. ഭാരതത്തിൽ കുടിയേറിപ്പാർത്ത വിദേശികളാണ് ആര്യൻ ജനത എന്നു ചിലർ പറയുമ്പോൾ, അല്ല, ഇവിടെത്തന്നെ ജനിച്ചുവളർന്ന ഒരു പരിഷ്കൃത ജനവിഭാഗമാണ് അവർ എന്ന് മറ്റു ചിലർ അവകാശപ്പെടുന്നു. നാം ദേശീയത്വത്തിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ട് പ്രസ്തുത വിവാദത്തിൽ നമുക്കൊരു സവിശേഷതാൽപര്യവുമില്ല. എന്നിരുന്നാലും, ഒരു ചരിത്രവിദ്യാർഥിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞുപോയ ജനവിഭാഗങ്ങളെക്കുറിച്ചറിയൽ വളരെ ആവശ്യമാണ്. അവരെ പരിചയപ്പെടാനും പരിചയപ്പെടുത്താനും എങ്കിൽ മാത്രമേ സാധ്യമാവൂ.

മേലുദ്ധരിച്ച പ്രശ്നത്തിന് പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി പണ്ഡിതന്മാർ ഉത്തരം കാണാൻ ശ്രമിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത് ഇൻഡോ-ആര്യൻമാരുടെ മൂല കുടുംബം ഇന്ത്യക്ക് പുറത്തെവിടെയോ ആണെന്നത്രെ. ഇക്കൂട്ടത്തിൽ ഭാരതീയ പണ്ഡിതൻമാരായ ശ്രീ. ബാലഗംഗാധര തിലകൻ, ഡോ. എസ്. രാധാകൃഷ്ണൻ, സർ. ആർ.ജി. ഭണ്ഡാർക്കർ, ശ്രീ. അക്ഷോയ് കുമാർ മജുംദാർ, ശ്രീ. ആർ.സി. ദത്ത മുതലായവരും ഉൾപ്പെടും. എന്നാൽ, ഹൈന്ദവ പണ്ഡിതൻമാരിൽ ചെറിയൊരു ന്യൂനപക്ഷത്തിന്റെ അഭിപ്രായം ആര്യൻമാർ മറുദിക്കിൽനിന്ന് വന്നവരല്ലെന്നും, ഇവിടെത്തന്നെയുണ്ടായിരുന്നവരിൽനിന്നുള്ള സംസ്കാരസമ്പന്ന വിഭാഗമാണെന്നുമാണ്. ഈ അഭിപ്രായക്കാരുടെ മുമ്പന്തിയിൽ നിൽക്കുന്നത് 'ആര്യസമാജ'ത്തിന്റെ സ്ഥാപക നേതാവായ ശ്രീ. ദയാനന്ദ സരസ്വതിയും അനുയായികളുമാകുന്നു. ദയാനന്ദജി ഋഗ്വേദ സംഹിതയ്ക്ക് ബൃഹത്തായ ഒരു ഭാഷ്യം എഴുതിയിട്ടുണ്ട്. തന്റെ പ്രസ്തുത അഭിപ്രായം സമർഥിക്കുവാൻ അദ്ദേഹം അതിൽ ശ്രമിച്ചിരിക്കുന്നു. ഇപ്രകാരം തന്നെ

അബിനാസ് ചന്ദ്രദാസ് എന്ന മറ്റൊരു പണ്ഡിതന്റെ അഭിപ്രായം ഇതത്രെ: "സപ്തസിന്ധുവിൽ ഉറകൊണ്ട സംസ്കാരം ഒരു ഇറക്കുമതിയല്ല; സംസ്കാരം ഇവിടേക്ക് വരികയല്ല, ഇവിടെ നിന്ന് മറു ദിക്കിലേക്ക് ഒഴുകുകയാണുണ്ടായത്."[1] എന്നാൽ ഭാരതത്തിൽ പോലും പ്രചാരപ്പെട്ടതും പൊതുവെ അംഗീകരിക്കപ്പെട്ടതും ആയ ആദ്യത്തെ അഭിപ്രായത്തെ മാനിച്ച് മുന്നോട്ട് നീങ്ങാനാണ് നാമിവിടെ ഉദ്ദേശിക്കുന്നത്.

## മൂല കുടുംബം

ഇൻഡോ-ആര്യന്മാർ മറുദിക്കിൽ നിന്നുള്ള കുടിയേറ്റക്കാരാണെന്ന് പറയുന്നവർ തന്നെ അവരുടെ മൂലകുടുംബത്തെപ്പറ്റി വിഭിന്ന പക്ഷക്കാരാകുന്നു. ഓരോ പക്ഷവും താന്താങ്ങളുടെ നിഗമനത്തിനനുകൂലമായ തെളിവുകൾ നിരത്തി വെക്കുന്നുണ്ട്. പക്ഷേ, അവ അപൂർണങ്ങളത്രെ. അവ മൊത്തത്തിൽ നമുക്കൊന്ന് പരിശോധിക്കാം:

ആര്യന്മാരുടെ ഏറ്റവും പുരാതനമായ സാഹിത്യം ഋഗ്വേദ സംഹിതയാണെന്നു പ്രായേണ എല്ലാ നിരൂപകന്മാരും സമ്മതിക്കുന്നുണ്ട്. ഋഗ്വേദത്തിലെ ഭാഷയെപ്പറ്റി ഗവേഷണം നടത്തിയ പാശ്ചാത്യൻ പണ്ഡിതന്മാർ അതിന് പേർഷ്യൻ, ഗ്രീക്ക്, ലത്തീൻ, ട്യൂട്ടോണിക്ക്, സ്ലോവണിക്ക് മുതലായ ഭാഷകളുമായി ബന്ധമുണ്ടെന്നു കണ്ടെത്തി. അവയ്ക്കെല്ലാം കൂടി പൊതുവായ ഒരു ഭാഷയുണ്ടായിരുന്നിരിക്കണമെന്നാണ് അവരുടെ അനുമാനം. വൈദിക സംസ്കൃതത്തിന് മാതൃത്വം കല്പിക്കാൻ അവർ തയ്യാറില്ല. കാരണം, അതിനേക്കാൾ പഴമ തോന്നിക്കുന്ന ഒന്നാണ്, ഏഷ്യാമൈനറിലെ ബോഘാസ്ക്കോയ് (Boghazkoy) എന്നിടത്തുനിന്നു കണ്ടെടുത്ത ശിലാ രേഖകളിലെ ഭാഷ.[2]

അച്ഛൻ, അമ്മ, പുത്രൻ, പുത്രി, ദൈവം, ഹൃദയം മുതലായവയെക്കുറിക്കുന്ന പദങ്ങൾ പ്രസ്തുത ഭാഷകൾ പൊതുവായി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ, ആ ഭാഷകളെല്ലാം ഒരേ കുടുംബത്തിൽനിന്ന് ഭാഗം പിരിഞ്ഞുപോകുന്ന താവഴികളാണെന്നു ഭാഷാഗവേഷകർ അനുമാനിക്കുന്നു. ഈ അനുമാനം സ്വാഭാവികമായും മറ്റൊരു നിഗമനത്തിന് ജന്മം നൽകി-പ്രസ്തുത ഭാഷകൾ സംസാരിച്ചിരുന്ന ജനതതികൾ ആദിയിൽ ഒരേ വർഗത്തിൽ പെട്ടവരായിരുന്നു എന്ന നിഗമനത്തിന്. അങ്ങനെ ഇൻഡോ-യൂറോപ്യൻ ഭാഷകൾ എന്ന ഒരു പുത്തൻ ഭാഷാവർഗത്തെ ഗവേഷകന്മാർ മെനഞ്ഞെടുക്കുകയും ചെയ്തു.

ഡോ.പി. ഗൈത്സ് ആദി ആര്യന്മാരുടെ മൂലതറവാട് ഇന്നത്തെ ഹങ്കറി, ആസ്ട്രിയ, ബൊഹീമിയ എന്നീ രാജ്യങ്ങളുൾപ്പെടെയുള്ള ഭൂപ്രദേശമാണെന്നു വാദിച്ചു. ഒരു വിഭാഗം പണ്ഡിതന്മാർ പാമീർ പീഠഭൂമിയിലാണ് ആദിആര്യന്മാരെ കുടിയിരുത്തിയത്. ജർമൻകാരനും ഋഗ്വേദ പണ്ഡിതനുമായ ഹോമീസ് ഉത്തര ധ്രുവത്തിലാണ് ആദി ആര്യൻമാരുടെ മൂല തറവാടെന്നു സിദ്ധാന്തിച്ചു.[3] ഏതാണ്ട് ഇതേപക്ഷക്കാരനാണ് ഭാരതീയ പണ്ഡിതനായ ശ്രീ. ലോകമാന്യ ബാലഗംഗാധര തിലകൻ. അദ്ദേഹം രേഖപ്പെടുത്തിയതു കാണുക:

"ഏറ്റവും പ്രാചീനരായ ആര്യൻ ജനതയുടെ വാസസ്ഥലം ഉത്തര ധ്രുവത്തിലെവിടെയോ ആയിരുന്നു. ഇത് വ്യക്തമാക്കുന്നതിനുവേണ്ട തെളിവുകൾ ആര്യൻവർഗത്തിന്റെ ഏറ്റവും പ്രാചീനങ്ങളായ വേദസാഹിത്യങ്ങളിലും 'സെന്ദ്അവെസ്താ'യിലും[4] ഉണ്ടെന്ന് വിശ്വാസയോഗ്യമാംവണ്ണം തെളിയിക്കാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്."[5]

തിലകന്റെ പ്രസ്തുത നിഗമനത്തിനുപോദ്ബലകമായ ഏക തെളിവ് ഇതത്രെ: ആറുമാസം നീണ്ടുനിൽക്കുന്ന രാപ്പകലുള്ള ഒരു സ്ഥലത്തെപ്പറ്റി സൂചിപ്പിക്കുന്ന സൂക്തങ്ങൾ ഋഗ്വേദത്തിലുണ്ട്. ഇതല്ലാതെ അദ്ദേഹത്തിന് ചരിത്രപരമോ ശാസ്ത്രീയമോ ആയ മറ്റൊരു തെളിവുമില്ല.[6]

ഇതുപോലെ യൂറോപ്പു മേഖല, ജർമൻ മേഖല, ഉത്തര യൂറോപ്പ്, മധ്യേഷ്യ എന്നിങ്ങനെ പല ഭൂഭാഗങ്ങളിലും ആദി ആര്യൻജനതയെ കുടിയിരുത്താൻ പണ്ഡിതന്മാർ ശ്രമിച്ചിട്ടുണ്ട്.[7]

ഇന്ത്യയിലേക്കു വന്ന ആര്യന്മാരുടെ കാര്യത്തിലും വിവിധ വാദഗതികളുണ്ട്. റഷ്യൻ ചരിത്രകാരന്മാരായ ബെർസിനും ഗ്രാന്തോവസ്കിയും വേദകാലത്തെ ആര്യന്മാരുടെ പൂർവ്വ വാസസ്ഥലം കോക്കസസ്സിനു വടക്കുള്ള പുൽമേടുകളായിരുന്നുവെന്ന് പറയുന്നു. അങ്ങനെ വടക്കേ ഇന്ത്യയിലുള്ള മാർഗ്ഗം ആദ്യമായി തുറക്കപ്പെട്ടത് ദക്ഷിണ റഷ്യയിൽ നിന്നാണെന്ന് അവർ അവകാശപ്പെടുന്നു. തിലകന്റെ അഭിപ്രായത്തിൽ, വൈദിക ആര്യന്മാർ മധ്യേഷ്യൻ സമതലങ്ങളിലാണ് ആദിയിൽ വസിച്ചിരുന്നത്. അദ്ദേഹം എഴുതുന്നു:

"ഏതാണ്ട് ക്രി. മു. 6000-7000-ാമാണ്ടിൽ വൈദികആര്യൻമാർ മധ്യേഷ്യൻ സമതലങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു."[8]

ഇങ്ങനെ പലപല അഭിപ്രായങ്ങളാണ് ഈ വിഷയത്തിലുള്ളത്. ഇതിൽ നിന്നും ഒരു കാര്യം തെളിഞ്ഞുവരുന്നുണ്ട്. ഈ വിഷയത്തിൽ ഒരുറച്ച തീരുമാനത്തിലെത്താൻ ഗവേഷകപണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതാണത്. മേൽപ്പറഞ്ഞ പണ്ഡിതന്മാർ ഇതര മതസാഹിത്യങ്ങൾ പരിശോധിച്ചിരിക്കാൻ ഇടയില്ല. എന്തെന്നാൽ, അവയ്ക്ക് കേവലം ഐതിഹ്യകൃതികളിൽ കവിഞ്ഞ വിലയൊന്നും ആധുനിക ചരിത്രകാരന്മാർ കൽപിക്കുന്നില്ല. ബൈബിൾ, ഖുർആൻ എന്നീ മതസാഹിത്യങ്ങൾ കൂടി പരിശോധിച്ച്, അവ നൽകുന്ന സൂചനകൾ പരിഗണിച്ച് നമുക്ക് മറ്റൊരു നിഗമനത്തിലെത്താവുന്നതാണ്.

## "പ്രത്ന ഓക്കസ്"

മെസൊപൊട്ടേമിയയിൽനിന്നു ഖനനം ചെയ്തെടുത്ത ശിലാരേഖകളിൽ, ആദിയിൽ അവിടെ ഭരണം നടത്തിയിരുന്ന സുമേരിയൻ സമ്രാട്ടുകളെ കീഴടക്കി, പുതിയ ആധിപത്യം സ്ഥാപിച്ച സെമിറ്റിക് രാജാക്കന്മാരുടേയും അവരുടെ നഗരങ്ങളുടേയും പേരുകൾ കാണുന്നുണ്ട്. 'കിഷ്', 'ഗുഷ്ബാൻ', 'എറേക്ക്' എന്നിവയാണ് നഗരങ്ങൾ. ഓക്കശ്, ലുഗൽസാഗിസി, ലുഗൽഓക്സിലസി എന്നിവരാണ് പ്രസ്തുത സെമിറ്റിക് രാജാക്കന്മാർ. ഓക്കശിനെപ്പറ്റി ശിലാരേഖകളിൽനിന്നു മനസ്സിലാക്കിയിട്ടു

ള്ളത് ഇത്രമാത്രമാണ്: അദ്ദേഹം ഗുഷ്ബാൻ നഗരത്തിലെ പുരോഹിത രാജാവായിരുന്നു. രാഷ്ട്രീയ പ്രാബല്യത്തെ അപേക്ഷിച്ചു മതപരമായ സ്വാധീനമാണ് ഓക്കശിനു കൂടുതലുണ്ടായിരുന്നത്.

എന്നാൽ, ഓക്കശിന്റെ പിൻഗാമി ലുഗൽസാഗിസി പ്രബലനായ ഒരു സമ്രാട്ടും കിഷിന്റേയും ഗുഷ്ബാന്റേയും അധിപതിയുമായിരുന്നു. ഇതിനുപുറമേ എറേക്ക് നഗരം അദ്ദേഹം അധീനപ്പെടുത്തുകയും ചെയ്തു. (ഇതേ എറേക്കാവണം പിന്നീട് ഇറാഖായിത്തീർന്നത്). ഏഷ്യയിൽ ഏറ്റവും ആദ്യം വിസ്തൃതമായ ഒരു സാമ്രാജ്യം സ്ഥാപിച്ചത് പ്രസ്തുത ലുഗൽ സാഗിസിയാണ്. ലുഗൽ ഓക്സിലസിയുടെ കാലത്ത് പ്രസ്തുത നഗരങ്ങൾ സുമേരിയന്മാർ തിരിച്ചുപിടിച്ചു.[9]

ലുഗൽസാഗിസിയുടെ സാമ്രാജ്യത്തെപ്പറ്റി ശ്രീ. കെ.വി. ഗോപാല മേനോൻ എഴുതിയതു കാണുക:

"ലാഗാഷ് എന്ന നഗരത്തിലെ പുരോഹിത വർഗ്ഗം സ്ഥാപിച്ച 'ഉറുകാഗിന' എന്ന രാജവംശത്തെയാകുന്നു നാം ആദ്യം കേൾക്കുന്നത്. ഈ വംശത്തെ എറേക്ക് എന്ന നഗരരാഷ്ട്രത്തിലെ പുരോഹിതനായിരുന്ന ലുഗൽസാഗിസി തോൽപ്പിച്ചു. ഈ ലുഗൽസാഗിസിയാണ് ഏഷ്യയിലെ ആദ്യത്തെ സമ്രാട്ടായി അറിയുന്നത്. ഇദ്ദേഹത്തിന്റെ സാമ്രാജ്യം പേർഷ്യൻ ഉൾക്കടൽ മുതൽ മധ്യധരണിവരെ വ്യാപിച്ചുകിടന്നുവെന്നു നിപ്പൂർ നഗരത്തിൽനിന്നു കിട്ടിയ ഒരു ശിലാശാസനം കൊണ്ടു കാണുന്നു."[10]

മേൽ പറഞ്ഞ രാജവംശത്തിന്റെ വാഴ്ചയുടെ കാലം ഏകദേശം ക്രി. മു. 4500-നോടടുത്തായിരിക്കണം. ഇവിടെ നമ്മുടെ ശ്രദ്ധയെ ആകർഷിച്ച സംഗതി മറ്റൊന്നാണ്: ലുഗൽസാഗിസിയുടെ മുൻഗാമിയായിരുന്ന ഓക്കശിന്റെ നാമം ഋഗ്വേദത്തിൽ സ്ഥലംപിടിച്ചിട്ടില്ലേ എന്നു നാം സംശയിക്കുന്നു. വേദകർത്താക്കളായ ആര്യൻമാരുടെ പുരാതന തറവാടെന്നു ചരിത്രകാരന്മാർ ഊഹിക്കുന്നതും ഋഗ്വേദത്തിൽ കാണുന്നതുമായ 'പ്രത്ന ഓക്കസ്സും' പ്രസ്തുത ശിലാലിഖിതത്തിൽ പറഞ്ഞ 'ഓക്കശും' തമ്മിൽ സ്വരസാദൃശ്യമുണ്ട്. പ്രത്ന ഓക്കസ്സ് എന്നാൽ പ്രാക്തന ഓക്കസ്സ് (പഴയ ഓക്കസ്സ്) എന്നാണർഥം. ഓക്കസ്സ് ഇൻഡോ-ആര്യന്മാരുടെ പ്രാചീന തറവാടായിരിക്കാവുന്നതാണ്. 'ഭാരത ബൃഹച്ചരിത്രം' രേഖപ്പെടുത്തിയതു നോക്കുക: "ഋഗ്വേദത്തിലെ ഒരു സൂക്തത്തിൽ ഒരു ഭക്തൻ, തന്റെ പൂർവ്വപിതാക്കന്മാർ ഇന്ദ്രനെ പണ്ട് ഭക്ത്യാദരങ്ങളോടെ പ്രാർഥിച്ചിരുന്ന പഴയ വാസസ്ഥാനത്ത്, അല്ലെങ്കിൽ 'പ്രത്ന ഓക്കസ്സി'ൽ നിന്നു വരാൻ അപേക്ഷിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധിക്കുന്നത് രസകരമത്രെ."[11]

അതിപ്രാക്തന കാലത്ത് വൈദിക ആര്യന്മാർക്ക് ബന്ധമുണ്ടായിരുന്ന പ്രസ്തുത ഓക്കസ്സ് അവരുടെ മൂലതറവാടായിരിക്കാം. തങ്ങളുടെ മഹാനായ ഒരു പൂർവ്വികന്റെ നാമത്തിൽനിന്നാവണം, ആ തറവാടിനു പ്രസ്തുത പേർ സിദ്ധിച്ചത്. സ്ഥലവും വംശവും പൂർവ്വികന്റെ നാമത്തിൽ പ്രസിദ്ധമാവുകയെന്നത് പ്രാചീന ചരിത്രത്തിൽ സർവ്വസാധാരണമാണ്.

## 'നരസിംഹം'

ഹൈന്ദവ പുരാണപ്രകാരം വിഷ്ണുവിന്റെ നാലാമത്തെ അവതാര മാണ് നരസിംഹം. ഈ നാമവും പശ്ചിമേഷ്യയിൽ പരിചിതമായിരുന്നു. പുരാവസ്തുഗവേഷകർക്കിടയിൽ പ്രസിദ്ധനായ ഒരു ചരിത്രപുരുഷ നാണ് സർഗോൺ ഒന്നാമൻ. ക്രി.മു. 2872-2817 കാലത്ത് അക്കാഡിൽ പ്രതാപത്തോടും പ്രഭാവത്തോടുംകൂടി ഭരണംനടത്തിയ ഒരധിപതിയാ യിരുന്നു അദ്ദേഹം. സെമിറ്റിക് വർഗ്ഗത്തിൽപെട്ട സർഗോണിന്റെ പിൻഗാ മിയുടെ പേർ 'നരാം സിൻകർ' എന്നായിരുന്നു. ഇദ്ദേഹം സർഗോണി നെപ്പോലെ പ്രബലനും അനേകം ക്ഷേത്രങ്ങളുടെ നിർമ്മാതാവുമായി രുന്നു. 'നാനാ ലോകങ്ങളുടെ അധിപതി' (രാജഃ വിശ്വജനീനഃ) എന്നൊരു സ്ഥാനപ്പേർ തന്നെ അദ്ദേഹത്തിന്നുണ്ടായിരുന്നു. അദ്ദേഹം നിപ്പൂറിലും അക്കാഡിലും ക്ഷേത്രങ്ങളും സത്രങ്ങളും പണിയിച്ചുവെന്നുമാത്രമല്ല, (യമനിൽ പെട്ട) സുപാറിൽ സൂര്യഭഗവാന് ഒരു ക്ഷേത്രം നിർമ്മിച്ചു വെന്നും കാണുന്നു. എന്നാൽ, നരാംസിൻകറിന്റെ ഏറ്റവും മഹത്കൃ ത്യമായി പറഞ്ഞിട്ടുള്ളത് 'മഗാൻ' നഗരം അധീനപ്പെടുത്തിയെന്നുള്ള തത്രെ. സീനായി ഉപദ്വീപിനോടു ചേർന്നുകിടക്കുന്ന വടക്കു പടിഞ്ഞാ റൻ അറേബ്യാ പ്രദേശമായിരിക്കണം പ്രസ്തുത മഗാൻ കൊണ്ടുദ്ദേശി ക്കപ്പെട്ടിട്ടുള്ളതെന്നു മൗലാനാ സുലൈമാൻ നദ്‌വി അഭിപ്രായപ്പെടുന്നു. അതിനടുത്ത് മഗാൻ എന്ന നാമധേയത്തിൽ ഒരു നഗരം ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ട്.[12]

നരാംസിൻകറിന് നരസിംഹത്തോടെന്നപോലെ മഗാന്ന് 'മഖം' എന്ന സംസ്കൃതശബ്ദത്തോടുമുള്ള സാദൃശ്യം ഇവിടെ ശ്രദ്ധേയമാണ്. യാഗം അഥവാ, യാഗസ്ഥലം എന്നാണ് സംസ്കൃതത്തിൽ മഖത്തിന്റെ അർഥം. ആര്യ ന്മാരുടെ ആരാധനാ രീതികളിൽ യാഗത്തിനുള്ള സ്ഥാനം സുവിദിതമാണ്. ആക യാൽ അക്കാഡിൽനിന്നുള്ള ശിലാരേഖയിൽ കാണുന്ന നരാംസിൻകറിന്റെ ഇന്ത്യൻ രൂപമാകാം നരസിംഹം. ഇൻഡോ- ആര്യന്മാരുടെ പശ്ചിമേഷ്യൻ ബന്ധത്തേയാണ് ഇതും കാണിക്കുന്നത്.

## 'ബോഘാസ്കോയ്' ദേവന്മാർ

വേദങ്ങളിൽ പ്രാചീനാര്യന്മാർ ആരാധിച്ചിരുന്ന ദേവന്മാരുടെ നാമങ്ങൾ പറഞ്ഞിട്ടുണ്ട്. ഇന്ദ്രൻ, മിത്രൻ, വരുണൻ, രണ്ടു നാസത്യന്മാർ ഉദാഹരണം. ഏഷ്യാമൈനറിലെ 'ബോഘാസ്കോയ്' എന്നിടത്തുനിന്നു കുഴിച്ചെടുത്ത രേഖ കളിലും ഇതേ ദേവനാമങ്ങൾ കാണുന്നുണ്ട്. കൂടാതെ ആര്യൻ നാമങ്ങൾ സ്വീക രിച്ചിരുന്ന രാജാക്കന്മാരുടെ പേരുകളും അവയിൽ കാണുകയുണ്ടായി. ക്രി. മു. 14-ാം ശതകമാണ് അവയുടെ കാലം. അക്കാലത്ത് ഏഷ്യാമൈനറിൽ ഭരണം നടത്തിയിരുന്ന രാജാക്കന്മാരുമായി വൈദിക ആര്യന്മാർക്ക് ബന്ധമുണ്ടായിരു ന്നുവെന്നാണ് ഇതിൽനിന്നും തെളിയുന്നത്. 'അഡ്വാൻസ്ഡ് ഹിസ്റ്ററി ഓഫ് ഇൻഡ്യ' എന്ന കൃതിയിൽ കാണുന്നു:

"പ്രാചീനാര്യന്മാരുടെ സംഭവപരമ്പരകൾ തീരെ അവ്യക്തമായിരിക്കുന്ന സ്ഥിതിക്ക് പശ്ചിമേഷ്യയിലേക്കും ഏഷ്യാമൈനറിലേക്കും ഇതര നാടുകളി

ലേക്കും ഒന്നു തിരിഞ്ഞുനോക്കുന്നത് സ്വാഗതാർഹമായിരിക്കും. ബി.സി. 14-ാം ശതകത്തിൽ നിലവിലിരുന്നതായി വിചാരിക്കപ്പെടുന്ന 'ബോഘാ സ്കോയി' (Boghazkoy)ൽനിന്നു കണ്ടെടുത്ത ചില പട്ടികയിൽ ഇന്ദ്രൻ, മിത്രൻ, വരുണൻ, നാസത്യന്മാർ മുതലായ ദേവന്മാരെ സ്വരക്ഷക്കായി വിളിച്ചു പ്രാർഥിച്ചിരുന്നവരും ആര്യനാമങ്ങൾ ധരിച്ചവരുമായ രാജാക്ക ന്മാരെപ്പറ്റി പറഞ്ഞിട്ടുണ്ട്.[13]

ഇതെപ്പറ്റി 'എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക'യിൽ പറയുന്നത് ഇങ്ങനെയാകുന്നു:

"വിദേശീയ ദേവന്മാർ-വിശേഷിച്ചും മെസൊപൊട്ടേമിയൻ ദേവ ന്മാരും, ചിലപ്പോൾ കനാന്യദേവന്മാരും-കാണപ്പെടുന്നത് വിദേശങ്ങളിൽ നിന്നു ഇറക്കുമതിചെയ്യപ്പെട്ട ഐതിഹ്യങ്ങളിലും മതചടങ്ങുകളിലുമാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള ഉടമ്പടികളിൽ, മറു കക്ഷികളുടെ ദിവ്യ സാക്ഷി കളെന്നോണം അത്തരം ദേവന്മാരെ ഉൾപ്പെടുത്തിക്കാണുന്നു. മതിവ സന്റെ കരാറുപത്രത്തിൽ കാണുന്ന ഇൻഡോ-ഇറാനിയൻ ദേവന്മാരായ ഇന്ദ്രനും മിത്രനും വരുണനും രണ്ടു നാസത്യരും ഇതിനുത്തമോദാഹ രണമത്രെ. മിട്ടാനി ആര്യന്മാർ ആരാധിച്ചിരുന്ന വിശ്വദേവതാഗണത്തിൽ പെടുന്നു പ്രസ്തുത ദേവതകൾ"![14]

മിട്ടാണികൾ ആര്യവർഗ്ഗത്തിൽ പെട്ടവരായിരുന്നുവെന്നും ഹിറ്റൈറ്റുകൾ ആര്യദേവന്മാരെ വന്ദിച്ചിരുന്നുവെന്നും ശ്രീ. വി.വി.കെ. വാലത്ത് ഉദ്ധരിക്കുന്നു:

"മിട്ടാനി വർഗക്കാർ ആര്യന്മാരായിരുന്നു. ഹിറ്റൈറ്റു (Hittite) വർഗ ക്കാർ ആര്യദേവന്മാരെയാണ് വന്ദിച്ചിരുന്നത്."[15]

## മിട്ടാനി വർഗം

ബൈബിൾ ഉത്പത്തിപുസ്തകത്തിൽ പറഞ്ഞ വംശാവലിയനുസ രിച്ച് അബ്രഹാമിന് 'കെതൂറ' എന്ന ഭാര്യയിൽ ജനിച്ച സന്തതികളുടെ കൂട്ടത്തിൽ ഒരാളുടെ പേർ മിദ്യാൻ എന്നായിരുന്നു.[16] മിദ്യാന്റെ പിൻമുറ ക്കാരായിരിക്കണം മിട്ടാനി വംശക്കാർ. യാക്കോബി (ഇസ്രായേൽ)ന്റെ കാലത്തു തന്നെ മിദ്യാന്യർ സമർഥരായ സാർഥവാഹകരായിരുന്നു. അവർ ഗിലയാദിൽ (സിറിയ) നിന്നു സാമ്പ്രാണിയും സുഗന്ധപ്പശയും സന്നിനായകവും ഒട്ടകപ്പുറത്തു കയറ്റി, മിസ്രയീമിൽ (ഈജിപ്ത്) കൊണ്ടുപോയി കച്ചവടം നടത്തിയിരുന്നു.[17] ഇവരാണ് യാക്കോബിന്റെ പുത്രനായ യോസേഫിനെ തന്റെ സഹോദരന്മാരിൽനിന്നും ഇരുപത് വെള്ളിക്കാശിനു വാങ്ങി, ഈജിപ്തിൽ കൊണ്ടുപോയി വിറ്റത്.[18] വാസ്ത വത്തിൽ അറബികളായിരുന്നു ഇവർ. അറബികളെ പൊതുവിൽ 'യിശ്മാ യേല്യർ' എന്നാണ് ബൈബിൾ വിളിച്ചിരുന്നത്. കാരണമുണ്ട്; അബ്ര ഹാമിന്റെ സീമന്ത പുത്രനായ ഇസ്മാഈൽ അറേബ്യയിലാണ് അധി വാസമുറപ്പിച്ചിരുന്നത്. മിദ്യാന്യരേയും ബൈബിൾ പ്രസ്തുത വഴക്കമ നുസരിച്ച് 'യിശ്മായേല്യർ' എന്നാണ് വിളിച്ചിട്ടുള്ളത്.[19] മിദ്യാന്യരുടെ അധിവാസകേന്ദ്രം അഖബാ ഉൾക്കടലിന്റെ തീരപ്രദേശത്തായിരുന്നു.

ആ സ്ഥലത്തെ യവന ചരിത്രകാരന്മാർ 'പെട്രാ' എന്നും, അറബികൾ 'റഖീം' എന്നുമാണ് വിളിച്ചിരുന്നത്.[20] മോസസ്സിന്റെ കാലത്ത് (ഉദ്ദേശം ബി.സി. 1500-ലോ, 1300-ലോ) അവിടെ ഏവി, രേക്കം, സൂർ, ഹൂർ, രേബ എന്നീ അഞ്ചു രാജാക്കന്മാർ വാണിരുന്നു.[21] ഇക്കൂട്ടത്തിൽ ഹൂർ വംശക്കാർ സ്ഥാപിച്ച ഭരണകൂടത്തിനാണ് മിട്ടാനി, അല്ലെങ്കിൽ മിത്തന്നി എന്നു പറഞ്ഞിരുന്നത്. മിത്തന്നി രാജാവായ മതിവസയും ഹിറ്റൈറ്റു രാജാവായ സുപ്പിലിലിയുമസും തമ്മിൽ നടന്ന കരാറു പത്രത്തിലാണ് ഇന്ദ്ര-മിത്ര-വരുണ-നാസത്യന്മാരെ ദിവ്യസാക്ഷികളായി പറഞ്ഞിട്ടുള്ളത്. ആകയാൽ മിദ്യാന്യർ ആര്യവർഗ്ഗക്കാരായിരുന്നുവെന്നു വരുന്നു. അവർ സെമിറ്റിക് വർഗ്ഗത്തിൽപ്പെട്ടവരും അറബികളുമായിരുന്നുവെന്നും ഇതിൽനിന്ന് തെളിയുന്നു.

## ഹിറ്റൈറ്റു വംശം

ഉത്പത്തി പുസ്തകത്തിലെ വംശാവലിപ്രകാരം, നോഹയുടെ പുത്രൻ ഹാമിന്റെ മകനായ കനാന്റെ പുത്രൻ ഹേത്തിന്റെ പിന്മുറക്കാരത്രെ ഹിത്യർ. ഇംഗ്ലീഷിൽ അവരെ 'ഹിറ്റൈറ്റ്സ്' (Hittites) എന്നു വിളിക്കുന്നു. ഏഷ്യാമൈനറിലും സിറിയയിലും ഇവർ അധിവാസമുറപ്പിച്ചിരുന്നു. യഹോവ അബ്രഹാമിനോട് തന്റെ സന്തതിക്ക് നൽകുമെന്നു വാഗ്ദത്തം ചെയ്തിരുന്ന ഭൂപ്രദേശത്തിന്റെ അതിർത്തികളും അവിടെ അക്കാലത്ത് (ഏതാണ്ട് ക്രി. മു. 2100) പാർത്തിരുന്ന ജനവിഭാഗങ്ങളുടെ പേരുകളും ഉത്പത്തിപുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഹിത്യൻ ജനതയുൾപ്പെടുന്നു. ബൈബിളിന്റെത്തന്നെ ഭാഷയിൽ:

"അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു: നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ-കേന്യർ, കെനിസ്യർ, കദ്മോന്യർ, ഹിത്യർ, പെറിസ്യർ, രെഫായീമ്യർ, അമേര്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെത്തന്നെ- തന്നിരിക്കുന്നു എന്ന് അരുളിച്ചെയ്തു."[22]

ഇസ്രായേൽ വംശം പിന്നീട് സ്ഥാപിച്ച സാമ്രാജ്യത്തെക്കുറിച്ച ഒരു സൂചനയായിരുന്നു ആ പ്രവചനം. ആ നിലക്ക് ഫലസ്തീനും പരിസരങ്ങളുമാണ് ആ ഭൂപ്രദേശംകൊണ്ടിവിടെ വിവക്ഷിതം. ആകയാൽ അബ്രഹാമിന്റെ കാലത്ത് ഹിത്യർ, അഥവാ, ഹിറ്റൈറ്റുകാർ പാർത്തിരുന്നത് പ്രസ്തുത ഭൂപ്രദേശത്താണെന്നു സിദ്ധം. അനന്തരകാലത്ത് ഹിത്യരും അബ്രഹാമിന്റെ സന്താനപരമ്പരയും തമ്മിൽ വൈവാഹിക ബന്ധം നടന്നതായി കാണാം. അബ്രഹാമിന്റെ പൗത്രനും യാക്കോബിന്റെ (ഇസ്രായേൽ) ജ്യേഷ്ഠസഹോദരനുമായ ഏശാവ് ഹിത്യരിൽനിന്നാണ് വേളി കഴിച്ചിരുന്നത്.[23] ചുരുക്കത്തിൽ ഹിറ്റൈറ്റുകൾ ആര്യദേവതകളെ വന്ദിച്ചിരുന്നുവെങ്കിൽ വൈദിക ആര്യന്മാരുടെ പശ്ചിമേഷ്യൻ ബന്ധം കുറേക്കൂടി അഗാധമാണെന്ന് പറയേണ്ടിയിരിക്കുന്നു.

## അരാമും ആര്യനും

ഉത്പത്തിപുസ്തകത്തിൽ വിവരിച്ച വംശാവലിയനുസരിച്ച് ഏത്

താഴ്വരയിൽപെടുന്നു ആര്യൻ ജനത? ഈ ചോദ്യത്തിന്റെ ഉത്തരം കാണുന്നതിനു മുമ്പ് പ്രാചീനജനതതികളുടെ ഉദ്ഭവത്തെക്കുറിച്ച സാമാന്യമായ ഒരവലോകനം ആവശ്യമാണെന്നു തോന്നുന്നു.

ഏതെങ്കിലുമൊരു കുലപതിയുടെ നാമത്തിൽ ഒരു ജനത അറിയപ്പെടുന്നു. അവർ വളർന്ന് ശക്തിയാർജ്ജിച്ച്, ഇതര ജനതകളെ കീഴമർത്തി, അധികാരപീഠത്തിലുപവിഷ്ടരാകുമ്പോൾ ചരിത്രത്തിൽ സ്ഥലം പിടിക്കുന്നു. പിന്നീട് അവരുടേതായ പലതും ആ കുലപതിയുടെ നാമത്തിൽ അറിയാൻ തുടങ്ങുന്നു. രാജവംശം, സാമ്രാജ്യം, തലസ്ഥാന നഗരം, ഭാഷ, ഭരണകൂടം, ചിലപ്പോൾ അവർ പൂജിക്കുന്ന ദേവൻ ഇങ്ങനെ സകലതും പ്രസ്തുത പിതാമഹന്റെ പേരിലായിരിക്കും പ്രസിദ്ധമാവുക.

ഈ സാമാന്യ സ്വഭാവത്തിന്റെ പ്രകടമായ ഒരുദാഹരണമാണ് അശ്ശൂർ. ഉത്പത്തിയിലെ വംശാവലിയനുസരിച്ച്, നോഹയുടെ മൂത്ത മകനായ ശേമിന്റെ ഒരു പുത്രനാകുന്നു അശ്ശൂർ.[24] അദ്ദേഹത്തിന്റെ പിന്മുറക്കാർ ആ പേരിലാണ് അനന്തരകാലത്ത് അറിയപ്പെട്ടത്. അവർ സാമ്രാജ്യം സ്ഥാപിച്ചപ്പോൾ അതിന്റെ പേർ അശ്ശൂർ എന്നായി. ഗ്രീക്കുകാർ അതിനെ 'അസ്സീരിയ' എന്നുച്ചരിച്ചു. അങ്ങനെ ആ വർഗ്ഗത്തിനും അവരുടെ രാജ്യത്തിനും തലസ്ഥാനനഗരിക്കും ഭാഷക്കും സംസ്കാരത്തിനുമെല്ലാം അശ്ശൂർ എന്ന നാമം പ്രസിദ്ധമായി. എന്തിനധികം അവർ പൂജിച്ചിരുന്ന പ്രധാന ദൈവത്തിന്റെ പേർ പോലും അശ്ശൂർ എന്നായിത്തീർന്നു. 'വിശ്വ വിജ്ഞാന കോശം' രേഖപ്പെടുത്തുന്നു:

"(ഈശ്വരനായ) അശ്ശൂറിന്റെ നാട് എന്നർഥം വരുന്ന ഒരു പദത്തിന്റെ ഗ്രീക്കുരൂപമാണ് അസ്സീരിയ. ഈ പൗരാണിക രാജ്യം ഇപ്പോഴത്തെ ഇറാഖിന്റെ വടക്കൻ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്........ അശ്ശൂർ അങ്ങനെ ഒരു ദൈവത്തിന്റെയും പട്ടണത്തിന്റെയും രാജ്യത്തിന്റെയും പേരായിത്തീർന്നു."[25]

ഈ വഴക്കം സനിഷ്കർഷം പിൻതുടർന്നുവന്ന മറ്റൊരു ജനവർഗ്ഗമായിരുന്നു അരാമ്യർ. നോഹയുടെ പുത്രനായ ശേമിന്റെ മറ്റൊരു മകന്റെ പേർ 'അരാം' എന്നായിരുന്നു.[26] ഇദ്ദേഹത്തിന്റെ സന്താന പരമ്പര അരാമ്യർ എന്ന പേരിൽ അറിയപ്പെട്ടു. അരാമ്യർ ഏതേതിടങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നുവോ, അവിടങ്ങളെയെല്ലാം അരാം എന്ന അവരുടെ കുലപതിയുടെ നാമം ചേർത്താണ് വിളിച്ചിരുന്നത്. ബൈബിൾ കൂലങ്കഷമായി പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാവും. ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു:

മെസൊപൊട്ടേമിയയിൽ അരാമ്യർ കേന്ദ്രം സ്ഥാപിച്ചു. തന്നിമിത്തം അതിന് 'പദ്ദൻ-അരാം' എന്ന പേർ വീണു.[27] ഗിലയാദിൽ (സിറിയ) അവർ ഭരണം നടത്തി. അതിനാൽ അതിനെ 'അരാം' എന്നു വിളിച്ചു വന്നു.[28] ദമ്മേശക്കിൽ (ഡമസ്ക്കസ്സ്) അവർ ആധിപത്യം സ്ഥാപിച്ചു. തന്മൂലം അതും അരാം എന്ന നാമത്തിലാണ് അറിയപ്പെട്ടത്.[29] വടക്കൻ അറേബ്യ അവരുടെ അധീനത്തിൽ വന്നു. അതിനും അരാം എന്നായി പേർ.[30]

ഇതേ വഴക്കമാണ് പൗരാണിക ഇൻഡോ-ആര്യൻമാരും സ്വീകരിച്ചുവന്നതെന്ന് ചരിത്രം ഘോഷിക്കുന്നു. ഭാരതത്തിൽ അവർ ഒരു സാമ്രാജ്യം സ്ഥാപിച്ചപ്പോൾ അതിന്റെ നാമം 'ആര്യവർത്തം' എന്നായി. അവരുടെ ഭാഷ 'ആര്യഭാഷ' എന്ന പേരിലാണ് വിളിക്കപ്പെട്ടിരുന്നത്. അവരുടെ പ്രധാന ദേവൻമാരിലൊന്നിന്റെ പേർ 'അര്യമാ' എന്നായിരുന്നു. ഇതേ പാരമ്പര്യത്തെ പിൻതുടർന്നാവണം, ഒരു ക്ഷത്രിയനായ ഗൗതമ ബുദ്ധൻ തന്റെ മൗലിക സത്യങ്ങൾക്ക് 'ആര്യസത്യങ്ങൾ' എന്നു നാമകരണം ചെയ്തത്.

ആകയാൽ, ആര്യനും അരാമും പേരിൽ മാത്രമല്ല, തങ്ങളുടെ കുലപതിയുടെ നാമം കൈവിടാതെ നിലനിർത്തിപ്പോരുന്നതിലും പരസ്പരം യോജിച്ചു കാണുന്നു. അതിനാൽ ബൈബിൾ പറയുന്ന അരാമ്യർ തന്നെയാവണം നമ്മുടെ ആര്യന്മാരുമെന്നൂഹിക്കേണ്ടിയിരിക്കുന്നു.

## അരാമും ഖുർആനും

'ഇറമ്' എന്നു പേരായ ഒരു പ്രാചീന ജനവർഗ്ഗത്തെ ഖുർആൻ 89 -ാം അധ്യായം നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. ലോകത്തെങ്ങും തുല്യത കാണപ്പെടാത്ത ഒരു പ്രബലവർഗ്ഗമായിരുന്നു അവരെന്നും ഖുർആൻ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. ഖുർആന്റെ ഭാഷയിൽ തന്നെ കാണുക:

"ആദിനോട്-സ്തൂപങ്ങളുടയവരും രാജ്യങ്ങളിൽ തുല്യത സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തവരുമായ 'ഇറമി'നോട്-നിന്റെ ഈശ്വരൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് കണ്ടില്ലെയോ?" [31]

വലിയൊരു ജനവർഗ്ഗമായിരുന്നു ഇറം. ആദു വംശം അതിന്റെ ഒരു ശാഖയും. ആദിനെപ്പറ്റി ഖുർആൻ അവതരിക്കുന്ന കാലത്തെ അറബികൾക്ക് കേട്ടുകേൾവി വഴി അറിയാമായിരുന്നു. വമ്പിച്ച പ്രതാപത്തോടും പ്രഭാവത്തോടും കൂടി പുരാതന കാലത്ത് അറേബ്യ ഭരിച്ചിരുന്ന അവർ ഏതോ പ്രകൃതികോപത്തിന്നിരയായി, അറേബ്യയിൽനിന്ന് നിശ്ശേഷം ഉന്മൂലനം ചെയ്യപ്പെട്ടു. മുകളിലുദ്ധരിച്ച വചനത്തിൽ പ്രസ്തുത സംഭവമാണ് അനുസ്മരിച്ചിട്ടുള്ളത്.

ഇവിടെ പറഞ്ഞ ഇറം ബൈബിളിലെ അരാം തന്നെയാണെന്നു മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി സമർഥിച്ചിട്ടുണ്ട്. ഹിബ്രുവിലെ അരാമിന്റെ അറബി രൂപമത്രെ ഇറം. ശബ്ദത്തിലെന്ന പോലെത്തന്നെ അർഥത്തിലും അവ മിക്കവാറും അടുക്കുന്നുണ്ട്. ഉന്നതം, ശ്രേഷ്ഠം, പ്രശസ്തം, പവിത്രം എന്നൊക്കെയാണ് ഹിബ്രുവിൽ അരാമിന്റെ അർഥം. ഇറമിനും ഏതാണ്ട് അതിനോടടുത്ത അർഥമാണുള്ളത്. പർവ്വതത്തിനും വഴിയിൽ നാട്ടിനിർത്തിയ നാഴികക്കല്ലിനും അറബി ഭാഷയിൽ ഇറം എന്നു പറയുന്നു. ഉയർന്നു നില്ക്കുന്നതുകൊണ്ടാവണം അവയ്ക്ക് ആ സംജ്ഞ ലഭിച്ചത്. [32]

ഇതുപോലെ ആര്യൻ എന്ന സംസ്കൃത ശബ്ദത്തിനും ഉന്നതം, ശ്രേഷ്ഠം, പവിത്രം എന്നൊക്കെയാണ് അർഥം. ചുരുക്കത്തിൽ അരാം,

ഇറം, ആര്യൻ എന്നീ ശബ്ദങ്ങൾക്ക് അക്ഷരത്തിലെന്ന പോലെ അർഥത്തിലും അടുപ്പമുണ്ട്.

ഇറമിന്റെ പിൻമുറക്കാരായി പല വംശങ്ങളും നിലവിൽ വന്നു. കൂട്ടത്തിൽ ഒന്നായിരുന്നു അറേബ്യയിൽ ആധിപത്യം സ്ഥാപിച്ച ആദുവംശം. അതിനാൽ, അവർ 'ആദുഇറം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇവരെ നേർമാർഗ്ഗത്തിലേക്ക് ക്ഷണിക്കാനായി പ്രവാചകനായ ഹൂദ് നിയുക്തനായി. അദ്ദേഹത്തെ അവർ ധിക്കരിച്ചുകളഞ്ഞു. അവസാനം ആദുവംശം ദൈവകോപത്തിനിരയാവുകയും നാശമടയുകയും ചെയ്തു. ഹൂദ്നബിയുടെ അനുയായികളായ ഒരു ന്യൂനപക്ഷം മാത്രമാണ് അവശേഷിച്ചത്. ഇവർ പിന്നീട് ആധിപത്യത്തിലേക്കുയർന്നു. അവസാനം ഇവരും ധിക്കാരികളായിത്തീർന്നു. 'സമൂദ്വംശം' എന്ന പേരിലാണ് ഇവരെ ഖുർആൻ പരിചയപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ഇവരും നാമാവശേഷമായി.

ആദിന്റെയും സമൂദിന്റെയും കഥ ഖുർആനിൽ പലേടങ്ങളിലും അനുസ്മരിച്ചിട്ടുണ്ട്. ആ രണ്ടു വംശങ്ങളെ അറബി ചരിത്രകാരന്മാർ 'ബായിദാഅറബി'കളുടെ (നാമാവശേഷമായ അറബി ഗോത്രങ്ങളുടെ) കൂട്ടത്തിലാണ് എണ്ണിയിരിക്കുന്നത്.

ആദും ഇറമും തമ്മിലുള്ള ചാർച്ചയെപ്പറ്റി മുസ്ലിം ചരിത്രകാരൻമാർക്കു പ്രധാനമായി രണ്ടു അഭിപ്രായങ്ങളുണ്ട്; ഇറമിൽ നിന്ന് ഊസും, ഊസിൽ നിന്നു ആദും ഉദ്ഭവിച്ചുവെന്നാണ് ഇബ്നു ഖുതൈബയുടെ അഭിപ്രായം. എന്നാൽ ഖൽഖശന്ദിയുടെ അഭിപ്രായം, ഇറമിൽനിന്നു ഊബീലും ഊബീലിൽ നിന്നു ഊസും ഊസിൽ നിന്ന് ആദും ഉദ്ഭവിച്ചു എന്നാകുന്നു.[33]ഏതായാലും ഇറമാണ് ആദിന്റെ കുലപതി എന്ന വിഷയത്തിൽ ഇരുവരും യോജിക്കുന്നുണ്ട്.

ആര്യൻമാരേയും അരാമ്യൻമാരേയും പോലെ ഇറം വർഗ്ഗക്കാരും തങ്ങളുടെ കുലപതിയുടെ നാമം കൈവെടിയാതെ നിലനിർത്താൻ ശ്രമിച്ചിരുന്നതായി കാണുന്നു. അറബി ചരിത്രകാരനായ ഇബ്നു ഖൽദൂൻ (ക്രി.1332- 1404) രേഖപ്പെടുത്തിയതു നോക്കുക:

"ആദുവംശം നിലവിലിരുന്നപ്പോൾ 'ആദു ഇറം' എന്നു വിളിക്കപ്പെട്ടിരുന്നു. അവർ നശിച്ചു. സമൂദു വംശം വന്നപ്പോൾ അതിന്റെ പേര് 'സമൂദു ഇറം' എന്നായിത്തീർന്നു. പിന്നീട് നിംറൂദ് വംശം വന്നു. തദവസരം 'നിംറൂദു ഇറം' എന്നു വിളിക്കപ്പെട്ടു."[34] ആദും സമൂദും നിംറൂദും ഒരേ പാരമ്പര്യത്തിൽനിന്നാണുദ്ഭവിച്ചത്. പക്ഷേ, നിംറൂദിന്റെ ഭരണകൂടം ബാബിലോണിയയിലായിരുന്നു. അബ്രഹാമിന്റെ കാലത്ത് ബാബിലോൺ ഭരിച്ചിരുന്ന രാജകുടുംബം അതായിരുന്നു വെന്ന് ബൈബിളിൽ നിന്നും അറബിചരിത്രഗ്രന്ഥങ്ങളിൽ നിന്നും മനസ്സിലാക്കാം.

സ്വന്തം രാഷ്ട്രങ്ങൾക്കും വംശങ്ങൾക്കും മാത്രമല്ല, തങ്ങൾ നിർമിക്കുന്ന കൊട്ടാരങ്ങൾക്കും ഉദ്യാനങ്ങൾക്കും കൂടി 'ഇറം' എന്നപേര് ആദുവംശം നൽകിയിരുന്നു. ഈ വസ്തുത അറബികളിൽ നിലനിന്നിരുന്ന

ചില ഐതിഹ്യങ്ങളിൽ നിന്നും മനസ്സിലാക്കാം. ആദിന്റെ പിൻഗാമിയും അതിശക്തനുമായ 'ശദ്ദാദുരാജാവ്' യമനിൽ സ്വർഗ്ഗതുല്യമായ ഒരുദ്യാനവും കൊട്ടാരവും പണിയിച്ചുവെന്നു ഒരൈതിഹ്യമുണ്ട്. ഇതേപ്പറ്റി അറബി- പേർഷ്യൻ സാഹിത്യങ്ങൾ ധാരാളം പരാമർശിച്ചതായി കാണാം. ഈ ആരാമത്തിന് ഇറം എന്നായിരുന്നു പേർ. പ്രസിദ്ധ പേർഷ്യൻ കവി ഉമർ ഖയ്യാമി (ക്രി. 1123-ൽ മരണം)ന്റെ 'റുബാഇയ്യാത്തി'(ചതുഷ്പദികൾ)ൽ പ്രസ്തുത ഉദ്യാനം പരാമൃഷ്ടമായിട്ടുണ്ട്:

"റോസിന്നു വിളിപ്പെട്ടോ 'രീരാമും'മുടിഞ്ഞുപോയ്,
'ജംഷീദി'ൻ ഏഴു വളക്കെട്ടുള്ള കപ്പെങ്ങോ പോയ്!
എന്നാലുമിന്നും തോട്ടം പൂക്കുന്നു, തോട്ടിൻ വക്കിൽ
മുന്നെപ്പോൽ മാണിക്യങ്ങളുതിർപ്പൂ ദ്രാക്ഷാവല്ലി." [35]

ഇവിടെ പറഞ്ഞ 'ഈരാം' ശദ്ദാദിന്റെ ഐതിഹാസികാരാമമത്രെ. പേർഷ്യയുടെ പേർ ഇറാൻ എന്നാണല്ലോ. ഇതിന്റെ നിഷ്പത്തി ഇറമിൽ നിന്നാകുന്നു. അതിന്റെ അർഥം ഇറമിന്റെ, അഥവാ ആര്യൻമാരുടെ രാജ്യം എന്നാണ്. വിശ്വവിജ്ഞാനകോശം പറയുന്നു: "ഇറാൻ എന്നാൽ ആര്യൻമാരുടെ നാട് എന്നാണർഥം."[36]

ആകയാൽ അരാം, ഇറാം, ഇറാൻ, ആര്യൻ എന്നൊക്കെ പറയുന്നത് ഒരേ പേരിന്റെ വിവിധ രൂപങ്ങളത്രെ. അതിനാൽ, ആര്യന്മാരുടെ മൂലതറവാടും തിരക്കി, ഉത്തരധ്രുവത്തിലേക്കോ, മധ്യേഷ്യയിലേക്കോ പോകേണ്ടതില്ല. പശ്ചിമേഷ്യയിൽതന്നെ അത് കണ്ടെത്താൻ കഴിയും എന്നാണ് തോന്നുന്നത്.

## ഇന്ദ്രൻ കൊണ്ടുവന്ന 'യദുക്കൾ'

ആര്യൻമാരുടെ ആരാധ്യനായ ഇന്ദ്രൻ ദൂരദിക്കിൽനിന്ന് രണ്ടു വംശക്കാരെ കൊണ്ടുപോന്നതായി ഋഗ്വേദം പറയുന്നു: യദുക്കളും തുർവശരുമാണവർ:

"യദുതുർവശരെ ദൂരദ്ദിക്കിൽനിന്നു സുഖേന താൻ
കൊണ്ടുപോന്നൂ, യുവാവിന്ദ്രൻ; സഖാവാക, നമുക്കവൻ!" [37]

ഇപ്പറഞ്ഞ യദുവിൽനിന്നാണ്, ഭാരതത്തിൽ യാദർ, അഥവാ യാദവവംശക്കാർ ഉണ്ടായത്. ഇവർ സ്വദേശികളല്ല, വിദേശികളായിരുന്നു. പ്രസ്തുത യദുവും, യാദ്വരും ഖുർആനിൽ പറഞ്ഞ ആദിന്റെ ഭാരതീയ രൂപമാവാൻ വളരെ സാധ്യതയുണ്ട്. ആദിന്റെ ആദ്യാക്ഷരത്തെ അതിന്റെ ശരിയായ രൂപത്തിൽ സംസ്കൃതത്തിൽ ഉച്ചരിക്കാനോ എഴുതാനോ സാധ്യമല്ല. അതിനു പകരം ചിലപ്പോൾ 'ആ' എന്നും 'യാ' എന്നുമാണ് എഴുതാറും ഉച്ചരിക്കാറുമുള്ളത്. അങ്ങനെ ആദ് 'യാദും' 'യദു'മായി രൂപാന്തരപ്പെട്ടതാവണം.

## ഭാഷാവൈജാത്യം

ഇത്രയും പ്രസ്താവിച്ചതിൽനിന്നു ശേമിന്റെ പുത്രനായ അരാമിന്റെ സന്തതികളാണ് ഇൻഡോ-ആര്യൻമാർ എന്നു വരുന്നു. ആര്യൻമാരും

സെമിറ്റിക്കുകാരും വർഗ്ഗശാസ്ത്രപരമായി ഒന്നായിരുന്നുവെന്നർഥം. പക്ഷേ, ആര്യൻ ഭാഷകളും സെമിറ്റിക്ഭാഷകളും തമ്മിൽ മൗലികമായ അന്തരമുണ്ടെന്നാണ് ഭാഷാഗവേഷകൻമാരുടെ അഭിപ്രായം. എന്നാൽ, ഭാഷാ വൈജാത്യത്തെക്കുറിച്ച പ്രസ്തുത നിഗമനം ഒരന്തിമ തീരുമാന മല്ല. അതിൽ പണ്ഡിതൻമാരുടെ ഊഹത്തിന് വലുതായ പങ്കുണ്ട്. കൂടാതെ, സെമിറ്റിക് ഭാഷകളിൽപ്പെട്ട ആരാമിക്കും ആര്യൻ ഭാഷകളി ലൊന്നായ പേർഷ്യനും തമ്മിൽ ശബ്ദശാസ്ത്രപരമായ അടുപ്പമുണ്ടെന്ന് ഭാഷാഗവേഷകർതന്നെ സമ്മതിക്കുന്നുണ്ട്. “ശബ്ദശാസ്ത്രപരമായി നോക്കിയാൽ ആരാമിക്കിലെ പല പദങ്ങളും അക്കാഡിയനിലും പേർഷ്യ നിലുംനിന്നു കടം വാങ്ങിയതാണെന്നു കാണ്മാൻ കഴിയും എന്നാണ് ഭാഷാഭിജ്ഞൻമാരുടെ പക്ഷം.”[38]

കടം ഏത് ഏതിൽനിന്നെടുത്തു എന്ന പ്രശ്നം തൽക്കാലം നമുക്കു വിട്ടേക്കാം. പക്ഷേ, ആരാമിക്കും പേർഷ്യനും തമ്മിൽ ശബ്ദശാസ്ത്രപ രമായി സാദൃശ്യമുണ്ടെന്ന വസ്തുത ശ്രദ്ധേയമാണ്. കൂടാതെ ഏഷ്യാ മൈനർ, കുർദിസ്ഥാൻ, കോക്കസസ്സ്, യൂറാൾപർവ്വതനിരകൾ, അഫ്ഗാ നിസ്ഥാൻ, ഇന്ത്യ, ചൈന, ചൈനയിലെ വലിയമതിൽ പ്രദേശങ്ങൾ, ഈജിപ്ത് മുതലായ ഇടങ്ങളിൽനിന്നെല്ലാം ആരാമിക്ക് ലിപിയിലും ആരാമിക്ക് ഭാഷയിലുമുള്ള പ്രാചീന ശാസനങ്ങൾ കിട്ടിയിട്ടുണ്ട്.”[39] ഇതെല്ലാം തെളിയിക്കുന്നത് ആരാമിക്ക് ഭാഷ സംസാരിച്ചിരുന്ന ജനതക്ക് പ്രസ്തുത രാജ്യങ്ങളുമായി അടുത്ത ബന്ധമുണ്ടായിരുന്നുവെന്നാണല്ലോ. വാസ്തവത്തിൽ അരാമ്യവർഗ്ഗക്കാരുടെ ഭാഷയായിരുന്നു ആരാമിക്ക്. കാലാന്തരത്തിൽ പരിവർത്തനങ്ങൾക്ക് വിധേയമായി സഹോദരഭാഷ കളിൽനിന്നു തുലോം അകന്നുപോയതായിരിക്കാം.

## ചരിത്രപരത

ആദിന്റെയും ഇറമിന്റെയും ചരിത്രപരമായ അസ്തിത്വം പാശ്ചാത്യൻ ചരിത്രകാരൻമാർ പലരും അംഗീകരിക്കുന്നില്ല. ആദുവംശത്തെസ്സംബ ന്ധിച്ച ഖുർആനിലെ കഥകളത്രയും ഐതിഹ്യങ്ങളാണെന്നത്രെ അവ രുടെ പക്ഷം. ഇതുശരിയല്ല. ക്രിസ്തുവർഷത്തിന്റെ ആരംഭകാലത്തു ഗ്രീക്ക് ഭൂമിശാസ്ത്രകാരൻമാർ എഴുതിയ ഗ്രന്ഥങ്ങളിൽ ആദിനെപ്പറ്റിയും ആദ് ഇറമിനെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. അവരെ ഉദ്ധരിച്ചു മൗലാനാ നദ്‌വി രേഖപ്പെടുത്തിയതു കാണുക:

യവനഭൂമിശാസ്ത്രകാരൻമാർ ‘ഹദ്റമൗത്തി’ ലെ ഒരു ഗോത്രത്തിന്റെ നാമമെന്ന നിലയിൽ ‘ആഡ്രമിട്ടായ്(Adramitai) എന്നുപറഞ്ഞിട്ടുണ്ട്. ‘ടായ്’ (Tai) എന്നതു ഗ്രീക്ക് ഭാഷയിൽ വംശത്തെക്കുറിക്കുന്ന പദമാണ്. അസ്സൽ വാക്ക് ‘ആഡ്രം’ (Adram) എന്നത്രെ. ഖുർആനിൽ പറഞ്ഞ ‘ആദു ഇറ’മിന്റെ ശരിയായ ഗ്രീക്കുരൂപമാണത്. പക്ഷേ, ഹദ്റമൗത്തിന്റെ ഗ്രീക്കു നാമമാണതെന്നു പലരും ധരിച്ചുപോയിട്ടുണ്ട്. ഹദ്റമൗത്തുകാരെ കുറി ക്കുന്ന ഗ്രീക്കു ഭാഷയിലെ യഥാർഥ പദം ‘ഖാട്ര മോട്ടിട്ടായ്’ (Chatramotitai) എന്നതാണ്.......... ബത്ത്‌ലീമൂസ് ( Ptolemy മരണം: ക്രി.167) ആദുവം

ശത്തെ 'ആഡിട്ടായ്' (Aditai) എന്നും 'ഓർഡിട്ടായ്' (Oarditai) എന്നും-രണ്ടു രൂപത്തിൽ - വ്യവഹരിച്ചിട്ടുണ്ട്. എന്നാൽ ഇവർ ഹദ്റമൗത്തുകാരാണെന്നത്രെ അദ്ദേഹവും ധരിച്ചിട്ടുള്ളത്."[40]

പ്രാചീന ഗ്രീക്ക് ഭൂമിശാസ്ത്ര പണ്ഡിതൻമാർക്ക് ആദിന്റെയും ആദു ഇറമിന്റെയും പേരുകൾ അറിയാമായിരുന്നുവെന്നാണ് മേൽ പ്രസ്താവം തെളിയിക്കുന്നത്. പക്ഷേ, ഹദ്റമൗത്തുകാരെ കുറിക്കുന്ന വാക്കാണ തെന്ന് അവർ തെറ്റിദ്ധരിച്ചു. ഒരുപക്ഷേ, ഗ്രീക്ക് ഗ്രന്ഥകാരൻമാരുടെ കാലത്ത് ഹദ്റമൗത്തിൽ ആ പേരിൽ വല്ല ഗോത്രക്കാരും നിവസിച്ചിരുന്നിരിക്കാം. ഏതായാലും അവരുടെ ധാരണ ശരിയല്ല. ഹദ്റമൗത്തുകാർ എന്ന അർഥത്തിൽ ഗ്രീക്കുഭാഷയിൽ വേറെത്തന്നെ പദമുള്ള സ്ഥിതിക്ക് വിശേഷിച്ചും.

ഗ്രീക്കു ഗ്രന്ഥകാരന്മാരെ ഉപജീവിച്ചു റവ. ഫാർസ്റ്റർ (Farster) പതിനെട്ടാം ശതകത്തിന്റെ മധ്യത്തിൽ അറേബ്യയുടെ ഒരു ചരിത്രഭൂമിശാസ്ത്രം തയ്യാറാക്കുകയുണ്ടായി. Historical Geography of Arabia എന്നത്രെ ആ കൃതിയുടെ പേർ. ഇതിൽ അറേബ്യയിലെ പുരാതന ഗോത്രങ്ങളുടെ ഒരു ലിസ്റ്റ് അദ്ദേഹം കൊടുത്തിട്ടുണ്ട്. ആഡ്രമിട്ടായ്, ആഡിട്ടായ് മുതലായ ശബ്ദങ്ങൾ അതിലും സ്ഥലം പിടിച്ചിട്ടുണ്ട്. മൗലാനാ നദ്‌വി തന്റെ 'അർദുൽ ഖുർആനി'ൽ പ്രസ്തുത ലിസ്റ്റ് ഉദ്ധരിക്കുകയും ചില വംശങ്ങളെക്കുറിച്ച ഫാർസ്റ്ററുടെ ധാരണ പിശകാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.[41]

ഗ്രീക്കു ഭൂമിശാസ്ത്രകാരനായ ടോളമി അറേബ്യ സന്ദർശിച്ചിട്ടില്ല. ഈജിപ്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അതിനാൽ, അറേബ്യയിലെ പുരാതന ഗോത്രങ്ങളുടെ ശരിയായ സ്ഥിതിഗതികൾ അദ്ദേഹത്തിന് മനസ്സിലാക്കാനൊത്തില്ലെങ്കിൽ അതിലൊട്ടും ആശ്ചര്യപ്പെടാനില്ല. എങ്കിലും അദ്ദേഹത്തിന്റെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ ആദിന്റെയും ഇറമിന്റെയും നാമങ്ങൾ സ്ഥലം പിടിച്ചിട്ടുള്ളതിനാൽ ഖുർആൻ കഥനം ചെയ്ത ആ വംശങ്ങൾക്ക് ചരിത്രപരമായ അസ്തിത്വമുണ്ടായിരുന്നുവെന്ന കാര്യത്തിൽ സന്ദേഹത്തിനിടയില്ല.

## കുറിപ്പുകൾ

1. Rgvedic India and Rgvedic Culture
2. ഗദ്യകൈരളി by പി. ദാമോദരൻപിള്ള ഭാഗം 4, പേജ് 161
3. Veda and Vedanta
4. ഇറാൻകാരുടെ ഒരു വേദഗ്രന്ഥം
5. Artic home in Vedas p. 19
6. വിശ്വവിജ്ഞാനകോശം (ആര്യന്മാർ) വാ. 2, പേ. 6
7. Ibid Vol. 2, P. 6
8. Artic home in Vedas P. 420
9. അർദുൽ ഖുർആൻ വാ. 1, പേ. 139 നോക്കുക.
10. ലോകചരിത്രം വാ. 1, പേ. 75

11. ഭാരത ബൃഹച്ചരിത്രം by ആർ.സി. മജുംദാർ, എച്ച്.സി. റായ് ചൗധരി, കാളി കിങ്കർദത്ത വാ. 1, പേ. 24
12. അർദുൽ ഖുർആൻ വാ. 1, പേ. 140
13. Advanced History of India P. 24
14. Encyclopedia Britannica Vol. XI, P. 556 (Hittites) Edition 1965
15. ഋഗ്വേദത്തിലൂടെ പേ. 134
16. ഉത്പത്തി 25: 2 നോക്കുക.
17. Ibid 37:25
18. Ibid 37: 28
19. Ibid 37: 27, 28
20. അർദുൽ ഖുർആൻ വാ 2, പേ. 6
21. സംഖ്യാപുസ്തകം 31: 7
22. ഉത്പത്തി 15: 18-21
23. Ibid 26: 34
24. Ibid 10: 22
25. വിശ്വവിജ്ഞാനകോശം വാ. 1, പേ. 687, 688
26. ഉത്പത്തി 10: 22
27. Ibid 24: 10-ഉം 25: 20-ഉം നോക്കുക.
28. Ibid 37: 25-ഉം i രാജാക്കന്മാർ 22: 3-ഉം നോക്കുക.
29. i രാജാക്കന്മാർ 20: 5-ഉം 20: 34-ഉം നോക്കുക.
30. സംഖ്യ 22: 1-ഉം 23: 7-ഉം നോക്കുക.
31. ഖുർആൻ അധ്യായം 89, സൂക്തം 7, 8
32. അർദുൽ ഖുർആൻ വാ. 1 പേ. 128 നോക്കുക.
33. Ibid വാ. 1, പേ. 125 നോക്കുക.
34. ഇബ്നു ഖൽദൂന്റെ ചരിത്രഗ്രന്ഥം വാ. 2, പേ. 7
35. കുസുമത്തിന്റെ 'ഒമർ ഖയ്യാം' പേ. 4
36. വിശ്വവിജ്ഞാനകോശം വാ. 2, പേ. 471
37. ഋഗ്വേദം മണ്ഡലം 6, സൂക്തം 45, ഋക് 1
38. വിശ്വവിജ്ഞാനകോശം വാ. 1, പേ. 969
39. Ibid വാ. 1, പേ. 969
40. അർദുൽ ഖുർആൻ വാ. 1, പേ. 75, 76 നോക്കുക.
41. അർദുൽ ഖുർആൻ വാ. 1, പേ. 76-81 നോക്കുക.

## അധ്യായം പതിനഞ്ച്

# സെമിറ്റിക് വർഗ്ഗം

**അ**രാം, ഇറം, ഇറാൻ, ആര്യൻ എന്നീ ശബ്ദങ്ങൾ ഒരേ സംജ്ഞയുടെ വിവിധ രൂപങ്ങളാണെന്നു കഴിഞ്ഞ അധ്യായത്തിൽ നാം സമർഥിക്കുക

യുണ്ടായി. ഈ അടിസ്ഥാനത്തിൽ ഇൻഡോ-ആര്യൻമാർ വർഗ്ഗശാസ്ത്ര പരമായി സെമിറ്റിക് വംശത്തിൽപെടുന്നു. എന്നാൽ ആധുനിക ചരിത്ര കാരന്മാർ ആര്യവർഗ്ഗങ്ങളും സെമിറ്റിക്‌വർഗ്ഗങ്ങളും തമ്മിൽ അജഗജാ ന്തരം കൽപിക്കുന്നു. ഇവിടെ ഒരു വിശദീകരണം ആവശ്യമാണെന്നു തോന്നുന്നു.

വാസ്തവത്തിൽ സാങ്കേതിക സംജ്ഞാപരമാണീ അന്തരം. ബൈബിളും അറേബ്യൻ ചരിത്രകാരൻമാരും വംശത്തെ അടിസ്ഥാന പ്പെടുത്തിയാണ് വർഗവിഭജനം ചെയ്തിട്ടുള്ളത്. ആധുനിക ചരിത്രകാ രന്മാരാകട്ടെ, ശരീരാകൃതിയെയും ഭാഷകളുടെ സാജാത്യ വൈജാത്യ ങ്ങളെയും പരിഗണിച്ചും. അതിനാൽ, ബൈബിൾ സെമിറ്റിക്‌വർഗമായി തരംതിരിക്കുന്ന ചില വിഭാഗങ്ങളുടെ ഭാഷ സെമിറ്റിക്കല്ലാത്ത കാരണ ത്താൽ, ആധുനിക ചരിത്രകാരന്മാർ അവരെ മറ്റൊരു വർഗമായി പരിഗ ണിക്കുന്നു. ഇതിനൊരു ഉദാഹരണമാണ് 'ഏലാമൈറ്റുകാർ.'

നോഹയുടെ പുത്രനായ ശേമിന്റെ ഒരു മകന്റെ നാമം 'ഏലാം' എന്നാ യിരുന്നു.[1] ഏലാമിന്റെ സന്താനപരമ്പര 'ഏലാമ്യർ' എന്ന പേരിൽ അറി യപ്പെട്ടു. ഇംഗ്ലീഷുകാർ ഇവരെ 'ഏലാമൈറ്റ്സ്'(Elamites) എന്നു വിളി ക്കുന്നു. ചരിത്രത്തിനറിവായ കാലത്ത്, തെക്കു പടിഞ്ഞാറൻ പേർഷ്യ യിലെ സൂസ(Susa) യിലാണ് ഇവർ അധിവാസമുറപ്പിച്ചിരുന്നത്. എന്നാൽ, ആധുനിക ചരിത്രകാരൻമാർ ഏലാമ്യരെ സെമിറ്റിക്കുകളായി കണക്കാ ക്കുന്നില്ല. കാരണം, അവർ സെമിറ്റിക്ക് ഭാഷയല്ല സംസാരിച്ചിരുന്നത്.

ഉത്പത്തിപുസ്തകത്തിലെ വംശാവലിയനുസരിച്ച്, നോഹയുടെ പുത്രനായ ശേമിന്റെ സന്തതികളെല്ലാം ശേമ്യരാണ്; അഥവാ സെമിറ്റി ക്കുകാർ. ഇവരെ അറേബ്യൻ ചരിത്രകാരൻമാർ 'ബനൂസാം' (സാമിന്റെ സന്തതികൾ) എന്നു വിളിക്കുന്നു. പക്ഷേ, ഇക്കൂട്ടത്തിൽ സെമിറ്റിക് ഭാഷ സംസാരിച്ചിരുന്നവരോ, സംസാരിച്ചുവരുന്നവരോ ആയ വിഭാഗങ്ങളെ മാത്രമാണ് ആധുനിക ചരിത്രകാരൻമാർ സെമിറ്റിക് വർഗത്തിൽപെട്ടവ രായി കണക്കാക്കുന്നത്. സാങ്കേതിക സംജ്ഞയിലുള്ള ഈ അന്തരം വായനക്കാർ പ്രത്യേകം ഗൗനിച്ചിരിക്കണം. ഇൻഡോ-ആര്യൻമാർ സെമി റ്റിക് വർഗ്ഗത്തിൽ പെട്ടവരെന്നു പറയുമ്പോൾ നാമുദ്ദേശിക്കുന്നത് ഉത്പത്തി പുസ്തകത്തിലെ വംശാവലിയനുസരിച്ച്, അവർ ശേമിന്റെ മക നായ അരാമിന്റെ പിൻമുറക്കാരാണെന്നത്രെ.

## ശേമ്യവർഗക്കാരുടെ ആദ്യ തറവാട്

ശേമ്യവർഗ്ഗക്കാരുടെ മൂലതറവാടിനെപ്പറ്റി ആധുനിക ചരിത്രഗവേഷ കൻമാർക്കിടയിൽ സാരമായ തർക്കമുണ്ട്. എന്നാൽ, പ്രാചീന അറേബ്യാ ചരിത്രകാരൻമാർ അവകാശപ്പെട്ടിട്ടുള്ളത് അവരുടെ ആദിമവാസസ്ഥലം അറേബ്യയായിരുന്നുവെന്നത്രെ. അറേബ്യൻ മണലാരണ്യത്തിൽ നിന്നാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സാമിന്റെ പിൻമുറക്കാർ പ്രവഹിച്ചത്. ക്രി. 889 (ഹി. 276)-ൽ ചരമഗതിയടഞ്ഞ ഇബ്നുഖുതൈ ബ ദൈനൂരി അദ്ദേഹത്തിന്റെ 'കിതാബുൽ മആരിഫി'ൽ രേഖപ്പെടു

ത്തുന്നു: "നൂഹിന്റെ പുത്രനായ സാമാകട്ടെ, ഭൂഗോളത്തിന്റെ മധ്യഭാഗത്താണ് താമസമുറപ്പിച്ചത്. അതായത്, മക്കയിലും പരിസരങ്ങളിലും. യമൻ, ഹദ്റമൗത്ത്, ഒമാൻ, ബഹ്റയ്ൻ മുതലായ സ്ഥലങ്ങൾ വരെ അവർ അധീനത്തിലാക്കി."[2]

ബൈബിളിലേയും അതിന്റെ വ്യാഖ്യാനങ്ങളിലേയും പ്രസ്താവനകളും പ്രസ്തുത വാദത്തോടടുക്കുന്നുണ്ട്. ശേമിന്റെ പുത്രൻമാരെക്കുറിച്ചുള്ള വിവരണത്തെത്തുടർന്നു ഉത്പത്തി രേഖപ്പെടുത്തുന്നു:

"ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. എന്നാൽ, അവർ(ശേം പുത്രൻമാർ) കിഴക്കോട്ടു യാത്ര ചെയ്തു, ശീനാർ (ബാബിലോൺ) ദേശത്തു ഒരു സമഭൂമി കണ്ടു. അവിടെ കുടിയിരുന്നു."[3]

ബൈബിൾ പഴയ നിയമത്തിന്റെ ഒരാധികാരിക ഭാഷ്യമായി അംഗീകരിക്കപ്പെട്ട ജോസഫ് ഫ്ളവിയസി (Josephus Flavius A.D. 37-97)ന്റെ ചരിത്രഗ്രന്ഥത്തിൽ കാണുന്നു:

"അവർ (ശേം സന്തതികൾ) യൂഫ്രട്ടീസ് നദി മുതൽ ഇൻഡ്യാ സമുദ്രം വരെ അധിവാസമുറപ്പിച്ചിരുന്നു."[4]

യൂഫ്രട്ടീസിന്റെയും ഇന്ത്യാസമുദ്രത്തിന്റെയും ഇടക്ക് അറേബ്യയല്ലാതെ മറ്റൊരു രാജ്യമില്ലല്ലോ. ആകയാൽ സെമിറ്റിക് വംശത്തിന്റെ മൂലതറവാട് അറേബ്യയാണെന്ന അറബി ചരിത്രകാരൻമാരുടെ അവകാശവാദത്തിനുപോദ്ബലകമാകുന്നു യഹൂദരുടെ രേഖകൾ.

## ആധുനിക പണ്ഡിതൻമാരുടെ നിഗമനങ്ങൾ

അഭിനവ പാശ്ചാത്യൻ പണ്ഡിതൻമാർ സെമിറ്റിക്കു വംശക്കാരുടെ ആദിമ വാസസ്ഥലത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ആഫ്രിക്കയായിരുന്നുവെന്ന് ഒരഭിപ്രായം. അർമീനിയയും കുർദിസ്താനുമായിരുന്നുവെന്ന് വേറൊരഭിപ്രായം. എന്നാൽ, യൂറോപ്പിലെയും അമേരിക്കയിലെയും വലിയൊരു വിഭാഗം പണ്ഡിതന്മാർ പറയുന്നത് അറേബ്യയായിരുന്നു സെമിറ്റിക്കുകാരുടെ ആദിമ വാസസ്ഥലമെന്നത്രെ. ഇക്കൂട്ടത്തിൽ പ്രഗൽഭ പണ്ഡിതന്മാരായ ഷ്റേഡർ (Schrader), വിൻക്ലർ (Winchler), മേയർ (Meyer), സ്പ്രിംഗർ (Springer), നോൽഡെകെ (Noldeke), റോബർട്ട്സൺ സ്മിത്ത് (Robertson Smith), സാമുവൽ ലയിംഗ് (Samual Laing), വില്യം റൈറ്റ് (W.Wright), ആർ. ഡബ്ള്യു. രാജർസ്(R.W. Ragers) തുടങ്ങിയവരും ഉൾപ്പെടുന്നു. ഈ പണ്ഡിതന്മാരുടെ തെളിവുകളെല്ലാം ഉദ്ധരിക്കുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. എങ്കിലും മാതൃകക്കായി ഒന്നുരണ്ടുദ്ധരണികൾ ചുവടെ കാണിക്കുന്നു.

പ്രസിദ്ധ ആംഗ്ലേയ ചരിത്രപണ്ഡിതനായ സാമുവൽ ലയിംഗിനെ ഉദ്ധരിച്ചു മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി രേഖപ്പെടുത്തുന്നു:

"സെമിറ്റിക്ക് വർഗ്ഗങ്ങളുടെ പൂർവ്വവാസസ്ഥലം തെക്കു പടിഞ്ഞാറൻ ഏഷ്യ-ഒരുപക്ഷേ അറേബ്യതന്നെ -ആയിരിക്കണമെന്നു തെളിവുകൾ ചൂണ്ടിക്കാട്ടുന്നു. അറേബ്യയൊഴിച്ച് മറ്റെല്ലാ ഇടങ്ങളിലും അവർ

അധിവാസത്തിനോ രാജ്യം കീഴടക്കുന്നതിനോ പുറമേനിന്നു കടന്നുവന്ന തായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. ഏതൊരിടത്ത് കടന്നുചെല്ലു മ്പോഴും അവിടെ അവർക്കു മുമ്പായി കുടിപാർത്തിട്ടുള്ള ആദിവാസി കളെ അവർ കണ്ടുമുട്ടുന്നുണ്ട്. പക്ഷേ, അറേബ്യയിൽ മാത്രം സ്വദേശി കളെപ്പോലെയാണ് അവരെ നാം കാണുന്നത്. കാൽഡിയയിലേയും അസ്സീരിയയിലേയും പുരാതനൈതിഹ്യങ്ങളിൽനിന്നു മനസ്സിലാകുന്നത് അവർ തെക്കുനിന്നു വന്നുവെന്നാണ് (അവയുടെ തെക്കുഭാഗത്താണല്ലോ അറേബ്യ സ്ഥിതിചെയ്യുന്നത്). ചിലർ വന്നത് പേർഷ്യൻ ഉൾക്കടൽ വഴി യായിരുന്നുവെങ്കിൽ, മറ്റു ചിലർ വന്നത് സിറിയയും അറേബ്യൻ മണ ലാരണ്യവും തരണംചെയ്തുകൊണ്ടായിരുന്നുവെന്നുമാത്രം."[5]

അമേരിക്കൻ പണ്ഡിതനായ പ്രൊഫ. രാജർസ് അദ്ദേഹത്തിന്റെ 'ബാബിലോൺ-അസ്സീരിയാ ചരിത്ര'ത്തിൽ മുൻഗണന കല്പിച്ചിട്ടു ള്ളതും ഇതേ അഭിപ്രായത്തിനാകുന്നു. രാജർസ് എഴുതുന്നു:

"സെമിറ്റിക് വർഗ്ഗങ്ങൾ എവിടെനിന്നാണ് വന്നത്? വടക്കുള്ള കുർദി സ്താൻ മലപ്രദേശങ്ങളിൽനിന്നാണ് അവർ വന്നിട്ടുള്ളതെന്നു ചിലർ വാദിക്കുന്നു.... എന്നാൽ, ഈ അഭിപ്രായം ഇപ്പോൾ തിരസ്കരിക്കപ്പെട്ടി രിക്കുന്നു....... ആഫ്രിക്കയാണ് അവരുടെ ആദിമവാസസ്ഥലം എന്നാണ് വേറൊരു സിദ്ധാന്തം. സെമിറ്റിക് ഭാഷകളും (ആഫ്രിക്കയിലെ) ഹാമി റ്റിക് ഭാഷകളും തമ്മിൽ കാണുന്ന സാദൃശ്യമാണ് അവർക്ക് തെളിവ്... ഈ സിദ്ധാന്തത്തിനനുകൂലമായി വളരെയൊക്കെ പ്രസ്താവിക്കപ്പെട്ടി ട്ടുണ്ട്. എന്നിരുന്നാലും മൂന്നാമതൊരു സിദ്ധാന്തത്തെ പിന്താങ്ങിക്കൊണ്ട് പ്രബലമായ ധാരാളം അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു. അറേ ബ്യയായിരുന്നു സെമിറ്റിക് വംശത്തിന്റെ മൂലതറവാട് എന്നുള്ളതത്രെ ആ സിദ്ധാന്തം. അവിടെനിന്ന് അവർ വിശാലമായ ശാദ്വല പ്രദേശങ്ങളും തിരക്കി, മെസൊപൊട്ടേമിയയിലും കനാന്റെ (ഫിനീഷ്യ) പശ്ചിമഭാഗ ങ്ങളിലും വന്നെത്തി. ഈ ഒടുവിൽ പറഞ്ഞ സിദ്ധാന്തം പുതിയ അനു കൂലികളെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ഇന്നത്തെ വിദ്വാൻമാരുടെ അംഗീകൃത മതമെന്ന് പൊതുവിൽ പറയാവുന്നതാണ്."[6]

ഇങ്ങനെ അറേബ്യൻ ചരിത്രകാരന്മാരുടെ അവകാശവാദം ആധു നിക ചരിത്രപണ്ഡിതന്മാരിൽ പലരും ശരിവെച്ചിരിക്കുകയാണ്.

## സെമിറ്റിക്കുകളുടെ പലായനം

അറേബ്യൻ മണൽക്കാട്ടിൽ നദികളില്ല. അതിനാൽ ജലപ്രവാഹഭീ ഷണിയുമില്ല. പക്ഷേ, അവിടെനിന്നുള്ള ജനപ്രവാഹ ഭീഷണിക്ക് ഇത രനാടുകൾ പലപ്പോഴും ഇരയായിരുന്നിട്ടുണ്ട്. മെസൊപൊട്ടേമിയ, സിറിയ, ഫലസ്തീൻ, പേർഷ്യ, ഈജിപ്ത്, ഇന്ത്യ മുതലായ പ്രാചീന അധിവാസ കേന്ദ്രങ്ങളെല്ലാം അറബികളുടെ കുടിയേറ്റത്തിനോ, ആക്ര മണത്തിനോ വശംവദമായിട്ടുള്ളതായി പ്രാചീന ചരിത്രത്തിൽ കാണാം. ആധുനിക പുരാവസ്തു ഗവേഷണങ്ങൾ പ്രസ്തുത ചരിത്രവസ്തുത സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

അതിപുരാതനങ്ങളായ അറേബ്യൻ ഗോത്രങ്ങളെ അറബിചരിത്രകാരന്മാർ 'അൽഅറബുൽ ബായിദഃ' എന്നു വിളിക്കുന്നു. അറേബ്യൻ മണ്ണിൽനിന്നും തുടച്ചുമാറ്റപ്പെട്ടവരെന്നർഥം. അവരുടെ നാമമല്ലാതെ മറ്റൊന്നും അറേബ്യയിൽ അവശേഷിച്ചിട്ടില്ല. ഇതാണ് ആ പേർ നല്കുവാൻ കാരണം.

ഇക്കൂട്ടത്തിൽ ആദ്, സമൂദ്, ജുർഹൂം, ലിഹ്യാൻ, തസ്മ്, ജദീസ് എന്നീ പ്രാചീന ഗോത്രങ്ങൾ ഉൾപ്പെടുന്നു. ഇവരായിരുന്നു സാക്ഷാൽ അറബികൾ. അതിനാൽ ഇവരെ 'ആരിബ' എന്നും ചരിത്രകാരന്മാർ വിളിക്കാറുണ്ട്.

മേൽ പ്രസ്താവിച്ച പ്രാചീന അറേബ്യൻ ഗോത്രങ്ങളിൽ ആദിന്റെയും സമൂദിന്റെയും പേരുകൾ പ്രസിദ്ധമാകുന്നു. അവരുടെ കഥകൾ ഖുർആൻ അവതരിച്ച കാലത്തുള്ള അറബികൾക്ക് കേട്ടുകേൾവി മുഖേന അറിയാമായിരുന്നു. അവർ ആധിപത്യത്തിന്റെയും പ്രതാപത്തിന്റെയും ഉത്തുംഗശൃംഗത്തിൽ എത്തിയിരുന്നതാണ് പ്രസിദ്ധിക്ക് കാരണം. അതിനാൽ, ആദുവംശത്തിന്റെയും സമൂദ്വംശത്തിന്റെയും കഥകൾ ഖുർആൻ അതിന്റെ പ്രഥമാഭിസംബോധിതരായ അറബികളെ അനുസ്മരിപ്പിക്കുകയുണ്ടായി.

പ്രാചീന അറബി ഗോത്രങ്ങൾ ബാബിലോണിയ, ഈജിപ്ത്, പേർഷ്യ, കാർത്തേജ് മുതലായ അനറബി ദേശങ്ങളെ ആക്രമിച്ചു കീഴടക്കുകയും അവിടങ്ങളിൽ അനേക നൂറ്റാണ്ടുകൾ ഭരണസാരഥ്യം കയ്യേൽക്കുകയും ചെയ്തിട്ടുണ്ട്. അറേബ്യൻ ചരിത്രകാരന്മാർ തങ്ങളുടെ കൃതികളിൽ ഈ വസ്തുത രേഖപ്പെടുത്തിവെച്ചിരിക്കുന്നു. പക്ഷേ, വെറും ഐതിഹ്യങ്ങളിൽ കവിഞ്ഞ വിലയൊന്നും ഇതര ചരിത്രകാരന്മാർ അവരുടെ അവകാശ വാദങ്ങൾക്ക് കല്പിച്ചിരുന്നില്ല. എന്നാൽ ആധുനിക പുരാവസ്തു ഗവേഷണങ്ങളുടെ ഫലമായി ഈ വാസ്തവം ഏറക്കുറെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

## അറബികൾ മെസൊപൊട്ടേമിയയിൽ

ഒരു കേസ്സിൽ വാദിയും പ്രതിയും സാക്ഷിയുമെല്ലാം ഏകോപിച്ചു കഴിഞ്ഞാൽപ്പിന്നെ ആ വാദം സമ്മതിച്ചുകൊടുക്കാതിരിക്കാൻ വിധികർത്താവിനു നിർവാഹമില്ല. മെസൊപൊട്ടേമിയയിൽ തങ്ങൾ ആധിപത്യം വാണിരുന്നുവെന്ന് അറബികൾ വാദിക്കുന്നു. പ്രതികളായ ബാബിലോണിയക്കാർ അത് സമ്മതിക്കുന്നു. ആധുനിക പുരാവസ്തു ഗവേഷണമാകട്ടെ, ആ വാദത്തിന് അനുകൂലമായി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. എങ്കിൽ ഈ വിഷയത്തിൽ സംശയിക്കാനെന്തുള്ളൂ? പ്രസിദ്ധ അറേബ്യൻചരിത്രകാരനായ ഇബ്നു ഖൽദൂൻ തന്റെ ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു:

"ആദ് വംശവും അമാലിക്കാ വംശവും ഇറാഖിനെ ഭരിച്ചിരുന്നു."[7]

മറ്റൊരു മുസ്ലിം ചരിത്രകാരനായ ഇബ്നുഖുതൈബ ദൈനൂരി (ക്രി.828-889) തന്റെ കിതാബുൽ മആരിഫിൽ എഴുതുന്നു:

“വിവിധ ദേശങ്ങളിൽ ചിന്നിച്ചിതറിയ പല വംശങ്ങളായിരുന്നു അമാലിക്കക്കാർ. ഈജിപ്തിലെ ഫറോവമാരും (ബാബിലോണിയയിലെ) സ്വേച്ഛാധിപതികളും അവരിൽ പെട്ടവരായിരുന്നു”[8]

ഇതാണ് അറേബ്യൻ ചരിത്രകാരന്മാരുടെ വാദം. ഇനി ബാബിലോണിയാ ചരിത്രകാരന്മാരുടെ പ്രതിവാദം പരിശോധിക്കാം: ഏതാണ്ടു ക്രി. മു. 400-ൽ ജീവിച്ച, ബാബിലോണിലെ ബാൽ ക്ഷേത്രത്തിലെ ഒരു പുരോഹിതനും ചരിത്രപണ്ഡിതനുമായ ‘ബെറസൂസ’ (Berasus) സ്വന്തം നാടിന്റെ ഒരു പുരാതന ചരിത്രം എഴുതിയിട്ടുണ്ടായിരുന്നു. മൂലഗ്രന്ഥം ഇപ്പോൾ ഉപലബ്ധമല്ല. പക്ഷേ, അതിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ ഗ്രീക്കുകാരും യഹൂദന്മാരുമായ ചരിത്രകാരന്മാർ താന്താങ്ങളുടെ കൃതികളിൽ ഉദ്ധരിച്ചുകാണാം. മെസൊപൊട്ടേമിയയിൽ ആധിപത്യം വാണിട്ടുള്ള രാജവംശങ്ങളുടെ എണ്ണവും ദേശീയതയും കാലവും കാണിക്കുന്ന ഒരു പട്ടിക അദ്ദേഹം കൊടുത്തിട്ടുള്ളതു താഴെ ചേർക്കുന്നു:

| എണ്ണം | രാജകുടുംബങ്ങൾ | കൊല്ലം |
|---|---|---|
| 10 | ജലപ്രളയത്തിനുമുമ്പുള്ള രാജവംശം | 4,32,000 |
| 86 | ജലപ്രളയത്തിനുശേഷമുള്ള രാജവംശം | 34,000 |
| 8 | കൊള്ളക്കാരായ മെഡിയാ രാജവംശം | 224 |
| 11 | ..................രാജവംശം | 248 |
| 24 | കാൽഡിയാ രാജവംശം | 458 |
| 9 | അറേബ്യാ രാജവംശം | 225 |

ബാബിലോണിയയിൽ ഭരണം നടത്തിയ രാജകുടുംബങ്ങളുടെ ഒരു പട്ടികയാണിത്. കാൽഡിയാ രാജാക്കൻമാരുടെ ശേഷം ഒമ്പത് അറബി രാജകുടുംബം ബാബിലോണിയ വാണിട്ടുള്ളതായി ഇതിൽ കാണിച്ചിരിക്കുന്നു. ഈ പട്ടിക വിമർശനാർഹമാണെങ്കിലും തീർത്തും തിരസ്കൃതമെന്നു പറയാവതല്ല.[9]

ഇറാൻകാരുടെ സാക്ഷ്യവും ഇവിടെ പരിഗണനീയമത്രെ. ഇറാനികളുടെ ചരിത്രവക്താവും കവിയുമായ ഫിർദൗസി (ക്രി. 932-1020) തന്റെ ‘ശാഹ്നാമഃ’ എന്ന കാവ്യത്തിൽ, പേർഷ്യൻ സമ്രാട്ടായിരുന്ന ജംഷീദിന്റെ ശേഷം ഒരു ‘സഹാക്ക്താസി’ (zohak) മെസൊപൊട്ടേമിയ അധീനപ്പെടുത്തിയതായി പറഞ്ഞിട്ടുണ്ട്.[10] സഹാക്ക് കേവലമൊരു അറബി സംജ്ഞയാണ്.

ഒരു അറേബ്യൻ ഐതിഹ്യമനുസരിച്ച് ചരിത്രപ്രസിദ്ധനായ നിംറോദിന്റെ നാമമായിരുന്നു സഹാക്ക്. അയാളുടെ കാലത്താണ് അബ്രഹാം ഭൂജാതനായത്.[11]

## ആധുനിക ഗവേഷണം

അറേബ്യൻ ചരിത്രകാരന്മാരുടെ അവകാശവാദത്തെ ആധുനിക ചരി

ത്രഗവേഷണവും ഏറക്കുറെ പിന്താങ്ങുന്നുണ്ട്. ഇറാഖിൽ ചരിത്രാതീത യുഗത്തിൽ ചുരുങ്ങിയതു രണ്ടു തവണയെങ്കിലും അറബികളുടെ ആധിപത്യം നിലവിൽ വന്നിരുന്നതായി പുരാവസ്തു ഗവേഷണം സൂചിപ്പിക്കുന്നു. ഉദ്ദേശം ക്രി. മു. 4000-ാമാണ്ടിൽ ഒരു തവണ; ക്രി. മു. 2800-ാമാണ്ടിൽ മറ്റൊരു തവണയും.

ചരിത്രമറിയുന്ന ഏറ്റവും പുരാതനമായ രാജവംശം 'ലാഗോഷ്' എന്ന മെസൊപൊട്ടേമിയൻ നഗരത്തിലെ പുരോഹിത വർഗ്ഗത്താൽ സ്ഥാപിതമായ 'ഉറുകാഗിന'യത്രെ. ഈ രാജവംശത്തെ 'എറേക്ക്' നഗരത്തിലെ പുരോഹിത വംശം തോൽപിച്ചു. അവർ താരതമ്യേന വിശാലമായ ഒരു സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. ഏഷ്യയിലെ ഒന്നാമത്തെ സാമ്രാജ്യം ഇതായിരുന്നു. പേർഷ്യൻ ഉൾക്കടൽ മുതൽ മധ്യധരണ്യാഴിവരെ നീണ്ടുകിടന്നിരുന്ന വിപുലമായ ആ സാമ്രാജ്യം സ്ഥാപിച്ചത് ലുഗൽസാഗിസി എന്ന പുരോഹിതരാജാവായിരുന്നു.[12]

വിദൂരമായ ആ പ്രാചീന കാലത്ത് മെസൊപൊട്ടേമിയയിൽ ആദ്യമായി നഗരങ്ങളും രാഷ്ട്രങ്ങളും സ്ഥാപിച്ചതു സുമേരിയൻമാരായിരുന്നുവെന്ന് ആധുനികചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. എഛ്.ജി. വെത്സ് പറയുന്നു:

"മെസൊപൊട്ടേമിയയുടെ (ഇറാഖിന്റെ) തെക്കുഭാഗങ്ങളിലും ഈജിപ്തിലുമാണ് ആദ്യമായി പട്ടണങ്ങളും ക്ഷേത്രങ്ങളും ജലസേചന പദ്ധതികളും .... പ്രത്യക്ഷപ്പെടുന്നത്. അക്കാലങ്ങളിൽ യൂഫ്രട്ടീസ് നദിയും ടൈഗ്രീസ് നദിയും വിഭിന്ന സരണികളിലൂടെയാണ് പേർഷ്യൻ ഉൾക്കടലിൽ ചെന്നു വീണിരുന്നത്. ഈ രണ്ടു നദികളുടേയും മധ്യേയുള്ള ഭൂഭാഗത്താണ് സുമേരിയക്കാർ ആദ്യമായി അവരുടെ പട്ടണങ്ങൾ പണിചെയ്തത്."[13]

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ, മെസൊപൊട്ടേമിയയിൽ ഏറ്റവുമാദ്യമായി നിലവിൽവന്ന രാജവംശത്തിന്റെ സ്ഥാപകർ സുമേരിയരായിരുന്നുവെന്നു വിചാരിക്കാം. എന്നാൽ, അവരെ തോൽപിച്ച സെമിറ്റിക്കുകാരായ സമ്രാട്ടുകൾ എവിടെനിന്നു വന്നു? ഇവരുടെ ദേശീയതയെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമാണുള്ളത്. അവർ കുർദിസ്താനിൽനിന്നു വന്നവരാണെന്ന് ചിലർ; ആഫ്രിക്കയിൽ നിന്നു വന്നവരാണെന്നു മറ്റു ചിലർ. വേറെ ചിലരുടെ അഭിപ്രായം അവർ അറബികളായിരുന്നുവെന്നത്രെ. അമേരിക്കൻ ചരിത്രപണ്ഡിതനായ പ്രൊഫ. രാജർസിനെ ഉദ്ധരിച്ച്, മൗലാനാ നദ്‌വി രേഖപ്പെടുത്തിയതു കാണുക:

"ഉദ്ദേശം ക്രി. മു. 4000-ാമാണ്ടിന്റെ ആരംഭത്തിൽ, ഉന്നതമായ ഒരു നാഗരികതയുടെ ഉടമകളായ സുമേരിയൻമാർക്ക് വമ്പിച്ച ജനസംഖ്യയുള്ള കിരാത വർഗ്ഗങ്ങളെ ഒരിക്കൽ അഭിമുഖീകരിക്കേണ്ടിവന്നു. ഇവർ സെമിറ്റിക്കുകളായിരുന്നു. ഒരിക്കൽ സ്പെയിൻ വരെ പടയോട്ടം നടത്തിയ അറബികളുമായി ഇവർക്ക് അടുത്ത രക്തബന്ധമുണ്ടായിരുന്നു. അപ്പോലെ മറ്റൊരിക്കൽ ജോർഡാൻ നദി കടന്ന് കനാനിലെത്തിയ എബ്രായ വംശക്കാരുമായും ഇവർക്കു സാദൃശ്യമുണ്ടായിരുന്നു."

"ചിലരുടെ അഭിപ്രായം ഇതാണ്: ഇവർ കുർദിസ്താനിൽനിന്ന് ബാബി

ലോണിയയിലെത്തി; അവിടെനിന്നു പുറപ്പെട്ട് അർമീനിയ, അറേബ്യ, കനാൻ മുതലായ സ്ഥലങ്ങളിൽ അധിവാസമുറപ്പിച്ചു. എന്നാൽ, ഈ അഭിപ്രായമിന്നു തിരസ്കരിക്കപ്പെട്ടിരിക്കുന്നു. ഇതിനെ അനുകൂലിക്കുന്ന രണ്ടാൾ പോലും ഇപ്പോൾ കാണുന്നില്ല. മറ്റൊരു പക്ഷം ഇവർ ആഫ്രിക്കയിൽനിന്നു ഈജിപ്തിൽ വന്ന്, അവിടെനിന്ന് പുറപ്പെട്ട്, സകല ദിക്കുകളിലും വ്യാപിച്ചുവെന്നാണ് ..... .... ഈ സിദ്ധാന്തം സ്ഥാപിക്കുവാൻ വളരെയൊക്കെ പണിപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, മൂന്നാമതൊരു തിയറിക്കു വകയില്ലാതില്ല. ഇവരുടെ മൂലതറവാട് അറേബ്യയായിരുന്നുവെന്നതാണത്..... ഈ ഒടുവിൽ പറഞ്ഞ അഭിപ്രായം ദിനം ദിനം പുതിയ അനുകൂലികളെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ പണ്ഡിതന്മാരുടെ അംഗീകൃതസിദ്ധാന്തം ഇതാണെന്ന് പൊതുവിൽ പറയാവുന്നതാണ്."[14]

അങ്ങനെ അറേബ്യൻ ചരിത്രകാരൻമാരുടെ പക്ഷത്തേക്കാണ് ആധുനിക ഗവേഷണത്തിന്റെയും ചായ്വ്. അതായത്, മെസൊപൊട്ടേമിയയിൽ സ്ഥാപിതമായ സെമിറ്റിക് സാമ്രാജ്യം അറബികളുടേതായിരുന്നു.

## എറേക്ക് സാമ്രാജ്യം

നാം മുമ്പ് സൂചിപ്പിച്ചപോലെ, എറേക്ക് സാമ്രാജ്യം ഭരിച്ചിരുന്ന മൂന്ന് പുരോഹിതസമ്രാട്ടുകളുടെ നാമങ്ങൾ നമുക്കു കിട്ടിയിട്ടുണ്ട്. (1) ഗുഷ്ബാനിലെ പുരോഹിതനായ ഓക്കശ്. (2) അദ്ദേഹത്തിന്റെ പിൻഗാമിയായ ലുഗൽസാഗിസി. (3) ലുഗൽ ഓക്സിലസി. ഇക്കൂട്ടത്തിൽ ഓക്കശിന്റെ നാമം ഋഗ്വേദത്തിലും സ്ഥലം പിടിച്ചതായി നാം സംശയിക്കുന്നു. ഒരു സൂക്തത്തിൽ ഒരു ഭക്തൻ ഇന്ദ്രനോട് 'പ്രത്ന ഓക്കസ്സി'ൽ നിന്നു വന്ന്, തങ്ങളെ തുണക്കുവാൻ പ്രാർഥിക്കുന്നുണ്ടെന്നും, പ്രസ്തുത ഓക്കസ്സ് ഇൻഡോ-ആര്യന്മാരുടെ പുരാതന തറവാടാകാമെന്നും ഭാരതീയ ചരിത്രകാരന്മാർ അനുമാനിക്കുന്നു.[15] ഓക്കസ്സും ഓക്കശും തമ്മിലുള്ള അടുപ്പം സുവ്യക്തമാണ്. അതിനാൽ, രണ്ടും ഒരേ സംജ്ഞയുടെ രണ്ടു രൂപങ്ങളായിരിക്കാൻ സാധ്യതയുണ്ട്. സ്ഥലവും വംശവും പൂർവികന്മാരുടെ നാമധേയങ്ങൾ സ്വീകരിക്കുകയെന്നത് പ്രാചീന ചരിത്രത്തിൽ സർവസാധാരണമാണ്.

## അക്കാഡ് സാമ്രാജ്യം

മെസൊപൊട്ടേമിയയിൽ ക്രി. മു. 2800-ാമാണ്ടിനോടടുപ്പിച്ച് സ്ഥാപിതമായ അക്കാഡ്സാമ്രാജ്യം സെമിറ്റിക്കുകാരുടേതായിരുന്നുവെന്ന് ആധുനിക ചരിത്രഗവേഷണം സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. ഈ സമ്രാട്ടുകളുടെ പേരുകൾ നമുക്കിന്ന് അറിയാൻ കഴിഞ്ഞിരിക്കുന്നു (1) ശറുഗനി ശറു അലികർ, (2) നരാം സിൻകർ. ഇവ കൂടാതെ വേറെ ചില പേരുകൾ ഉപലബ്ധമായിട്ടുണ്ടെങ്കിലും അവരെസ്സംബന്ധിച്ച സംഭവമൊന്നും അറിവായിട്ടില്ല. ശറുഗനിയുടെ ഒരു ലിഖിതം ഇപ്രകാരം വായിക്കപ്പെട്ടിരിക്കുന്നു:

"ശറുഗനി ശറുഅലികർ, ലിത്തിബാലിന്റെ പുത്രൻ, അക്കാഡിലെ ശക്തനായ രാജാവ്, എക്കോറിലെ നിപ്പൂർ പട്ടണത്തിൽ ബാലിനു ക്ഷേത്രം നിർമിച്ച

ആൾ.''[16]

ശറുഗനി ശറുഅലികർ എന്നാണ് രാജാവിന്റെ പൂർണനാമം. ശറുഗനി എന്ന ചുരുക്കപ്പേരും ഖനനത്തിൽ കണ്ടുകിട്ടിയിട്ടുണ്ട്. ആധുനിക ചരിത്രപഠിതാക്കൻമാരുടെ ഇടയിൽ സുപ്രസിദ്ധനായ സർഗോൺ ഒന്നാമൻ അദ്ദേഹമത്രെ. ഒരുവശത്ത് സുമേരിയൻമാരെ അമർത്തുകയും, മറുവശത്ത് ഏലാമ്യരെ തോൽപിക്കുകയും ചെയ്തതായിരുന്നു സാർഗോന്റെ മഹത്കൃത്യം. ഇതിൽ നിന്നും മനസ്സിലാവുന്നത് സർഗോന്റെ മുമ്പ് ഏലാമൈറ്റുകളുടെ ആധിപത്യമാണ് മെസൊപൊട്ടേമിയയിൽ നടന്നിരുന്നതെന്നാണ്. അതിനാൽ ഏലാമൈറ്റുകളിൽനിന്നാവാം സർഗോന്റെ മുൻഗാമികൾ മെസൊപൊട്ടേമിയ പിടിച്ചടക്കിയത്. പേർഷ്യൻ ഉൾക്കടലിന്റെ ഇപ്പുറം അധിവാസമുറപ്പിച്ചിരുന്നവരാണ് ഏലാമൈറ്റുകാർ.

ഇവരാണ് പേർഷ്യക്കാരുടെ പൂർവന്മാരെന്നു വിചാരിക്കപ്പെടുന്നു. സർഗോൺ ഒന്നാമൻ മഹാപ്രതാപശാലിയും വലിയൊരു സാമ്രാജ്യസ്ഥാപകനുമായിരുന്നു. എന്നിട്ടും തന്റെ അസുഖകരമായ പൂർവകഥ എഴുതിവെക്കാൻ അദ്ദേഹം മടിച്ചില്ല. സർഗോന്റെ ജന്മകഥ വിവരിക്കുന്നൊരു ലിഖിതം ഉപലബ്ധമായിട്ടുണ്ട്. രസാവഹമാണ് ആ കഥ:

'എന്റെ അമ്മ ദരിദ്രയായിരുന്നു. എന്റെ അച്ഛനെ ഞാൻ അറിഞ്ഞില്ല. യൂഫ്രട്ടീസ് നദീതീരത്തുള്ള 'അസുപിറാനു' ആണ് എന്റെ നഗരം. പാവപ്പെട്ട എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. രഹസ്യമായി എന്നെ പ്രസവിച്ചു. ചുള്ളികൊണ്ടുണ്ടാക്കിയ ഒരു കൊട്ടത്തോണിയിൽ എന്നെ കിടത്തി. കീലുകൊണ്ടു വാതിൽ ബന്ധിച്ചു. എന്നെ പുഴയിൽ ഒഴുക്കി. നദിയിൽ ഞാൻ ആണ്ടുപോയില്ല. ജലസേചകനായ അക്കിയുടെ അരികിൽ ഞാൻ ഒഴുകിയെത്തി..... അക്കി എന്നെ കരക്കു കയറ്റി...... അക്കി എന്നെ പുത്രനെപ്പോലെ കരുതി വളർത്തിക്കൊണ്ടുപോന്നു.''[17]

സർഗോൺ ഒന്നാമന്റെ ഭരണകാലം ക്രി.മു. 2872 മുതൽ 2817 വരെയായിരുന്നു.[18]

നാം മുൻപു സൂചിപ്പിച്ചപോലെ, അദ്ദേഹത്തിന്റെ അനന്തര ഗാമിയുടെ പേർ നരാംസിൻകർ എന്നായിരുന്നു. സർഗോനെപ്പോലെത്തന്നെ നരാംസിൻകറും പ്രതാപവാനും, നിരവധി ക്ഷേത്രങ്ങളുടേയും സത്രങ്ങളുടേയും നിർമാതാവുമായിരുന്നു. 'മഗാൻ' കീഴടക്കിയതാണ് അദ്ദേഹത്തിന്റെ സവിശേഷ കൃത്യമായി ശിലാരേഖകളിൽ കാണിച്ചിട്ടുള്ളത്. സീനായിയോടു തൊട്ടുകിടക്കുന്ന വടക്കുപടിഞ്ഞാറൻ അറേബ്യയാവണം പ്രസ്തുത മഗാൻ കൊണ്ടു വിവക്ഷിതമെന്ന് അനുമാനിക്കപ്പെടുന്നു.

നരാംസിന്നിന്റെ ശേഷം മറ്റൊരു രാജവംശമാണ് മെസൊപൊട്ടേമിയ അധീനമാക്കിയത്. അവർ സാമ്രാജ്യത്തിന്റെ തലസ്ഥാനമായി 'ഊർ' പട്ടണം തിരഞ്ഞെടുത്തു. പിന്നീട് 'അമോര്യർ' അഥവാ, അമറൈറ്റുകാർ എന്ന വേറൊരു സെമിറ്റിക് വംശം രാജ്യം കീഴടക്കി. അവർ രാഷ്ട്രത്തിന്റെ തലസ്ഥാനം ബാബിലോണിയയിലേക്ക് മാറ്റി.[19]

## ഹമൂറാബി

അമറൈറ്റു രാജവംശത്തിലെ പതിനൊന്നു രാജാക്കൻമാരുടെ പേർ ഉപലബ്ധമായിട്ടുണ്ട്. അധികം പേരും അപ്രശസ്തരാണ്. എന്നാൽ, ഹമൂറാബി ഒരു പ്രതാപശാലിയും മഹാനുമായ രാജാവായിരുന്നു. ഇദ്ദേഹമാണ് ലോകത്താദ്യമായി ഒരു നിയമസംഹിത ക്രോഡീകരിച്ചത്. ക്രി. മു. 2123 മുതൽ 2081 വരെയാണ് ഇദ്ദേഹത്തിന്റെ ഭരണകാലം.[20] ആ നിയമ സംഹിത ശിലാസ്തംഭത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു. ഭാഗ്യവശാൽ അതു മുഴുവൻ നമുക്കിന്നു കൈവന്നിട്ടുണ്ട്. ബൈബിൾ നിയമസംഹിതക്ക് അതുമായി വമ്പിച്ച സാമ്യമുണ്ട്. തന്നിമിത്തം ബൈബിൾനിയമങ്ങൾ അതിൽ നിന്നെടുത്തതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

ചില മുസ്‌ലിം ചരിത്രാന്വേഷകന്മാരുടെ അഭിപ്രായത്തിൽ അബ്രഹാമിന്റെ പ്രബോധനത്താൽ പ്രഭാവിതമായിട്ടുള്ളതാണ് ഹമൂറാബിയുടെ നിയമസംഹിത. ബൈബിൾ നിയമസംഹിതയാകട്ടെ പ്രവാചകനായ മോസസ്സിന്റെ ഉദ്ബോധനത്തിൽ നിന്നുയിർക്കൊണ്ടതും. അബ്രഹാമും മോസസ്സും ദിവ്യസന്ദേശം ലഭിച്ച സത്യപ്രവാചകരായിരുന്നു. ആ സ്ഥിതിക്ക് രണ്ടു നിയമസംഹിതകളുടേയും മൂലസ്രോതസ്സ് ഒന്നായിരുന്നു. ഒരേ സരിത്തിൽനിന്നു പ്രവഹിച്ച തടാകങ്ങൾ തമ്മിൽ കാണുന്ന ഔപമ്യത്തിൽ ആശ്ചര്യപ്പെടാനെന്തുള്ളൂ?

തന്റെ നിയമസംഹിത ദൈവനിർദിഷ്ടമാണെന്നു ഹമൂറാബി തന്നെ അവകാശപ്പെട്ടിട്ടുണ്ട്. അതിന്റെ മുഖവുരയിൽ പറയുന്നു:

“ദേവന്മാരായ അനുവും ബെല്ലും, വാഴ്ത്തപ്പെട്ട രാജകുമാരനും ദൈവാരാധകനുമായ ഹമൂറാബിയെ വിളിച്ചു ഇപ്രകാരം പറഞ്ഞു: ‘രാജ്യത്തൊട്ടാകെ നീതിന്യായം പാലിക്കുക; ദുഷ്ടൻമാരെയും ദുഷ്പ്രവൃത്തികളെയും ഇല്ലായ്മ ചെയ്യുക; ബലവാൻ ബലഹീനനെ മർദിക്കുന്നത് തടയുക; ഭൂമിയിൽ വിജ്ഞാനം പരത്തുക; ജനങ്ങളുടെ ഐശ്വര്യം അഭിവൃദ്ധിപ്പെടുത്തുക!”[21]

നിയമത്തിന്റെ മുമ്പിൽ ‘മാനുഷരെല്ലാം ഒന്നുപോലെ’ എന്ന മഹത്തായ തത്വമാണ്, പ്രസ്തുത നിയമസംഹിത മുറുകെപ്പിടിച്ചിരുന്നത്. ആകയാൽ ഒരു ദൈവികനിയമസംഹിതയാകാനുള്ള യോഗ്യത ഹമൂറാബിയുടെ സംഹിതക്കുണ്ട്. ചരിത്രപശ്ചാത്തലവും അതിനനുകൂലമാണ്.

ഉത്പത്തിപുസ്തകത്തിൽ വടക്കൻ അറേബ്യയിലേയും ഇറാഖിലേയും രാജാക്കന്മാർ തമ്മിൽ നടത്തിയ ഒരു യുദ്ധത്തിന്റെ കഥ വിവരിക്കുന്നുണ്ട്. അബ്രഹാമിന്റെ കാലത്താണ് പ്രസ്തുത രാഷ്ട്രീയ സംഭവം നടന്നത്. ഈ സംഘട്ടനത്തിൽ അബ്രഹാമിനും പങ്കെടുക്കേണ്ടിവന്നു. അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്ത് സോദോമിലാണ് (Trans Jordan) താമസിച്ചിരുന്നത്. പ്രസ്തുത യുദ്ധത്തിൽ വിജയം വരിച്ച പക്ഷക്കാർ നാടു കൊള്ളചെയ്ത കൂട്ടത്തിൽ ലോത്തിനെയും അദ്ദേഹത്തിന്റെ കുടുംബത്തെയും സമ്പത്തുക്കളെയും അപ ഹരിച്ചുകൊണ്ടുപോയി. വിവരം അറിഞ്ഞപ്പോൾ അബ്രഹാമും പരിവാരങ്ങളും ശത്രുക്കളുടെ നേരെ പടയൊരുക്കുകയും അതിൽ വിജയശ്രീലാളിതരായി തിരിച്ചുവ

രികയും ചെയ്തു. അങ്ങനെ ലോത്തിനേയും കുടുംബത്തേയും ശത്രുക്കളുടെ കൈയിൽനിന്നു വീണ്ടെടുത്തു. ഈ യുദ്ധത്തിൽ ശീനാറിലെ (ബാബിലോണിയ) രാജാവും പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പേർ 'അമ്രാഫെൽ' എന്നാണ് ബൈബിൾ പറഞ്ഞിരിക്കുന്നത്. ഈ അമ്രാഫെൽ തന്നെയാവണം, പ്രസ്തുത ഹമൂറാബി എന്നു ചിലർ അഭിപ്രായപ്പെടുന്നു. ഹ-അ-ബ-ഫ എന്നീ വർണങ്ങൾ സെമിറ്റിക് ഭാഷകളിൽ മാറിവരിക പതിവാണ്. ഹമൂറാബി ഹിബ്രുവിലേക്ക് പകർന്നപ്പോൾ 'അമൂറാഫി' യായി. ഹീബ്രു ശൈലിയനുസരിച്ച് അവസാനം 'എൽ' ചേർന്നു, അമൂറാഫെൽ എന്നും അത് ഉച്ചാരണത്തിൽ അമ്രാഫെൽ എന്നുമായി മാറി എന്ന് അനുമാനിക്കാവുന്നതാണ്.

ഈ അഭിപ്രായമാണ് പ്രൊ. രാജർസിനുള്ളത്. അബ്രഹാമിന്റെയും ഹമൂറാബിയുടെയും കാലവും ദേശവും ഒന്നായിരുന്നു. അതിനാൽ, ഹമൂറാബി അബ്രഹാമിന്റെ പ്രബോധനം അംഗീകരിച്ചിരിക്കുവാൻ സാധ്യതയുണ്ട്. ആ പ്രബോധനത്തിൽ പ്രഭാവിതനായി തദനുരൂപമായ ഒരു നിയമസംഹിത ക്രോഡീകരിച്ച് നാട്ടിൽ നടപ്പാക്കിയെന്നു അനുമാനിക്കുവാനും വിരോധമില്ല.

## ഇടയത്വം സെമിറ്റിക്കുകാരുടെ കുലത്തൊഴിൽ

സെമിറ്റിക്ക് വർഗക്കാർ പൊതുവേ ഇടയന്മാരായിരുന്നു. ഭാരതത്തിൽ കുടിയേറിയ ആര്യന്മാരും ഇടയവർഗക്കാരായിരുന്നുവെന്ന് അവരുടെ വേദാദിസാഹിത്യങ്ങൾ വിളിച്ചുപറയുന്നുണ്ട്. സെമിറ്റിക്കുകാർ ആടുമാടുകളെ മേച്ചും, പുല്ലും വെള്ളവുമുള്ള ശാദ്വലപ്രദേശങ്ങൾ തിരക്കി നാടുചുറ്റിയുമാണ് കഴിഞ്ഞുകൂടിയിരുന്നത്. ആര്യന്മാരും അങ്ങനെത്തന്നെ. അക്കാലത്ത്, കൃഷിയും ഉത്പാദനവും നടത്തിക്കൊണ്ട് സ്ഥിരമായി താമസിച്ചിരുന്നവരാണ് പരിഷ്കൃത ജനങ്ങൾ. എന്നാൽ, സെമിറ്റിക്കുകാർ അപരിഷ്കൃതരായിരുന്നു. പക്ഷേ, മരുഭൂമിയിൽ സഞ്ചരിക്കുകയും പ്രതിബന്ധങ്ങളോട് മല്ലിടുകയും ചെയ്തതിനാൽ അവരുടെ ശരീരത്തിന് കൂടുതൽ ബലവും ദാർഢ്യവും കൈവന്നിരുന്നു. അങ്ങനെ അവർ പരിഷ്കൃത നഗരങ്ങൾ ആക്രമിച്ചു കീഴടക്കാൻ തുടങ്ങി. മെസൊപൊട്ടേമിയ, ഈജിപ്ത് തുടങ്ങിയ നഗരരാഷ്ട്രങ്ങൾ സെമിറ്റിക്കുകാർ അധീനപ്പെടുത്തി.

ബൈബിൾ കർത്താക്കളായ എബ്രായർ സെമിറ്റിക് വർഗത്തിൽ പെട്ടവരായിരുന്നു. ശേമിന്റെ പിൻമുറക്കാരനായ ഏബറിന്റെ സന്താനപരമ്പരയായതിനാൽ അവർക്ക് എബ്രായർ എന്നും അവരുടെ ഭാഷക്ക് എബ്രായഭാഷ എന്നും പേരായി. അബ്രഹാം, മോസസ്സ്, യേശുക്രിസ്തു തുടങ്ങി ബൈബിളിലെ മഹാപുരുഷൻമാരും പ്രവാചകന്മാരുമെല്ലാം സെമിറ്റിക് വർഗ്ഗത്തിൽ പെട്ടവരായിരുന്നു. മുഹമ്മദ് നബിയും അങ്ങനെ തന്നെ. പ്രസ്തുത പ്രവാചകരെല്ലാം ഇടയജോലി സ്വീകരിച്ചിരുന്നുവെന്നത് ഒരു യാദൃഛിക സംഭവമല്ല. ഇടയത്വം, സെമിറ്റിക് വർഗക്കാരുടെ കുലത്തൊഴിലായിരുന്നു. ഇമാം ബുഖാരി തന്റെ 'സ്വഹീഹി'ൽ അബൂഹുറയ്റ

എന്ന നബിശിഷ്യനിൽനിന്നുദ്ധരിക്കുന്ന ഒരു വചനം കാണുക:

"ഒരിക്കൽ നബി പറയുകയുണ്ടായി: 'അല്ലാഹു നിയോഗിച്ച യാതൊരു പ്രവാചകനും അജപാലനം ചെയ്യാതിരുന്നിട്ടില്ല.' ഇത്തരുണത്തിൽ ശിഷ്യന്മാർ ചോദിച്ചു: 'അങ്ങും ആടു മേച്ചിരുന്നുവോ?' അവിടന്നു പ്രതിവചിച്ചു: 'ഉവ്വ്. ഏതാനും നാണയത്തുട്ടുകൾക്കു പകരം ഞാനും മക്കക്കാരുടെ ആടുകളെ മേച്ചിരുന്നു."[22]

സെമിറ്റിക്ക് വർഗക്കാരുടെ ചരിത്ര സംക്ഷേപം എച്.ജി. വെത്സ് തന്റെ A Short History of The World എന്ന കൃതിയിൽ കൊടുത്തിട്ടുണ്ട്. അതിൽ അവരുടെ തൊഴിൽ കാലിമേക്കലായിരുന്നുവെന്നും ഈ വർഗം ഒരു ഘട്ടത്തിൽ ഈജിപ്തിൽ ഭരണം നടത്തിയിരുന്നുവെന്നും ഇവരെ ഈജിപ്തുകാർ 'ഇടയരാജാക്കന്മാർ' (ഹെക്സോസ്) എന്നാണ് വിളിച്ചിരുന്നതെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കൃതിയിലെ പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു:

"വരണ്ടുവന്നിരുന്ന സുരിയ(സിറിയ), അറേബ്യ എന്നിവിടങ്ങളിലെ മരുഭൂമികളിൽ സെമിറ്റിക് വർഗക്കാർ ആടുമാടുകളേയും കഴുതകളേയും മേച്ചു നടന്നിരുന്നു. ഈ സെമിറ്റിക്കുകാരും ഏലാമ്യർ (Elamites) എന്നു പറയുന്ന ഇറാനിലെ ദക്ഷിണഭാഗത്തുനിന്നു വന്ന ഒരുതരം നീഗ്രോ വർഗക്കാരുമാണ്, പ്രാചീന സംസ്കാരങ്ങളുമായി അടുത്തു പരിചയപ്പെട്ട ആദ്യത്തെ നാടുചുറ്റികൾ. അവർ കച്ചവടക്കാരായും കൊള്ളക്കാരായുമാണ് വന്നത്. അവസാനം അവരിൽ തന്നെ കുറേക്കൂടി വിശാലമായ ഭാവനാശക്തിയുള്ള നായകന്മാർ ജനിക്കുകയും അവർ വലിയ സമ്രാട്ടുകളായിത്തീരുകയും ചെയ്തു. ഉദ്ദേശം ക്രി. മു. 2750-ൽ സർഗോൺ എന്ന ഒരു വലിയ സെമിറ്റിക്ക് നേതാവ് സുമേരിയ മുഴുവൻ കീഴടക്കുകയും പാർസി ഉൾക്കടൽ മുതൽ മധ്യധരണ്യാഴി വരെയുള്ള ലോകത്തിനെല്ലാം അധിപനാവുകയും ചെയ്തു.... അയാൾ സ്ഥാപിച്ച സാമ്രാജ്യം രണ്ടു ശതവർഷത്തിനു ശേഷം അസ്തമിച്ചു. പിന്നീട് ഏലാമ്യരുടെ ഒരു പ്രവാഹത്തിനുശേഷം അമോര്യർ (അമറൈറ്റുകാർ) എന്ന ഒരു പുതിയ ശേമ്യ വർഗം ക്രമേണ സുമേരിയയിൽ ആധിപത്യം സ്ഥാപിച്ചു. അതേവരെ നദീപ്രാന്തസ്ഥമായ ഒരു ചെറിയ പട്ടണം മാത്രമായിരുന്ന ബാബേലിനെ അവർ തലസ്ഥാനമാക്കി. അവരുടെ സാമ്രാജ്യത്തിന് ആദ്യത്തെ 'ബാബിലോണിയാ സാമ്രാജ്യം' എന്ന പേരും വന്നു. ഹമൂറാബി എന്ന മഹാനായ രാജാവാണ് ഈ സാമ്രാജ്യത്തെ ആദ്യമായി ഏകീകരിച്ചത്. ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള ആദ്യത്തെ നിയമസംഹിത അദ്ദേഹമാണ് ക്രോഡീകരിച്ചത്. നീലനദിയുടെ വീതി കുറഞ്ഞ തീരപ്രദേശം ഇറാഖിനെപ്പോലെ അത്രതന്നെ ആക്രമണക്ഷമമല്ല. എന്നിട്ടും ഹമൂറാബിയുടെ കലത്തോടടുത്തുതന്നെ ഈജിപ്തിൽ വിജയകരമായ ഒരു സെമിറ്റിക്കാക്രമണം നടന്നു. അനേകം കാലം നീണ്ടുനിന്ന ഒരു ഫറോവാ വംശം, അഥവാ 'ഹെക്സോസ് വംശം' അവർ സ്ഥാപിച്ചു. ഈ സെമിറ്റിക് ഭരണാധികാരികൾ ഈജിപ്തുകാരുമായി കൂടിക്കഴിഞ്ഞില്ല. അവരെ അപ

രിഷ്കൃതരും വിദേശീയരുമെന്ന നിലയിൽ വളരെ വെറുപ്പോടുകൂടിയാണ് നാട്ടുകാർ വീക്ഷിച്ചിരുന്നത്. ഒടുവിൽ ക്രി. മു. 1600-ാമാണ്ടിൽ ഉണ്ടായ ജനകീയ വിപ്ലവം അവരെ ആട്ടിയോടിച്ചു."[23]

സെമിറ്റിക്കുകാരുടെ കുലത്തൊഴിൽ കന്നുകാലികളെ മേക്കലായിരുന്നുവെന്നും അതുകൊണ്ടാണ് അവരുടെ രാജാക്കന്മാർക്ക് "ഹെക്സോസ്' എന്ന പേർ വന്നതെന്നും പറയപ്പെടുന്നു. 'ഹെക്' എന്നാൽ ഈജിപ്ഷ്യൻഭാഷയിൽ രാജാവ് എന്നും 'സോസ്' എന്നാൽ ഇടയന്മാരെന്നുമാണർഥം.[24]

ചുരുക്കത്തിൽ ഇറാഖിലെന്നപോലെ ഈജിപ്തിലും സെമിറ്റിക്കുകാരുടെ രാജവംശങ്ങൾ ആധിപത്യം വഹിച്ചിട്ടുണ്ട്. മാത്രമല്ല, അന്നത്തെ സംസ്കൃതരാഷ്ട്രങ്ങളെല്ലാം ഈ വർഗത്തിന്റെ കുടിയേറ്റത്തിനോ ആക്രമണത്തിനോ വിധേയങ്ങളായിരുന്നിട്ടുമുണ്ട്. ആ സംഗതി നമുക്ക് പിന്നീട് കാണാം. ഈ വർഗത്തിൽ പെട്ട ആദ്വംശമാണ് അറേബ്യയിൽ ആധിപത്യം വാണിരുന്നതെന്ന് നാം മുമ്പു പ്രസ്താവിച്ചു. ആ വംശത്തിൽ നിയോഗിതനായ പ്രവാചകനായിരുന്നു ഹൂദ്. സ്വജനത്തെ അദ്ദേഹം ഉദ്ബോധിപ്പിച്ച ഒരു വാചകം ഖുർആൻ ഉദ്ധരിച്ചത് ഇവിടെ പ്രത്യേകം ശ്രദ്ധേയമത്രെ:

"(എന്റെ ജനങ്ങളേ,) നോഹയുടെ ജനതക്ക് ശേഷം നിങ്ങൾക്കാണ് ദൈവം പ്രാതിനിധ്യം (ആധിപത്യം) നല്കിയിട്ടുള്ളത്. ഈ അനുഗ്രഹം സ്മരിക്കുവിൻ."[25]

നോഹയുടെ ജനത സുമേരിയൻമാരായിരുന്നുവെന്ന് നാം മുൻപ് സമർഥിച്ചിട്ടുണ്ട്. സുമേരിയൻമാർക്ക് ശേഷം ലോകാധിപത്യത്തിലേക്കുയർന്നുവന്നത് ആദ്വംശമായിരുന്നു. അഥവാ സെമിറ്റിക്വർഗം. ഹൂദ്നബിയുടെ ഈ ഉദ്ബോധനം എത്ര അർഥവത്തായിരിക്കുന്നു!

## കുറിപ്പുകൾ

1. ഉത്പത്തി 10:22
2. കിതാബുൽ മആരിഫ് വാ. 1, പേ. 40 (ഈജിപ്ത്)
3. ഉത്പത്തി 11:1, 2
4. ഇംഗ്ലീഷ് വിവർത്തനം വാ. 1, പേ. 35(ക്രി. 1882)
5. അർദുൽ ഖുർആൻ വാ. 1, പേ. 112
6. ഉദ്ധരണം: അതേ ഗ്രന്ഥം വാ. 1, പേ. 111
7. കിതാബുൽ ഇബർ വാ. 2, പേ. 259 (ഈജിപ്ത്)
8. കിതാബുൽ മആരിഫ് പേ. 10
9. ഉദ്ധരണം: അർദുൽ ഖുർആൻ വാ: 1, പേ. 133
10. ഉദ്ധരണം: Ibid വാല്യം 1, പേ. 133
11. ത്വബ്രിയുടെ ചരിത്ര ഗ്രന്ഥം വാ. 1, പേ. 205 (യൂറോപ്പ്)
12. ലോക ചരിത്രം വാ. 1, പേ. 75
13. ലോക ചരിത്രസംഗ്രഹം പേ. 68, 69
14. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 188 നോക്കുക.

15. ഭാരത ബൃഹച്ചരിത്രം വാ. 1, പേ. 24 നോക്കുക.
16. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 140
17. മെസൊപൊട്ടേമിയൻ സാഹിത്യ ചരിത്രം പേ. 75
18. അതേ ഗ്രന്ഥം പേ. 74
19. ലോക ചരിത്രം വാ. 1, പേ. 76
20. മെസൊപൊട്ടേമിയൻ സാഹിത്യ ചരിത്രം പേ. 88
21. Ibid p. 88, 89
22. സ്വഹീഹുൽ ബുഖാരി, കിതാബുൽ ഇജാറഃ
23. ലോകചരിത്ര സംഗ്രഹം പേ. 76-78
24. അർദുൽ ഖുർആൻ വാ. 1, പേ. 149
25. ഖുർആൻ അ. 7, സൂ. 69

## അധ്യായം പതിനാറ്

# സെമിറ്റിക്കുകാർ ഈജിപ്തിൽ

**സെ**മിറ്റിക്വർഗക്കാർ ഇറാഖിനെ അടക്കിഭരിച്ച വസ്തുത നാം കണ്ടു. ഈജിപ്തിലും അവർ വിജയകരമായ ഒരാക്രമണം നടത്തുകയും അനേകകാലം നീണ്ടുനിന്ന ഒരു ഭരണകൂടം സ്ഥാപിക്കുകയും ചെയ്തു. മെസൊപൊട്ടേമിയയിലെന്ന പോലെ ഈജിപ്തിലും അവരുടെ ആധിപത്യം നടന്നിട്ടുണ്ടെന്ന് അറബി ചരിത്രകാരന്മാർ അവകാശപ്പെടുന്നു. ക്രി. 890-ൽ കാലഗതിയടഞ്ഞ ഇബ്നു വാസിഹ് യാക്കൂബി തന്റെ ചരിത്രപുസ്തകത്തിൽ രേഖപ്പെടുത്തിയത് കാണുക:

"ഈജിപ്തുകാർ സ്ത്രീകളെ അധികാരപീഠത്തിൽ അവരോധിച്ചപ്പോൾ സിറിയ ഭരിച്ചിരുന്ന അമാലിക്കക്കാരായ ഭരണാധികാരികൾക്ക് ആ നാട്ടിനെ ആക്രമിക്കുന്നതിൽ ഔത്സുക്യം ജനിച്ചു. അങ്ങനെ വലീദുബ്നുദൂമഅ് എന്ന രാജാവ് ഈജിപ്ത് ആക്രമിച്ചു കീഴടക്കി..... വലീദിന്റെ ശേഷം പുത്രൻ റയ്യാൻ സ്ഥാനപതിയായി. ഇയാളായിരുന്നു യൂസുഫിന്റെ കാലത്തെ ഫിർഔൻ."[1]

ഈജിപ്ത് ഭരിച്ചിരുന്ന രാജാക്കന്മാർ 'റാ' യുടെ (സൂര്യന്റെ) സന്തതികളാണെന്നു വിശ്വസിച്ചിരുന്നു. റാ ആയിരുന്നു അവരുടെ പ്രധാന ദേവൻ. അതിനാൽ ബൈബിൾ ഈജിപ്ത് രാജാവിനെ 'ഫറവോൻ' എന്നും ഖുർആൻ 'ഫിർഔൻ' എന്നും വിളിച്ചു. റായുടെ പുത്രൻ എന്നാണ് ആ പദത്തിനർഥം. ഫിർഔനെ ആധുനിക ചരിത്രകാരൻമാർ ഫറോവ എന്നുച്ചരിക്കുന്നു. എബ്രായനായ യൂസുഫിന്റെ സുദീർഘമായ കഥ ബൈബിളിലും ഖുർആനും പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഈജിപ്തിൽ വലുതായ പദവി ലഭിച്ചിരുന്നു. അക്കാലത്ത് ഈജിപ്തിലെ ഫറോവ അറേബ്യയിലെ പുരാതനഗോത്രങ്ങളിലൊന്നായ അമാലിക്കാ

വംശജനായിരുന്നുവെന്നാണ് യാക്കൂബി അവകാശപ്പെടുന്നത്. ചില്ലറ വ്യത്യാസത്തോടെ ത്വബ്രി, യാഖൂതുൽ ഹമവി, ഇബ്നു ഖൽദൂൻ തുടങ്ങിയ ഇതര അറബി ചരിത്രകാരന്മാരും പ്രസ്തുത സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ നമുക്ക് വിടാം. എന്നാൽ, പ്രാചീന കാലത്ത് തങ്ങൾ ഈജിപ്തിലെ അധിപതികളായിരുന്നു എന്ന അറബികളുടെ അവകാശവാദം തള്ളിക്കളയാവതല്ല. എന്തെന്നാൽ, പ്രസ്തുത വാദത്തിനനുകൂലമായ തെളിവുകൾ മറ്റു മാർഗ്ഗേണ നമുക്ക് കിട്ടിയിട്ടുണ്ട്.

## മാനീത്തോന്റെ സാക്ഷ്യം

ക്രി. മു. 260-നോടടുപ്പിച്ച് അലക്സാണ്ഡ്രിയയിലെ ചരിത്രപണ്ഡിതനായ മാനീത്തോൻ (Manithon) പ്രാചീന ഈജിപ്തിന്റെ ഒരു ചരിത്രം എഴുതിയിട്ടുണ്ട്. ഗ്രീക്കുഭാഷയിൽ വിരചിതമായ ആ ചരിത്ര ഗ്രന്ഥം നഷ്ടപ്പെട്ടുവെങ്കിലും, അതിലെ ചില ഭാഗങ്ങൾ യവനഗ്രന്ഥകാരൻമാർ തങ്ങളുടെ കൃതികളിൽ തെളിവിനുദ്ധരിച്ചു കാണാം. ജൂതചരിത്രകാരനായ ജോസഫസ്ഫ്ലേവിയസ് തന്റെ കൃതിയിൽ ഉദ്ധരിച്ച വരികൾ ഇത്തരുണത്തിൽ പ്രത്യേക ശ്രദ്ധയർഹിക്കുന്നുണ്ട്. മാനീത്തോനെ ഉദ്ധരിച്ചു അദ്ദേഹം രേഖപ്പെടുത്തിയിരിക്കുകയാണ്:

“ഞങ്ങളുടെ ഒരു രാജാവായിരുന്നു ‘റ്റിമാവുസ്.’ അദ്ദേഹത്തിന്റെ കാലത്താണ് അതുണ്ടായത്. എന്തുകൊണ്ടുണ്ടായെന്ന് അറിഞ്ഞുകൂടാ. ദൈവത്തിന് ഞങ്ങളോട് അനിഷ്ടമായിരുന്നു. ദുഷ്ടപ്രകൃതരായ ഒരു ജനം കിഴക്കുനിന്ന് അദ്ഭുതപരമായ മാർഗത്തിലൂടെ വന്നു. ഞങ്ങളുടെ രാജ്യത്തിൽ നുഴഞ്ഞുകടക്കാൻ മാത്രം ധൈര്യശാലികളായിരുന്നു അവർ. ശക്തിയുപയോഗിച്ച് അവർ ഈജിപ്ത് കൈവശപ്പെടുത്തി. ഭാഗ്യപരീക്ഷകമായ ഒരു യുദ്ധം നടന്നു. അവർ ഞങ്ങളുടെ സേനാനികളെ ബന്ധനസ്ഥരാക്കി.....പട്ടണങ്ങൾ ചുട്ടെരിച്ചു...... ദേവാലയങ്ങൾ നശിപ്പിച്ചു...... സ്വന്തമായ ഒരു ഭരണകൂടം അവർ ഈജിപ്തിൽ സ്ഥാപിച്ചു. ‘സല്ലാത്തീസ്’ എന്ന ഒരാളെ രാജാവായി നിശ്ചയിച്ചു...... ഏറ്റവും അവസാനത്തെ രാജാവ് ‘അസീസാ’യിരുന്നു. ഇയാൾ 49 വർഷവും രണ്ടു മാസവും വാഴ്ചനടത്തി.... ഈ രാജാക്കന്മാർക്ക് ‘ഹെക്സോസ്’ എന്നാണ് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. ‘ഹെക്’ എന്നാൽ വിശുദ്ധഭാഷയിൽ (Hiero-gyphic) രാജാവ് എന്നും, ‘സോസ്’ എന്നാൽ സാധാരണഭാഷയിൽ ഇടയന്മാർ എന്നുമാണ് അർഥം. ഇക്കൂട്ടർ അറബികളായിരുന്നു എന്ന് ചിലർ പറയുന്നു. ഈ വർഗം 511 കൊല്ലം ഈജിപ്തു ഭരിച്ചു.”[2]

ഈ പ്രസ്താവം അറബികളുടെ ഐതിഹ്യവുമായി യോജിച്ചുകാണുന്നു. ഐതിഹ്യമനുസരിച്ച് ഈജിപ്തു കീഴടക്കിയ രാജാവിന്റെ നാമം ‘ശദ്ദാദ്’ എന്നാകുന്നു. മാനീത്തോൻ പറഞ്ഞ സല്ലാത്തീസും ശദ്ദാദും ഒരേ സംജ്ഞയുടെ രണ്ടു രൂപങ്ങളായിരിക്കാവുന്നതാണ്. സംജ്ഞകളുടെ അന്ത്യത്തിൽ ‘ഈസ്’ ചേർക്കുകയെന്നത് ഗ്രീക്കുശൈലിയാണ്. സോക്രട്ടീസ്, സെനോഫെനീസ് തുടങ്ങിയവ ഉദാഹരണം. സാക്ഷാൽ നാമം സെല്ലാത്ത് എന്നായിരിക്കും. ശദ്ദാദും സല്ലാത്തും തമ്മിൽ അക്ഷരത്തിലെന്ന പോലെ അർഥത്തിലും അടുപ്പമുണ്ട്. ശക്തൻ, നിഷ്ഠുരൻ, അധിപതി എന്നെല്ലാമാണ് അറബിയിൽ രണ്ടിനും അർഥം.

സല്ലാത്തിന്റെ ധാതുവിൽ നിന്നുളവായ 'സുൽത്താൻ' എന്നതിന് അധിപതി എന്നും 'സൽതനത്ത്' എന്നതിന് ആധിപത്യം എന്നുമാണ് അർഥം.

അവസാനത്തെ രാജനാമം പ്രത്യേകം ശ്രദ്ധേയമാണ്. അസീസ് എന്നത് ഒരു അറബിസംജ്ഞയത്രെ. ഈ നാമം ഈജിപ്തിലെ ഏറ്റവും വലിയ സ്ഥാനപ്പേരായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. യൂസുഫ് നബി ഇതേ സ്ഥാനപ്പേരിലാണ് അവിടെ വിളിക്കപ്പെട്ടിരുന്നത്. [3]

ചുരുക്കത്തിൽ സെമിറ്റിക്കുകാർ അഥവാ, അറബികൾ ഈജിപ്തിൽ ആധിപത്യം സ്ഥാപിച്ചിരുന്നു എന്ന അറബിചരിത്രകാരൻമാരുടെ അവകാശവാദം ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് സമ്മതിക്കുകയാണ് ഈജിപ്ഷ്യൻ ചരിത്രകാരനായ മാനീത്തോൻ ചെയ്തിട്ടുള്ളത്.

## ബൈബിളിന്റെ പ്രസ്താവന

ബൈബിൾ കർത്താക്കന്മാരായ യഹൂദരെ പൊതുവിൽ 'എബ്രായർ' എന്നാണ് ചരിത്രം വിളിക്കുന്നത്. ബൈബിൾ മതപ്രകാരം നോഹയുടെ മകൻ ശേമിന്റെ മകൻ അർപ്പക്ഷാദിന്റെ പുത്രൻ ശാലഹിന് ഏബർ എന്നൊരു മകനുണ്ടായിരുന്നു.[4] ഏബറിന്റെ, അഥവാ ആബിറിന്റെ പിൻമുറക്കാരായതുകൊണ്ടാണ് യഹൂദന്മാർ എബ്രായർ എന്ന പേരിൽ അറിയപ്പെട്ടത്. അവർ സംസാരിച്ച ഭാഷയത്രെ എബ്രായ ഭാഷ, അഥവാ ഹിബ്രു.

ഏബർ എന്ന പദത്തിന് കടന്നുവന്ന ആൾ എന്നാണ് അർഥം. അതായത്, യൂഫ്രട്ടീസ് നദിയുടെ അക്കരെയുള്ളവരായിരുന്നു അവർ. ഏതാണ്ട് ക്രി.മു. 2100-ൽ ജൂതന്മാരുടെ പൂർവ്വന്മാർ മൃതസമുദ്രത്തിനും മധ്യധരണ്യാഴിയുടെ കിഴക്കെ തീരത്തിനും ഇടക്കുള്ള ഫലസ്തീനിൽ കുടിയേറിപ്പാർത്തു. അന്ന് ആ പ്രദേശത്തിന് 'കനാൻ' എന്നായിരുന്നു പേർ.[5] ഈ വംശത്തിന്റെ സ്ഥാപകൻ അബ്രഹാമായിരുന്നു. അബ്രഹാം ജനിച്ചത് ബാബിലോണിയയിലെ 'ഊർ' നഗരത്തിലാണ്. അദ്ദേഹം കുടുംബസമേതം ബാബിലോണിയയിൽനിന്ന് പലായനം ചെയ്ത്, പല കേന്ദ്രങ്ങളും സന്ദർശിച്ച് അവസാനം കനാനിൽ സ്ഥിരതാമസം സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ പൗത്രന് 'യാക്കോബ്' എന്നും ഇസ്രായേൽ എന്നും പേരുണ്ടായിരുന്നു. ഇസ്രായേലിന്റെ പിൻമുറക്കാരായതിനാൽ ജൂതന്മാരെ 'ബനൂഇസ്രാഈൽ' (ഇസ്രാഈൽ സന്തതികൾ) എന്ന് വിളിക്കുന്നു.

യാക്കോബിന്റെ പുത്രനായ യോസേഫ് ഈജിപ്തിൽ വാണ കഥ ബൈബിളും ഖുർആനും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പലരും ധരിച്ചുവശായിട്ടുള്ളത് യോസേഫ് ഫറോവയുടെ ഒരു ഉദ്യോഗസ്ഥനായിരുന്നുവെന്നാണ്. ഇതപ്പടി ശരിയല്ല. ഈജിപ്തിന്റെ നിയന്ത്രണം മിക്കവാറും യോസേഫിന്റെ അധീനത്തിലായിരുന്നു. അതുകൊണ്ടാണ് യോസേഫിനെ ഉദ്ധരിച്ചു ഉത്പത്തി രേഖപ്പെടുത്തിയത്: "ദൈവം എന്നെ മിസ്രയീമിനൊക്കെയും അധിപതിയാക്കിയിരിക്കുന്നു."[6] യോസേഫിനെത്തന്നെ ഉദ്ധരിച്ചു ഖുർആൻ പറയുന്നു: "നാഥാ! നീ എനിക്ക് ആധിപത്യം നല്കിയിട്ടുണ്ട്."[7] അതിനാൽ, യോസേഫിന് ഈജിപ്തിൽ വലിയ അധികാരം കൈവന്നിരുന്നു. എന്നാൽ, അദ്ദേഹത്തിനു മുകളിൽ ഒരു ഫറോവയുണ്ടായിരുന്നു എന്ന വസ്തുത ഇവിടെ നിഷേധിക്കുന്നില്ല. ഫറോവയുടെ രാജത്വം പേരിനു മാത്രമായിരുന്നു. ഉത്പത്തി തന്നെ പറയട്ടെ:

“ഫറവോൻ യോസേഫിനോട്... നിന്നെപ്പോലെ വിവേകവും വിജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല; നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനം കൊണ്ടുമാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു.”[8]

ആകയാൽ ഫറോവയെ കഴിച്ചാൽ രാഷ്ട്രത്തിന്റെ ഏറ്റവും ഉന്നതമായ ഒരു പദവിയാണ് ഈജിപ്തിൽ എബ്രായനായ യോസേഫിന്നുണ്ടായിരുന്നത്. അതുകൊണ്ടാവണം ‘അൽ അസീസ്’(അജയ്യൻ) എന്ന അറബി സ്ഥാനപ്പേരിൽ യൂസുഫ്നബി (അ) വിളിക്കപ്പെട്ടത്. എന്തുകൊണ്ടാണ് ഇത്രവലിയ സ്ഥാനം ഒരു വിദേശിയും ഇടയവംശജനുമായ യോസേഫിനു ലബ്ധമായത്? ഈ പ്രശ്നത്തിന് ബൈബിൾ നല്കുന്ന ഉത്തരം ഫറോവ ഉറക്കത്തിൽ കണ്ട ഒരു സ്വപ്നത്തിന് യോസേഫ് ശരിയായ വ്യാഖ്യാനം നല്കിയതിന്റെ പേരിൽ പ്രസ്തുത പദവി അദ്ദേഹത്തിന് കല്പിച്ചരുളി എന്നാണ്. സംഭവം ശരി തന്നെ. പക്ഷേ, ആ ഒറ്റ സംഗതിയാവില്ല അതിനു കാരണം. മറ്റു കാരണവുമുണ്ടാവണം. ബൈബിൾ അത് വിശദമാക്കുന്നില്ല. എന്നിരുന്നാലും കൂലങ്കഷമായി പരിശോധിക്കുന്ന ഒരാൾക്ക് ആ കാരണം കണ്ടുപിടിക്കാൻ കഴിയും. അത് കണ്ടെത്തുന്നതിനു മുമ്പായി യോസേഫിന്റെ കഥ മൊത്തത്തിലൊന്നു മനസ്സിലാക്കാം.

## യോസേഫിന്റെ ചരിത്രം

യോസേഫിന്റെ പിതാവായ ഇസ്രായേലിന് പന്ത്രണ്ടു പുത്രന്മാരുണ്ടായിരുന്നു. അദ്ദേഹത്തിന് റാഹേൽ എന്ന പത്നിയിൽ ജനിച്ച രണ്ടു പുത്രന്മാരിൽ മൂത്തവനാകുന്നു യോസേഫ്. പിതാവിന് യോസേഫിനോടുള്ള അതിരറ്റ സ്നേഹം സഹോദരന്മാരിൽ അസൂയ ജനിപ്പിച്ചു. യാക്കോബും കുടുംബവും കനാനിൽ (ഫലസ്തീൻ) പാർത്തുവന്നു. സ്വന്തം കുലത്തൊഴിലായ ഇടയജോലിയാണ് ഇസ്രായേൽ സന്തതികളും സ്വീകരിച്ചിരുന്നത്. എന്നാൽ, യോസേഫ് സാധാരണ പിതാവിന്റെ കൂടെത്തന്നെ കഴിയും. ഒരു ദിവസം ഭാഗ്യത്തിനോ, നിർഭാഗ്യത്തിനോ യോസേഫും മേച്ചിൽ സ്ഥലത്തു പോയി. സഹോദരന്മാർ ഇതുതന്നെ തഞ്ചമെന്നു കരുതി യോസേഫിനെ വധിച്ചുകളയുവാൻ ഒരുമ്പെട്ടു. പക്ഷേ, ചിലർ അത്രത്തോളം ചെയ്യാൻ ഇഷ്ടപ്പെട്ടില്ല. അങ്ങനെ ആ ബാലനെ ഒരു കിണറ്റിൽ ഇട്ടുകളഞ്ഞു. സ്വല്പം കഴിഞ്ഞപ്പോൾ ഗിലയാദിൽ(സിറിയ) നിന്ന് ഒരു അറബിസാർഥവാഹക സംഘം അവിടെ എത്തി. അവർക്ക് യോസേഫിനെ തന്റെ സഹോദരന്മാർ ഇരുപത് വെള്ളിക്കാശിനു വിറ്റു. അവർ ആ ബാലനെ ഈജിപ്തിൽ കൊണ്ടുപോയി ഫറോവയുടെ ഒരു ഉദ്യോഗസ്ഥനായിരുന്ന പോത്തീഫറിനു വിക്രയം ചെയ്തു.

ഇങ്ങനെ ഒരു അടിമബാലൻ എന്ന നിലയിലാണ് യോസേഫ് ഈജിപ്തിൽ എത്തിയത്. യോസേഫിന് അസാമാന്യമായ കോമളത്തവും ചുറുചുറുക്കുമുണ്ടായിരുന്നു. ഈ യൗവനാരംഭത്തിൽ യോസേഫിന്റെ സൗന്ദര്യത്തിൽ ആകർഷിക്കപ്പെട്ട യജമാന പത്നി ഒരിക്കൽ സഹശയനത്തിനു ക്ഷണിച്ചു. അദ്ദേഹം വഴങ്ങിയില്ല. അവൾ വൈരനിര്യാതനാർഥം ആ യുവാവിനെ കാരാ

ഗൃഹത്തിലേക്ക് അയച്ചു. അങ്ങനെ രണ്ടു സംവത്സരം കാരാഗൃഹവാസ മനുഷ്ഠിച്ചു. ഇതിനിടെ ഫറോവാരാജാവ് ഭയാനകമായ ഒരു സ്വപ്നം കാണുകയും നാട്ടിലെ വിദ്വാൻമാരെ വരുത്തി സ്വപ്നത്തിന്റെ വ്യാഖ്യാനമാവശ്യപ്പെടുകയും ചെയ്തു. പക്ഷേ, ആർക്കും അത് വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ല. അവസാനം ജയിൽപുള്ളിയായി കഴിയുന്ന എബ്രായനായ അടിമയുവാവാണ് ശരിയായ വ്യാഖ്യാനം നല്കിയത്. നാട്ടിൽ അതിഭയങ്കരമായ ദൗർഭിക്ഷവും വറുതിയും വരാൻപോകുന്നുണ്ടെന്നായിരുന്നു അദ്ദേഹം നല്കിയ വ്യാഖ്യാനം. ഈ വ്യാഖ്യാനം ഫറോവക്ക് ബോധ്യമായി. രാജാവ് യോസേഫിനെ ബന്ധനത്തിൽനിന്ന് മോചിപ്പിക്കുകയും സ്വന്തം പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു. ഫറോവ തന്റെ മുദ്ര മോതിരം ഊരി യോസേഫിന്റെ കൈക്ക് ഇട്ടുകൊടുത്തു എന്നു ബൈബിൾ പറയുന്നു.[9]

ഇതാണ് യോസേഫിന്റെ കഥയുടെ ചുരുക്കം. ഇവിടെ നമുക്ക് ആലോചിക്കുവാനുള്ളത് വെറുമൊരു സ്വപ്നവ്യാഖ്യാനത്തിന്റെ പേരിൽ എബ്രായനായ അടിമക്ക് ഇത്ര വലിയ പദവി കല്പിച്ചരുളുമോ എന്നാണ്. ഈജിപ്തുകാരാണെങ്കിൽ അതിനുമാത്രം ദേശാഭിമാനികളും വർഗീയ ബോധം പരമാവധി കുടികൊള്ളുന്നവരുമായിരുന്നുവെന്ന് ബൈബിൾ തന്നെ നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. എബ്രായരെ അവർ കഠിനമായി വെറുത്തിരുന്നു. അവരൊന്നിച്ചു ഭക്ഷണം കഴിക്കുന്നതുകൂടി മിസ്രായീമ്യർക്ക് അറപ്പായിരുന്നു.[10]

നാട്ടുകാരുടെ പൊതുവായ പെരുമാറ്റം ഇങ്ങനെയായിരുന്നുവെങ്കിലും ഭരണകൂടത്തിന്റെ നയം മറിച്ചായിരുന്നു. ഭരണകൂടം എബ്രായവംശക്കാരോട് കാണിച്ച മമതയും സുഹൃത്ഭാവവും നിസ്തുലമായിരുന്നു. യോസേഫിന്റെ അപ്പനേയും സഹോദരന്മാരേയും ആ വംശത്തെ ആകെയും ഈജിപ്തിൽ കൊണ്ടുവന്നു പാർപ്പിക്കുന്നതിൽ ഫറോവക്കുള്ള താത്പര്യം നോക്കൂ: അവരെ കൊണ്ടുവരേണ്ടതിനായി രഥങ്ങളും മറ്റും അയച്ചുകൊടുപ്പാൻ ഫറോവ കല്പിക്കുന്നു.[11] മാത്രമോ, യാക്കോബ് ഈജിപ്തിൽ വെച്ച് ചരമം പ്രാപിച്ചപ്പോൾ ഏഴു ദിവസം രാഷ്ട്രം ദുഃഖാചരണം നടത്തുന്നു.[12]

ഇതെല്ലാം ചരിത്രപ്രധാനമായ ഒരു വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. നിലവിലിരുന്ന ഭരണാധിപതികളും എബ്രായരും ഒരേ വർഗക്കാരായിരുന്നുവെന്നുള്ളതാണത്. സെമിറ്റിക്കുകാരുടെ ആധിപത്യമാണ് അക്കാലത്ത് ഈജിപ്തിൽ നടന്നിരുന്നത്. ആ വൈദേശികാധിപത്യത്തെ ഈജിപ്ത് ദേശാഭിമാനികൾ മനസാ ഇഷ്ടപ്പെട്ടിരുന്നില്ല. തന്നിമിത്തം ഒരു ദേശീയ വിപ്ലവത്തെപ്പറ്റി ഭരണകൂടം ആശങ്കിച്ചിരുന്നിരിക്കണം. ഇത്തരുണത്തിൽ സ്വവർഗത്തിൽ പെട്ടവരും രാഷ്ട്രത്തോടു കൂറുള്ളവരുമായ എബ്രായരുടെ സഹായം എത്രയും വിലപ്പെട്ടതായിരുന്നു. ഇതാവണം, ഇസ്രായേൽ വംശത്തെ അവിടെ കൊണ്ടുവന്നു താമസിപ്പിക്കാൻ നിലവിലുള്ള ഭരണകർത്താക്കളെ പ്രേരിപ്പിച്ചത്. ആകയാൽ ഇടയരാജാക്ക

ന്മാരുടെ ഭരണമാണ് അന്ന് ഈജിപ്തിൽ നടന്നിരുന്നത്. എബ്രായരും ആ വർഗക്കാരായിരുന്നു.

## യോസേഫിന്റെ തന്ത്രം

മേൽനിഗമനത്തിനുപോദ്ബലകമാണ് യോസേഫിന്റെ ഒരു തന്ത്രം. യാക്കോബും സന്തതികളും ഈജിപ്തിൽ എത്തിയ പാടെ സ്വവംശക്കാരോട് യോസേഫ് ഉപദേശിക്കുന്നു:

"ഞാൻ ചെന്ന് ഫറവോനോട്, കനാൻ ദേശത്തുനിന്ന് എന്റെ സഹോദരന്മാരും അപ്പന്റെ കുടുംബവും എന്റെ അടുക്കൽ വന്നിരിക്കുന്നു എന്ന് അറിയിക്കും. അവർ ഇടയന്മാരാകുന്നു, കന്നുകാലികളേയും തങ്ങൾക്കുള്ളതൊക്കേയും കൊണ്ടുവന്നിട്ടുണ്ട് എന്നു പറയും. അതുകൊണ്ട് ഫറവോൻ നിങ്ങളെ വിളിച്ച്, നിങ്ങളുടെ തൊഴിൽ എന്തെന്ന് ചോദിക്കുമ്പോൾ അടിയങ്ങൾ ബാല്യം മുതൽ ഇന്നു വരെ, ഞങ്ങളും ഞങ്ങളുടെ പിതാക്കൻമാരും ഗോപാലകരാകുന്നു എന്നു പറവിൻ. എന്നാൽ നിങ്ങൾക്ക് 'ഗോശനി'ൽ പാർപ്പാൻ സംഗതിയാകും. ഇടയന്മാരെല്ലം മിസ്രയീമ്യർക്ക് വെറുപ്പല്ലോ."[13]

പ്രത്യക്ഷത്തിൽതന്നെ ഒരു തന്ത്രമായിരുന്നു ഇത്. രാജ്യതന്ത്രജ്ഞനായ യോസേഫ് പ്രസ്തുത ഉപദേശം നല്കിയത് ഈജിപ്തിലെ ഫലഭൂയിഷ്ഠ പ്രദേശമായ ഗോശനിൽ തന്റെ വംശം പാർത്തുകൊള്ളുവാൻ ഫറോവയുടെ അനുവാദം ലഭിക്കുന്നതിനുവേണ്ടിയാണെന്നത്രെ ബൈബിൾ പറയുന്നത്. പക്ഷേ, അതുമാത്രമാവില്ല ഉദ്ദേശ്യം. അതാണെങ്കിൽ അന്നത്തെ പരിതഃസ്ഥിതിയിൽ യോസേഫിന് ഒരു വാക്കുകൊണ്ടുതന്നെ സാധിക്കാവുന്നതേയുള്ളൂ. പക്ഷേ, സ്വവംശക്കാരുടെ കുലത്തൊഴിൽ വെളിപ്പെടുത്തുന്നതോടെ അതിപ്രധാനമായ ഒരു വസ്തുത-അവർ ഇടയ വർഗത്തിൽപെട്ടവരാണെന്ന വസ്തുത-അനാവരണം ചെയ്യപ്പെടുമെന്നും, അങ്ങനെ സ്വവർഗത്തിൽ പെട്ടവരാണ് യോസേഫിന്റെ വംശമെന്നു ബോധ്യം വന്നാൽ പിന്നെ ഫറോവ അവരുടെ കൂറിനെപ്പറ്റി സംശയിക്കില്ലെന്നും അദ്ദേഹം മനസ്സിൽ കണ്ടിരിക്കണം. ഇതാവാം പ്രസ്തുത നിർദേശത്തിന്റെ പിന്നിലുള്ള രഹസ്യം.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന്, ഇസ്റായേൽ വംശം ഈജിപ്തിൽ ചെല്ലുന്ന കാലത്ത് ഹെക്സോസുകളുടെ ആധിപത്യമാണ് അവിടെ നടന്നിരുന്നതെന്ന് മനസ്സിലായല്ലോ. അതുകൊണ്ടാണ് ഭരണകൂടം അവരെ സഹർഷം സ്വാഗതം ചെയ്തത്. നാട്ടുകാർക്ക് ഇടയവർഗത്തോട് വളരെ വെറുപ്പായിരുന്നു. "മിസ്റയീമ്യർക്ക് ഇടയൻമാരെല്ലാം വെറുപ്പല്ലോ" എന്ന യോസേഫിന്റെ വാചകം അതാണല്ലോ കുറിക്കുന്നത്. ശ്രീ. കൃഷ്ണ ചൈതന്യ രേഖപ്പെടുത്തിയതു നോക്കുക:

"സുമാർ ക്രി. മു. 1650-ൽ ഭീകരമായ അനാവൃഷ്ടി കാരണം ജൂതൻമാർ ഇവിടം (കനാൻ) വിട്ടു മാറിത്താമസിക്കാൻ നിർബന്ധിതരായി. ഇത്തവണ ഈജിപ്തിലേക്കാണ് മാറിയത്. ഈജിപ്തിനെപ്പറ്റിയുള്ള നമ്മുടെ ഗ്രന്ഥത്തിൽ മധ്യകാല രാജ്യം തകർന്നപ്പോൾ, ആടുമാടുകൾ മേച്ചുനടന്ന ഹിക്സോസ് എന്നറിയപ്പെടുന്ന ഒരു വർഗം ഈജിപ്തിൽ കടന്നാക്രമിച്ച്, ക്രി. മു. 1800 മുതൽ

1600 വരെ നാട് ഭരിച്ചുവെന്നു കണ്ടു. ഈ വർഗം സെമിറ്റിക്ക് ശാഖയിലുൾപ്പെട്ടിരുന്നതിനാൽ അവർ തങ്ങളെ സ്വാഗതം ചെയ്യുമെന്ന് യഹൂദൻമാർക്ക് ധൈര്യമുണ്ടായിരുന്നു."[14]

ആകയാൽ ഹിക്സോസും ഇസ്റായേലും വർഗപരമായി ഒന്നായിരുന്നു.

## ദേശീയ വിരോധം

ക്രി. മു. 1600-നു ശേഷം ഈജിപ്തിൽ പൊട്ടിപ്പുറപ്പെട്ട ഒരു ദേശീയ വിപ്ലവം ഹെക്സോസു ഭരണത്തെ ഈജിപ്തിൽനിന്ന് തുടച്ചുമാറ്റുകയും ദേശീയ ഫറോവമാരുടെ ആധിപത്യം പുനഃസ്ഥാപിക്കുകയും ചെയ്തു. അതോടെ വിദേശീയരായ ഇസ്റായേൽ വംശത്തിന്റെ ശനിദശയും ആരംഭിച്ചു. ബൈബിൾ രേഖപ്പെടുത്തുന്നു:

"യോസേഫും സഹോദരൻമാർ എല്ലാവരും ആ തലമുറയൊക്കെയും മരിച്ചു......അനന്തരം യോസേഫിനെ അറിയാതെ പുതിയൊരു രാജാവ് മിസ്രയീമിലുണ്ടായി. അവൻ തന്റെ ജനത്തോട്, ഇസ്രായേൽ ജനം നമ്മെക്കാൾ ബാഹുല്യവും ശക്തിയുമുള്ളവരാകുന്നു, അവർ പെരുകീട്ട് ഒരു യുദ്ധം ഉണ്ടാകുന്നപക്ഷം നമ്മുടെ ശത്രുക്കളോട് ചേർന്ന്, നമ്മോട് പൊരുതി (നാം) ഈ രാജ്യം വിട്ടുപോയിക്കളവാൻ സംഗതി വരാതിരിക്കേണ്ടതിന് നാം അവരോടു ബുദ്ധിയായി പെരുമാറുക.... എന്നു പറഞ്ഞു."[15]

അങ്ങനെ പുതിയ ഫറോവമാർ ഇസ്രായേൽ സന്തതികളോട് 'ബുദ്ധിയായി' പെരുമാറിത്തുടങ്ങി. അവർക്കെതിരെ നാനാതരം മർദനമുറകൾ അഴിച്ചുവിട്ടു. എന്തായിരുന്നു കാരണം? വെറും ദേശീയ വിരോധം. മറ്റൊരു വിധം പറഞ്ഞാൽ, എബ്രായർ വിദേശക്കൂറുള്ള ദേശീയ വിരുദ്ധരാണെന്ന് ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു. ഹെക്സോസ് ഭരണകർത്താക്കൻമാർ അവരെ സ്വാഗതം ചെയ്തിരുന്നതും അവർ ആ ഭരണകൂടത്തോട് കൂറുപുലർത്തിയിരുന്നതും ഈ ധാരണക്ക് ബലം കൂട്ടി. അതേയവസരം ജനശക്തിയും ധനശക്തിയും കൊണ്ട് എബ്രായർ പ്രബലൻമാരായിരുന്നു. ഈ പരിതോവസ്ഥയിൽ ഈജിപ്ത് അതിന്റെ ശത്രുക്കളുമായി ഒരു യുദ്ധത്തിൽ ഏർപ്പെടുന്ന പക്ഷം, ഇസ്രായേൽക്കാർ ശത്രുപക്ഷത്തോടു ചേർന്ന്, നാട്ടിനെതിരായി പോരാടി തങ്ങളുടെ ആധിപത്യത്തെത്തന്നെ അവസാനിപ്പിച്ചേക്കുമോ എന്നുകൂടി ഭരണകർത്താക്കൻമാർ സംശയിച്ചതിൽ ആശ്ചര്യപ്പെടാനില്ല. ബൈബിളിലെ 'പുതിയ രാജാവ്' എന്ന പ്രയോഗത്തിന് പുതിയ രാജവംശം, അതെ, ദേശീയ രാജവംശം എന്നർഥം കൽപിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ഹെക്സോസ് ഭരണം അവസാനിക്കുകയും ദേശീയ ഗവൺമെന്റ് നിലവിൽ വരികയും ചെയ്ത പശ്ചാത്തലത്തിലായിരുന്നു അത്. അങ്ങനെ പുതിയ ഫറോവമാർ എബ്രായവർഗ്ഗത്തെ ഉന്മൂലനം വരുത്താൻ പരിപാടിയിട്ടു. ബൈബിളിന്റെ ഭാഷയിൽതന്നെ കാണുക:

"പിന്നെ ഫറവോൻ തന്റെ സകല ജനത്തോടും (എബ്രായവംശത്തിൽ) ജനിക്കുന്ന ഏതു ആൺകുട്ടിയേയും നദിയിലിട്ടുകളയണമെന്നും,

ഏതു പെൺകുട്ടിയേയും ജീവനോടെ രക്ഷിക്കണമെന്നും കല്പിച്ചു."[16]

ഫിർഔന്റെ ഈ വംശവിച്ഛേദന പദ്ധതി ഖുർആനും വിവരിച്ചിട്ടുണ്ട്.[17]

ആകയാൽ ഈജിപ്തിലെ എബ്രായരുടെ നിലപാട് മതപരം എന്നതിനേക്കാൾ രാഷ്ട്രീയമായിരുന്നു. അവർ വൈദേശിക ഭരണകൂടത്തിന്റെ സഹായികളും അവിഭാജ്യഘടകവുമായിരുന്നു. വൈദേശികാധിപത്യത്തെ നാട്ടിൽനിന്നു തുരത്തിയെങ്കിലും, എബ്രായരെക്കുറിച്ച ആശങ്ക ഈജിപ്തിന് നീങ്ങിയിരുന്നില്ല. അതാണ് ഫറോവമാരുടെ അനന്തര നടപടിക്ക് കാരണമായത്.

## ഹെക്സോസ് ഭരണത്തിന്റെ നേട്ടങ്ങൾ

ഹെക്സോസ് ഭരണം ഈജിപ്തിന് ചില നേട്ടങ്ങളുണ്ടാക്കിയെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. അവരാണ്, നാട്ടിലെ അരാജകത്വം അവസാനിപ്പിച്ചത്. യുദ്ധത്തിൽ കുതിരകളെ ഉപയോഗിക്കാനുള്ള വിദ്യ ഈജിപ്തുകാർക്ക് പഠിപ്പിച്ചതും അവരായിരുന്നു. സാമ്രാജ്യ സ്ഥാപനാവേശം ഈജിപ്തുകാരിൽ വളർന്നുവന്നതും അവരുടെ ഭരണഫലമാണ്. എച്. ജി. വെത്സ് രേഖപ്പെടുത്തിയത് നോക്കുക:

"ഈജിപ്തുകാർ ഒരു കാലത്തും തങ്ങളുടെ ഇടയരാജാക്കൻമാരുടെ ഭരണത്തിനു മനസ്സിണങ്ങി വഴങ്ങിയിരുന്നില്ല. ഉദ്ദേശം ക്രി. മു. 1000-ത്തിൽ (?) ശക്തിയായ ഒരു ദേശാഭിമാന പ്രസ്ഥാനം ആ രാജവംശത്തെ ആട്ടിയോടിച്ചുകളഞ്ഞു. അതിനു ശേഷം ഈജിപ്തിൽ പുതിയ സാമ്രാജ്യകാലം എന്നറിയപ്പെടുന്ന ഒരു നവോത്ഥാനം ആരംഭിച്ചു. ഹെക്സോസാക്രമണത്തിന് മുമ്പ് ഏകീകരിക്കുവാൻ പ്രയാസമായിരുന്ന ഈജിപ്ത് ഏകീകൃതമായി. കീഴടങ്ങലും അതിനെ തുടർന്നുണ്ടായ ജനപ്രകോപനവും ഈജിപ്തിന് ഒരു സമരമനോഭാവം സമ്മാനിച്ചു. ഫറോവാരാജാക്കന്മാർ ആക്രമണകാരികളും ദിഗ്വിജയികളുമായി. ഹെക്സോസുകാർ കൊണ്ടുവന്ന പടക്കുതിരകളും രഥങ്ങളും ഇവരുടെ ഉപയോഗത്തിനായിത്തീർന്നു. മൂന്നാം തോത്മീസിന്റെയും മൂന്നാം അമെനോഫീസിന്റെയും വാഴ്ചക്കാലത്ത് ഈജിപ്തു സാമ്രാജ്യം ഏഷ്യയിൽ യൂഫ്രട്ടീസ് നദിയുടെ തീരം വരെ വ്യാപിച്ചിരുന്നു."[18]

അങ്ങനെ ഹെക്സോസു ഭരണം ഈജിപ്തിന്റെ വികസനത്തിനും സാമ്രാജ്യത്വത്തിനും ഹേതുഭൂതമായി. ഒടുവിൽ അറേബ്യയുടെ ചില ഭാഗങ്ങൾ കൂടി ഫറോവമാർ കീഴടക്കി. റെയംസേസ് മൂന്നാമന്റെ ഒരു ലിഖിതത്തിൽ ഇങ്ങനെ വിവർത്തനം ചെയ്യാവുന്ന ഒരു വാചകമുണ്ട്:

"ഞാൻ ശാസൂ ഗോത്രത്തിൽപെട്ട സേയീരിനെ തകർത്തു."[19]

'സേയീർ' എന്നാൽ സേയീർവാസികൾ എന്നർഥം. അവിടെ അക്കാലത്ത് അറബികളായ 'അദോമ്യ'രുടെ ഒരു രാഷ്ട്രം സ്ഥാപിതമായിരുന്നുവെന്ന് മൗലാനാ നദ്‌വി പറയുന്നു. അങ്ങനെ സെമിറ്റിക്കുകാരെ ഹാമിറ്റിക്കുകാർ കീഴടക്കാൻ തുടങ്ങി. 'കാലചക്രം മനുഷ്യർക്കിടയിൽ അനുകൂലമായും പ്രതികൂലമായും കറങ്ങുന്നു'[20] എന്ന ഖുർആനിക തത്വത്തിന്റെ ഒരു പ്രതിഫലനമത്രെ അത്!

## ഇടയരാജാക്കൻമാരുടെ ദേശീയത

ഹെക്സോസുകാരുടെ ദേശീയതയെപ്പറ്റി ആധുനിക ചരിത്രാന്വേഷകൻമാർ വ്യത്യസ്ത അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. എന്നാൽ, തെളിവിന്റെ പിൻബലം കൊണ്ട് കൂടുതൽ സുശക്തവും പ്രബലവുമായിട്ടുള്ളത് അവർ അറബികളായിരുന്നു എന്ന പക്ഷമാണ്. ജർമൻ ചരിത്രകാരനായ ഹീറനെ (Heeren) ഉദ്ധരിച്ചു സുലൈമാൻ നദ്‌വി എഴുതുന്നു:

"പ്രസ്തുത സംഭവം തെളിയിക്കുന്നുണ്ട്, ഈ വർഗങ്ങൾ ഈജിപ്തിനെ വിവിധ ഭാഗങ്ങളിലൂടെ ആക്രമിച്ചിരുന്നുവെന്ന്. പക്ഷേ, കിഴക്കുനിന്നും വന്നവരായിരുന്നു, അറബികളായിരുന്നു, കൂട്ടത്തിൽ കൂടുതൽ ശക്തൻമാർ. അവർ താഴെ ഈജിപ്ത് വരെ പടയോട്ടം നടത്തി."[21]

ഹീറൻ മറ്റൊരിടത്ത് പറയുന്നു:

"അവരുടെ നീണ്ട താടിയും നീണ്ട ഉടുപ്പുമെല്ലാം അറബികളാണെന്ന് തെളിയിക്കുന്നു."[22]

ഇംഗ്ലീഷ് ചരിത്രകാരനായ W. Cooktoy യെ ഉദ്ധരിച്ച് മൗലാനാ സുലൈമാൻ നദ്‌വി രേഖപ്പെടുത്തുന്നു:

"അറേബ്യയിലെ കാടന്മാരായ വർഗങ്ങൾ അതിപ്രാക്തനകാലം മുതൽ ഇക്കാലംവരെ ഇടയവർഗക്കാരും കൊള്ളക്കാരുമത്രെ..... ഇവർ പുരാതന ഈജിപ്തിനെ കഠിനമായി അവഹേളിച്ചു.... ഹെക്സോസ്, അഥവാ ഇടയരാജാക്കന്മാർ എന്നായിരുന്നു അവർക്ക് അവിടെ നൽകപ്പെട്ട നാമം."[23]

ഈ നിഗമനത്തിനനുകൂലമായി പല അഭിപ്രായങ്ങളും ഇനിയും ഉദ്ധരിക്കാനുണ്ടെങ്കിലും, ദൈർഘ്യം ഭയന്ന് ഇത്രയുംകൊണ്ട് മതിയാക്കുന്നു.

## മൂസാനബിയുടെ കാലത്തെ ഫിർഔൻ

എബ്രായവംശം ഈജിപ്തിൽ നാനാതരം മർദനപരിപാടികൾക്കിരയായിത്തീർന്നെന്നു പറഞ്ഞുവല്ലോ. അവരെ ആ മർദനത്തിൽ നിന്നും ഈജിപ്തിൽനിന്നുതന്നെയും മോചിപ്പിച്ചത് മോശെ അഥവാ, മോസസായിരുന്നു. മോശെയുടെ കഥ അത്ഭുതാവഹമാണ്. ബൈബിളും ഖുർആനും അതു ഉദ്ധരിച്ചിട്ടുണ്ട്. ആധുനിക ചരിത്രകാരൻമാരും മോസസിന്റെ വിമോചനപ്രസ്ഥാനത്തെ അംഗീകരിക്കുന്നു. ശ്രീ. കൃഷ്ണചൈതന്യ എഴുതുന്നു:

"ഈജിപ്തു രാജാക്കന്മാർ ഹെക്സോസുകാരെപ്പോലെത്തന്നെ വിദേശികളായ ജൂതന്മാരെയും നിർബന്ധ കൂലിക്കാരാക്കി പണിയെടുപ്പിച്ചു. ഈ അടിമത്തത്തിൽ നിന്നും ഈജിപ്തിൽ നിന്നുതന്നെയും മോസസ് എന്നൊരു നേതാവ് ക്രി. മു. 1220-ൽ അവരെ രക്ഷപ്പെടുത്തി."[24]

ഫറോവയുടെ വംശവിച്ഛേദന നടപടി നടക്കുന്ന കാലത്താണ്, അമ്രാമിന്റെയും യൂക്കാബദിന്റെയും ഇളയ പുത്രനായി മോശെ (മൂസാ) ജനിച്ചത്. മൂത്ത പുത്രന്റെ പേർ അഹരോൻ (ഹാറൂൻ) എന്നായിരുന്നു. മാതാവ് ശിശുവിനെ ആദിയിൽ ഒളിപ്പിച്ചു. അനന്തരം ഒരു പെട്ടകത്തിലാക്കി നദിയിലിട്ടു. ഫറോവയുടെ കിങ്കരന്മാരെ ഭയന്നിട്ടാണ് അങ്ങനെ ചെയ്തത്.

പെട്ടകം ഒഴുകി ഫറോവയുടെ കൊട്ടാരസമീപം എത്തി. രാജാവിന്റെ പുത്രി അത് കണ്ടെടുത്തു. അതിനകത്തടക്കം ചെയ്ത പൈതലിനോട് അവർക്ക് വാത്സല്യം തോന്നി. അങ്ങനെ രാജകൊട്ടാരത്തിലാണ് മോശെ വളർന്നുവന്നത്.

യൗവനയുക്തനായ കാലത്ത് മോസസ് ഒരു കൊലക്കേസിൽ പെട്ടു. തദവസരം ഈജിപ്തിൽനിന്ന് ഓടിപ്പോയി മിദ്യാനിൽ അഭയം പ്രാപിച്ചു. അഖബാ ഉൾക്കടലിന്റെ പരിസരത്ത് സ്ഥിതിചെയ്യുന്ന ഒരു അറേബ്യൻ പ്രദേശമാണ് മിദ്യാൻ. അറബികൾ അതിനെ 'മദ്യൻ' എന്നു വിളിക്കുന്നു. പില്ക്കാലത്ത് 'റഖീം' എന്ന പേരും അതിനുണ്ടായിരുന്നു. യവനസാഹിത്യങ്ങളിൽ 'പെട്റാ' എന്ന പേരാണ് അതിന് സ്വീകരിച്ചിട്ടുള്ളത്.[25]

മോശെ മിദ്യാനിലെ മതനേതാവായ യിത്രോയുടെ മകളായ സിപ്പോറയെ വേളികഴിച്ചു. സന്തതികളുമുണ്ടായി. അനന്തരം ഹോരേബ് പർവതത്തിൽ വെച്ചു അദ്ദേഹത്തിന് ദിവ്യദർശനമുണ്ടാവുകയും ഇസ്രായേൽവംശത്തെ ഫറോവമാരുടെ മർദനത്തിൽനിന്നു വിമോചിപ്പിക്കണമെന്നു യഹോവയായ ദൈവം നിർദേശിക്കുകയും ചെയ്തു. മോശെ ഈജിപ്തിലേക്ക് തിരിച്ചു.

ഇതിനിടയിൽ മുൻ ഫറോവ മൃതിയടയുകയും മറ്റൊരു രാജാവ് സിംഹാസനത്തിലുപവിഷ്ടനാവുകയും ചെയ്തിരുന്നു.[26] മോശെ സഹോദരനായ അഹരോനോടൊപ്പം ഫറോവയെ സമീപിച്ചു. ഇസ്രായേൽ ജനത്തിന് ഈജിപ്തിനു പുറത്ത് ഒരു യാഗം നടത്തേണ്ടതുണ്ടെന്നും അതിനാൽ അവർ തങ്ങളോടൊപ്പം വരുന്നതിന് അനുമതി തരണമെന്നും ഇരുവരും രാജാവിനോട് അഭ്യർഥിച്ചു. രാജാവ് അനുമതി നല്കിയില്ല. അതിനെത്തുടർന്ന് ചില സംഭവങ്ങളെല്ലാം നടന്നു. അവസാനം മോശെ ഇസ്രാഈൽ വംശത്തെ സംഘടിപ്പിച്ച് ഒരു രാത്രി ഈജിപ്തിൽനിന്ന് പലായനം ചെയ്യുകയാണുണ്ടായത്.

ഇത്രയും വിവരിച്ചതിൽനിന്ന്, മോസസിന്റെ കാലത്ത് രണ്ടു ഫറോവമാർ അധികാരത്തിൽ വന്നിട്ടുണ്ടെന്നും രണ്ടുപേരും ദേശീയരാജാക്കന്മാരായിരുന്നുവെന്നും വ്യക്തമായല്ലോ. എന്നാൽ, അറബി ചരിത്രകാരൻമാർ ധരിച്ചുവശായിട്ടുള്ളത് അറബിരാജാക്കന്മാരായിരുന്നു അവരും എന്നത്രെ. യാക്കൂബി എന്ന അറബി ചരിത്രകാരൻ എഴുതിയിരിക്കുന്നു:

"പിന്നെ അമാലിക്കാ വംശത്തിൽ പെട്ട മറ്റൊരു രാജാവ് (ഈജിപ്ത്) വാണു. യൂസുഫിന്റെ കാലത്തെ ഫിർഔനായ റയ്യാനുബ്നുൽ വലീദാണത്..... പിന്നീട് മൂസായുടെ (കാലത്തെ) ഫിർഔൻ രാജ്യം ഭരിച്ചു. വലീദുബ്നു മുസ്അബാണത്."[27]

ഇപ്പറഞ്ഞത് ശരിയാവാൻ വയ്യ. മൂസായുടെ മുമ്പുതന്നെ വിദേശീയാധിപത്യത്തിൽനിന്ന് ഈജിപ്ത് സ്വതന്ത്രമായിക്കഴിഞ്ഞിരുന്നു. ആധുനിക ചരിത്രപണ്ഡിതൻമാരുടെ പഠനഫലവും ഇതിനുപോദ്ബലകമത്രെ. വെൽസ് രേഖപ്പെടുത്തുന്നു:

"തോത്മീസു മൂന്നാമന്റെയും അമെനോഫീസ് മൂന്നാമന്റെയും വംശമായ

17-ാം രാജവംശവും രമേശെ (റെയംസേസ്) രണ്ടാമൻ - ഇദ്ദേഹമാണ് മോശെയുടെ കാലത്തുണ്ടായിരുന്ന ഫറോവ എന്നു ചിലർ വിചാരിക്കുന്നു- അറുപത്തേഴു വർഷം ഭരണം നടത്തിയ 19-ാം രാജവംശവും ഈജിപ്തിനെ ഐശ്വര്യസമൃദ്ധിയുടെ അഗ്രിമകോടിയിലേക്കുയർത്തി."[28]

ഈജിപ്തിൽനിന്നു കണ്ടെടുത്ത രേഖകൾ തെളിയിക്കുന്നതനുസരിച്ച്, അലക്സാണ്ടർ ചക്രവർത്തിയുടെ കാലം വരെ (ക്രി. മു. 332) അവിടെ 26 രാജവംശങ്ങൾ ഭരിച്ചിട്ടുണ്ട്.[29] ഇക്കൂട്ടത്തിൽ 19-ാം രാജവംശത്തിലെ റെയംസേസ് രണ്ടാമൻ ദേശീയരാജവംശത്തിൽ പെട്ട ഒരാളായിരുന്നു. 12-ാം രാജവംശത്തിന്റെ കാലശേഷമാണ് വിദേശീയാധിപത്യം ഈജിപ്തിൽ ആരംഭിച്ചതെന്നും അമോസീസ് എന്നൊരു പ്രഭുവാണ് അതവസാനിപ്പിച്ചതെന്നും അമോസീസിന്റെ കാലം ക്രി. മു. 1580 മുതൽ 1557 വരെ ആയിരുന്നുവെന്നും ലോകചരിത്രകാരൻ രേഖപ്പെടുത്തുന്നു.[30] മോസസിന്റെ സമകാലീനനെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്ന റെയംസേസ് രണ്ടാമന്റെ കാലം ക്രി. മു. 1304 മുതൽ 1237 വരെയുള്ള 67 വർഷമാണെന്നു വിശ്വവിജ്ഞാനകോശം രേഖപ്പെടുത്തുന്നു.[31] ഏതു കണക്കു പ്രകാരവും മോസസിന്റെ ജന്മത്തിന് എത്രയോ മുമ്പുതന്നെ വൈദേശികാധിപത്യം ഈജിപ്തിൽനിന്നു പമ്പകടന്നിട്ടുണ്ട്. എന്നിരിക്കുമ്പോൾ മൂസാനബിയുടെ കാലത്ത് വലീദുബ്നു മുസ്അബ് എന്ന ഒരു അമാലിക്കാ രാജാവ് അവിടെ ഉണ്ടാവാൻ തരമില്ലെന്നു സ്പഷ്ടം.

## ഭാരതത്തിലെ ചില വർഗങ്ങൾ

ഈജിപ്തിൽ കിഴക്കുനിന്നു വന്ന് കുടിയേറിപ്പാർത്തിരുന്ന ചില സെമിറ്റിക്‌വർഗക്കാരെയും ഭാരതത്തിൽ വന്ന ചില വർഗക്കാരെയും തമ്മിൽ ബന്ധപ്പെടുത്തുവാൻ ഇന്നത്തെ ചരിത്രപണ്ഡിതന്മാരിൽ ചിലർ ശ്രമിക്കുന്നു. ഇവരെ ഉദ്ധരിച്ചു ഗദ്യകൈരളിയുടെ കർത്താവ് എഴുതുന്നതു കാണുക:

"ബി. സി. രണ്ടാമായിരത്തിന്റെ ഉത്തരാർധത്തിൽ സമീപ പൂർവ്വദേശങ്ങൾ (The Near East) പല വർഗങ്ങളുടെ സഞ്ചാരങ്ങളാലും ദേശചംക്രമണങ്ങളാലും സജീവമായിരുന്നു. ആ വർഗങ്ങൾ പലതും ഇന്ത്യയിലും കടന്നിട്ടുണ്ട്. മെഡിറ്ററേനിയ, ഏഷ്യാമൈനർ എന്നീ ദേശങ്ങളിൽനിന്നു ഇന്ത്യയിലെത്തി, ഇവിടത്തെ യുദ്ധങ്ങളിൽ പങ്കുകൊണ്ടവർപോലും അക്കൂട്ടത്തിലുണ്ടെന്നാണ് തെളിഞ്ഞിരിക്കുന്നത്. ബി. സി. 1200-ലെ ഈജിപ്ഷ്യൻ രേഖകളിൽനിന്ന് മനസ്സിലാകുന്നത് ഷകർഷന്മാർ, അകവഷന്മാർ, തുർഷൻമാർ, വഷഷന്മാർ തുടങ്ങിയ ചില കിഴക്കൻ വർഗക്കാർ വടക്കൻ ഈജിപ്തിൽ കുടിയേറിയെന്നാണ്. ഇവരിൽ മൂന്നുവർഗക്കാർ ക്രിസ്തുവിന് 1000 വർഷം മുമ്പുതന്നെ സമീപ പൂർവദേശത്തിൽ സുപരിചിതരായിരുന്നു. അവരായിരുന്നു അക്കേയന്മാർ (അകവഷന്മാർ), സിസിലിയന്മാർ (ഷകർഷന്മാർ), ടിർഹേനിയന്മാർ, അഥവാ ടുസ്കന്മാർ (തുർഷൻമാർ) എന്നിവർ..... ഋഗ്വേദത്തിൽ ശിഗ്രു, യക്ഷു, തുർവശൻ എന്നിങ്ങനെ മൂന്നു വർഗങ്ങളെ കാണാം. ഈജിപ്ഷ്യൻ രേഖകളിലെ

തുർഷനും വഷഷനും കൂടിച്ചേർന്നതാണ് 'തുർവശൻ'. ശിഗ്രു എന്നത് ഷകർഷനേയും യക്ഷു അകവഷനേയും കുറിക്കുന്നു."[32]

അതായത്, വേദത്തിൽ പറയുന്ന ശിഗ്രു, യക്ഷു, തുർവഷൻ എന്നീ വർഗ്ഗക്കാർ ഈജിപ്ഷ്യൻ രേഖകളിൽ കാണുന്ന കുടിയേറ്റക്കാരായ സെമിറ്റിക് വർഗ്ഗങ്ങൾ തന്നെയാണെന്നർഥം. ഈജിപ്ഷ്യൻ രേഖകളിൽ അവർ കിഴക്കുനിന്നു വന്നവരായാണ് കാണുന്നത്. അറേബ്യയാണെന്നുള്ള ആധുനിക പണ്ഡിതൻമാരുടെ സമർഥനം നാം മുമ്പു കണ്ടുകഴിഞ്ഞു. ആകയാൽ, ഇന്ത്യയിൽ കുടിയേറിയ ചില വർഗങ്ങൾ സെമിറ്റിക് വംശത്തിൽ പെട്ടവരാണെന്നും, അവരുടെ ആദിമ തറവാട് അറേബ്യയാണെന്നും ഉള്ള നിഗമനത്തിനുപോദ്ബലകമാണ് പ്രസ്തുത അഭിപ്രായം.

ഇപ്രകാരം തന്നെ ബൈബിളിൽ വിവരിച്ച ചില ഹാമിറ്റിക്വർഗക്കാരും ഭാരതത്തിൽ കുടിയേറിയിട്ടുണ്ടെന്നു കാണുന്നു. ഗദ്യകൈരളി തന്നെ തുടരട്ടെ:

"പുലസ്തികൾ, കപർദികൾ എന്നിങ്ങനെ രണ്ടു കൂട്ടർ കൂടി ഇന്ത്യയിൽ അന്നു തന്നെ പ്രവേശിച്ചിരിക്കണം (രാവണൻ പൗലസ്ത്യനാണല്ലോ). ഇവരിൽ പുലസ്തികളാണത്രെ ഈജിപ്തിലെ പുലസതികൾ; അഥവാ ഫലസ്തീനിലെ ഫിലിസ്റ്റൈൻസ്. കപർദികളാകട്ടെ, ക്രീറ്റിലെ കെഫ്റ്റിയുക്കൾ (Keftiu) അഥവാ, ജൂതൻമാരുടെ ഭാഷയിൽ കഫ്തോരീം (Kaphthors) ആണ്."[33]

ബൈബിളിലെ വംശാവലി പ്രകാരം, നോഹയുടെ പുത്രൻ ഹാമിന് 'മിസ്രയീം' എന്നൊരു മകനുണ്ടായിരുന്നു. അയാളുടെ പിന്മുറക്കാരാണ് 'കഫ്തോരീം.'[34] ഈ വർഗത്തിന്റെ ക്രീറ്റ്നാമം 'കെഫ്റ്റിയുക്കൾ' എന്നും ഈജിപ്ഷ്യൻ പേര് 'കപർദികൾ' എന്നുമായിരുന്നു. അപ്രകാരം തന്നെ മിസ്രയീമിന്റെ മറ്റൊരു പിൻമുറക്കാരന്റെ നാമം 'കസ്ളൂഹീം' എന്നായിരുന്നു. ഇദ്ദേഹത്തിന്റെ സന്താനപരമ്പരയാണ് 'ഫെലിസ്ത്യർ'.[35] ഇവരുടെ ഈജിപ്ഷ്യൻ സംജ്ഞ 'പുലസ്തികൾ' എന്നും ഭാരതീയ നാമം 'പൗലസ്ത്യർ' എന്നുമാണ്. ആകയാൽ ഹാമിറ്റിക് വർഗത്തിൽപെട്ട കഫ്തൂരികളും ഫെലിസ്ത്യരും കൂടി ഭാരതീയ കുടിയേറ്റക്കാരുടെ കൂട്ടത്തിൽ പെടുമെന്നു സിദ്ധം.

## കുറിപ്പുകൾ

1. യാക്കൂബിയുടെ ചരിത്രം പേ. 211 (ലീഡൻ)
2. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 148
3. ഖുർആൻ അ. 12, സൂ. 78-ഉം 88-ഉം നോക്കുക.
4. ഉത്പത്തി 11-ാം അദ്ധ്യായം നോക്കുക.
5. യഹൂദ സാഹിത്യ ചരിത്രം പേ. 14
6. ഉത്പത്തി 45:9
7. ഖുർആൻ 12: 101
8. ഉത്പത്തി 41: 39, 40
9. Ibid 38 മുതൽ 41 വരെയുള്ള അധ്യായങ്ങൾ നോക്കുക.
10. Ibid 43: 32
11. Ibid 45: 17-20
12. Ibid 53: 3

13. Ibid 46: 31-34
14. യഹൂദ സാഹിത്യ ചരിത്രം പേ. 14
15. പുറപ്പാട് 1: 7-10
16. Ibid 1: 22
17. ഖുർആൻ 2: 49; 7: 141; 28: 4 നോക്കുക.
18. ലോകചരിത്ര സംഗ്രഹം പേ. 84
19. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 159
20. ഖുർആൻ 3: 110
21. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 154
22. ഉദ്ധരണം: Ibid വാ. 1, പേ. 155
23. ഉദ്ധരണം: Ibid വാ. 1, പേ. 156
24. യഹൂദ സാഹിത്യ ചരിത്രം പേ. 14
25. അർദുൽ ഖുർആൻ വാ. 2, പേ. 6 നോക്കുക.
26. പുറപ്പാട് 2 : 23
27. യാക്കൂബിയുടെ ചരിത്രം വാ. 1, പേ. 211(ലീഡൻ)
28. ലോകചരിത്ര സംഗ്രഹം പേ. 85
29. ഈജിപ്ഷ്യൻ സാഹിത്യ ചരിത്രം പേ. 18
30. ലോക ചരിത്രം വാ. 1, പേ. 96
31. വിശ്വവിജ്ഞാനകോശം വാ: 2, പേ. 505 (ഈജിപ്ത്)
32. ഗദ്യകൈരളി ഭാ. 4, പേ. 163
33. Ibid ഭാ. 4, പേ. 163
34. ഉത്പത്തി 10: 14
35. Ibid 10: 14

## അധ്യായം പതിമൂന്ന്

# സെമിറ്റിക്ക് പ്രവാഹത്തിന്റെ വ്യാപ്തി

**മെ**സൊപൊട്ടേമിയയുടേയും ഈജിപ്തിന്റേയും ആധിപത്യം സെമിറ്റിക്കുകാരുടെ അധീനത്തിൽ വന്നതു നാം കണ്ടു. എന്നാൽ, അവിടങ്ങളിൽ മാത്രമല്ല, അക്കാലത്തെ നാഗരികകേന്ദ്രങ്ങളിലെല്ലാം തന്നെ സെമിറ്റിക്കുകാർ വ്യാപിച്ചിരുന്നതായി നാം കാണുന്നു. ഫിനീഷ്യ, കാർത്തേജ്, ക്രീറ്റ്, ഗ്രീക്ക്, ഇറാൻ, സ്പെയിൻ എന്നീ പുരാതന നാഗരികകേന്ദ്രങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നു. അങ്ങനെ ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലെല്ലാം സെമിറ്റിക്കുകാർ വ്യാപിക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുത സ്വല്പം വിശദീകരിക്കുകയാണ് ഈ അധ്യായത്തിൽ.

### ഫിനീഷ്യ

ഇന്നത്തെ ലെബനോൻ, സിറിയ, ഇസ്രായേൽ എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളുടെ മിക്ക ഭാഗങ്ങളും ഉൾക്കൊള്ളുന്ന ഒരു പ്രാചീന ജനപദ

മാകുന്നു ഫിനീഷ്യ. ജബാൽ (ജബീൽ), സീദോൻ (സൈഡ), സോർ (ടയർ), ബെറോത്ത് (ബൈറൂത്ത്) എന്നിവയായിരുന്നു ഫിനീഷ്യരുടെ ചരിത്രവുമായി ബന്ധപ്പെട്ട പ്രധാന പട്ടണങ്ങൾ. ബൈബിൾ 'അരദൂസ്' എന്നു വിളിച്ചിട്ടുള്ള ഇന്നത്തെ റുവാദ്, അഥവാ അർവാദ് ഫിനീഷ്യരുടെ ഒരു നഗരമായിരുന്നു.

പ്രാചീനകാലത്തെ പ്രധാന വ്യാപാരികളായിരുന്നു ഫിനീഷ്യക്കാർ. ഇന്ത്യ മുതൽ യൂറോപ്പിന്റെ വിവിധ ഭാഗങ്ങൾ വരെ ഫിനീഷ്യരുടെ വ്യാപാരക്കപ്പലുകൾ സഞ്ചരിച്ചിരുന്നു. ബി. സി. 1-ാം നൂറ്റാണ്ടിൽ ജീവിച്ച ഗ്രീക്ക് ഭൂമിശാസ്ത്രകാരനായ സ്റ്റ്റാബോ പറഞ്ഞിട്ടുള്ളത് മധ്യധരണ്യാഴി തീരപ്രദേശങ്ങളും ഇന്ത്യയും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ അനേക നൂറ്റാണ്ടു കാലം നിലനിർത്തിപ്പോന്നത് ഫിനീഷ്യരായിരുന്നു എന്നാണ്.[1] അക്കാലത്ത് മധ്യധരണ്യാഴിയുടെ കിഴക്കേ കരയിൽ, ഒരേ നിരപ്പിൽ കുറേ തുറമുഖപ്പട്ടണങ്ങൾ ഫിനീഷ്യന്മാർ നിർമിച്ചിട്ടുണ്ടായിരുന്നു. ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനമായ പട്ടണങ്ങളായിരുന്നു സോറും (ടയർ) സീദോനും (സൈഡ).[2]

ഫിനീഷ്യർ ഹമൂറാബിയുടെ കാലത്തുതന്നെ സഞ്ചാരികളായും, ഉപനിവേശക്കാരായും മധ്യധരണ്യാഴി പ്രദേശങ്ങൾ മുഴുവൻ വ്യാപിച്ചു കഴിഞ്ഞിരുന്നു. അതിനാൽ, അവരുടെ ചരിത്രത്തിന് വളരെ പഴക്കമുണ്ടെന്ന് മനസ്സിലാക്കാം.[3] ഫിനീഷ്യക്കാരുടെ ഒരു കോളനിയായിരുന്നു നാം പിന്നീട് വിവരിക്കുന്ന കാർത്തേജ്.

ലോകസംസ്കാര വികസനത്തിൽ വമ്പിച്ച പങ്കുണ്ടായിരുന്നു ഫിനീഷ്യന്മാർക്ക്. അവർ കച്ചവടസാമാനങ്ങൾ മാത്രമല്ല, സംസ്കാരവും ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിതരണംചെയ്തു. ഫിനീഷ്യരാണ് ലിപി വിദ്യ പരിഷ്കരിച്ചത്. സുമേരിയരുടെ ലിപിസംജ്ഞകൾ വളരെ സങ്കീർണവും എണ്ണത്തിൽ കൂടുതലുമായതിനാൽ അവ പഠിച്ചു മനഃപാഠമാക്കുക സാധാരണ വിദ്യാർഥിയെസ്സംബന്ധിച്ചേടത്തോളം ദുസ്സാധ്യമായിരുന്നു. 2000 വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു വിദ്യാർഥിക്ക് 600 മുതൽ 1000 വരെ സംജ്ഞകളാണ് പഠിക്കേണ്ടിവന്നിരുന്നത്.[4] അതിനാൽ, ലിപിപരിഷ്കരണം സംസ്കാരവികസനത്തിന്റെ ഒരവശ്യോപാധിയായിത്തീർന്നു. ഫിനീഷ്യരാണ് ആ കൃത്യം നിർവഹിച്ചത്. ഫിനീഷ്യൻ ലിപിയിൽനിന്നാണ് അറബി, ഹിബ്രു മുതലായ ഭാഷകളിലെ ലിപിസംജ്ഞകൾ രൂപംകൊണ്ടത്. ലോകചരിത്രകാരൻ പറയുന്നു:

"ഫിനീഷ്യക്കാർ അധികവും വിലപിടിക്കാത്ത ചില്ലറ സാമാനങ്ങളാണ് കച്ചവടംചെയ്തിരുന്നത്. ഇതുകാരണം അവരുടെ കച്ചവടക്കണക്കുകളിൽ ഇനങ്ങൾ അധികമുണ്ടായിരുന്നു. ഈ അനവധി ഇനങ്ങൾ സുമേരിയരുടെ നീണ്ട അക്ഷരമാലയിൽ കുറിക്കുവാൻ പ്രയാസമായിരുന്നു. ബി. സി. 1500 ആയപ്പോഴേക്കും 'ഉഗാരി' എന്ന നഗരത്തിലെ പുരോഹിതന്മാരും കച്ചവടക്കാരും ബാബിലോണിയക്കാർ ഉപയോഗിച്ചിരുന്ന സുമേരിയൻസംജ്ഞകളിൽനിന്നു 29 എണ്ണം ശബ്ദസംജ്ഞകളായി തെര

ഞ്ഞെടുത്തു. ഇങ്ങനെ അവർ ഒരു അക്ഷരമാല ഉണ്ടാക്കി."[5]

അറബി ഭാഷയിൽ, ഒരു കണക്കിൽ 29 ശബ്ദസംജ്ഞകളാണുള്ള തെന്ന സംഗതി ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. 'അലിഫ്. ബാ. താ' എന്നിങ്ങനെയാണ് അത് തുടങ്ങുന്നത്. പാശ്ചാത്യൻ ഭാഷകളിൽ അക്ഷ രമാലക്ക് 'ആൽഫബെറ്റ്' (Alpha-bet) എന്ന പേർ വന്നത് ഇതിൽനിന്നാ യിരിക്കണം.

ഫിനീഷ്യർ സെമിറ്റിക്ക് വർഗങ്ങളിൽ പെട്ടവരാണെന്ന കാര്യത്തിൽ ചരിത്രകാരന്മാർ ഏകോപിച്ചിരിക്കുന്നു. പുരാവസ്തു ഗവേഷണം അതു തെളിയിച്ചിട്ടുണ്ട്. അവരുടെ മതം, ഭാഷ, ആചാരോപചാരം എല്ലാം തന്നെ സെമിറ്റിക്കായിരുന്നുവെന്ന് സാമുവൽ ലെയിംഗിനെ ഉദ്ധരിച്ചു മൗലാനാ നദ്‌വി രേഖപ്പെടുത്തുന്നു.[6] വാസ്തവത്തിൽ അറേബ്യയിൽനിന്ന് ആഗ മിച്ചവരാണ് ഫിനീഷ്യന്മാർ. ബഹ്റീന്റെ സമീപത്തുനിന്നാണ് അവർ വന്നത്. ബഹ്റീന്റെ പുരാതന നാമം 'തായർ' എന്നായിരുന്നു.[7] ഇതിൽനി ന്നാവാം, അവരുടെ തലസ്ഥാനനഗരിക്ക് ടയർ അഥവാ സോർ എന്ന പേരുണ്ടായത്. ബൈബിളിൽ ഫിനീഷ്യന്മാർ പൊതുവെ 'അരാമ്യർ' എന്ന നാമത്തിലാണ് അറിയപ്പെടുന്നത്.[8] ആകയാൽ ഫിനീഷ്യരുടെ സകല മാന കൃത്യങ്ങളും അറബികളോടു ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു.

## കാർത്തേജ്

ഇന്ന് ടുണീഷ്യാ (തൂനീസ്) നഗരം സ്ഥിതി ചെയ്യുന്നിടത്തുനിന്ന് പത്ത് നാഴിക വടക്കു പടിഞ്ഞാറായി സ്ഥാപിക്കപ്പെട്ട ഒരു പുരാതന നഗരമായിരുന്നു കാർത്തേജ്. സോർ (ടയർ) പട്ടണത്തിൽനിന്ന്, ബി. സി. 9-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ (ക്രി. മു. 814-ലോ 813-ലോ ) വന്ന ഫിനീഷ്യക്കാരായിരുന്നു ഇതു സ്ഥാപിച്ചത്. ഒരു മികച്ച കച്ചവട കേന്ദ്ര മായിരുന്നു കാർത്തേജ്. ഫിനീഷ്യൻ കച്ചവടക്കാരുടെ കപ്പലുകൾ ആഫ്രി ക്ക മുഴുവൻ ചുറ്റി, വടക്കുള്ള ബ്രിട്ടൻവരെ സഞ്ചരിച്ചിരുന്നതായി തെളി ഞ്ഞിട്ടുണ്ട്. പ്രസ്തുത ഫിനീഷ്യൻ ഉപനിവേശക്കാരെ 'കാർത്തജിനീ യർ' എന്നാണ് ആധുനിക ചരിത്രകാരൻമാർ വിളിക്കുന്നത്.

കാർത്തജിനീയന്മാർ കാലക്രമത്തിൽ പല നഗരങ്ങളും കീഴ്പ്പെ ടുത്തി. മധ്യധരണിയിലെ ബാലിയേറിക്കാ ദ്വീപുകൾ, മാൾട്ട, സാർഡി നിയ, കോർസിക്ക, സിസിലിയുടെ പടിഞ്ഞാറുഭാഗങ്ങൾ അങ്ങനെ പല സ്ഥലങ്ങളും അവരുടെ അധീനത്തിലായി. ആഫ്രിക്കാ വൻകരയിലെ സിറിനി തൊട്ട് ജിബ്രാൾട്ടർ വരെ അവർക്കധീനപ്പെട്ടിരുന്നു. സ്പെയ്നിലെ പല പട്ടണങ്ങളും കാർത്തിജിനീയരുടെ കീഴിലമർന്നു. ചുരുക്കിപ്പറഞ്ഞാൽ കൃഷികൊണ്ടും വ്യാപാരംകൊണ്ടും സാമ്രാജ്യത്വം കൊണ്ടും കാർത്തജിനീയർ അസൂയാർഹമായ പുരോഗതി നേടിയിരുന്നു. അവർക്ക് 500-ഓളം കപ്പലുകളടങ്ങിയ ഒരു നാവികപ്പടയുണ്ടായിരുന്നു വെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. തിരഞ്ഞെടുത്ത പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന ഒരു റിപ്പബ്ലിക്കായിരുന്നു കാർത്തേജ്. സ്പെയിൻ കാർത്തേജിന്റെ കീഴിലായിരുന്നുവെന്നു പറഞ്ഞുവല്ലോ. സ്പെയിൻ

റോമാക്കാരുമായി ആദിയിൽ നല്ല ബന്ധം സ്ഥാപിച്ചിരുന്നുവെങ്കിലും പിന്നീട് അവരുമായി ഇടഞ്ഞു. ക്രി. മു. 218-ൽ, ചരിത്രത്തിൽ ഏറ്റവും വലിയ സമരചതുരന്മാരിലൊരാളായി കണക്കാക്കപ്പെടുന്ന ഹാനിബാലിന്റെ നേതൃത്വത്തിൽ സ്പെയിനിലെ കാർത്തജിനീയർ ഇറ്റലിയെ ആക്രമിക്കുകയും അങ്ങനെ 15 വർഷം 'പൂണികയുദ്ധം' നടക്കുകയും ചെയ്തു. കാർത്തജിനീയർ തന്നെയാണ് ആ യുദ്ധത്തിൽ വിജയം വരിച്ചത്. പക്ഷേ, സംഗതിവശാൽ അവർക്കു സ്വന്തം നാട്ടിലേക്ക് മടങ്ങേണ്ടിവന്നതിനാൽ വിജയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പിന്നീട് റോമക്കാർ ആഫ്രിക്കയിൽ കടന്നു കാർത്തേജിനെ തിരിച്ചാക്രമിച്ചു. ഇത്തരുണത്തിൽ കാർത്തേജിനീയർ സന്ധിക്കു നിർബന്ധിതരായി. സന്ധിക്കരാറനുസരിച്ചു തങ്ങളുടെ നാവികപ്പടയും സ്പെയിനും റോമക്കാർക്കു വിട്ടുകൊടുക്കേണ്ടിവന്നു. ശക്തി ക്ഷയിച്ച നിലയിൽ പിന്നേയും കാർത്തേജ് അര നൂറ്റാണ്ടുകാലം നിലനിന്നുവെങ്കിലും, ബി. സി. 146-ൽ ആ സാമ്രാജ്യം റോമക്കാരാൽ തീർത്തും നശിപ്പിക്കപ്പെടുകയാണുണ്ടായത്.

ഇതത്രെ, ലോകചരിത്രത്തിൽ പ്രമുഖ വർത്തകരായിരുന്ന ഫിനീഷ്യൻമാരുടെ ചരിത്രചുരുക്കം. ഇവരുടെ ഒരു പ്രധാന ദേവൻ ബാലായിരുന്നു. ബാലാരാധന ലോകത്തിന്റെ നാനാഭാഗത്തും പ്രചരിപ്പിച്ചത് ഫിനീഷ്യരാണെന്നു ചരിത്രകാരൻമാർ പറയുന്നു.

"പ്രഫസർ നിത്സൻ (Nilson), ഫിനീഷ്യന്മാർ നോർവെയുടെ ഉത്തര തീരംവരെ വ്യാപിച്ചുവെന്നും, ബാലാരാധന പ്രചരിപ്പിച്ചുവെന്നും പറയുന്നു."[9]

ആകയാൽ അറബികളായ ഫിനീഷ്യർ ലോകത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരുന്നുവെന്നും അവർ ഭാരതവുമായി കച്ചവടബന്ധം പുലർത്തിയിരുന്നുവെന്നും ചരിത്രം തെളിയിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ഫിനീഷ്യരുടെ ഒരു വിഭാഗം ഭാരതത്തിൽ കുടിയേറിപ്പാർത്തുവെന്നു വിചാരിക്കാൻ ന്യായമുണ്ട്. വേദത്തിൽ അതിലേക്കു സൂചനയുമുണ്ട്.

## ഫിനീഷ്യരും പണികളും

ഋഗ്വേദത്തിൽ 'പണികൾ' എന്നൊരു വിഭാഗത്തെപ്പറ്റി പല സ്ഥലങ്ങളിലും പരാമർശിച്ചുകാണാം. ഇവർ ദേവന്മാരുടെ പശുക്കളെ മോഷ്ടിച്ച്, ഗുഹയിൽ ഒളിപ്പിച്ചുവെന്നും, 'സരമ' എന്നൊരു 'ദേവശുനി'യെ ആ ഗോക്കളെ കണ്ടുപിടിക്കാൻ ആര്യദേവനായ ഇന്ദ്രൻ ചുമതലപ്പെടുത്തിയെന്നും ആ പട്ടി പശുക്കളെ കണ്ടുപിടിച്ച്, ഇന്ദ്രനെ വിവരമറിയിച്ചപ്പോൾ അദ്ദേഹം ഗുഹ തുറന്നു പശുക്കളെ പുറത്തുവിട്ടുവെന്നുമാണ് കഥ. പ്രസ്തുത പണികളുടെ ആരാധ്യൻ 'വലൻ' ആയിരുന്നു. ഇന്ദ്രനും വലനും തമ്മിൽ നടന്ന ഒരു സംഘട്ടനമായിട്ടാണ് ഋഗ്വേദ കവികൾ മേൽ സംഭവത്തെ സങ്കൽപിച്ചിരിക്കുന്നത്. പ്രസ്തുത സംഘട്ടനത്തിൽ ഇന്ദ്രൻ ജയിക്കുകയും വലൻ പരാജയമടയുകയും ചെയ്തു. ഇന്ദ്രനെ സ്തുതിച്ച് ഒരിടത്ത് ഋഗ്വേദം പറഞ്ഞത് മഹാകവി വള്ളത്തോൾ ഇങ്ങനെ വിവർത്തനം ചെയ്യുന്നു:

"ഹേ വജ്രഭൃത്തേ, തുറന്നുവല്ലോ ബഹു-
ഗോവൃന്ദനായ വലന്റെ ബിലത്തെ നീ;
അപ്പോൾ ഭവാങ്കലണഞ്ഞാർ, ഭയം വെടി-
ഞ്ഞുല്പന്നപീഡരായ് മേവിന ദേവകൾ!"[10]

സാരം: വജ്രമേന്തിയ ഇന്ദ്ര, അങ്ങ് പശുക്കൂട്ടങ്ങളുടയവനായ വലന്റെ ഗുഹ തുറന്ന് പശുക്കൂട്ടത്തെ പുറത്തുവിട്ടുവല്ലോ. വലന്റെ പീഡനം നിമിത്തം ഭയന്നു നടന്നിരുന്ന ദേവതകൾ തദവസരം ഭയം ഉപേക്ഷിച്ചു അങ്ങയുടെ സമീപം വന്നുചേർന്നു.

പണികൾ വ്യാപാരിവർഗമായിരുന്നുവെന്നു വേദനിഘണ്ടുവായ 'നിരുക്ത'ത്തിൽ യാസ്കാചാര്യൻ പറഞ്ഞിട്ടുണ്ട്.[11] ഇപ്പറഞ്ഞ പണികളും പശ്ചിമേഷ്യയിൽ അറിയപ്പെട്ട ഫിനീഷ്യരും വാസ്തവത്തിൽ ഒരേ വർഗക്കാരായിരുന്നുവെന്നും, ഫിനീഷ്യരുടെ ബാൽദേവന്റെ ഇന്ത്യൻ പതിപ്പാണ് വലനെന്നും ചില ഗവേഷകൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

എന്നാൽ, ഇത്തരം വ്യാഖ്യാനങ്ങളെ ചില വേദജ്ഞാനികൾ അംഗീകരിക്കുന്നില്ല. അവരുടെ പക്ഷത്തിൽ ഋഗ്വേദത്തിലെ പ്രസ്തുത വചനങ്ങൾ ഒരു സംഭവവിവരണമല്ല; പ്രത്യുത, യജ്ഞത്തിന്റെ (ആരാധന) ഫലത്തെ രൂപകാതിശയോക്തിപരമായി ചിത്രീകരിക്കുന്ന ഒരു സാഹിത്യ ശൈലി മാത്രമാണ്. ധർമമെന്നാണ് ഗോശബ്ദത്തിന്റെ അർഥമെന്നും, മനുഷ്യന്റെ അന്തരംഗത്തിൽ ഗുപ്തമായി സ്ഥിതി ചെയ്യുന്ന ധർമബുദ്ധി യജ്ഞം മുഖേന ബഹിർഗമിക്കുമെന്നാണ് മേൽപറഞ്ഞതിന്റെ വിവക്ഷയെന്നും അവർ പറയുന്നു. ശ്രീ. വി.കെ. നാരായണ ഭട്ടതിരി എഴുതിയത് നോക്കുക:

"വേദങ്ങളിലെ ഗോശബ്ദത്തിന് പശു എന്നു മാത്രമല്ല അർഥം. ധർമം, ധാർമികബുദ്ധി, ധർമത്തെ പുരസ്കരിച്ചുള്ള വിശാലവീക്ഷണം.... ഇങ്ങനെ ധർമപരമായ അർഥങ്ങളിൽ ഗോശബ്ദത്തെ സാധാരണ ഉപയോഗിക്കാറുണ്ട്. അപ്പോൾ പണികളുടെ ഗോമോഷണത്തിന്റെ അർഥം ഇതാകുന്നു: ഈശ്വരന്റെ സദ്ഭാവം, ഉത്കൃഷ്ടങ്ങളായ സാത്വികഗുണങ്ങൾ ഇവ എല്ലാ പ്രാണികളുടെ ഹൃദയത്തിലുമുണ്ട്. അധാർമികങ്ങളായ വാസനകൾ കൊണ്ട് മേൽ പറഞ്ഞ പരിശുദ്ധഗുണങ്ങൾ എല്ലാവരുടേയും മനസ്സിൽ പ്രത്യക്ഷപ്പെടുന്നില്ല..... സദ്ഗുണങ്ങളുടെ തിരോധാനത്തെ പണികളുടെ ഗോക്കളെ മോഷ്ടിക്കലായി ചിത്രീകരിക്കുന്നു. സദ്വൃത്തികളെകൊണ്ട് ആ ഗുണങ്ങളെ പുറത്തേക്കു കൊണ്ടുവരുന്നതിനെ ഈശ്വരസഹായത്തോടുകൂടി, മോഷ്ടിച്ച പശുക്കളെ തിരികെ കൊണ്ടുവരിക എന്നർഥമാക്കി കൽപിച്ചിരിക്കുന്നു. ഏതാണ്ട് ഈ അർഥത്തിൽ തന്നെയാണ് ശ്രീ. അരവിന്ദഘോഷും മുൻപറഞ്ഞ ഗോക്കളുടെ മോഷണത്തെപ്പറ്റി പറയുന്നത്.[12]

ഇങ്ങനെ ആധ്യാത്മികമായി വ്യാഖ്യാനിക്കാനുള്ള പഴുതും പ്രസ്തുത വൈദികകഥക്കുണ്ട്. അതിനാൽ, പണികളുടെ ഗോമോഷണത്തെപ്പറ്റി ഉറപ്പിച്ചൊന്നും തീരുമാനിക്കാനാവില്ല. എന്നിരുന്നാലും ഭാരതത്തിൽ 'പണികൾ' എന്ന ഒരു വിഭാഗത്തിന്റെ അസ്തിത്വത്തെ ഇത് നിഷേധിക്കുന്നില്ല. നിരുക്തം അത്

സ്ഥിരീകരിക്കുകയും ചെയ്യുന്നു.

## ക്രീറ്റ്

മധ്യധരണ്യാഴി ദ്വീപുസമൂഹത്തിലെ അതിപ്രാചീനവും വലിയതുമായ ഒരു ദ്വീപാണിത്. ഈജിയൻ കടലിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന ക്രീറ്റ് അതിപുരാതനമായ ഒരു നഗര സംസ്കാരത്തിന്റെ കേന്ദ്രമായിരുന്നു. ഈ സംസ്കാരത്തെ പുരാവസ്തുഗവേഷകർ 'ഈജിയൻ സംസ്കാരം' എന്നു വിളിക്കുന്നു. ഖനനത്തിൽ കണ്ടെത്തിയ 'നോബോസ് കൊട്ടാര'മാണ് പ്രസ്തുത പ്രാചീന നാഗരികതയെപ്പറ്റി നമുക്കുള്ള അറിവിനാധാരം. ഈ സംസ്കാരത്തെപ്പറ്റി ഗവേഷണം നടത്തിയ പണ്ഡിതന്മാരിലൊരാളായ ഇവാൻസ് ഇതിന് മൂന്നു കാലഘട്ടങ്ങൾ നിർണയിച്ചിട്ടുണ്ട്. പ്രഥമ ഘട്ടം ബി.സി. 3400 മുതൽ 2100 വരെ; ബി.സി. 2100 മുതൽ 1600 വരെയാണ് മധ്യഘട്ടം; അന്തിമഘട്ടം ബി.സി. 1600 മുതൽ 1100 വരേയും. ഇന്ന് കണ്ടെത്തിയ നോബോസ്കൊട്ടാരം മധ്യ ഘട്ടത്തിന്റേതാകുന്നു.[13] ഈജിയൻ നാഗരികതയുടെ ചരിത്രം ഈജിപ്തിനേക്കാൾ പൗരാണികമാണെന്നത്രേ പണ്ഡിതമതം. എച്.ജി. വെത്സ് എഴുതുന്നു: "ഇതിന്റെ ചരിത്രം ഈജിപ്തിന്റെ ചരിത്രത്തേക്കാൾ പുരാതനമാകുന്നു. ക്രി. മു. 4000-ാമാണ്ടിനു മുമ്പ്തന്നെ രണ്ടു രാജ്യങ്ങളും തമ്മിൽ കച്ചവടം നടന്നിരുന്നു. ക്രി. മു. 2500-ൽ, അതായത്, സർഗോൺ ഒന്നാമന്റെയും ഹമൂറാബിയുടേയും മറ്റും കാലങ്ങളിൽ ക്രീറ്റിലെ സംസ്കാരം അത്യുച്ചകോടിയിലെത്തി."[14]

ഈജിപ്തിലെ രാജാവിനെ ഫറോവ എന്നു വിളിച്ചിരുന്നതുപോലെ ഈജിയൻരാജാവിനെ മൈനോസ് എന്നാണ് വിളിച്ചിരുന്നത്. മൈനോസിന്റെ കൊട്ടാരത്തിൽ കുളിമുറികൾ, കുഴൽവെള്ളം മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഈ സംവിധാനം സിന്ധുതട സംസ്കാരത്തെയാണ് സൂചിപ്പിക്കുന്നത്. ഈജിയൻമാർ ഏകദൈവാരാധനയിലാണ് വിശ്വസിച്ചിരുന്നതെന്ന് പറയപ്പെടുന്നു. ഈ മതത്തിൽ മരണാനന്തരജീവിതവിശ്വാസവുമുണ്ടായിരുന്നു. അതിനാൽ, മൃതശരീരങ്ങളോടുകൂടി ഭക്ഷ്യസാധനങ്ങൾ, വിളക്കുകൾ, ക്ഷൗരക്കത്തികൾ, മുഖക്കണ്ണാടികൾ തുടങ്ങി പരേതാത്മാവിന്റെ സുഖസൗകര്യാദികൾക്കുള്ള ഉപകരണങ്ങൾ കുഴിച്ചിടുക പതിവായിരുന്നു. മതകർമങ്ങൾ നടത്തിയിരുന്നത് പുരോഹിതന്മാരല്ല, പുരോഹിതകളായിരുന്നുവെന്നു പറയുന്നു. ഈജിയൻ സംസ്കാരത്തിൽ സ്ത്രീകൾക്ക് വമ്പിച്ച പ്രാധാന്യം കൽപിക്കപ്പെട്ടിരുന്നു. മതചടങ്ങുകളിൽ മൃഗബലി പതിവായിരുന്നു. അടിമത്തരാഹിത്യം, സ്ത്രീപുരുഷസമത്വം, വർഗസമത്വം എന്നിങ്ങനെയുള്ള ആധുനികാശയങ്ങൾപോലും പ്രയോഗവത്കരിച്ച ഒരു പ്രാചീന വിഭാഗമായിരുന്നു ഈജിയൻമാർ. ചുരുക്കത്തിൽ സാബിമതത്തോട് ഈ മതം വളരെ അടുത്തുകാണുന്നു.

ഈജിയൻമാർക്ക് ഒരുതരം അക്ഷരജ്ഞാനമുണ്ടായിരുന്നു. പക്ഷേ, അവരുടെ ലിപി ഇതുവരെ വായിക്കപ്പെട്ടിട്ടില്ല. നോസോസ്സുകാർ കർമകുശലന്മാരും ജിജ്ഞാസുക്കളുമായിരുന്നു. പിന്നീട് ക്രീറ്റ് ദ്വീപ് കൈവശപ്പെടുത്തിയ ഗ്രീക്കു

കാർ അതിസമർഥനായ ഒരു ക്രീറ്റ് ശാസ്ത്രജ്ഞനെപ്പറ്റി പറഞ്ഞിട്ടുണ്ട്. 'ഡീഡാലസ്' എന്നു പേരായ പ്രസ്തുത ഈജിയൻ വിദഗ്ദ്ധൻ പറക്കുന്ന ഒരു യന്ത്രം നിർമിക്കുവാൻ ശ്രമിച്ചു. പക്ഷേ, അത് കടലിൽ പൊട്ടി വീണുവത്രേ. രണ്ടു സാധനങ്ങൾ ക്രീറ്റുകാരന് അപരിചിതങ്ങളായിരുന്നു: ഇരുമ്പും, കുതിരയും. ഇവ രണ്ടും സിന്ധുതട സംസ്കാരത്തിലും കാണുന്നില്ല.

നോസോസ്സിന്റെ ഐശ്വര്യം പെട്ടെന്നാണ് അവസാനിച്ചതെന്നു വിദഗ്ധന്മാർ കരുതുന്നു. ക്രി. മു. 1400-ൽ മൈനോസിന്റെ കൊട്ടാരം നശിപ്പിക്കപ്പെട്ടു. ഈ വിപത്ത് എങ്ങനെ സംഭവിച്ചുവെന്ന് ഗവേഷകന്മാർക്ക് അറിഞ്ഞുകൂടാ. കൊള്ളചെയ്തു വലിച്ചെറിഞ്ഞ്, അങ്ങിങ്ങായി ചിന്നിച്ചിതറിയ സാമാനങ്ങളുടെയും അഗ്നിബാധയുടെയും അടയാളങ്ങൾ ഭൂഗർഭ വിദഗ്ധന്മാർ കണ്ടെത്തിയിട്ടുണ്ട്. ഗ്രീസിലെ മൈസീനേയിൽനിന്നും മറ്റും ഉണ്ടായ ആക്രമണഫലമാവാം, നോസോസ്സിന്റെ പതനമെന്ന് ചില പണ്ഡിതൻമാർ ഊഹിക്കുന്നു.

## മൈനോസും 'മയീൻ'കാരും

പുരാതനകാലത്ത്, യമനിൽ ഭരണാധിപത്യം വഹിച്ചിരുന്ന ഒരു അറബിവംശക്കാരാകുന്നു മയീൻകാർ. സബായീ രാജവംശങ്ങൾക്കും മുമ്പായിരുന്നു ഇവരുടെ കാലം. ക്രി. മു. 194-ൽ ചരമഗതി പ്രാപിച്ച എറാസ്റ്റസ്തനീസ് (Erastasthenes), ക്രി. മു. 79-ാമാണ്ടിൽ മൃതിയടഞ്ഞ സ്റ്റ്റാബോ (Starbo), ക്രി. പി. 80-ൽ മരിച്ച പ്ലീനി (Pliny) തുടങ്ങിയ യവന ഗ്രന്ഥകാരന്മാർ താന്താങ്ങളുടെ കൃതികളിൽ മയീൻകാരെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. 'മീനൈറ്റ്' (Minaet), 'മാനിടായ്' (Manitai) എന്നീ ഗ്രീക്കുനാമങ്ങളിലാണ് അവരെ യവനഗ്രന്ഥകാരന്മാർ വിളിച്ചിരിക്കുന്നത്.[15] ബൈബിൾ 'മെയോന്യർ' എന്ന ഹിബ്രുനാമത്തിലും അവരെ പരിചയപ്പെടുത്തിയിട്ടുണ്ട്. [16]

പ്രസ്തുത മയീൻകാരും നോസോസ്സിലെ ഭരണാധിപതികളായിരുന്ന മൈനോസുകളും ഒരേ വംശത്തിൽ പെട്ടവരായിരിക്കുവാൻ വകയുണ്ട്. മൈനോസ് തങ്ങളുടെ വംശക്കാരാണെന്ന് മയീൻകാർ അവകാശപ്പെട്ടിരുന്നതായി പ്ലീനി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.[17] ഇപ്രകാരം തന്നെ ഗ്രീക്കിലെ ഒരു ദ്വീപായ യൂബിയയെക്കുറിച്ചു സ്റ്റ്റാബോ പറയുന്നു:

"ഇവിടത്തെ ആദിമനിവാസികൾ അറേബ്യൻ കുടിയേറ്റക്കാരായിരുന്നു. കേദമോസിന്റെ കൂടെയാണ് അവർ ഗ്രീക്കിൽ എത്തിയത്."[18]

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് അറബികൾക്ക് ഈജിയൻ ജനപദവും ഗ്രീക്കുകാരുമായുള്ള പുരാതന ബന്ധം ഗ്രഹിക്കാവുന്നതാണ്. ഗ്രീക്കുകാർ ആര്യൻവർഗത്തിൽ പെട്ടവരാണെന്നത്രെ, ആധുനിക ഭാഷാഗവേഷണം തെളിയിച്ചിരിക്കുന്നത്. എന്നാൽ, ഗ്രീസ്സിന്റെ പരിഷ്കാരവും നാഗരികതയും ജ്ഞാനവിജ്ഞാനങ്ങളും ലിപിയുമെല്ലാം തന്നെ ഫിനീഷ്യരിൽനിന്ന് പകർന്നതാണെന്നു വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അറബിയിലേയും ഗ്രീക്കിലേയും ഒട്ടേറെ പദങ്ങൾക്ക് തമ്മിൽ അടുത്ത സാമ്യമുണ്ട്. ചില വസ്തുക്കളുടേയും വ്യാപാരസാമാനങ്ങളുടേയും പേരുകൾ

ഇരു ഭാഷകളിലും മിക്കവാറും ഒന്നാണ്.[19] ചുരുക്കത്തിൽ ഗ്രീക്കുകാർ ആധുനിക ഗവേഷണത്തിന്റെ ദൃഷ്ടിയിൽ ആര്യവർഗത്തിൽ പെട്ടവരാണെങ്കിൽ, മറ്റൊരു നിലക്ക് അറേബ്യൻ വർഗത്തിൽ പെട്ടവരുമാകുന്നു.

## ഇറാൻ

തെക്കു പടിഞ്ഞാറൻ ഏഷ്യയിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ ഇറാൻ ക്രി. പി. 1935 വരെ 'പേർഷ്യ' എന്ന നാമധേയത്തിലാണ് അറിയപ്പെട്ടിരുന്നത്. ഇറാൻ എന്നാൽ ആര്യന്മാരുടെ രാജ്യം എന്നാണർഥം. പേർഷ്യൻ ഉൾക്കടലിന്റെ വടക്കുഭാഗത്ത് ഇറാനും തെക്കുഭാഗത്ത് അറേബ്യയും സ്ഥിതിചെയ്യുന്നു. ക്രിസ്തുവിന് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഒരു നാടോടി വർഗം അവിടെ കുടിയേറിപ്പാർത്തു.[20] ഇവരത്രെ പേർഷ്യയിലെ ആദ്യത്തെ നിവാസികൾ. ഇറാനിൽ 'ഖൂസിസ്താൻ' എന്ന പേരിൽ അറിയപ്പെടുന്ന സംസ്ഥാനത്ത് അധിവസിച്ചുവന്ന 'ഏലാമ്യർ' (Elamites) ആയിരുന്നു ഈ ആദ്യനിവാസികൾ. ഇവരെപ്പറ്റി ബൈബിളിലും പരാമർശിച്ചിട്ടുണ്ട്.

ഉത്പത്തിപുസ്തകത്തിലെ വംശാവലിയനുസരിച്ച്, ഏലാമൈറ്റ്സ് സെമിറ്റിക്ക് വർഗത്തിൽ പെട്ടവരാണ്. എന്തെന്നാൽ, നോഹയുടെ പുത്രൻ ശേമിന്റെ മകനായ ഏലാമിന്റെ പിന്മുറക്കാരാകുന്നു ഏലാമ്യർ.[21] ഇവർ ഒരു ഘട്ടത്തിൽ മെസൊപൊട്ടേമിയ കീഴടക്കി ഭരിച്ചിരുന്നു. ചരിത്രകാരനായ വെത്സ് ഈ വസ്തുത സൂചിപ്പിക്കുന്നതു കാണുക:

"അയാൾ (സർഗോൻ ഒന്നാമൻ) സ്ഥാപിച്ച സാമ്രാജ്യം രണ്ടു ശതവർഷത്തിനുശേഷം അസ്തമിച്ചു. പിന്നീട് ഏലാമ്യരുടെ ഒരു പ്രവാഹത്തിന് ശേഷം 'അമോര്യർ' എന്ന ഒരു പുതിയ ശേമ്യവർഗം ക്രമേണ സുമേരിയയിൽ ആധിപത്യം സ്ഥാപിച്ചു."[22]

അപ്പോൾ സർഗോന്റെയും ഹമൂറാബിയുടെയും രണ്ടു വംശങ്ങൾ മെസൊപൊട്ടേമിയ ഭരിച്ചിരുന്ന കാലങ്ങൾക്കിടയിൽ ഏലാമ്യരുടെ ആധിപത്യമാണ് അവിടെ നടന്നിരുന്നത്. ബി.സി. 2450-ാമാണ്ടിനോടടുത്തു തന്നെ ഏലാമൈറ്റ്സ് ഒരുതരം ചിത്രലിപി ഉപയോഗിച്ചുതുടങ്ങിയിരുന്നു.[23] സുമേരിയൻ രാജാക്കൻമാരുമായുള്ള യുദ്ധങ്ങളുടെ കഥകളാണ് അക്കാലത്തെ ഏലാമ്യരുടെ ചരിത്രം. പേർഷ്യയിലെ ഏലാമ്യ തലസ്ഥാനം 'സൂസ' (Susa) അല്ലെങ്കിൽ സൂസിസ്താൻ ആയിരുന്നു.

അനന്തരം പേർഷ്യ അസ്സീരിയക്കാരുടെ അധീനത്തിലായി. അസ്സീരിയൻ സമ്രാട്ടായിരുന്ന അശ്ശൂർ ബാനിപാൽ ക്രി. മു. 7-ാം ശതകത്തിൽ ആ രാജ്യത്തേയും അതിന്റെ തലസ്ഥാനനഗരിയേയും നശിപ്പിച്ചു.[24] പിന്നീട് അതിനെ വീണ്ടെടുത്തത് മഹാനായ സൈറസ് ചക്രവർത്തിയായിരുന്നു. സൈറസിന്റെ കഥ കുറഞ്ഞൊന്നു വിശദീകരിക്കേണ്ടതുണ്ട്.

## സൈറസ്, അഥവാ കോരശ്

എത്രയും അത്ഭുതകരമാണ് സൈറസിന്റെ ചരിത്രം. ഈ ചരിത്രത്തിന് മുഖ്യമായ ആധാരം ഹെറോഡോട്ടസ് (Herodotus), സിനോപൻ

(Zenopon), ടസിയേസ് (Ctasies) എന്നീ ഗ്രീക്കു പണ്ഡിതൻമാരുടെ കൃതികളത്രെ. എക്കേമിനീസ് വംശജനായ ഇദ്ദേഹം കാംബീസസിന്റെയും മാൻഡൈനിന്റെയും പുത്രനായി ജനിച്ചു. കാംബീസസിനെ അറബിഗ്രന്ഥകാരന്മാർ 'കീഖബാദ്' എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തെ ചിലപ്പോൾ 'കംബോജ' എന്നും വിളിക്കാറുണ്ട്.

സൈറസ് (Cyrus) എന്നത് രാജനാമത്തിന്റെ ഗ്രീക്കു രൂപമത്രെ. 'ഗോരോശ്' എന്നാണ് ശിലാലിഖിതത്തിൽ കണ്ടിരിക്കുന്നത്. ഇതിനോടടുത്ത 'കോരശ്' എന്ന സംജ്ഞയാണ് ബൈബിൾ സ്വീകരിച്ചിട്ടുള്ളത്. അറബികൾ അത് 'ഖുസുറു' എന്നും 'കീഖുസ്റു' എന്നും ഉച്ചരിച്ചു.

സൈറസ് തന്റെ മാതാമഹനായ അസ്റ്റിയാഗസി (Astyagus) നെ ഭയന്ന്, പർവതങ്ങളിലും വനങ്ങളിലുമാണ് ചെറുപ്പക്കാലം കഴിച്ചതെന്നു പറയുന്നു. യൗവനത്തിൽ അദ്ദേഹം പേർഷ്യയിൽ ഒരു സേന സംഘടിപ്പിച്ചു. മാതാമഹനുമായി പടവെട്ടി ജയിച്ചു. അക്കാലത്ത് ഇറാൻ രണ്ടു രാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. തെക്കു ഭാഗത്തിന് 'പാർസി' (പേർഷ്യ) എന്നും, വടക്കുപടിഞ്ഞാറുഭാഗത്തിന് 'മിഡിയ' (Midea) എന്നുമായിരുന്നു പേർ. അറബികൾ മിഡിയയെ 'മാഹത്' എന്നാണ് വിളിക്കുന്നത്. ശിലാരേഖയിൽ 'മാദാ' എന്നാണ് അതിന്റെ നാമം. സൈറസ് ക്രമത്തിൽ രണ്ടു രാഷ്ട്രങ്ങളുടേയും അധിപതിയായിത്തീർന്നു.

ബി. സി. 612-ൽ അസ്സീരിയ എന്നന്നേക്കുമായി അവസാനിച്ചു. അതിന്റെ തലസ്ഥാന നഗരിയായിരുന്ന 'നീനവെ' നിശ്ശേഷം തകർക്കപ്പെട്ടു. ഇത്തരുണത്തിൽ അസ്സീരിയയുടെ കീഴിലായിരുന്ന മിഡിയ സ്വാതന്ത്ര്യം പ്രാപിച്ചു. എന്നാൽ, ബാബിലോണിയ അപ്പോഴും അജയ്യശക്തിയായി നിലകൊണ്ടു. ബാബിലോണിയാ രാജാവായ നെബൂക്കഡ്നസ്സർ (ബുഖ്ത് നസർ) പ്രതാപശാലിയും ശക്തനുമായിരുന്നു. അയാൾ ജൂതന്മാരുടെ പുണ്യനഗരവും രാഷ്ട്ര തലസ്ഥാനവുമായ ജറൂസലം ആക്രമിക്കുകയും നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു. ജൂതന്മാരെ അടിമകളാക്കി ബാബിലോണിയയിലേക്ക് കൊണ്ടുപോയി. സൈറസിന്റെ കാലം (ക്രി. മു. 550) വരെ അടിമകൾ എന്ന നിലയിലാണ് യഹൂദന്മാർ ബാബിലോണിയയിൽ പാർത്തിരുന്നത്. ഇക്കാലത്താണ് ജൂതപണ്ഡിതന്മാർ തങ്ങളുടെ മതഗ്രന്ഥമായ ബൈബിൾ പഴയനിയമം ക്രോഡീകരിച്ചു തുടങ്ങിയതെന്നു പറയുന്നു. അവസാനം മഹാനായ സൈറസാണ് ജൂതൻമാരെ ബാബിലോണിയയുടെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ചത്.

ബാബിലോണിയായിലെ സ്ഥാനാവകാശിയായിരുന്ന ബേൽശസ്സറി (Belshazzar)ന്റെ അക്രമം സഹിക്കാഞ്ഞ്, തങ്ങളെ മോചിപ്പിക്കാൻ തന്നാട്ടുകാർ സൈറസിനോടഭ്യർഥിച്ചു. അദ്ദേഹം അത് സഹർഷം സ്വാഗതം ചെയ്തു.[25] അങ്ങനെ സൈറസ് ബാബിലോണിയ കീഴടക്കി. അദ്ദേഹം ജൂതൻമാരെ സ്വദേശത്തേക്ക് മാനമായി തിരിച്ചയച്ചു. നെബൂക്കഡ്നസ്സർ കൊള്ളചെയ്തു കൊണ്ടുപോയിരുന്ന ജൂതന്മാരുടെ സാധനസാമഗ്രികൾ അവർക്കുതന്നെ മടക്കിക്കൊടുത്തു. തകർക്കപ്പെട്ടിരുന്ന ദേവാലയം (ഹൈക്കൽ സുലൈമാനി) പുനർനിർമിക്കാൻ ഉത്തരവിട്ടു. ഇതെക്കുറിച്ച് സൈറസ് ചെയ്ത ഒരു പ്രഖ്യാപനം ഇത്തരു

ണത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്:

"സ്വർഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകല രാജ്യങ്ങളും എനിക്ക് തന്നിരിക്കുന്നു. യഹൂദയിലെ യരൂശലേമിൽ അവന് ഒരു ആലയം പണിവാൻ എന്നോടു കല്പിച്ചുമിരിക്കുന്നു."[26]

ഈ പ്രഖ്യാപനം സൈറസ് ഒരു പ്രവാചകനായിരുന്നു എന്നു ദ്യോതിപ്പിക്കുന്നു. ഇസ്രായേൽ പ്രവാചകൻമാരിലൊരാളായിരുന്ന യശയ്യാനബി സൈറസിനെപ്പറ്റി 160 വർഷത്തിന് മുൻപ് ഒരു സുവിശേഷം നല്കിയിരുന്നു. അതിൽ അദ്ദേഹത്തെ ദൈവത്തിന്റെ 'അഭിഷിക്തൻ' (മസീഹ്) എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. "യഹോവ തന്റെ അഭിഷിക്തനായ കോരശിനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു... ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലുകളെ തകർത്തു ഇരിമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളയുകയും ചെയ്യും."[27]

കോരശ് (സൈറസ്) ബാബിലോണിയ കീഴടക്കുമെന്നാണ് ഈ പ്രവചനത്തിന്റെ പൊരുൾ. ഇവിടെ കോരശിനെ 'മശീഹാ' (അഭിഷിക്തൻ) എന്നു വിശേഷിപ്പിച്ചിരിക്കുന്നതിൽനിന്ന് അദ്ദേഹം ഒരു പ്രവാചകനായിരിക്കുമെന്നുള്ള സൂചന ലഭിക്കുന്നു. കൂടാതെ തങ്ങളെ ബാബിലോണിയയുടെ അടിമത്തത്തിൽനിന്ന് വിമോചിപ്പിക്കുന്ന ഒരു മഹാപുരുഷനെ ഇസ്രായീല്യർ പ്രതീക്ഷിച്ചിരുന്നുവെന്നും ആ മഹാപുരുഷൻ സൈറസായിരുന്നുവെന്നും പ്രസ്തുത പ്രവചനം വ്യക്തമാക്കുന്നുണ്ട്. ആകയാൽ അദ്ദേഹം ഒരു പ്രവാചകനും ദൈവപുരുഷനുമാണെന്നത്രെ ബൈബിളിന്റെ ധ്വനി.

## 'ദുൽഖർനൈൻ'

ഖുർആൻ 18-ാം അധ്യായത്തിൽ 'ദുൽഖർനൈൻ' എന്ന ഒരു മഹാപുരുഷന്റെ കഥ വിവരിച്ചിട്ടുണ്ട്. ജൂതന്മാരുടെ ചോദ്യത്തിനുത്തരമായാണ് ആ കഥ പ്രതിപാദിച്ചിട്ടുള്ളത്. ദുൽഖർനൈൻ നിരവധി രാജ്യങ്ങൾ ജയിച്ചടക്കിയ ഒരു ദിഗ്വിജയിയായിരുന്നു. ഒരു പ്രദേശത്തുകാർ അദ്ദേഹത്തോടു പരാതി പറഞ്ഞു: "യാജൂജ് - മാജൂജ്' എന്നു പറയുന്ന ഒരക്രമിവർഗം നാട്ടിൽ കടന്നു വമ്പിച്ച വിനാശങ്ങൾ നടത്തുന്നു. അവരെ തടസ്സംചെയ്യുന്ന പക്ഷം സുനിശ്ചിതമായ ഒരു കരം അങ്ങേക്ക് ഞങ്ങൾ നൽകിക്കൊള്ളാം." അദ്ദേഹം പ്രതിവചിച്ചു: "കരം വേണമെന്നില്ല; എന്നെ ശാരീരികവും മറ്റുമായ കഴിവുകൾകൊണ്ട് സഹായിച്ചാൽ മതി; ഞാൻ അക്രമികളെ തടഞ്ഞുനിർത്തിത്തരാം." അങ്ങനെ ഇരുമ്പും താമ്രവും ചേർത്തുണ്ടാക്കിയ ഒരു ലോഹക്കൂട്ടുകൊണ്ട് അവർക്ക് ഒരു ഭിത്തിയുണ്ടാക്കിക്കൊടുത്തു. ആ ഭിത്തിയുടെ ഇരുവശങ്ങളും ഉന്നതമായ കൊടുമുടികളായിരുന്നതിനാൽ അക്രമികളായ യാജൂജ്-മാജൂജിന് അതിനെ താണ്ടിക്കടന്ന്, കൊലയും കൊള്ളയും നടത്തി, നാട്ടിൽ വിനാശമുണ്ടാക്കാൻ കഴിയാതെ വന്നു. ഇതാണ് ചുരുക്കത്തിൽ കഥാസാരം.

പ്രസ്തുത ദുൽഖർനൈനിയുടെ ചരിത്രപരമായ വ്യക്തിത്വത്തെപ്പറ്റി ഖുർആൻ വ്യാഖ്യാന ഗ്രന്ഥകാരന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. ഒരു കൂട്ടർ മാസിഡോണിയക്കാരനായ അലക്സാണ്ടറാണെന്നു പറയുന്നു. അലക്സാണ്ടർ ചക്രവർത്തി ദിഗ്വിജയിയായിരുന്നുവെന്നതിൽ

തർക്കമില്ല. പക്ഷേ, അദ്ദേഹം ദൈവഭക്തനും ശുദ്ധമായ പാര-ലൗകിക ജീവിതത്തിൽ വിശ്വാസിയുമാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ഊഹാപോഹങ്ങൾ ചരിത്രമല്ലല്ലോ. ഖുർആനാകട്ടെ, ദുൽഖർനൈൻ ദൈവഭക്തനും പരലോക വിശ്വാസിയുമായിരുന്നുവെന്ന് പ്രസ്താവിച്ചിട്ടുണ്ടുതാനും.

ഈ വിഷയകമായി ശാസ്ത്രീയമായി പഠനം നടത്തിയ ഏക വ്യക്തി, നമ്മുടെ അറിവിൽ മൗലാനാ അബുൽകലാം ആസാദാണ്. അദ്ദേഹം കിട്ടാവുന്നേടത്തോളം തെളിവുകൾ ശേഖരിച്ച്, ശാസ്ത്രരീത്യാ വിശകലനം ചെയ്ത്, സ്ഥാപിച്ചിരിക്കുന്നത് സൈറസാണ് ഖുർആനിലെ ദുൽഖർനൈൻ എന്നത്രെ. അപ്പോൾ സൈറസിന്റെ കാലത്തുണ്ടായിരുന്ന അക്രമികളായ യാജൂജ്-മാജൂജ് ആരാണെന്നും, അദ്ദേഹം പണിയിച്ച ലോഹഭിത്തി ഏതായിരുന്നുവെന്നുമുള്ള പ്രശ്നങ്ങൾക്കുത്തരം കാണേണ്ടിയിരിക്കുന്നു. ഈ പ്രശ്നങ്ങൾക്കും ശരിയായ ഉത്തരം ആസാദ് കണ്ടിട്ടുണ്ട്. അതിന്റെ ഒരു രത്നച്ചുരുക്കം ചുവടെ കാണിക്കുന്നു.

## യാജൂജ്- മാജൂജ്

ഭൂഗോളത്തിലെ വടക്കുകിഴക്കൻ മരുഭൂമികളിൽ പ്രാചീനകാലത്ത് ചില കിരാതവർഗക്കാർ അധിവസിച്ചിരുന്നു. 'മംഗോളിയർ' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന വർഗ്ഗക്കാർ അവരുടെ പിൻഗാമികളത്രെ. പ്രസ്തുത മരുഭൂമിയുടെ കിഴക്കെ അതിർത്തിക്കപ്പുറത്താണ് ചീന സ്ഥിതിചെയ്യുന്നത്. ചീനക്കാരുടെ പുരാതന രേഖകളിൽ പ്രസ്തുത വർഗക്കാരുടെ നാമം 'മോഗ്' എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ശബ്ദത്തിൽ നിന്നാവണം, 'മംഗോളിയ' എന്ന വാക്ക് നിഷ്പന്നമായത്. ക്രി. മു. 600-ാമാണ്ടിനടുത്ത് ഗ്രീക്കുകാർക്കിടയിൽ 'മേഗ്', 'മേഗാഗ്' എന്നിങ്ങനെ ചില വർഗനാമങ്ങൾ പ്രചരിച്ചുകാണുന്നു. ഇതിന്റെയും അടിസ്ഥാനം പ്രസ്തുത മോഗ് തന്നെയാവാം. ഇതിൽനിന്നായിരിക്കണം ബൈബിളിലെ 'ഗോഗും' 'മഗോഗും' വന്നത്. അറബിഭാഷയിൽ ഗകാരമില്ല. തത്സ്ഥാനത്ത് ജകാരമാണുപയോഗിക്കാറുള്ളത്. ഹിബ്രുവിൽനിന്ന് ഗോഗും മഗോഗും അറബിയിലേക്ക് പകർന്നപ്പോൾ അവ യാജൂജും മാജൂജുമായി രൂപാന്തരപ്പെട്ടു. ചീനക്കാരുടെ ചരിത്ര രേഖകളിൽ പ്രസ്തുത മരുഭൂവാസികളിൽ ഒരു വിഭാഗത്തിന്റെ പേർ 'യുവാചി' (Yueh-chi) എന്നു കാണുന്നു. ഈ യുവാചി വിവിധ ഘട്ടങ്ങൾ തരണംചെയ്ത് അവസാനം യാജൂജായി എന്നു വിചാരിക്കാവുന്നതാണ്. ആകയാൽ മധ്യേഷ്യയിലെ മരുഭൂവാസികളായിരുന്നു ഈ കിരാത വർഗങ്ങൾ.

ചരിത്രകാലത്ത് ഇവരുടെ ആക്രമണം പശ്ചിമഭാഗത്തേക്ക് തിരിഞ്ഞിരുന്നു. കിഴക്കോട്ടുള്ള ആക്രമണം അസാധ്യമാക്കിയത് പ്രസിദ്ധമായ ചീനാ ഭിത്തിയാണ്. സൈറസിന്റെ കാലമായ ക്രി. മു. 550-ൽ പശ്ചിമേഷ്യയിലെ സകല രാജ്യങ്ങളും 'സിതിയന്മാർ' (Scythians) എന്ന ഗോത്ര വർഗങ്ങളുടെ ആക്രമണത്തിന് വിധേയമായിക്കൊണ്ടിരുന്നു. ഈ ആക്രമണങ്ങൾക്കെല്ലാം അവസാനം വരുത്തിയ ബലപ്പെട്ട കരം സൈറസിന്റേതായിരുന്നു. പ്രസ്തുത സിതിയന്മാർ മംഗോളിയരായിരുന്നുവെന്നത് സുവിദിതമാണ്.

ഇനി നമുക്ക് നോക്കാനുള്ളത് സിതിയന്മാർ ഏതു മാർഗത്തിലൂടെയാണ് ആക്രമിച്ചിരുന്നത് എന്നാണ്. ഹെറോഡോട്ടസിനെ ഉദ്ധരിച്ച് ആസാദ് പറയുന്നു: "ഒരേയൊരു മാർഗത്തിലൂടെയായിരുന്നു അവരുടെ ആക്രമണം. കാക്കേഷ്യാ ചുരമായിരുന്നു അത്."[28] ഈ മാർഗ്ഗം അടച്ചു ബന്ധിക്കാനാവണം സൈറസ് ഭിത്തി നിർമിച്ചത്.

കാസ്പിയൻ സമുദ്രത്തിന്റെ പടിഞ്ഞാറെ തീരത്ത് ഒരു പുരാതന പട്ടണം- ദർബന്ദ്-ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. കാക്കേഷ്യാ പർവതനിര അവസാനിച്ച്, കാസ്പിയൻ കടലിനോടു ചേരുന്ന ദിക്കിലാണിത്. ഇവിടെ പുരാതന കാലം മുതൽ വളരെ നീളവും വീതിയുമുള്ള ഒരു ഭിത്തിയുണ്ടായിരുന്നു. ഇതിന്റെ നീളം സുമാർ 30 മൈലത്രെ. ഈ സ്ഥലത്തിന് പാരസിക ഭാഷയിൽ 'ദർബന്ദ്' എന്നാണ് പേര്. ഭിത്തിവാതിൽ എന്നാണ് അതിന്റെ അർഥം. ഇവിടെനിന്നു കുറേ പടിഞ്ഞാറോട്ടുമാറിയാൽ മറ്റൊരു സ്ഥലം കാണാം. ഇതിന് 'ഡാരിയൽ പാസ്സ്' (Darial Pass) എന്നാണ് പറഞ്ഞുവരുന്നത്. അതിപ്രാചീന കാലം മുതൽ അവിടെ ഒരു ഭിത്തി സ്ഥിതി ചെയ്തിരുന്നു. ഈ സ്ഥലത്തിന് അർമീനിയാ രേഖകളിൽ കാണുന്ന പേർ 'ഫാക്ക്കോറായി' എന്നും 'കാപ്പൻ കോറായി' എന്നുമാകുന്നു. കോറിന്റെ കവാടം എന്നാണ് ആ പദങ്ങളുടെ അർഥം. ആരായിരുന്നു ഈ കോർ? പാസർഗാഡെ (ഇസ്തഖ്റ്) യിൽനിന്ന് ഖനനത്തിൽ ലഭിച്ചിട്ടുള്ള പ്രതിമ വഴി സൈറസിന്റെ സാക്ഷാൽ നാമം 'ഗോരശ്' എന്നായിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.[29] ആകയാൽ സൈറസിന്റെ നാമത്തിൽ സ്ഥാപിതമായതായിരിക്കണം ആ സ്ഥലം.

ഖുർആൻ വ്യക്തമാക്കുന്നത് രണ്ടു തടസ്സങ്ങളുടെ മധ്യേയായിരുന്നു ദുൽഖർനൈനിയുടെ തടസ്സം, അഥവാ ഭിത്തി എന്നാണ്.

മൗലാനാ ആസാദ് എഴുതുന്നു: "ഡാരിൻ പാസ്സ് ഖുർആന്റെ വർണനയോട് തികച്ചും യോജിക്കുന്നുണ്ട്. രണ്ടു കൊടുമുടികൾക്കിടയിലാണ് അത് സ്ഥിതി ചെയ്യുന്നത്. ഒരു ഭിത്തി മൂലം ഈ വഴി തടസ്സപ്പെടുത്താൻ അല്ലെങ്കിൽ അടച്ചിടാൻ കഴിയും."[30]

ചുരുക്കത്തിൽ മംഗോളിയാ വർഗത്തിൽ പെട്ട സിതിയന്മാരുടെ കടന്നാക്രമണങ്ങൾ പ്രതിബന്ധിക്കേണ്ടതിനായിരുന്നു ദുൽഖർനൈൻ തടസ്സം നിർമിച്ചത്. പേർഷ്യൻ ചക്രവർത്തിയും മഹാനുമായ സൈറസ്, അഥവാ ഗോരശ് ആയിരുന്നു ഖുർആനിൽ വർണിതനായ ദുൽഖർനൈൻ. ഈ നിഗമനമാണ് കൂടുതൽ യുക്തമായിത്തോന്നുന്നത്. അലക്സാണ്ടർ പ്രസ്തുത വിശേഷണത്തിന് അനുയോജ്യനായിരുന്നില്ല.

## ദുൽഖർനൈൻ എന്ന സംജ്ഞക്ക് നിദാനം

ഖുർആനിൽ ദുൽഖർനൈനെക്കുറിച്ച് പ്രതിപാദനം ആരംഭിക്കുന്നത് ഇങ്ങനെയാണ്: "ദുൽഖർനൈനെപ്പറ്റി അവർ താങ്കളോട് ചോദിക്കുന്നു. പറയുക: അദ്ദേഹത്തിന്റെ അൽപം സ്ഥിതിഗതികൾ ദിവ്യഭാഷണമെന്ന നിലയിൽ ഞാൻ ഓതിക്കേൾപ്പിക്കാം..."[31]

ഒരു ചോദ്യത്തിനുത്തരമായാണ് ദുൽഖർനൈനെപ്പറ്റി പറയേണ്ടിവ

ന്നത്. ഈ ചോദ്യത്തിന്റെ ഉൽപത്തി ജൂതന്മാരിൽ നിന്നാണെന്ന് വ്യാഖ്യാതാക്കൾ പറയുന്നു. 'ദുൽഖർനൈൻ' എന്നാൽ 'ഇരുകൊമ്പൻ' എന്നാണർഥം. ഇങ്ങനെ ഒരു നാമം നബിയുടെ കാലത്തുള്ള അറബികൾ അറിഞ്ഞിരുന്നില്ല. അതിനാൽ, ജൂതന്മാരിൽ നിന്നാവണം പ്രസ്തുത ചോദ്യം വന്നതെന്ന് തീർച്ച! താൻ പ്രവാചകനാണ് എന്ന അവകാശവാദം ശരിയായിരുന്നില്ലെങ്കിൽ മുഹമ്മദ് തിരുമേനിക്ക് പ്രസ്തുത പ്രശ്നത്തിന് തൃപ്തികരമായ മറുപടി പറയാൻ കഴിയുമായിരുന്നില്ലെന്ന് സ്പഷ്ടം തന്നെ.

സംഗതി ഇതാണ്: ഇസ്രായേൽ പ്രവാചകപരമ്പരയിൽ ഒരാളായ ദാനീയേൽ നബിക്ക് ശൂശൻ രാജധാനിയിൽ വെച്ച് ഒരു ദർശനമുണ്ടായി. ആ കാലത്ത് ജൂതന്മാർ ബാബിലോണിയയിൽ അടിമകളായി കഴിയുകയായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. പ്രസ്തുത ദർശനത്തിൽ അദ്ദേഹം ഇരട്ടക്കൊമ്പനും അതിപരാക്രമിയുമായ ഒരാട്ടുകൊറ്റനെ കണ്ടു. അവൻ പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും ഇടിക്കുന്നു. അനന്തരം പടിഞ്ഞാറുനിന്ന് ഒരു കോലാട്ടുകൊറ്റൻ നിലം തൊടാതെ സകല ഭൂതലത്തിലൂടെയും വന്നു. അവന്റെ ഇരു കണ്ണുകൾക്കിടയിൽ വിശേഷമായൊരു കൊമ്പുണ്ടായിരുന്നു. അവൻ ഉഗ്രകോപത്തോടെ ഇരുകൊമ്പന്റെ നേരെ പാഞ്ഞുചെന്നു. അവനെ ഇടിച്ചു കൊമ്പുരണ്ടും തകർത്തു. ഈ ഒറ്റക്കൊമ്പന്റെ മുമ്പിൽ നിൽപാൻ ഇരുകൊമ്പന് കഴിഞ്ഞില്ല. ഒറ്റക്കൊമ്പനായ കോലാട്ടുകൊറ്റൻ ഇരട്ടക്കൊമ്പനായ ആട്ടുകൊറ്റനെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളഞ്ഞു. ഒറ്റക്കൊമ്പന്റെ പരാക്രമത്തിൽനിന്നും ഇരട്ടക്കൊമ്പനെ രക്ഷിക്കാൻ ആരുമില്ലായിരുന്നു. കോലാട്ടുകൊറ്റൻ ഏറ്റവും വലുതായിത്തീർന്നു. എന്നാൽ, അത് ബലപ്പെട്ടപ്പോൾ അതിന്റെ വലിയ കൊമ്പ് തകർന്നുപോയി....[32]

ഇതാണ് ദാനിയേൽ പ്രവാചകന്നുണ്ടായ ദർശനത്തിന്റെ പ്രസക്തഭാഗം. ഈ ദർശനത്തിലെ ഒറ്റക്കൊമ്പനേയും ഇരട്ടക്കൊമ്പനേയും ഗബ്രിയേൽ (ജിബ്രീൽ) ദാനിയേലിന് വ്യാഖ്യാനിച്ചുകൊടുത്തത് ഇപ്രകാരമായിരുന്നു:

"രണ്ടു കൊമ്പുള്ളതായി നീ കണ്ട ആട്ടുകൊറ്റൻ പാർസ്യ രാജാക്കന്മാരെ കുറിക്കുന്നു. പരുപരുത്ത കോലാട്ടുകൊറ്റൻ യവനരാജാവും അതിന്റെ കണ്ണുകളുടെ നടുവിലുള്ള ഒരു കൊമ്പ് ഒന്നാമത്തെ രാജാവും ആകുന്നു."[33]

ദാനിയേൽ സൈറസിന്റെ സമകാലീനനും അദ്ദേഹത്തിന്റെ ഭക്ത്യാദരങ്ങൾക്കു പാത്രമായ ഒരാളുമായിരുന്നു. സൈറസ് പേർഷ്യയുടേയും മിഡിയയുടേയും രാജാവായിരുന്നതിനാലാവണം അന്നത്തെ പേർഷ്യയെ രണ്ടു കൊമ്പുള്ള ഒരാട്ടുകൊറ്റനായി ദാനിയേൻ നബിക്ക് ദർശിപ്പിക്കപ്പെട്ടത്. ഏതായാലും സൈറസിനെയാണ് ഇരുകൊമ്പൻ പ്രതിനിധാനം ചെയ്യുന്നതെന്നുള്ളതിൽ സംശയമില്ല. ഒറ്റക്കൊമ്പനോ, ഗ്രീക്കു രാജാക്ക

ന്മാരേയും. ഗ്രീക്കുകാരാണ് പേർഷ്യയെ അവസാനം പരാജയപ്പെടുത്തിയതെന്ന ചരിത്ര വസ്തുത ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു. പ്രസ്തുത ദർശനത്തിന്റെ പുലർച്ചയായിരുന്നു അത്.

ആകയാൽ, ദാനിയേലിന്നുണ്ടായ പ്രസ്തുത ദർശനത്തിലെ ദുൽഖർനൈനെപ്പറ്റിയായിരുന്നു നബിതിരുമേനിയോട് യഹൂദന്മാരുടെ ചോദ്യം. ആ ദുൽഖർനൈൻ പേർഷ്യൻ രാജാവായിരുന്ന സൈറസല്ലാതെ മറ്റാരുമല്ലെന്ന് സ്പഷ്ടം.

'ഇരുകൊമ്പൻ' എന്ന ബഹുമതി സൈറസിനുണ്ടായിരുന്നതായി പാസർഗാഡയിൽ നിന്ന് ക്രി. 1838-ൽ കിട്ടിയ അദ്ദേഹത്തിന്റെ ഒരു പ്രതിമയും കുറിക്കുന്നുണ്ട്. അതിന്റെ ഇരുവശവും കഴുകന്റേതുപോലുള്ള ചിറകുകളും തലയിൽ ആട്ടുകൊറ്റന്റേതുപോലുള്ള രണ്ടു കൊമ്പുകളുമുണ്ടായിരുന്നു. അതിന്മേലുള്ള എഴുത്ത് കുറേ നഷ്ടപ്പെട്ടുപോയിരുന്നുവെങ്കിലും പ്രതിമ ആരുടേതെന്ന് തിരിച്ചറിയാൻ മാത്രം അവശേഷിച്ചിരുന്നു. [34]

ആകയാൽ സൈറസിന്റെ 'ഇരുകൊമ്പൻ' എന്ന സ്ഥാനപ്പേർ വെറും മതപരമായ സങ്കൽപമല്ലെന്നും സ്വന്തക്കാർക്കിടയിൽ അംഗീകരിക്കപ്പെട്ട ബഹുമതിയായിരുന്നുവെന്നും അത് തെളിയിക്കുന്നു. അദ്ദേഹം ഒരു അസാമാന്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു.

## സൈറസിന്റെ വംശം

അക്കേമിനിസ് (Achaemines) രാജവംശത്തിലാണ് സൈറസ് ജനിച്ചത്. പേർഷ്യയുടെയും മിഡിയയുടെയും ഭരണം ഈ വംശം കരസ്ഥമാക്കി. എന്നാൽ, ഈ സാമ്രാജ്യം 'മിഡിയ സാമ്രാജ്യം' എന്ന പേരിലാണ് പൊതുവിൽ വിളിക്കപ്പെട്ടിരുന്നത്. മിഡിയ എന്നത് ഒരു ഗ്രീക്ക് നാമമത്രെ. സൈറസിന്റെ പിതൃവ്യപുത്രനും പിൻഗാമിയുമായിരുന്ന ദാരിയസ് ഒന്നാമന്റെ (ദാറാ) ലിഖിതത്തിൽ കാണുന്ന നാമം 'മാദാ' എന്നാകുന്നു.[35]

അറബികൾ അതിനെ 'മാഹാത്ത്' എന്നുച്ചരിച്ചു.

ബൈബിളിലെ വംശാവലിയനുസരിച്ച് അബ്രഹാമിന് 'കെതൂറാ' എന്ന മൂന്നാമത്തെ പത്നിയിൽ ജനിച്ച സന്തതികളുടെ കൂട്ടത്തിൽ ഒരാളുടെ പേർ 'മെദാൻ' എന്നായിരുന്നു.[36]

മെദാന്റെ പിന്മുറക്കാർ പിന്നീട് മേദ്യർ എന്ന പേരിൽ പ്രസിദ്ധരായെന്ന് വിചാരിക്കാവുന്നതാണ്. ഇതാവണം 'മേദ്യാസാമ്രാജ്യം' എന്ന പേരിന് നിദാനം. അപ്പോൾ ആ സാമ്രാജ്യം ഒരു സെമിറ്റിക് സാമ്രാജ്യമായിരുന്നു എന്നുവരും. കൂടാതെ സൈറസ് ഏലാമൈറ്റ് വംശജനാണെന്ന് ആധുനിക ചരിത്രം അവകാശപ്പെടുന്നു. [37] ബൈബിൾ മതപ്രകാരം ശേമിന്റെ പുത്രനാകുന്നു ഏലാം.[38]

അതിനാൽ സൈറസിന്റെ സാമ്രാജ്യം സെമിറ്റിക്കാണെന്നു തീർച്ച. എന്നാൽ, ആധുനിക ചരിത്രകാരനായ വെത്സ് അതിനെ ഒന്നാമത്തെ ആര്യ

സാമ്രാജ്യം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കോരശിന്റെ പിതൃവ്യ പുത്രനും പിൻഗാമിയുമായ ദാര്യാവേശിന്റെ, അല്ലെങ്കിൽ ദാരിയസിന്റെ (ദാറാ) സാമ്രാജ്യത്തെ വർണിച്ചു അദ്ദേഹം എഴുതുന്നതു കാണുക:

"ഒന്നാം ദാരിയസിന്റെ പാർസിസാമ്രാജ്യം - പുരാതന പരിഷ്കാര കേന്ദ്രങ്ങളുടെ സ്ഥാനത്ത് ഉദ്ഭവിച്ച ആദ്യത്തെ ആര്യസാമ്രാജ്യം - അതേ വരെ ലോകത്തുണ്ടായിട്ടുള്ള സാമ്രാജ്യങ്ങളിൽ വെച്ച് ഏറ്റവും വലിയ തായിരുന്നു. അതിൽ ഏഷ്യാമൈനർ മുഴുവനും സിറിയയും പണ്ടത്തെ അസ്സീരിയ, ബാബിലോണിയ എന്നീ സാമ്രാജ്യങ്ങളും ഈജിപ്തും കാക്കസസ്, കാസ്പിയൻ എന്നീ പ്രദേശങ്ങളും മേദിയ, ഇനൽ എന്നീ രാജ്യങ്ങളും ഉൾപ്പെടും. ഇന്ത്യയിൽ സിന്ധുനദി വരേയും അത് വ്യാപിച്ചു കിടന്നിരുന്നു." [39]

ഇതിന്റെ അർഥം മേദ്യാസാമ്രാജ്യം ഭാഷാവിഭജനമനുസരിച്ച്, ആര്യ സാമ്രാജ്യമായിരുന്നുവെന്നത്രെ. ഇതുകൊണ്ട് ബൈബിളിലെ വംശപര മായ വിഭജനപ്രകാരം, അത് സെമിറ്റിക്കാകുന്നതിന് വിരോധമില്ല. പ്രസ്തുത സാമ്രാജ്യത്തിലെ ഒരധിപതിയായിരുന്ന കോരസിനെ സെമി റ്റിക് വർഗത്തിൽ പെട്ട യഹൂദന്മാർ ഒരു 'മിശിഹ'യായി വർണിച്ചതും ബഹുമാനിച്ചതും നാം കണ്ടു. ഇതുപോലെ സെമിറ്റിക്കുകളായിരുന്ന ബാബിലോണിയയിലെ പുരോഹിതന്മാരും നേതാക്കളും സൈറസിനെ സ്വന്തം നാട്ടിന്റെ അധിപതിയായി അംഗീകരിച്ചു. തങ്ങളുടെ അവസാ നത്തെ രാജാവായിരുന്ന നാബോണിദസിന്റെ നയവൈകല്യങ്ങളിൽ അസംതൃപ്തരായ അവർ അയാളെപ്പിടിച്ചു ബന്ധനസ്ഥനാക്കുകയും രാജ കുമാരനും സ്ഥാനാവകാശിയുമായ ബേൽശസ്സറിനെ വധിക്കുകയും ചെയ്തു. എന്നിട്ട് മേദ്യസാമ്രാജ്യത്തിന്റെ അധിപതിയായ കോരശിന് സ്വന്തം നാട് ഏൽപിച്ചുകൊടുത്തു. ഇതെപ്പറ്റി വെത്സ് രേഖപ്പെടുത്തി യത് നോക്കുക: "അവർ (ബാബിലോണിയയിലെ ബെൽമാർഡോക്കിന്റെ പുരോഹിതൻമാർ) നബോണിദസിന്റെ സ്ഥാനത്തേക്ക് ഒരാളെ അന്വേ ഷിച്ചുതുടങ്ങി. അയൽരാജ്യമായ മേദ്യാസാമ്രാജ്യത്തിന്റെ അധിപതി കോരശ് (സൈറസ്) എന്ന പാർസിയെ കണ്ടെത്തി.... അദ്ദേഹം ബാബി ലോണിയക്കു നേരെ വന്നു. പട്ടണത്തിന്റെ കൊട്ടാരമതിലുകളുടെ പുറമെ ഒരു യുദ്ധം നടന്നു. നഗരകവാടങ്ങൾ അദ്ദേഹത്തിനായി തുറക്കപ്പെട്ടു. (ക്രി. മു. 533) അദ്ദേഹത്തിന്റെ സൈന്യം ഒരു യുദ്ധം കൂടാതെത്തന്നെ നഗരത്തിൽ പ്രവേശിച്ചു." [40]

ബാബിലോണിയാ പുരോഹിതൻമാർ സൈറസിനെ ഇങ്ങനെ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് അദ്ദേഹവുമായി ഒരു ബന്ധമു ണ്ടായിരുന്നുവെന്ന് വിചാരിക്കണമല്ലോ. എന്തായിരുന്നു അത്? ആധു നിക ചരിത്രം അതു വ്യക്തമാക്കുന്നില്ല. രക്തബന്ധമായിരുന്നു അതെന്ന് അനുമാനിക്കാൻ വഴിയുണ്ട്. മേദ്യർ ഭാഷാപരമായി ആര്യവർഗത്തിലാ ണുൾപ്പെട്ടിട്ടുള്ളതെങ്കിലും വംശപരമായി സെമിറ്റിക്കുകാർ തന്നെയായി രുന്നു. അതുകൊണ്ടാവാം, സെമിറ്റിക്കുകാരായ ബാബിലോണിയർ മേദ്യാ

രാജാവായ സൈറസിനെ സഹർഷം സ്വാഗതം ചെയ്തത്. മറ്റൊരു വിധം പറഞ്ഞാൽ, ആര്യവർഗവും സെമിറ്റിക് വർഗവും വാസ്തവത്തിൽ ഒന്നായിരുന്നു.

ചുരുക്കത്തിൽ സെമിറ്റിക് വർഗ്ഗങ്ങളുടെ മേധാവിത്വത്തിൽ ലോകത്തിലെ പരിഷ്കൃതരാജ്യങ്ങൾ മുഴുവനും അമർന്നിരുന്നു. അവർ ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ് എന്നീ മൂന്ന് ഭൂഖണ്ഡങ്ങളിലും വ്യാപിക്കുകയും ചെയ്തിരുന്നു.

**കുറിപ്പുകൾ**

1. വിശ്വവിജ്ഞാനകോശം വാ. 8, പേ. 889 (ഫിനീഷ്യന്മാർ)
2. ലോകചരിത്രസംഗ്രഹം പേ. 79
3. Ibid പേ. 80
4. ലോകചരിത്രം വാ. 2, പേ. 87
5. Ibid Vol. 1, P. 117
6. അർദുൽ ഖുർആൻ, വാ. 1, പേ. 161
7. Ibid Vol. 1, P. 161
8. Ibid Vol. 1, P. 161
9. ഉദ്ധരണം: ഋഗ്വേദത്തിലൂടെ പേ. 281
10. ഋഗ്വേദം മ. 1, സൂ. 11, ഋ. 5
11. വിശ്വവിജ്ഞാനകോശം വാ. 8, പേ. 889 (ഫിനീഷ്യൻമാർ)
12. വേദാർത്ഥവിചാരം പേ. 84, 85
13. വിശ്വവിജ്ഞാനകോശം വാ. 5, പേ. 158 (ക്രീറ്റ്)
14. ലോക ചരിത്രസംഗ്രഹം പേ. 81
15. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 205
16. ii ദിനവൃത്താന്തം 26: 7 നോക്കുക.
17. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 213
18. ഉദ്ധരണം: Ibid Vol. 1, P.162
19. അർദുൽ ഖുർആൻ വാ. 1, പേ. 162
20. വിശ്വവിജ്ഞാനകോശം വാ. 2, പേ. 471-473 (ഇറാൻ)
21. ഉത്പത്തി 10: 22
22. ലോകചരിത്ര സംഗ്രഹം പേ. 77
23. വിശ്വവിജ്ഞാനകോശം വാ. 3, പേ. 159 (ഏലാം)
24. Ibid വാ. 3, പേ. 159 (ഏലാം) നോക്കുക.
25. തർജുമാനുൽ ഖുർആൻ by മൗലാനാ ആസാദ് വാ. 2, പേ. 403 നോക്കുക.
26. എസ്രാ 1: 2
27. യശയ്യാവ് 45: 1, 2
28. തർജുമാനുൽ ഖുർആൻ വാ. 2, പേ. 426
29. Ibid വാ. 2, പേ. 400
30. Ibid വാ. 2, പേ. 429
31. ഖുർആൻ 18: 33
32. ദാനിയേൽ 8-ാം അധ്യായം 3-8 നോക്കുക.
33. Ibid 8: 20, 21
34. തർജുമാനുൽ ഖുർആൻ വാ. 2, പേ. 400, 401
35. Ibid വാ. 2, പേ. 401
36. ഉത്പത്തി 25: 2
37. വിശ്വവിജ്ഞാനകോശം വാ. 3, പേ. 159 (ഏലാം)

38. ഉത്പത്തി 10: 22
39. ലോകചരിത്ര സംഗ്രഹം പേ. 103
40. Ibid പേ. 102

അധ്യായം പതിനെട്ട്

# ആദുവംശവും ആര്യവർഗവും

**ച**രിത്രത്തിന്റെ ഒരു ഘട്ടത്തിൽ സെമിറ്റിക് വർഗത്തിന്റെ ബലിഷ്ഠഹസ്തത്തിലാണ് ലോകാധിപത്യം സ്ഥിതിചെയ്തിരുന്നതെന്ന വസ്തുതയാണ് നാം മുമ്പ് വിവരിച്ചത്. ശരീരശേഷികൊണ്ടും സംഘടിത ശക്തികൊണ്ടും മറ്റും അവർക്കായിരുന്നു അക്കാലത്ത് കൂടുതൽ പ്രാബല്യം. മരുഭൂമികളിൽ ആടുമാടുകളെ മേച്ചും, അലഞ്ഞുതിരിഞ്ഞും നടന്നിരുന്ന അവർ തികച്ചും സ്വതന്ത്രമായ അന്തരീക്ഷത്തിലാണ് ജീവിതം നയിച്ചത്. കടുത്ത പ്രതിബന്ധങ്ങളോടും പ്രതികൂലസാഹചര്യങ്ങളോടും മല്ലിടേണ്ടിവന്നതിനാലാവാം, ഈ അപരിഷ്കൃത വർഗക്കാർക്ക് ഇതര ജനതതികൾക്കില്ലാതിരുന്ന പല കഴിവുകളും യോഗ്യതകളും നേടിയെടുക്കുവാൻ സാധിച്ചത്. അങ്ങനെ പ്രാചീന നാഗരികകേന്ദ്രങ്ങളെയെല്ലാം അവർ ആക്രമിച്ചു കീഴടക്കി.

അതിപ്രാചീന കാലത്ത് അറേബ്യാ ഉപദ്വീപിൽ പ്രതാപത്തോടും പ്രഭാവത്തോടും വാണിരുന്ന ഒരു സെമിറ്റിക് ശാഖയാണ് ആദുവംശമെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഈ വംശത്തെപ്പറ്റി ഖുർആൻ പലേടങ്ങളിലായി പ്രതിപാദിച്ചു കാണാം. ഇക്കൂട്ടത്തിൽ അവരുടെ ചരിത്രപരമായ ചില വസ്തുതകളിലേക്ക് അത് വെളിച്ചം വീശിയിട്ടുണ്ട്. ഒരു ചരിത്രവിദ്യാർഥിയെ സംബന്ധിച്ചേടത്തോളം എത്രയും വിലപ്പെട്ട സൂചനകളാണ് ഖുർആൻ നൽകിയിട്ടുള്ളത്. അവയെപ്പറ്റി ഒരു വിഹഗ വീക്ഷണം നടത്തുവാൻ ഇത്തരുണത്തിൽ ശ്രമിക്കുന്നു.

## ഖുർആനും ചരിത്രവും

ഒരു സംഗതി ആദ്യമേ പറഞ്ഞുവെക്കട്ടെ: ഖുർആൻ ഒരു ചരിത്ര പുസ്തകമല്ല, ചരിത്രസംഭവങ്ങൾ ഒരിടത്ത് സമഞ്ജസമായി ക്രോഡീകരിച്ചു പ്രതിപാദിക്കുക ഖുർആന്റെ ശൈലിയല്ല. ഈ രംഗത്ത് ഖുർആനും ബൈബിളും തമ്മിൽ താരതമ്യം കാണുക പ്രയാസമത്രെ. ബൈബിൾ മുഖ്യമായും ഒരു ചരിത്ര പുസ്തകമാണ്. ഖുർആനാകട്ടെ പ്രഥമമായും പ്രധാനമായും ഒരു മാർഗനിർദേശക ഗ്രന്ഥവും. ഒരു ഉദാഹരണത്തിലൂടെ ഈ അന്തരം വ്യക്തമാക്കാം. ബൈബിളിലെ ഉത്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നീ പുസ്തകങ്ങൾ ഒരാവൃത്തി വായിച്ചു നോക്കൂ. ഇസ്രായേൽ വംശത്തിന്റെ ഉത്പത്തി മുതൽ മോസസിന്റെ വിയോഗം വരെയുള്ള സമ്പൂർണ ചരിത്രം

നിങ്ങൾക്ക് കിട്ടും. എന്നാൽ, അവരുടെ ചില ചരിത്ര വശങ്ങൾ ഖുർആനും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതും പലേടങ്ങളിലായി, ഒരടുക്കും ചിട്ടയുമില്ലാതെ. ഖുർആൻ ആധാരമാക്കി ഇസ്രായേൽ വംശക്കാരുടെ ചരിത്രം നിർമിക്കുവാൻ പുറപ്പെട്ടാൽ പരാജയപ്പെട്ടതുതന്നെ.

എന്തിനധികം, അറബികളാണല്ലോ ഖുർആന്റെ പ്രഥമ വാഹകൻമാർ. ഖുറൈശികളായിരുന്നു ഖുർആന്റെ ആദ്യത്തെ അഭിസംബോധിതർ. അവരുടെ ഭാഷാശൈലിയാണ് ഖുർആൻ മുഖ്യമായും സ്വീകരിച്ചിട്ടുള്ളതെന്ന് നിരൂപകൻമാർ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുണ്ട്. എന്നാൽ, ഖുറൈശികളെ സംബന്ധിച്ചേടത്തോളം ഖുർആൻ പ്രതിപാദിച്ച ചരിത്ര വസ്തുത ഒന്നുമാത്രമാണ്. അവർക്ക് ശൈത്യകാലത്തും ഉഷ്ണകാലത്തുമായി രണ്ടു കച്ചവടയാത്രകളുണ്ടായിരുന്നു. അതായിരുന്നു അവരുടെ ആഹാരസമ്പാദനത്തിന് നിദാനം.[1]

ഖുർആന്റെ ഒരു ന്യൂനതയാണിതെന്ന് ധരിക്കരുത്. ഒരു മാർഗനിർദേശക ഗ്രന്ഥമെന്ന നിലയിൽ ഖുർആന്ന് ചരിത്രം വിവരിക്കേണ്ട ആവശ്യമില്ലാത്തതാണ് ഇതിനു കാരണം. ഇത്തരുണത്തിൽ ശ്രീ. വിവേകാനന്ദസ്വാമികൾ പറഞ്ഞ ഒരു സംഗതി ഓർമവരുന്നു: “ഒരു ക്രിസ്തുമത പ്രചാരകൻ എന്നോടു പറഞ്ഞു: ‘ഞങ്ങളുടെ മതഗ്രന്ഥങ്ങൾക്ക് ചരിത്രപരമായ സ്വഭാവമുണ്ട്. അതിനാൽ അവ ശരിയാണ്.’ എന്റെ മറുപടി ഇങ്ങനെയായിരുന്നു: ‘എന്റേതിന് ചരിത്രപരമായ സ്വഭാവമില്ല. അതുകൊണ്ടാണ് അവ ശരിയാകുന്നത്. ചരിത്രപരമാകയാൽ നിങ്ങളുടെ മതഗ്രന്ഥങ്ങൾ അന്നൊരു ദിവസം ആരോ ഒരുവൻ ഉണ്ടാക്കിയതാണെന്ന് സ്പഷ്ടം. നിങ്ങളുടേത് മനുഷ്യനിർമിതമാണ്. എന്റേത് അങ്ങനെയല്ല. ചരിത്രപരമല്ലെന്നത് അവക്കനുകൂലമാണ്.”[2]

ഇതുതന്നെയാണ് ഖുർആന്റെ അവസ്ഥയും. ചരിത്രപരമായ സ്വഭാവമല്ല ഖുർആന്നുമുള്ളത്.

എന്നിരുന്നാലും ഖുർആൻ സന്ദർഭത്തിന്റെ ഔചിത്യമനുസരിച്ച് കഴിഞ്ഞുപോയ സംഭവഗതികളിലേക്ക് ചിലപ്പോൾ വിരൽ ചൂണ്ടാറുണ്ട്. ചില സുപ്രധാന തത്വങ്ങൾ പഠിപ്പിക്കുകയാണ് ഇതിന്റെ പിറകിലുള്ള ഉദ്ദേശ്യം. ചരിത്രപരമായ സൂചനകൾ മാത്രമാണ് ഖുർആൻ നൽകാറുള്ളതെങ്കിലും, ഒരു നിരീക്ഷണശൈലിയെസ്സംബന്ധിച്ചേടത്തോളം വിലമതിക്കാനാവാത്ത സംഭാവനയാണത്. എന്തെന്നാൽ, അതിന്റെ വെളിച്ചത്തിൽ കഴിഞ്ഞുപോയ സമുദായങ്ങളുടെ ജീവിതത്തിന്റെ ജയാപജയങ്ങൾ വിലയിരുത്താൻ സാധിക്കുന്നതാണ്.

ഇനി നമുക്ക് വിഷയത്തിലേക്ക് മടങ്ങാം. ഖുർആനിൽ സെമിറ്റിക് വർഗത്തെപ്പറ്റി വിശേഷാൽ ഒന്നും പ്രതിപാദിച്ചിട്ടില്ല. അറബി ഭാഷയിൽ ആ വർഗത്തെ കുറിക്കാൻ ഉപയോഗിക്കുന്ന സംജ്ഞപോലും ഖുർആനിൽ സ്ഥലം പിടിച്ചിട്ടില്ല. എന്നാൽ, ആ വലിയ വർഗത്തിന്റെ ഒരു ശാഖയെന്ന് മുസ്‌ലിം ചരിത്രകാരൻമാർ അവകാശപ്പെടുന്ന ആദുവംശത്തെപ്പറ്റി ഖുർആൻ അവിടവിടെ പ്രതിപാദിച്ചതായി കാണാം. അതിൽ നിന്ന് ആദുവംശക്കാരുടെ ചില സവിശേഷസ്വഭാവങ്ങളും സമ്പ്രദായങ്ങളും ഗ്രഹിക്കാവുന്നതാണ്.

## ആദുവംശത്തിന്റെ ആവാസകേന്ദ്രം

ആദുവംശക്കാരുടെ ആവാസകേന്ദ്രം ‘അഹ്ഖാഫ്’ എന്നിടത്തായിരുന്നു.

ഈ വംശത്തെ സത്യപന്ഥാവിലേക്ക് ക്ഷണിക്കേണ്ടതിനായി നിയുക്തനായ ഹൂദ്നബി തന്റെ പ്രബോധനകേന്ദ്രമായി സ്വീകരിച്ചത് അഹ്ഖാഫ് ആണെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്.

"ആദിന്റെ സഹോദരൻ അഹ്ഖാഫിൽ വെച്ച് സ്വജനതയെ താക്കീതു ചെയ്ത സന്ദർഭം ഓർമിക്കുക. അദ്ദേഹത്തിന് മുമ്പും പിമ്പും താക്കീതുകൾ കഴിഞ്ഞുപോയിട്ടുണ്ട്: 'അല്ലാഹുവിനല്ലാതെ ഇബാദത്ത് (ഉപാസന) ചെയ്യരുത്. ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളെ പിടികൂടുമെന്ന് ഞാൻ ഭയപ്പെടുന്നു!"[3]

ഏതാണ് പ്രസ്തുത അഹ്ഖാഫ്? മൗലാനാ സുലൈമാൻ നദ്‌വിയുടെ അഭിപ്രായത്തിൽ 'അർറുബ്ഉൽ ഖാലി' എന്ന പേരിൽ ഇന്നറിയപ്പെടുന്ന, അറേബ്യയിലെ വിസ്തൃതമായ മണലാരണ്യമാണത്.[4] യമന്റെ സമീപത്താണത് സ്ഥിതിചെയ്യുന്നത്. ആകയാൽ ആദുവംശക്കാരുടെ വാസസ്ഥലം ആ പ്രദേശത്തായിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു.

## ഭരണവർഗം

അറേബ്യയുടെ ഭരണനേതൃത്വം ഒരു ഘട്ടത്തിൽ ആദുവംശത്തിന്റെ അധീനത്തിലായിരുന്നു. കൂടാതെ അന്നത്തെ ലോകാധിപത്യവും ഇവരുടെ വർഗത്തിനായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. ഹൂദ്നബിയുടെ ഒരുദ്ബോധനത്തിൽ അവരെ അനുസ്മരിപ്പിച്ചത് കാണുക:

"നോഹയുടെ ജനതക്കു ശേഷം നിങ്ങളെ അല്ലാഹു ഖലീഫമാരാ(ഭരണനേതാക്കൾ)ക്കിയത് സ്മരിക്കുവിൻ."[5]

നോഹയുടെ ജനത സുമേരിയന്മാരായിരുന്നുവെന്ന് നാം മുമ്പ് സമർഥിച്ചിട്ടുണ്ട്. സുമേരിയൻമാരുടെ ശേഷം ലോകരാഷ്ട്രീയ മേധാവിത്വം കരഗതമാക്കിയത് ഇവരുടെ വർഗമാണെന്നത്രെ മേൽവചനം സൂചിപ്പിക്കുന്നത്. ആദുവംശമുൾക്കൊള്ളുന്ന സെമിറ്റിക് വർഗത്തെയാവണം ഹൂദ്നബി വിവക്ഷിച്ചത്. സുമേരിയക്കാർക്കു ശേഷം സെമിറ്റിക്കുകാരായിരുന്നു ലോകരാഷ്ട്രീയ രംഗത്തെ അജയ്യശക്തി.

ചരിത്ര വസ്തുതകൾ ആഴത്തിൽ പരിശോധിക്കുന്നപക്ഷം പ്രസ്തുത വർഗത്തിനായിരുന്നു ലോകാധിപത്യമെന്ന് നമുക്ക് കാണാൻ കഴിയും. ഏഷ്യയുടെ നാനാഭാഗങ്ങളും അക്കാലത്ത് സെമിറ്റിക്കുകാരുടെ അധീനത്തിലായിരുന്നു. ഈജിപ്തും അവർ പിടിച്ചടക്കി. ക്രീറ്റ്, ഗ്രീക്ക്, ഫിനീഷ്യ, കാർത്തേജ്, സ്പെയിൻ, പേർഷ്യ, സിറിയ, അസ്സീരിയ, ബാബിലോണിയ, കാൽഡിയ – അങ്ങനെ ഒട്ടനേകം രാജ്യങ്ങൾ അവർക്കധീനപ്പെട്ടു. കൂടാതെ ഫിനീഷ്യൻമാർ എന്ന സെമിറ്റിക് ശാഖ ലോകമെങ്ങും അവരുടെ മതവും സംസ്കാരവും വ്യാപിപ്പിച്ചു. ഈ വസ്തുതകളെല്ലാം തെളിയിക്കുന്നത് സുമേരിയൻ ജനതക്കു ശേഷം സെമിറ്റിക്കുകാരാണ് ലോകാധിപത്യം കരസ്ഥമാക്കിയതെന്നാണ്.

## ഇന്ത്യയിൽ

ഇൻഡോ-ആര്യൻമാർ ഭാരതത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് ദ്രാവിഡരുടെ മേധാവിത്വമാണ് ഇവിടെയുണ്ടായിരുന്നതെന്ന് ആധുനിക ചരിത്രാന്വേഷകരിൽ പലരും അഭിപ്രായപ്പെടുന്നു. ദ്രാവിഡരും സുമേരിയരും

വർഗശാസ്ത്രപരമായി (Ethnic) ഒന്നായിരുന്നുവെന്ന ചില ഭൂമിശാസ്ത്ര കാരന്മാരുടെ നിഗമനം നാം മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സുമേരിയൻമാരെയാണ് ഖുർആൻ നൂഹിന്റെ ജനത എന്നു വിശേ ഷിപ്പിച്ചിരിക്കുന്നത്. ബൈബിൾ മതപ്രകാരം നോഹയുടെ ഒരു പുത്ര നായിരുന്നു യാഫെത്ത്. യാഫെത്തിന്റെ സന്താനപരമ്പരയിൽ പെട്ടവ രാവണം ദ്രാവിഡർ എന്നു നാം ഊഹിക്കുന്നു. ആകയാൽ ആര്യൻമാ രുടെ വരവിനു മുമ്പ് ഇന്ത്യയിൽ മേധാവിത്വം വഹിച്ചിരുന്നത് നോഹ യുടെ ജനമാണെന്ന് പറയാവുന്നതാണ്. അറബിചരിത്രകാരനായ മസൂദി തന്റെ 'മുറൂജുദ്ദഹബ്' എന്ന ചരിത്രകൃതിയിൽ ഇതിലേക്ക് സൂചന നൽകിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:

"നൂഹിന്റെ പുത്രനായ യാഫിഥിന്റെ സുതൻ സുബേലിന്റെ മകൻ ആബൂർ, അഥവാ ആമൂർ ഇന്ത്യയുടെ അതിർത്തികളിൽ ചെന്നു പാർത്തു."[6]

ദ്രാവിഡരെ കീഴടക്കി, ഇവിടെ സ്വന്തമായ ആധിപത്യം സ്ഥാപിക്കു കയും തങ്ങളുടേതായ സംസ്കാരവും നാഗരികതയും പ്രചരിപ്പിക്കു കയും ചെയ്ത ആര്യൻമാർ ആദുവംശത്തിന്റെ സഹോദരന്മാരായിരി ക്കണമെന്നാണ് നാം അനുമാനിക്കുന്നത്. ആര്യവംശക്കാരായ യദുക്കളെ ഇന്ദ്രൻ ദൂരദിക്കിൽ നിന്നു കൊണ്ടുവന്നതാണെന്നും അവർ സ്വദേശിക ളല്ല, വിദേശികളാണെന്നും വേദം സൂചിപ്പിച്ചിട്ടുണ്ട്.[7]

ഇന്ദ്രൻ ദൂരദിക്കിൽ നിന്ന് കൊണ്ടുവന്ന ഈ യദുവംശം ആദുവംശം തന്നെയാവണം. ആദും യദുവും തമ്മിൽ വളരെ ശബ്ദസാദൃശ്യമുണ്ട്. അപ്പോൾ നോഹയുടെ ജനതക്കു ശേഷം ആധിപത്യത്തിലേക്കുയർന്നു വന്ന വർഗം ആദിന്റേതാണെന്ന ഖുർആനിക വാദം ഭാരതത്തെസ്സംബ ന്ധിച്ചേടത്തോളം ശരിയായിരുന്നുവെന്നൂഹിക്കേണ്ടിയിരിക്കുന്നു.

## ശക്തിയും പ്രഭാവവും

ഇതര ജനതകളെ അപേക്ഷിച്ചു കൂടുതൽ ശേഷിയും ശേമുഷിയു മുള്ളവരായിരുന്നു ആദുവംശം. അവർ അരോഗദൃഢഗാത്രരും കോമളാം ഗരുമായിരുന്നു. അതുകൊണ്ടാണ് അവരുടെ പ്രവാചകൻ ഇങ്ങനെ ഉപ ദേശിച്ചതായി ഖുർആൻ പറഞ്ഞത്:

"എന്റെ ജനമേ, നിങ്ങൾ റബ്ബിനോട് മാപ്പിരക്കുക. അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. എങ്കിൽ അവൻ നിങ്ങൾക്ക് ധാരാളമായി മഴ വർഷിക്കുന്ന മേഘത്തെ അയച്ചുതരും. നിങ്ങളുടെ ശക്തിയിൽ കൂടു തൽ വർധനവ് നൽകും. നിങ്ങൾ പാപികളായി പിന്തിരിഞ്ഞു പോക രുത്."[8]

ഹൂദിനെത്തന്നെ ഉദ്ധരിച്ച് മറ്റൊരിടത്ത് ഖുർആൻ രേഖപ്പെടുത്തുന്നു:

"അല്ലാഹു നിങ്ങളുടെ പ്രകൃതിയിൽ വിശാലത വർധിപ്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്മരിക്കുവിൻ. നിങ്ങൾ വിജയി ച്ചേക്കും."[9]

ആദുസമുദായത്തിന്റെ പ്രത്യേകമായ ശാരീരിക ലക്ഷണങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട് പ്രസ്തുത ഖുർആൻ സൂക്തങ്ങൾ. അവരുടെ ശരീരത്തിന് അളവറ്റ ശേഷിയും കരുത്തുമുണ്ടായിരുന്നു. ശരീരാകൃതിയിൽ വിശാലത അനുഗ്രഹിക്കപ്പെട്ടിരുന്നു. ഹൂദ് നബിയുടെ വാചകം ഒരിക്കൽ കൂടി ശ്രദ്ധിക്കുക: ഇപ്പോൾ തന്നെ നിങ്ങൾ മഹാ ശക്തരാണ്. ഇനി എന്റെ ഉപദേശമനുസരിച്ച്, റബ്ബിങ്കൽ ശരണം പ്രാപിക്കുന്നതായാൽ അവൻ നിങ്ങളുടെ ശക്തി കൂടുതൽ വർധിപ്പിക്കും. അതായത്, ശാരീരികമായ ബലത്തിനു പുറമെ, മാനസികവും ധാർമികവും ആത്മീയവുമായ ശക്തി കൂടി നിങ്ങൾക്ക് അവൻ നൽകുന്നതാണ്.

രണ്ടാമത്തെ വചനത്തിൽ നിങ്ങളുടെ പ്രകൃതിയിൽ വിശാലത വർധിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. എന്താണീ പ്രയോഗത്തിന്റെ പൊരുൾ? അതു മനസ്സിലാക്കുവാൻ ബൈബിൾ നമ്മെ സഹായിക്കുന്നു. ഇസ്രായേൽ വംശത്തിലെ ആദ്യത്തെ രാജാവായ ശൗലി (താലൂത്തി)നെ വർണിച്ചപ്പോഴും ഏതാണ്ടിതിനോടടുത്ത പ്രയോഗമാണ് ഖുർആൻ സ്വീകരിച്ചത്. അതായത് അദ്ദേഹത്തിന് ശരീരാകൃതിയിൽ വിശാലത വർധിപ്പിച്ചിരിക്കുന്നു എന്ന്. ഇതിന്റെ പൊരുൾ 'ശമൂവേൽ ഒന്നാം പുസ്തകം' നമുക്ക് മനസ്സിലാക്കിത്തരുന്നത് ഇങ്ങനെയാണ്:

"അവന്ന് (കീശിന്) ശൗൽ എന്ന പേരോടെ യൗവനവും കോമളത്വവുമുള്ള ഒരു മകനുണ്ടായിരുന്നു. യിസ്രായേൽ മക്കളിൽ അവനെക്കാൾ കോമളനായ പുരുഷൻ ഇല്ലായിരുന്നു. അവൻ എല്ലാവരേക്കാളും തോൾ മുതൽ പൊക്കമേറിയവനായിരുന്നു."[10]

ആകയാൽ ആദുവംശക്കാരുടെ പ്രകൃതിയിൽ വിശാലത വർധിപ്പിച്ചു എന്നുവച്ചാൽ അവർക്ക് ആകാരസൗഷ്ഠവവും കോമളത്വവും പൊക്കവും അനുഗ്രഹിക്കപ്പെട്ടിരുന്നു എന്നാണർഥം. അവർ ആജാനുബാഹുക്കളും സുന്ദരന്മാരുമായിരുന്നു.

ആധുനിക ഗവേഷകന്മാരുടെ നിഗമനത്തിൽ ഇൻഡോ-ആര്യൻമാരുടെ ശരീരാകൃതിയും ഇതേ വിധമായിരുന്നു. സുന്ദരന്മാരും ശേഷി തികഞ്ഞവരുമായ ഒരു പ്രത്യേക വർഗമായിരുന്നു അവരെന്ന് വേദത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്. ആദി ആര്യന്മാരുടെ തൊലിയുടെ നിറം വെളുപ്പും മൂക്ക് ഉയർന്നു നീണ്ടതുമായിരുന്നു. സി.വി. വൈദ്യ എഴുതുന്നു:

"ജേതാക്കളായി ഇന്ത്യയിൽ പ്രവേശിച്ച ആര്യൻമാർ വെളുത്ത നിറവും ഉയർന്ന മൂക്കും ഉള്ളവരായിരുന്നു. ഇവിടെ കീഴടക്കപ്പെട്ട ദസ്യുക്കൾ ചെറിയ മൂക്കും കറുത്ത നിറവുമുള്ളവരും."[11]

ഋഗ്വേദ മഹർഷിമാരിൽ ഒരാളായ വസിഷ്ഠൻ ഒരു മന്ത്രത്തിൽ സ്വജനത്തെ ഇങ്ങനെ അഭിസംബോധനം ചെയ്യുന്നു: "വെള്ളനിറവും തലയുടെ വലതുഭാഗത്ത് കുടുമയുമുള്ള വസിഷ്ഠന്മാരേ."[12]

ചുരുക്കത്തിൽ സുന്ദരന്മാരായ ആകാരത്തോടുകൂടിയവരായിരുന്നു ഇൻഡോ-ആര്യൻമാരെന്നു തീർച്ച. ദസ്യുക്കളെ അഥവാ ദ്രാവിഡരെ യുദ്ധം ചെയ്തു കീഴ്പ്പെടുത്തിയ അവരുടെ ശേഷിയെപ്പറ്റി പ്രത്യേകം പറയേണ്ട ആവ

ശ്യമില്ലല്ലോ.

## അഹങ്കാരവും ദുരഭിമാനവും

ആദുവംശക്കാരുടെ മറ്റൊരു സവിശേഷതയായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് സ്വശക്തിയിലുള്ള ദുരഭിമാനവും അഹങ്കാരവുമത്രെ. ഖുർആൻ പറയുന്നു:

"ആദുവംശം ഭൂലോകത്ത് അന്യായമായി അഹങ്കരിച്ചു. അവർ (സാഭിമാനം) പറഞ്ഞു: ഏവർക്കുണ്ട് ഞങ്ങളേക്കാൾ വലിയ ബലം?"[13]

അഹങ്കാരപൂരിതമായ ഇതേ ചോദ്യമാണ് ഇൻഡോ-ആര്യൻമാരുടെ ശത്രക്രതുവും ചോദിച്ചത്: "ഏവർക്കുള്ളൂ വലിയ ബലം?"[14]

ആകയാൽ പ്രസ്തുത സവിശേഷ സ്വഭാവം ഇൻഡോ-ആര്യന്മാരിലും നാം കാണുന്നു. ഡോ. രാധാകൃഷ്ണൻ രേഖപ്പെടുത്തിയതു നോക്കുക:

"സ്വശക്തിയിലുള്ള അഭിമാനവും അന്യരെ ജയിച്ചുകീഴടക്കാനുള്ള ഉത്സാഹവും നിറഞ്ഞവരായിട്ടാണ് വേദകാലത്തെ ആര്യന്മാരെ നാം ഇന്ത്യയിൽ കാണുന്നത്."[15]

## അതിക്രമവും ക്രൂരതയും

അതിരുകവിഞ്ഞ അതിക്രമവും കീഴടക്കപ്പെട്ടവരോടുള്ള ക്രൂരമായ പെരുമാറ്റവുമാണ് ആദുവംശക്കാരുടെ മറ്റൊരു സവിശേഷതയായി ഖുർആൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ സ്വഭാവവിശേഷത്തെ വിമർശന സ്വരത്തിൽ പ്രവാചകനായ ഹൂദ് എടുത്തു പറയുന്നു:

"നിങ്ങൾ (ഒരു ജനതയെ) പിടികൂടുമ്പോൾ അത്യധികം ക്രൂരന്മാരായി പിടികൂടുന്നു."[16]

ഇതേ സ്വഭാവം ഈജിപ്ത് കീഴടക്കിയപ്പോൾ ഹെക്സോസുകളും പ്രകടിപ്പിക്കുകയുണ്ടായി. ആ സംഭവം മാനിത്തോനെ ഉദ്ധരിച്ചു ജോസഫസ് ഫ്ളേവിയസ് തന്റെ ചരിത്ര കൃതിയിൽ രേഖപ്പെടുത്തിയത് നോക്കുക:

"അവർ ഞങ്ങളുടെ നേതാക്കൻമാരെ ബന്ധനസ്ഥരാക്കി, സ്വശക്തി കൊണ്ട് ഞങ്ങളുടെമേൽ ആധിപത്യം സ്ഥാപിച്ച സന്ദർഭത്തിൽ ഞങ്ങളുടെ പട്ടണങ്ങൾ ചുട്ടെരിക്കുകയും ദേവാലയങ്ങൾ തകർക്കുകയും ദേവന്മാരെ നശിപ്പിക്കുകയും ചെയ്തു. ദേശവാസികളോട് അത്യന്തം ക്രൂരതയോടെ പെരുമാറി. ഒട്ടേറെ ആളുകളെ വാളിനിരയാക്കി. സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കിവെക്കുകയും ചെയ്തു..."[17]

ഇതേ നയവിശേഷമാണ് ഇന്ത്യയിൽ കുടിയേറിയ ആര്യൻമാർ ഇന്ത്യക്കാരോട് അനുവർത്തിച്ചത്. ഒരു വിഭാഗം മറ്റൊരു വിഭാഗവുമായി സമരത്തിലും സംഘട്ടനത്തിലും കഴിയുന്ന സന്ദർഭത്തിൽ ശത്രുക്കളെ പീഡിപ്പിക്കുക സാധാരണമാണ്. പക്ഷേ, ഒരു കക്ഷി കീഴടങ്ങുന്നതോടെ അവരോടുള്ള പകയും വിദ്വേഷവും മറു കക്ഷിക്ക് കുറഞ്ഞുവരുന്നതായാണ് നാം കാണാറുള്ളത്. ഇന്ത്യയിൽ കുടിയേറിപ്പാർത്ത ആര്യന്മാർ ഇതിനൊരപവാദമായിരുന്നു. അവർ ഇവിടത്തുകാരെ അടുപ്പിക്കുവാനോ

കാണുവാനോ കൊള്ളരുതാത്ത അശുദ്ധന്മാരായി കണക്കാക്കുകയും തദടിസ്ഥാനത്തിൽ നിയമങ്ങൾ നിർമിച്ചു നടപ്പാക്കുകയും മതഗ്രന്ഥ ങ്ങളും ധർമശാസ്ത്രങ്ങളും എഴുതി പ്രചരിപ്പിക്കുകയും ചെയ്തു. ആയി രക്കണക്കായ വർഷങ്ങൾ കഴിഞ്ഞിട്ടും, ഈ കൊടും ശാപത്തിൽ നിന്നു ശൂദ്രവിഭാഗങ്ങൾക്ക് മോചനം ലഭിച്ചിട്ടില്ല.

ആര്യന്മാർ രചിച്ച്, ഇവിടെ പ്രചരിപ്പിച്ച ധർമശാസ്ത്രങ്ങൾ, അഥവാ സ്മൃതികൾ അനവധിയാണ്. ആപസ്തംബൻ, ഗൗതമൻ, വസിഷ്ഠൻ എന്നിവരുടെ ധർമസൂത്രങ്ങളാണത്രെ അവയിൽ കൂടുതൽ പ്രാചീന ങ്ങൾ. ബുദ്ധന്റെ കാലത്തോടടുത്ത് മനുസ്മൃതിയും രചിക്കപ്പെട്ടു.[18] ശൂദ്ര ജാതിക്കാരുടെ മേൽ ആര്യന്മാർ നടപ്പാക്കിയ നിയമങ്ങളുടെ സാംബിൾ മനസ്സിലാക്കുന്നതിന് അവയിൽ നിന്നുള്ള ചില ഉദ്ധരണികൾ താഴെ കാണിക്കുന്നു:

“ശൂദ്രൻ നാലാം വർണക്കാരനായ ഏകജാതിയാകുന്നു. സച്ഛൂദ്രൻ (ബ്രാഹ്മണനെ ശുശ്രൂഷിക്കുന്ന ശൂദ്രൻ) കുളിക്കണം; അസച്ഛൂദ്രൻ (അങ്ങനെയല്ലാത്തവൻ) കുളിക്കാൻ പാടുള്ളതല്ല. ശൂദ്രൻ ബ്രാഹ്മ ണനെ ശുശ്രൂഷിച്ച് നിത്യവൃത്തി കഴിക്കേണ്ടവനാണ്. അവരിൽ വലിയ വലിയ ആളുകളെ ആദ്യം ശുശ്രൂഷിക്കണം. പഴഞ്ചോറ്, കീറത്തുണി, കീറക്കുട, കീറച്ചെരുപ്പ് മുതലായവയാണ് ശൂദ്രൻ ഉപയോഗിക്കേണ്ടത്. ബ്രാഹ്മണന്റെ എച്ചിൽ ശൂദ്രൻ തിന്നേണ്ടതാണ്.”[19] വല്ല ശൂദ്രനും ബ്രാഹ്മണനെ ശകാരിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നപക്ഷം അതിനുപയോഗിച്ചിട്ടുള്ള അതത് അവയവങ്ങൾ ഛേദിച്ചുകളയണം; അനാഥയായ (ഭർത്തൃസംരക്ഷണമില്ലാത്ത) ബ്രാഹ്മണസ്ത്രീയെ വല്ല ശൂദ്രനും പ്രാപിച്ചാൽ അവന്റെ പുരുഷാവയവം മുറിച്ചു വേർപ്പെടുത്തിയ ശേഷം, സ്വത്തുക്കൾ പിടിച്ചെടുക്കണം; ഭർത്തൃസംരക്ഷണത്തിലിരി ക്കുന്ന ഒരു ബ്രാഹ്മണസ്ത്രീയെ ശൂദ്രൻ പ്രാപിക്കുന്ന പക്ഷം അവന്റെ പുരുഷാവയവം മുറിച്ചുകളഞ്ഞ്, സ്വത്തുക്കൾ പിടിച്ചെടുക്കുകയും അവനെ വധിക്കുകയും വേണം. അങ്ങനെയാണ് മനു, വസിഷ്ഠൻ, യാജ്ഞവൽക്യൻ, ബോധായനൻ മുതലായവരുടെ കർമശാസ്ത്രങ്ങൾ പറയുന്നത്. [20] നേരെ മറിച്ച്, ഒരു ശൂദ്രസ്ത്രീയെ ബ്രാഹ്മണൻ ബലാൽസംഗം ചെയ്താൽ അയാൾക്ക് യാതൊരു ശിക്ഷയുമില്ല. ഒന്നു കുളിക്കണമെന്നു മാത്രം. ഇതത്രെ യാജ്ഞവൽക്യന്റെ മതം.[21]

ബ്രാഹ്മണന്റെ ഒപ്പം നടന്ന ശൂദ്രനെ ചമ്മട്ടികൊണ്ടടിക്കണമെന്നും, വേദം കേട്ട ശൂദ്രന്റെ കാതിൽ ഈയവും അരക്കും ഉരുക്കിയൊഴിക്കണ മെന്നും, വേദമുച്ചരിച്ച ശൂദ്രന്റെ നാവ് അറുത്തു വേർപ്പെടുത്തണമെന്നും മറ്റും ആപസ്തംബ ധർമസൂത്രം പറയുന്നു.[22]

ബ്രാഹ്മണനെ കൊല്ലുന്ന ശൂദ്രനെ തീയിലിട്ട് അൽപാൽപമായി ‘ചിത്രവധം’ നടത്തണമെന്നും, എന്നാൽ മറ്റു ജാതിക്കാർ ശൂദ്രനെ വധി ച്ചാൽ ഒരു വർഷത്തെ തടവും പന്ത്രണ്ട് പശു പിഴയും മതിയെന്നും ഗൗതമധർമസൂത്രം വിധിക്കുന്നു. ശൂദ്രന്റെ സ്വത്ത് പിടിച്ചെടുക്കാൻ ബ്രാഹ്മണന് അവകാശമുണ്ടെന്നും ശൂദ്രന് സ്വത്ത് സമ്പാദിക്കാൻ പാടി

ല്ലാത്തതിനാൽ ഈ കാര്യത്തിൽ പരാതി വേണ്ടെന്നും, തന്റെ യജമാനൻ അയാളുടേതായ സമ്പത്ത് എടുത്തുകൊണ്ടുപോയെന്ന് മാത്രമേ വിചാരിക്കാനുള്ളൂവെന്നും മനുസ്മൃതി പറയുന്നു.[23]

ബ്രാഹ്മണൻ മോഷ്ടിച്ചാൽ അയാളുടെ കണ്ണ് രണ്ടും കെട്ടി വെറുതെ വിടണമെന്നും, ശൂദ്രൻ മോഷണം നടത്തിയാൽ അവന്റെ സ്വത്തുക്കൾ പിടിച്ചെടുത്തശേഷം അവനെ വധിച്ചുകളയണമെന്നുമാണ് ആപസ്തംബ ധർമസൂത്രത്തിലെ വിധി. [24]

ബ്രാഹ്മണനോടു കൂടി ഇരിപ്പിടത്തിൽ ഇരുന്ന ശൂദ്രനെ പ്രാണഹാനി ഭവിക്കാത്ത വിധം ഇടുപ്പിൽ ചൂടുവെച്ചിട്ടോ, പൃഷ്ഠഭാഗം അറുത്തുകളഞ്ഞിട്ടോ, നഗരത്തിൽനിന്നോടിച്ചു കളയണമെന്നും, ശൂദ്രൻ ബ്രാഹ്മണനെ നോക്കി അഹങ്കാരം മൂലം കാർക്കിച്ചു തുപ്പിയാൽ അവന്റെ ചുണ്ട് രണ്ടും, മൂത്രം പുറത്തൊഴിച്ചപമാനിച്ചാൽ അവന്റെ മേഢ്റവും മലം പുറത്തെറിഞ്ഞപമാനിച്ചാൽ അവന്റെ ഗുദവും ഛേദിക്കണമെന്നും മനുസ്മൃതി പറയുന്നു.[25]

ഇങ്ങനെ പോകുന്നു ആര്യൻമാർ നിർമിച്ചു ഇവിടെ നടപ്പിൽ വരുത്തിയ നിയമചട്ടങ്ങളുടെ നീണ്ട പട്ടിക. ഇത്ര നിഷ്ഠുരവും അനീതിപരവുമായ ശിക്ഷകൾക്കും മർദനങ്ങൾക്കും വിധേയരാക്കാൻ മാത്രം ശൂദ്രൻമാർ എന്തു പിഴച്ചു എന്നു ചോദിച്ചാൽ, അവരുടെ പിതാമഹന്മാരിൽ ചിലർ ആര്യന്മാരുമായി മുമ്പു നടന്ന സമരങ്ങളിൽ പരാജയമടഞ്ഞുവെന്ന ഒരുത്തരമേയുള്ളൂ. ഇയ്യൊരു കുറ്റമല്ലാതെ മറ്റൊന്നും ശൂദ്രൻമാർ ചെയ്തിട്ടില്ല. അതിനാൽ അവർ ദാസന്മാരും വൃഷളന്മാരും ചണ്ഡാലൻമാരും പിശാചൻമാരും രാക്ഷസൻമാരുമൊക്കെ ആയിത്തീർന്നു. അടുപ്പിക്കാൻ പോലും കൊള്ളാത്തവരും!

ചുരുക്കത്തിൽ കീഴടക്കപ്പെട്ടവരോട് അതിക്രൂരമായും അതിക്രമപരമായും പെരുമാറുകയെന്ന ആദുവംശക്കാരുടെ സവിശേഷത ഇൻഡോ-ആര്യൻമാർക്കുമുണ്ടായിരുന്നുവെന്ന് സിദ്ധം.

## വാസ്തുവിദ്യ

വാസ്തുവിദ്യയിൽ നേടിയ വൈദഗ്ധ്യവും സാമർഥ്യവുമാണ് ആദുവംശക്കാരുടെ, ഖുർആൻ ചൂണ്ടിക്കാണിക്കുന്ന വേറൊരു സവിശേഷത. അവർ നിരവധി സ്മാരകങ്ങളും കലാമന്ദിരങ്ങളും നിർമിച്ചിരുന്നു. ഉന്നത സ്ഥലങ്ങളെയാണ് ഈ കലാശില്പങ്ങൾക്ക് തിരഞ്ഞെടുത്തിരുന്നത്. ആവശ്യാധിഷ്ഠിതമായിരുന്നില്ല, തങ്ങളുടെ പ്രതാപത്തേയും പ്രഭാവത്തേയും കാണിക്കുവാനുള്ള ആർഭാടാധിഷ്ഠിതമായിരുന്നു ആദുകാരുടെ ശില്പവേലകൾ. അവയെപ്പറ്റി പ്രവാചകനായ ഹൂദിന്റെ വിമർശനം ഖുർആൻ ഉദ്ധരിച്ചതു കാണുക:

"എല്ലാ ഓരോ ഉയർന്ന സ്ഥലത്തും നിങ്ങൾ വൃഥാ സ്മാരകം നിർമിക്കുകയും ഇവിടെ ശാശ്വതമായി പാർത്തുകളയാമെന്ന് പ്രതീക്ഷിച്ച് കലാമന്ദിരങ്ങളുണ്ടാക്കി വെക്കുകയും ചെയ്യുന്നുവോ?"[26]

അവരുടെ അന്യാദൃശമായ ബുദ്ധിവൈഭവത്തെയും നിരീക്ഷണ പാട

വത്തെയുമാണല്ലോ ഇത് തെളിയിക്കുന്നത്. "വാസ്തവത്തിൽ അവർ മഹാബുദ്ധിശാലികൾ തന്നെയായിരുന്നു." [27]

ഇൻഡോ- ആര്യന്മാരുടെ കലാവൈശിഷ്ട്യത്തെപ്പറ്റി അവധാന പൂർവം പരിശോധിക്കുന്നപക്ഷം മേൽ പ്രസ്താവിച്ച സവിശേഷത അവരുടെ വാസ്തുശിൽപങ്ങൾക്കും കാണാൻ കഴിയും. ഇവിടെ ഒരു വിശദീകരണം ആവശ്യമാണെന്നു തോന്നുന്നു.

മോഹൻജെദാറോ, ഹരപ്പ എന്നിവിടങ്ങളിൽ നടന്ന ഉത്ഖനന ഗവേഷണം വഴി, ബി. സി. 3000-ത്തിനു മുമ്പുതന്നെ ഇന്ത്യയിൽ വാസ്തുവിദ്യ പുരോഗതി പ്രാപിച്ചിരുന്നതായി തെളിഞ്ഞിട്ടുണ്ട്. എന്നാൽ, ആര്യാഗമനത്തിനു ശേഷം ഇവിടെ വളർന്നുവന്ന വാസ്തുശിൽപങ്ങൾക്ക് അതിനു മുമ്പുള്ള ശിൽപങ്ങളുമായി മൗലികമായി ഒരന്തരം ചൂണ്ടിക്കാണിക്കപ്പെടുന്നു. ആര്യാഗമനത്തിന് മുമ്പ് മുഖ്യമായ വല്ല ആവശ്യങ്ങളേയും മുൻനിർത്തിയാണ് കെട്ടിട നിർമാണം നടന്നിരുന്നതെങ്കിൽ, അതിനു ശേഷമുണ്ടായ വാസ്തുശിൽപങ്ങൾ പ്രധാനമായും പ്രൗഢിക്കും പ്രതാപത്തിനും വേണ്ടിയുള്ളവയായിരുന്നു. സൈന്ധവ സംസ്കാരത്തിലെ വാസ്തുശിൽപത്തെപ്പറ്റി വിശ്വവിജ്ഞാനകോശം പറുയുന്നു:

"സിന്ധുദേശത്തെ അവശിഷ്ടങ്ങൾ പരിശോധിച്ചതിൽ അവിടെ താമസിച്ചിരുന്നവർ മോടിയേക്കാൾ ഉപയോഗത്തിന് കൂടുതൽ സ്ഥാനം നൽകിയതായി കാണുന്നു."[28]

ഭീമാകാരങ്ങളായ ദേവാലയങ്ങളോ രാജകൊട്ടാരങ്ങളോ ആർഭാടപൂർവം കെട്ടിപ്പൊക്കുന്ന സമ്പ്രദായം സൈന്ധവന്മാർക്കുണ്ടായിരുന്നില്ല. സർ ജോൺ മാർഷലിനെ ഉദ്ധരിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രേഖപ്പെടുത്തുന്നു:

"മോഹൻജെദാറോവിലെ പൗരൻമാരുടെ ഒന്നാന്തരം കുളിപ്പുരകളോടും വിശാലമായ ഭവനങ്ങളോടും താരതമ്യപ്പെടുത്താവുന്നതായി നമ്മുടെ അറിവിൽ പെട്ട യാതൊന്നും തന്നെ ചരിത്ര പൂർവ ഈജിപ്തിലോ, മെസൊപൊട്ടേമിയയിലോ, പശ്ചിമേഷ്യയിൽ മറ്റെവിടെയെങ്കിലുമോ ഉണ്ടായിരുന്നില്ല. ആ രാജ്യങ്ങളിൽ ദേവന്മാർക്കുള്ള ഗംഭീര ക്ഷേത്രങ്ങളും രാജാക്കൻമാരുടെ കൊട്ടാരങ്ങളും പണിചെയ്യുവാൻ ധാരാളം പണവും ചിന്തയും ലോഭംകൂടാതെ ചെലവഴിച്ചിരുന്നു. പക്ഷേ, ബാക്കിയുള്ള ജനങ്ങൾ നിസ്സാരങ്ങളായ മൺകുടിലുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടിയിരുന്നതായി വിചാരിക്കണം. സിന്ധുതടത്തിൽ കാര്യം നേരെ മറിച്ചാണ്. പൗരൻമാരുടെ സൗകര്യങ്ങൾ പുരസ്കരിച്ച് നിർമിച്ചവയാണ് ഏറ്റവും മികച്ച കെട്ടിടങ്ങൾ!"[29]

അങ്ങനെ ആവശ്യാധിഷ്ഠിതമായിരുന്നു അന്നത്തെ വാസ്തുശില്പം. എന്നാൽ, ആര്യാഗമനത്തിനു ശേഷം ഇവിടെ ഉയർന്നുവന്ന ഗംഭീര ഹർമ്യങ്ങൾ ആർഭാടാധിഷ്ഠിതം മാത്രമായിരുന്നു. ദേവൻമാരുടെ ക്ഷേത്രങ്ങൾ, രാജാക്കൻമാരുടെ കൊട്ടാരങ്ങൾ, പ്രതാപത്തിനും പ്രൗഢിക്കും വേണ്ടി നിർമിച്ച

സ്മാരകങ്ങൾ മുതലായവയാണ് പില്ക്കാലത്തെ പ്രധാന ശില്പങ്ങൾ. ഇവയിൽ ചിലത് ഉന്നതങ്ങളായ പാറകളിലാണ് നിർമിച്ചതെന്ന സംഗതി ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. "എല്ലോറയിലെ കൈലാസക്ഷേത്രം, കാംഗ്രായിലെ മാസ്റൂർക്ഷേത്രം, ഹോംനാറിലുള്ള വൈഷ്ണവക്ഷേത്രം, മഹാബലിപുരത്തുള്ള ഏഴു പഗോഡകൾ എന്നിവ (ഉയർന്ന) പാറകളുടെ പുറംകൊത്തിയുണ്ടാക്കിയവയാണ്."[30]

ഇപ്രകാരം തന്നെ ഒട്ടനവധി ശില്പകലാസ്മാരകങ്ങളും ഇന്ത്യയിൽ നമുക്ക് കാണാവുന്നതാണ്. പ്രസിദ്ധങ്ങളായ ഏഴ് അശോകസ്തംഭങ്ങൾ, സാരനാഥത്തിലും രാമപൂർവത്തിലും ഉള്ള രാജകീയ ശിലാകലാ സ്മാരകങ്ങൾ, യക്ഷയക്ഷി പ്രതിമാശില്പങ്ങൾ, സാഞ്ചിയിലെ 'സ്തൂപം', ബുദ്ധവിഹാരങ്ങളിലെ 'മഥുരസ്കൂൾ' മാതൃകയിലുള്ള ചിഹ്നങ്ങൾ എന്നിവ ഉദാഹരണങ്ങൾ. ഇവയൊന്നും മുഖ്യമായ വല്ല ജീവിതാവശ്യത്തെയും മുൻനിർത്തി നിർമിച്ചതല്ലെന്നു വ്യക്തമാണ്. പ്രസ്തുത വസ്തുക്കൾ മനസ്സിൽ വെച്ചുകൊണ്ട്, പ്രവാചകനായ ഹൂദ് ആദുവംശത്തെ ഉദ്ബോധനം ചെയ്ത വാക്യം ഒന്നുകൂടി ശ്രദ്ധിക്കുക: "ഓരോ ഉയർന്ന സ്ഥലത്തും നിങ്ങൾ വൃഥാ സ്മാരകം നിർമിക്കുകയും ഇവിടെ ശാശ്വതമായി പാർത്തുകളയാമെന്നു പ്രതീക്ഷിച്ച് കലാമന്ദിരങ്ങളുണ്ടാക്കിവയ്ക്കുകയും ചെയ്യുന്നുവോ?"[31]

ആകയാൽ, കലാശില്പങ്ങളുടെ മാതൃക പരിശോധിച്ചാൽ ആദുകാരുടേതും ഇൻഡോ-ആര്യന്മാരുടേതും തമ്മിൽ വലുതായ സാദൃശ്യം കാണാവുന്നതാണ്.

## ധനശക്തിയും ജനശക്തിയും

ധനശക്തിയും ജനശക്തിയും ഒത്തിണങ്ങിയ ഒരു പ്രബല സമുദായമായിരുന്നു ആദുഗോത്രം. അവർക്ക് ധാരാളം കാലിസ്സമ്പത്തുണ്ടായിരുന്നു. കാലികളായിരുന്നു അവരുടെ സമ്പത്സമൃദ്ധിക്ക് നിദാനം. കൂടാതെ തോട്ടങ്ങൾ, അരുവിയാറുകൾ മുതലായവകൊണ്ടും അവർ അനുഗൃഹീതരായിരുന്നു. ഇതിനും പുറമെ, ആൾബലം കൊണ്ട് ഒരു നിസ്തുലശക്തിയുമായിരുന്നു. പ്രസ്തുത വസ്തുതകളിലേക്ക് വിരൽചൂണ്ടിക്കൊണ്ട് പ്രവാചകനായ ഹൂദ് അവരെ ഉദ്ബോധിപ്പിച്ചത് നോക്കുക:

"നിങ്ങൾക്കറിയാവുന്ന സമ്പത്തുക്കൾ വഴി നിങ്ങളെ അനുഗ്രഹിച്ച ദൈവത്തെ സൂക്ഷിക്കുക. കാലികൾ, സന്തതികൾ, തോട്ടങ്ങൾ, അരുവിയാറുകൾ എന്നിവ കൊണ്ട് അവൻ നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു."[32]

ഇൻഡോ-ആര്യന്മാരും ഒരു ഗോപാലവർഗമായിരുന്നു. അതുകൊണ്ടാണ് അവർ ഇങ്ങനെ പ്രാർഥിച്ചിരുന്നതായി ഋഗ്വേദത്തിൽ നാം കാണുന്നത്:

"പൂഷാവെ, നല്ല പുല്ലുള്ളേടത്തേക്കേ കൊണ്ടുപോക;
വഴിക്കേശായ്ക, പുതുചൂടി;തിൽ കരുതൽ വേണമേ![33]

ഏതോ ഒരു യാത്രാമധ്യേയാവണം, അവർ ഈ മന്ത്രം രചിച്ചത്. ഏതായാലും, അവർ ഗോപാലൻമാരായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. ഇടയ

നായ ഒരു ഋഷി ഇന്ദ്രനോടും അഗ്നിയോടും പ്രാർഥിക്കുകയാണ്:

"ഇന്ദ്രൻ നിയന്ത്രിക്കട്ടെ,യിവയേ;
യിങ്ങിണക്കട്ടെയഗ്നിയും!
പേർത്തു പേർത്തു വന്നിഗ്ഗോനാഥങ്കൽ-
പ്പാർത്തിവ പുഷ്ടികൊള്ളട്ടെ!"[34]

തന്റെ ഗോക്കൾ എങ്ങോട്ടും വഴിതെറ്റിപ്പോകാതെ തന്റെ അരികിലേക്കുതന്നെ തിരിച്ചെത്തേണ്ടതിനായി ഋഷി ദേവന്മാരായ ഇന്ദ്രനോടും അഗ്നിയോടും ചെയ്യുന്ന ഒരഭ്യർഥനയത്രെ ഇത്. ഈജിപ്തിനെ കീഴടക്കി ഭരിച്ച ഹെക്സോസും ഇൻഡോ-ആര്യന്മാരും തമ്മിലുള്ള ബന്ധം ചില ചരിത്രാന്വേഷകർ ചൂണ്ടിക്കാണിച്ചത് ഇവിടെ സ്മർത്തവ്യമാണ്.

## ബഹുദൈവവാദം

ദേവന്മാരെ പ്രതിഷ്ഠിച്ചു പൂജിക്കുന്ന ബഹുദൈവവാദികളുടെ സമുദായമായിരുന്നു ആദുവംശം. അവർക്ക് അനേകം ദേവതകളുണ്ടായിരുന്നു. പക്ഷേ, ആ ദേവതകളുടെ പേരുകളൊന്നും ഖുർആനിൽ പറഞ്ഞിട്ടില്ല. എന്നാൽ, ഇതോടൊപ്പം പരമോന്നതനും പ്രപഞ്ചനാഥനുമായ ഒരു മഹഛക്തിയുണ്ടെന്നും അവർ സമ്മതിച്ചിരുന്നതായി ഖുർആൻ സൂചിപ്പിക്കുന്നു. ആ പരമ ശക്തനെ മാത്രം ആശ്രയിക്കാനും ആരാധിക്കാനുമായിരുന്നു ദൈവദൂതനായ ഹൂദിന്റെ ആഹ്വാനം: "എന്റെ ജനങ്ങളേ, അല്ലാഹുവിന് ഉപാസന ചെയ്യുവിൻ. അവനൊഴികെ നിങ്ങൾക്കൊരു ദൈവമില്ല."[35]

എന്നാൽ, അവരിൽ ബഹുഭൂരിഭാഗവും ഈ ആഹ്വാനം അംഗീകരിച്ചില്ല. തങ്ങളുടെ പൂർവന്മാർ മുൻകാലം മുതൽ ആചരിച്ചുവന്ന മതം ഉപേക്ഷിക്കില്ലെന്നും, അതിന്റെ പേരിൽ ദൈവം തങ്ങളെ ശിക്ഷിക്കുകയാണെങ്കിൽ അതൊന്നു കാണട്ടെ എന്നും നിർബന്ധ ബുദ്ധികളായ ആദുജനത ശാഠ്യം പിടിച്ചു. അങ്ങനെ ദൈവദൂതനെ അവർ ധിക്കരിച്ചു.

ഇൻഡോ-ആര്യന്മാരുടെ ആദിസാഹിത്യമായ വേദങ്ങൾ പരിശോധിക്കുന്ന പക്ഷം ഇതേ ബഹുദൈവവാദവും അതോടൊപ്പം ഏകത്വഭാവനയും നമുക്ക് കാണാവുന്നതാണ്. ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി മുതലായ ദേവന്മാരെ സ്തുതിച്ചും പ്രാർഥിച്ചുംകൊണ്ടുള്ള സൂക്തങ്ങളാണ് ഋഗ്വേദത്തിൽ അധികകൂറും സ്ഥലം പിടിച്ചിരിക്കുന്നത്. എന്നാൽ ചിലപ്പോൾ ദൈവസങ്കൽപം സ്ഫുരിക്കുന്ന ചില മന്ത്രങ്ങളും അതിൽ കാണാം. ഉദാഹരണമായി ഒരു ഋക്കിൽ കാണുന്നു:

"ഹിരണ്യഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാതഃ പതിരേക ആസീത്
സദാധാര പൃഥിവീം ദ്യാമു തേമാം
കസ്മൈ ദേവായ ഹവിഷാ വിധേമ!"[36]

(ഹിരണ്യഗർഭൻ മുമ്പേ ഉണ്ടായിരുന്നു. ഭൂതങ്ങളുടെ ഏകാധീശനത്രെ അദ്ദേഹം. അദ്ദേഹമാണ് പൃഥിവിയേയും [ഭൂമി] ദ്യോവിനേയും

[ആകാശം] താങ്ങിനിർത്തിയത്. ആ 'കൻ' എന്ന ദേവന് നാം ഹവിസ്സർപ്പിക്കുക [ഉപാസന ചെയ്യുക!])

മറ്റൊരു ഋക്കിൽ പറയുന്നു:

"ഇന്ദ്രം മിത്രം വരുണമഗ്നിമാഹു-
രഥോ ദിവ്യഃസ സുപർണ്ണോ ഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാ വദ-
ന്ത്യഗ്നിം യമം മാതരിശ്വാനമാഹു!"[37]

(അദ്ദേഹത്തെ ഇന്ദ്രനെന്നും മിത്രനെന്നും അഗ്നിയെന്നും പറയുന്നു. വാനത്തു വടിവിൽ പറക്കുന്ന ഗരുഡനും അദ്ദേഹം തന്നെ. വിദ്വാൻമാർ ഒന്നിനെ പലതാക്കിപ്പറയുകയാണ്. വൈദ്യുതാഗ്നി, യമൻ, മാതരിശ്വാവ് എല്ലാം അദ്ദേഹം തന്നെ.)

ആകയാൽ പ്രപഞ്ചത്തിന്റെ അധീശാധിപതി ഏകനാണെന്ന് ഇൻഡോ- ആര്യന്മാരും വിശ്വസിച്ചിരുന്നു. അതോടൊപ്പം ബഹുദൈവാരാധനയിൽ നിന്ന് ഒഴിവായിരുന്നില്ലതാനും.

## ഇറമും ആര്യനും

ഇറം എന്ന ഒരു മഹാവർഗത്തിന്റെ ശാഖയായിരുന്നു ആദ് എന്ന് ഖുർആൻ പറയുന്നു. ലോകത്തെങ്ങും തുല്യത കാണാത്ത ഒരു വർഗ്ഗമായിരുന്നു അവർ. സ്തംഭങ്ങളുടെ കർത്താക്കൻമാരുമായിരുന്നു അവർ എന്ന് ഖുർആൻ പ്രത്യേകം വിശേഷിപ്പിച്ചിട്ടുണ്ട്. [38]

സ്തംഭങ്ങൾകൊണ്ട് പ്രൗഢിയും പ്രതാപവും പ്രകടിപ്പിക്കുന്നതിനായി നിർമിതമായ സ്തൂപങ്ങളോ, യാഗത്തിനും യജ്ഞത്തിനുമുള്ള മൃഗങ്ങളെ കെട്ടുവാൻ പണിയുന്ന യൂപങ്ങളോ, രണ്ടും കൂടിയോ വിവക്ഷിക്കാവുന്നതാണ്. അവ രണ്ടിനും ആര്യൻമാരുടെ ജീവിതത്തിൽ വളരെ പ്രാധാന്യമുണ്ടായിരുന്നു. സ്തൂപനിർമാണകലയെപ്പറ്റി നാം നേരത്തെ സൂചിപ്പിച്ചു. ഇനി യൂപനിർമാണത്തെപ്പറ്റി നോക്കാം.

ഇൻഡോ-ആര്യൻമാരുടെ ദേവാരാധനാരീതി മിക്കവാറും യാഗങ്ങളായിരുന്നു. മന്ത്രങ്ങളോടുകൂടിയ ഒരു തരം ബലികളായിരുന്നു യാഗങ്ങൾ. ഇവയിലൊന്നാണ് അശ്വമേധയാഗം. ഇതുപോലെ പലതരം യാഗവിധികൾ വേദത്തിന്റെ ഭാഗമായ ബ്രാഹ്മണങ്ങളിൽ വിസ്തരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ നരമേധവും (നരബലി) പെടുന്നു. ഋഗ്വേദം ഒന്നാം മണ്ഡലം ഇരുപത്തിനാലാം സൂക്തത്തിലെ രണ്ടു ഋക്കുകളിലും, ഋഗ്വേദീയ ഐതരേയ ബ്രാഹ്മണം ഏഴാം പഞ്ചിക, മൂന്നാമധ്യായത്തിലും വിവരിച്ച ഒരു സംഭവം കാണുക:

ഹരിശ്ചന്ദ്രന് ഉദരരോഗമുണ്ടായപ്പോൾ, തനിക്കൊരു പുത്രനുണ്ടായാൽ അവനെ അറുത്ത് വരുണദേവന് ബലികൊടുക്കാമെന്ന് അദ്ദേഹം നേർന്നു. പുത്രനുണ്ടായി. പുത്രൻ പിതാവിന്റെ നേർച്ചയെപ്പറ്റി അറിഞ്ഞപ്പോൾ ഭയന്നു നാടുവിട്ടു. അഞ്ചാറുവർഷങ്ങളോളം പലേടങ്ങളിലും ചുറ്റിത്തിരിഞ്ഞു. ഒരു ദിവസം അംഗിരസ്സിന്റെ ഗോത്രക്കാരനായ അജീ

ഗർത്തൻ എന്ന ബ്രാഹ്മണനെ സമീപിച്ചു. അയാൾ അജീഗർത്തന്റെ നടുവിലത്തെ മകനായ ശുനഃശേപനെ നൂറുപശുക്കൾ പ്രതിഫലത്തി ന്മേൽ വാങ്ങി പിതാവിനു കൊടുത്തു. ശുനഃശേപനെ യജ്ഞത്തിനായി ഹരിശ്ചന്ദ്രൻ യൂപത്തിൽ ബന്ധിച്ചു. എങ്കിലും ശുനഃശേപൻ തന്റെ സദ്ഗുണാധിക്യത്താൽ വിശ്വാമിത്രമഹർഷിയെ വശീകരിക്കുകയും അദ്ദേ ഹത്തിന്റെ സഹായത്തോടെ മൃത്യുവക്ത്രത്തിൽ നിന്നു മുക്തനാവുകയും ചെയ്തു. തുടർന്നു 'ദേവരാതൻ' എന്ന അപരനാമം സ്വീകരിച്ച് ശുനഃ ശേപൻ വിശ്വാമിത്ര ഗോത്രത്തിലെ ഒരംഗമായിത്തീർന്നു.

ഇതാണ് ശുനഃശേപോപാഖ്യാനത്തിന്റെ രത്നച്ചുരുക്കം. ഇതിൽ നിന്ന് നര മേധവും വേദകാലത്തെ ആര്യന്മാർക്കിടയിൽ നടന്നിരുന്നുവെന്ന് വ്യാഖ്യാതാ ക്കളിൽ പലരും അഭിപ്രായപ്പെടുന്നു. എന്നാൽ ആര്യസമാജസ്ഥാപക നേതാ വായ ശ്രീ. ദയാനന്ദ സ്വാമികൾ ഇതു സമ്മതിക്കുന്നില്ല. ഏതായാലും പല തരം ബലികളും യാഗങ്ങളും വൈദികാര്യൻമാർ നടത്തിയിരുന്നുവെന്ന് പൊതു വിൽ അംഗീകരിക്കപ്പെടുന്നു. അതിനാൽ ബലിമൃഗത്തെ കെട്ടിയിട്ടിരുന്ന യജ്ഞ സ്തംഭം, അഥവാ യൂപം ആര്യൻമാരുടെ ഒരു സവിശേഷ ചിഹ്നമായിരുന്നു എന്നതിൽ സംശയമില്ല. ആകയാൽ ഇറമിനെ ഖുർആൻ 'ദാത്തുൽ ഇമാദ്' (സ്തംഭങ്ങളുടയവർ) എന്നു വിശേഷിപ്പിച്ചത് വളരെ അർഥഗർഭമാണ്. ഇതേ ഇറമിൽ നിന്ന് നിഷ്പന്നമായ ഒരു പദമാവണം ആര്യം എന്നു നാം ഊഹി ക്കുന്നു.

## ആദിന്റെ വിനാശം

ആദുസമുദായം ഒടുവിൽ ഉന്മൂലനം ചെയ്യപ്പെട്ടുവെന്ന് ഖുർആൻ പ്രസ്താ വിക്കുന്നു. ഏഴു രാത്രിയും എട്ടു പകലും നിരന്തരം അടിച്ചുവീശിയ ഒരു കൊടു ങ്കാറ്റുമൂലമാണ് അവരും അവരുടെ നഗരങ്ങളും തകർക്കപ്പെട്ടതെന്നും,[39] പ്രവാചകനായ ഹൂദും അദ്ദേഹത്തിന്റെ അനുയായികളായ ചെറിയ ഒരു ന്യൂനപക്ഷവും മാത്രം അതിൽ നിന്നു രക്ഷപ്പെട്ടു എന്നും ഖുർആൻ പറയുന്നു.[40]

അറേബ്യയിൽനിന്ന് ഈ വംശത്തിന്റെ ആധിപത്യം എന്നന്നേക്കു മായി അവസാനിച്ചുവെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. എന്നാൽ, മറ്റൊ രിടത്ത് അവരുടെ ആധിപത്യവും നാഗരികതയും അവശേഷിക്കുന്നതിനെ ഖുർആൻ നിഷേധിക്കുന്നില്ല. അതിനാൽ ഭാരതത്തിൽ ആ വർഗത്തിന്റെ ആധിപത്യവും സംസ്കാരവും പിന്നേയും നിലനിന്നിരുന്നതായി അനു മാനിക്കുന്നതിൽ തെറ്റില്ല.

### കുറിപ്പുകൾ

1. ഖുർആൻ 106-ാം അധ്യായം നോക്കുക.
2. കഠോപനിഷത്ത് - മലയാള വിവർത്തനത്തിന്റെ മുഖവുര പേ. 6 നോക്കുക.
3. ഖുർആൻ 46: 21
4. അർദുൽ ഖുർആൻ വാ. 1, പേ. 174
5. ഖുർആൻ 7: 69

6. മുറൂജുദ്ദഹബ് വാ. 1, പേ. 132
7. ഋഗ്വേദം മണ്ഡലം 6, സൂ. 45, ഋക് 1
8. ഖുർആൻ 11: 52
9. ഖുർആൻ 7: 69
10. i ശമൂവേൽ 9:2
11. History of Sanskrit Literature, Vedic Period
12. ഋഗ്വേദം മണ്ഡലം 7, സൂക്തം 33, ഋക് 1
13. ഖുർആൻ അ. 41, സൂ. 15
14. ഋഗ്വേദം മ. 8, സൂ. 77, ഋ. 1
15. Indian Phylosophy Vol. 1, P. 113
16. ഖുർആൻ അ. 26, സൂ. 130
17. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 172
18. History of Civilization of Ancient India, by R.C.Dutt, Page 136
19. ഗൗതമ ധർമ്മസൂത്രം
20. ഉദ്ധരണം : ഇന്ത്യയിലെ വർണസമരം പേ. 95
21. ഉദ്ധരണം : മാതൃഭൂമി വാർഷിക വിശേഷാൽപ്രതി (1973), പേ. 29 നോക്കുക.
22. ഉദ്ധരണം: ഇന്ത്യയിലെ വർണ്ണസമരം പേ. 94
23. Ibid P. 98
24. Ibid P. 94
25. മനുസ്മൃതി അ. 9, ശ്ലോ. 281, 282
26. ഖുർആൻ 26: 128, 129
27. ഖുർആൻ 29: 38
28. വിശ്വവിജ്ഞാനകോശം വാ. 10, പേ. 261 (സിന്ധുസംസ്കാരം)
29. ഉദ്ധരണം: ഇന്ത്യയെ കണ്ടെത്തൽ പേ. 90
30. വിശ്വവിജ്ഞാനകോശം വാ. 2, പേ. 248, 249
31. ഖുർആൻ 26: 128, 129
32. ഖുർആൻ 26: 133, 134
33. ഋഗ്വേദം മ. 1, സൂ. 42, ഋ. 8
34. Ibid മ. 10, സൂ. 19, ഋ. 2,3
35. ഖുർആൻ 7: 65
36. ഋഗ്വേദം മ. 10, സൂ. 121, ഋ. 1
37. Ibid മ. 1, സൂ. 164, ഋ. 46
38. ഖുർആൻ അ. 89, സൂ. 6-8
39. Ibid 69: 6,7
40. Ibid 7: 72

## അധ്യായം പത്തൊമ്പത്

# ഹൂദിന്റെ സമുദായം

**ആദ്** വംശക്കാർ തങ്ങളുടെ നഗരങ്ങളോടൊപ്പം നശിച്ചു നാമാവശേഷമായെങ്കിലും, ആ വംശത്തിന്റെ ഒരു ശാഖ പിന്നേയും അറേബ്യയിൽ

അവശേഷിച്ചുവെന്നും, ഹൂദ്നബിയും അനുചരന്മാരുമായിരുന്നു അതെന്നും ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നു. ഇവർ വളർന്ന്, ആധിപത്യത്തിലേക്കുയർന്നുവെന്നും ഹൂദിന്റെ ശിക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഭരണം നടത്തിയെന്നും അറബി ചരിത്രരേഖയും ആധുനിക പുരാവസ്തു ഗവേഷണവും തെളിയിച്ചിട്ടുണ്ട്. അറബി ചരിത്രകാരൻമാർ ഈ സമുദായത്തെ 'ആദു സാനിയ' (രണ്ടാമത്തെ ആദ്) എന്നാണ് വിളിക്കുന്നത്.

## ഒരു പ്രാചീന രേഖയുടെ കഥ

ഇസ്സന്ദർഭത്തിൽ ഒരു പ്രാചീന ചരിത്രരേഖയുടെ കഥ വിവരിക്കുന്നത് രസാവഹമായിരിക്കും. അമവിയ്യാ രാജവംശത്തിന്റെ സ്ഥാപകനായ, മുആവിയയുടെ കാലത്ത് (ഹി. 40-50/ ക്രി. 692-702) ഈജിപ്തിലെ ഗവർണറായിരുന്ന അബ്ദുർറഹ്മാൻ ഹദ്റമൗത്തിലെ തകർന്നുകിടക്കുന്ന ഒരു കോട്ടയിൽ നിന്നും ശിലയിൽ കൊത്തിയ ഒരു ലിഖിതം കണ്ടെടുക്കുകയുണ്ടായി. 'ഹിസ്നു ഗുറാബ്' എന്നായിരുന്നു ആ കോട്ടയുടെ പേർ. പ്രസ്തുത ലിഖിതത്തിലെ ആശയം ഒരു അറബിക്കവി പദ്യരൂപത്തിൽ വിവർത്തനം ചെയ്യുകയും അറബി ചരിത്രകാരനായ അല്ലാമാ നവീരി തന്റെ 'മസാലിക്കുൽ അബ്സാർ' എന്ന കൃതിയിൽ പദ്യം പകർത്തിവെക്കുകയും ചെയ്തു.

1934-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാർ യമനിലേക്ക് ഒരു മിഷ്യനെ നിയോഗിച്ചു. അവർക്ക് തകർന്നടിഞ്ഞ ഒരു കെട്ടിടത്തിന്റെ ശിലയിൽ കൊത്തിവെച്ച ഒരു ചരിത്ര രേഖ കണ്ടുകിട്ടി. അതിന്റെ പകർപ്പ് 'ഏഷ്യാറ്റിക് സൊസൈറ്റി ജേർണലി'ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

റവറണ്ട് ഫോർസ്റ്റർ (Forster) അദ്ദേഹത്തിന്റെ Historical Geography of Arabia (അറേബ്യയുടെ ചരിത്രഭൂമിശാസ്ത്രം) എന്ന കൃതിയിൽ പ്രസ്തുത രേഖയുടെ ഇംഗ്ലീഷ് വിവർത്തനം കൊടുത്തിട്ടുണ്ട്. അല്ലാമാ നവീരി ഉദ്ധരിച്ച പദ്യവും പ്രസ്തുത രേഖയും ആശയംകൊണ്ട് ഒന്നാണെന്ന കാര്യത്തിൽ സംശയമില്ല. വായനക്കാരുടെ അറിവിനായി പ്രസ്തുത അറബി പദ്യവും അനന്തരം ഫോർസ്റ്റർ സായ്പിന്റെ വിവർത്തനവും ഇവിടെ രേഖപ്പെടുത്താം:

غَنِينَا زَمَانًا فِى عَرَاصَةِ ذَا الْقَصْرِ    بِعَيْشٍ رَخِيٍّ غَيْرِ ضَنْكٍ وَلَا نَزْرٍ
يُفِيضُ عَلَيْنَا الْبَحْرُ بِالْمَدِّ زَاخِرًا    وَاَنْهَارُهَا بِالْمَاءِ مُتْرَعَةً تَجْرِى
خِلَالَ نَخِيلٍ بَاسِقَاتٍ......    ........ بِالْقَسْبِ الْمُجَزَّعِ وَالتَّمْرِ
وَنَصْطَادُ صَيْدَ الْبَرِّ بِالْخَيْلِ وَالْقَنَا    وَطَوْرًا نَصِيدُ النُّونَ مِنْ لُجَجِ الْبَحْرِ
وَنَرْفَلُ فِى الْخَزِّ الْمُرَقَّمِ تَارَةً    وَفِى الْقَزِّ اَحْيَانًا وَفِى الْحُلَلِ الْخُضْرِ
يَلِينَا مُلُوكٌ يَبْعُدُونَ عَنِ الْخَنَا    شَدِيدٌ عَلَى اَهْلِ الْخِيَانَةِ وَالْغَدْرِ
يُقِيمُ لَنَا مِنْ دِينِ هُودٍ شَرَائِعًا    وَنُؤْمِنُ بِالايَاتِ وَالْبَعْثِ وَالنَّشْرِ
إِذَا مَا عَدُوٌّ حَلَّ اَرْضًا يُرِيدُنَا    بَرَزْنَا جَمِيعًا بِالْمُثَقَّفَةِ السُّمْرِ
نُحَامِى عَلَى اَوْلَادِنَا وَنِسَائِنَا    عَلَى الشُّهْبِ وَالْكُمْتِ الْمُعَنَّقِ وَالشُّقْرِ
نُقَارِحُ مَنْ يَبْغِى عَلَيْنَا وَيَجْتَرِى    بِأَسْيَافِنَا حَتَّى يُوَلُّونَ بِالدُّبْرِ

ഇനി ഗവേഷകർ കണ്ടെടുത്ത പ്രസ്തുത രേഖക്ക് ഫോർസ്റ്റർ നൽകിയ തർജമ കാണുക:

“വിശാലമായ ഈ കൊട്ടാരത്തിൽ ഞങ്ങൾ കുറേക്കാലം പാർത്തു. ദൗർഭാഗ്യത്തിൽ നിന്നും ദൗർഭിക്ഷത്തിൽ നിന്നും തുലോം അകന്നവരായിരുന്നു ഞങ്ങൾ.

ഞങ്ങളുടെ നദികളിൽ വെള്ളം നിറഞ്ഞൊഴുകി. ഞങ്ങളുടെ കോട്ട മതിലുകളിൽ കടലിലെ വെള്ളം അലയടിക്കുകയും ജലാശയങ്ങൾ നിറയ്ക്കുകയും ചെയ്തു.

ചനച്ചതും പഴുത്തതും ഉണങ്ങിയതുമായ കാരക്കയുള്ള ഈന്തപ്പന ത്തോപ്പുകൾക്കിടയിലാണ് ഞങ്ങൾ വർത്തിച്ചത്. കാട്ടാടുകളേയും പ്രായം തികഞ്ഞ മുയലുകളേയും ഞങ്ങൾ കെണികളും വലകളും കൊണ്ട് നായാടിപ്പിടിച്ചു; മത്സ്യങ്ങളേയും.

ഞങ്ങൾ വിവിധ നിറങ്ങളുള്ള പട്ടുവസ്ത്രങ്ങളും പച്ച നിറമുള്ള തുകിലാടകളും ധരിച്ച്, നൃത്തമാടുകയും ഉലാത്തുകയും ചെയ്തു. ദുർബ്ബോധങ്ങളിൽ നിന്ന് മുക്തരും, ദുഷ്ടന്മാരെ കഠിനമായി ശിക്ഷിക്കുന്നവരുമായ രാജാക്കന്മാരാണ് ഞങ്ങളെ ഭരിച്ചിരുന്നത്- ഹൂദിന്റെ മതനിയമമനുസരിച്ച്.

നല്ല വിധികൾ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെച്ചിരുന്നു. ദൈവികാടയാളങ്ങളിലും പുനരുത്ഥാന ദിവസത്തിന്റെ രഹസ്യങ്ങളിലും ദൃഢവിശ്വാസികളത്രെ ഞങ്ങൾ.

ശത്രുക്കൾ കടന്നുവന്ന്, ഞങ്ങളോട് പോരടിക്കുമ്പോൾ ഞങ്ങളുടെ യുവാക്കളും കുതിരകളും വാളുകളും കുന്തങ്ങളും അവരെ എതിർത്തു പരാജയപ്പെടുത്തും.

ഞങ്ങളുടെ വംശത്തിലെ ധീരരായ പുരുഷന്മാരും സ്ത്രീകളും കുതിരപ്പുറത്ത് കയറി യുദ്ധം നടത്തും; ചുകപ്പു നിറവും നീണ്ട കഴുത്തുമുള്ള കുതിരകളുടെ പുറത്തു കയറി.

ഞങ്ങളുടെ ആയുധങ്ങൾ ശത്രുക്കൾക്ക് ക്ഷതമേൽപിക്കും. ശത്രുനിരയെ അതിന്റെ മധ്യഭാഗത്ത് ആക്രമിച്ചു കൊണ്ട് ഞങ്ങൾ പിന്തിരിപ്പിക്കും. അറുവഷളൻമാരായിരുന്നു അവർ."

ഇതാണ് പ്രസ്തുത ലിഖിതത്തിലെ ഉള്ളടക്കം. അത് ദക്ഷിണ അറബി ലിപിയിലാണ് എഴുതപ്പെട്ടിരുന്നതെന്ന് സയ്യിദ് സുലൈമാൻ നദ്‌വി പറയുന്നു.[1]

പ്രസ്തുത രേഖ ചരിത്രപരമായ ചില പ്രധാന വസ്തുതകളിലേക്ക് വെളിച്ചം വീശുന്നുണ്ട്. ഒന്നാമതായി ഹൂദിന്റെ ചരിത്രപരമായ വ്യക്തിത്വത്തെ ആ ലിഖിതം തെളിയിക്കുന്നു. രണ്ടാമതായി, അത്യാഹിതത്തിനു ശേഷം ആദുവംശത്തിൽ അവശേഷിച്ച വിഭാഗം ഹൂദിന്റെ അനുചരന്മാരായിരുന്നുവെന്നും മൂന്നാമതായി, അവർക്ക് ആധിപത്യവും രാജാക്കന്മാരുമുണ്ടായിരുന്നുവെന്നും അത് വ്യക്തമാക്കുന്നു. ഹൂദ്നബിയുടെ മതനിയമമനുസരിച്ചാണ് അവർ ഭരണകാര്യം നിയന്ത്രിച്ചിരുന്നത്. നാലാമതായി, ആദ്യത്തെ ആദ് വംശക്കാരെപ്പോലെ രണ്ടാമത്തെ ആദുകാരും വാസ്തുവിദ്യയിൽ സമർഥന്മാരായിരുന്നു. വിശാലമായ കൊട്ടാരത്തെക്കുറിച്ച വർണനം അതിനുപോദ്ബലകമായ തെളിവത്രെ. ആകയാൽ ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്ന ചരിത്രസത്യത്തെ സാധൂകരിക്കുകയാണ് പ്രസ്തുത ശിലാരേഖ ചെയ്യുന്നത്. കൂടാതെ ഹൂദ്നബിയുടെ അനുചരന്മാരുടെ - രണ്ടാമത്തെ ആദുകാരുടെ - കേന്ദ്രം യമനിലായിരുന്നുവെന്നും അത് തെളിയിക്കുന്നു.

## യമനിലെ പ്രാചീന രാഷ്ട്രങ്ങൾ

അറേബ്യയിൽ പുരാതന നാഗരികത തഴച്ചുവളർന്നത് യമനിലായിരുന്നു. അഥവാ, ദക്ഷിണ അറേബ്യയിൽ. ശലോമോന്റെ (സുലൈമാൻ നബി) കാലത്ത് അവിടെ സബായിയൻസിന്റെ ആധിപത്യമാണ് നടന്നിരുന്നതെന്നും, ഭരണനേതൃത്വത്തിൽ ഒരു സ്ത്രീയായിരുന്നുവെന്നും ബൈബിളും ഖുർആനും വ്യക്തമാക്കുന്നുണ്ട്. സബായിയന്മാർ സൂര്യാരാധകരായിരുന്നു. [2]

ഉദ്ദേശം ക്രി. മു. 974 മുതൽ 937 വരെയാകുന്നു ശലോമോന്റെ ഭരണകാലം. ശെബായിലെ രാജ്ഞി ശലോമോനുമായി കൂടിക്കാഴ്ചനടത്തുകയും അദ്ദേഹത്തിന് വിലപ്പെട്ട തിരുമുൽക്കാഴ്ചകൾ സമർപ്പിക്കുകയും ചെയ്ത കഥ ബൈബിൾ വർണിച്ചതും നോക്കുക:

"ശെബാ രാജ്ഞി യഹോവയുടെ നാമം സംബന്ധിച്ച് ശലോമോന്നുള്ള കീർത്തി കേട്ടിട്ട് കടമൊഴികളാൽ അവനെ പരീക്ഷിക്കേണ്ടതിന്ന് വന്നു. അവൾ അതിമഹത്തായ പരിവാരത്തോടും സുഗന്ധവർഗവും അനവധി പൊന്നും രത്നവും ചുമന്ന ഒട്ടകങ്ങളോടും കൂടെ യരൂശലമിൽ വന്നു.... ശെബാരാജ്ഞി ശലോമോൻ രാജാവിന്നു കൊടുത്ത സുഗന്ധവർഗം പോലെ അത്ര വളരെ പിന്നെ ഒരിക്കലും വന്നിട്ടില്ല."[3]

ആകയാൽ ക്രി. മു. 1000-ാമാണ്ടിനു മുമ്പുതന്നെ യമനിൽ സുശക്തമായ ഭരണകൂടവും പുരോഗമിച്ച നാഗരികതയും നിലനിന്നിരുന്നതായി നാം കാണുന്നു. അതിന്റെ എത്രയോ നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ആ നാഗരികത അവിടെ ഉദ്ഭവിച്ചിട്ടുണ്ടായിരിക്കണമെന്നു തീർച്ചയാണ്.

ഗ്രീക്ക് ഭൂമിശാസ്ത്രജ്ഞന്മാരുടെ കൃതികളിൽ നിന്നു മനസ്സിലാകുന്നത് യമനിൽ പല രാജവംശങ്ങളും ഭരണം നടത്തിയിട്ടുണ്ടെന്നാണ്. ക്രി. മു. 196-ൽ ചരമം പ്രാപിച്ച എറാറ്റസ്തനീസ് (Eratosthenes) ദക്ഷിണ അറേബ്യയിലെ നാലു പുരാതന രാഷ്ട്രങ്ങളെപ്പറ്റി പറയുന്നുണ്ട്. മിനായിയൻസ് (Minaeans), സബായിയൻസ് (Sabaeans), ഖത്തബാനിയൻസ് (Qatabaneans), ഹദ്രമൗത്തിറ്റ്സ് (Hadhramauthites) എന്നീ പേരുകളിലാണ് അവ വിളിക്കപ്പെട്ടിരുന്നത്. അറബി ചരിത്രകാരന്മാർ മയീൻ, സബാ, ഖതാബ്, ഹദ്റമൗത്ത് എന്നീ നാമങ്ങളിൽ നമുക്ക് പരിചയപ്പെടുത്തിയ യമനിലെ പ്രാചീനരാഷ്ട്രങ്ങളത്രെ അവ. എറാറ്റസ്തനീസ് വിവരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആധുനിക ചരിത്രകാരന്മാർ ദക്ഷിണ അറേബ്യയുടെ പ്രാചീന ചരിത്രം വിശകലനം ചെയ്തിരിക്കുന്നത്. 'എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക'യിൽ പറയുന്നത് കാണുക:

"ദക്ഷിണ അറേബ്യ രാഷ്ട്രീയമായി മിനായിയൻസ്, സബായിയൻസ്, ഖത്തബാനിയൻസ്, ഹദ്രമൗത്തിറ്റ്സ് എന്നിങ്ങനെ നാലായി വിഭജിക്കപ്പെട്ടിരുന്നുവെന്ന് ഗ്രീക്ക് ഭൂമിശാസ്ത്രകാരനായ എറാറ്റസ്തനീസ് (ബി.സി. 3 -2) രേഖപ്പെടുത്തുന്നു."[4]

## മിനായിയൻസിന്റെ കാലം

ഇക്കൂട്ടത്തിൽ ഏറ്റവും പുരാതനമായി വിചാരിക്കപ്പെടുന്നത് 'മയീൻ' അഥവാ മിനായിയൻസ് രാഷ്ട്രം ആണ്. അതിന്റെ കാലത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. അവിടെനിന്ന് പുരാവസ്തുഗവേഷകർ കണ്ടെടുത്ത ലിഖിതങ്ങളിലൊന്നും തിയ്യതിയോ കൊല്ലമോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ, ഗവേഷകരുടെ അനുമാനം മാത്രമാണ് കാലനിർണയത്തിന് അടിസ്ഥാനം. അതാണ് അഭിപ്രായ ഭിന്നതക്ക് കാരണവും. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയുടെ പതിനൊന്നാം പതിപ്പിനെ ഉദ്ധരിച്ച് മൗലാനാ നദ്‌വി എഴുതുന്നു:

"അവസാനകാലത്തെ ലിഖിതങ്ങളൊഴിച്ച്, പ്രാചീന കാലത്തെ ലിഖിതങ്ങളിൽ കൊല്ലമോ, തിയ്യതിയോ പറയാത്തതിനാലും അവ എണ്ണത്തിൽ കുറവായതിനാലും ഇസ്‌ലാമിന് മുമ്പുള്ള അറബികളുടെ ചരിത്രകാലത്തെപ്പറ്റി പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. എന്നാൽ, ആ ലിഖിതങ്ങളുടെ കാലം ബി. സി. 1900 വരെ എത്തുമെന്ന കാര്യത്തിൽ ഏതാണ്ടവർ യോജിക്കുന്നു. ചിലരുടെ അഭിപ്രായത്തിൽ ബി. സി. 1600 വരെ മാത്രമേ അവയുടെ കാലം എത്തുകയുള്ളൂ. അവ തെളിയിക്കുന്നത് അക്കാലത്ത് അറേബ്യയിൽ ചുരുങ്ങിയത് നാല് നാഗരിക രാഷ്ട്രങ്ങൾ ഉണ്ടായിരുന്നുവെന്നാണ്. മിനായിയൻസ്, സബായിയൻസ്, ഖത്തബാനിയൻസ്, ഹദ്രമൗത്തിറ്റ്സ്." [5]

എന്നാൽ 'എൻസൈക്ലോപീഡിയാ ഓഫ് ഇസ്‌ലാമി'ന്റെ കർത്താക്കൻമാരുടെ അഭിപ്രായത്തിൽ മിനായിയൻസിന്റെ കാലം ഇതിനേക്കാൾ വളരെ പുരാതനമാണ്. അതിൽ പറയുന്നു:

“ക്രി. മു. 3000-ാമാണ്ടിലെ പ്രാചീന ബാബിലോണിയാ ലിഖിതങ്ങളിൽ 'മയീനും' (മുഴുവൻ പേർ മയീനൂം ദാനൂം എന്നാണ്) എന്ന ഒരു രാജനാമം കാണുന്നുണ്ട്. അദ്ദേഹം 'മഅ്ആൻ' എന്നിടത്തെ അഥവാ, കിഴക്കൻ അറേബ്യയിലെ രാജാവായിരുന്നു. അറബിഭാഷയിലെ മയീൻ ശബ്ദത്തിന്റെ സുമേരിയൻ ഉച്ചാരണമാവാം ഈ മഅ്ആൻ. പ്രസ്തുത നൂറ്റാണ്ടു മുതൽക്കാണ് മയീൻ, അല്ലെങ്കിൽ 'മയീനാൻ' എന്ന ദക്ഷിണ അറേബ്യാരാഷ്ട്രത്തിന്റെ അടിത്തറ പാകിയത്. ഒരുപക്ഷേ ദക്ഷിണ അറേബ്യ മുഴുവൻ, ഖത്തബാനിയൻസും ഹദ്രമൗത്തിറ്റ്സുമുൾപ്പെടെ ആരംഭത്തിൽ മയീൻ രാഷ്ട്രത്തിന്റെ വരുതിയിലുൾപ്പെട്ടിരുന്നിരിക്കണം. മറ്റൊരു സംസ്ഥാനമായ 'മലൂഖും' പ്രസ്തുത രാഷ്ട്രത്തിൽ ഉൾപ്പെട്ടിരുന്നു. മിക്കവാറും മധ്യ അറേബ്യയുടേയും വടക്കു പടിഞ്ഞാറൻ അറേബ്യയുടേയും നാമമാവണം 'മലൂഖ്' എന്നു വിചാരിക്കപ്പെടുന്നു.”[6]

ഏതാണ്ട് ക്രി. മു. 2000-ാമാണ്ടിനടുത്ത് ഈജിപ്തിൽ ഹെക്സോസു (ഇടയരാജ) ഭരണം നടന്നിരുന്നുവെന്ന് നാം മുമ്പു പറഞ്ഞിട്ടുണ്ട്. ഹെക്സോസ് ഭരണകർത്താക്കളിൽ ഒരു വംശത്തിന്റെ പേര് 'മൈൻ' എന്നായിരുന്നു. മയീന്റെ ഈജിപ്ഷ്യൻ ഉച്ചാരണമാവണം അത്.[7]

പ്രസ്തുത തെളിവുകളുടെ വെളിച്ചത്തിൽ മിനായിയൻ ഭരണവർഗത്തിന്റെ ആരംഭം ചുരുങ്ങിയത് ബി. സി. രണ്ടോ മൂന്നോ സഹസ്രാബ്ദങ്ങൾക്ക് മുമ്പാണെന്ന് വിചാരിക്കാവുന്നതാണ്. ഇത്തരുണത്തിൽ ബൈബിളിലെ ഒരു വാചകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇസ്രായേൽ രാജാക്കന്മാരിലൊരാളായിരുന്ന ഉസ്സിയാവ് പല ജനപദങ്ങളേയും പരാജയപ്പെടുത്തിയ കൂട്ടത്തിൽ 'മെയൂന്യർ' എന്ന ഒരു വിഭാഗവും പെടുന്നു. ദിനവൃത്താന്തം രണ്ടാം പുസ്തകത്തിൽ പറയുന്നു:

'ദൈവം പെലിസ്ത്യർക്കും ഗുർബാലിൽ പാർത്ത അരാബ്യർക്കും മെയൂന്യർക്കും വിരോധമായി അവനെ സഹായിച്ചു.”[8]

ഇപ്പറഞ്ഞ മെയൂന്യർ മയീൻകാർതന്നെയായിരിക്കണം. ബി.സി. 700 ആണ് ഉസ്സിയാവിന്റെ കാലമെന്ന് പറയപ്പെടുന്നു. ഉസ്സിയാവിനു മെയൂന്യരെ പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അന്ന് അവരുടെ അധഃപതനം ആരംഭിച്ചുകഴിഞ്ഞുവെന്നാണ് അതിന്റെ അർഥം. ഉത്ഥാനകാലം അതിനും മുമ്പായി സങ്കൽപിക്കേണ്ടിയിരിക്കുന്നു. ആകയാൽ മയീന്റെ ആവിർഭാവം ബി.സി 2000-ത്തിനോ 3000-ത്തിനോ മുമ്പും അധഃപതനം ബി.സി. 700-നോടടുത്തുമാണെന്നൂഹിക്കാവുന്നതാണ്.

## മിനായിയൻ രാഷ്ട്രത്തിന്റെ കേന്ദ്രം

എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയിൽ എഴുതുന്നു:

“മിനായിയൻ രാഷ്ട്രത്തിന്റെ കേന്ദ്രം ഖർനോയിലെ (ഇപ്പോൾ ഉത്തരയമനിൽ 'മായീൻ' [M'ain] എന്നു പറയുന്ന സ്ഥലം) 'വാദി ജൗഫ് (Wadi Jawf) എന്നിടത്തായിരുന്നു.”[9]

ഈ സ്ഥലത്തുനിന്നാണ് ഹാൽവെ, ഗ്ലാസർ എന്നീ രണ്ടു പുരാവസ്തു ഗവേഷകന്മാർ നൂറ്റിക്കണക്കായ ലിഖിതങ്ങളും അവശിഷ്ട

ങ്ങളും കണ്ടെടുത്തത്. അവയ്ക്ക് 'മായീൻ പട്ടണാവശിഷ്ടങ്ങൾ' എന്നാണ് പേര് കൊടുത്തിരിക്കുന്നത്. വാസ്തവത്തിൽ രണ്ടാം ആദ്വം ശക്കാരുടെ കേന്ദ്രമായിരുന്നു അത്. മൗലാനാ നദ്‌വി പറയുന്നു:

"അറബി ചരിത്രകാരന്മാർ രണ്ടാമത്തെ ആദുവംശക്കാരുടെ അധി വാസകേന്ദ്രമായി വിവരിച്ച സ്ഥലം അതു (മായീൻ) തന്നെയാണ്. പ്രസ്തുത അവശിഷ്ടങ്ങളുടെ ചരിത്രം ജർമൻപണ്ഡിതൻമാരുടെ അഭി പ്രായത്തിൽ ക്രി. മു. 17, 16 നൂറ്റാണ്ടുകൾ വരെ എത്തും. അതിനാൽ മായീൻകാരുടെ നാഷൻ രണ്ടാമത്തെ ആദ് വംശത്തിന്റേതായി കണ ക്കാക്കുന്നതാണ് ഉത്തമം. പക്ഷേ, 'മായീൻ' എന്ന സാങ്കേതിക പ്രയോഗം പ്രചരിച്ചതിനാൽ ആ പ്രയോഗത്തെത്തന്നെ നമുക്കും അനുകരിക്കേണ്ടി വന്നിരിക്കുന്നു." [10]

ആകയാൽ ആധുനിക ചരിത്രകാരൻമാർ 'മായീൻ' നാഗരികത എന്നു പറയുന്നതും അറബിചരിത്രകാരന്മാർ രണ്ടാമത്തെ ആദ്വംശ നാഗരി കത എന്ന് പറയുന്നതും വാസ്തവത്തിൽ ഒന്നുതന്നെയാണ്. യമനിലാണ് ഈ സംസ്കാരത്തിന്റെ കേന്ദ്രം സ്ഥിതിചെയ്യുന്നത്.

## ലുഖ്മാൻ

ലുഖ്മാൻ എന്നു പേരായ ഒരു മഹാപുരുഷനെപ്പറ്റി അറബിചരിത്ര കാരൻമാർ പ്രതിപാദിച്ചുകാണാം. ചിലപ്പോൾ 'തത്വജ്ഞാനിയായ ലുഖ്മാൻ' എന്നർഥമായ 'ലുഖ്മാനുൽ ഹകീം' എന്ന പേരിലും അദ്ദേ ഹത്തെ പരിചയപ്പെടുത്താറുണ്ട്. ഖുർആനിലും ഒരു ലുഖ്മാൻ പ്രതി പാദിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം സ്വപുത്രനെ ഉപദേശിച്ച തത്വങ്ങൾ ഖുർ ആൻ ഉദ്ധരിച്ചിരിക്കുന്നു. അതിനാൽ, ഒരു ചരിത്ര പുരുഷനായിരുന്നു ലുഖ്മാൻ എന്നു വിചാരിക്കണം.

എന്നാൽ, ആരായിരുന്നു ലുഖ്മാൻ? ഹി. 151 (ക്രി. 768)ൽ ചരമഗതി യടഞ്ഞ, പ്രസിദ്ധ അറബിചരിത്രപണ്ഡിതനായ മുഹമ്മദുബ്നു ഇസ്ഹാഖ് തന്റെ 'കിത്താബുത്തീജാനി'ൽ വഹബിനെ ഉദ്ധരിച്ചു പറ യുന്നു:

"ആദിന്റെ മകൻ ശദ്ദാദിന് ശേഷം ലുഖ്മാനുബ്നു ആദ് ആധിപത്യം വാണു." ഇബ്നു അബ്ബാസിനെ ഉദ്ധരിച്ച്, ലുഖ്മാൻ ഒരു പ്രവാചകനായിരു ന്നുവെന്നു കൂടി ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയിരിക്കുന്നു.[11]

ഇതിൽ നിന്നും ആദിന്റെ ഒരു പുത്രനായിരുന്നു ലുഖ്മാൻ എന്നു തോന്നി പ്പോവാം. എന്നാൽ, അറബിഭാഷയിൽ ചിലപ്പോൾ ഔരസസന്തതിയില്ലാത്ത പിൻമുറക്കാരന്നും 'ഇബ്നു' എന്ന വാക്കുപയോഗിക്കാറുണ്ട്. 'താൻ അബ്ദുൽ മുത്തലിബിന്റെ ഇബ്നാ'ണെന്ന് ഒരിക്കൽ മുഹമ്മദ് നബി പറഞ്ഞതായി കാണുന്നു. അബ്ദുൽ മുത്തലിബിന്റെ പുത്രനല്ല, അബ്ദുല്ലാഹിന്റെ പുത്രനാണ് നബി. ആകയാൽ ലുഖ്മാനുബ്നു ആദ് എന്ന പ്രയോഗത്തിന് ആദ് എന്ന കുലപതിയുടെ ഔരസ്യനായിരുന്നു ലുഖ്മാൻ എന്നർഥം കൽപിക്കണമെന്നില്ല. പക്ഷേ, അദ്ദേഹം ആദിന്റെ പിൻമുറയിൽ പെട്ടവനായിരുന്നു. ചുരുക്കത്തിൽ ആ വംശത്തിലെ നല്ലവനായ ഒരു ഭരണനേതാവായിരുന്നു ലുഖ്മാൻ.

അനിസ്ലാമിക കാലത്തെ അറബിക്കവികളിൽ ഒരാളായ സൽമബ്നു റബീഅത്ത് പാടിയ ഒരു പദ്യശകലം ഇങ്ങനെ വായിക്കാം:

اَهْلَكْنَ طَسْمًا وَبَعْدَهُمْ غَذِيَّ بَهْمٍ وَذا جَدُون

وَاَهْلَ جَاشٍ وَمَـــارِبٍ وَحَيَّ لُقْــمَانٍ والتُّقُون

(കാലസംഭവങ്ങൾ തസ്മു വംശത്തെയും കാലിമാംസഭുക്കായ ഹിംയർ രാജാവിനെയും നശിപ്പിച്ചു. അതുപോലെ ദാജദൂൻ, ജാശുകാർ, മാരിബുകാർ, ലുഖ്മാൻ വംശക്കാർ, തുഖൂൻ വംശക്കാർ എന്നിവരേയും അവ ഹനിച്ചുകളഞ്ഞു!)[12]

ലുഖ്മാൻ വംശം യമനിലായിരുന്നുവെന്നാണ് ഇതിലെ ധ്വനി. എന്തെന്നാൽ, തൊട്ടടുത്തു പറഞ്ഞ മാരിബ് വംശം അവിടെയാണ് വസിച്ചിരുന്നതെന്ന കാര്യം നിസ്തർക്കമാണ്. പ്രാചീന അറബികൾക്കിടയിൽ പ്രസിദ്ധമായ ഒരു കഥാപാത്രമായിരുന്നു ലുഖ്മാൻ. അദ്ദേഹത്തിന്റേതായി അനേകം തത്വവചനങ്ങൾ അനിസ്ലാമിക കാലത്തെ അറബികളിൽ പ്രചരിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടാവണം, ലുഖ്മാൻ തന്റെ പുത്രനെ ഉപദേശിച്ച ചില അനുകരണീയ തത്വങ്ങൾ ഖുർആനും ഉദ്ധരിച്ചത്. ഖുർആനിലെ ഒരധ്യായത്തിന്റെ പേർ തന്നെ ലുഖ്മാൻ എന്നാണ്. അതിലാണ് പ്രസ്തുത ഉപദേശം സ്ഥലം പിടിച്ചിരിക്കുന്നതും. ലുഖ്മാൻ നിരവധി കൊല്ലം ജീവിച്ചുവെന്ന് അറബികൾക്കിടയിൽ ഒരൈതിഹ്യം പ്രചരിച്ചിരുന്നു. ലുഖ്മാന്റെ വംശം അനേകനൂറ്റാണ്ടുകൾ ഭരണം നടത്തിയെന്നാവാം അതിന്റെ പൊരുൾ എന്ന് ചില ചരിത്രകാരൻമാർ വ്യാഖ്യാനിക്കുന്നു.

## ലുഖ്മാന്റെ സദുപദേശം

ഖുർആനിൽ ലുഖ്മാനേയും അദ്ദേഹത്തിന്റെ സദുപദേശത്തേയും പറ്റി പറയുന്നത് ഇങ്ങനെയാകുന്നു:

“ലുഖ്മാന് നാം (ദൈവം) തത്വജ്ഞാനം നല്കിയിരുന്നു: ദൈവത്തിന് നന്ദികാണിക്കണം. ഒരാൾ നന്ദികാണിച്ചാൽ അതിന്റെ ഫലം അയാൾക്കുതന്നെയാണ്. വല്ലവനും നന്ദികേടുകാട്ടിയാൽ (അല്ലാഹുവിന് ഒന്നും പറ്റാനില്ല) അല്ലാഹു സ്വയംപൂർണനനും സ്തുത്യർഹനുമത്രെ. ലുഖ്മാൻ സ്വപുത്രനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: ‘മോനേ, അല്ലാഹുവിന് സമന്മാരെ കല്പിക്കരുത്. ബഹുദൈവത്വം മഹാ അക്രമമത്രെ.’ മാതാപിതാക്കന്മാർക്ക് നന്മ ചെയ്യുവാൻ മനുഷ്യനെ നാം അനുശാസിച്ചിട്ടുണ്ട്. മാതാവ് ക്ഷീണത്തിന്മേൽ ക്ഷീണത്തോടെയാണ് അവനെ ചുമന്നു നടന്നത്. പിന്നീട് അവനെ മുലകൊടുത്ത് വളർത്തുന്നതിന് മാതാവിന് രണ്ടുകൊല്ലം വേണ്ടിവന്നു. അതിനാൽ (മനുഷ്യാ), നന്ദി കാണിക്കൂ, എന്നോടും നിന്റെ മാതാപിതാക്കന്മാരോടും. (അവസാനം) എന്റെ അടുത്തേക്കാണല്ലോ നിന്റെ മടക്കം. എന്നാൽ, നിനക്ക് നിശ്ചയമില്ലാത്ത ഒന്നിനെ എന്റെ പങ്കാളിയാക്കുവാൻ നിന്നെ മാതാപിതാക്കന്മാർ നിർബന്ധിച്ചുവെന്നിരിക്കട്ടെ, അവരെ അനുസരിക്കരുത്. പക്ഷേ, ഐഹികജീ

വിതത്തിൽ അവരുമായി നല്ല നിലയിൽതന്നെ വർത്തിക്കണം. എന്നെ ആശ്രയിച്ചവരുടെ മാർഗം അവലംബിക്കുകയും വേണം. എന്റെ സന്നിധിയിലേക്കായിരിക്കും നിങ്ങളുടെയെല്ലാം തിരിച്ചുവരവ്. നിങ്ങൾ ചെയ്തുവരുന്ന കർമത്തെ സംബന്ധിച്ച് തദവസരം അറിയിച്ചുകൊള്ളാം. (ലുഖ്മാൻ പറഞ്ഞു:) 'മോനേ, അത് (മനുഷ്യകർമം) ഒരു കടുകുമണിത്തൂക്കമായാലും, പാറക്കുള്ളിലോ, ആകാശത്തോ, ഭൂമിയിലോ എവിടെയായിരുന്നാലും അല്ലാഹു കൊണ്ടുവരും. സൂക്ഷ്മമായ ബോധവും ജ്ഞാനവുമുള്ളവനാണ് അല്ലാഹു! മോനേ, നമസ്കാരം കൃത്യമായനുഷ്ഠിക്കുക; നന്മകൽപിക്കുകയും തിന്മ തടയുകയും ചെയ്യുക. നിന്നെ ബാധിക്കുന്ന വിപത്തിങ്കൽ സഹനം അവലംബിക്കുക. തീരുമാനിക്കപ്പെട്ട കാര്യങ്ങളാണിവ. മനുഷ്യരുടെ നേരെ (നിന്ദാപൂർവം) മുഖം കോട്ടരുത്; പൊങ്ങച്ചത്തോടെ ഭൂമിയിൽ നടക്കരുത്. ഡംഭും പൊങ്ങച്ചവും കാണിക്കുന്ന യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നടത്തത്തിൽ മിതത്വം പാലിക്കുക; സ്വരം സൗമ്യമാക്കുക. ഏറ്റവും പരുഷമായ സ്വരം കഴുതയുടേതത്രെ."[13]

ഏതാണ്ട് ഇതിനോടു സാമ്യംവഹിക്കുന്ന ഒരുദ്ബോധനം പ്രാചീന ഈജിപ്ഷ്യൻരേഖകളിലും കാണുന്നുണ്ട്. ആനി എന്നു പേരായ ഒരു തത്വജ്ഞാനിയാണ് അതിന്റെ വക്താവ്. മാതാവിനോടുള്ള കടപ്പാടിനെപ്പറ്റി ആനി സ്വപുത്രനെ ഉപദേശിക്കുന്നു:

"അമ്മയെ നിനക്കൊരിക്കലും മറക്കാൻ പാടില്ല. നിന്നെ വഹിച്ചുനടന്ന അമ്മ ഒരു വലിയ ഭാരമാണ് ചുമന്നത്. അതിന് എന്റെ സഹായമുണ്ടായിരുന്നില്ല. വയറിനുതാഴെ വലിയൊരു ഭാരവുമായി അമ്മ നിന്നെ ചുമന്നു. പത്തുമാസം കഴിഞ്ഞ്, നീയുണ്ടായപ്പോഴും അമ്മ സ്വതന്ത്രയായില്ല. മൂന്നു കൊല്ലത്തോളം നിനക്ക് മുല തരേണ്ടിവന്നു.... അമ്മക്ക് കഷ്ടപ്പാടുണ്ടാക്കുന്നതൊന്നും നീ ചെയ്യരുത്. അമ്മ മുകളിലേക്ക് കൈയുയർത്താനും പരാതി ദൈവം കേൾക്കാനും ഇടവരാതിരിക്കട്ടെ."[14]

ആനിയുടെ വാക്കുകളും ഖുർആനിലെ പ്രസ്തുത വചനങ്ങളും ആശയത്തിൽ ഒന്നുതന്നെ. ഇതേപ്രകാരം മനുഷ്യരുമായി വർത്തിക്കേണ്ടതെങ്ങനെ എന്നതിനെപ്പറ്റിയും ആനി ഉപദേശിച്ചിട്ടുണ്ട്.

"മറ്റൊരാൾ നിൽക്കുമ്പോൾ, പ്രത്യേകിച്ച് അയാൾ ഒരു വൃദ്ധനാണെങ്കിൽ, നിങ്ങളുടെ സാമൂഹികനില അയാളേക്കാൾ ഉയർന്നതാണെങ്കിൽ കൂടി, നിങ്ങൾ ഇരിക്കരുത്." ........... "ചീത്ത വാക്ക്പറയുന്ന ആൾ ആരിൽനിന്നും സദ്പ്രവൃത്തികൾ പ്രതീക്ഷിക്കേണ്ട. നാശത്തിനുകാരണം പലപ്പോഴും നാവായിരിക്കും. സ്വയം നശിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കുക. മനുഷ്യന്റെ ഹൃദയം ഒരു കലവറയാണ്. എല്ലാ തരത്തിലുള്ള ഉത്തരങ്ങളുമുണ്ടതിൽ, നിറച്ച്. നല്ലവ തിരഞ്ഞെടുത്തു സംസാരിക്കുക. ചീത്ത അവിടെത്തന്നെ ഭദ്രമായി സൂക്ഷിക്കുക. പരുഷമായി ഉത്തരം കൊടുക്കുന്നത് ആയുധങ്ങൾ ചുഴറ്റുന്നതുപോലെയാണ്. എന്നാൽ, ശാന്തതയോടും ദയയോടും കൂടി സംസാരിച്ചാൽ നിങ്ങളെപ്പോഴും

സ്നേഹപാത്രമാവും. നിങ്ങളോട് ദേഷ്യത്തോടെ സംസാരിച്ച ആളോടും ശാന്തമായി സംസാരിക്കുക. മൃദുവായ വാക്കുകൾ അയാളുടെ ഹൃദയത്തിനുള്ള മരുന്നാണ്."[15]

സൂക്ഷ്മമായി നോക്കുന്ന ഒരാൾക്ക് ആനിയുടെ ഉപദേശവും ഖുർആനിലെ ലുഖ്മാന്റെ ഉപദേശവും തമ്മിൽ പറയത്തക്ക വ്യത്യാസമില്ലെന്നു ബോധ്യപ്പെടുന്നതാണ്. ഈ സാമ്യം ആനിയും ലുഖ്മാനും തമ്മിൽ എന്തോ ബന്ധമുണ്ടെന്ന് സൂചിപ്പിക്കുന്നു. രണ്ടും ഒരാളാണെന്ന് പറയണമെങ്കിൽ അതിന് ചരിത്രപരമായ വേറെ തെളിവുകൾ വേണ്ടിയിരിക്കുന്നു. പക്ഷേ, ഈജിപ്തിന്റെയും അറേബ്യയുടെയും ധാർമിക ശിക്ഷണങ്ങൾ തമ്മിൽ വമ്പിച്ച സാമ്യമുണ്ടായിരുന്നുവെന്നു തീർച്ച. മരണത്തെക്കുറിച്ച ആനിയുടെ ഉപദേശവും തത്സംബന്ധമായ ഖുർആനികോപദേശങ്ങൾ പോലെ ആകർഷകവും സത്യാധിഷ്ഠിതവുമാണ്. ആനി പറയുന്നു:

"മരണദൂതൻ നിങ്ങളെ കൊണ്ടുപോകുവാൻ വരുമ്പോഴേക്കും തയ്യാറായിരിക്കുക! അയാൾ ഭീകരനായതുകൊണ്ട് നിങ്ങൾക്ക് സംസാരിക്കുവാൻ സാധിക്കയില്ല. 'കഷ്ടം, എന്റെ യൗവനത്തിൽ നീ എന്നെ കൊണ്ടുപോവുകയാണല്ലോ' എന്ന് അയാളോട് പറയാതിരിക്കുക. നിങ്ങൾ എപ്പോൾ മരിക്കുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. ഒരു പടുവൃദ്ധനെയെന്നപോലെത്തന്നെ അമ്മയുടെ മാറിലിരിക്കുന്ന ശിശുവിനെയും മരണം ബാധിക്കുന്നു. ഞാൻ നിങ്ങൾക്ക് സദുപദേശം തരികയാണ്. നിങ്ങൾ ഇതിനെപ്പറ്റി ആലോചിച്ചുനോക്കൂ. ഈ കാര്യങ്ങളൊക്കെ ചെയ്യുക. എന്നാൽ, നിങ്ങളൊരു നല്ല മനുഷ്യനാകും. എല്ലാ തരത്തിലുള്ള തിന്മകളും നിങ്ങളിൽ നിന്നു പലായനം ചെയ്യും!" [16]

ഇങ്ങനെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ആനിയുടെ കൃതി അവസാനിക്കുന്നത്. ഈ ഉദ്ബോധനം ഖുർആന്റെ ഒരു പകർപ്പായിതോന്നും. എന്നാൽ, ഖുർആൻ അവതരിക്കുന്നതിനും സഹസ്രാബ്ദങ്ങൾ മുമ്പാണ് പ്രസ്തുത കൃതിയുടെ ആവിർഭാവം.

## ക്രോഡീകൃത തത്വജ്ഞാനം

ലുഖ്മാന്റെ തത്വോപദേശങ്ങൾ ഒരു ഗ്രന്ഥത്തിൽ ക്രോഡീകൃതമായിരുന്നു. 'മജല്ലത്തു ലുഖ്മാൻ' എന്നായിരുന്നു അതിനു പേർ. ഹി. 218-ൽ മൃതിയടഞ്ഞ അറബി ചരിത്രകാരനായ അബ്ദുൽ മലിക്കുബ്നു ഹിശാം തന്റെ 'അസ്സീറത്തുന്നബവിയ്യ' എന്ന കൃതിയിൽ ഉദ്ധരിക്കുന്ന ഒരു സംഭവം ഇവിടെ ശ്രദ്ധേയമാണ്: മദീനയിലെ ബനൂ അംറ് വംശത്തിന്റെ നേതാവായ സുവൈദുബ്നു സാമിത്ത് മക്കയിൽ വന്നു. നബി അദ്ദേഹത്തെ സമീപിച്ചു മതബോധനം ചെയ്തു. അദ്ദേഹം പറഞ്ഞു: "എന്റെ പക്കലുള്ളതുതന്നെയാവണം, താങ്കളുടെ പക്കലും." നബി ചോദിച്ചു: "താങ്കളുടെ പക്കലുള്ളതെന്താണ്?" സുവൈദ് പ്രതിവചിച്ചു: "മജല്ലത്തു ലുഖ്മാൻ! (ലുഖ്മാന്റെ ഗ്രന്ഥം)." നബിയുടെ ആവശ്യപ്രകാരം സുവൈദ് അത് അവതരിപ്പിച്ചു. നബി അതിനെ പ്രശംസിച്ചു: "നല്ല വചനം തന്നെ!

പക്ഷേ, ഇതിലും നല്ല വചനമാണ് എന്റെ വശമുള്ളത്. അല്ലാഹു എനിക്ക് അവതരിപ്പിച്ച ഖുർആനാകുന്നു അത്. ഒരു മാർഗദർശനവും പ്രകാശവുമാണ് ഖുർആൻ!" അനന്തരം ഖുർആന്റെ ഏതാനും മൊഴികൾ നബി ഓതികേൾപ്പിച്ചപ്പോൾ സുവൈദ് പറഞ്ഞു: "വളരെ നല്ല വചനം."[17]

നബിയുടെ കാലം വരെ അറബികൾക്കിടയിൽ ലുഖ്മാന്റെ ഗ്രന്ഥം പ്രചാരത്തിലുണ്ടായിരുന്നുവെന്ന് മേൽ സംഭവം തെളിയിക്കുന്നു. ലുഖ്മാൻ ഒരു മഹാവ്യക്തിയായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഹൂദിന്റെ അനുയായികളിൽ പെട്ട, നീതിമാനായ ഒരു ഭരണകർത്താവായിരിക്കണം അദ്ദേഹം. ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം ഒരു പ്രവാചകൻ കൂടിയായിരുന്നു.

ലുഖ്മാന് ഭാരതീയരുമായി വല്ല ബന്ധവുമുണ്ടോ? നിശ്ചയമില്ല. എന്നാൽ ആ പേരിനോട് അടുത്ത സാമ്യമുള്ള ഒരു നാമരൂപമുണ്ട് ഭാരതീയർക്ക് - ലക്ഷ്മണൻ! 'ഉത്തരപുരാണം' എന്ന രാമായണ കഥാരൂപമനുസരിച്ച്, സീതയെ അപഹരിച്ചുകൊണ്ടുപോയ രാവണനെ വധിച്ചത് ലക്ഷ്മണനത്രെ. സഹസ്രാബ്ദങ്ങൾ മുതൽ തത്വജ്ഞാനികളെന്ന നിലയിൽ പ്രസിദ്ധിപെറ്റവരാണ് ഭാരതീയ മഹർഷിമാർ. ആ നിലക്ക് തത്വജ്ഞാനിയായ ലുഖ്മാനുമായി അവർക്ക് നല്ല ബന്ധമുണ്ടാവുന്നതിൽ അസാംഗത്യമൊന്നുമില്ല. പക്ഷേ, ചരിത്രപരമായ തെളിവുകളുടെ അഭാവത്തിൽ നമുക്കത് ഉറപ്പിക്കുവാൻ വയ്യ.

## കുറിപ്പുകൾ

1. അർദുൽ ഖുർആൻ വാ. 1, പേ. 181
2. ഖുർആൻ 27: 24
3. i രാജാക്കൻമാർ 10: 1, 2, 10
4. Encyclopedia Britannica Vol. 2, P. 176 (1965)
5. അർദുൽ ഖുർആൻ വാ. 1, പേ. 208
6. ഉദ്ധരണം: Ibid വാ. 1, പേ. 209
7. Ibid Vol. 1, P. 209
8. ii ദിനവൃത്താന്തം 26:7
9. Encyclopedia Britannica Vol. 2, P. 176 (1965)
10. അർദുൽ ഖുർആൻ വാ.1, പേ. 185
11. ഉദ്ധരണം: അർദുൽ ഖുർആൻ വാ. 1, പേ. 178 നോക്കുക.
12. ഉദ്ധരണം: Ibid Vol. 1, P. 179
13. ഖുർആൻ 31: 14-19
14. ഈജിപ്ഷ്യൻ സാഹിത്യചരിത്രം by കൃഷ്ണചൈതന്യ പേ. 127
15. ഉദ്ധരണം: Ibid P.126
16. Ibid P.127
17. അസ്സീറത്തുന്നബവിയ്യഃ വാ. 2, പേ. 68

അധ്യായം ഇരുപത്

# സമൂദ് വംശവും ആര്യൻമാരും

**സെ**മിറ്റിക് പരമ്പരയിൽ ആദുവംശത്തിനു ശേഷം ആധിപത്യത്തിലേക്കും പ്രഭാവത്തിലേക്കും ഉയർന്നുവന്ന മറ്റൊരു ജനപദമാണ് സമൂദ് വംശം. ആദുവംശത്തിന്റെ എന്നപോലെ ഇവരുടേയും മൂലതറവാട് അറേബ്യയായിരുന്നു. സമൂദിന്റെ ചരിത്രപരമായ ചില വസ്തുതകളിലേക്ക് ഖുർആൻ അവിടവിടെയായി വിരൽ ചൂണ്ടിയിട്ടുണ്ട്.

## സമൂദിന്റെ ആവാസകേന്ദ്രം

ആദുവംശത്തിന്റെ ആവാസകേന്ദ്രം അറേബ്യയുടെ തെക്കുകിഴക്കുള്ള പ്രദേശങ്ങളിലായിരുന്നുവെന്ന് നാം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. പേർഷ്യൻ ഉൾക്കടൽതീരങ്ങളുൾപ്പെടെ മെസൊപൊട്ടേമിയ വരെ അവരുടെ മേധാവിത്വം വ്യാപിച്ചിരുന്നു. നേരെമറിച്ച്, സമൂദ്വംശത്തിന്റെ ആവാസകേന്ദ്രം അറേബ്യയുടെ വടക്കുപടിഞ്ഞാറുള്ള പ്രദേശങ്ങളിലായിരുന്നു. ഖുർആന്റെ അവതരണഘട്ടത്തിൽ 'വാദിൽഖുറാ' എന്നത്രെ ഈ പ്രദേശങ്ങളെ വിളിച്ചിരുന്നത്. ചെറിയ ചെറിയ ഗ്രാമങ്ങൾ ധാരാളം അവിടെ അക്കാലത്തുണ്ടായിരുന്നു. അതിനാലാണ് 'ഗ്രാമങ്ങളുടെ താഴ്‌വര' എന്നർഥമുള്ള വാദിൽഖുറാ എന്ന നാമം അതിനുണ്ടായത്. ആ ഗ്രാമങ്ങളുടെ അവശേഷങ്ങൾ ഇക്കാലത്തും അവിടങ്ങളിൽ കാണാം. സമൂദുവംശം വാസ്തുശിൽപത്തിൽ സമർഥന്മാരായിരുന്നു. പാറകൾ വെട്ടിത്തുരന്ന് ഭവനമാക്കുകയെന്നതായിരുന്നു അവരുടെ കലാശിൽപത്തിന്റെ സവിശേഷത. ഇത്തരം തുരങ്കഭവനങ്ങൾ ആ പ്രദേശത്ത് ഇന്നും ധാരാളം കാണുന്നുണ്ടെന്ന് ദൃക്സാക്ഷികൾ പറയുന്നു. "വാദിൽ (ഖുറായിൽ) പാറ തുരന്ന സമൂദ്"[1] എന്നു ഖുർആൻ അവരെ വിശേഷിപ്പിച്ചിട്ടുള്ളത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ഇക്കാലത്ത് ആ പ്രദേശങ്ങൾ 'അൽ ഹിജ്റ്', 'മദായിനു സ്വാലിഹ്' (സ്വാലിഹു നബിയുടെ രാജ്യങ്ങൾ) എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്.[2]

ഇതുപോലെ അഖബാ ഉൾക്കടലിന്റെ തീരപ്രദേശങ്ങളും ജോർഡാന്റെ ചില ഭാഗങ്ങളും സമൂദ്വംശക്കാരുടെ ആധിപത്യത്തിലായിരുന്നു. അവിടങ്ങളിലും സമൂദീയശിൽപമാതൃകയിലുള്ള ധാരാളം തുരങ്കഭവനങ്ങൾ കാണാം. മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ 'തഫ്ഹീമുൽ ഖുർആനി'ൽ രേഖപ്പെടുത്തിയത് നോക്കുക:

"അൽഹിജ്റി'ൽ ഞങ്ങൾ കണ്ട സമൂദിന്റെ ശിൽപമാതൃകയിലുള്ള ഏതാനും ഭവനങ്ങൾ അഖബാ ഉൾക്കടൽ തീരമായ മിദ്യാനിലും ജോർദ്ദാൻ രാഷ്ട്രത്തിൽ പെട്ട 'പെട്രാ'(Petra)യിലും കാണുകയുണ്ടായി. വിശേഷവിധി

യായി, പെട്രായിലെ സമൂദീയഭവനങ്ങളും നബാത്തിയൻസിനാൽ (Nabathaeans) നിർമിതമായ കെട്ടിടങ്ങളും ഒപ്പത്തിനൊപ്പം സ്ഥിതിചെയ്യുന്നു. അവ രണ്ടും ഒരേ കാലത്തിന്റേതോ, ഒരേ ജനതയുടെ നിർമാണ രീതിയിലുള്ളതോ അല്ല. ഏതൊരാൾക്കും പ്രഥമ ദൃഷ്ടിയിൽ തന്നെ മനസ്സിലാക്കാൻ കഴിയുമാറ്, അത്ര പ്രകടമായ അന്തരമാണ് അവയ്ക്കു തമ്മിലുള്ളത്."[3]

ആകയാൽ വിശാലമായ ഒരു സാമ്രാജ്യത്തിന്റെ ആധിപത്യമാണ് സമൂദ്‌വംശത്തിനുണ്ടായിരുന്നത്. എന്നാൽ, അവരുടെ തലസ്ഥാനം അൽ ഹിജ്റ് തന്നെയായിരുന്നു. ഹിജാസിൽ നിന്ന് സിറിയയിലേക്കു പോകുന്ന വഴിയിലായിരുന്നു അത്. അതിപുരാതന കാലത്ത് അറബി സാർഥവാഹകസംഘങ്ങൾ അതിലൂടെയാണ് സഞ്ചരിച്ചിരുന്നത്. സമൂദിന്റെ തന്നെ മറ്റൊരു സ്ഥലം 'ഫജ്ജുന്നാഖഃ' (ഒട്ടകത്തിന്റെ മലയിടുക്ക്) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇത് ഗ്രീക്കുകാരുടെ സാഹിത്യത്തിൽ Badncitai എന്ന പേരിൽ സ്ഥലം പിടിച്ചിട്ടുണ്ട്.[4]

സമൂദിന്റെ നാമം ഗ്രീക്കു സാഹിത്യത്തിലും റോമാ സാഹിത്യത്തിലും ധാരാളം കാണാം. ക്രി. മു. 80-ൽ മൃതിയടഞ്ഞ ഡൈഡ്രൂസ്, ക്രി. പി. 79-ൽ ചരമം പ്രാപിച്ച പ്ലീനി, ക്രി. പി. 140-ൽ മരിച്ച ടോളമി എന്നീ ഗ്രീക്ക് ഗ്രന്ഥകാരന്മാരുടെ കൃതികളിൽ ആ നാമം സ്ഥലം പിടിച്ചിട്ടുണ്ട്. ഡൈഡ്രൂസ്, 'ഥമൂഡേനി' (Thamudani) എന്നും ടോളമി 'ഥമൂഡിട്ടായ്' (Thamudiatai) എന്നുമാണ് ആ പേരുച്ചരിച്ചിട്ടുള്ളത്. സുലൈമാൻ നദ്‌വി പറയുന്നു: "ഗ്രീക്കുകാർ സമൂദിന്റേതെന്നു നിർണയിച്ച സ്ഥലം അറബികളുടെ ഐതിഹ്യങ്ങളുമായി ശരിക്കും യോജിക്കുന്നുണ്ട്."[5]

മറ്റൊരു യവനഗ്രന്ഥകാരനായ ഉറാനസി(Uranus)നെ ഉദ്ധരിച്ചു ഡോ. സ്പ്രിംഗർ രേഖപ്പെടുത്തുന്നു: "നബാത്തിയൻസിന്റെ മുമ്പാണ് സമൂദിന്റെ കാലമെന്നു തെളിഞ്ഞിരിക്കുന്നു."[6] സീസർ ജസ്റ്റീനിയന്റെ കാലത്ത് (ക്രി. 483-565) സമൂദ് വംശക്കാരായ 3000 പേർ റോമൻ സേനയിൽ ചേർന്നിരുന്നതായി ഹുവാർട്ട് (Huart) രേഖപ്പെടുത്തിയിട്ടുണ്ട്.[7] ആകയാൽ ചരിത്രത്തിന് അറിവായിട്ടുള്ള ഒരു വംശമാണ് സമൂദ്.

## സമൂദ് വംശത്തിന്റെ സവിശേഷതകൾ

ഖുർആനിൽ നിന്നും മറ്റും നമുക്ക് മനസ്സിലായിട്ടുള്ള സമൂദിന്റെ സവിശേഷതകൾ ഇതത്രെ: ആദിന്റെ ശേഷം പ്രബല ശക്തിയായി വളർന്ന ഒരു ഭരണ വർഗമായിരുന്നു അവർ. വടക്കും പടിഞ്ഞാറുമുള്ള അറേബ്യൻ പ്രദേശങ്ങളിലാണ് അവരുടെ കേന്ദ്രം സ്ഥിതിചെയ്തിരുന്നത്. ആദിനെപ്പോലെത്തന്നെ വാസ്തുശിൽപത്തിൽ സമർഥന്മാരായിരുന്നു സമൂദ് വംശം. പക്ഷേ, ആദുകാരുടെയും സമൂദുകാരുടെയും ശിൽപരീതികളിൽ പ്രകടമായ ഒരന്തരമുണ്ടായിരുന്നു: ആദുവംശം തങ്ങളുടെ കലാശിൽപങ്ങൾക്ക് തിരഞ്ഞെടുത്തിരുന്നത് ഉന്നത സ്ഥലങ്ങളെയാണെങ്കിൽ സമൂദ് വംശം മലകളും പാറകളും വെട്ടിത്തുരന്നു ഭവനനിർമാണം നടത്തുകയായിരുന്നു പതിവ്. കൂടാതെ,

സമൂദുകാർ കല്ലും മറ്റുമുപയോഗിച്ചു രമ്യഹർമ്യങ്ങളും ശ്മശാനങ്ങളും നിർമിച്ചിരുന്നു. ഇവരുടെ സ്മാരകങ്ങൾ ഇന്നും ഇവിടങ്ങളിൽ അവശേഷിക്കുന്നുണ്ട്.

## കാലഘട്ടം

സമൂദ് വംശത്തിന്റെ ഉത്ഥാനകാലം ആദിന്റെ വിനാശത്തിന് ശേഷമാണെന്ന് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നു. സമൂദ് വംശത്തെ ദൈവികപന്ഥാവിലേക്ക് ക്ഷണിക്കുവാൻ നിയുക്തനായിരുന്ന സ്വാലിഹ് നബി അവരെ അനുസ്മരിപ്പിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു:

"ആദു വംശത്തിന് ശേഷം ദൈവം നിങ്ങളെ ഖലീഫമാരാ(ഭരണനേതാക്കൾ)ക്കിയത് ഓർമിക്കുവിൻ."[8]

ഈ ഉദ്ബോധനത്തിൽ നിന്നും സമൂദിന്റെ ആധിപത്യകാലം ആദുകാരുടെ ശേഷമാണെന്ന് വ്യക്തമാണ്. മോസസിന്റെ കാലത്ത് (ക്രി.മു. 1300) സമൂദ് വംശത്തിന്റെ നാശവും സംഭവിച്ചു കഴിഞ്ഞിരുന്നു. അഥവാ അവരുടെ മേധാവിത്വം അറേബ്യയിൽ നിന്നും അവസാനിച്ചിരുന്നു. അതുകൊണ്ടാവണം വടക്കൻ അറേബ്യയിലെ പല വംശങ്ങളുടേയും സ്ഥിതിഗതികൾ വിവരിച്ച ബൈബിൾ പഴയനിയമം സമൂദിനെപ്പറ്റി ഒന്നും പരാമർശിക്കാതെ മൗനം ദീക്ഷിച്ചത്. ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നതും അതാണ്. മോസസ് ഈജിപ്തിൽ മതബോധനം ആരംഭിച്ചപ്പോൾ അവിടത്തെ ഫറവോനും സിൽബന്തികളും അദ്ദേഹത്തെ എതിർത്തു. മോസസിനെ വധിക്കുവാൻ പോലും ഫറോവാരാജാവ് ഉദ്യമിച്ചു. ഇത്തരുണത്തിൽ രാജകുടുംബത്തിൽപെട്ട, മോസസിൽ രഹസ്യമായി വിശ്വസിച്ചിരുന്ന ഒരു വ്യക്തി രാജാവിനെയും സിൽബന്തികളെയും താക്കീതുചെയ്തുകൊണ്ടു നടത്തിയ ഒരു പ്രഭാഷണം ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്:

"ആ വിശ്വാസി പറഞ്ഞു: 'എന്റെ ജനങ്ങളേ, (മുമ്പു കഴിഞ്ഞുപോയ) കക്ഷികളുടേതുപോലുള്ള (അശുഭ) ദിവസം നിങ്ങൾക്കും വരുമെന്ന് ഞാൻ ഭയപ്പെടുന്നു. നോഹയുടെ ജനത, ആദുവംശം, സമൂദ് വംശം, അവർക്കുശേഷമുണ്ടായ വംശങ്ങൾ എന്നിവർക്കുണ്ടായ അനുഭവം പോലുള്ള ഒന്ന്!"[9]

മോസസിന്റെ കാലം ക്രി. മു. 1500-നും 1300-നും ഇടയ്ക്കാണെന്നത്രെ വിദഗ്ധാഭിപ്രായം. അക്കാലത്തിനും എത്രയോ മുമ്പുതന്നെ സമൂദ്വംശത്തിന്റെ ആധിപത്യം അവസാനിച്ചിരുന്നുവെന്ന് പ്രസ്തുത വചനങ്ങളിൽനിന്ന് തെളിയുന്നു.

നോഹയുടെ ജനതയായ സുമേരിയർക്കുശേഷം പശ്ചിമേഷ്യയിൽ ആധിപത്യവും പ്രഭാവവും കരസ്ഥമാക്കിയത് സെമിറ്റിക്ക് വർഗമായിരുന്നുവെന്ന് നാം മുമ്പു സമർഥിക്കുകയുണ്ടായി. സെമിറ്റിക്ക് വർഗത്തിൽ അരാം എന്ന ഒരു കുലപതിയുണ്ടായിരുന്നു. അദ്ദേഹത്തെയാണ് ഖുർആൻ 'ഇറമ്' എന്നു വിളിച്ചിട്ടുള്ളത്. ഇറമിന്റെ പിൻമുറക്കാരത്രെ ആദുവംശം. ഇതുപോലെ സമൂദ്വംശവും അതേ പാരമ്പര്യക്കാരായിരുന്നു. ഇതുകൊണ്ടാണ് ആദിനെ 'ആദുഇറം' എന്നും സമൂദിനെ 'സമൂദുഇറം' എന്നും അറബികൾ വിളിച്ചിരുന്നത്.[10]

## ശിൽപകലാ വൈദഗ്ധ്യം

ബൈബിൾ പോലെ ഒരു ചരിത്രഗ്രന്ഥമല്ല ഖുർആൻ എന്ന് നാം മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നിരുന്നാലും സമൂദിന്റെ കഥ പ്രതിപാദിച്ചപ്പോൾ ചരിത്രപരമായ ചില വസ്തുതകളിലേക്ക് പ്രസംഗവശാൽ ഖുർആൻ വെളിച്ചം വീശിയിട്ടുണ്ട്. അവരുടെ വാസ്തുശില്പ വൈദഗ്ധ്യമാണ് അക്കൂട്ടത്തിലൊന്ന്. പർവ്വതങ്ങൾ വെട്ടിത്തുരന്ന്, സുഖവാസയോഗ്യമായ തുരങ്കഭവനങ്ങൾ നിർമിക്കുന്നതിൽ അതീവസമർഥന്മാരായിരുന്നു സമൂദുകാർ. ഈ സവിശേഷത ഖുർആൻ പലേടങ്ങളിലും എടുത്തുപറഞ്ഞിട്ടുണ്ട്. ഒരിടത്ത്, സമൂദുകാരെ പ്രവാചകനായ സ്വാലിഹ് ഉദ്ബോധിപ്പിച്ച കൂട്ടത്തിൽ ഇങ്ങനെ പറഞ്ഞതായി കാണാം:

“അല്ലാഹു ഭൂമിയിൽ നിങ്ങൾക്ക് താമസസൗകര്യം നല്കി. നിങ്ങൾ സമതലങ്ങളിൽ സൗധങ്ങൾ നിർമിക്കുന്നു. പർവതങ്ങൾ വെട്ടിത്തുരന്ന് ഭവനങ്ങൾ പണിയുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്മരിക്കുക. നാട്ടിൽ കുഴപ്പമുണ്ടാക്കി വിനാശകാരികളാവാതിരിക്കുകയും ചെയ്യുക.”[11]

ആദുസമുദായത്തെപ്പോലെത്തന്നെ കേവലം ആഡംബരത്തിനും പ്രൗഢിക്കുംവേണ്ടിയാണ് സമൂദുസമുദായവും ശില്പവേലകൾ നടത്തിയിരുന്നത്. അതിന്റെ പേരിൽ നാട്ടുകാരുടെ സമ്പത്തുക്കൾ പരമാവധി ചൂഷണം ചെയ്തിരിക്കണം. അതിനാൽ, അവരുടെ പ്രവാചകൻ ഈ ധൂർത്തിനെ വിമർശിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു: “ആർഭാടവും ധൂർത്തും കാണിച്ചുകൊണ്ട് നിങ്ങൾ പർവതങ്ങൾ വെട്ടിത്തുരന്ന് ഭവനനിർമാണം ചെയ്യുന്നു. ദൈവത്തെ ഭയപ്പെടുക; എന്റെ ആജ്ഞ അനുസരിക്കുക; ഭൂലോകത്ത് വിനാശം വിതക്കുന്നവരും നന്മ വരുത്താത്തവരുമായ ധൂർത്തന്മാരുടെ ആജ്ഞ അനുസരിക്കരുത്.”[12]

ആദുവംശക്കാരുടെ ശില്പകല ഉന്നത സ്ഥലങ്ങൾക്കു മുകളിലായിരുന്നു. നേരെമറിച്ച്, സമൂദുവംശക്കാരുടെ പ്രധാനമായ വാസ്തുശില്പങ്ങളോ, പർവതങ്ങൾ വെട്ടിയുണ്ടാക്കിയ തുരങ്കഭവനങ്ങളും. കൂടാതെ, സമതലങ്ങളിൽ ഉയർന്ന മാളികകളും അവർ പണിതിരുന്നു. ‘അൽഹിജ്റി’ൽ ചെന്നു നോക്കുന്ന ഏവർക്കും അവരുടെ ഇത്തരം തുരങ്കഭവനങ്ങൾ കാണാവുന്നതാണെന്ന് സന്ദർശകന്മാർ സാക്ഷ്യം വഹിക്കുന്നു. ഇതേ മാതൃകയിലുള്ള ഏതാനും എടുപ്പുകളും തുരങ്കങ്ങളും അഖബാ ഉൾക്കടൽ തീരത്തുള്ള പ്രദേശങ്ങളിലും ജോർഡാനിലെ പെട്റാ എന്ന സ്ഥലത്തും സ്ഥിതിചെയ്യുന്നതായി ദൃക്സാക്ഷികൾ പറയുന്നു. ആ പ്രദേശങ്ങളെല്ലാം ഒരു കാലത്ത് സമൂദിന്റെ ആവാസതാവളങ്ങളായിരുന്നുവെന്നാണ് ഇതിന്റെ അർഥം.

നമ്മുടെ ഭാരതത്തിലും ഇതേ മാതൃകയിലുള്ള വാസ്തുശില്പങ്ങൾ കാണാം. വിശ്വവിജ്ഞാനകോശം രേഖപ്പെടുത്തുന്നു:

“പുരാതന ശില്പങ്ങൾ രണ്ടു തരത്തിലുള്ളവയാണ്: പാർളി, അജന്ത, ബാഗ് എന്നീ സ്ഥലങ്ങളിലുള്ളവ പാറ തുരന്നുണ്ടാക്കിയവയാണ്. എന്നാൽ, എല്ലോറയിലെ കൈലാസക്ഷേത്രം, ഓംനാറിലുള്ള വൈഷ്ണവക്ഷേത്രം, കാംഗ്രാ

യിലെ മാസ്റൂർക്ഷേത്രം, മഹാബലിപുരത്തുള്ള ഏഴു പഗോഡകൾ എന്നിവ പാറയുടെ പുറം കൊത്തിയുണ്ടാക്കിയവയാണ്."[13]

ആദിന്റെയും സമൂദിന്റെയും ശില്പമാതൃക ഭാരതത്തിൽ പ്രചരിച്ചത് വെറും യാദൃച്ഛികമായിരിക്കില്ല. ആ വംശക്കാർ ഇവിടേയും കുടിയേറി പ്പാർത്തതിന്റെ സ്മാരകമാവണം അത്.

## കാർഷിക ജനത

സമൂദ്‌വംശം കാർഷികജനതയായിരുന്നു. അവർക്ക് കൃഷിസ്ഥല ങ്ങളും ജലസേചനത്തിനുള്ള അരുവികളും തടാകങ്ങളും പലതരം തോട്ട ങ്ങളുമുണ്ടായിരുന്നു. അവരെ സ്വാലിഹുനബി ഉദ്ബോധിപ്പിച്ച കൂട്ടത്തിൽ ഈ സംഗതി എടുത്തുപറഞ്ഞിരുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു:

"ഇവിടെയുള്ള ഈ സുഖസൗകര്യങ്ങളിൽ നിർഭയരായി (സ്ഥിതി ചെയ്യുന്നതിനു) നിങ്ങളെ വിട്ടേക്കുമെന്നു കരുതുന്നുവോ-തോട്ടങ്ങൾ, അരുവികൾ, കൃഷിയിടങ്ങൾ, തൂങ്ങിക്കിടക്കുന്ന കുലയോടുകൂടിയ ഈന്തപ്പനകൾ എന്നിവയിൽ?"[14]

ഭാരതത്തിൽ കുടിയേറിപ്പാർത്ത ആര്യന്മാരും ഇതുപോലെ ഒരു കർഷകസമുദായമായിരുന്നുവെന്ന് വേദസൂക്തങ്ങൾ നമുക്കു മനസ്സിലാ ക്കിത്തരുന്നു. ഫലശൂന്യമായ പാഴ്നിലങ്ങൾ തങ്ങൾക്ക് നല്കരുതെന്ന് ഭരദ്വാജൻ എന്ന വൈദികമഹർഷി സരസ്വതി നദിയോട് പ്രാർഥിക്കുന്നു:

"എത്തിക്ക, സമ്പത്തെങ്ങൾക്കി; ടിവു വരുത്തരു-
ത;ത്തൽ ചേർക്കൊല്ലം ഭസ്സാലെങ്ങൾക്കു സരസ്വതി;
ഞങ്ങൾ തൻ പ്രവേശവും സഖ്യവും കൈക്കൊൾക നീ;
ഞങ്ങൾക്കു വേണ്ടാ, നിങ്കൽനിന്ന് പാഴ്വയലൊന്നും!"[15]

കൃഷിയുടെ സമസ്ത ജോലികളും വേദത്തിൽ വർണിച്ചതായി കാണാം. യവവും മറ്റു ധാന്യങ്ങളും വൈദികആര്യന്മാർ കൃഷിചെയ്തി രുന്നു:

"കൃഷിക്കാർ യവവും മറ്റും മുൻപുപിൻപായി വേർതിരിച്ച് ധാരാളം കൊയ്യുമല്ലോ; അപ്രകാരം നിന്തിരുവടി, യജ്ഞഹവിസ്സു ത്യജിച്ചിട്ടില്ലാ ത്തവർക്ക് ഇവിടയിവിടെ ധനങ്ങൾ കല്പിച്ചരുളിയാലും!"[16]

ഉഴൽ (കൃഷണം), വിതക്കൽ (വപനം), കൊയ്ത്ത് (ലുണനം), മെതി ക്കൽ (മൃണനം) ഇങ്ങനെ കാർഷികവൃത്തിയുടെ ഓരോ ഘട്ടവും വേദ ത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ അക്കാലത്തും കൃഷിക്ക് വളം ചേർക്കുക പതിവായിരുന്നു. വളത്തിന് 'ശക്നം', 'കരീഷം' എന്നൊക്കെ യാണ് പറഞ്ഞിരുന്നത്. ബക്കറ്റിൽ വെള്ളമെടുത്തും കൃഷിച്ചെടികൾ നന ക്കുമായിരുന്നു. ബക്കറ്റിനെ 'കോശ' എന്നാണ് വേദം വിളിച്ചിരിക്കുന്നത്. തടാകത്തിനു 'ഹ്രദം' എന്നും.

ഇക്കാലത്തെന്നപോലെ അക്കാലത്തും ധാന്യക്കതിരുകൾ ചെറുചു രുട്ടുകളായി കെട്ടിയിരുന്നു. ചുരുട്ടിന് 'പർഷം' എന്നു പേർ പറയും. കറ്റ കൾ കളപ്പുരയിൽ കൊണ്ടുപോയി മെതിക്കും. അതിനെ ഉപമാനമാക്കി

ഒരു ഋഷി പറയുന്നു:

"വളരെ നിഷ്ഠുരരെ ഞാൻ കളത്തിലെന്നപോലെ കൊയ്തുകൂട്ടിയിരിക്കുന്നു."[17]

മെതിച്ചുകഴിഞ്ഞാൽ പതിരു കളയേണ്ടതിന് ധാന്യം കാറ്റത്തിടും. ധാന്യം തൂറ്റുന്ന ആൾക്ക് 'ധാന്യകൃത്ത്' എന്നു പേർ. അനന്തരം അളന്നു തിട്ടപ്പെടുത്തും. 'ഉർദരം' എന്നാണ് അളവു പാത്രത്തിന്റെ സംജ്ഞ. കൃഷിചെയ്യുവാൻ കാളകളെ പൂട്ടി, നിലം ഉഴുതു പാകപ്പെടുത്തും. ഈ ക്രിയ ഒരു മന്ത്രത്തിൽ സൂചിപ്പിച്ചതു നോക്കുക:

"എനിക്കെത്തിക്കയും ചെയ്വൂ സോമമോടാവൃതുക്കളെ,
യവത്തിനായ്ക്കാളകളാലുഴുതുന്നതു പോലവൻ!"[18]

ഇങ്ങനെ കൃഷിപ്പണിയുടെ നാനാ വശങ്ങൾ വർണ്ണിക്കണമെങ്കിൽ വൈദികഋഷിമാർ അതിൽ എത്രമാത്രം നിപുണരും പരിചയസമ്പന്നരുമായിരിക്കണം? വൈദികകാലത്തെ ആര്യന്മാർ ഒരു കാർഷിക ജനതയായിരുന്നുവെന്ന കാര്യം തീർച്ചയാണ്.

## ബഹുദൈവത്വം

സമൂദ്ഗോത്രം ബഹുദൈവാരാധകരായിരുന്നുവെന്നാണ് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നത്. സ്വാലിഹ് നബി ആ ജനതയെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിച്ചു. അദ്ദേഹം അവരെ ഇപ്രകാരം ആഹ്വാനം ചെയ്തതായി ഖുർആൻ ഉദ്ധരിക്കുന്നു:

"എന്റെ ജനങ്ങളേ, അല്ലാഹുവിന് ഇബാദത്ത് (ഉപാസന) ചെയ്യുക. നിങ്ങൾക്ക് അവനല്ലാതെ ദൈവമില്ല. അവൻ നിങ്ങളെ ഭൂമിയിൽനിന്നു സൃഷ്ടിച്ചു. ഭൂമിയിൽ തന്നെ അധിവസിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് അവനോട് മാപ്പിരക്കുകയും അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്ക. എന്റെ നാഥൻ സമീപസ്ഥനും പ്രത്യുത്തരംചെയ്യുന്നവനുമത്രെ, നിശ്ചയം!"[19]

ആ ജനത ഈ ആഹ്വാനം സ്വീകരിച്ചില്ല. പാരമ്പര്യ വിശ്വാസത്തിലും മാമൂൽമതത്തിലും തന്നെ ശഠിച്ചുനിന്നു. അവർ പറഞ്ഞു:

"ഹേ സ്വാലിഹ്, ഇതിനുമുമ്പ് നിന്നിൽ ഞങ്ങൾക്ക് നല്ല പ്രതീക്ഷയുണ്ടായിരുന്നു. ഞങ്ങളുടെ പിതാക്കൻമാർ ആരാധിച്ചുവന്ന ദേവന്മാരെ ഞങ്ങൾ ആരാധിക്കുന്നത് നീ തടയുകയാണോ? നീ ഞങ്ങളെ ഏതൊന്നിലേക്ക് വിളിക്കുന്നുവോ, അതെപ്പറ്റി വലിയ സംശയാലുക്കളാകുന്നു ഞങ്ങൾ!"[20]

തുച്ഛമായ ഒരു ന്യൂനപക്ഷം മാത്രമേ പ്രവാചകന്റെ ആഹ്വാനം കൈക്കൊണ്ടുള്ളൂ. ഭൂരിപക്ഷവും അവരുടെ നേതാക്കന്മാരും പാരമ്പര്യമതത്തിൽതന്നെ നിലകൊണ്ടു. എന്നാൽ, സമൂദുകാരുടെ ദേവതകളുടെ പേരുകൾ ഖുർആനിൽ പറഞ്ഞിട്ടില്ല. ബോഘാസ്കോയ് ഖനന ഗവേഷണത്തിൽനിന്നു മനസ്സിലാവുന്നത് ഇൻഡോ-ആര്യന്മാർ പൂജിച്ചിരുന്ന ദേവൻമാരെയാണ് സമൂദുകാരും ആരാധിച്ചിരുന്നതെന്നാണ്. ഈ സംഗതി സ്വല്പം വിസ്തരിക്കേണ്ടതുണ്ട്.

## ബോഘാസ്കോയ് ഖനനം

ഏഷ്യാമൈനറിൽ, അനാറ്റോളിയയിലെ ബോഘാസ്കോയ് എന്നിടത്തു

ള്ള വലിയ മേട് ഈ ശതകത്തിന്റെ ആരംഭത്തിൽ ഉത്ഖനന ഗവേഷണത്തിനു വിധേയമായി. ഒരു ജർമൻപുരാവസ്തുവിദഗ്ധനായ വിൻക്ലറാണ് 1906-ൽ ആദ്യമായി അത് കണ്ടെത്തിയത്. ഹിറ്റൈറ്റ്സ്(Hittites) എന്ന അതിപുരാതനമായ ഒരു രാജവംശത്തിന്റെ രാഷ്ട്രതലസ്ഥാനമായിരുന്നു അത്. ഉത്ഖനനത്തിൽ പഴയ ഒരു നഗരത്തിന്റെ അവശിഷ്ടങ്ങളും ഒരു രാജകൊട്ടാരവും കണ്ടെത്തി. കൊട്ടാരത്തിന്റെ വലിയ മുറി ഒരു ഗ്രന്ഥശാലയായിരുന്നു. കടലാസ്സുഗ്രന്ഥങ്ങളല്ല, കളിമൺ ഫലകങ്ങളാണ് അതിലെ ശേഖരം. കളിമണ്ണ് പാകപ്പെടുത്തി പലകയാക്കി, എഴുത്താണികൊണ്ടെഴുതി, ചൂളയിൽ ചുട്ടെടുത്ത പലകകൾ! ഇങ്ങനെയുള്ള ആയിരക്കണക്കായ കളിമൺ പലകകൾ ആ മുറിയിൽനിന്ന് ഉപലബ്ധമായി. രാജകീയറിക്കാർഡുകളായിരുന്നു അവ. പ്രസ്തുത ആണിയെഴുത്ത് വായിക്കാനുള്ള മാർഗം ഗവേഷകനും ചെക്കോസ്ലോവാക്യക്കാരനുമായ ഹ്രോസ്നി കണ്ടുപിടിച്ചു. എന്നാൽ , ആണിയെഴുത്ത് ഒന്നാമതായി വായിച്ചത് ജർമൻകാരനായ ഒരു സ്കൂൾ മാസ്റ്ററാണ്. ജി.എഫ്. ഗ്രോട്ടെഫെൽഡ് എന്നാണ് അദ്ദേഹത്തിന്റെ പേർ.

ഭാഷാഗവേഷണം നടത്തിയ പണ്ഡിതന്മാർ വൈദിക സംസ്കൃതത്തിന് പഴയ പേർഷ്യൻ, ഗ്രീക്ക്, ലാറ്റിൻ മുതലായ ഭാഷകളുമായി സാജാത്യമുണ്ടെന്നു തെളിയിച്ചിട്ടുണ്ട്. ശബ്ദധാതുക്കളിലും വ്യാകരണത്തിലും അവ തമ്മിൽ സാരമായ സാദൃശ്യമുണ്ട്. അത് യാദൃച്ഛികമല്ലതാനും. അതിനാൽ, അവ ഒരേ മൂലഭാഷയിൽനിന്നും ഭാഗം പിരിഞ്ഞുപോന്ന വിവിധ ഭാഷകളാണെന്നുള്ള നിഗമനത്തിലാണ് ഗവേഷകർ എത്തിച്ചേർന്നത്. ഇങ്ങനെ സാജാത്യം കാണുന്ന ഭാഷകളെയെല്ലാം അവർ ഒരേ വർഗത്തിൽ പെടുത്തി. അവയ്ക്ക് 'ഇൻഡോ- യൂറോപ്യൻഭാഷകൾ' എന്നു പേരും നല്കി. ഇ.യു. ഭാഷ എന്നാണ് ചുരുക്കിപ്പറയുക.

ഇ.യു. ഭാഷകളെത്തന്നെ രണ്ടായി വിഭജിച്ചിട്ടുണ്ട്: ഒന്നിന് 'ശതം' ഭാഷകളെന്നും മറ്റേതിനു 'കെൻറം' ഭാഷകളെന്നും പറയുന്നു. ആദ്യത്തിലെ 'ശ' രണ്ടാമത്തേതിൽ 'ക' യായി മാറുന്നുവെന്നതാണ് ഈ വിഭജനത്തിനു നിദാനം. ആകയാൽ ഇ. യു. ഭാഷകൾ സംസാരിച്ചിരുന്ന ജനപദങ്ങളെയെല്ലാം ഇന്നത്തെ ചരിത്രകാരന്മാർ ഏകവർഗക്കാരായി കരുതുന്നു. 'ഇൻഡോ-യൂറോപ്യൻ വർഗം' എന്ന് അവരെ വിളിക്കുകയും ചെയ്യുന്നു.

വൈദിക സംസ്കൃതം 'ശതം' ശാഖയിലാണ് പെടുത്തിയിരിക്കുന്നത്. എന്നാൽ ബോഘാസ്കോയ് റിക്കാർഡുകളിൽ കാണുന്ന ഇ.യു. ഭാഷ രണ്ടു ശാഖകളിലും പെടുന്നു. അതായത്, ആദ്യത്തെ ഹിറ്റൈറ്റു ഭാഷ കെൻറം ശാഖയിലും പിന്നത്തേത് ശതം ശാഖയിലുംപെട്ടതാണ്. ഇതിൽ നിന്നും അനുമാനിക്കപ്പെടുന്നത് ഇൻഡോ ആര്യൻമാരെക്കാൾ ഹിറ്റൈറ്റുകൾക്ക് പ്രാചീനത കൂടുമെന്നാണ്. കൂടാതെ ഇ.യു. വർഗക്കാർ രണ്ടു പ്രാവശ്യം അനാറ്റോളിയയിൽ എത്തിയെന്നും ഊഹിക്കപ്പെടുന്നു. ബോഘാസ്കോയ്റിക്കാർഡുകളുടെ കാലം നിർണയിച്ചിരിക്കുന്നത് ക്രി. മു. 1400 മുതൽ 1200 വരെയാണ്. ഇ.യു. ഭാഷക

ളിൽ കണ്ടെത്തിയ രേഖകളിൽ ഏറ്റവും പ്രാചീനമായിട്ടുള്ളത് അതത്രെ.[21]

## ഹിറ്റൈറ്റ്സും ബൈബിളും

ബൈബിൾ പഴയ നിയമത്തിൽ വിവരിക്കപ്പെട്ട ജനപദങ്ങളിലൊന്നാണ് ഹിറ്റൈറ്റ്സ്. നോഹയുടെ പുത്രനായ ഹാമിന്റെ മകൻ കനാന്ന് ഹേത്ത് എന്നുപേരായ ഒരു മകനുണ്ടായിരുന്നു.[22] ഹേത്തിന്റെ സന്താന പരമ്പര 'ഹിത്യർ' എന്ന പേരിൽ അറിയപ്പെട്ടു. ഇവരെയാണ് പാശ്ചാത്യർ 'ഹിറ്റൈറ്റ്സ്' (Hittites) എന്നു വിളിക്കുന്നത്. ഇസ്റായേൽ സമുദായത്തിന്റെ പാത്രിയാർക്കീസായ (കുലപതി) അബ്രഹാമിന്റെ കാലത്തുതന്നെ ഹിത്യർ പശ്ചിമേഷ്യയിൽ പ്രസിദ്ധരായിരുന്നു. ദൈവം അബ്രഹാമിന്റെ സന്തതികൾക്ക് നൽകുമെന്ന് വാഗ്ദത്തം ചെയ്ത ഭൂഭാഗത്ത് അധിവസിച്ചിരുന്നവരുടെ കൂട്ടത്തിൽ ഹിത്യരും പെടുന്നു.[23]

തന്റെ പത്നി സാറായി മരിച്ചപ്പോൾ അവരുടെ മൃതശരീരം മറമാടുന്നതിന് അബ്രഹാം ഹിത്യരോടാണ് സ്ഥലം വാങ്ങിയത്.[24] ഹിത്യരും സെമിറ്റിക് വർഗത്തിൽപ്പെട്ട അബ്രഹാമും വളരെ മമതയിലും സ്നേഹത്തിലുമാണ് വർത്തിച്ചിരുന്നതെന്ന് ബൈബിളിൽനിന്നു തെളിയും. എന്നാൽ, ഹിറ്റൈറ്റ്സ് ഏഷ്യാമൈനറിലെത്തിയത് എപ്പോഴാണെന്നു ഗവേഷകർക്ക് നിശ്ചയമില്ല. ഏതായാലും ക്രി.മു. 1200 വരെ അവരുടെ സാമ്രാജ്യം അവിടെ നിലനിന്നു.

## വൈദിക ദേവന്മാർ

നമ്മുടെ ശ്രദ്ധയെ ഇത്തരുണത്തിൽ ആകർഷിക്കുന്ന സംഗതി മറ്റൊന്നാണ്: ഏതാണ്ട് ക്രി. മു. 1500-നോടടുത്ത് അനാറ്റോളിയയുടെ കിഴക്ക് സിറിയ വരെ ഭരണം നടത്തിയിരുന്ന ഹുറിയർ എന്നുപേരായ ഒരു ജനത ഉണ്ടായിരുന്നു. അവരുടെ സാമ്രാജ്യത്തിന്റെ പേർ 'മിത്തന്നി' അഥവാ 'മിത്താനി' എന്നായിരുന്നു. മിത്തന്നി രാജാവായ മതിവസയും ഹിറ്റൈറ്റു രാജാവായ സുപ്പിലുലിയുമസും തമ്മിൽ നടന്ന ഒരു കരാറുപത്രം ബോഘാസ്കോയ്റിക്കാർഡുകളിൽ കണ്ടെടുത്തിട്ടുണ്ട്. അതിൽ ഉടമ്പടിക്കു ദിവ്യസാക്ഷികളായി കാണിച്ചിട്ടുള്ളത് ഇന്ദ്രൻ, മിത്രൻ, വരുണൻ, രണ്ട് നാസത്യന്മാർ എന്നീ ആര്യദേവതകളെയാകുന്നു. അതിനാൽ, ഹിറ്റൈറ്റ്സും മിത്തന്നി സമ്രാട്ടുകളും ആര്യന്മാരായിരുന്നുവെന്ന് തെളിയുന്നു. എന്നാൽ, എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയിൽ കാണുന്നത് ഇങ്ങനെയാണ്:

"വിദേശ ദേവന്മാർ- പ്രത്യേകിച്ചും മെസൊപൊട്ടേമിയ ദേവന്മാരും ചിലപ്പോൾ കനാന്യദേവൻമാരും കാണപ്പെടുന്നത് വിദേശത്തുനിന്നും ഇറക്കുമതി ചെയ്തിട്ടുള്ള ഐതിഹ്യങ്ങളിലും മതചടങ്ങുകളിലുമാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള ഉടമ്പടികളിൽ മറുപക്ഷത്തിന്റെ ദിവ്യസാക്ഷികളെന്നോണം അത്തരം ദേവൻമാരെ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. മതിവസനുമായുള്ള കരാറുപത്രത്തിൽ കാണുന്ന ഇന്ദ്രൻ, മിത്രൻ, വരുണൻ, രണ്ടു നാസത്യന്മാർ എന്നീ ഇൻഡോ- ഇറാനിയൻ ദേവതകൾ ഇതിനു

ത്തമോദാഹരണമാണ്. മിട്ടാനി ആര്യന്മാർ ആരാധിച്ചിരുന്ന വിശ്വദേവത കളുടെ ഗണത്തിൽപെടുന്നു ആ ദേവൻമാർ."[25]

ഹിറ്റൈറ്റുകളുടെ ദേവന്മാരല്ല, മിട്ടാനികളുടെ ദേവന്മാരാണ് ഇന്ദ്ര-മിത്ര- വരുണ-നാസത്യന്മാർ എന്നത്രെ ഈ പ്രസ്താവങ്ങളുടെ ധ്വനി. ഇനി മിട്ടാനികൾ ആരായിരുന്നുവെന്ന് നമുക്കു നോക്കാം.

## മിട്ടാനികൾ

അഖബാ ഉൾക്കടലിന്റെ തീരപ്രദേശങ്ങളിൽ പാർപ്പുറപ്പിച്ചിരുന്ന ഒരു അറബിജനതയായിരുന്നു മിട്ടാനികൾ. ബൈബിൾ ഇവരെ 'മിദ്യാന്യർ' എന്നാണ് വിളിച്ചിരിക്കുന്നത്. മോസസിന്റെ കാലത്ത് മിദ്യാനിൽ അഞ്ചു രാജവംശങ്ങൾ വാണിരുന്നു. ഇസ്റായേലുമായി നടന്ന യുദ്ധത്തിൽ അവ രെല്ലാം തോല്പിക്കപ്പെട്ടു. ആ കഥ ബൈബിൾ വർണിക്കുന്നത് കാണുക:

"യഹോവ മോശയോട് കല്പിച്ചതുപോലെ അവർ മിദ്യാന്യരോട് യുദ്ധം ചെയ്തു. ആണുങ്ങളെ ഒക്കെയും കൊന്നു. നിഹതന്മാരുടെ കൂട്ട ത്തിൽ അവർ മിദ്യാന്യരാജാക്കന്മാരായ ഏവി, രേക്കം, സൂർ, ഹൂർ, രേബ എന്നീ അഞ്ചു രാജാക്കന്മാരെയും കൊന്നു."[26]

ഇക്കൂട്ടത്തിൽ ഹൂറിയർ സ്ഥാപിച്ച സാമ്രാജ്യമത്രെ മിട്ടാനി, അല്ലെ ങ്കിൽ മിത്തന്നി. ഡോ. എ. അയ്യപ്പൻ എഴുതുന്നു:

"ക്രി. മു. 1500-ന്നടുത്ത്, അനാറ്റോളിയക്ക് കിഴക്കുഭാഗം സിറിയവരെ 'ഹൂറിയർ' എന്ന പേരിൽ അറിഞ്ഞുവരുന്ന ഒരു ജനതയുണ്ടായിരുന്നു. അവരുടെ പ്രഭുക്കളുടെ പേരുകൾ വേദത്തിലുള്ള പേരുകളായിരുന്നു. ഹൂറിയരുടെ ഒരു ചെറുസാമ്രാജ്യം 'മിത്താനി' എന്ന പേരിൽ പിന്നീട് സ്ഥാപിക്കപ്പെട്ടു. ഹൂറിയരുടെ ബന്ധുക്കളായ 'ഹെക്സോസ്' എന്നൊരു കൂട്ടർ വളരെ ശക്തരായിത്തീർന്നു, ഈജിപ്തു ആക്രമിക്കുകയുണ്ടായി."[27]

## സമൂദും മിത്തന്നിയും

അറബികൾ 'മദ്യൻ' എന്നും ബൈബിൾ 'മിദ്യാൻ' എന്നും ബോഘാ സ്കോയ്റിക്കാർഡ് 'മിത്തന്നി' എന്നും വിളിച്ചിരിക്കുന്നത് ഒരേ ജനതയെത്ത ന്നെയാണ്. അഖബാ ഉൾക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന അറേബ്യൻ പ്രദേ ശത്താണ് അവർ പാർത്തിരുന്നത്. ഈ പ്രദേശത്ത് സമൂദിന്റെ തുരങ്കഭവന ങ്ങൾ ഇന്നും സ്ഥിതിചെയ്യുന്നുണ്ടെന്ന് ദൃക്സാക്ഷി വിവരണങ്ങളിൽനിന്ന് നമുക്ക് മനസ്സിലായിട്ടുണ്ട്. കൂടാതെ, ഹൂറിയരുടെ ബന്ധുക്കളാണ് ഈജിപ്ത് ആക്രമിച്ചുകീഴടക്കിയ ഹെക്സോസുരാജാക്കന്മാരെന്ന് ബോഘാസ്കോയ് റിക്കാർഡുകൾ തെളിയിച്ച പ്രകാരം ഡോ. അയ്യപ്പൻ ഉദ്ധരിച്ചതും ശ്രദ്ധിക്കപ്പെ ടേണ്ടതാണ്. ഹെക്സോസുകൾ അറബികളായിരുന്നുവെന്ന പക്ഷത്തിനു പോദ്ബലകമാണത്. അതിനാൽ അറേബ്യയിൽ ആധിപത്യം സ്ഥാപിച്ച സമൂ ദിന്റെ പിൻമുറക്കാരായിരുന്നു മിദ്യാന്യർ അല്ലെങ്കിൽ മിത്തന്നികൾ എന്ന നിഗ മനത്തിൽ നമുക്ക് അനായാസേന എത്തിച്ചേരാവുന്നതാണ്. മിത്തന്നികൾ

വൈദികദേവതകളായ ഇന്ദ്ര-മിത്ര- വരുണ-നാസത്യന്മാരെയാണ് ആരാധിച്ചിരുന്നതെന്നും നാം കണ്ടുകഴിഞ്ഞു. അവരുടെ മുൻഗാമികളായ സമൂദുകാരും അതേ ദേവതകളെയായിരിക്കണം ആരാധിച്ചുവന്നത്. ആകയാൽ ആര്യൻമാർ സെമിറ്റിക്ക്വർഗത്തിൽപെട്ടവരാണെന്നതിനുപോദ്ബലകമത്രെ ബോഘാസ്കോയ് രേഖകൾ.

ബോഘാസ്കോയ് റിക്കാർഡിൽ കാണുന്ന 'മതിവസ' എന്ന പേർ ഒരു സംസ്കൃതസംജ്ഞയായിരുന്നു. 'മതിവശൻ' (ചന്ദ്രസേവകൻ) എന്നതിന്റെ പ്രാക്തനരൂപമാവാം അത്. ഇതുപോലെ ഉത്തര മെസൊപൊട്ടേമിയയിൽ ക്രി. മു. 1450-1300 കാലത്ത്, വാണിരുന്ന ചക്രവർത്തിമാർക്കും സംസ്കൃതനാമങ്ങളാണുണ്ടായിരുന്നത്. അവയിൽ ചിലത് മാതൃകക്കായി താഴെ കാണിക്കുന്നു:

പർശശതർ=(പ്രശസ്തർ), അർതദമ=(ഋതധമ), അർതസുമര=(ഋതസ്മര), ത്വിഷ്രഥ=(ത്വഷ്രഥ), സൗസതർ=(സൗക്ഷത്ര).[28]

ഹിറ്റൈറ്റുകളുടെ പേർ ബോഘാസ്കോയ് രേഖകളിൽ കാണുന്നത് ഖത്ത, ഹത്തി എന്നിങ്ങനെയാണ്. 'ക്ഷത്രിയ' എന്ന പദത്തോട് അതിന് സാമ്യമുണ്ടെന്ന് ഡോ. അയ്യപ്പൻ പറയുന്നു.[29]

## രസാവഹമായ ഒരു കത്ത്

ഹിറ്റൈറ്റ് സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ഹത്തുസാസ് പട്ടണത്തിൽനിന്ന് കണ്ടെടുത്ത റിക്കാർഡുകളുടെ കൂട്ടത്തിൽ രസാവഹമായ ഒരു കത്തുണ്ട്. ഹിറ്റൈറ്റ്ചക്രവർത്തിയായ സുപ്പിലുലിയുമസിന് ഈജിപ്തിലെ റാണിയായിരുന്ന 'അഞ്ചെസ്-എൻ-അമെൻ' അയച്ച കത്താണത്. 'ടൂട്ടൻഗാമൻ' എന്ന ഫറവോന്റെ വിധവയായിരുന്നു അവർ. ഹിറ്റൈറ്റ് സമ്രാട്ടിന്റെ പുത്രന്മാരിലൊരാളെ തനിക്കു ഭർത്താവായി അയച്ചുകൊടുക്കാനുള്ള അർഥനയാണ് കത്തിലെ ഉള്ളടക്കം. അതിൽ എഴുതിയിരിക്കുന്നു:

"എന്റെ ഭർത്താവ് മരിച്ചുപോയി. എനിക്ക് ഒരു മകൻ പോലുമില്ല. നിങ്ങൾക്കു കുറേ പുത്രന്മാരുണ്ടെന്നു കേൾക്കുന്നു. നിങ്ങളുടെ ഒരു മകനെ എനിക്കു തരിക. എങ്കിൽ ആ രാജകുമാരനെ എനിക്ക് ഭർത്താവാക്കാമായിരുന്നു. എന്റെ പ്രജകളിൽ ഒരാളെ ഞാൻ എങ്ങനെ ഭർത്താവായി ആദരിക്കും?"

ചക്രവർത്തിക്ക് രാജ്ഞിയുടെ ഉദ്ദേശ്യത്തിൽ സംശയം തോന്നി. നാട്ടുപ്രഭുക്കന്മാരുമായി ആലോചിച്ച ശേഷം, ഈജിപ്തിൽ ചെന്ന് സത്യാവസ്ഥ മനസ്സിലാക്കേണ്ടതിന് ഒരു ദൂതസംഘത്തെ നിയോഗിച്ചു. രാജ്ഞിയുടെ ആവർത്തിച്ച അഭ്യർഥന വീണ്ടും വന്നു. അവരുടെ ആത്മാർഥതയിൽ സംശയിക്കാനില്ലെന്ന് ദൂതസംഘം അറിയിച്ചു. ചക്രവർത്തി തന്റെ ഒരു പുത്രനെ ഈജിപ്തിലേക്കയച്ചു. പക്ഷേ, അദ്ദേഹം വഴിയിൽ വച്ചു വധിക്കപ്പെടുകയാണുണ്ടായത്.[30]

ഇതുവരെ വിവരിച്ചതിൽനിന്ന് വായനക്കാർ ഒരു സംഗതി ഗൗനിച്ചി

രിക്കുമെന്ന് കരുതുന്നു: ബൈബിൾ അരാം എന്നും ഖുർആൻ ഇറമ് എന്നും വിളിച്ച കുലപതിയുടെ സന്താനപരമ്പരയിൽ പെട്ടവരായിരുന്നു ഇൻഡോ-ആര്യൻ ജനത. അതേ കുലപതിയുടെ സന്താനപരമ്പരയിൽ പെട്ടവരായിരുന്നു ആദുവംശവും സമൂദുവംശവും. അരാം എന്ന ശബ്ദം ഇന്ത്യയിൽ ആര്യനും പേർഷ്യയിൽ ഐരിയാനയുമായിത്തീർന്നു. ഇവരെല്ലാം ആദിയിൽ അറബി വംശജരായിരുന്നു. അഥവാ സെമിറ്റിക്ക് വംശജർ. സംസ്കാരത്തിലും മതത്തിലുമുള്ള അടുപ്പം അതിലേക്കുപോദ്ബലകമായ തെളിവത്രെ!

## കുറിപ്പുകൾ

1. ഖുർആൻ 89: 9
2. തഫ്ഹീമുൽ ഖുർആൻ by സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി വാ. 3, പേ. 523 നോക്കുക.
3. Ibid Vol. P. 523
4. അർദുൽ ഖുർആൻ വാ. 1, പേ. 186
5. Ibid Vol. 1, P. 196
6. ഉദ്ധരണം: Ibid Vol. 1, P. 177
7. ഉദ്ധരണം: Ibid Vol. 1, P. 197
8. ഖുർആൻ 7: 74
9. Ibid 40: 30, 31
10. ഇബ്നു ഖൽദൂൻ- കിതാബുൽ ഇബർ വാ. 1, പേജ് 7
11. ഖുർആൻ 7: 74
12 ഖുർആൻ 26: 149-152
13. വിശ്വവിജ്ഞാനകോശം വാ. 2, പേ. 248, 249 (ഇന്ത്യ)
14. ഖുർആൻ 26: 146-148
15. ഋഗ്വേദം മ. 6, സൂ. 61, ഋ. 14
16. Ibid മ. 10, സൂ. 131, ഋ. 2
17. Ibid മ. 10, സൂ. 48, ഋ. 7
18. Ibid മ. 1, സൂ. 23, ഋ. 7
19. ഖുർആൻ 11: 61
20. Ibid 11: 61
21. ഭാരതപ്പഴമ പേ. 99 നോക്കുക.
22. ഉത്പത്തി 10: 1, 6, 15 നോക്കുക.
23. Ibid 15: 18-21
24. Ibid 23: 3,5; 8-18 നോക്കുക.
25. Encyclopedia Britannica Vol. xi, p. 559 (Hittites) (1965)
26. സംഖ്യ 31: 7,8
27. ഭാരതപ്പഴമ പേ. 103, 104
28. Ibid P. 107
29. Ibid P. 105
30. Ibid P. 105, 106 നോക്കുക.

## അധ്യായം ഇരുപത്തൊന്ന്

# രത്നച്ചുരുക്കം

**മു**ൻപോട്ടു കടക്കുന്നതിനുമുമ്പ് നാം ഇതുവരെ വിവരിച്ചതിന്റെ രത്നച്ചുരുക്കം ഇവിടെ കാണിക്കുന്നത് സാമാന്യവായനക്കാരെ സംബന്ധിച്ചേടത്തോളം കൂടുതൽ ഉപകാരപ്രദമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

### ആര്യവംശത്തിന്റെ മൂലതറവാട്

ആര്യവംശത്തിന്റെ മൂലതറവാട് എവിടെയായിരുന്നു എന്ന വിഷയത്തിൽ ഗവേഷകന്മാർക്കിടയിൽ ഗുരുതരമായ ഭിന്നാഭിപ്രായമാണുള്ളതെന്നു നാം സൂചിപ്പിച്ചു. പാമീർമേടയാണെന്ന് ഒരു പക്ഷം. യൂറോപ്പിന്റെ വടക്കൻ സമതലങ്ങളാണെന്ന് മറ്റൊരു പക്ഷം. ഹങ്കറി, ആസ്ത്രിയ, ബൊഹീമിയ എന്നീ സ്ഥലങ്ങളുൾക്കൊള്ളുന്ന ഭൂഭാഗമാണെന്ന് വേറൊരു പക്ഷം. ഉത്തരധ്രുവമാണെന്നു ഇനിയുമൊരു പക്ഷം. ഇങ്ങനെ വിഭിന്നങ്ങളായ അഭിപ്രായഗതികളാണ് ഈ വിഷയത്തിലുള്ളത്.

ഉത്തരധ്രുവത്തിൽ ആദി ആര്യന്മാരെ കുടിയിരുത്തിയ ജർമൻകാരായ ഏണസ്റ്റ്ഹോർമീസിന്റെ വിവരണം ഒട്ടു രസകരമാണ്: ആദി ആര്യന്മാർ ഗുഹാവാസികളായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ ഹിമയുഗം വന്നു. ഹിമയുഗത്തിൽ അവർ ഭൂരിഭാഗവും നശിച്ചു. അവശേഷിച്ചവർ തെക്കോട്ട് ഓടി. അതോടെ അവിടം ശൂന്യമായി. തെക്കോട്ട് നീങ്ങിയവർ ആരൽ ഉൾക്കടൽ, കാസ്പിയൻ കടൽ എന്നിവയുടെ ഉത്തരതീരങ്ങളിൽ വന്നു താമസിച്ചു. ചില കാരണങ്ങളാൽ അവിടെ ഇരിപ്പുറപ്പിച്ചില്ല. അവർ നാനാഭാഗങ്ങളിൽ ചിന്നിച്ചിതറി. വിവിധ സംഘങ്ങളായി പല സ്ഥലങ്ങളിലേക്കും ഒഴുകി. ഇൻഡോ-ഇറാനിയൻ സംഘക്കാർ കാസ്പിയൻ തീരത്തെ സ്റ്റെപ്പികളിൽനിന്ന് തെക്കു കിഴക്കോട്ടു തിരിഞ്ഞു. ആമു, സാൻഡാറിയ എന്നീ നദികളുടെ തീരങ്ങളിലൂടെ ബുഖാറ, സമർഖന്ദ് എന്നീ സ്ഥലങ്ങളിലെത്തിപ്പെട്ടു. അവിടെനിന്നവർ രണ്ടു സംഘങ്ങളായി പിരിഞ്ഞു. ഒരു സംഘം പേർഷ്യയിലെത്തി. മറ്റൊരു സംഘം ഹിന്ദുക്കുഷ്പർവതം താണ്ടി, അഫ്ഗാൻ ചുരങ്ങൾ കയറിയിറങ്ങി 'കുഭാ' തടത്തിൽ (കാബൂൽ) എത്തിച്ചേർന്നു. ഇവരത്രെ ഭാരതത്തിലേക്കുള്ള വഴി ഒന്നാമതായി തെളിയിച്ചത്.[1]

ആര്യൻമാരുടെ ഇന്ത്യയിലേക്കുള്ള വരവിനെപ്പറ്റി രാധാകുമുഡ് മുക്കർജിയുടെ അഭിപ്രായം മറ്റൊന്നാണ്: ഡാന്യൂബ് നദീ തീരത്തുനിന്നു പുറപ്പെട്ടു, വല്ലച്ചിയായിലെത്തി, ബോസ്പറസ്-ഡാർഡെനൽസുകൾ തരണംചെയ്തു, ഏഷ്യാമൈനറിലും പിന്നീട് ടൈഗ്രീസ്-യൂഫ്രട്ടീസ് നദികളുടെ തീരങ്ങളിലുമെത്തി. അവിടെനിന്ന് മാഷെഡ്, ഹെറാത്ത്, ബക്ടീ

റിയ എന്നീ സ്ഥലങ്ങളിൽകൂടി പേർഷ്യയിൽവന്നു താവളമുറപ്പിച്ചു. ഇൻഡോ-ആര്യന്മാരുടെ പൂർവികർ ആദിയിൽ ആ പ്രദേശത്തായിരുന്നു.[2]

റഷ്യൻ ചരിത്രകാരന്മാരായ ബെർസിനും ഗ്രന്തോവ്സ്കിയും വേദ കാലത്തെ ആര്യന്മാരുടെ മൂലകുടുംബം കോക്കസസ്സിനു വടക്കുള്ള പുൽമേടുകളാണെന്ന് അവകാശപ്പെടുന്നു. ബി. സി. രണ്ടാം സഹസ്രാബ്ദത്തിൽ അവരുടെ ഒരു സംഘം തെക്കുപടിഞ്ഞാറുള്ള സിറിയയും ഫലസ്തീനും വരെ എത്തിയിരുന്നുവെന്നും ചിലർക്കഭിപ്രായമുണ്ട്. ചരിത്രകാരനായ എച്ച്.ജി. വെത്സിന്റെ നിഗമനം കൂടി കാണുക:

“നാലായിരം വർഷത്തിനു മുമ്പ്, അതായത്, ക്രി. മു. രണ്ടായിരമാണ്ടിനടുത്ത് മധ്യയൂറോപ്പിലും തെക്കുകിഴക്കെ യൂറോപ്പിലും മധ്യേഷ്യയിലും ഇന്നത്തേക്കാളധികം ചൂടും നനവും വനസാന്ദ്രതയും ഉണ്ടായിരുന്നു. ഭൂമിയുടെ ഈ പ്രദേശങ്ങളിൽ നീലനയനങ്ങളോടുകൂടിയ, വെളുത്ത നോർഡിക്ക് വംശത്തിൽ പെട്ട, ചില അവാന്തരവർഗങ്ങൾ അലഞ്ഞുനടന്നിരുന്നു. ഈ വ്യത്യസ്ത വർഗങ്ങൾക്ക് പരസ്പര ബന്ധമുണ്ടായിരുന്നതിനാൽ റെയിൻനദി തൊട്ട് കാസ്പിയൻ സമുദ്രം വരെയുള്ള പ്രദേശങ്ങളിലെല്ലാം അവർ ഒരേ ഭാഷയുടെ വിവിധ രൂപങ്ങളാണ് സംസാരിച്ചിരുന്നത്.... ഈ നോർഡിക്ക് ജനങ്ങൾ ലോകചരിത്രത്തിൽ അതിപ്രധാനമായ ഒരു ഭാഗം അഭിനയിക്കാൻ വിധിചോദിതരായിരുന്നു. അവർ വന്യഭൂമികളിലും ഉടജാന്തികങ്ങളിലും വസിച്ചിരുന്ന ഒരു വർഗമാണ്. അവർക്ക് ആദ്യം കുതിരകളുണ്ടായിരുന്നില്ല. കന്നുകാലികളേ ഉണ്ടായിരുന്നുള്ളൂ. തങ്ങളുടെ പ്രധാന നേതാക്കന്മാർ മരിച്ചാൽ ആ ശവങ്ങൾ അവർ ദഹിപ്പിക്കുകയും ഭസ്മാവശിഷ്ടങ്ങൾ പാത്രങ്ങളിൽ നിക്ഷേപിക്കുകയും അവയ്ക്കു ചുറ്റും വൃത്താകൃതിയിൽ മണ്ണുകൊണ്ട് വലിയ കൂമ്പാരങ്ങൾ പടുത്തുകെട്ടുകയും ചെയ്തുവന്നു. ഈ ആര്യന്മാർ കാളകളെ പൂട്ടി, നിലമുഴുത് ഗോതമ്പ് കൃഷി ചെയ്തു.”[3]

ഇങ്ങനെ വ്യത്യസ്താഭിപ്രായങ്ങളാണ് ഇൻഡോ-ആര്യൻമാരുടെ മൂലതറവാട് സംബന്ധിച്ച് നമുക്ക് കാണാൻ കഴിയുന്നത്. ഏതായാലും അവരുടെ മൂലതറവാട് ഇന്ത്യയാണെന്ന അഭിപ്രായം ഇവർക്കാർക്കുമില്ല. ഇന്ത്യയല്ലെന്ന കാര്യത്തിൽ അവർ ഏകോപിക്കുന്നു. പിന്നെ എവിടെയായിരുന്നുവെന്ന വിഷയത്തിലാണ് ഭിന്നാഭിപ്രായം. ഈ അഭിപ്രായവ്യത്യാസത്തിനു പല കാരണങ്ങളുമുണ്ടാവാം. എന്നാൽ ഭാഷാഗവേഷകരുടെ നിഗമനങ്ങളാണ് ഒരു പ്രധാന കാരണമെന്നു തോന്നുന്നു. മേൽ പ്രസ്താവിച്ച പ്രദേശക്കാർ സംസാരിക്കുന്ന ഭാഷകളും വൈദിക ഭാഷയും തമ്മിൽ സാജാത്യം കാണുകയുണ്ടായി. അതിനാൽ അവർക്കും ഇൻഡോ-ആര്യന്മാർക്കും ഏതോ കാലത്ത് പരസ്പര ബന്ധമുണ്ടായിരുന്നുവെന്നു ഗവേഷകർ തീരുമാനിച്ചു. അനന്തരം ആദി ആര്യകുടുംബത്തിന്റെ കേന്ദ്രത്തെപ്പറ്റി നിരീക്ഷിച്ചു. തദ്ഫലമായി വ്യത്യസ്ത നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്തു.

ഏതായാലും കന്നുകാലികളെ മേയ്ക്കലും, മേച്ചിൽ സ്ഥലവും പുല്ലും

വെള്ളവുമുള്ള ഇടങ്ങളെ അന്വേഷിച്ചു നടക്കലുമായിരുന്നു ആദി ആര്യൻമാരുടെ തൊഴിലെന്ന് എല്ലാവരും പറയുന്നു. ഋഗ്വേദത്തിൽ ആ സമ്പ്രദായത്തെ പ്രതിഫലിപ്പിക്കുന്ന അനേകം മന്ത്രങ്ങളുണ്ടുതാനും. ഈജിപ്തിനെ ആക്രമിച്ചു കീഴടക്കി, കുറേകാലം ഭരണം നടത്തിയ സെമിറ്റിക്കുകാരെ ഈജിപ്തുകാർ 'ഹെക്സോസ്' (ഇടയരാജാക്കന്മാർ) എന്ന പരിഹാസപ്പേരിൽ വിളിച്ചുവന്നതും ചരിത്രപ്രസിദ്ധമാണ്. ചുരുക്കത്തിൽ സെമിറ്റിക്കുകളും ആര്യന്മാരും ഇടയന്മാരായിരുന്നുവെന്ന കാര്യം സുതരാം വ്യക്തമാണ്.

ആദി ആര്യന്മാർ സ്ഥിരവാസികളായിരുന്നില്ല; ഊരുചുറ്റികളായിരുന്നു. സെമിറ്റിക്കുകാരുടെ സ്ഥിതിയും അങ്ങനെതന്നെയായിരുന്നു. വെത്സ് തന്നെ പറയട്ടെ:

"സെമിറ്റിക്ക് വർഗക്കാർ ആടുമാടുകളേയും കഴുതകളേയും മേച്ചുകൊണ്ട് നടന്നിരുന്നു. ഈ സെമിറ്റിക്കുകാരും ഏലാമ്യർ എന്നു പറയപ്പെടുന്ന ഇറാനിലെ ദക്ഷിണഭാഗത്തുനിന്നു വന്ന ഒരു തരം നീഗ്രോവർഗക്കാരുമാണ് പ്രാചീനസംസ്കാരങ്ങളുമായി അടുത്തു പരിചയപ്പെട്ട ആദ്യത്തെ നാടുചുറ്റികൾ."[4]

ആകയാൽ ഇടയത്വം, നാടുചുറ്റിത്തിരിയൽ എന്നീ സമ്പ്രദായങ്ങളിൽ സെമിറ്റിക്കുകാരും ആദി ആര്യന്മാരും യോജിക്കുന്നു. ഇക്കാരണങ്ങളാലും മറ്റും ആര്യൻമാരും സെമിറ്റിക്ക് വർഗത്തിൽ പെട്ടവരായിരിക്കണമെന്നാണ് നാം വിചാരിക്കുന്നത്.

## സെമിറ്റിക്കുകാരുടെ വ്യാപ്തി

ഈ വർഗക്കാർ ഒരു ഘട്ടത്തിൽ പുരാതനനാഗരിക കേന്ദ്രങ്ങൾ ആക്രമിച്ചുകീഴടക്കിയിരുന്നതായി ചരിത്രരേഖകൾ തെളിയിച്ചിട്ടുണ്ട്. ഉദാഹരണമായി ബാബിലോണിയ, അസ്സീരിയ, കാൽഡിയ, സിറിയ, ഈജിപ്ത്, ഇറാൻ, ഫിനീഷ്യ, കാർത്തേജ്, സ്പെയിൻ, ഗ്രീക്ക്, ക്രീറ്റ് മുതലായ നഗരരാഷ്ട്രങ്ങളെല്ലാം അവരുടെ അധീനത്തിൽ വന്നിട്ടുണ്ടായിരുന്നു. അപ്പോലെ ഭാരതത്തിലും അവർ കുടിയേറി, ഇവിടത്തെ ആദിവാസികളെ ആക്രമിച്ചുകീഴടക്കിയെന്നു വിചാരിക്കുന്നതിൽ അസംഗതമായി ഒന്നുമില്ല. എന്നാൽ, ഈ സെമിറ്റിക്കുകാരുടെ മൂലതറവാട് എവിടെയായിരുന്നു? അറേബ്യയായിരുന്നുവെന്ന പക്ഷത്തെയാണ് നിരീക്ഷകരിൽ വലിയൊരു വിഭാഗം പ്രബലമാക്കിയിട്ടുള്ളത്. ആകയാൽ ആര്യവർഗത്തിന്റെ മൂലതറവാട് അറേബ്യയാണെന്ന നിഗമനത്തിലാണ് അവസാനമായി നാം എത്തിച്ചേരുന്നത്.

എന്നാൽ, ഈ നിഗമനത്തെ ആധുനികഭാഷാഗവേഷണം സഹായിക്കുന്നില്ല. സെമിറ്റിക്ക് ഭാഷകളും ആര്യഭാഷകളും തമ്മിൽ അജഗജാന്തരമുണ്ടെന്നാണ് പറയപ്പെടുന്നത്. വാസ്തവത്തിൽ ഭാഷാവൈജാത്യമുണ്ടെന്ന കാര്യം വേണ്ടത്ര തെളിഞ്ഞിട്ടില്ല. വാദത്തിനുവേണ്ടി അതു സമ്മതിച്ചാൽ തന്നെ അതുകൊണ്ട് ഒരു കാര്യമേ വരികയുള്ളൂ-സെമിറ്റിക്ക് ഭാഷകളും ആര്യൻ ഭാഷകളും തമ്മിൽ വേർതിരിഞ്ഞത് സഹസ്രാബ്ദങ്ങൾക്ക് മുമ്പാണെന്ന കാര്യം.

സെമിറ്റിക്ക് വംശത്തിന്റെ ഉത്ഭവം സഹസ്രാബ്ദങ്ങൾക്കു മുമ്പാണെന്നു തീർച്ചയാണ്. ബൈബിളിലെ വംശാവലിയനുസരിച്ചു നോഹ

യുടെ പുത്രനായ ശേമിന്റെ പിൻമുറക്കാരാണ് സെമിറ്റിക്കുകാർ. ആകയാൽ ഏഴായിരമോ എണ്ണായിരമോ വർഷങ്ങളുടെ കാലപ്പഴക്കം കല്പിക്കാം ആ വംശത്തിന്റെ ഉത്പത്തിക്ക്. ഇങ്ങനെയുള്ള ഒരു വംശത്തിൽനിന്ന് ഭാഗം പിരിഞ്ഞുവന്ന ആര്യൻമാരുടെ ഭാഷകളും ഇതര സെമിറ്റിക്ക് ജനപദങ്ങളുടെ ഭാഷകളും തമ്മിൽ സാജാത്യം കാണുന്നില്ലെങ്കിൽ അതിലൊട്ടും ആശ്ചര്യപ്പെടാനില്ല. ഒരച്ഛനിൽനിന്നും ഒരമ്മയിൽനിന്നും ജനിച്ച സന്തതികളാണല്ലോ യഥാർഥത്തിൽ മനുഷ്യവംശം. അവർ തമ്മിൽ എത്രയെത്ര അന്തരമാണ് നാമിന്നു കാണുന്നത്! ഇതെല്ലാം കാലപ്പഴക്കം വരുത്തിവച്ചതാണ്. കാലപ്പഴക്കം ഏറുംതോറും വംശങ്ങളുടെ അകൽച്ചയും പൊരുത്തക്കേടും വർധിക്കുമെന്ന വസ്തുത പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇത്തരുണത്തിൽ ഉത്പത്തിപുസ്തകത്തിലെ ഒരു ഭാഗം ഇവിടെ സംക്ഷേപിക്കുന്നത് സന്ദർഭോചിതമായിരിക്കും:

"ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കുമായിരുന്നു. എന്നാൽ അവർ കിഴക്കോട്ടു യാത്രചെയ്തു, ശീനാർ ദേശത്ത് ഒരു സമഭൂമി കണ്ടു. അവിടെ കുടിയിരുന്നു... യഹോവ, 'ഇതാ ജനം ഒന്ന്, അവർക്കെല്ലാവർക്കും ഭാഷയും ഒന്ന്.... അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്കസാധ്യമാകുകയില്ല; വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക' എന്നു അരുളിച്ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തെങ്ങും ചിന്നിച്ചു... സർവ്വഭൂമിയിലെ ഭാഷയും യഹോവ അവിടെവച്ചു കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചുകളഞ്ഞു."[5]

ഈ കഥനത്തിലെ ഭാവനാംശം തൽക്കാലം നമുക്ക് വിട്ടേക്കാം. എന്നാൽ ഒരു വസ്തുത അവശേഷിക്കുന്നു. മനുഷ്യരെല്ലാം ആദിയിൽ ഒരേ വംശവും ഒരേ ഭാഷ സംസാരിക്കുന്നവരുമായിരുന്നു. ഒരേ ഭൂഖണ്ഡത്തിലാണ് അവർ താമസിച്ചിരുന്നത്. ഏതാണ്ടിതേ സിദ്ധാന്തമാണ് ആധുനിക നരവംശ ശാസ്ത്രജ്ഞന്മാർക്കുമുള്ളത്. അവരെ ഉദ്ധരിച്ചു ശ്രീ. കെ.വി. ഗോപാലമേനോൻ തന്റെ ലോകചരിത്രത്തിൽ എഴുതുന്നു:

"വാസ്തവത്തിൽ മനുഷ്യരെല്ലാവരും ഒരേ വർഗത്തിൽ പെട്ടവരാകുന്നു. എല്ലാ വർഗങ്ങൾക്കും ജാതികൾക്കും ബുദ്ധിയും കഴിവും സാമർഥ്യവും സാമാന്യേന സമമാണ്."[6]

ഭാഷകളെസ്സംബന്ധിച്ചു അദ്ദേഹം പറയുന്നു:

"ഇന്നു നാം ഭാഷകളിൽ കാണുന്ന നിരവധി വാക്കുകൾ ചുരുക്കം ചില ധാതുക്കളിൽനിന്നുത്ഭവിച്ചു രൂപാന്തരപ്പെട്ടതാണെന്ന് പാണിനി പണ്ടുതന്നെ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. പാണിനി കാണിച്ചുകൊടുത്ത ഈ വഴിയിൽകൂടി സഞ്ചരിച്ചാണ് ഭാഷാശാസ്ത്രജ്ഞൻമാർ ഭാഷകളുടെ അന്യോന്യബന്ധം മനസ്സിലാക്കിയത്."[7]

അപ്പോൾ ആദിയിൽ മനുഷ്യവംശവും അവർ സംസാരിച്ച ഭാഷയും

ഒന്നായിരുന്നുവെന്ന പക്ഷത്തേക്ക് തന്നെയാണ് ആധുനിക ഗവേഷണത്തിന്റെയും ഗതിയെന്ന് മനസ്സിലാക്കാം. ഈ സിദ്ധാന്തമനുസരിച്ചു നോക്കുമ്പോൾ ഇന്നു നാം കാണുന്ന ഭാഷാവൈവിധ്യം കാലപ്പഴക്കത്തിന്റെ സൃഷ്ടിയാണ്. കാലപ്പഴക്കം കൂടുംതോറും വൈവിധ്യവും വൈജാത്യവും വർധിച്ചുകൊണ്ടിരിക്കും. ആകയാൽ സെമിറ്റിക്ക്ഭാഷകളും ആര്യൻ ഭാഷകളും തമ്മിലുള്ള അകൽച്ചമൂലം ആര്യവർഗ്ഗങ്ങൾ സെമിറ്റിക്കുകളല്ലെന്ന് സ്ഥാപിതമായിക്കൊള്ളണമെന്നില്ല.

## സെമിറ്റിക്കുകാരുടെ ആദികേന്ദ്രം

സെമിറ്റിക്കുകാരുടെ ആദികേന്ദ്രം അറേബ്യയായിരുന്നുവെന്നാണ് ചില പ്രഗല്ഭ ഗവേഷകപണ്ഡിതന്മാരുടെ നിഗമനം. അറേബ്യയിൽ നിന്നാണ് മെസൊപൊട്ടേമിയ, ഈജിപ്ത് മുതലായ പുരാതന നാഗരിക കേന്ദ്രങ്ങളിൽ അവർ എത്തിയത്. ഈ വർഗത്തിൽപെട്ട ഒരു വംശം അറേബ്യയിൽ അതിപുരാതനകാലത്ത് ആധിപത്യം നടത്തിയിരുന്നതായി ഖുർആനിൽനിന്നും അറേബ്യൻ ഐതിഹ്യങ്ങളിൽനിന്നും മനസ്സിലാകുന്നു. ആ വംശത്തെ ആദ് എന്നാണ് ഖുർആൻ വിളിച്ചിരിക്കുന്നത്. 'ഇറം' എന്ന ഒരു കുലപതിയുടെ പിൻമുറക്കാരായിരുന്നു അവർ. അതിനാൽ അവരെ 'ആദുഇറം' എന്നും ഖുർആൻ വിളിച്ചിട്ടുണ്ട്. ബൈബിളിൽ പലേടങ്ങളിലും പരാമർശിക്കപ്പെട്ട 'അരാം' തന്നെയാണ് ഇറമും. ഇതേ ഇറം അഥവാ, അരാം വിവിധ ഭാഷകളിൽ വിവിധ രൂപങ്ങളിൽ ഉച്ചരിക്കപ്പെട്ടു. പേർഷ്യനിൽ ഐരിയാന എന്നും ഇറാൻ എന്നുമാണ് അതുച്ചരിക്കപ്പെട്ടത്. ഇറാൻ എന്നാൽ ആര്യന്മാരുടെ നാട് എന്നാണർഥമെന്ന് ആധുനിക പണ്ഡിതന്മാർ പറയുന്നു. കൂടാതെ, പേർഷ്യൻ ഭാഷയും വൈദിക സംസ്കൃതവും തമ്മിൽ വലുതായ അടുപ്പവും കാണാം. നിരവധി വാക്കുകൾ വൈദിക സംസ്കൃതത്തിലും പഴയ പേർഷ്യനിലും ഒരേ അർഥത്തിൽ പ്രയോഗിച്ചുവരുന്നു. ഉദാഹരണത്തിന് ഏതാനും പദങ്ങൾ താഴെ കാണിക്കുന്നു:

| **പേർഷ്യൻ** | **സംസ്കൃതം** | **അർഥം** |
|---|---|---|
| സരണ്യ | ഹിരണ്യ | സ്വർണം |
| ഹേന | സേന | സൈന്യം |
| യസ്ന | യജ്ഞം | യാഗം |
| ഹോമ | സോമം | ഒരു നിവേദ്യം |
| ആസുതി | ആഹുതി | ബലി |
| സോത്ര | ഹോത | യാജ്ഞികൻ |
| ബാസു | ബാഹു | കൈ |
| ചശം | ചക്ഷു | കണ്ണ് |
| ദൻദ് | ദന്തം | പല്ല് |
| പുശ്ത്ത് | പ്രേഷ്ഠം | പിൻഭാഗം |
| ഖൂൻ | ശോണം | രക്തം |

| | | |
|---|---|---|
| സർ | ശിരം | തല |
| പിദർ | പിതൃ | പിതാവ് |
| മാദർ | മാതൃ | മാതാവ് |
| ബറാദർ | ഭ്രാതൃ | സഹോദരൻ |
| തശ്ന | തൃഷ്ണ | ദാഹം |
| ഹോർ | സൂരൻ | സൂര്യൻ |
| മാഹ് | മാസം | മാസം |
| ബാരിശ് | വർഷം | മഴ |
| സായ | ഛായ | നിഴൽ |
| ബറശ്ഗാൽ | വർഷക്കാലം | മഴക്കാലം |
| മേഘ് | മേഘം | മഴക്കാർ |
| തപാസ് | തപസ്യ | ആരാധന |
| ജൗ | യവം | ഒരു ധാന്യം |
| ദേവദാർ | ദേവദാരു | ദേവദാരം |
| പൈമാന | പരിമാണം | അളവ് |
| ആഹാർ | ആഹാരം | ഭക്ഷണം |
| ശാഖ് | ശാഖ | ഭാഗം |

ഡോ: അയ്യപ്പൻ എഴുതുന്നു:

"ഭാഷയുടെയും സംസ്കാരത്തിന്റെയും ഐക്യത്താൽ പ്രാചീന ഇറാനിയരും പ്രാചീന ആര്യരും ഒരേ ജനതയുടെ രണ്ടു ശാഖകളാണെന്നതിന് സംശയമില്ല. 'ഇറാൻ' എന്നതുതന്നെ ആര്യൻ എന്നതിന്റെ ഒരു സമാന പദമാണ്. ഇൻഡോ-ഇറാനിയൻ എന്നു ഭാഷാപണ്ഡിതന്മാർ പറഞ്ഞുവരുന്ന ഒരു മൂലകുടുംബത്തിൽനിന്നു വേർപിരിഞ്ഞ രണ്ടു ഉപഭാഷകളാണ് ഇറാനിയനും സംസ്കൃതവും." [8]

ആകയാൽ ആര്യന്മാർ മേൽ പറഞ്ഞ ഇറമിന്റെ, അഥവാ അരാമിന്റെ സന്താനപരമ്പരയിൽ പെട്ടവരത്രെ. അതിനാൽ, സെമിറ്റിക്ക് വർഗത്തിന്റെ മൂലതറവാടായ അറേബ്യതന്നെയാവണം, ഇൻഡോ-ആര്യന്മാരുടെ ആദികേന്ദ്രം. ഈ നിഗമനം അംഗീകരിക്കപ്പെടുന്നപക്ഷം ഇൻഡോ- ആര്യന്മാരുടെ പൂർവന്മാരെക്കുറിച്ച ഏതാനും വസ്തുതകൾ നമുക്ക് ഖുർആനിൽനിന്നും മറ്റും ലഭിക്കാവുന്നതാണ്.

ഖുർആനിൽ ആദ് എന്ന ഒരു പ്രബല വംശത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. അവരുടെ കേന്ദ്രം 'അഹ്ഖാഫാ'യിരുന്നു. ആദുകാരെ മതപ്രബോധനം ചെയ്യേണ്ടതിനു ദൈവത്താൽ നിയുക്തനായ ഹൂദുനബിയുടെ കേന്ദ്രം അതായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു.

"ആദിന്റെ സഹോദരനായ ഹൂദ് തന്റെ ജനതയെ അഹ്ഖാഫിൽ വച്ചു താക്കീതുചെയ്തതു ഓർക്കുക."[9]

അഹ്ഖാഫ് എന്നൊരു സ്ഥലം ഇക്കാലത്ത് അറേബ്യയിൽ അറിയ

പ്പെടുന്നില്ല. മണൽഭൂമി, അഥവാ മണലാരണ്യം എന്നാണ് അറബി ഭാഷയിൽ ആ പദത്തിന്നർഥം. മണലാരണ്യങ്ങൾ നിറഞ്ഞു കിടക്കുന്ന ഒരു നാടാണല്ലോ അറേബ്യ. അതിനാൽ, പ്രസ്തുത മണലാരണ്യമേതെന്ന് നിർണയിക്കുക പ്രയാസമത്രെ. എന്നിരുന്നാലും മറ്റു പല സൂചനകൾ കൂടി പരിഗണിച്ച് മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി അഭിപ്രായപ്പെടുന്നത് യമന്റെ പരിസരത്തുള്ളതും 'അർറുബുഉൽ ഖാലി' എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നതും വിശാലവുമായ മണൽക്കാടായിരിക്കണം അഹ്ഖാഫ് എന്നത്രെ.[10]

അറബി ചരിത്രകാരന്മാരുടെ റിപ്പോർട്ടുകളനുസരിച്ച് ആദുവംശക്കാരുടെ കേന്ദ്രം യമനിലായിരുന്നു. ഗ്രീക്കു ഗ്രന്ഥകാരന്മാരുടെ കാലത്ത് ഹദ്റമൗത്തിലെ ചില ഗോത്രങ്ങളെ 'ആഡ്രമിട്ടായ്' എന്നും 'ഓഡിട്ടായ്' എന്നും വിളിച്ചിരുന്നതായി കാണുന്നുണ്ട്. അറബിയിൽ 'യത്ത്' എന്നതിന്റെയും ഇംഗ്ലീഷിൽ 'ഇഡ്സ്' എന്നതിന്റെയും സ്ഥാനത്ത്, ഗ്രീക്കിൽ ഗോത്രത്തെയും വംശത്തെയും മറ്റും കുറിക്കുന്നതിനുപയോഗിക്കുന്ന ഒരു പ്രത്യയമാണ് ടായ്. ഉദാഹരണമായി അബ്ബാസ്‌വംശത്തെ അറബികൾ 'അബ്ബാസിയത്ത്' എന്നു വിളിക്കുമ്പോൾ ആംഗ്ലേയർ 'അബ്ബാസിഡ്സ്' എന്നും ഗ്രീക്കുകാർ 'അബ്ബാസിട്ടായ്' എന്നുമാണ് പറയുക. അപ്പോൾ 'ആഡ്രം' എന്നതാണ് അസ്സൽ പദം. ഇത് അറബികളുടെ 'ആദു ഇറമ്' എന്നതിന്റെ ഗ്രീക്ക് രൂപമാണെന്ന് വ്യക്തമാണ്. ഇതുപോലെ 'ആദിന്റെ യവന രൂപത്തോടു 'ടായ്' ചേർന്നുണ്ടായതാണ് ഓഡിട്ടായ്. ഒരു പക്ഷേ, ആദുവംശത്തിലെ ചില ശാഖകൾ ഗ്രീക്കു ഭൂമിശാസ്ത്രകാരൻമാരുടെ കാലത്തും ഹദ്റമൗത്തിൽ അവശേഷിച്ചിരുന്നിരിക്കാം. അതുകൊണ്ടാവണം, ഗ്രീക്കു ചരിത്രകാരന്മാർ ഓഡിട്ടായ് ഹദ്റമൗത്തുകാരാണെന്നു ധരിച്ചുവശായത്.

യദു എന്ന ഒരു ജനപദത്തെ ഇന്ദ്രൻ ദൂരദിക്കിൽനിന്നു കൊണ്ടുപോന്നുവെന്നു ഋഗ്വേദം പറയുന്നു.[11] യദു എന്ന ശബ്ദത്തിന് ആദിനോടുള്ള അടുപ്പം ശ്രദ്ധേയമാണ്. അതിനാൽ, തെക്കൻ അറേബ്യയിലെ അഹ്ഖാഫ് എന്ന മണലാരണ്യത്തിൽ കേന്ദ്രം സ്ഥാപിച്ചിരുന്ന ആദുവംശമാവണം അവർ. ചുരുക്കത്തിൽ, ആദുകാരും ഇൻഡോ-ആര്യന്മാരും തമ്മിൽ വർഗശാസ്ത്രപരമായ അടുപ്പമുണ്ടെന്ന നിഗമനത്തിൽ നമുക്കെത്താവുന്നതാണ്.

## രണ്ടാമത്തെ ആദ്

ആദ്യത്തെ ആദുവംശം ഭീകരമായ ഒരു കൊടുങ്കാറ്റിനിരയായെന്നും തന്നിമിത്തം അവരിൽ ഭൂരിഭാഗം നശിച്ചുവെന്നും ഖുർആനിൽനിന്നു നമുക്ക് മനസ്സിലാവുന്നു. എന്നാൽ ഒരു ന്യൂനപക്ഷം അറേബ്യയിൽതന്നെ അവശേഷിച്ചതായി ഖുർആൻ അവകാശപ്പെടുന്നുണ്ട്. അവർ വളർന്ന് ആധിപത്യത്തിലേക്കുയർന്നു. പ്രവാചകനായ ഹൂദിന്റെ മതനിയമങ്ങളനുസരിച്ചുള്ള ഒരു ഭരണകൂടം സ്ഥാപിച്ച്, അവിടെ വളരെക്കാലം വാണു. ഇക്കൂട്ടരെയാണ് അറബി ചരിത്രകാരന്മാർ 'രണ്ടാമത്തെ ആദ്' (ആദു സാനിയ) എന്നു വിളിക്കുന്നത്.

ഇവർ സത്യവിശ്വാസികളും ധർമശീലരുമായിരുന്നു. ഇവരിൽ ലുഖ്മാൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. ഇദ്ദേഹം നീതിമാനും തത്വജ്ഞാനിയുമായിരുന്നു.

രണ്ടാമത്തെ ആദിന്റെ കേന്ദ്രം യമനിലായിരുന്നുവെന്ന കാര്യം ഏതാണ്ടുറപ്പിക്കാം. അവിടെയുള്ള ഒരു കോട്ടയിൽനിന്ന് ഹിജ്റ ഒന്നാം ശതകത്തിൽ അറേബ്യൻ പുരാതത്വപണ്ഡിതന്മാർക്ക് ഒരു ശിലാലിഖിതം ഉപലബ്ധമായി. അവർ അത് അറബി ഭാഷയിൽ പദ്യരൂപത്തിൽ വിവർത്തനം ചെയ്തുവച്ചു. തങ്ങൾ ഹൂദുനബിയുടെ അനുയായികളാണെന്നും ഹൂദിന്റെ മതനിയമങ്ങളനുസരിച്ചു ഭരണകൂടം നിയന്ത്രിക്കുന്ന രാജാക്കന്മാരാണ് തങ്ങളെ ഭരിക്കുന്നതെന്നും ആ ലിഖിതകർത്താക്കന്മാർ വിശേഷവിധിയായി രേഖപ്പെടുത്തിയിരുന്നു. 1934-ൽ ഈസ്റ്റിന്ത്യാ കമ്പനി യമനിലേക്ക് ഒരു അന്വേഷണസംഘത്തെ നിയോഗിച്ചു. അവർക്കും അതേ ആശയം ഉൾക്കൊള്ളുന്ന ഒരു ലിഖിതം കണ്ടെത്താൻ കഴിഞ്ഞു. ആകയാൽ യമനിലായിരുന്നു രണ്ടാമത്തെ ആദിന്റെ ആധിപത്യകേന്ദ്രമെന്ന് വിചാരിക്കപ്പെടുന്നു.

രണ്ടാമത്തെ ആദിന്റെ കേന്ദ്രമെന്ന് വിചാരിക്കപ്പെടുന്ന ആ സ്ഥലം ഈ ശതകത്തിൽ ഖനനഗവേഷണത്തിന് വിധേയമായി. അവിടെനിന്ന് ഗ്ലാസർ, ഹാൽവെ എന്നീ രണ്ടു പുരാവസ്തുഗവേഷകന്മാർ അനേകം ശിലാരേഖകളും മറ്റവശിഷ്ടങ്ങളും ശേഖരിച്ചു. 'മായീൻ' എന്ന സ്ഥലത്തുനിന്നാണ് അവയധികവും ഉപലബ്ധമായത്. അതിനാൽ ഇന്നു പ്രസ്തുത അവശിഷ്ടങ്ങൾ മായീന്റെ പേരിലാണ് അറിയപ്പെടുന്നത്. എങ്കിലും രണ്ടാമത്തെ ആദിന്റെ കേന്ദ്രമായിരുന്നു അതെന്ന് സുലൈമാൻ നദ്‌വി അഭിപ്രായപ്പെടുന്നു.[12]

മായീനിൽനിന്നു കണ്ടെടുത്ത അവശിഷ്ടങ്ങളുടെ കാലത്തെപ്പറ്റി ഗവേഷകന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. ബി.സി. 16, 17 നൂറ്റാണ്ടുകൾവരെ അവയുടെ കാലമെത്തുമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മറ്റു ചിലരുടെ അഭിപ്രായത്തിൽ മായീൻ സാമ്രാജ്യത്തിന്റെ അഥവാ മിനായിയൻസിന്റെ ആരംഭകാലം ബി.സി. 3000 വരെ എത്തും. ആ സ്ഥിതിക്ക് ഒന്നാമത്തെ ആദിന്റെ കാലം അതിനെക്കാൾ എത്രയോ മുമ്പായിരിക്കണം. ആകയാൽ ഒന്നാമത്തെ ആദിന്റെ ഉത്ഥാനകാലം ഏതാണ്ട് ക്രി. മു. 3500 ആണെന്ന് പറഞ്ഞാൽ മിക്കവാറും ശരിയായിരിക്കും.

## സമൂദു വംശം

ഖുർആനിൽ പലേടങ്ങളിലും ആദിനോടൊപ്പം സമൂദിനേയും പറഞ്ഞതായി കാണാം. ആദും സമൂദും ഒരേ കുലപതിയുടെ-ഇറമിന്റെ-പിൻമുറയിൽ പെട്ടവരായിരുന്നതാണ് കാരണം. ആദിനെ 'ആദുഇറം' എന്നപോലെ സമൂദിനെ 'സമൂദു ഇറം' എന്നും അറബികൾ വിളിക്കുകപതിവായിരുന്നു. ഇറം എന്ന കുലപതിയിൽ ഇരു കൂട്ടരും യോജിക്കുന്നുവെന്നു സാരം. സമൂദിന്റെ കാലം ആദിന്റേതിനേക്കാൾ വളരെ പിറകിലത്രെ. എങ്കിലും ആദിനുശേഷം വളരെ പ്രതാപത്തോടും പ്രഭാവ

ത്തോടും അറേബ്യ വാണ ഒരു പ്രബലവംശമായിരുന്നു സമൂദ്.

ആദുവംശക്കാരുടെ ആവാസത്താവളം അറേബ്യയുടെ തെക്കും കിഴക്കും ഭാഗങ്ങളായിരുന്നുവെങ്കിൽ, സമൂദുവംശക്കാരുടെ കേന്ദ്രം അറേബ്യയുടെ വടക്കും പടിഞ്ഞാറും ഭാഗങ്ങളിലായിരുന്നു. ആദുകാർ പേർഷ്യൻ ഉൾക്കടൽ തീരങ്ങൾ ചുറ്റിപ്പറ്റി മെസൊപൊട്ടേമിയ വരെ വ്യാപിച്ചു. സമൂദുകാരുടെ കേന്ദ്രം അൽ ഹിജ്റിലായിരുന്നു. ഖുർആൻ അവതരിക്കുന്ന കാലത്ത് അതിനു 'വാദിൽഖുറാ' എന്നായിരുന്നു പേർ. ഇപ്പോൾ അത് 'മദായിനുസ്വാലിഹ്' എന്ന പേരിൽ അറിയപ്പെടുന്നു. അതുപോലെത്തന്നെ അഖബാ ഉൾക്കടലിന്റെ തീരപ്രദേശമായ മിദ്യാനിലും ജോർഡാൻ രാഷ്ട്രത്തിൽ പെട്ട പെട്രായിലും (റഖീം) സമൂദിന്റെ മേധാവിത്വമാണ് നടന്നിരുന്നത്. മിദ്യാനെയാണ് ഖുർആൻ 'മദ്യൻ' എന്ന് വിളിച്ചിട്ടുള്ളത്.

ആദിനെപ്പോലെത്തന്നെ സമൂദും വാസ്തുവിദ്യയിൽ സമർഥന്മാരായിരുന്നുവെന്ന് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നു. ആദിന്റെ കലാശില്പങ്ങൾ ഉയർന്ന സ്ഥലങ്ങളിലായിരുന്നു. സ്മാരകങ്ങളും സ്തംഭങ്ങളുമാണ് അവർ പടുത്തുയർത്തിയിരുന്നത്. സമൂദിന്റെ ശില്പകലാവൈശിഷ്ട്യമാവട്ടെ, മറ്റൊന്നായിരുന്നു. മലകളും പാറകളും വെട്ടിത്തുരന്ന് തുരങ്കഭവനങ്ങൾ നിർമിക്കുന്നതിലാണ് ഇവർ സാമർഥ്യം പ്രകടിപ്പിച്ചിരുന്നത്. ഇത്തരം തുരങ്കഭവനങ്ങൾ ഇന്നും അൽ ഹിജ്റിലും മിദ്യാനിലും പെട്രായിലും ധാരാളം കാണുന്നുണ്ടെന്ന് ദൃക്സാക്ഷികൾ വിവരിക്കുന്നു. പ്രസ്തുത രണ്ടു മാതൃകകളിലുള്ള കലാശില്പങ്ങൾ നമ്മുടെ ഭാരതത്തിലും കാണുന്നുണ്ട്.

മിദ്യാനിൽ മോസസിന്റെ കാലത്ത് അഞ്ചു രാജവംശങ്ങൾ ഭരിച്ചിരുന്നതായി ബൈബിൾ പറയുന്നു. ഇക്കൂട്ടത്തിൽ ഒരു വംശത്തിന്റെ പേർ 'ഹൂർ' എന്നായിരുന്നു. അവർ സ്ഥാപിച്ച രാഷ്ട്രത്തിന് മിത്താനി, അല്ലെങ്കിൽ മിത്തന്നി എന്നു പേർ നല്കപ്പെട്ടു. ഇത് സിറിയവരെ വ്യാപിച്ചിരുന്നു. ക്രി. മു. 1500-നോടടുത്ത കാലത്താണ് പ്രസ്തുത സാമ്രാജ്യം നിലവിൽ വന്നത്. മിത്താനികൾ ആര്യവർഗത്തിൽ പെട്ടവരും വൈദിക ദേവന്മാരായ ഇന്ദ്രൻ, മിത്രൻ, വരുണൻ, നാസത്യന്മാർ എന്നിവരെ ആരാധിക്കുന്നവരുമായിരുന്നുവെന്ന് ആധുനിക പുരാവസ്തു ഗവേഷണം തെളിയിച്ചിരിക്കുന്നു.

ഈ ശതകത്തിന്റെ ആരംഭത്തിൽ ഏഷ്യാമൈനറിലെ അനാറ്റോളിയയിൽപ്പെട്ട ബോഘാസ്കോയ് എന്ന സ്ഥലം ഖനന ഗവേഷണത്തിന് വിധേയമായി. അവിടെനിന്ന് ധാരാളം കളിമൺ പലകകൾ കണ്ടെടുത്തു. ഹിറ്റൈറ്റു രാജാക്കന്മാരുടെ തലസ്ഥാനവും രാജധാനിയും അവിടെയാണ് സ്ഥിതിചെയ്തിരുന്നത്. രാജധാനിയുടെ ഒരു മുറിയിൽനിന്നാണ് പ്രസ്തുത കളിമൺ പലകകൾ ലഭിച്ചത്. അവയത്രയും രാജകീയ റിക്കാർഡുകളായിരുന്നു. അക്കാലത്ത് കടലാസ്സുണ്ടായിരുന്നില്ല. കടലാസ്സിനുപകരം കളിമണ്ണു പാകപ്പെടുത്തി, പലകകളാക്കി, പ്രധാന സംഗ

തികൾ അവയിൽ എഴുത്താണികൊണ്ട് രേഖപ്പെടുത്തി ചൂളയിൽ ചുട്ടെടുത്തു സൂക്ഷിക്കുകയായിരുന്നു പതിവ്. ബോഘാസ്കോയ് രാജധാനിയിൽനിന്നു കിട്ടിയ ഒരു രേഖയിൽ ഹിറ്റൈറ്റ്‌രാജാവായ സുപ്പിലുലിയുമസും മിത്താനിരാജാവായ മതിവസയും തമ്മിൽ നടന്ന ഒരുടമ്പടി ഉല്ലേഖനം ചെയ്തിരുന്നു. പ്രസ്തുത ഉടമ്പടിക്ക് ദിവ്യസാക്ഷികളായി രേഖപ്പെടുത്തിയത് ഇന്ദ്രൻ, മിത്രൻ, വരുണൻ, രണ്ടു നാസത്യന്മാർ എന്നീ വൈദികദേവന്മാരെയായിരുന്നു. അതിനാൽ, മിദ്യാന്യർ ആര്യന്മാരായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല.

സമൂദിന്റെ പാരമ്പര്യത്തിൽ പെട്ടവരായിരുന്നു മിത്താനികൾ. സമൂദുവംശമാണ് അവിടെ മുമ്പ് താമസമുറപ്പിച്ചിരുന്നത്. സമൂദീയ മാതൃകയിലുള്ള തുരങ്കഭവനങ്ങൾ അവിടെ ഇന്നും ധാരാളം കാണുന്നുണ്ട്. അതിനാൽ, അത് സമൂദിന്റെ മറ്റൊരു കേന്ദ്രമായിരുന്നുവെന്നതിൽ സന്ദേഹമില്ല. അതൊരു അറബിപ്രദേശമത്രെ. ക്രി. മു. 1500-നോടടുത്ത് അവിടെ ആധിപത്യം വാണിരുന്ന രാജവംശം ആര്യവംശത്തിൽ പെട്ടവരായിരുന്നുവെന്ന് തെളിഞ്ഞിരിക്കുന്ന സ്ഥിതിക്ക് അവരുടെ മുൻഗാമികളായ സമൂദും ആര്യവർഗക്കാരായിരുന്നുവെന്ന് വിചാരിക്കുന്നതാവും യുക്തി.

ആകയാൽ ബൈബിളിലെ ആരാമും ഖുർആനിലെ ഇറമും ഒരേ കുലപതിയുടെ വ്യത്യസ്ത നാമരൂപങ്ങളത്രെ. അതേ കുലപതിയുടെ പിൻമുറക്കാർ തന്നെയാണ് ഇൻഡോ-ആര്യന്മാരുമെന്ന നിഗമനത്തിലാണ് അവസാനമായി നാമെത്തിച്ചേരുന്നത്.

## കുറിപ്പുകൾ

1. ഉദ്ധരണം: ഋഗ്വേദത്തിലൂടെ പേ. 131 നോക്കുക.
2. ഉദ്ധരണം: Ibid P. 131
3. ലോകചരിത്രസംഗ്രഹം പേ. 92, 93
4. Ibid P. 76, 77
5. ഉത്പത്തി 11: 1-9
6. ലോകചരിത്രം വാ. 1, പേ. 54
7. Ibid Vol. 1, P. 61
8. ഭാരതപ്പഴമ പേ. 107, 108
9. ഖുർആൻ 46: 21
10. അർദുൽ ഖുർആൻ വാ. 1, പേ. 174
11. ഋഗ്വേദം മ. 6, സൂ. 45, ഋ. 185
12. അർദുൽ ഖുർആൻ വാ. 1, പേ. 185

## അധ്യായം ഇരുപത്തിരണ്ട്

# ആര്യസംസ്കാരം

**ആ**ര്യഗോത്രങ്ങൾ ഭാരതത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ പുരോഗമനാത്മകമായ ഒരു സംസ്കാരവും മതവും ഇവിടെ നിലവിലിരുന്നതായി സിന്ധുതടത്തിൽ നടത്തപ്പെട്ട ഖനനഗവേഷണം തെളിയിച്ചിട്ടുണ്ട്. 'സിന്ധുതടസംസ്കാരം' (Indus valley civilization) എന്ന പേരത്രെ ആധുനിക പുരാതത്വപണ്ഡിതന്മാർ അതിനു നല്കിയിട്ടുള്ളത്. ആ സംസ്കാരത്തിലെ തത്വചിന്തയെപ്പറ്റി ഖണ്ഡിതമായൊന്നും പറവാൻ സാധ്യല്ല. സിന്ധുതടനിവാസികൾ ഏകദൈവവിശ്വാസികളായിരുന്നുവെന്നാണ് പല ഗവേഷകന്മാരുടേയും അഭിപ്രായം. ശ്രീ. പി. തോമസ് അദ്ദേഹത്തിന്റെ 'ഭാരതീയ സാംസ്കാരിക സാമ്രാജ്യചരിത്രം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു: "ഏകദൈവവിശ്വാസികളായിരുന്നു അവർ എന്ന നിഗമനത്തിലാണ് മിക്കവാറും ഗവേഷകന്മാർ എത്തിച്ചേർന്നത്."[1]

മറ്റു ചിലർ പറയുന്നത് അവർ ശിവപൂജകരും ലിംഗാരാധകരും ദേവീപൂജകന്മാരുമൊക്കെയായിരുന്നു എന്നാണ്. ഈ അഭിപ്രായത്തിനുപോദ്ബലകമായ തെളിവും ഖനനത്തിൽ ഉപലബ്ധമായിട്ടുണ്ട്. വാസ്തവത്തിൽ സിന്ധുതടത്തിൽ ഒരേ ജനതയും ഒരേ സംസ്കാരവുമല്ല വളർന്നുവന്നത്; ഒന്നിലധികം ജനവിഭാഗങ്ങളും സംസ്കാരങ്ങളും അവിടെ നിലനിന്നിരുന്നു. ഈ നിഗമനത്തിനുപോദ്ബലകമത്രെ നരവംശവിജ്ഞാനികളുടെ അഭിപ്രായം. അവരെ ഉദ്ധരിച്ചു ശ്രീ. വി. ആർ. പരമേശ്വരൻ പിള്ള എഴുതുന്നു: "മോഹൻജൊദാരോവിലും ഹരപ്പയിലും നിന്നു ഖനനം ചെയ്തെടുക്കപ്പെട്ട മനുഷ്യാസ്ഥിപഞ്ജരങ്ങളെ പരിശോധിച്ചു നോക്കിയ നരവംശവിജ്ഞാനികൾ പറയുന്നത് അവ ഒരേ വർഗത്തിൽപെട്ട മനുഷ്യരുടേതല്ല എന്നാണ്."[2] ആകയാൽ മതത്തിലും തത്വചിന്തയിലും സംസ്കാരത്തിലും കാണപ്പെടുന്ന ഈ വൈവിധ്യം ദേശീയതയിലുള്ള വൈവിധ്യത്തിന്റെ അനന്തരഫലമായിരിക്കാവുന്നതാണ്.

ഇത്രയും പ്രസ്താവിച്ചത് ആര്യാഗമനത്തിനു മുൻപ് സിന്ധുതടത്തിൽ പാർപ്പുറപ്പിച്ചിരുന്നവരെപ്പറ്റിയാണ്. ഇനി നമുക്ക് ആര്യൻമാരുടെ മത സങ്കൽപങ്ങളേയും തത്വചിന്തകളേയും സംസ്കാരപാരമ്പര്യങ്ങളേയും കുറിച്ചു പരിചിന്തനം നടത്താം. ഇവയെ സംബന്ധിച്ച ഗവേഷണ നിഗമനങ്ങൾക്കാധാരം ആര്യൻമാരുടെ പുരാതന മതസാഹിത്യങ്ങളാണ്. നിരവധി മതഗ്രന്ഥങ്ങളുണ്ട് ആര്യൻ ജനതക്ക്. നാലു വേദസംഹിതകളാണ് അവയിൽ ഏറ്റവും പ്രാചീനങ്ങൾ. ഋക്ക്, സാമം, യജുസ്സ്, അഥർവം എന്നിപ്രകാരമാണ് അവ വിളിക്കപ്പെടുന്നത്.

ആര്യൻമാരുടെ പ്രാചീന ഭാഷക്ക് മറ്റു ചില ഭാഷകളുമായി സാജാത്യമുണ്ടെന്ന് മുൻപു സൂചിപ്പിച്ചുവല്ലോ. ഇക്കൂട്ടത്തിൽ വൈദിക സംസ്കൃതവുമായി കൂടുതൽ അടുത്ത ബന്ധമുള്ള ഭാഷ പൗരാണിക ഇറാനിയനത്രെ. ഇറാൻകാ

രുടെ വേദമായ 'അവസ്ത' യുടെ ഭാഷയും വേദഭാഷയും തമ്മിലുള്ള സാജാത്യത്തെപ്പറ്റി ശ്രീ. കൃഷ്ണചൈതന്യ അദ്ദേഹത്തിന്റെ 'സംസ്കൃത സാഹിത്യ ചരിത്ര'ത്തിൽ എഴുതുന്നു:

"പ്രാചീന ഇറാനിയരുടെ ആദിമ വേദഭാഷയായ അവസ്റ്റിക്കിനോടാണ് അതിന് ഏറ്റവും അടുത്ത ബന്ധം. ശബ്ദശാസ്ത്ര നിയമങ്ങളുടെ പ്രയോഗം കൊണ്ടുമാത്രം അതായത്, ഉച്ചാരണം അനുവദനീയ രീതിയിൽ സ്വൽപം മാറ്റുന്നതുകൊണ്ടുമാത്രം, അവസ്തയിലെ മുഴുശ്ലോകങ്ങൾ വൈദിക സംസ്കൃത ഭാഷയിലേക്ക് പദം പദമായി വിവർത്തനം ചെയ്യാം. അവ ശരിക്കും ശ്ലോകരൂപത്തിലായിരിക്കുമെന്നു മാത്രമല്ല, കാവ്യഭംഗി ചോർന്നുപോകാതെ സംരക്ഷിക്കയും ചെയ്യും."[3]

## ഋഗ്വേദ സംഹിത

ആര്യന്മാരുടെ വേദസാഹിത്യത്തിൽ വച്ച് ഏറ്റവും പ്രാചീനമായത് ഋഗ്വേദസംഹിതയാണ്. കൂടുതൽ പ്രാമാണികവും അതത്രെ. സംസ്കൃതത്തിലെ 'ഋച്' എന്ന ധാതുവിൽനിന്നുദ്ഭൂതമായ ഒരു വാക്കാണ് ഋക്. സ്തുതി എന്നാണ് പ്രസ്തുത ധാതുവിനർഥം. ഋഗ്വേദം മുഴുവൻ ദേവസ്തുതിപരങ്ങളായ മന്ത്രങ്ങളാണ്. അതാണ് ആ പേരിന് നിദാനവും. പദ്യരൂപത്തിലുള്ള 10,472 ഋക്കുകളാണ് അതിലുള്ളത്. ആ ഋക്കുകളെ 1017 സൂക്തങ്ങളായി വിഭജിച്ചിരിക്കുന്നു. പത്തു മണ്ഡലം, എൺപത്തഞ്ചു അനുവാകം, ആയിരത്തിപ്പതിനേഴ് സൂക്തം എന്നിങ്ങനെയാണ് വേദം വിഭജിക്കപ്പെട്ടുകാണുന്നത്. മറ്റൊരു വിധത്തിലും ഒരു വിഭജനമുണ്ട്. അതനുസരിച്ച് എട്ടു അഷ്ടകവും അറുപത്തിനാല് അധ്യായവും ഇരുനൂറ്റാറു വർഗവുമാണുള്ളത്. ഇതു കൂടാതെ, 'ബാലഖില്യം' എന്നു പേരായ പതിനൊന്നു സൂക്തങ്ങൾ വേറെയുണ്ടെങ്കിലും അവ സാധാരണ വേദസംഹിതയിൽ ഉൾപ്പെട്ടതായി കണക്കാക്കാറില്ല.[4]

ഋഗ്വേദത്തിൽ പത്തു മണ്ഡലങ്ങളാണുള്ളതെന്നു കണ്ടുവല്ലോ. അവ ഓരോ ഋഷികുലത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്നവയാണ്. രണ്ടാം മണ്ഡലം ഭാർഗവകുലത്തിലും മൂന്നാമത്തേത് വിശ്വാമിത്രകുലത്തിലും നാലാമത്തേത് വാമദേവകുലത്തിലും അഞ്ചാമത്തേത് അത്രികുലത്തിലും ആറാമത്തേത് ഭരദ്വാജകുലത്തിലും ഏഴാമത്തേത് വസിഷ്ഠ കുലത്തിലും എട്ടാം മണ്ഡലവും ഒന്നാം മണ്ഡലത്തിലെ അമ്പതുസൂക്തങ്ങളും കണ്വകുലത്തിലുമാണ് നിലനിന്നിരുന്നത്. ഒമ്പതാമത്തേത് പല ഋഷികുലങ്ങളിൽ നിലനിന്നിരുന്നതും 'സോമം' എന്ന ലതയുടെ രസത്തെ സ്തുതിച്ചുകൊണ്ടുള്ളതുമാകുന്നു. ആര്യന്മാർ തങ്ങളുടെ ആരാധനയിൽ ദേവൻമാർക്ക് അർപ്പിച്ചിരുന്ന ഒരു പാനീയമാണ് സോമരസം. ഒന്നാമത്തെ മണ്ഡലത്തിൽനിന്ന് നൂറ്റിനാൽപത്തൊന്ന് സൂക്തങ്ങളും പത്താം മണ്ഡലവും താരതമ്യേന അർവാചീനമാണെന്നും ഇതര മണ്ഡലങ്ങളുമായി അവയ്ക്കുള്ള ബന്ധം വളരെ അയഞ്ഞതാണെന്നും വേദ വിമർശകൻമാർ അഭിപ്രായപ്പെടുന്നു. പുരുഷൻമാരെപ്പോലെതന്നെ സ്ത്രീകളും മന്ത്രദ്രഷ്ടാക്കളായിരുന്നു. പല മന്ത്രങ്ങളുടെയും ദർശനം സ്ത്രീഋഷിമാരോട് ബന്ധപ്പെടുത്തിയതായി കാണാം.

അപാല, ലോപാമുദ്ര, അദ്രിപുത്രി, സൂര്യാ, ബ്രഹ്മവാദിനി ജുഹു, യമി മുതലായവർ ഉദാഹരണം.

ഋഗ്വേദത്തിന് പാഠാന്തരമില്ലെന്നാണ് ചില വേദവിത്തുകൾ അവകാശപ്പെടുന്നത്. വേദം നിലനിർത്തിപ്പോന്ന ആര്യവംശത്തിന്റെ അനിതരസാധാരണമായ നിഷ്കർഷതയെയാണ് ഇത് കാണിക്കുന്നത്. വള്ളത്തോളിന്റെ ഋഗ്വേദ വിവർത്തനത്തിന് ആമുഖമെഴുതിയ സർദാർ കെ.എം. പണിക്കർ എഴുതുന്നു: "വേദത്തിന് പാഠഭേദങ്ങളില്ല. ഇത്ര പുരാതനവും ഭാരതത്തിലാകെ പ്രചരിക്കുന്നതുമായ ഒരു ബൃഹദ്ഗ്രന്ഥത്തിന് പാഠഭേദമില്ലാതിരിക്കുന്നത് ആശ്ചര്യമാണല്ലോ. ശ്രുതിവാക്യങ്ങൾക്ക് വ്യത്യാസം വരാതിരിക്കാനായി ആദ്യകാലം മുതല്ക്കേ ചെയ്തുവന്ന നിഷ്കർഷതകൾകൊണ്ടാണ്, സർവ്വതശ്ശുദ്ധവും എല്ലാവരും അംഗീകരിക്കുന്നതുമായ ഒരു പാഠം ഇന്നു നിലവിലിരിക്കുന്നത്."[5]

എന്നാൽ, മഹാ ഭാഷ്യകാരനായ പതഞ്ജലിയുടെ അഭിപ്രായത്തിൽ, ഋഗ്വേദത്തിന് 21 ശാഖകളുണ്ടായിരുന്നു. അവയിൽ 'ശാകലശാഖ' മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. 'ബാഷ്കലശാഖ' പ്രചാരത്തിലില്ലെങ്കിലും അതിനെക്കുറിച്ച് പലേടത്തും പരാമർശങ്ങൾ കാണുന്നുണ്ടത്രെ. ശാകലശാഖയെ അപേക്ഷിച്ച് ബാഷ്കല ശാഖയിൽ എട്ടു സൂക്തങ്ങൾ അധികമായിക്കാണുന്നുവെന്നും അവയിലൊന്നാണ് സംജ്ഞാനസൂക്തം എന്നും പറയപ്പെടുന്നു.[6]

വേദങ്ങൾ അപൗരുഷേയങ്ങളാണെന്നത്രെ ബ്രാഹ്മണരുടെ വിശ്വാസം. അതായത്, ഖുർആനെക്കുറിച്ചു മുസ്‌ലിംകളുടെ എന്നപോലെ, വേദങ്ങളെക്കുറിച്ചു ബ്രാഹ്മണരുടെയും വിശ്വാസം അവ മനുഷ്യകൃതങ്ങളല്ലെന്നാണ്. പക്ഷേ, വേദത്തിലെ ഓരോ സൂക്തത്തിന്റെയും തുടക്കത്തിൽ അതിന്റെ ഋഷിയുടെ പേർ കൊടുത്തു കാണുന്നതിനാൽ അതിന്റെ 'ദർശനം' അദ്ദേഹത്തിനുണ്ടായതാണെന്നു പൊതുവേ അനുമാനിക്കപ്പെടുന്നു. പല ഋഷിവര്യന്മാർക്കും ദർശനമായി ലഭിച്ചതും അവരവരുടെ കുലങ്ങളിൽ നിലനിന്നിരുന്നതുമായ മന്ത്രങ്ങൾ പിന്നീട് ക്രോഡീകരിച്ച് ക്രമപ്പെടുത്തിവെച്ചതാണ് സംഹിതകൾ. 'വേദവ്യാസനെ'ന്നു പിന്നീട് പ്രസിദ്ധനായ ബാദരായണകൃഷ്ണനാണ് വേദത്തിന്റെ ക്രോഡീകർത്താവെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. വേദവ്യാസന്റെ കാലത്തെപ്പറ്റി പണ്ഡിതൻമാർക്കിടയിൽ ഗുരുതരമായ ഭിന്നാഭിപ്രായമുണ്ട്. ക്രിസ്തുവിനു മുമ്പ് ഏതാണ്ട് 1800-നും 1500-നും ഇടക്കാണ് വേദവ്യാസൻ ജീവിച്ചിരുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു.[7] എന്നാൽ, ഭാരതീയ പണ്ഡിതൻമാരിൽ ഒരാളായ ശ്രീ. രാഹുൽ സാംകൃത്യായന്റെ പക്ഷം ഇതാണ്:

"അന്യോന്യം ഉദ്ധരണം സ്വീകരിച്ചിരുന്ന ജൈമിനിയും ബാദരായണനും സമകാലീനൻമാരായിരുന്നു... അതിന്റെ അർഥം ക്രിസ്ത്വബ്ദം 300-ൽ തന്നെയാണ് ബാദരായണൻ ജീവിച്ചിരുന്നത് എന്നാണ്. പൗരാണികൻമാർ ബാദരായണനും വ്യാസനും ഒരാളാണെന്ന് കരുതുന്നു.

അയ്യായിരം കൊല്ലങ്ങൾക്കുമുമ്പ് മഹാഭാരത യുദ്ധകാലത്താണ് അദ്ദേഹം ഉണ്ടായിരുന്നതെന്ന് പറയപ്പെടുന്നു. എന്നാൽ ഇതിനെ (വ്യാസന്റെ) 'വേദാന്തസൂത്രങ്ങൾ' നിഷേധിക്കുന്നുണ്ട്. എന്തെന്നാൽ, ബൗദ്ധദർശനത്തെ മാത്രമല്ല അവ ഖണ്ഡിച്ചിട്ടുള്ളത്; ബുദ്ധനുശേഷം ആറേഴു നൂറ്റാണ്ടുകൾക്കുള്ളിൽ ഉണ്ടായ വൈഭാഷികം, യോഗാചാരം, മാദ്ധ്യമികം എന്നീ ദർശനമാർഗങ്ങളെക്കൂടി അത് ഖണ്ഡനംചെയ്തിട്ടുണ്ട്."[8]

ആകയാൽ ബാദരായണകൃഷ്ണന്റെ കാലത്തെപ്പറ്റിയുള്ള പൗരാണികൻമാരുടെ അഭിപ്രായത്തെ മുഖവിലയ്ക്കെടുക്കുവാൻ പ്രയാസമുണ്ട്.

## ഋഗ്വേദകാലം

ആര്യൻ ജനത ഇന്ത്യയിൽ പ്രവേശിച്ച കാലഘട്ടത്തെയാണ് ഋഗ്വേദത്തിൽ വർണിച്ചിട്ടുള്ളതെന്ന് നിരൂപകൻമാർ സമർഥിക്കുന്നു. അതുകൊണ്ട് ഋഗ്വേദമന്ത്രങ്ങൾ ആചരിക്കപ്പെട്ടത് അതിന് ശേഷമായിരിക്കണം. ആര്യന്മാർ 'കുഭാതട'(കാബൂൾ)ത്തിൽ താമസമാക്കിയ കാലം മുതൽ യമുനാനദിയുടെ തടത്തിൽ വന്നുചേരുന്ന കാലം വരെയുള്ള അവരുടെ ചരിത്രത്തിലേക്കുള്ള സൂചനകളാണ് ഋഗ്വേദം നല്കുന്നത്.

ക്രിസ്തുവിന് 1500 വർഷം മുമ്പാണ് ആര്യഗോത്രങ്ങളുടെ ഭാരതപ്രവേശമെന്നാണ് യൂറോപ്യൻപണ്ഡിതൻമാരുടെ പൊതുവായ അഭിപ്രായം. എന്നാൽ, ബാലഗംഗാധരതിലകൻ നക്ഷത്രശാസ്ത്രത്തെ അവലംബമാക്കി ഗണിച്ചു പറയുന്നത് ചുരുങ്ങിയത് ക്രി. മു. 3500 വർഷങ്ങളെങ്കിലും ഋഗ്വേദത്തിന് പഴക്കമുണ്ടെന്നാണ്. ബോഘാസ്കോയ് എന്നിടത്തുനിന്നു കണ്ടെടുത്ത ശിലാരേഖകളിൽ വൈദികദേവതകളുടെ നാമങ്ങൾ കണ്ടെത്തിയെന്നു നാം മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ആ ശിലാ ലേഖനങ്ങൾക്ക് ക്രി. മു. 1400 വർഷത്തെ പഴക്കമാണ് കണക്കാക്കിയിട്ടുള്ളത്. ആര്യൻമാർ ഇന്ത്യയിൽ പ്രവേശിച്ചത് അതിന്റെ ശേഷമായിരിക്കണമെന്നാണ് പ്രബലമായ പക്ഷം. എന്തെന്നാൽ ബോഘാസ്കോയ് രേഖയിലെ ഭാഷക്ക് വേദഭാഷയേക്കാൾ പഴമകൂടും.

ആര്യൻജനത ഇന്ത്യയിൽ വന്നപ്പോൾ അവർക്ക് കൂടുതൽ പ്രബലമായ ശക്തിയെ നേരിടേണ്ടിവന്നിരുന്നതായി വേദം അടിക്കടി സൂചിപ്പിക്കുന്നു. ആര്യന്മാരേക്കാൾ സംസ്കാര സമ്പന്നരും നിരവധി പട്ടണങ്ങളുടെ ഉടമകളുമായിരുന്നു ആ ജനത. 'ദസ്യു', 'ദാസൻ' മുതലായ പേരുകളിലാണ് വേദം അവരെ വിളിച്ചിരിക്കുന്നത്. ഇവർ സൈന്ധവ സംസ്കാരത്തിന്റെ ഉടമകളായിരിക്കണമെന്നാണ് ചിലർ ഊഹിക്കുന്നത്. സിന്ധുനദിയുടേയും രാവിനദിയുടേയും തടങ്ങളിൽനിന്ന് ഖനനത്തിൽ ലബ്ധമായ വസ്തുക്കളുടെ കാലം ഗവേഷകർ നിർണ്ണയിച്ചിട്ടുണ്ട്. ആകയാൽ മോഹൻജൊദാരോവിലും ഹരപ്പയിലും സംസ്കാരസൗധം പടുത്തുയർത്തിയ ജനതയായിരിക്കണം ആര്യശത്രുക്കളായ ദസ്യുക്കൾ എന്നു ചിലർ വിചാരിക്കുന്നു. ഋഗ്വേദം 6-ാം മണ്ഡലം 27-ാം സൂക്തത്തിൽ 'ഹരിയൂപിയ'യുടെ കിഴക്കുവെച്ച് വൃചീവാൻമാരെ ഇന്ദ്രൻ വധിച്ച ഒരു സംഭവം വർണ്ണിച്ചിട്ടുണ്ട്. ഈ ഹരിയൂപിയ തന്നെയാവണം, ഖനനത്തിന് വിധേ

യമായ ഹരപ്പ എന്ന് അവർ അഭിപ്രായപ്പെടുന്നു. അങ്ങനെയാണെങ്കിൽ സൈന്ധവസംസ്കാരത്തിന്റെ കാലമായ ബി. സി. 2500-നോടടുത്തു തന്നെ ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

വേദം എന്ന വാക്കിന് അറിവ്, വിദ്യ എന്നൊക്കെയാണർഥം. അധ്യാത്മ ജ്ഞാനം എന്നൊരു പൊരുൾ കൂടി പിന്നീട് അതിന് ലബ്ധമായി. വേദമാണ് ലോകത്തിലെ ഏറ്റവും പ്രാചീനമായ സാഹിത്യമെന്നു ചില ഭാരതീയ പണ്ഡിതന്മാർ അവകാശപ്പെടാറുണ്ട്. ലോകചരിത്രത്തെപ്പറ്റി അറിയാതെയുള്ള ഒരവകാശവാദമാണിത്. ശ്രീ. കൃഷ്ണചൈതന്യ രേഖപ്പെടുത്തിയത് കാണുക: "ഈ വാദം സാധൂകരിക്കാവുന്നതല്ല. കാരണം, മെസൊപൊട്ടേമിയയിലേയും ഈജിപ്തിലേയും സാഹിത്യങ്ങൾ തീർച്ചയായും വേദങ്ങൾക്ക് മുൻപുള്ളവയാണ്."[9]

## ദേവതകൾ

ഋഗ്വേദത്തിലെ മന്ത്രങ്ങൾ ദേവതാസ്തുതിപരങ്ങളാണെന്നു സൂചിപ്പിച്ചുവല്ലോ. ഋഗ്വേദമതപ്രകാരം ഭൂമി, അന്തരീക്ഷം, ദ്യോവ് (സ്വർഗം) എന്നീ മൂന്നു ലോകങ്ങളിലായി മുപ്പത്തി മൂന്നു ദേവൻമാരുണ്ട്. ഋഗ്വേദം പറയുന്നു:

"രിപുകർശനന്മാരായ ദേവന്മാരേ, മനുവിന് യജനീയരായ നിങ്ങൾ മുപ്പത്തിമൂന്നു പേരും ഇപ്രകാരം സ്തുതിക്കപ്പെടുന്നു."[10]

അഗ്നി, ഇന്ദ്രൻ, വായു, സോമൻ, സൂര്യൻ, പർജ്ജന്യൻ, മിത്രൻ, വരുണൻ, വിഷ്ണു, അശ്വിനന്മാർ(രണ്ട്), ഉഷസ്സ്, പൂഷാവ്, രുദ്രൻ, പ്രജാപതി, യമൻ, അര്യമാവ്, മരുത്തുകൾ, ബൃഹസ്പതി, സരസ്വതി, അദിതി, ആദിത്യന്മാർ, ഋഭുക്കൾ, ഇളാത്വാഷ്ടാവ്, വൈശ്വാനരൻ, സവിതാവ്, ഇന്ദ്രാണി, വരുണാനി, അഗ്നേയി, വസുക്കൾ, ഭാരതി, മാതരിശ്വാവ്, നാസത്യന്മാർ എന്നീ പേരുകൾ അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. സൂര്യൻ (ഷമാഷ്), സോമൻ അഥവാ ചന്ദ്രൻ (സിൻ) മുതലായ ദേവതകൾ പശ്ചിമേഷ്യയിലും ആരാധിക്കപ്പെട്ടിരുന്നുവെന്നത് ഇവിടെ സ്മരണീയമാണ്. ഇന്ന് ഹിന്ദുക്കൾ ആരാധിച്ചുവരുന്ന ദേവന്മാർക്ക് വേദത്തിൽ യാതൊരു സ്ഥാനവുമില്ല. ശിവൻ ഹിന്ദുക്കളുടെ ഒരു മഹാദേവനാണല്ലോ. എന്നാൽ, അദ്ദേഹം ഋഗ്വേദ ദേവനല്ല. ശ്രീ. കെ.എം. പണിക്കർ എഴുതുന്നു: "ശിവനെപ്പറ്റി ഒരു സ്തുതിയും ഋഗ്വേദത്തിലില്ല. ദേവീപൂജയും ലിംഗപൂജയും ഋഗ്വേദമറിയുന്നില്ല."[11] വേദത്തിൽ സർവത്ര പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്ന ദേവൻമാർ അഗ്നി, ഇന്ദ്രൻ, വരുണൻ, മിത്രൻ, മരുത്തുകൾ മുതലായവരത്രെ.

## ആര്യസമുദായത്തിന്റെ ചരിത്രം

ഋഗ്വേദം, ഇന്ത്യയിൽ പ്രവേശിച്ച ആര്യ സമുദായത്തിന്റെ ഒരു ചരിത്രംകൂടിയാണെന്നു പറയാം. ആര്യന്മാർ ഗോധനത്തിന്റെ ഉടമകളായിരുന്നു. ആട്, കഴുത, കുതിര ഇവയേയും അവർ ഇണക്കി വളർത്തിയിരുന്നു. അവർ ഒരു കർഷകജനത കൂടിയായിരുന്നു. വേദത്തിൽ കൃഷിക്ക് വലുതായ പ്രാധാന്യം നല്കിക്കാണുന്നു. കൃഷിസ്ഥലത്തെ 'ക്ഷേത്രം', 'ഉർവരം' എന്നൊക്കെയാണ് വേദം വിളിച്ചിരിക്കുന്നത്. ആര്യന്മാർ യവവും മറ്റു ധാന്യങ്ങളും കൃഷിചെയ്തിരുന്നു. വ്യാപാരത്തെപ്പറ്റിയും വേദത്തിൽ പറഞ്ഞുകാണുന്നുണ്ട്. സാധനങ്ങൾ പരസ്പരം വിനിമയം ചെയ്താണ് മിക്കവാറും കച്ചവടം നടന്നിരുന്നത്. എന്നാൽ

ഒരു സ്ഥലത്ത് നൂറു 'നിഷ്കം' ദാനം ചെയ്തതായി പറഞ്ഞിട്ടുള്ള തിൽനിന്ന് പണത്തിന്റെ ഇടപാടും അക്കാലത്തുണ്ടായിരുന്നതായി വിചാരിക്കണം. എട്ടിലൊന്നും പതിനാറിലൊന്നും പലിശയായി കൊടുക്കുന്നത് വേദം ഒരിടത്ത് സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ, പലിശ വ്യാപാരവും അന്ന് നടപ്പിലുള്ളതായി തീർച്ചപ്പെടുത്താം. പന്തയം വച്ചു ചൂതാട്ടവും പകിടകളിയും സാധാരണമായിരുന്നുവെങ്കിലും വേദം അത് അപലപിച്ചിട്ടുണ്ട്.

തുകൽക്കച്ചവടം, ലോഹപ്പണി, മരപ്പണി മുതലായവയിൽ സമർഥരായിരുന്നു ഇൻഡോ-ആര്യന്മാർ. അവർ വൈദ്യത്തിൽ വിദഗ്ധന്മാരും നെയ്തുവ്യവസായത്തിൽ നിപുണന്മാരുമായിരുന്നു. രോമംകൊണ്ട് കംബളങ്ങളും, പഞ്ഞികൊണ്ടു വസ്ത്രങ്ങളും അവർ നെയ്തെടുത്തിരുന്നു. ഇരുമ്പിന്റെ ഉപയോഗം സംസ്കാരാഭിവൃദ്ധിയുടെ ഒരു പ്രധാനഘട്ടത്തെയാണ് കുറിക്കുന്നത്. ആര്യന്മാർ ഇരുമ്പായുധങ്ങളാണുപയോഗിച്ചിരുന്നതെന്ന് വേദം വിളിച്ചോതുന്നു. ഇരുമ്പുകവചങ്ങൾ വേദത്തിൽ വർണിക്കപ്പെട്ടിട്ടുണ്ട്.

ഭക്ഷ്യപദാർഥങ്ങളിൽ അന്നത്തിനും ഗോമാംസത്തിനുമായിരുന്നു കൂടുതൽ പ്രാധാന്യം. ശ്രീ. രാഹുൽ സാംകൃത്യായൻ എഴുതുന്നതു കാണുക:

"അക്കാലത്തെ ആര്യന്മാരുടെ ഭക്ഷണസാധനങ്ങൾ അപ്പം, ചോറ്, പാല്, നെയ്യ്, മാംസം എന്നിവയായിരുന്നു. മാംസത്തിൽ ഗോമാംസം, വിശേഷിച്ചും കന്നുകുട്ടികളുടെ മാംസം പ്രിയങ്കരമായ ഒരു പദാർഥമായിരുന്നു. മാംസം വേവിച്ചും വറുത്തും ഭക്ഷിക്കാറുണ്ടായിരുന്നു. മസാലകളും മറ്റും അന്നില്ല... സംകൃതിയുടെ പുത്രനും ദാനശീലനുമായ രന്തിദേവന് 200 പാചകന്മാർ ഉണ്ടായിരുന്നു. ദിനംപ്രതി രണ്ടായിരം പശുക്കളുടെ മാംസം അരമനയിൽ പാകം ചെയ്യാറുണ്ട്. എന്നിട്ടും അതിഥികളോട് വിനയ പൂർവം 'സൂപം ഭൂയിഷ്ഠമശ്നീധ്വം നാദ്യ മാംസം യഥാ പുരാ' (മഹാഭാരതം, ദ്രോണപർവ്വം) എന്നു പറയാറുണ്ടായിരുന്നുവത്രെ."[12]

ഇതുപോലെ സോമരസം എന്നുപേരായ ലഹരിപദാർഥവും അവർക്ക് പഥ്യമായിരുന്നു. ദേവന്മാർക്ക് അർപ്പിച്ചിരുന്ന നിവേദ്യങ്ങളിൽ പ്രധാനമായിരുന്നു ഈ സോമരസം. കാട്ടിൽ വളരുന്ന ചെടിയാണ് സോമലത. അത് കൊണ്ടുവന്ന്, കുത്തിപ്പിഴിഞ്ഞു രസമെടുത്തു, പാലും മറ്റും ചേർത്ത്, പാകം ചെയ്ത്, ദേവന്മാർക്ക് അർപ്പിക്കും, തദവസരത്തിൽ പുരോഹിതന്മാർ വേദമന്ത്രങ്ങൾ ഉരുവിടും. ഇതായിരുന്നു ആര്യൻമാരുടെ ആരാധനാരീതി. അവസാനം ആ പാനീയം അവർ കുടിക്കുകയും ചെയ്യും. 'എൻഷ്യന്റ് ഹിസ്റ്ററി ഓഫ് ഇൻഡ്യ' എന്ന കൃതിയിൽ പറയുന്നു: "ഇൻഡ്യൻ ജനത പൊതുവേ മദ്യപാനികളല്ല; പക്ഷേ, യാഗാദികർമങ്ങൾ നടത്തിയിരുന്നവർ ധാരാളമായി മദ്യപാനം ചെയ്തിരുന്നു."[13]

ഋഷിമാർ 'അജിനം' എന്ന ഉടുപ്പും മറ്റുള്ളവർ വസനവും ഉത്തരീയവും ധരിച്ചിരുന്നു. നെറുകയിൽ കുടുമ്മ വെച്ചിരുന്നു.

ഗ്രാമം, വിഷയം, ജനം, രാഷ്ട്രം എന്നിങ്ങനെ നാലു വിധത്തിലാണ് നാടുവിഭജിച്ചിരുന്നത്. പല കുലങ്ങൾ ഒരുമിച്ചു താമസിക്കുന്ന ഇടമാണ് ഗ്രാമം; പല ഗ്രാമങ്ങൾ ഒന്നിച്ചുചേർന്ന പാർപ്പുസ്ഥലമത്രെ വിഷയം; പല വിഷയങ്ങൾ ഒന്നിച്ചു ചേർന്നാൽ അത് ജനമായി. പഞ്ചജനങ്ങളെക്കുറിച്ചുള്ള പ്രസ്താവന വേദത്തിൽ പലേടങ്ങളിലും കാണാം. അവയിൽ യാദവജനത്തിനും ഭരതജനത്തിനും പ്രത്യേകം പ്രാധാന്യമുണ്ടായിരുന്നു. ഇവരാണ് ഭരണക്കടിഞ്ഞാൺ നിയന്ത്രിച്ചിരുന്നത്.

ആര്യജനതക്ക് ശക്തന്മാരായ വിരോധികളെ നേരിടേണ്ടിവന്നിരുന്നു. അവർ രാജത്വത്തെ അംഗീകരിച്ചത് അതുകൊണ്ടായിരിക്കണം. പ്രബലനായ ഒരു രാജാവില്ലാതെ എതിരാളികളോട് എതിർത്തുനിൽക്കുക പ്രയാസമാണല്ലോ. ശരിയായ ഒരു രാജാവില്ലാതെ വിരോധികളോടെതിർക്കുന്ന ജനങ്ങളുടെ കഷ്ടപ്പാട് വേദത്തിൽ വർണിച്ചിട്ടുണ്ട്. പ്രസിദ്ധരായ പല രാജാക്കന്മാരുടെയും നാമങ്ങൾ വേദത്തിൽ കാണാം. ദിവോദാസൻ, സുദാസ്സ്, നഹുഷൻ, അംബരീഷൻ, പുരൂരവസ്സ് തുടങ്ങിയ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. ഒരു ഭരണത്തലവന്റെ രാജ്യാതിർത്തിക്കുള്ളിൽ പെടുന്ന സ്ഥലമായിരുന്നു രാഷ്ട്രം. മിന്നിത്തിളങ്ങുന്ന ഉടുപ്പാണ് രാജാക്കന്മാർ ധരിച്ചിരുന്നത്.

നീതിന്യായപാലനം രാജാവിന്റെ ചുമതലയിൽ പെട്ടിരുന്നു. രാജാവായിരുന്നു പരമവിധികർത്താവ്. രാജാവിന് തിരുമുൽക്കാഴ്ചകൾ അർപ്പിക്കുന്ന സ്വഭാവമുണ്ടായിരുന്നു. ഒരു മന്ത്രത്തിൽ പറയുന്നു:

"മോദപ്പെടുത്തീ, യമുന, തൃത്സുക്കളും
ഭേദനയിപ്പോരിൽ മർദ്ദിച്ച വജ്രിയെ;
ശിഗ്രവജയക്ഷുപ്രജകൾ തദാ തിരു-
മുൽക്കാഴ്ച വച്ചാർ തുരംഗത്തലകളെ!"[14]

അതായത്, സുദാസ്സിന്റെ പ്രതിയോഗിയായ ഭേദനെ ഇന്ദ്രൻ വധിച്ചു. അപ്പോൾ യമുനാ തീരത്തിൽ വസിക്കുന്നവരും ശിഗ്രു, അജം, യക്ഷു എന്നിവിടങ്ങളിലെ പ്രജകളും യുദ്ധത്തിൽ വധിക്കപ്പെട്ട കുതിരകളുടെ തലകളെ ഇന്ദ്രനു തിരുമുൽക്കാഴ്ച വെച്ചു. അന്നും തിരുമുൽക്കാഴ്ചകളർപ്പിക്കുന്ന പതിവുണ്ടായിരുന്നുവെന്നാണല്ലോ ഇതിൽനിന്നു തെളിയുന്നത്. ഗംഭീരമായ കൊട്ടാരത്തിലാണ് രാജാവ് താമസിച്ചിരുന്നത്. ആയിരം തൂണുകളും ആയിരം വാതിലുകളുമുള്ള എടുപ്പുകളെപ്പറ്റി വേദത്തിൽ പരാമർശമുള്ളതുകൊണ്ട് അത്തരം കെട്ടിടങ്ങളും ആര്യന്മാർക്ക് പരിചിതമായിരുന്നുവെന്നൂഹിക്കാം.

"ആയിരം തൂണുകളെഴും
സ്ഥിരോത്തമ സഭാന്തരേ
ഇരുന്നരുളുവോരല്ലോ,
സ്നിഗ്ധരത്തിരുമേനിമാർ!"[15]

മറ്റൊരിടത്ത് പറയുന്നു:

"വരുണ.... അന്നയുക്ത, ഞാൻ വലുതും കണക്കുവച്ചിട്ടുള്ളതും ഒരായിരം

വാതിലുള്ളതുമായ അങ്ങയുടെ ഗൃഹമണയട്ടെ!"[16]

പുരോഹിതനായിരുന്നു രാജാവിന്റെ ഏറ്റവും വലിയ ഉപദേശകൻ. ഋഗ്വേദ ഋഷിമാരായ വിശ്വാമിത്രനും വസിഷ്ഠനും ഭരതഗോത്രരാജാക്കൻമാരുടെ പുരോഹിതൻമാരായിരുന്നു. വെറും ആത്മീയ ഗുരുഭൂതൻമാർ മാത്രമായിരുന്നില്ല അന്നത്തെ മതനേതാക്കന്മാർ; പ്രത്യുത രാജ്യതന്ത്രജ്ഞൻമാരും യുദ്ധകാര്യങ്ങളിൽ ആവശ്യമായ ഉപദേശം നൽകാൻ പ്രാപ്തരായ സമരചതുരന്മാരുമായിരുന്നു. യുദ്ധക്കളത്തിലേക്ക് രാജാവിനോടൊന്നിച്ച് പുരോഹിതനും പോകുമായിരുന്നു.

അന്നത്തെ രാജാവ് സ്വേച്ഛാധിപതിയായിരുന്നില്ല. അദ്ദേഹത്തെ ഉപദേശിപ്പാൻ ഒരു സഭയുണ്ടായിരുന്നു. സഭയോട് ആലോചിച്ചാണ് രാഷ്ട്രീയവും ഭരണപരവുമായ കാര്യങ്ങൾ രാജാവ് നിർവഹിച്ചിരുന്നത്. സഭാംഗങ്ങൾ ഉന്നത കുലജാതൻമാരായിരിക്കണമെന്ന് നിബന്ധനയുണ്ടായിരുന്നു.

വധിക്കപ്പെട്ടവന്റെ കുടുംബത്തിന് നഷ്ടപരിഹാരം(പ്രായശ്ചിത്തം) നല്കൽ നിർബന്ധമായിരുന്നു. ഒരാളെ വെട്ടിപ്പരിക്കേൽപിച്ചാൽ ആയിരം പശുക്കളെ പിഴയിടലാണ് പതിവ്. ഗ്രാമത്തിലെ ന്യായാധിപതിക്ക് 'ഗ്രാമവാദിൻ' എന്ന സ്ഥാനപ്പേർ നൽകപ്പെട്ടിരുന്നു.

അന്യന്മാരുടെ രാജ്യങ്ങൾ വെട്ടിപ്പിടിക്കുക, ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കുക, ഇതരന്മാരുടെ കന്നുകാലികളെയും സാധനസാമഗ്രികളെയും കൊള്ളയടിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി ആര്യന്മാർ യുദ്ധം നടത്തിയിരുന്നു. കാലാൾപ്പടയും അശ്വഭടന്മാരുമായിരുന്നു പ്രധാന സൈനികവിഭാഗങ്ങൾ. യുദ്ധത്തിൽ തേരുകൾ ഉപയോഗിച്ചിരുന്നു. രണ്ടും മൂന്നും നാലും കുതിരകളെ പൂട്ടുന്ന രഥങ്ങൾ ഓടിച്ചിരുന്നു. രഥം തെളിക്കുന്നവനെ 'സാരഥി' എന്നാണ് വിളിച്ചിരുന്നത്. "ഇന്ദ്ര, മിടുമിടുക്കന്മാരാണല്ലോ അങ്ങയുടെ സാരഥികൾ"[17] എന്ന് ഒരു മന്ത്രത്തിൽ കാണുന്നു. കയ്യുറ, കവചം, ഇരുമ്പുശീർഷകം, അസ്ത്രം, ഖഡ്ഗം, കുന്തം, ശൂലം, ചുരിക, കയ്യുളി തുടങ്ങിയ യുദ്ധായുധങ്ങൾ അന്ന് വേണ്ടുവോളം ഉണ്ടായിരുന്നു. ഒരു ഋക്കിൽ പറയുന്നു:

"വില്ല, മ്പു, ചുരിക, കയ്യുളി, ബാണധിമുൻപാം
നല്ല ഹേതിയും നല്ലശ്വങ്ങളും നൽത്തൃത്തേരും
ഉള്ളവരല്ലോ: മരുത്തുക്കളേ, വരികി,ങ്ങു
വെള്ളത്തിനു,ൾക്കെല്പേറും പൃഷ്ണിപുത്രരേ, നിങ്ങൾ."[18]

മരുത്തുക്കൾ എന്ന ദേവന്മാരുടെ കയ്യിൽ വില്ല്, അമ്പ്, ചുരിക, കയ്യുളി, ആവനാഴി മുതലായ ആയുധങ്ങളും നല്ലതരം കുതിരകളും തേരുകളുമുണ്ട്, ഞങ്ങൾക്ക് വെള്ളം കിട്ടിക്കാൻ തക്ക ഉൾക്കെൽപും മനോബലവും അവർക്കുണ്ട്; പൃഷ്ണിപുത്രരായ അവർ വന്നു ഞങ്ങൾക്ക് ജലം നല്കുമാറാകട്ടെ- ഇതാണ് പ്രസ്തുത മന്ത്രത്തിന്റെ സാരം. മേൽപറഞ്ഞ ആയുധങ്ങൾ അക്കാലത്ത് പ്രസിദ്ധങ്ങളായിരുന്നുവെന്ന് ഈ മന്ത്രം ധ്വനിപ്പിക്കുന്നു. കൂടാതെ ധ്വജങ്ങളും കൊടിക്കൂറകളും ദുന്ദുഭി

കളും (പെരുമ്പറകൾ) പടയാളികളുടെ ആക്രന്ദനങ്ങളുമെല്ലാം അന്നത്തെ യുദ്ധങ്ങൾക്കുമുണ്ടായിരുന്നു. രാഷ്ട്രീയമായി വളർന്ന ഒരു ജനപദമായിരുന്നു ഇൻഡോ-ആര്യന്മാരെന്നതിൽ സംശയമില്ല.

## കുടുംബജീവിതം

ഋഗ്വേദത്തിലെ കുടുംബജീവിതസംബന്ധിയായ പരാമർശങ്ങൾ കൂടുതൽ ശ്രദ്ധേയങ്ങളാണ്. രാഷ്ട്രത്തിന്റെ ഏറ്റവും അവസാനത്തെ കണ്ണി കുടുംബമായിരുന്നു. ഒരേ ഗൃഹനാഥന്റെ കീഴിൽ ധാരാളം അംഗങ്ങൾ ഏകഗൃഹത്തിൽ ഒരുമിച്ചു ജീവിച്ചുവന്നു. കുടുംബനാഥന് 'കുലപൻ' എന്നാണ് ഋഗ്വേദം നല്കിയ പേർ. പത്നി ഗൃഹനായികയായിരിക്കും. ഗൃഹത്തിന് വിശാലതയും ഭദ്രതയുമുണ്ടായിരുന്നു. കാലികൾ പകലെല്ലാം മേഞ്ഞ്, സന്ധ്യയാകുമ്പോൾ തിരിച്ചുവന്നു തൊഴുത്തിൽ കയറി പാർക്കും.

അച്ഛന് വിപുലമായ അധികാരമുണ്ടായിരുന്നു. മക്കളെ വില്ക്കുന്നതിനുപോലും തടസ്സമുണ്ടായിരുന്നില്ല. ശുനശ്ശേപന്റെ കഥയിൽനിന്നും ഇതു തെളിയുന്നുണ്ട്. ഈ കഥ ഋഗ്വേദത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.[19] അതിന്റെ വിശദീകരണം ഋഗ്വേദത്തോടു ബന്ധപ്പെട്ട ഐതരേയ ബ്രാഹ്മണത്തിലും കാണാം. സന്തതികളെ ദേവതകൾക്ക് ആഹുതി ചെയ്യുന്ന ആചാരം പശ്ചിമേഷ്യയിലും നടമാടിയിരുന്നതായി ബൈബിളിൽനിന്ന് വ്യക്തമാണ്.[20] ശുനശ്ശേപനെ തന്റെ പിതാവായ അജീഗർത്തൻ ഹരിശ്ചന്ദ്രപുത്രന് വിറ്റതിൽനിന്നും മനസ്സിലാകുന്നത് അക്കാലത്ത് ഒരംഗീകൃത സമ്പ്രദായമായിരുന്നു അതെന്നാണ്. ഇതുപോലെ മക്കൾക്ക് സ്വത്തവകാശമില്ലാതാക്കുന്നതിനും അച്ഛന് സ്വാതന്ത്ര്യമുണ്ടായിരുന്നു. വിശ്വാമിത്രൻ എന്ന മഹർഷി തന്റെ അഭിപ്രായത്തിന് എതിരുപറഞ്ഞ അമ്പതു മക്കളെ കുടുംബത്തിൽനിന്നു പുറത്താക്കുകയും സ്വത്തവകാശം നിഷേധിക്കുകയും ചെയ്തു.[21] വിവാഹം പാവനമായ ഒരു കരാറായിരുന്നു. വധുവിന്റെ പാണി ഗ്രഹിച്ചുകൊണ്ട് വരൻ പറയേണ്ട ഒരു മന്ത്രം ഇങ്ങനെയാണ്:

"ഗൃഹ്ണാമി തേ സൗഭഗത്വായ ഹസ്തം
മയാ പത്യാ ജരദഷ്ടിര്യഥാസഃ
ഭഗോ അര്യമാ സവിതാ പുരന്ധിർ-
മഹ്യം ത്വാ ദുർഗാർഹപത്യായ ദേവാഃ"[22]

(ഞാൻ സൗഭാഗ്യത്തിനായി നിന്റെ കൈ പിടിക്കുന്നു. നീ ഭർത്താവിനോടൊന്നിച്ചു വേണം വാർധക്യമടയുക. ഭഗൻ, ആര്യമാവ്, സവിതാവ്, പൂഷാവ് എന്നീ ദേവന്മാർ നിന്നെ ഗൃഹസ്ഥത്വത്തിനായി എനിക്ക് കല്പിച്ചുതന്നിരിക്കുന്നു.)

വിവാഹത്തിന് സ്ത്രീധനം പതിവായിരുന്നു. വിവാഹാനന്തരം വധു ഭർത്തൃഗൃഹത്തിലേക്ക് പോകേണ്ടതാണ്. ബഹുഭാര്യത്വം സാധാരണമായിരുന്നു. 10-ാം മണ്ഡലം 11-ാം അനുവാകം 145-ാം സൂക്തത്തിൽ സപത്നീ മർദ്ദനത്തിൽനിന്നുള്ള രക്ഷക്കായി ഒരു വനിതാ ഋഷി പ്രാർഥിക്കുന്നതു കാണുക:

“വൻകെല്പാളുമിമ്മരുന്നു-
വള്ളി പറിച്ചെടുപ്പൻ ഞാൻ,
അത്തൽ സപത്നിയ്ക്കിയറ്റാൻ,
ഭർത്താവിനെക്കയ്യടക്കാൻ,
ഊർദ്ധ്വമുഖപത്രേ, ശക്തേ,
ധാത്രേരിതേ, സുഭഗേ, നീ
താഴ്ത്തൂ, സപത്നിയെ; യെന്റെ
മാത്രമാക്കൂ, മണാളനെ!
മേലേക്കിടക്കാരെയ്ക്കാളും
മേലെയാകുകു,ത്തമേ, ഞാൻ;
താന്ന പെണ്ണുങ്ങളെക്കാളും
താന്നോളുമാകെൻ സപത്നി!....” [23]

ഇതിൽനിന്നും ബഹുഭാര്യത്വവും സപത്നിമാത്സര്യവും അക്കാലത്തും പതിവായിരുന്നുവെന്ന് മനസ്സിലാക്കാം. വിധവാവിവാഹവും അന്ന് നിഷിദ്ധമായിരുന്നില്ല. അച്ഛന് മേധാവിത്വം നല്കിയിരുന്ന കുടുംബജീവിത സമ്പ്രദായമാണ് ഋഗ്വേദകാലത്ത് നിലവിലുണ്ടായിരുന്നത്.

## ഋഗ്വേദത്തിലെ സാഹിത്യം

ഒരു സാഹിത്യകൃതിയെന്ന നിലയിൽ ഋഗ്വേദത്തിനുള്ള വൻപിച്ച സ്ഥാനം എല്ലാ നിരൂപകന്മാരും അംഗീകരിക്കുന്നുണ്ട്. അതൊരു അത്ഭുത സാഹിത്യ പ്രപഞ്ചമാണെന്ന് പറയാം. പ്രകൃതിയോട് ഏറ്റവും അടുത്തതും, പ്രകൃതിയുടെ അവസ്ഥാഭേദങ്ങളെ സസൂക്ഷ്മം നിരീക്ഷണം ചെയ്തു വർണിച്ചതുമായ ഈ സാഹിത്യത്തിന്റെ ഗുണഗണങ്ങൾ വർണനാതീതമത്രെ. അഗ്നീന്ദ്രാദികളെ വീണ്ടും വീണ്ടും സ്തുതിക്കുന്ന മന്ത്രങ്ങളാണ് നാം അതിൽ ഏറിയ കൂറും കാണുക. വേദത്തിൽ ആവർത്തനം സാർവത്രികമാണ്. എങ്കിലും വായനക്കാരനെ അത് മുഷിപ്പിക്കുന്നില്ല. ഒരേ കാര്യം നാനാതരം ഭംഗികളിൽ പ്രതിപാദിക്കാനുള്ള നിസ്തുലമായ സാമർഥ്യമാണ് വേദത്തിൽ കാണുന്നത്. ഇന്ന് ഏറ്റവും നവീനമെന്നു വിചാരിക്കുന്ന കവനരീതികൾ പോലും ആ പുരാതനഗ്രന്ഥത്തിൽ കാണുമ്പോൾ ആർക്കും ആശ്ചര്യം തോന്നാതിരിക്കില്ല.

ഫലിതം പറയുന്നതിലും ഋഗ്വേദം പിന്നിലല്ല. സോമം കുടിച്ചു കഴിഞ്ഞാൽ അങ്ങയുടെ മീശ തുടച്ചേക്കണം എന്നാണ് ഒരു മന്ത്രത്തിൽ ദേവനോട് പറയുന്നത്. മഴക്കാലം തുടങ്ങുമ്പോൾ തവളകൾ നിലവിളിക്കുന്നതിനെ സോമപാനംചെയ്തു ലഹരി പിടിച്ച ബ്രാഹ്മണരുടെ ഒച്ചയിടലിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.[24] പാശ്ചാത്യൻ നിരൂപകന്മാർ പറയുന്നു: “ചരിത്രാതീതകാലത്തെ ഒരു കവിയും ഒരിടത്തും, ഒരു പക്ഷേ ഇങ്ങനെ പാടിയിരിക്കയില്ല:

Thought was the pillow of her coach,

Sight was the unqrent of her eyes!"
(സൂര്യ-ഭർത്താവിന്റെ അടുക്കലേക്ക് പോകുമ്പോൾ ചിത്തി [ചിന്താദേവത] തലയണയായി. കണ്ണു മഷിയായി.)[25]

പ്രകൃതിനിയമത്തെയാണ് ഋഗ്വേദം സനാതന ധർമമായി അംഗീകരിക്കുന്നത്. പ്രകൃതിനിയമത്തിന് വേദം നല്കുന്ന പേരത്രെ ഋതം. അതാണ് സത്യം. അതാണ് ലോകധർമം. ദേവന്മാരായ മിത്രാവരുണന്മാർ ലോകധർമത്തെ- പ്രകൃതി നിയമത്തെ- സൂക്ഷിക്കുന്നവരാണ്. അതുകൊണ്ട് അവരെ 'ഋതവർദ്ധകർ' എന്ന് വേദം വിളിച്ചിരിക്കുന്നു. സർദാർ പണിക്കർ പറയുന്നതു നോക്കുക: "മിത്രാവരുണൻമാരെ ഋതവർധകർ എന്നു വർണിച്ചിട്ടുള്ളതായി കണ്ടുവല്ലോ. ആ വിശേഷണം അവർക്ക് വേദത്തിൽ സാധാരണമാണ്. ഈ ദേവൻമാർ ലോകസത്യത്തെ നിലനിർത്തുന്നവരാണെന്ന അർഥമാണ് ഏറ്റവും യുക്തം."[26]

പ്രസ്തുത ആശയം ഖുർആനുമായി എത്രമാത്രം അടുക്കുന്നുണ്ടെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഖുർആൻ ഒരിടത്ത് പ്രകൃതിധർമത്തെ പാലിക്കുവാൻ മാനവസമുദായത്തെ ആഹ്വാനംചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, അതാണ് മാറ്റമില്ലാത്ത സനാതനധർമം. [27]

## ഖുർആനോട് സാദൃശ്യം

അദൃശ്യകാര്യങ്ങൾ ഇതര മതഗ്രന്ഥങ്ങളിലെന്നപോലെ വേദങ്ങളിലും പ്രതിപാദിച്ചിരിക്കുന്നു. ഒരു സ്തോത്രഗ്രന്ഥത്തിന്റേതാണ് വേദഘടന. ദേവസ്തുതിയാണ് അവയിലെ മുഖ്യപ്രതിപാദ്യം. അതോടൊപ്പം തത്വചിന്ത, ചരിത്രസൂചന, അദൃശ്യയാഥാർഥ്യങ്ങൾ, സദ്വൃത്തരായി ജീവിക്കുവാനുള്ള ആഹ്വാനം, ദുർവൃത്തൻമാർക്ക് നേരിടേണ്ടിവരുന്ന അനർഥങ്ങൾ മുതലായ കാര്യങ്ങളും സൂചിപ്പിക്കുന്നുണ്ട്.

ഖുർആനുമായി വേദത്തിന് ഏറക്കുറെ അടുപ്പം കാണുന്നു. ഒരേ സംഗതി ഖുർആനിലെന്നപോലെ അതിലും ആവർത്തിച്ചിട്ടുണ്ട്. ചിലപ്പോൾ യാതൊരു മാറ്റവും വരുത്താതെയാവും ആവർത്തനം. ഖുർആനിലെ പ്രഥമ അധ്യായമായ 'ഫാത്തിഹ'യോട് വേദത്തിലെ ചില സൂക്തങ്ങൾക്ക് അപാരമായ സാമ്യം കാണുന്നു. 'ഫാത്തിഹ'യുടെ പ്രാരംഭമൊഴികൾ സ്തോത്രപരവും മധ്യമൊഴികൾ പ്രതിജ്ഞാപരവും അന്തിമമൊഴികൾ പ്രാർഥനാപരവുമാണല്ലോ. നോക്കുക:

"ലോകനാഥനായ അല്ലാഹുവിന് സ്തോത്രം! കരുണാനിധിയായ റഹ്മാൻ, പ്രതിഫലദിവസത്തിന്റെ അധിപതി!"

ഇവയത്രയും സ്തോത്രപരം. അനന്തരം പ്രതിജ്ഞ:

"നിനക്ക് മാത്രം ഞങ്ങൾ വണക്കം ചെയ്യുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായമർഥിക്കുന്നു."

അവസാനം പ്രാർഥനയും:

"ഞങ്ങളെ നേരായ മാർഗത്തിൽ- നീ അനുഗ്രഹിച്ചിട്ടുള്ളവരുടെ മാർഗത്തിൽ- നയിച്ചാലും! കോപത്തിന് പാത്രമായവരോ, വഴിപിഴച്ചവരോ അല്ലാത്ത (വരുടെ മാർഗത്തിൽ!)"

ഇതേ രൂപത്തിലാണ് ഋഗ്വേദത്തിലെ പ്രഥമ സൂക്തത്തിന്റെയും ഘടന. ദേവസ്തുതികൊണ്ടാണ് അതും ആരംഭിക്കുന്നത്. നോക്കുക:

"സ്തുതിപ്പൂ, ഞാൻ യജ്ഞപുരോഹിതനാമഗ്നിദേവനെ,
ഋത്വിക്കാകിയ ഹോതാവെ,സ്സുതരാം രത്നധാരിയെ........"

പിന്നീട് പ്രതിജ്ഞ:

"ഞങ്ങളഗ്നേ, നാളിൽ നാളിൽപ്പകൽ നേരത്തുമല്ലിലും
ഹൃത്താൽ വണങ്ങിയിട്ടത്രേ, സമീപിക്കുന്നതങ്ങയെ....."

ഫാത്തിഹായിലെ പ്രതിജ്ഞയും ഈ പ്രതിജ്ഞയും സാരാംശത്തിൽ ഭിന്നമല്ലെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

അനന്തരം പ്രാർഥന:

"ആ നീ സുപ്രാപനാകെങ്ങൾക്ക,ച്ഛൻ മകനുപോലവേ;
ഒന്നിച്ചിരിക്കയും ചെയ്യുകഗ്നേ, ഞങ്ങൾക്കു നില്പിനായ്!"[28]

ഫാത്തിഹായിലെന്നപോലെ വേദത്തിലും ഉത്തമമാർഗത്തിൽ നയിക്കേണമെന്നുള്ള പ്രാർഥന കാണാവുന്നതാണ്:

"പൂഷാവേ, നിയെതിർപ്പോരെയകലത്താക്കി, ഞങ്ങളെ
നടത്തുകുത്തമവഴിയ്ക്കി;തിൽക്കരുതൽ വേണമേ!"[29]

## കുറിപ്പുകൾ

1. ഭാരതീയ സാംസ്കാരിക സാമ്രാജ്യചരിത്രം പേ. 18
2. പ്രാചീന ലിഖിതങ്ങൾ പേ. 28
3. സംസ്കൃത സാഹിത്യചരിത്രം പേ. 58
4. വള്ളത്തോളിന്റെ ഋഗ്വേദ വിവർത്തനത്തിന്റെ ആമുഖം, പേ. 4 നോക്കുക.
5. Ibid P. 4, 5
6. വിശ്വവിജ്ഞാനകോശം വാ. 2, പേ. 811 (ഋഗ്വേദം) 1970
7. വള്ളത്തോൾ വിവർത്തനം, ആമുഖം പേ. 6 നോക്കുക.
8. വിശ്വദർശനങ്ങൾ പേ. 390
9. സംസ്കൃത സാഹിത്യചരിത്രം പേ. 68
10. ഋഗ്വേദം മ. 8, സൂ. 30, ഋ. 2
11. ഋഗ്വേദത്തിന്റെ വള്ളത്തോൾ വിവർത്തനത്തിന്റെ ആമുഖം പേ. 15
12. വിശ്വദർശനങ്ങൾ പേ. 548
13. Ancient History of India P. 139
14. ഋഗ്വേദം മ. 7, സൂ. 18, ഋ. 19
15. ഋഗ്വേദം മ. 2, സൂ. 41, ഋ. 5
16. ഋഗ്വേദം മ. 7, സൂ. 88, ഋ. 5
17. ഋഗ്വേദം മ. 1, സൂ. 55, ഋ. 7
18. ഋഗ്വേദം മ. 5, സൂ. 57, ഋ. 2
19. ഋഗ്വേദം മ. 1, സൂ. 24, ഋ 12, 13
20. ii രാജാക്കന്മാർ 23-ഉം യിരമ്യ 19 :5-ഉം നോക്കുക.
21. വള്ളത്തോൾ വിവർത്തനത്തിന്റെ ആമുഖം പേജ് 23
22. ഋഗ്വേദം മ. 10, സൂ. 85, ഋ. 36

23. ഋഗ്വേദം മ. 10, സൂ. 145, ഋ. 1-3
24. ഋഗ്വേദം മ. 7, സൂ. 103 നോക്കുക.
25. ഋഗ്വേദം മ. 10, സൂ. 85, ഋ. 7
26. വള്ളത്തോൾ വിവർത്തനത്തിന്റെ ആമുഖം പേ. 11
27. ഖുർആൻ 30: 30 നോക്കുക.
28. ഋഗ്വേദം മ. 1, സൂ. 1, ഋ. 1, 7, 9
29. ഋഗ്വേദം മ. 1, സൂ. 42, ഋ. 7

## അധ്യായം ഇരുപത്തിമൂന്ന്

# ഭാരതീയ തത്വചിന്ത

**എ**ല്ലാ തത്വചിന്തകൻമാരും ദാർശനികൻമാരും പ്രപഞ്ചത്തെ വ്യാഖ്യാനിക്കുവാനാണ് ശ്രമിച്ചത്. മതാചാര്യൻമാരും അങ്ങനെത്തന്നെ. ഈ പ്രപഞ്ചം എങ്ങനെ, എന്തുകൊണ്ടുണ്ടായി? എങ്ങനെ ചലിക്കുന്നു? ഈ പ്രശ്നങ്ങൾക്കുത്തരം കണ്ടെത്തുവാൻ എല്ലാവരും ശ്രമിച്ചു. യുക്തിയെ ആധാരമാക്കി ആ ശ്രമം നടത്തിയവരാണ് തത്വചിന്തകൻമാർ. അവർ ആ പ്രശ്നങ്ങൾക്ക് നൽകിയ ഉത്തരം പരിഗണിച്ചു രണ്ടു വിഭിന്ന വിഭാഗക്കാരായി തിരിഞ്ഞു. ആസ്തികവാദക്കാരും നാസ്തികവാദക്കാരും. പ്രവിശാലവും ഗംഭീരവുമായ ഈ പ്രപഞ്ചത്തിന്റെ പിറകിൽ ഒരു പരാശക്തിയുടെ ഇച്ഛയും ആസൂത്രണവും നടന്നിട്ടുണ്ടെന്നും നടക്കുന്നുണ്ടെന്നും വാദിക്കുന്നവരാണ് ആസ്തികൻമാർ. പ്രപഞ്ചത്തിന്റെ പിറകിൽ ഒരു പരാശക്തിയുടെ ഇച്ഛയോ ആസൂത്രണമോ ഒന്നും നടന്നിട്ടില്ലെന്നും നടക്കുന്നില്ലെന്നും വാദിക്കുന്നവരാണ് നാസ്തികന്മാർ. ഒരു പരാശക്തിയുടെ ആസ്തിക്യം സങ്കല്പിക്കാതെത്തന്നെ പ്രാപഞ്ചിക പ്രതിഭാസങ്ങൾ വ്യാഖ്യാനിക്കാൻ കഴിയുമെന്ന് ഇവർ അവകാശപ്പെടുന്നു.

മേൽ പ്രസ്താവിച്ച രണ്ടു വിഭാഗക്കാരും യുക്തിയെ ആധാരമാക്കിയാണ് പ്രപഞ്ചമാകുന്ന കടങ്കഥയുടെ ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിച്ചത്. യുക്തിക്കതീതമായ ഒരു ജ്ഞാനമാർഗത്തെ അവർ അംഗീകരിക്കുന്നില്ല. മനുഷ്യസിദ്ധമായ ഏതൊരു അറിവും യുക്തിയുടെ ഉത്പന്നമാണ്. യുക്തിയാകുന്ന ആയുധമേന്തി ബുദ്ധിശക്തി ഖനിച്ചെടുത്തതല്ലാത്തതൊന്നും വിജ്ഞാനലോകത്തില്ല. അഥവാ വല്ലതുമുണ്ടെങ്കിൽതന്നെ അത് വിജ്ഞാനമല്ല. മനുഷ്യന്റെ ഭാവനാസൃഷ്ടി മാത്രമാണ്. ഇതാണ് യുക്തിവാദികളുടെ സാമാന്യ നിലപാട്. തത്വചിന്തയും ഇതേ നിലപാടാണ് പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്.

മതം അടിസ്ഥാനപരമായിത്തന്നെ ഇതിൽനിന്നും ഭിന്നമാകുന്നു. ദൈവിക വെളിപാടിന്മേലാണ് മതത്തെ കെട്ടിപ്പടുത്തിരിക്കുന്നത്. മതത്തിൽ യുക്തിക്കോ ചിന്തക്കോ വലിയ സ്ഥാനമൊന്നുമില്ല. അതിൽ സർവോപരിയായ സ്ഥാനം കല്പിക്കപ്പെടുന്നത് ആചാര്യന്നത്രെ.

യുക്തിക്ക് യോജിച്ചാലും ശരി, യോജിച്ചില്ലെങ്കിലും ശരി, ആചാര്യൻ ഉപദേശിച്ചതെന്തും മതമായിരിക്കും. ആചാര്യനാൽ വാച്യമായോ സൂച്യമായോ സ്ഥിരീകരിക്കപ്പെടാത്തതൊന്നും മതമല്ലതാനും. തത്വചിന്തയും മതവും തമ്മിലുള്ള അടിസ്ഥാനപരമായ ഈ അന്തരം വിസ്മരിക്കാവതല്ല.

ഒരു ഉദാഹരണത്തിലൂടെ ഈ വസ്തുത മനസ്സിലാക്കാം: മിക്ക മതങ്ങളും മരണാനന്തരജീവിതത്തെപ്പറ്റി ഊന്നുന്നുണ്ട്. മരണാനന്തരം മനുഷ്യന് നേരിടാൻ പോകുന്ന സുഖദുഃഖങ്ങളെ വർണിക്കാത്ത മതങ്ങൾ കുറയും. എന്നാൽ യുക്തിയെ ആധാരമാക്കി ഈ പ്രശ്നത്തിന് ഒരുത്തരം കണ്ടെത്തുക വിഷമമാണ്. എന്തെന്നാൽ, യുക്തിയുടെ വിഹാരസാമ്രാജ്യത്തിൽനിന്നും പുറത്താണ് മരണാനന്തരജീവിതം സ്ഥിതിചെയ്യുന്നത്. മരണാനന്തരം ഒരു ജീവിതമുണ്ടെന്നോ ഇല്ലെന്നോ യുക്തിക്ക് തീരുമാനിക്കാവതല്ല.

ഇത്രയും പറഞ്ഞതിന്റെ ഉദ്ദേശ്യം യുക്തിയെ താഴ്ത്തിക്കെട്ടലല്ല. മനുഷ്യന്നുപലബ്ധമായ അനുഗ്രഹങ്ങളിൽ ഒരനർഘസിദ്ധിയാണ് യുക്തിബോധം എന്ന കാര്യത്തിൽ തർക്കമില്ല. മതതത്വങ്ങൾ മനസ്സിലാക്കുവാൻ തന്നെ യുക്തിബോധം അനുപേക്ഷ്യമാണ്. 'യുക്തിയില്ലാത്തവന് മതമില്ല' എന്ന് ഇസ്‌ലാമിൽ ഒരു ആപ്തവാക്യമുണ്ട്. എന്നാൽ, യുക്തിയുടെയും മതത്തിന്റെയും യഥാർഥ മേഖലകൾ രണ്ടാണ്. ഇത്രയേ ഇവിടെ വിവക്ഷിക്കുന്നുള്ളൂ.

## തത്വചിന്തകന്മാരുടെ പ്രപഞ്ചവ്യാഖ്യാനം

ഇനി നമുക്ക് തത്വചിന്തകൻമാരുടെ പ്രപഞ്ചവ്യാഖ്യാനത്തെപ്പറ്റി സ്വല്പം ആലോചിക്കാം. ഇക്കൂട്ടത്തിൽ പ്രപഞ്ചത്തെ ഒരു പരാശക്തിയുടെ സൃഷ്ടിയായി കണക്കാക്കുന്നവരെക്കുറിച്ച് വിസ്തരിക്കാനൊന്നുമില്ല. അവർ വാസ്തവത്തിൽ മതവാദികളുടെ കൂടെയാണ്. ശരിക്കു പറഞ്ഞാൽ മതവാദികൾ തന്നെ. മതത്തെ യുക്തിക്കനുരൂപമായി വ്യാഖ്യാനിക്കുവാൻ അവർ ഒരു യത്നം നടത്തുന്നുവെന്നുമാത്രം. ആ യത്നം വിജയിക്കണമെന്ന് അവർക്ക് നിർബന്ധമൊന്നുമില്ല. നാസ്തികന്മാരുടെ സ്ഥിതി അങ്ങനെയല്ല. ഒരു പരാശക്തിയുടെ സങ്കല്പം കൂടാതെത്തന്നെ പ്രാപഞ്ചിക പ്രതിഭാസങ്ങൾ വ്യാഖ്യാനിക്കുവാൻ കഴിയുമെന്നാണ് അവരുടെ വാദം. എന്നാൽ ആ വാദം അവർ തെളിയിച്ചിട്ടുണ്ടോ? പ്രപഞ്ചത്തിന് പ്രകൃതിശാസ്ത്രം നല്കുന്ന വ്യാഖ്യാനമെന്താണ്? ഇതേപ്പറ്റി ഭാരതീയ തത്വജ്ഞാനിയായ ഡോ. എസ്. രാധാകൃഷ്ണന്റെ അഭിപ്രായം കാണുക:

"പ്രപഞ്ചത്തിന് പ്രകൃതിശാസ്ത്രം നൽകുന്ന വ്യാഖ്യാനം ഏതാണ്ട് ഇപ്രകാരമാണ്: ലോകം ഒരു അദൃശ്യമായ ബില്യേർഡ്സ് കളിയാണ്; പരമാണുക്കളാണ് പന്തുകൾ. അവ തമ്മിൽ കൂട്ടിമുട്ടി തുടർച്ചയായ ചലനങ്ങൾ ഉണ്ടാക്കുന്നു. ഈ വിവരണം പ്രപഞ്ചം എങ്ങനെ നടക്കുന്നുവെന്നല്ലാതെ, എന്തുകൊണ്ട് എന്നുള്ള ചോദ്യത്തിന് സമാധാനം നല്കു

ന്നില്ല. ഈ വിഷയത്തെപ്പറ്റി ഇനി ഒരു ചോദ്യവും ആവശ്യമില്ലെന്ന് കരുതുന്നവരുടെ മനസ്സിൽ പോലും തങ്ങൾ ഗ്രഹിച്ചിട്ടില്ലാത്ത എന്തോ ചിലതുകൂടി ഉണ്ടെന്നൊരു ബോധം തിരുപ്പിടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും പിടികിട്ടാത്ത അഗാധതലം ഈ പ്രപഞ്ചത്തിനുണ്ടെന്ന ഒരു അവ്യക്തബോധം അവർക്കുണ്ട്."[1]

പ്രപഞ്ചത്തെ തൃപ്തികരമാംവണ്ണം വ്യാഖ്യാനിക്കുവാൻ ആധുനിക ശാസ്ത്രം അശക്തമാണെന്നാണ് മേൽപറഞ്ഞതിന്റെ അർഥം. അക്കാര്യം ഭംഗിയായി നിർവ്വഹിച്ചിട്ടുള്ളത് മതമാണ്. പ്രപഞ്ചത്തിന് പിറകിൽ പ്രവർത്തിക്കുന്ന ഒരു അദൃശ്യചൈതന്യത്തെ സങ്കല്പിച്ചുകൊണ്ടാണ് പ്രാപഞ്ചിക പ്രതിഭാസങ്ങളെ മതം വ്യാഖ്യാനിക്കുന്നത്. അതുകൊണ്ട് ഒരു മതവാദി മാനസികക്കുഴപ്പത്തിൽനിന്നു മുക്തനാണ്.

## മതങ്ങളുടെ ഉദ്ഭവവും വികാസവും

ഏതു മതവും ഉദ്ഭവിക്കുന്നത് ഒരു ആചാര്യനിൽനിന്നായിരിക്കും. ഇന്നത്തെ അർഥത്തിൽ ഒരു പ്രതിഭാശാലിയോ തത്വചിന്തകനോ ദാർശനികനോ അല്ല മതാചാര്യൻ. അദ്ദേഹം അവകാശപ്പെടുന്ന സ്ഥാനം ഇതത്രെ: ഞാൻ ഒരു ദൈവദൂതനാണ്. അനിതരസിദ്ധമായ ഒരു ജ്ഞാനമാർഗം എനിക്കു കൈവന്നിരിക്കുന്നു. ദൈവം എന്നോട് സംസാരിക്കുന്നു. അങ്ങനെ ചിലത് ആജ്ഞാപിക്കുകയും ചിലത് നിരോധിക്കുകയും ചെയ്യുന്നു. ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ മുന്നറിയിപ്പുകാരനത്രെ!

മതാചാര്യന്മാർ അവകാശപ്പെടുന്ന ഈ ജ്ഞാനമാർഗത്തെയാണ് വിവിധ ഭാഷകളിൽ വെളിപാട്, ദിവ്യദർശനം, വഹ്‌യ്, റെവലേഷൻ (Revelation) എന്നിങ്ങനെ പല സംജ്ഞകളിൽ വ്യവഹരിക്കുന്നത്. ഈ അസാധാരണ മാർഗത്തിലൂടെ ഉപലബ്ധമാകുന്ന അറിവുകളാണ് അവർ ജനസമക്ഷം സമർപ്പിക്കുന്നത്. ആ അറിവ് പരമാവധി സത്യവും പാവനവും ദൃഢതരവുമാണെന്ന് അവർ അവകാശപ്പെടുന്നു. നിങ്ങൾക്ക് അവരുടെ അവകാശവാദം യഥേഷ്ടം അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. പക്ഷേ, അതിനെ നിങ്ങളുടെ യുക്തിവാദത്തിന്റെ വരുതിക്കുള്ളിൽ ഒതുക്കിനിർത്താൻ ശ്രമിക്കരുത്. അതിന്റെ സാധുതയും അസാധുതയും നിർണയിക്കുന്നതിൽ യുക്തിക്ക് പ്രവേശനമില്ല. അതുകൊണ്ട് വിമർശനാതീതമാണത്. മതാചാര്യന്മാരുടെ ജീവിതചര്യയാണ് ഈ വിഷയത്തിൽ വിധിനിർണായകമായ ഘടകം. സ്വജീവിതത്തിൽ സത്യസന്ധതയും ആത്മാർഥയും വിശ്വസ്തതയും മറ്റു മാനുഷിക സദാചാര മുറകളും കണിശമായും നിഷ്കൃഷ്ടമായും പാലിച്ചുവരുന്ന ഒരു വ്യക്തിയാണ് പ്രസ്തുത അവകാശവാദം ഉന്നയിച്ചതെങ്കിൽ അദ്ദേഹത്തിൽ നമുക്ക് വിശ്വസിക്കാം. അല്ലാത്തപക്ഷം അവിശ്വസിക്കുകയും ചെയ്യാം. മറ്റൊരു വിധം പറഞ്ഞാൽ പ്രവാചകത്വം വാദിക്കുന്ന വ്യക്തി ഒന്നുകിൽ സത്യത്തിന്റെയും ധർമത്തിന്റെയും മൂർത്തീമദ്ഭാവമായിരിക്കും; അല്ലെങ്കിൽ അസത്യത്തിന്റെ പൈശാചകോമരവും. ഇങ്ങനെ രണ്ടിലൊരു വിധത്തിലേ അയാളെ വിലയിരുത്തുവാൻ വയ്ക്കൂ. നേരെ മറിച്ച് ദാർശനികന്മാരുടെ നിലപാട് അങ്ങനെയല്ല. യുക്തിയെ അടിസ്ഥാനപ്പെടുത്തിയാണ് അവർ സംസാരിക്കുന്നത്. അതിനാൽ, അവരുടെ വ്യക്തിത്വം

വിമർശന ദൃഷ്ടിയിൽ പ്രശ്നമല്ല. അവരുടെ വാദം കൊള്ളുകയോ തള്ളുകയോ ചെയ്യുന്നതിൽ അവരുടെ ക്യാരക്ടർ ഒരവശ്യഘടകമായിരിക്കുന്നില്ല. യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ വാദത്തിന്റെ ശരിയും തെറ്റും നമുക്ക് പരിശോധിച്ചു വിലയിരുത്താവുന്നതായിരിക്കും. ഇതാണ് മതാചാര്യന്മാരും ദാർശനികന്മാരും തമ്മിലുള്ള മൗലികമായ അന്തരം.

ദിവ്യവെളിപാട് സിദ്ധിച്ച ആചാര്യനെ പ്രവാചകൻ, ദൈവദൂതൻ, ഋഷി, മഹർഷി, മുനി, മാമുനി, പ്രോപറ്റ് എന്നിങ്ങനെ വിവിധ ഭാഷകളിൽ, വിവിധ സംജ്ഞകളിൽ വ്യവഹരിക്കുന്നു. ഭാഷ എന്തായാലും ആശയം ഒന്നു തന്നെയാണ്. മതാചാര്യന്മാർ എല്ലാ ഓരോ ജനസമുദായത്തിലും ആവിർഭൂതരായിട്ടുണ്ടെന്നാണ് ഖുർആന്റെ അവകാശവാദം. "ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) കഴിഞ്ഞുപോയിട്ടില്ലാത്ത ഒറ്റ സമുദായവുമില്ല"[2] എന്നും, "എല്ലാ ഓരോ ജനസമുദായത്തിനും ദൈവദൂതനുണ്ട്"[3] എന്നും ഖുർആൻ ഉദ്ഘോഷിക്കുന്നു. അതിപ്രാചീന കാലം മുതൽ മഹത്തും ബൃഹത്തുമായ ഒരു സംസ്കാരത്തിന്റെ ഉടമകളായി വർത്തിക്കുന്ന ഭാരതീയരിലും പ്രവാചകൻ, അഥവാ പ്രവാചകന്മാർ നിയുക്തരായിട്ടുണ്ടാവണമെന്ന് തീർച്ചയാണ്. ഭാരതീയരുടെ അവതാരപുരുഷന്മാർ വാസ്തവത്തിൽ പ്രവാചകന്മാർ തന്നെയായിരിക്കാം. അവരുടെ ജീവചരിത്രം യഥാതഥമായി ലഭിക്കായ്കമൂലം, അവരുടെ വ്യക്തിത്വത്തെപ്പറ്റി ഖണ്ഡിതമായി ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ പ്രയാസമുണ്ടെന്നു മാത്രം.

പ്രവാചകൻമാർ പ്രപഞ്ചത്തിന് ഒരു വ്യാഖ്യാനം നൽകിയിട്ടുണ്ട്. പ്രപഞ്ചത്തിന്റെയും പ്രാപഞ്ചിക പ്രതിഭാസങ്ങളുടേയും പിന്നിൽ ബോധവാനും കലാനിപുണനുമായ ഒരു പരമ ശക്തിയുടെ ഇച്ഛയും ആസൂത്രണവും നടന്നിട്ടുണ്ടെന്നും നടക്കുന്നുണ്ടെന്നുമാണ് അവർ ഏകകണ്ഠമായി പ്രസ്താവിക്കുന്നത്. അവനെ ഓരോ മതക്കാർ യഹോവ, അല്ലാഹ്, റഹ്മാൻ, അഹൂരമസ്ദൻ, ബ്രഹ്മം, പരബ്രഹ്മം, പരമാത്മാവ് എന്നിങ്ങനെ വിവിധ നാമങ്ങളിൽ വിളിക്കുന്നുവെന്നേയുള്ളൂ. നാമങ്ങൾ പലതാണെങ്കിലും നാമധാരി ഒന്നാണ്.

ഇതേപ്രകാരം ആ പരാശക്തിയുടെ ഗുണഗണങ്ങളും (Attributes) സവിശേഷതകളും അവർ പഠിപ്പിച്ചിട്ടുണ്ട്. പക്ഷേ, ദൈവഗുണങ്ങളെ വർണിക്കുന്നതിന് വിവിധ രീതികളും ശൈലികളുമാണ് മതങ്ങൾ സ്വീകരിച്ചു കാണുന്നത്. ദൈവികഗുണങ്ങളെ മൊത്തത്തിൽ രണ്ടുതരമായി തിരിക്കാവുന്നതാണ്. ഒന്ന്, രചനാത്മക ഗുണങ്ങൾ (Positive Attributes). മറ്റത്, നിഷേധാത്മക ഗുണങ്ങൾ (Negative Attributes). നിഷേധാത്മക ഗുണങ്ങൾ വർണിക്കുന്നതിൽ മതങ്ങൾക്കിടയിൽ പറയത്തക്ക അന്തരമൊന്നുമില്ല. ദൈവം അരൂപിയും അനാദിയും അനന്തനും മറ്റുമാണെന്ന് എല്ലാ മതങ്ങളും പറയുന്നു. എന്നാൽ, രചനാത്മക ഗുണങ്ങൾ വർണിക്കുമ്പോൾ മതങ്ങൾ വ്യത്യസ്ത ഭാഷാപ്രയോഗങ്ങളും പ്രതിപാദനശൈ

ലികളും ആവിഷ്കാരരീതികളും സ്വീകരിച്ചെന്നുവരാം. ഉദാഹരണമായി തന്റെ അടിമകളോട് അതിരറ്റ കരുണയും വാത്സല്യവുമുള്ളവനാണ് ദൈവം എന്ന അർഥത്തിൽ അവനെ 'പിതാവ്' എന്നോ, 'മാതാവ്' എന്നോ ഒരു മതം വിശേഷിപ്പിച്ചേക്കാം. രൂപകാലങ്കാരപരമായ ചിത്രീകരണം മാത്രമാണ് വാസ്തവത്തിൽ ഈ വിശേഷണം. ദൈവത്തിന് വല്ല സന്തതിയുമുണ്ടെന്നോ ഉണ്ടാകാമെന്നോ അതിനർഥമില്ല. മാതാപിതാക്കൾക്ക് സ്വന്തം മക്കളോടെന്നപോലെ ദൈവത്തിന് തന്റെ സൃഷ്ടിയോടും അളവറ്റ വാൽസല്യമാണുള്ളത് എന്നേ അർഥം കല്പിക്കാവൂ.

ഇതുപോലെ നാനാ ഇടങ്ങളിലും നടക്കുന്ന സംഭവഗതികൾ ഏകാവസരത്തിൽ ദർശിക്കുവാൻ കഴിയുന്നവൻ എന്ന അർഥത്തിൽ ദൈവത്തെ ഒരു മതം 'അറുമുഖൻ' എന്നു വിളിച്ചെന്നു വരാം. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ആറു ഭാഗങ്ങളാണല്ലോ ഉള്ളത്-മേൽ, കീഴ്, മുൻ, പിൻ, വലത്, ഇടത് എന്നീ ഭാഗങ്ങൾ. ഈ ആറു ഭാഗത്തും നടക്കുന്ന സംഭവവികാസങ്ങൾ കണ്ടറിയുന്നതിന് ആറു മുഖങ്ങളുണ്ടായാലെന്നപോലെയാണ് ദൈവത്തിന്റെ അവസ്ഥ എന്നേ പ്രസ്തുത വിശേഷണത്തിനർഥം കല്പിക്കേണ്ടതുള്ളൂ. അല്ലാതെ അവന് ആറു മുഖവും പന്ത്രണ്ടു കണ്ണുമുണ്ടെന്ന് അവിടെ വിവക്ഷയില്ല. ഉണ്ടാകാവുന്നതുമല്ല. ഈ സംഗതി ശരിക്കും ഗ്രഹിക്കാത്തതാണ് ദൈവത്തെ സംബന്ധിച്ച തെറ്റായ ധാരണകൾക്ക് ഒരു പ്രധാന കാരണം.

ചിലപ്പോൾ പ്രസ്തുത ആശയം കലാരൂപത്തിൽ ആവിഷ്കൃതമായെന്നു വന്നേക്കാം. അങ്ങനെ ആറു മുഖമുള്ള ഒരു സത്വത്തെ കലാകാരൻ നിർമിക്കുകയും അതിനെ ദൈവത്തിന്റെ പ്രതീകമായി ചിത്രീകരിക്കുകയും ചെയ്യുന്നു. ഇതിനും മേൽപറഞ്ഞ അർഥമേ കല്പിക്കാവൂ. അല്ലാതെ ദൈവമോ, ദൈവത്തിന്റെ ഒരു അംശമോ പ്രതിമാരൂപത്തിൽ അവതരിച്ചു എന്നു ധരിക്കുന്നത് തെറ്റായിരിക്കും. ചുരുക്കത്തിൽ പ്രപഞ്ചനാഥനായ ഈശ്വരന്റെ രചനാത്മക സവിശേഷതകൾ ആവിഷ്കരിക്കുന്നതിന് വിവിധ മതങ്ങൾ രൂപകാതിശയോക്തിപരമായ വ്യത്യസ്ത രീതികളും കലാരൂപങ്ങളും സ്വീകരിച്ചുകാണുന്നു. എങ്കിലും അവൻ അരൂപിയും അവ്യയനുമാണെന്ന് മിക്കവാറും മതങ്ങൾ സമ്മതിക്കുന്നുണ്ട്. ഭാരതീയ മതവും ഇതിൽനിന്നൊഴിവല്ല.

എന്നാൽ, മതങ്ങളുടെ സുലളിതവും സരളവുമായ പ്രാരംഭദശ പിന്നിട്ട് കുറച്ചുകാലം കഴിയുമ്പോൾ പ്രസ്തുത സങ്കല്പങ്ങളുടെമേൽ തത്വശാസ്ത്രങ്ങളും ദർശനപ്രസ്ഥാനങ്ങളും ഉടലെടുക്കുകയായി. അങ്ങനെ പിതാവും പുത്രനും തമ്മിലുള്ള ബന്ധം നിജപ്പെടുത്തുവാൻ തത്വചിന്തകൻമാർ മുതിരുന്നു; ദൈവത്തിന് ഒരു പ്രത്യേക രൂപവും ഭാവവും കല്പിക്കുന്നു. അതോടെ മതാധ്യാപനങ്ങൾ സങ്കീർണ പ്രശ്നങ്ങളായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. അപ്പോൾ സാമാന്യജനങ്ങൾക്കെന്നല്ല, ഉന്നതശീർഷരായ പണ്ഡിതൻമാർക്കുപോലും ദുർഗ്രഹമായ ഒരു സമസ്യയായിത്തീരും മതം.

സാമാന്യമായി പറഞ്ഞാൽ ഈ അവസ്ഥാന്തരം എല്ലാ മതങ്ങൾക്കും

ബാധകമാണ്. ഒരു ഉദാഹരണത്തിലൂടെ ഇത് മനസ്സിലാക്കാം: ഖുർആനിൽ അല്ലാഹുവിന്റെ രചനാത്മകഗുണങ്ങൾ വർണിച്ചിട്ടുണ്ട്. അന്യാപദേശശൈലിയാണ് അവിടെ സ്വീകരിച്ചിട്ടുള്ളത്. "അല്ലാഹു സിംഹാസനസ്ഥനായി" എന്ന പ്രയോഗം ഒരു ഉദാഹരണം. ആദിയിൽ ആ പ്രയോഗങ്ങളുടെ പൊരുൾ സാമാന്യജനങ്ങൾക്കുപോലും മൊത്തത്തിൽ സുഗ്രഹമായിരുന്നു. നബിയുടെ കാലത്തോ അടുത്ത നൂറ്റാണ്ടിലോ അത്തരം ശൈലികളുടെ അർഥത്തെക്കുറിച്ചു മുസ്‌ലിംകൾക്കിടയിൽ ചർച്ചയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, പിൽക്കാലത്ത് ദൈവഗുണങ്ങളെക്കുറിച്ച വിചിന്തനം ആരംഭിച്ചു. അവയ്ക്ക് നിർവചനങ്ങളും വ്യാഖ്യാനങ്ങളും കണ്ടെത്താനുള്ള വെമ്പലായി. അതിൽനിന്ന് മുസ്‌ലിംലോകത്ത് നിരവധി തത്വശാസ്ത്ര പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. അങ്ങനെ ഒരു വിഭാഗം ദൈവത്തിന്റെ രചനാത്മക ഗുണങ്ങളെത്തന്നെ നിഷേധിച്ചു. വേറൊരു വിഭാഗം ദൈവത്തിന് മനുഷ്യന്റെ രൂപവും വികാരങ്ങളുമെല്ലാമുണ്ടെന്ന് വാദിച്ചു. ഈ സിദ്ധാന്തത്തിനാണ് ഇംഗ്ലീഷിൽ Anthropomorphism എന്നു പറയുന്നത്. പിന്നൊരു വിഭാഗം ദൈവത്തിന് മനുഷ്യസ്വഭാവങ്ങളുണ്ടെന്നു സിദ്ധാന്തിച്ചു. ഈ സിദ്ധാന്തത്തെയാണ് ആംഗ്ലേയർ Anthropophuism എന്നു വിളിക്കുന്നത്. അശ്അരി വിഭാഗമാകട്ടെ തങ്ങൾക്ക് തന്നെ മനസ്സിലാക്കാനാവാത്ത ഒരു നിഗമനത്തിലാണ് എത്തിപ്പെട്ടത്. അവരുടെ ഒരു വക്താവ് പറയുന്നു:

"അല്ലാഹുവിന്റെ ഗുണങ്ങൾ സത്തയുമല്ല, സത്തയിൽനിന്ന് അന്യവുമല്ല."[4]

ഒരു വസ്തു സത്തയോ, അല്ലാത്തതോ ഒന്നുമല്ലെങ്കിൽ പിന്നെ അതില്ല എന്നാകുമല്ലോ അർഥം. ആകയാൽ രണ്ടു മേഖലകളിൽ വിഹരിക്കേണ്ടിയിരുന്ന യുക്തിയും മതവും ഒരേ രംഗത്ത് സ്ഥാനമുറപ്പിച്ചതാണ് പ്രശ്നം അപരിഹാര്യവും സങ്കീർണവുമാക്കിത്തീർത്തത്. സ്വാഭാവികമായും ആസ്തികവാദികൾക്കുപരി നാസ്തികവാദികൾക്കാണ് ഇത്തരം സിദ്ധാന്തങ്ങൾ പ്രയോജകീഭവിക്കുന്നത്. ഇങ്ങനെയുള്ള നിരവധി സിദ്ധാന്തങ്ങളുടെ ചരിത്രഘട്ടങ്ങൾ എല്ലാ മതത്തിനും കഴിഞ്ഞുപോയിട്ടുണ്ട്. ഭാരതത്തിൽ നിരവധി ദാർശനിക പ്രസ്ഥാനങ്ങൾ ഉടലെടുത്തതായി ചരിത്രം ഘോഷിക്കുന്നു. യുക്തിയെ മതത്തിലേക്ക് വലിച്ചിഴച്ചപ്പോഴാണ് അത്തരം വിഭിന്ന പ്രസ്ഥാനങ്ങൾ ഉടലെടുത്തത്. മതം ശാസ്ത്രമല്ല. മതത്തെ ശാസ്ത്രത്തിന്റെ മേഖലയിലേക്ക് വലിച്ചിഴക്കുന്നത് അപകടകരമാണ്. ഡോ എസ്. രാധാകൃഷ്ണൻ എഴുതുന്നു:

"മതം ശാസ്ത്രമല്ല. ശാസ്ത്രത്തിലേക്ക് കടന്നുചെല്ലുന്നത് മതത്തിന് അപകടകരമാണ്. ക്രി. മു. 4004-ൽ ഒരു ദിവസം രാവിലെ ഏതാണ്ട് ഒൻപതു മണിക്ക് ത്രിമൂർത്തിയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നു ബിഷപ്പ് ലൈറ്റ് ഫൂട്ട് (Bishop Light Foot) 1618 ൽ ഒരു പ്രസ്താവന ഇറക്കി. അങ്ങനെ അദ്ദേഹം അനാവശ്യമായി പ്രകൃതിശാസ്ത്രത്തിൽ കടന്നുകൈവച്ചപ്പോൾ വിമർശനത്തെ ക്ഷണിച്ചുവരുത്തുകയാണ് ചെയ്തത്."[5]

ആകയാൽ തത്വശാസ്ത്രത്തിന്റെയും പ്രകൃതിശാസ്ത്രത്തിന്റെയും വേദികളിലേക്ക് മതത്തെ ബലാത്കാരം വലിച്ചിഴക്കുകയെന്നത് മതത്തിന് ദോഷമേ ചെയ്യുന്നുള്ളൂ. പക്ഷേ, എല്ലാ മതസ്ഥരും ഏറക്കുറെ ആ ദോഷം വരുത്തിവെച്ചിട്ടുണ്ട്. അതിനാൽ ഒരു പുരാതന മതത്തിന്റെ അഭൗതിക സങ്കല്പങ്ങൾ ഗ്രഹിക്കുന്നതിന് തത്വശാസ്ത്ര കൃതികൾ വായിക്കുന്നതിലും ഭേദം അതിലെ പ്രാചീനസാഹിത്യങ്ങൾ പരിശോധിക്കുന്നതായിരിക്കും.

## വേദത്തിലെ ദൈവസങ്കല്പം

ഇൻഡോ-ആര്യന്മാർക്ക് ഒരുപാട് പുരാതന മതഗ്രന്ഥങ്ങളുണ്ടെന്നും അക്കൂട്ടത്തിൽ ഏറ്റം പ്രാചീനമായിട്ടുള്ളത് വേദസാഹിത്യമാണെന്നും നാം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. വേദങ്ങളിൽ കൂടുതൽ പ്രാമാണികവും പ്രാചീനവുമായിട്ടുള്ളത് ഋഗ്വേദസംഹിതയത്രെ. ഋഗ്വേദം ഒരു ദാർശനിക ഗ്രന്ഥമല്ല. എങ്കിലും അതാണ് ഹൈന്ദവദർശനങ്ങൾക്കാധാരമായി കണക്കാക്കപ്പെടുന്നത്.

ഋഗ്വേദത്തിലെ ദൈവസങ്കൽപത്തെപ്പറ്റി ആദ്യമായി ആലോചിക്കാം. ആദിയിൽ ഇക്കാണുന്ന ലോകങ്ങളൊന്നും ഉണ്ടായിരുന്നില്ല. എല്ലാം അപ്രത്യക്ഷവും അവ്യക്തവും അവ്യതിരിക്തവുമായിരുന്നു. അനന്തരം പ്രപഞ്ചം പ്രത്യക്ഷീഭവിച്ചു. ഒരു പരാശക്തിയുടെ സൃഷ്ടിയാണ് അത്. ആ പരാശക്തി ആദ്യമേ ഉണ്ടായിരുന്നു. അതാണ് പ്രപഞ്ചത്തിന്റെ മൂലകാരണം. ആ പരാശക്തിയെ വേദം വിശ്വകർമാവ്, ഹിരണ്യഗർഭൻ, പ്രജാപതി എന്നിങ്ങനെ വിളിച്ചിരിക്കുന്നു.

"ഹിരണ്യ ഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാതഃ പതിരേക ആസീത്
സദാധാര പൃഥിവീം, ദ്യാമു തേമാം
കസ്മൈ ദാവായ ഹവിഷാ വിധേമ."[6]

(ഹിരണ്യഗർഭൻ മുമ്പേ ഉണ്ടായിരുന്നു. അവനാണ് സർവ്വ ഭുവനങ്ങളുടേയും അധീശാധിപതി. ആകാശഭൂമികളെ അവൻ ധാരണം ചെയ്തു. സുഖസ്വരൂപനായ അവനെ നാം നമിക്കുക.)

ഈ മന്ത്രത്തിന് ശ്രീ. ദയാനന്ദ സരസ്വതി നല്കിയ ഭാഷ്യം കൂടുതൽ അർഥസ്ഫുടമാണ്:

"സൃഷ്ടിക്കു മുമ്പ് തേജോമയങ്ങളായ സൂര്യാദി സകല ലോകങ്ങളുടേയും ഉത്പത്തിസ്ഥാനവും ആധാരവുമായിരുന്നത് ഏതൊന്നോ, ഇതിന് മുമ്പുണ്ടായിട്ടുള്ളതും ഇനി ഉണ്ടാകുന്നതുമായ സകല പദാർഥങ്ങളുടേയും ത്രികാലത്തിലെ സ്വാമി ഏതൊന്നോ, അതു സർവ്വലോകങ്ങളേയും നിർമ്മിച്ചു രക്ഷിച്ചുകൊണ്ടിരിക്കുന്നു. സുഖസ്വരൂപനായ ആ പരമാത്മാവിനെ ഞങ്ങൾ ഭക്തിപൂർവം നമിക്കുന്നു."[7]

ഇതേ സംഗതി യജുർവേദത്തിലും വിവരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്:

"കിം സ്വിദാസീദധിഷ്ഠാനമാരംഭണം കതമത്സ്വിത് കഥാസീത്
യതോ ഭൂമീംജനയന്വിശ്വകർമ്മാ വി ദ്യാമൗർണോൻ മഹിനാ
വിശ്വ ച
ക്ഷാകഃ"[8]

(ഈ സൃഷ്ടിയുടെ അധിഷ്ഠാനം ഏതൊന്നായിരുന്നു? ലോകാരംഭത്തിൽ ഈ സൃഷ്ടിയുടെ ഉപാദാന കാരണം എന്തായിരുന്നു? അതെങ്ങനെയായിരുന്നു? ഈ വിശാലസൃഷ്ടിയെ ജനിപ്പിച്ച, വിശ്വകർമാവായ പ്രജാപതി ഭൂമിയേയും അന്തരീക്ഷാദികളേയും രചിച്ച് അവയെയെല്ലാം സ്വന്തം ശക്തിയിൽ പൊതിഞ്ഞുവച്ചിരിക്കുന്നു.)[9]

ഋഗ്വേദത്തിലെ 'സൃഷ്ടിഗീതം' അഥവാ 'നാസദീയ സൂക്തം' പ്രസ്തുത ആദർശത്തെ കൂടുതൽ വ്യക്തമാക്കുന്നു:

"നാസദാസീന്നോ സദാസീത്തദാനീം
നാസീദ്രജോ നോ വ്യോമാ പരോയത്
കിമാവരീവഃ കുഹ കസ്യ ശർമ്മ-
ന്നംഭഃ കിമാസീദ് ഗഹനം ഗഭീരം. 1
ന മൃത്യുരാസീദമൃതം ന തർഹി
ന രാത്ര്യാ അഹ്ന ആസീത് പ്രകേതഃ
ആനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്ന പരഃ കിംചനാസ. 2
തമ ആസീത്തമസാ ഗൂള്ഹമഗ്രേ f
പ്രകേതം സലിലം സർവ്വമാ ഇദം
തുച്ഛ്യേനാഭ്വപിഹിതം യദാസീ-
ത്തപസസ്തന്മഹിനാ ജായതൈകം. 3
കാമസ്തദഗ്രേ സമവർത്തതാധി
മനസോ രേതഃ പ്രഥമം യദാസീത്
സതോബന്ധുമസതി നിർവിന്ദൻ-
ഹൃദി പ്രതീഷ്യാ കവയോ മനീഷാ. 4
തിരശ്ചീനോ വിതതോ രശ്മിരേഷാ
മധഃ സ്വിദാസീദുപരി സ്വിദാസീത്
രേതോധാ ആസന്മഹിമാന ആസന്ത്-
സ്വധാ അവസ്താത് പ്രയതിഃ പരസ്താത്. 5
കോ അദ്ധാ വേദ ക ഇഹ പ്രവോചത്
കുത ആജാതാ കുത ഇയം വിസൃഷ്ടിഃ
അർവ്വാഗ്ദേവാ അസ്യ വിസർജ്ജനേനാ-
ഥാ കോ വേദയത ആബഭൂവ. 6
ഇയം വിസൃഷ്ടിര്യത ആബഭൂവ

തദി വാ ദധേ യദി വാ ന
യോ അസ്യാധ്യക്ഷഃ പരമേ വ്യോമന്ത്
സോ അംഗ വേദ യദി വാ ന വേദ."[10] 7

(1. അപ്പോൾ അസത്തും സത്തുമില്ലായിരുന്നു, വായുമണ്ഡലം ഇല്ല; അതിനുപരി ഗഗനവുമില്ല. എന്തൊന്നാണ് അത്? എവിടെയാണ് അത് മൂടിക്കിടന്നത്? ഏതൊന്നാണ് രക്ഷനൽകിയത്? അവിടെ അംഭസ്സുണ്ടായിരുന്നുവോ - ഗഹനവും ഗംഭീരവുമായ ജലപ്പരപ്പ്?

2. മരണം അന്നില്ലായിരുന്നു. അമരമായിട്ടുള്ളതും ഇല്ല. ദിനരാത്ര വ്യത്യാസം കുറിക്കുന്നതുമില്ല. ശ്വാസമില്ലാതെ അത് (ബ്രഹ്മം) സ്വമേധയാ ശ്വസിച്ചു. അല്ലാതെ യാതൊന്നും ഉണ്ടായിരുന്നില്ല.

3. ഇരുട്ടുണ്ടായിരുന്നു. ഈ പ്രകൃതി ആദിയിൽ ഇരുളിൽ മറഞ്ഞ്, അവ്യക്തവും അമൂർത്തവുമായി കിടന്നു. ശൂന്യതയിൽ അത് മൂടപ്പെട്ടിരുന്നു. ആ ഒന്ന് (ജീവാത്മാവ്) ഊഷ്മാവിന്റെ മഹാ ശക്തിയാൽ സംജാതമായി.

4. ഒന്നാമതായി ഇച്ഛയുണ്ടായി, മാനസിക ചൈതന്യത്തിന്റെ പ്രഥമ ബീജമായ ഇച്ഛ. കവികൾ (ഋഷിമാർ) തങ്ങളുടെ ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ബുദ്ധികൊണ്ട് അസത്തിന് സത്തുമായുള്ള ബന്ധം ആരാഞ്ഞറിഞ്ഞു.

5. അവയുടെ (ബ്രഹ്മം, ജീവാത്മാവ്, പ്രകൃതി എന്നിവയുടെ) വിഭജനരേഖകൾ വിലങ്ങനെ വർത്തിക്കുന്നു. താഴെയെന്താണ്? മേലെയെന്താണ്? ബീജവാഹിനികളും വൻപിച്ച ശക്തികളുമുണ്ടായിരുന്നു. ഒരു ഭാഗത്ത് സ്വതന്ത്രകർമ്മവും മറുഭാഗത്ത് ഇച്ഛാശക്തിയും!

6. ഈ ആശ്ചര്യ സൃഷ്ടി എവിടെനിന്നുണ്ടായി, എവിടെനിന്നു വരുന്നു എന്നു സത്യമായി ആർ അറിയുന്നു; ആർക്കു പറയാൻ കഴിയും? ഇതിന്റെ ഉത്പത്തിക്കുശേഷമാണ് ദേവന്മാരുണ്ടായത്. അപ്പോൾ ആർക്കറിയാം, ഏതിൽ നിന്നാണ് ഇതുണ്ടായതെന്ന്?

7. യാതൊരുവനാൽ ഈ വിചിത്ര സൃഷ്ടി സംജാതമായോ, അവൻ അതുണ്ടാക്കിയതോ, അല്ലയോ? സർവോന്നതമായ ലോകത്ത് സ്ഥിതി ചെയ്യുന്ന സർവോന്നതനായ ജ്ഞാനിക്കു മാത്രം അത് അറിയാം; അല്ലെങ്കിൽ അറിയാതിരിക്കാം.)

## സൃഷ്ടിസങ്കൽപം

മേൽ സൂക്തത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങളെയാണ് വർണ്ണിച്ചിട്ടുള്ളതെന്ന് ഭാഷ്യകാരന്മാർ പ്രസ്താവിക്കുന്നു: (1) പരബ്രഹ്മം, (2) ജീവാത്മാവ്. (3) അവ്യക്തപ്രകൃതി. ആദിയിൽ പരബ്രഹ്മം അഥവാ ഈശ്വരൻ അല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. "ആനീതവാതം സ്വധയാ തദേകം" (ആ ഒന്ന് പ്രാണവായുപോലുമില്ലാതെ സ്വമേധയാ ശ്വസിച്ചു) എന്നു പറഞ്ഞത് ഈശ്വരനെപ്പറ്റിയാണ്. ഈശ്വരൻ മാത്രമാണ് ആദിയിൽ നിലകൊണ്ടിരുന്നത്. മറ്റൊന്നും ഉണ്ടായിരുന്നില്ല. ജീവാത്മാ

വിനെപ്പറ്റി പറയുന്നു, 'രേതോധാ ആസീത്.' അതായത് വീര്യത്തെ, ചൈതന്യത്തെ വഹിക്കുന്ന അത് ഉണ്ടായിരുന്നു എന്ന്. പ്രപഞ്ചത്തെപ്പറ്റി പറയുന്നു: 'അപ്രകേതം, സലിലം ഇദം സർവ്വം.' അതായത്, പ്രപഞ്ചമെല്ലാം അജ്ഞാതവും അമൂർത്തവും അവ്യക്തവുമായിരുന്നു എന്ന്. ചുരുക്കത്തിൽ സൃഷ്ടിക്കു മുമ്പ് ഈശ്വരൻ മാത്രമാണുണ്ടായിരുന്നതെന്നത്രെ ഋഗ്വേദത്തിന്റെ അധ്യാപനം. ഇസ്‌ലാം, ജൂതമതം, ക്രൈസ്തവമതം മുതലായ മതങ്ങളും അതുതന്നെയാണ് പഠിപ്പിക്കുന്നത്.

ദൈവം പ്രപഞ്ചസൃഷ്ടി ഇച്ഛിച്ചു. ഇവിടം മുതലാണ് സൃഷ്ടിപ്രക്രിയ ആരംഭിച്ചത്. അങ്ങനെ ജീവാത്മാവും പ്രകൃതിയും അവനാൽ നിലവിൽവന്നു. എന്നാൽ ജീവാത്മാവിന്റെ കാര്യം വേദം ഖണ്ഡിച്ചു പറയുന്നില്ല. ദൈവം അതു സൃഷ്ടിച്ചതോ, അല്ലേ എന്നു ചോദിച്ചു വിടുകയാണ് ചെയ്തിരിക്കുന്നത്. ഇസ്‌ലാം മതപ്രവാചകനും ആത്മാവിനെപ്പറ്റി ചോദ്യം വന്നപ്പോൾ ഏതാണ്ട് ഇതേ നയം തന്നെയാണ് സ്വീകരിച്ചത്. അദ്ദേഹം വ്യക്തമായി ഒന്നും പറയുകയുണ്ടായില്ല. ഖുർആൻ പറയുന്നതു നോക്കുക:

"അവർ താങ്കളോട് ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ റബ്ബിന്റെ കാര്യമാണ്. നിങ്ങൾക്ക് അല്പമായ അറിവു മാത്രമേ നൽകപ്പെട്ടിട്ടുള്ളൂ."[11]

ഇത്രയും പറഞ്ഞതിൽനിന്ന് ലോകോത്പത്തിയെസ്സംബന്ധിച്ച പ്രധാന മതങ്ങളുടെയെല്ലാം സങ്കല്പം ഏതാണ്ട് ഒന്നുതന്നെയാണെന്ന് വ്യക്തമായല്ലോ. ഇതിനെപ്പറ്റി രാധാകൃഷ്ണൻ എഴുതുന്നു:

"പ്രപഞ്ചം സ്വയം പൂർണമല്ലെന്നും അത് അതീതമായ ഒരു ചൈതന്യത്തെ ആശ്രയിച്ചു നിലകൊള്ളുന്നുവെന്നുമാണ് മതഗ്രന്ഥങ്ങളിലെ പ്രതിരൂപവാക്യങ്ങളുടെ വിവക്ഷ. പ്രപഞ്ചം സ്വയം പര്യാപ്തമല്ല; അതിന്റെ ഉത്ഭവം അതിസൂക്ഷ്മമായ ഒരു രഹസ്യമാണ്. അത് വിശദമാക്കുവാൻ അതിന് പിന്നിൽ അതിമഹത്തായ ബുദ്ധിശക്തിയും ഉദ്ദേശ്യവുമുണ്ടെന്ന നിഗമനം കൂടിയേ തീരൂ."[12]

പ്രപഞ്ചത്തിന് ഒരു കർത്താവില്ലെന്ന അടിസ്ഥാനത്തിലുള്ള പ്രകൃതിശാസ്ത്രത്തിന്റെ വിശകലനം സാമാന്യ മനസ്സിനെ തൃപ്തിപ്പെടുത്തുകയില്ല. ഈ വസ്തുത ഗ്രീക്ക് സാഹിത്യകാരനായ അരിസ്റ്റോഫെയിന്റ് തന്റെ The Clouds എന്ന നാടകത്തിൽ സൂചിപ്പിച്ചതായി രാധാകൃഷ്ണൻ ഉദ്ധരിക്കുന്നു:

"സ്ട്രെപ്സിയഡിസ് എന്ന ഒരു വൃദ്ധൻ സോക്രട്ടീസിനോടു ചോദിക്കുന്നു: 'മഴ പെയ്യിക്കുന്നതാരാണ്? ഇടി മുഴക്കുന്നതാരാണ്?' ആ തത്വജ്ഞാനിയുടെ മറുപടി: 'അതെല്ലാം ചെയ്യുന്നത് സിയസ് ദേവനല്ല, മേഘങ്ങളാണ്.' വൃദ്ധൻ വീണ്ടും ചോദിക്കുന്നു: 'മേഘങ്ങളെ അടിച്ചു പറപ്പിക്കാൻ സിയസിനല്ലാതെ ആർക്കു കഴിയും?' സോക്രട്ടീസ്: 'അങ്ങനെയല്ല. അതു വായുമണ്ഡലത്തിലെ ഒരു ചുഴലിയാണ്.' 'ചുഴലിയോ? സിയസ് മരിച്ചതും മകൻ ചുഴലി ആ സ്ഥാനത്ത് ഭരണം തുടങ്ങിയതും

ഞാൻ അറിഞ്ഞില്ല' എന്നു വൃദ്ധൻ തന്നത്താൻ പറഞ്ഞു."[13]

ചുഴലിക്കാറ്റ് പ്രജ്ഞയുള്ള ഒരു സത്വമാണെന്നു ധരിച്ച്, ആ വൃദ്ധൻ സംതൃപ്തിയടഞ്ഞു. പ്രജ്ഞയുള്ള ഒരു സത്വത്തിനല്ലാതെ ഈ പ്രവിശാലമായ പ്രപഞ്ചത്തെ നിയന്ത്രിക്കാനാവുകയില്ല എന്നാണ് സാമാന്യബുദ്ധി സിദ്ധാന്തിക്കുന്നത്. മനുഷ്യന്റെ നൈസർഗിക ബോധമാണ് അത്. അതിനെ അവഗണിച്ചു പ്രാപഞ്ചിക പ്രതിഭാസങ്ങൾക്ക് യുക്തിപരമായ വ്യാഖ്യാനങ്ങൾ നൽകാൻ പുറപ്പെട്ടാൽ എവിടേയും എത്തുകയില്ല. പ്രഗത്ഭ ശാസ്ത്രകാരനായ സർ ജേംസ് ജീൻസി (Sir James Jeans) നെ ഉദ്ധരിച്ചു രാധാകൃഷ്ണൻ എഴുതുന്നു:

"ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ പ്രപഞ്ചം ഒരു കൂറ്റൻ യന്ത്രമല്ല, ഒരു ബൃഹത്സങ്കല്പമാണ്. അതിന്റെ കർത്താവ് ഒരു യാന്ത്രികനല്ല, ഗണിതശാസ്ത്രജ്ഞനാണ്. എല്ലാറ്റിന്റെയും പിന്നിൽ ഒരു മഹത്തായ മനസ്സുള്ളതായി തോന്നുന്നു."[14]

അതായത്, ബോധമോ അറിവോ ഇല്ലാത്ത ഒരു യാന്ത്രിക ശക്തിക്ക് പ്രപഞ്ചത്തെ കൊണ്ടു നടത്താനാവില്ല. "ആദിയിൽ വചനമുണ്ടായിരുന്നു... വചനം ദൈവമായിരുന്നു" എന്നു യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നു.[15] ചുരുക്കത്തിൽ ആദിയിൽ ഏകദൈവമാണുണ്ടായിരുന്നത് എന്ന ആശയം എല്ലാ പ്രധാന മതങ്ങളും ആവിഷ്കരിക്കുന്നുണ്ട്.

സൃഷ്ടിയുടെ ആരംഭത്തെപ്പറ്റി "അപ്രകേതം സലിലം ഇദം സർവ്വം" എന്നാണ് ഋഗ്വേദം പറയുന്നത്. അതായത്, പ്രപഞ്ചമഖിലം അവ്യക്തവും വ്യാമിശ്രവും അരൂപവും ശൂന്യവും അന്ധകാരമയവും അജ്ഞാതവുമായിരുന്നു. ഇതേ ആശയമാണ് ഉത്പത്തിയും പ്രകാശിപ്പിച്ചിട്ടുള്ളത്: "ഭൂമി പാഴായും ശൂന്യമായും ഇരുന്നു."[16] ഖുർആനിലും ഇതിനോടടുത്ത ഒരു ശൈലിതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്: "ആകാശഭൂമികൾ അവിച്ഛിന്നമായിരുന്നു. അനന്തരം അവയെ നാം വിച്ഛേദിച്ചു എന്നുള്ള സംഗതി അവിശ്വസിച്ചവർ കണ്ടില്ലയോ?"[17] ആദിയിൽ പ്രപഞ്ചം അവ്യതിരിക്തവും ശൂന്യവുമായിരുന്നുവെന്നും അനന്തരം അതിനെ രൂപപ്പെടുത്തി ഉണ്മയിലേക്ക് വരുത്തിയത് ഈശ്വരനാണെന്നുമത്രെ പ്രസ്തുത വചനങ്ങളുടെയെല്ലാം താൽപര്യം.

## സൃഷ്ടിക്രമം

എങ്ങനെയാണ് സൃഷ്ടിയുണ്ടായത്? ഈ പ്രശ്നത്തിന് ഉത്തരം നല്കുന്നതിൽ ബൈബിളും ഹൈന്ദവസാഹിത്യങ്ങളും ഖുർആനുമെല്ലാം യോജിച്ചു കാണുന്നു. ജലമാണ് മൂലപദാർഥമെന്നാണ് അവ പ്രസ്താവിക്കുന്നത്. ആ പ്രസ്താവം വിവിധ പ്രയോഗശൈലികളിലാണെന്നുമാത്രം. ബൈബിൾ പറയുന്നു: "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു."[18] കേംബ്രിഡ്ജ് ബൈബിൾ ഇങ്ങനെയാണ് ഈ വചനം വിവർത്തനം ചെയ്തിട്ടുള്ളത്: "ദൈവചൈതന്യം ജലപ്പരപ്പിനു മുകളിൽ സഞ്ചരിച്ചു."[19] ഭാരതീയ മതകൃതികൾ സ്വീകരിച്ച ശൈലി ഇപ്രകാരമാണ്: "അതിന് മുമ്പ് യാതൊരു വസ്തുവുമുണ്ടായിരുന്നില്ല. ജീവശൂന്യമായിരുന്നു സർവ്വത്ര.... അത് (ബ്രഹ്മം) ആത്മയുക്തമായി,

സശരീരിയായിത്തീരണമെന്നു നിശ്ചയിച്ചു. അത് ഇച്ഛിച്ചു. പ്രസ്തുത ഇച്ഛയിൽനിന്നു ജലമുണ്ടായി. ജലത്തിന്റെ കമാനാകൃതി വലുതായിവന്നു. അങ്ങനെ ഭൂമിയുണ്ടായി.''[20] ഖുർആൻ ഈ ആശയം പ്രകാശിപ്പിച്ച ശൈലി കാണുക:

"അവന്റെ സിംഹാസനം ജലത്തിന് മീതെയായിരുന്നു."[21] അതായത്, ആദിയിൽ ജലമാണുണ്ടായത്. അതിനാൽ അപ്പോൾ ദൈവാധിപത്യം ജലത്തിന്മേൽ മാത്രമാണ് നടന്നിരുന്നത്.

പ്രപഞ്ചത്തിന്റെ ഉത്പത്തി ജലത്തിൽനിന്നാണെന്ന് മേൽ വാക്യങ്ങൾ ഒരുപോലെ അവകാശപ്പെടുന്നു. ജീവജാലങ്ങളുടെ ഉത്പത്തിയെപ്പറ്റി ഖുർആൻ പറയുന്നു:

"ജീവനുള്ള എല്ലാ ഓരോ വസ്തുവിനെയും ജലത്തിൽനിന്നാണ് നാം ഉണ്ടാക്കിയിട്ടുള്ളത്. അവർ ഇനിയും വിശ്വസിക്കില്ലയോ?"[22]

ചുരുക്കിപ്പറഞ്ഞാൽ ദൈവസങ്കല്പത്തിലെന്നപോലെത്തന്നെ സൃഷ്ടിക്രമത്തിന്റെ വിവരണത്തിലും നിലവിലുള്ള മിക്കമതങ്ങളും യോജിക്കുന്നുണ്ട്. ഈ വിവരണത്തിൽ ഓരോ മതഗ്രന്ഥവും രൂപകാതിശയോക്തിപരമായ പ്രയോഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്നു മാത്രം. ഹൈന്ദവസാഹിത്യകൃതികളിൽ ചിലപ്പോൾ മറ്റൊരു ശൈലി സ്വീകരിച്ചതായി കാണാം: "ഈശ്വരചൈതന്യം അടയിരുന്നു." ഇതും മേൽപ്രസ്താവിച്ച തത്വത്തിൽനിന്ന് ഭിന്നമല്ല. സാരാംശത്തിൽ ഒന്നു തന്നെയാണ്. രാധാകൃഷ്ണൻ എഴുതുന്നു:

"ഇതിന്റെത്തന്നെ മറ്റൊരു രൂപമാണ് 'ജലത്തിനു മീതെ അടയിരുന്നു' എന്നു പറയുന്നത്. 'ഉപയോഗരഹിതവും ശൂന്യവുമായ ഒന്നിൽ ഈശ്വരചൈതന്യം അടയിരുന്നു, പ്രകാശത്തേയും ജീവനേയും സൃഷ്ടിച്ചു.' അടയിരിക്കുക എന്ന പ്രതീകം പ്രപഞ്ചസൃഷ്ടിയെപ്പറ്റിയുള്ള ഐതിഹ്യത്തിൽനിന്ന് എടുത്തതാണ്. അതിൽ ലോകത്തെ ഒരു അണ്ഡത്തിനോടും ദൈവത്തെ അതിന്മേൽ അടയിരിക്കുന്ന പക്ഷിയോടും ഉപമിച്ചിരിക്കുന്നു. ഈശ്വരന്റെ താപനശക്തിയാണ് ജീവന്റെയും വെളിച്ചത്തിന്റെയും ഉത്പത്തിക്കു കാരണം. ഉപനിഷത്തുകളിലും ദൈവം ബ്രഹ്മാണ്ഡത്തിന് മീതെ അടയിരുന്നു എന്ന രൂപകാലങ്കാരം കാണാം."[23]

ഇത്രയും വിവരിച്ചതിൽനിന്ന് ദൈവസങ്കൽപത്തിലും സൃഷ്ടിക്രമവിവരണത്തിലും ഹൈന്ദവ, ക്രൈസ്തവ, ജൂത, ഇസ്‌ലാം മതങ്ങൾ വളരെ അടുത്തു നിൽക്കുന്നുവെന്ന് വ്യക്തമായല്ലോ. ഇതു യാദൃച്ഛികമാണെന്നു പറഞ്ഞുകൂടാ.

### കുറിപ്പുകൾ

1. മതം പൗരസ്ത്യ-പാശ്ചാത്യ രാജ്യങ്ങളിൽ (വിവർത്തക): അമ്പാടി ഇക്കാവമ്മ, പേ. 91, 92
2. ഖുർആൻ 35: 24
3. Ibid 10: 47
4. ബദ്ഉൽ അമാലി

5. മതം പൗരസ്ത്യ- പാശ്ചാത്യരാജ്യങ്ങളിൽ പേ. 91
6. ഋഗ്വേദം മ. 10, സൂ. 121, ഋ. 1
7. ഋഗ്വേദാദി ഭാഷ്യഭൂമിക- വിവർത്തനം, വേദപര്യടനം by നരേന്ദ്രഭൂഷൻ പേ. 53
8. യജുർവേദം അധ്യായം 17, മന്ത്രം 18
9. വേദപര്യടനം പേ. 86
10. ഋഗ്വേദം മ. 10, സൂ. 129
11. ഖുർആൻ 17: 85
12. മതം പൗരസ്ത്യ-പാശ്ചാത്യരാജ്യങ്ങളിൽ പേ. 92, 93
13. Ibid P. 93
14. Ibid P. 94
15. യോഹന്നാൻ 1: 1
16. ഉത്പത്തി 1:1 നോക്കുക.
17. ഖുർആൻ 21: 30
18. ഉത്പത്തി 1: 2
19. Genesis-Cambridge Bible for Schools & Colleges
20. ബൃഹദാരണ്യകോപനിഷത്ത് അധ്യായം 1, ബ്രാഹ്മണം 2, മന്ത്രം 1
21. ഖുർആൻ 11: 7
22. Ibid 21: 30
23. മതം പൗരസ്ത്യ- പാശ്ചാത്യ രാജ്യങ്ങളിൽ പേ. 94, 95

## അധ്യായം ഇരുപത്തിനാല്

# മതവും യുക്തിചിന്തയും

യുക്തിയുടെയും മതത്തിന്റെയും വിഹാരസാമ്രാജ്യങ്ങൾ വാസ്തവത്തിൽ രണ്ടാണെങ്കിലും മതം യുക്തി വിരുദ്ധമാണെന്ന് അതിനർഥമില്ല. മതം യുക്തിബോധത്തിനോ, ശാസ്ത്രത്തിനോ ഒരിക്കലും എതിരല്ല. ചിലപ്പോൾ മതതത്വങ്ങൾ വിശദീകരിക്കുന്നതിനു പോലും യുക്തിചിന്ത ആവശ്യമായി വരുമെന്ന വസ്തുത നാം പ്രത്യേകം ഗൗനിക്കേണ്ടതാണ്.

ഭൗതിക ശാസ്ത്രസിദ്ധികളിൽ ഏറ്റവും മഹത്തും ആധുനികവുമായ ഒന്നാണല്ലോ ഗോളാന്തര യാത്ര. 1969-ാമാണ്ടിലാണ് മനുഷ്യന്റെ ചിരകാലസ്വപ്നമായിരുന്ന ആ ലക്ഷ്യം സാക്ഷാൽക്കരിച്ചത്. ചാന്ദ്രയാത്രികരായ ശാസ്ത്രജ്ഞൻമാർ ദൈവനിഷേധികളോ മതനിഷേധികളോ അല്ലായിരുന്നു. മറിച്ച്, ദൈവഭക്തൻമാരായിരുന്നു. അപ്പോളോ പന്ത്രണ്ടിലെ ചാന്ദ്രിക യാത്രക്കാർ യാത്ര ആരംഭിക്കുന്നതിനു മുമ്പെ ദൈവത്തെ പ്രാർഥിച്ചു. കമാണ്ടർ ഫ്രാങ്ക്ബാർമൻ ലോകജനതക്ക് സാർവത്രികമായ സമാധാനം ആശംസിച്ചുകൊണ്ട് ക്രിസ്മസ് ആഘോഷിച്ചു. അദ്ദേഹം പ്രാർഥിച്ചു.

“ദൈവമേ, മനുഷ്യന് എന്തൊക്കെ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ലോകത്തിൽ സ്നേഹം കാണാനുള്ള കാഴ്ച ഞങ്ങൾക്കു നൽകേണമേ! ഞങ്ങൾ അജ്ഞൻമാരും ദുർബലന്മാരുമാണെങ്കിലും, നിന്റെ മഹ

ത്വത്തിലും നൻമയിലും വിശ്വസിപ്പാനുള്ള ശക്തി ഞങ്ങൾക്ക് പ്രദാനം ചെയ്താലും! സാർവ്വത്രികമായ സമാധാനത്തിന്റെ ദിനം കൈവരുന്നതിന് ഞങ്ങൾക്കു എന്തുചെയ്യാൻ കഴിയുമെന്ന് കാണിച്ചു തരേണമേ!"[1]

അപ്പോളോ യാത്രികനായ എഡ്വിൻ ആൾഡ്രിൻ ചന്ദ്രനോടടുത്തപ്പോൾ ദൈവത്തെ പ്രാർഥിച്ചതായി അദ്ദേഹം തന്നെ ലോകത്തെ അറിയിക്കുകയുണ്ടായി.[2] ഈശ്വരവിശ്വാസവും ശാസ്ത്രമനസ്സും തമ്മിൽ ശത്രുത്വമില്ലെന്നാണ് ഇതു തെളിയിക്കുന്നത്. എന്നാൽ ഈശ്വരനേയും മതത്തേയും നിഷേധിക്കുന്ന പ്രവണതയാണ് ഇന്നത്തെ യുക്തിവാദികളിൽ പൊതുവേ നാം കാണുന്നത്. യുക്തിബോധത്തിന്റെയും ശാസ്ത്രീയവിജ്ഞാനത്തിന്റെയും അനിവാര്യ താത്പര്യമാണതെന്ന് തോന്നും, അവരുടെ ഈ നിലപാടു കാണുമ്പോൾ. ഇതേപ്പറ്റി സ്വല്പം ആലോചിക്കുന്നത് ഇവിടെ അസംഗതമാവില്ലെന്നു തോന്നുന്നു.

## മനഃശാസ്ത്ര വിദഗ്ധൻമാരുടെ നിഗമനം

പത്തൊമ്പതാം ശതകത്തിലും ഇരുപതാം ശതകത്തിന്റെ ആരംഭത്തിലും മനഃശാസ്ത്രകാരൻമാരിൽ പലരും മതത്തെ പറ്റെ തള്ളിക്കളഞ്ഞിരുന്നു. 1856-1939 കാലത്ത് ജീവിച്ച സിഗ്മണ്ട് ഫ്രോയ്ഡ് മതത്തെ ഒരു മിഥ്യാസങ്കൽപമായും ബാലചാപല്യമായുമാണ് വീക്ഷിച്ചിരുന്നത്. ഈ മാർഗത്തിൽ ആധുനികശാസ്ത്രകാരൻമാർ കുറേ ദൂരം സഞ്ചരിച്ചു. എന്നാൽ, ആ വീക്ഷണം ശരിയല്ലെന്നും മതം മനുഷ്യന് അത്യന്താപേക്ഷിതമാണെന്നുമാണ് അത്യാധുനിക മനസ്തത്വവിദഗ്ധൻമാരുടെ മതം. ഇരുപതാം നൂറ്റാണ്ടിലെ ഒരു പ്രമുഖ മനഃശാസ്ത്രപണ്ഡിതനായി ഗണിക്കപ്പെടുന്ന യുങ്ങി (Jung)ന്റെ നിഗമനം കാണുക:

"സ്വാഭാവികമായ ഒരു മതാത്മകഘടകം മനുഷ്യൻ ഉൾക്കൊള്ളുന്നു. അവന്റെ മാനസികാരോഗ്യവും ചിത്തസ്ഥിരതയും- മറ്റു പ്രവണതകളെപ്പോലെത്തന്നെ ആ മതാത്മകചോദനകളെ പ്രകാശിപ്പിക്കുന്നതുകൊണ്ടേ നിലനിർത്താനാവുകയുള്ളൂ. മതത്തെ മിഥ്യാസങ്കല്പമായും, യാഥാർഥ്യത്തിൽനിന്നുള്ള ഒളിച്ചോട്ടമായും, ബാലചാപല്യമായും വീക്ഷിക്കുന്നതിന് വിരുദ്ധമായ ഒരു നിലപാടത്രെ ഇത്. നമ്മുടെ ചരിത്രത്തിൽ മതങ്ങൾ വഹിച്ചിട്ടുള്ള പങ്കും ഉണർത്തിവിട്ട വികാരോർജവും കലാസൃഷ്ടികൾക്കും വിജ്ഞാനങ്ങൾക്കും ആതുരശുശ്രൂഷക്കും സൗധ നിർമാണത്തിനും അവ നല്കിയ ഭീമമായ ശക്തിയും മനസ്സിലാക്കാതെയായിരുന്നു പ്രസ്തുത വീക്ഷണം. എങ്കിലും അതിനു വലുതായ വ്യാപകത്വം ലഭിച്ചിട്ടുണ്ട്." [3]

യുക്തിബോധത്തിന് വിരുദ്ധമല്ലെങ്കിലും അതിനതീതമായ ഒന്നാണ് മതം എന്നു യുങ്ങ് സമർഥിക്കുന്നു. എന്നാൽ മതബോധത്തിന് പ്രധാനമായും ആധാരമായി വർത്തിക്കുന്നത് അന്തഃകരണാനുഭൂതിയത്രെ. ഇതിനാണ് ശാസ്ത്രജ്ഞൻമാർ Intuition എന്നു പറയുന്നത്. മതത്തിലും ദൈവത്തിലും വിശ്വസിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് പ്രസ്തുത അന്തശ്ചോദനമാകുന്നു. യുക്തിയേക്കാൾ ആശ്രയിക്കാൻ പറ്റിയതാണ് അന്തഃകരണാനുഭൂതി. എന്തുകൊണ്ടെന്നാൽ യുക്തിയിൽ ബോധമനസ്സിന്റെ പ്രവർത്തനം മാത്രമേയുള്ളൂ. അന്തഃക

രണത്തിലാവട്ടെ, ബോധമനസ്സിനോടൊപ്പം, യുഗാന്തരങ്ങളായി മനുഷ്യൻ സമാഹരിച്ചു വന്ന ജ്ഞാനവിജ്ഞാനങ്ങളുടെ ഭണ്ഡാകാരമായ അബോധമനസ്സിന്റെ പ്രവർത്തനം കൂടിയുണ്ട്. മതപരമായ എല്ലാറ്റിന്റെയും സാധുത്വത്തിന് നിദാനം കുറേയൊക്കെ പ്രസ്തുത അന്തഃകരണാനുഭൂതിയാകുന്നു. പഞ്ചേന്ദ്രിയങ്ങളുടെ നിവേദനങ്ങളാണല്ലോ യുക്തിക്കാസ്പദം. അന്തഃകരണാനുഭൂതിക്ക് മറ്റൊരു ഇന്ദ്രിയത്തിന്റെ- അബോധമനസ്സിന്റെ -കൂടി പിൻബലം ലഭിക്കുന്നു. “മതവും ഈശ്വരനും ഏതു മുതിർന്ന മനുഷ്യന്നും ശാസ്ത്രജ്ഞന്നും അനിവാര്യമായിത്തീരുന്ന സന്ദർഭമുണ്ടാവും. മതം മരിക്കുകയില്ല; ഈശ്വരൻ പുറം തള്ളപ്പെടുകയുമില്ല.”[4]

## ശാസ്ത്രത്തിന്റെ പരിമിതി

മനുഷ്യവിജ്ഞാനത്തിന്റെ എല്ലാമാണ് ശാസ്ത്രമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ ആ ധാരണ അബദ്ധമാണെന്ന് പറയാതെ തരമില്ല. ശാസ്ത്രരീതിക്ക് ഒരു പരിധിയുണ്ട്. തികച്ചും പരിമിതമായ പരിധി. ആ സീമക്കപ്പുറം വിഹരിക്കുവാൻ ശാസ്ത്രത്തിന് സാധ്യമല്ല. അതിന്റെ വീക്ഷണം വസ്തുനിഷ്ഠമാണ്. പദാർഥലോകത്തിനപ്പുറം പോവാൻ ശാസ്ത്രം ശക്തമല്ല. ഏറ്റവും ഉന്നതശീർഷരായ ശാസ്ത്രജ്ഞൻമാർ ഇതു തുറന്നുസമ്മതിക്കുന്നുണ്ട്. ഈ നൂറ്റാണ്ടിലെ പ്രമുഖ ഭൗതികശാസ്ത്രകാരനായ ഐൻസ്റ്റൈൻ തന്റെ Out of my later years എന്ന പുസ്തകത്തിൽ (അവസാന അധ്യായം) എഴുതുന്നു:

“വസ്തുക്കൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, ഓരോന്നും എങ്ങനെ രൂപപ്പെട്ടിരിക്കുന്നു എന്നതിനപ്പുറം ശാസ്ത്ര സമ്പ്രദായത്തിനൊന്നും പഠിപ്പിക്കാനാവില്ല. മനുഷ്യൻ ഈ രംഗത്താർജിച്ച, വീരോചിതമായ നേട്ടങ്ങളെ ലഘൂകരിക്കുകയാണ് ഞാൻ ചെയ്യുന്നതെന്ന് അർഥമാക്കരുത്. മനുഷ്യകഴിവിന് പ്രാപിക്കാവുന്ന, പരമോന്നതമായ മേഖലയിലേക്ക് വസ്തുനിഷ്ഠമായ പ്രസ്തുത വിജ്ഞാനം എത്തിയിട്ടുണ്ട്. പക്ഷേ, ‘എന്താണ്’ എന്നതു സംബന്ധിച്ച അറിവ് ‘എന്താവണം’ എന്ന അറിവിന്റെ കവാടം തുറന്നുതന്നിട്ടില്ലെന്നതും അത്രതന്നെ പ്രകടമാണ്. എന്താണ് എന്നത് സംബന്ധിച്ച, പൂർണവും സുവ്യക്തവുമായ അറിവുനേടാൻ കഴിയുമെങ്കിലും മനുഷ്യലക്ഷ്യം എന്താവണമെന്ന് ഗ്രഹിപ്പാൻ ശാസ്ത്രത്തിനു കഴിവുണ്ടായിട്ടില്ല. ഏതാനും ലക്ഷ്യങ്ങൾ നേടിത്തരാൻ പറ്റിയ, സുശക്തമായ ഉപകരണം മാത്രമാണ് വസ്തുവിജ്ഞാനീയം. എന്നാൽ പരമലക്ഷ്യവും അത് പ്രായോഗികമാക്കാനുള്ള ത്വരയും മറ്റു സ്രോതസ്സുകളിൽനിന്നു വരേണ്ടിയിരിക്കുന്നു!”[5]

ഐൻസ്റ്റൈൻ സൂചിപ്പിച്ച മറ്റു സ്രോതസ്സുകൊണ്ടുള്ള വിവക്ഷ ദിവ്യവെളിപാടു മുഖേന ലഭ്യമാകുന്ന ജ്ഞാനസരിത്തുകൾ, അഥവാ മതഗ്രന്ഥങ്ങൾ ആയിരിക്കണം. ജീവിതത്തിന്റെ പരമമായ ലക്ഷ്യമെന്തെന്നും, അത് സാക്ഷാത്കരിക്കാൻ യുക്തമായ മാർഗങ്ങളേവയെന്നും നമുക്ക് അറിവ് തരുന്നത് അവയാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ പാദാർഥിക വിജ്ഞാനീയം മനുഷ്യചേതനയെ പൂർണതയിലേക്കെത്തിക്കുന്നില്ല. ജീവിതത്തിന്റെ അത്യുത്കൃഷ്ട മേഖലയിലേക്ക് മനുഷ്യനെ നയിക്കുന്നത് മതവും ഈശ്വരനുമാണ്. ദൈവികവെളിപാ

ടിന്റെ അസ്തിവാരത്തിന്മേൽ അധിഷ്ഠിതമായ വിജ്ഞാനസാഗരത്തിൽ മുങ്ങിത്തപ്പാതെ മാനവരാശിയുടെ പരമലക്ഷ്യം കരഗതമാക്കാൻ സാധ്യമല്ല.

## റസ്സൽ പ്രഭുവിന്റെ ഈശ്വരൻ

ആധുനിക യുക്തിവാദികളുടെ ഒരു മഹാചാര്യനും ഭൗതിക തത്വചിന്തകൻമാരുടെ അനിഷേധ്യ നായകനുമായി വിചാരിക്കപ്പെടുന്ന ബർട്രാണ്ട് റസ്സലിന്റെ ഈ വിഷയകമായ നിലപാട് പരിശോധിക്കുന്നത് ഇത്തരുണത്തിൽ കൗതുകമായിരിക്കും. ആകാരത്തോടുകൂടിയവനും പ്രാപഞ്ചികഗതിയിൽ യഥേഷ്ടം കൈകടത്തുന്നവനുമായ ഒരു ദൈവമുണ്ടെന്ന വാദത്തെ റസ്സൽ എതിർത്തിട്ടുള്ളത് ശരിയാണ്. എന്നാൽ അദ്ദേഹം കേവല ദൈവവിശ്വാസത്തെ എതിർക്കുന്നില്ലെന്നും ദൈവത്തെക്കുറിച്ച ചില മത സങ്കൽപങ്ങളെ മാത്രമാണ് നിഷേധിക്കുന്നതെന്നുമാണ് മനസ്സിലാകുന്നത്. എന്തെന്നാൽ, പദാർഥങ്ങളേയും ശക്തികളേയും ജീവജാലങ്ങളേയും ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു നിയമത്തേയും അനുരഞ്ജനശക്തിയേയും അദ്ദേഹം അംഗീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രസ്തുത നിയമങ്ങളുടെയും അനുരഞ്ജനശക്തിയുടെയും പേരാണ് ഈശ്വരൻ! ദൈവവിശ്വാസിയായ സോമർഫേൽഡ് എന്ന ശാസ്ത്രജ്ഞന് റസ്സൽ അയച്ച ഒരു കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പറയുന്നു:

"സാകാരനും, ഇച്ഛാനിച്ഛകൾക്കൊത്ത് പ്രാപഞ്ചികഗതിയിൽ ഇടപെടുന്നവനും സ്വേഛാധിപതിയുമായ ഒരു ഈശ്വരനിൽ ഞാൻ വിശ്വസിക്കുന്നില്ല. പ്രപഞ്ചപദാർഥങ്ങളേയും ജീവജാലങ്ങളേയും ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സനാതനനിയമങ്ങൾക്കും അനുരഞ്ജനശക്തികൾക്കുമുള്ള പേരാണ് ഈശ്വരൻ."[6]

എന്നാൽ സാകാരനും, സർവകാരുണികനുമായ ഒരു ദൈവത്തെക്കുറിച്ച സങ്കല്പം മനുഷ്യന് ആശ്വാസവും സഹായവും നല്കുന്നുണ്ടെന്ന വസ്തുത അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.[7] ആകയാൽ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പിറകിൽ ഏതോ ഒരു അദൃശ്യശക്തിയുടെ പ്രവർത്തനം നടക്കുന്നുവെന്ന വസ്തുത ഭൗതികവീക്ഷാഗതി അംഗീകരിച്ചവർക്കും നിഷേധിക്കുക സാധ്യമല്ല.

## ഖുർആന്റെ വീക്ഷണം

ഈശ്വരനേയും മതത്തേയും സംബന്ധിച്ച ശാസ്ത്രത്തിന്റെ സാക്ഷാൽ നിലപാടെന്തെന്നു നാം കണ്ടുകഴിഞ്ഞു. ഇനി മതം പ്രപഞ്ചത്തെ കാണുന്നതെങ്ങനെയാണെന്നു നോക്കാം. ഖുർആന്റെ വീക്ഷണത്തിൽ, ശാശ്വതവും സനാതനവുമായ ഒരു നിയമമനുസരിച്ചാണ് പ്രപഞ്ചവും അതിലെ എപ്പേർപ്പെട്ട വസ്തുക്കളും നിലവിൽവന്നതും നിലനിൽക്കുന്നതും. ഓരോ പ്രാപഞ്ചിക വസ്തുവിനും അതിന്റേതായ സൃഷ്ടി-സ്ഥിതി- സംഹാര നിയമങ്ങളുണ്ട്. ആ നിയമങ്ങളെ ഒരിക്കലും അത് അതിലംഘിക്കുകയില്ല. അതിനെയാണ് ഖുർആൻ 'സുന്നത്തുല്ലാ' (ദൈവിക നടപടിക്രമം) എന്നും, 'ഫിത്റത്തുല്ലാ' (ദൈവത്തിന്റെ പ്രകൃതി നിയമം) എന്നും വിളിക്കുന്നത്. പ്രസ്തുത വ്യവസ്ഥക്ക് ഒരി

ക്കലും മാറ്റമോ ഭേദഗതിയോ സംഭവ്യമല്ല. ഖുർആൻ ഒന്നിലധികം തവണ ഇക്കാര്യം ആവർത്തിച്ചുറപ്പിച്ചതായി കാണാം.[8]

പ്രപഞ്ചവും അതിലെ വസ്തുക്കളും ശക്തികളും ജീവജാലങ്ങളും പ്രസ്തുത സനാതനനിയമങ്ങൾ സനിഷ്കർഷം പാലിച്ചുവരുന്നതിനാലാണ് അവയ്ക്കിടയിൽ എന്തെങ്കിലും പൊരുത്തക്കേടോ സംഘട്ടനമോ നാം കാണാത്തത്. പരമാവധി രഞ്ജിപ്പിലും യോജിപ്പിലുമാണ് പ്രാപഞ്ചികഘടകങ്ങൾ സ്ഥിതി ചെയ്യുന്നത്. അങ്ങനെ പ്രപഞ്ചകർത്താവിനെ അവ ചോദ്യം കൂടാതെ അനുസരിക്കുന്നു. ഏതെങ്കിലുമൊരു വിധത്തിൽ അവന് കീഴടങ്ങാത്ത യാതൊന്നും പ്രപഞ്ചത്തിലില്ല. അതാണ് മറ്റൊരിടത്ത് ഖുർആൻ ഉണർത്തുന്നത്:

"ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അവന് കീഴടങ്ങിയിട്ടുണ്ട്. മനഃപൂർവമായും നിർബന്ധിതമായും!"[9]

ഈ വാക്യത്തിന്റെ ശരിയായ പൊരുൾ ഗ്രഹിക്കണമെങ്കിൽ ദൈവത്തിന്റെ രണ്ടു തരത്തിലുള്ള നിയമവ്യവസ്ഥിതികളെപ്പറ്റി അല്പമൊന്ന് പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

## ദൈവിക നിയമവ്യവസ്ഥിതി രണ്ടുവിധം

ഖുർആന്റെ ദൃഷ്ടിയിൽ, ദൈവത്തിന് രണ്ടുവിധം നിയമവ്യവസ്ഥകളുണ്ട്. ഒന്ന്, പ്രാപഞ്ചിക വ്യവസ്ഥ; മറ്റത് സാൻമാർഗിക വ്യവസ്ഥ. പ്രാപഞ്ചിക നിയമവ്യവസ്ഥയെ ഓരോ പ്രാപഞ്ചികവസ്തുവും പാലിച്ചുവരുന്നുണ്ട്. യാതൊന്നും അതിനെ അതിലംഘിക്കുകയോ കവച്ചുവെക്കുകയോ ചെയ്യുന്നില്ല. അഥവാ അത് സംഭവ്യമല്ല. പ്രസ്തുത വ്യവസ്ഥ അനുസരിപ്പാൻ സർവതും നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ മനുഷ്യനും ഇതര വസ്തുക്കളും തമ്മിൽ അന്തരമില്ല. ദൈവഭക്തനും ദൈവനിഷേധിയുമെല്ലാം ദൈവത്തിന്റെ പ്രാപഞ്ചിക വ്യവസ്ഥയനുസരിച്ചാണ് നിലകൊള്ളുന്നത്. അതിനാൽ ഈ അനുസരണവും കീഴ്വണക്കവുമെല്ലം പാരതന്ത്ര്യത്തോടു കൂടിയുള്ളതാണ്. അതായത്, മനുഷ്യൻ ഉദ്ദേശിച്ചാലും പ്രസ്തുത വ്യവസ്ഥ തെറ്റിനടക്കാൻ സാധ്യമല്ല. അതാണ് പ്രസ്തുത ഖുർആൻ വചനത്തിലെ നിർബന്ധിത കീഴടക്കംകൊണ്ട് വിവക്ഷിക്കപ്പെട്ടത്.

എന്നാൽ പ്രാപഞ്ചിക വ്യവസ്ഥിതി കൂടാതെ മറ്റൊരു നിയമവ്യവസ്ഥയും ദൈവത്തിനുണ്ട്. പ്രവാചകൻമാർ, ഋഷിമാർ, മതാചാര്യൻമാർ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന മഹാ പുരുഷൻമാർക്ക് വെളിപാടു മുഖേന നൽകപ്പെടുന്ന നീതിവ്യവസ്ഥയാണത്. ഇതിന് ദൈവത്തിന്റെ സാന്മാർഗിക വ്യവസ്ഥ എന്നോ മതം എന്നോ പറയുന്നു. ഈ വ്യവസ്ഥ മനുഷ്യരെ മാത്രമാണ് ബാധിക്കുന്നത്. അതു പാലിക്കുവാൻ യാതൊരു മനുഷ്യനേയും ദൈവം ബലാൽക്കാരം ചെയ്യുന്നില്ല. അതിനാൽ അത് മനുഷ്യന് യഥേഷ്ടം അനുസരിക്കാനും ധിക്കരിക്കാനും കഴിയുന്നു. മനുഷ്യന്റെ ഉന്നതിക്കും പുരോഗതിക്കും വേണ്ടിയുള്ള ഈ വ്യവസ്ഥിതി പ്രാപഞ്ചികവ്യവസ്ഥിതിയോട് തികച്ചും പൊരുത്തപ്പെട്ടതാണ്. അതിനാൽ അത് അംഗീകരിച്ചു നടപ്പിൽ വരുത്തുന്നതിനെ ആശ്രയിച്ചാണ് മനുഷ്യന്റെ സാക്ഷാൽ മഹത്വവും മുക്തിയും നിലകൊള്ളുന്നത്. ഈ വാസ്തവം ഗ്രഹിച്ച സാത്വികൻമാർ ദൈവത്തിന്റെ സാൻമാർഗ്ഗിക

വ്യവസ്ഥകൂടി അംഗീകരിച്ച്, അവന് കീഴടങ്ങി ജീവിക്കുന്നു. പക്ഷേ, വല്ല ബലപ്രയോഗവും കൊണ്ടല്ല, സ്വന്തം മനഃസാക്ഷിയുടെ പ്രേരണകൊണ്ടു മാത്രമാണ് അവർ അങ്ങനെ ചെയ്യുന്നത്. ഇതത്രെ പ്രസ്തുത ഖുർആൻ വചനത്തിൽ സൂചിപ്പിച്ച മനഃപൂർവമായ കീഴടക്കത്തിന്റെ താത്പര്യം. ഏതായാലും ഏതെങ്കിലുമൊരു വിധത്തിൽ ദൈവത്തെ അനുസരിക്കാതിരിപ്പാൻ യാതൊരാൾക്കും ഇവിടെ സാധ്യമല്ല. ചുരുക്കത്തിൽ, പ്രപഞ്ചമാകമാനം മനഃപൂർവ്വമായോ നിർബന്ധിതമായോ ദൈവത്തിന് കീഴടങ്ങുന്നു; അതുവഴി അവന്റെ മഹത്വവും അജയ്യതയും പ്രകീർത്തിക്കുകയും ചെയ്യുന്നു. അതാണ് ഖുർആൻ പറയുന്നത്:

“ഏഴാകാശങ്ങളും ഭൂമിയും അവയിലുള്ള സർവരും അവനെ പ്രകീർത്തിക്കുന്നു. അവന്റെ സ്തോത്രകീർത്തനം പാടാത്ത ഒരൊറ്റ വസ്തുവുമില്ല. പക്ഷേ, ആ കീർത്തനം നിങ്ങൾ ഗ്രഹിക്കുന്നില്ലെന്നു മാത്രം!”[10]

## ‘അൽഹഖ്’

ഖുർആനിലെ അർഥസമ്പുഷ്ടമായ ഒരു സാങ്കേതിക സംജ്ഞയാണ് ‘അൽഹഖ്.’ സത്യം, ധർമം, സനാതനം, സുസ്ഥിരം എന്നൊക്കെ അറബിയിൽ അതിനർഥമുണ്ട്. എന്നാൽ ഖുർആനിൽ വിപുലവും മഹത്തരവുമായ ചില ആശയങ്ങളെയാണ് ആ പദം പ്രതിനിധാനം ചെയ്യുന്നത്. ദൈവത്തെ ‘അൽഹഖ്’ എന്ന് പലേടങ്ങളിലും വിശേഷിപ്പിച്ചതായി കാണാം.[11] ദൈവികസാന്മാർഗികവ്യവസ്ഥിതിയെ ഖുർആൻ ‘അൽഹഖ്’ എന്നു വിളിച്ചിരിക്കുന്നു.[12] ഖുർആനെത്തന്നെയും ആ പേരിൽ വിളിച്ചതായി കാണാം.[13] ഇപ്രകാരം പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ‘അൽഹഖി’ന്റെ അടിസ്ഥാനത്തിലാണെന്ന് പല സ്ഥലങ്ങളിലും ആവർത്തിച്ചുറപ്പിച്ചതായും നാം കാണുന്നു.[14] അൽഹഖിന്റെ വിപരീത പദമാണ് ‘അൽബാത്വിൽ.’ നിന്നും ഇരുന്നും കിടന്നും ദൈവത്തെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമതികൾക്ക് പ്രപഞ്ചസൃഷ്ടി ‘ബാത്വിലി’ന്റെ അടിസ്ഥാനത്തിലല്ല ഉണ്ടായിട്ടുള്ളതെന്ന് ബോധ്യപ്പെടുമെന്ന് ഒരിടത്ത് ഖുർആൻ സൂചിപ്പിച്ചിട്ടുണ്ട്.[15]

മേൽ വാക്യങ്ങളെ സമഗ്രമായി വീക്ഷിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: പ്രപഞ്ചസൃഷ്ടി ആകസ്മികമല്ല, ആസൂത്രിതമാണ്. ഉദ്ദേശ്യരഹിതമല്ല, ഉദ്ദേശ്യപൂർവമായിട്ടാണ്. സനാതനവും ശാശ്വതവുമായ ഒരു വ്യവസ്ഥക്ക് വിധേയമായിട്ടാണ് പ്രപഞ്ചം ചലിക്കുന്നത്. സുസ്ഥിരവും സുസ്ഥിതവുമായ ആ വ്യവസ്ഥക്ക് മാറ്റമില്ല. ഇങ്ങനെ വിപുലവും ഗംഭീരവും സുന്ദരവുമായ അനേകം ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു വാക്കാണ് അൽഹഖ്. അതിന്റെ അർഥം സ്ഫുരിക്കുന്ന ഒരു പദം ഭാഷയിൽ ഇല്ല.

## വേദത്തിലെ ‘ഋതം’

ഖുർആനിലെ അൽഹഖിനോട് തികച്ചും സാദൃശ്യമുള്ള ഒരു പദമാണ് ഭാരതീയവേദത്തിലെ ‘ഋതം.’ ഇതിന്റെ അർഥത്തെപ്പറ്റി വേദവ്യാഖ്യാതാക്കൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. വള്ളത്തോളിന്റെ ഋഗ്വേദ വിവർത്തനത്തിന്റെ

ആമുഖത്തിൽ സർദാർ കെ.എം. പണിക്കർ എഴുതുന്നു:

"ഋഗ്വേദത്തിലെ ഏറ്റവും പ്രധാനമായ ഒരു പദമാണ് ഋതം. അതിന് സത്യം, ജലം, പ്രജോത്പാദനം, രേതസ്സ്, യജ്ഞം എന്നൊക്കെയാണ് യാസ്കന്റെ അർഥം. സായണൻ ഇതിലും വ്യാപകമായിട്ടാണ് ഋതത്തെ വ്യാഖ്യാനിച്ചിരിക്കുന്നത്."[16]

എന്നാൽ ലോകധർമം, അഥവാ പ്രകൃതിവ്യവസ്ഥ എന്ന ആശയ മാണ് ആ പദം പ്രതിനിധാനം ചെയ്യുന്നതെന്ന് ശ്രീ. കെ.വി. ഗോപാലമേ നോൻ പറയുന്നു:

"ലോകത്തിന് ഒരു ശാശ്വത ധർമ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ തെറ്റി നടക്കാൻ ദേവൻമാർക്കും മനുഷ്യർക്കും പാടില്ല; തെറ്റി നടക്കു വാൻ സാധ്യവുമല്ല. ഇങ്ങനെ ഒരു വിശ്വാസം ഋഗ്വേദത്തിൽ വളർന്നുവ രുന്നതായി നാം കാണുന്നു. ഈ സനാതന ധർമത്തിന് ഋഷിമാർ 'ഋതം' എന്ന പേരു കൊടുത്തിരിക്കുന്നു. ഈ ഋതംതന്നെയാകുന്നു സത്യം. ഇതിനു വിപരീതമായിട്ടുള്ളതാണ് 'അനൃതം', അല്ലെങ്കിൽ അസത്യം. ശിഷ്യൻമാരുടെ ജീവിതചര്യ ഋതത്തിനനുസരിച്ചാകുന്നു."[17]

ഖുർആനിലെ അൽഹഖും വേദത്തിലെ ഋതശബ്ദവും ഏതാണ്ട് ഒരേ ആശയത്തിലാണ് പ്രയോഗിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. പ്രാപഞ്ചിക വ്യവസ്ഥ, അഥവാ പ്രകൃതി നിയമം; അതിനനുസരിച്ച ജീവിത ചര്യ-ഇതാണ് പ്രസ്തുത ആശയം.

## ഏകത്വവും നാനാത്വവും

ഇനി നമുക്ക് ദൈവസങ്കല്പത്തിന്റെ ഏകത്വ-നാനാത്വങ്ങളെപ്പറ്റി അല്പം ചിന്തിക്കാം. ചിലർ പല വസ്തുക്കളിലും ദൈവത്വം ആരോപി ക്കുന്നു. മറ്റു ചിലർ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നു. ഏക ത്വസങ്കല്പമാണ് ഏറ്റവും പുരോഗമിച്ചതും ശ്രേഷ്ഠവുമായ ചിന്തയെ ന്നതിൽ പണ്ഡിതൻമാർക്കിടയിൽ തർക്കമില്ല. ഖുർആനും ബൈബിളും ഏകദൈവത്വസിദ്ധാന്തത്തെയാണ് ഉപദേശിക്കുന്നതെന്ന കാര്യം നിസ്തർക്കമാണ്. ഭാരതീയവേദങ്ങളുടെ നിലപാടിനെപ്പറ്റി വ്യത്യസ്ത നിഗമനങ്ങളാണ് നിരൂപക പണ്ഡിതൻമാർക്കുള്ളത്. ഇതിനു കാരണം വേദങ്ങളിൽ സ്തുതിക്കപ്പെട്ടിട്ടുള്ള ദേവനാമങ്ങളത്രെ. ഋഗ്വേദത്തിലെ ഒരു മന്ത്രത്തിൽ കാണുന്നു:

"രിപുകർശനന്മാരായ ദേവന്മാരേ, മനുവിന് യജനീയരായ നിങ്ങൾ മുപ്പത്തിമൂന്നു പേരും ഇപ്രകാരം സ്തുതിക്കപ്പെടുന്നു."[18]

"ഇന്ദ്രൻ, അഗ്നി, സോമൻ, വായു, സൂര്യൻ, മിത്രൻ, വരുണൻ, വിഷ്ണു, ഉഷസ്സ്, അശ്വിനൻമാർ (രണ്ട്), പൂഷാവ്, രുദ്രൻ, പ്രജാപതി, യമൻ, പർജന്യൻ, അര്യമാവ്, മരുത്തുക്കൾ, ബൃഹസ്പതി, സരസ്വതി, അദിതി, ആദിത്യൻമാർ, ഋതുക്കൾ, ഇളാത്വഷ്ടാവ്, സവിതാവ്, ഇന്ദ്രാണി, വരുണാനി, അഗ്നേയി, വസുക്കൾ, മാതരിശ്വാവ്, വൈശ്വാനരൻ, ഭാരതി."[19] ഇവയത്രെ വേദത്തിലെ സുപ്രധാന ദേവനാമങ്ങൾ.

പ്രഥമദൃഷ്ടത്തിൽ ഈശ്വര നാനാത്വസിദ്ധാന്തത്തെയാണ് വേദം അവ

തരിപ്പിക്കുന്നതെന്നു തോന്നും. എന്നാൽ അതിലെ മറ്റു ചില മന്ത്രങ്ങൾ ഏകത്വസിദ്ധാന്തത്തെ പ്രകാശിപ്പിക്കുന്നു. ഉദാഹരണമായി ഒരു മന്ത്രം കാണുക:

"ഇന്ദ്രം, മിത്രം, വരുണമഗ്നിമാഹു-
രഥോ ദിവ്യസ്സുപർണ്ണോ ഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാ വദ-
ന്ത്യഗ്നിം യമം മാതരിശ്വാനമാഹു!"[20]

(അദ്ദേഹത്തെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു; വാനത്തു വടിവിൽ പറക്കുന്ന ഗരുഡനും അദ്ദേഹം തന്നെ; ഒന്നിനെ മേധാവികൾ പലതാക്കിപ്പറയുകയാണ്. വൈദ്യുതാഗ്നി, യമൻ, വായു എന്നിവരും അദ്ദേഹമത്രെ!)

ഈ വൈരുധ്യം പരിഹരിക്കുന്നതിനെ ആശ്രയിച്ചാണ് ഭാരതീയ വേദമതത്തിന്റെ യാഥാർഥ്യം സ്ഥിതിചെയ്യുന്നത്. ഇവ്വിഷയകമായി ഏകോപിച്ച ഒരു നിലപാടല്ല വേദവിത്തുകളായ പണ്ഡിതൻമാർക്കുള്ളത്. ചിലർ ഏകത്വസങ്കല്പത്തിന് മുൻഗണന കല്പിക്കുമ്പോൾ, മറ്റു ചിലർ നാനാത്വസങ്കല്പത്തിനാണ് മുൻഗണന കല്പിക്കുന്നത്. ഭാരതീയ ജനതയുടെ പാരമ്പര്യമാകട്ടെ, ഒടുവിലത്തെ സങ്കല്പത്തിന് ഉപോദ്ബലകമായി നിലകൊള്ളുന്നുതാനും. വിഗ്രഹപൂജകരായിട്ടാണല്ലോ ഇന്നവരെ നാം കാണുന്നത്. എന്നാൽ ഋഗ്വേദം യാതൊരു ആൾദൈവത്തേയും ആരാധിക്കുവാൻ ആജ്ഞാപിക്കുന്നില്ലെന്നും, അതിലെ ദേവന്മാർ പ്രകൃതിയുടെ ഓരോ പ്രതിരൂപങ്ങളാണെന്നും ഹിന്ദുക്കളിന്ന് ആരാധിക്കുന്ന ദേവന്മാരല്ലെന്നും ശ്രീ. വി.വി.കെ. വാലത്ത് പറയുന്നു.[21] ഋഗ്വേദത്തിലെ ചില വചനങ്ങളുദ്ധരിച്ചുകൊണ്ട് ശ്രീ. നാരായണഭട്ടതിരി സമർഥിക്കുന്നത് അതിൽ ഈശ്വര നാനാത്വവിശ്വാസമില്ലെന്നാണ്. തന്റെ 'വേദാർത്ഥ വിചാര'ത്തിൽ അദ്ദേഹം എഴുതുന്നു:

''ഏകം സദ്വിപ്രാ ബഹുധാ വദന്തി'[22] (സത്തയായ ഒന്നിനെ വിദ്വാൻമാർ പല വാക്കുകൾകൊണ്ടും പറയുന്നു എന്നു താൽപര്യം); 'ഏകം സന്തം ബഹുധാ കൽപയന്തി'[23] (സത്തയായ ഒന്നിനെ അറിവുള്ളവർ പല പ്രകാരത്തിൽ കൽപിക്കുന്നു); 'യോ ദേവാനാം നാമധാ ഏക ഏവ'[24] (ദേവൻമാരുടെ നാമങ്ങൾ ധരിച്ച വ്യക്തി ഒന്നു തന്നെയാകുന്നു). ഈ മൂന്നു മന്ത്രങ്ങൾ കൊണ്ട് വേദങ്ങളിൽ ഈശ്വര നാനാത്വമില്ലെന്ന് സ്പഷ്ടമാകുന്നു."[25]

ഏകത്വമതത്തിലാണ് ഇന്ത്യൻ വേദങ്ങൾ ഊന്നിനിൽക്കുന്നത്. എന്നാൽ ഏകനായ ദൈവത്തിന് വിവിധ ഗുണങ്ങളുണ്ട്. ആ ഗുണങ്ങൾ പ്രതിഫലിപ്പിക്കേണ്ടതിനായി കവിഭാവന വിവിധ രൂപങ്ങളും ഭാവങ്ങളും സങ്കല്പിച്ചു. അതനുസരിച്ചു ദൈവത്തെ ഓരോ നാമത്തിൽ വിളിച്ചു വർണിക്കുകയും ചെയ്തു. ഇസ്‌ലാമിലെ സൂഫി കവികളും ഇങ്ങനെ വിവിധ രൂപഭാവങ്ങൾ നല്കി അല്ലാഹുവെ വർണിച്ചിട്ടുണ്ട്. ഉദാഹരണമായി, ക്രി. 1180-1235 കാലത്ത് ജീവിച്ച, ഈജിപ്തുകാരനായ ഉമറുബ്നുൽ

ഫാരിള് തന്റെ ഒരു കാവ്യത്തിൽ, അല്ലാഹുവെ കാമിനിയായും കാമുകനായും സങ്കൽപിച്ചിട്ടുണ്ട്. അദ്ദേഹം പാടിയ ചില വരികളുടെ സാരാംശം കാണുക:

"അവളിൽനിന്നും രാത്രിയിൽ സഞ്ചരിക്കുന്ന ഒരു വടക്കൻ കാറ്റ് പുലർക്കാലവേളയിൽ വീശുമ്പോൾ അതിന്റെ കുളുർമ എന്റെ ആത്മാവിന് അവളെക്കുറിച്ച സ്മരണ നല്കുന്നു; പൂർവാഹ്നത്തിൽ പക്ഷികൾ വൃക്ഷശിഖരങ്ങളിലിരുന്നു പാടുകയും ചിലക്കുകയും ചെയ്യുമ്പോൾ എന്റെ സ്മരണ ഉണർത്തപ്പെടുന്നു; സായാഹ്നത്തിൽ മിന്നൽ പ്രകാശങ്ങൾ അവളുടെ സൗന്ദര്യത്തിന്റെ ദൃശ്യങ്ങൾ എന്റെ കണ്ണിലെത്തിക്കുമ്പോൾ നയനം സന്തുഷ്ടമാകുന്നു."[26]

ഈ വരികളിൽ കവി അല്ലാഹുവിനെ ഒരു കാമിനിയായിട്ടാണ് സങ്കൽപിച്ചിട്ടുള്ളതെങ്കിൽ മറ്റു ചിലേടങ്ങളിൽ കാമുകനായും സങ്കൽപിച്ചിട്ടുണ്ട്. ഉദാഹരണം:

"അദ്ദേഹം പോയിക്കഴിഞ്ഞാലും എന്റെ ഓരോ അവയവവും ഓരോ മനോഞ്ജതയിലും ലാവണ്യത്തിലും സൗന്ദര്യത്തിലും അദ്ദേഹത്തെ ദർശിക്കുന്നു- ശ്രുതിമനോഹരമായ ആലാപനത്തിനിണങ്ങിച്ചേർന്ന വീണയുടെയും വേണുവിന്റെയും സംഗീതത്തിൽ, കുളിർസായാഹ്നത്തിലും പ്രഭാതത്തിലും മാൻപേടകൾ മേഞ്ഞുനടക്കുന്ന പച്ചത്താഴ്‌വരകളിൽ, മുറ്റിയ മേഘങ്ങൾ, ഒരു പുഷ്പപരവതാനിയിൽ അവയുടെ മഴ വീഴ്ത്തുന്ന അവസരങ്ങളിൽ, പുലർക്കാലവേളയിൽ ഇളംകാറ്റ് അതിന്റെ മധുരമായ പരിമളതൈലം കൊണ്ടുവരുന്ന സന്ദർഭങ്ങളിൽ, സുഖനിഷ്യന്ദിയായ തണലിൽ ഞാൻ കൂജയുടെ വായ ചുംബിച്ച് മധുമഞ്ഞു നുകരുന്ന സമയങ്ങളിൽ!"[27]

ഇത്തരം ഭാവനാബന്ധുരമായ വർണനകൾ കവികൾക്കനുവദിക്കപ്പെട്ടവയാണെന്നത്രെ പൊതുവായ സാഹിത്യമതം. പക്ഷേ, വിദ്വാൻമാരും സാമാന്യജനങ്ങളുമൊരുപോലെ വായിക്കുന്ന മതഗ്രന്ഥങ്ങളിലാകുമ്പോൾ പല തെറ്റായ വിശ്വാസങ്ങൾക്കും അബദ്ധ ധാരണകൾക്കും അത് വഴിവെച്ചേക്കും. ഇന്ന് ഭാരതീയതയുടെ മതവിശ്വാസവും ആരാധനാസമ്പ്രദായവും തികഞ്ഞ നാനാത്വസങ്കൽപത്തിലധിഷ്ഠിതമായി നാം കാണുന്നു. ഇതിന്റെ ഒരു പ്രധാന കാരണം പ്രസ്തുത വർണനകളും ഭാവനകളുമല്ലെന്നാരു കണ്ടു?

## യജ്ഞം അഥവാ യാഗം

ഇനി വേദകാലത്തെ ആര്യൻമാരുടെ ആരാധനാരീതിയെപ്പറ്റി അല്പം ആലോചിക്കാം. 'യജ്ഞം' അഥവാ യാഗം എന്നാണ് പ്രസ്തുത ആരാധനാസമ്പ്രദായത്തെ വിളിക്കുന്നത്. ഒരു യാഗശാല ഉണ്ടായിരിക്കും. ഏതാനും പുരോഹിതന്മാർ ചേർന്ന് വേദമന്ത്രങ്ങൾ ഉരുവിടും. 'ഋത്വിക്കു' കളെന്നാണ് സാമാന്യമായി അവരെ വിളിക്കുക. ഒരു അഗ്നികുണ്ഡവും സജ്ജമാക്കിയിരിക്കും. അതിൽ പശു, കാള, കുതിര, ആട് മുതലായ ജീവികളെ കൊന്നു ഹോമിക്കും. കൂടാതെ 'സോമം' എന്നു പറയുന്ന ഒരു ലത കുത്തിപ്പിഴിഞ്ഞ് നീരെടുത്ത്, അരിച്ച്, ക്ഷീരം, തൈര് മുതലായവയും ഗോതമ്പുമാവും മറ്റും ചേർത്ത് പുളി

പ്പിച്ച ഒരു പാനീയവും ദേവൻമാർക്കർപ്പിക്കപ്പെടുന്നു. ഇതിന് 'സോമ യാഗം' എന്നു പേർ.

ഇത്തരം ആരാധനാ സമ്പ്രദായങ്ങൾ പുരാതന കാലത്തെ ഇറാൻകാരിലും നടന്നിരുന്നതായി ഗവേഷകൻമാർ അഭിപ്രായപ്പെടുന്നു. 'അവസ്ത' യായിരുന്നു ഇറാൻകാരുടെ ആകാശഗ്രന്ഥം. അവസ്തയും ഋഗ്വേദവും പഠിക്കുകയും ഗാഢമായ ഗവേഷണം നടത്തുകയും ചെയ്തിട്ടുള്ള വിൻഡ്ഷ്മാൻ(Windisch Mann) തന്റെ Story of Media[28] എന്ന ഗ്രന്ഥത്തിൽ ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. ഇറാൻകാരുടെ ഭാഷയിൽ സോമത്തെ 'ഹോമ' എന്നാണ് വിളിച്ചിരുന്നത്.

അഗ്നി ആദിയിൽ ഒരു 'ഖിബ്‌ല'(ദിശ) എന്ന നിലയ്ക്കാവണം, ആരാധനയിൽ സ്ഥലംപിടിച്ചത്. പക്ഷേ, പിന്നീടത് ഒരു ദേവനായി കല്പിക്കപ്പെട്ടു. സോമവും ഒരു ദേവനാമം തന്നെ. അഗ്നിയെ സ്തുതിക്കുന്ന മന്ത്രങ്ങൾ വേദത്തിൽ നിരവധിയുണ്ട്. അഗ്നിയെ സ്തുതിച്ചുകൊണ്ടാണ് ഋഗ്വേദം ആരംഭിക്കുന്നതുതന്നെ. അതിലെ ഒമ്പതാം മണ്ഡലം മുഴുവൻ സോമവേദത്തെപ്പറ്റിയുള്ളതാണ്. ആകയാൽ അഗ്നിക്കും സോമത്തിനും വേദം നൽകിയിട്ടുള്ള പ്രാധാന്യം സീമാതീതമത്രെ. യാഗസമ്പ്രദായം ബൈബിളിലും കാണാവുന്നതാണ്. ഇസ്‌ലാമിലും മൃഗബലി ഒരു പുണ്യകർമമാണ്. പക്ഷേ, ഏകനായ അല്ലാഹുവിന് മാത്രമേ ഇസ്‌ലാമിക സിദ്ധാന്തമനുസരിച്ച് ബലിയർപ്പിക്കാവൂ.

## ദൈവമാണ് എല്ലാറ്റിന്റേയും അധിനാഥൻ

ദൈവത്തെ അഖില ചരാചരങ്ങളുടെ അധിനാഥനായിട്ടാണ് വേദം കാണുന്നത്. കൃഷ്ണയജുർവ്വേദത്തിൽ പറയുന്നതു കാണുക:

"ചതുപ്പുനിലങ്ങളുടേയും നടവഴികളുടേയും കാടിന്റേയും നാടിന്റേയും ആലകളുടേയും ആലയങ്ങളുടേയും കുന്നിന്റേയും കുണ്ടിന്റെയും വിപിന (കാടു)ങ്ങളുടേയും ഗുഹയുടേയും ജലാശയങ്ങളുടേയും തുഹിന (മഞ്ഞ്, നിലാവ്) ത്തിന്റേയും ശബ്ദത്തിന്റേയും ധൂളിയുടേയും ചുള്ളിക്കൊമ്പിന്റേയും ചെടികളുടേയും ഭൂമിയുടേയും പുളച്ചൊഴുകുന്ന നദികളുടേയും മരത്തിലെ പച്ചിലകളുടേയും മണ്ണിൽ കൊഴിഞ്ഞ ഇലകളുടേയും നാഥനായ അങ്ങയ്ക്കഭിവാദനം!"[29]

ഇതുപോലുള്ള ശൈലികൾ ഖുർആനും അവിടവിടെ സ്വീകരിച്ചതായി കാണാം. ലോകങ്ങളുടെ നാഥൻ, ആകാശങ്ങളുടേയും ഭൂമിയുടേയും അന്തരാളങ്ങളുടെയും നാഥൻ, ചോതിനക്ഷത്രത്തിന്റെ നാഥൻ, ഉദയ സമയത്തിന്റെ നാഥൻ, അസ്തമയ സമയത്തിന്റെ നാഥൻ, ആ മന്ദിരത്തിന്റെ നാഥൻ, എന്റെ നാഥൻ, ഞങ്ങളുടെ നാഥൻ, നിന്റെ നാഥൻ, നിങ്ങളുടെ നാഥൻ, അവന്റെ നാഥൻ, അവരുടെ നാഥൻ, അതിന്റെ നാഥൻ, അവയുടെ നാഥൻ മുതലായ പ്രയോഗങ്ങൾ ഉദാഹരണം.

## ദൈവം സകലജ്ഞൻ

ദൈവം സർവജ്ഞനാണെന്നും നമ്മോട് ഏറ്റവും അടുത്തവനാ

ണെന്നും വേദം ഉദ്ബോധിപ്പിക്കുന്നു. അഥർവ വേദത്തിൽ പറയുന്നു:

"ആർതന്നെ നിന്നാലും നടന്നാലും രഹസ്യമായി ചിരിച്ചാലും കിട ന്നാലും എഴുന്നേറ്റാലും വരുണൻ അത് അറിയുന്നു. രണ്ടു വ്യക്തികൾ തമ്മിൽ കുശുകുശുക്കുന്നതായാലും അധീശനായ അദ്ദേഹം അറിയുന്നു. അവിടെ അദ്ദേഹം തൃതീയനാണ്."[30]

ഖുർആൻ ഏകദൈവത്തിന്റെ ഗുണങ്ങൾ വർണിച്ചതിനോട് അനൽപ മായ സാദൃശ്യം ഇവിടെ നാം കാണുന്നു. ഖുർആനിൽ ഒരിടത്ത് ഇങ്ങനെ പറയുന്നു:

"ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹു അറിയുന്നു വെന്ന വസ്തുത നീ കാണുന്നില്ലേ? മൂന്നുപേർ കുശുകുശുക്കുമ്പോൾ നാലാമനായി അവനുണ്ടാകുന്നു. അഞ്ചു പേർ കുശുകുശുക്കുമ്പോൾ ആറാമനായി അവനുണ്ടാകുന്നു. കുറഞ്ഞാലും അധികമായാലും അവ രൊന്നിച്ച് എവിടെയാണെങ്കിലും അവനുണ്ടാകാതിരിക്കില്ല."[31]

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

"മനുഷ്യനെ നാമാണ് സൃഷ്ടിച്ചിട്ടുള്ളത്. അവന്റെ മനസ്സ് മന്ത്രിക്കു ന്നത് നാം അറിയുന്നു. അവന്റെ കണ്ഠനാഡിയേക്കാൾ കൂടുതൽ അടു ത്താകുന്നു നാം സ്ഥിതിചെയ്യുന്നത്."[32]

ഇസ്രായേൽ സമുദായത്തിന്റെ യഹോവ അവരുടെ മാത്രം ദൈവ മെന്ന നിലയിലാണ് ബൈബിളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അതി നാൽ, സ്വന്തം സഹോദരന്മാരോടല്ലാതെ ഇതരന്മാരോട് നീതി കാണി പ്പാൻ അവർ ചുമതലപ്പെടുന്നില്ല. അഥവാ ആ നിലക്കാണ് മതധാർമി കനിർദേശങ്ങൾ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്. മോസസ്സിന്റെ പത്തു കല്പനകളുടെ കൂട്ടത്തിൽ ഒന്ന് ഇതത്രെ:

"കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്; കൂട്ടുകാരന്റെ ഭവ നത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയേയും അവന്റെ ദാസനേയും ദാസിയേയും അവന്റെ കാളയേയും കഴുതയേയും കൂട്ടുകാരന്നുള്ള യാതൊന്നിനേയും മോഹിക്കരുത്." [33]

എന്നാൽ ഭാരതീയ വേദങ്ങൾ ഈ വിവേചനത്തെ അനുകൂലിക്കു ന്നില്ല. അവയെ ഉദ്ധരിച്ചു ശ്രീ. കൃഷ്ണചൈതന്യ എഴുതിയത് നോക്കുക:

"വരുണൻ മനുഷ്യരാശിയുടെ ദൈവമാണ്; ഒരു വർഗത്തിന്റെ മാത്രം ദൈവ മല്ല. ഈ വിശാല വീക്ഷണത്തിൽ സങ്കുചിതമായ വർഗീയനീതിബോധം സാധ്യ മല്ല. അപരിചിതനോട് കാട്ടുന്ന അധർമങ്ങൾ പരിചിതനോട് കാട്ടുന്ന അത്ര തന്നെ തെറ്റാണ്. 'ഞങ്ങൾ ഞങ്ങളെ സ്നേഹിക്കുന്ന ഒരു വ്യക്തിയോട് തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ, ഒരു സഹോദരനോടോ, ചങ്ങാതിയോടോ, അയൽക്കാര നോടോ, വിദേശിയോടോ അധർമം കാട്ടിയിട്ടുണ്ടെങ്കിൽ ഹേ വരുണദേവ, ഞങ്ങളെ ആ അപരാധത്തിൽനിന്നു മോചിപ്പിച്ചാലും!"[34]

നീതിപാലനത്തിന്റെ കാര്യത്തിൽ ഇതിനേക്കാൾ വിശാലതരമാണ് ഖുർ ആനികവീക്ഷണം. സ്നേഹിക്കുന്നവരോട് മാത്രമല്ല, ശത്രുക്കളോടുപോലും നീതി പാലിക്കുവാനാണ് ഖുർആൻ നിർദ്ദേശിക്കുന്നത്.

"സത്യവിശ്വാസികളേ, നിങ്ങൾക്കോ മാതാപിതാക്കൾക്കോ അടുത്ത കുടുംബബന്ധുക്കൾക്കോ ദോഷമായിരുന്നാലും കൊള്ളാം, നീതിപാലകന്മാരും ദൈവത്തിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുക!"[35]

"സത്യവിശ്വാസികളേ, ദൈവത്തിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാകുക. ഒരു ജനതയോടുള്ള വിദ്വേഷം നീതി കാണിപ്പാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിച്ചുകൂടാ. നീതി പാലിപ്പിൻ. അതാണ് ഭക്തിയുമായി ഏറ്റവും അടുത്തിട്ടുള്ളത്. ദൈവഭക്തരാവുക."[36]

ആക്രമണാവസരത്തിലല്ലാതെ മറ്റൊരിക്കലും വിമതസ്ഥരുമായി സൗഹൃദത്തിൽ വർത്തിക്കുന്നതിനോ, അവർക്ക് നന്മയും സുകൃതവും ചെയ്യുന്നതിനോ ഇസ്‌ലാം തടസ്സമല്ല. മതത്തിന്റെ പേരിൽ ആക്രമണം നടത്തിയവരുമായി മൈത്രീബന്ധം പുലർത്തുന്നതുമാത്രമേ ദൈവം തടയുന്നുള്ളൂ. ഈ കാര്യം അർഥശങ്കക്കിടം നല്കാത്ത വിധം, ഖുർആൻ വെട്ടിത്തുറന്നു പ്രഖ്യാപിച്ചിട്ടുണ്ട്:

"മതത്തിന്റെ പേരിൽ നിങ്ങളുമായി യുദ്ധം നടത്തുകയോ, നിങ്ങളെ നിങ്ങളുടെ ഭവനങ്ങളിൽനിന്നു പുറത്താക്കുകയോ ചെയ്തിട്ടില്ലാത്ത വിമതസ്ഥൻമാർക്ക് നന്മചെയ്യുന്നതും അവരോട് നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു തടയുന്നില്ല. നീതിനിഷ്ഠന്മാരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്. മതത്തിന്റെ പേരിൽ നിങ്ങളെ ആക്രമിക്കുകയും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ ബഹിഷ്കരിക്കുന്നതിന് സഹായിക്കുകയും ചെയ്തിട്ടുള്ളവരെ മിത്രങ്ങളാക്കി വയ്ക്കുന്നതേ അല്ലാഹു നിരോധിക്കുന്നുള്ളൂ. ഇവരെ വല്ലവരും മിത്രങ്ങളാക്കിയാൽ അവർ അക്രമികൾ തന്നെയാണ്."[37]

ഇത്രയും പറഞ്ഞതിൽനിന്ന് ഭാരതീയ വേദങ്ങളിലും ഖുർആനിലും വിവരിച്ചിട്ടുള്ള ദൈവികഗുണങ്ങൾ തമ്മിൽ അടുത്ത സാദൃശ്യമുണ്ടെന്ന് വ്യക്തമായി. പക്ഷേ, ഭാരതീയവേദങ്ങൾ കവിഭാവനകളും പ്രതീകാത്മകശൈലികളും നിറഞ്ഞവയാകയാൽ അവയിലെ ആധ്യാത്മിക തത്വങ്ങൾ ഉന്നത ഭാവനാസമ്പന്നരായ വിദ്വാന്മാർക്കല്ലാതെ മനസ്സിലാക്കുവാൻ പ്രയാസമാണെന്ന് മാത്രം!

## കുറിപ്പുകൾ

1. ഉദ്ധരണം: മാതൃഭൂമി വാർഷികപ്പതിപ്പ് (1972), പേ. 50
2. The Hindu, August 22-1969
3. An Introduction to Jung's Psychology p. 69
4. ഉദ്ധരണം: മാതൃഭൂമി വാർഷികപ്പതിപ്പ് 1972 പേ. 50
5. ഉദ്ധരണം: Ibid P. 49
6. ഉദ്ധരണം: Ibid P. 49 നോക്കുക.
7. ഉദ്ധരണം: Ibid പേ. 49 നോക്കുക.
8. ഉദാഹരണമായി, അ. 17, സൂ. 77; അ. 33, സൂ. 62; അ. 30, സൂ. 30 നോക്കുക.
9. ഖുർആൻ 3: 83
10. Ibid അ. 17, സൂ. 44

11. ഉദാഹരണമായി അ. 22, സൂ. 62; അ. 10, സൂ. 32
12. ഉദാഹരണമായി അ. 2, സൂ. 147; അ. 10, സൂ. 108
13. ഉദാഹരണമായി അ. 28, സൂ. 53; അ. 35, സൂ. 31; അ. 57, സൂ. 16
14. അ. 6, സൂ. 73; അ. 15, സൂ. 85; അ. 16, സൂ. 3
15. അ. 3, സൂ. 190, 191
16. ആമുഖം പേ. 10
17. ലോകചരിത്രം വാ. 1, പേ. 135
18. ഋഗ്വേദം മ. 8, സൂ. 30, ഋ. 2
19. ലോകചരിത്രം വാ. 1, പേ. 134
20. ഋഗ്വേദം മ. 1, സൂ. 164, ഋ. 46
21. ഋഗ്വേദത്തിലൂടെ പേ. 125
22. ഋഗ്വേദം മ: 1, സൂ. 165, ഋ. 46
23. Ibid മ. 10, സൂ. 114, ഋ. 5
24. Ibid മ. 10, സൂ. 82, ഋ. 3
25. വേദാർഥ വിചാരം പേ. 33
26. അറബി സാഹിത്യചരിത്രം by കൃഷ്ണചൈതന്യ പേ. 221
27. Ibid P. 221
28. പേ. 118-121 നോക്കുക.
29. കൃഷ്ണ യജുർവേദം, അധ്യായം 4, മന്ത്രം 6-9
30. അഥർവ്വ വേദം കാണ്ഡം 4, വർഗ്ഗം 16, മന്ത്രം 8
31. ഖുർആൻ 58: 7
32. Ibid 50: 16
33. പുറപ്പാട് 20: 16, 17
34. സംസ്കൃത സാഹിത്യ ചരിത്രം വാ. 1, പേ. 126
35. ഖുർആൻ 4: 135
36. Ibid 5: 8
37. Ibid 60: 8, 9

## അധ്യായം ഇരുപത്തഞ്ച്

# കർമ കാണ്ഡം

**ഇ**ൻഡോ-ആര്യന്മാരുടെ മുഖ്യമായ ആരാധനാരീതി യാഗം അഥവാ യജ്ഞം ആയിരുന്നു. യാഗവിധികളും അതിൽ മന്ത്രങ്ങളുടെ സ്ഥാനവും വിവരിക്കുകയെന്നതാണ് വേദഭാഗമായ ബ്രാഹ്മണങ്ങളുടെ കാര്യമായ ജോലി. ബ്രാഹ്മണം എന്നാൽ ബ്രഹ്മത്തെ (ഈശ്വരനെ) സംബന്ധിക്കുന്നത് എന്നാണർഥം. ബ്രാഹ്മണങ്ങളുടെ അനുബന്ധങ്ങളും പരിശിഷ്ടങ്ങളുമാണ് ആരണ്യകങ്ങൾ. അരണ്യ(വന)ത്തിൽ വച്ചു നടത്തുന്ന മനനമാർഗ്ഗങ്ങളെയാണ് അവ ഉപദേശിക്കുന്നത്. വാനപ്രസ്ഥാശ്രമം സ്വീകരിച്ചവരെ ആരണ്യകങ്ങൾ മനനമാർഗം പഠിപ്പിക്കുന്നു.

ബ്രാഹ്മണങ്ങളെ 'കർമകാണ്ഡം'എന്നു വിശേഷിപ്പിക്കുന്നു. ഋക്, യജുസ്സ്, സാമം, അഥർവം എന്നീ നാലു വേദസംഹിതകളോടും ബന്ധ

പ്പെടുന്ന ബ്രാഹ്മണങ്ങളും ആരണ്യകങ്ങളുമുണ്ടെന്നാണ് വയ്പ്. എന്നാൽ ഏതാനും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും മാത്രമേ ഇന്ന് നിലവിലുള്ളൂ.

വൈദിക സാഹിത്യം എന്നു പറഞ്ഞാൽ സംഹിതകളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളുമാണ്. ഓരോ ഇനത്തിലും വിവിധ സമാഹാരങ്ങളുണ്ട്. ബ്രാഹ്മണൻമാർക്കിടയിൽ ഉദ്ഭവിച്ച അഭിപ്രായവ്യത്യാസങ്ങളുടെ ഫലമായിട്ടാണ് വിഭിന്നമായ ഇത്രയധികം സാഹിത്യങ്ങൾ ഉണ്ടായത്. ശ്രീ. രാഹുൽ സാംകൃത്യായൻ എഴുതുന്നു:

"വൈദികസാഹിത്യത്തിന്റേയും കർമകാണ്ഡത്തിന്റേയും സംരക്ഷകന്മാരായ ബ്രാഹ്മണൻമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ നിമിത്തം വിഭിന്നവർഗങ്ങളുണ്ടായി. ഇവയെയാണ് 'ശാഖകൾ' എന്നു പറയുന്നത്. ഓരോ ശാഖക്കും സ്വന്തമായ സംഹിതകളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉണ്ടായിരുന്നു. ഉദാഹരണമായി, തൈത്തരീയ ശാഖക്ക് തൈത്തരീയ സംഹിതകളും തൈത്തരീയ ബ്രാഹ്മണവും തൈത്തരീയ ആരണ്യകവുമുണ്ടായിരുന്നു. ഇന്ന് നിരവധി ശാഖകളുടെ സംഹിതകളും ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപലബ്ധമല്ല."[1]

ആദി ആര്യൻമാരുടെ ആരാധനാ സമ്പ്രദായങ്ങളെപ്പറ്റിയാണ് ബ്രാഹ്മണങ്ങൾ പ്രതിപാദിക്കുന്നതെന്ന് സൂചിപ്പിച്ചുവല്ലോ. നിരവധി യജ്ഞമാർഗങ്ങൾ അവയിൽ വിവരിച്ചുകാണാം. ശുക്ല യജുർവേദത്തോടു ബന്ധപ്പെട്ട 'ശതപഥബ്രാഹ്മണം' കൂടുതൽ പ്രമാണയോഗ്യമായി കരുതപ്പെടുന്നു. ഇതിന്റെ അവസാന കാണ്ഡത്തിനാണ് 'ബൃഹദാരണ്യകം' എന്നു പറയുന്നത്. ബൃഹദാരണ്യകം ഒരുപനിഷത്തു കൂടിയാണ്. എന്നാൽ എല്ലാ ആരണ്യകങ്ങളും ഉപനിഷത്തുകളല്ല. നൂറു മാർഗം എന്നാണ് ശതപഥം എന്നതിന്റെ അർഥം.

ബ്രാഹ്മണങ്ങളിൽ വിസ്തരിക്കപ്പെട്ട യജ്ഞങ്ങളുടേയും യാഗങ്ങളുടേയും രീതി ഇവിടെ വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, ശതപഥത്തിലെ ഒന്നു രണ്ടു യാഗരീതികളെപ്പറ്റി അൽപമൊന്ന് വിവരിക്കുന്നു. ഇൻഡോ-ആര്യൻമാരുടെ പ്രാചീനാചാരങ്ങളെക്കുറിച്ച ഏതാണ്ടൊരു ചിത്രം അതിൽനിന്നു മനസ്സിലാകും.

## അശ്വമേധ യാഗം

സോമയാഗം, സൗത്രാമണിയാഗം, പൗണ്ഡരീകം, അശ്വമേധയാഗം തുടങ്ങി നിരവധി ആരാധനാസമ്പ്രദായങ്ങളുണ്ടായിരുന്നു ഇൻഡോ-ആര്യൻമാർക്ക്. ഇക്കാലത്ത് അവയുടെ പ്രാധാന്യം തുലോം കുറഞ്ഞിരിക്കുന്നു. അശ്വമേധയാഗം വമ്പിച്ച പണച്ചെലവും വിപുലമായ പരിപാടിയുമുള്ള ഒരു മതചടങ്ങായിരുന്നു. ക്ഷത്രിയ രാജാക്കൻമാർ ശത്രുക്കളുമായുള്ള യുദ്ധത്തിൽ വിജയം വരിച്ചാൽ നടത്തിവന്നിരുന്ന ഒരു യാഗമാണിത്. യുദ്ധത്തിൽ ചിലപ്പോൾ ബ്രാഹ്മണ ജാതിയിൽ പെട്ടവരെ വധിച്ചെന്നു വരും. മഹാപാപങ്ങളിൽ പെടുന്നു ഈ ബ്രാഹ്മണഹത്യ. ഇമ്മാതിരി പാപങ്ങൾ പൊറുപ്പിക്കാനുള്ള ഒരു പ്രായശ്ചിത്തം

കൂടിയാകുന്നു അശ്വമേധം. ഇതിന്റെ ചടങ്ങുകൾ ഒരു കൊല്ലം മുഴുവൻ നീണ്ടുനിൽക്കും. ആ യാഗപരിപാടി സ്വല്പമൊന്നു വിവരിക്കുന്നു.

ആദ്യമായി ഒരു യജ്ഞകവാടം നിർമിക്കുകയും യാഗം നടത്തുന്നതിന് നേതൃത്വം കൊടുക്കുന്ന ബ്രാഹ്മണരെ നിയമിക്കുകയും ചെയ്യുന്നു. ഹോതാവ്, അധ്വര്യു, ബ്രഹ്മൻ, ഉദ്ഗാതാവ് എന്നിങ്ങനെ നാലുതരം പുരോഹിതസമൂഹമുണ്ടായിരിക്കും. ഓരോ സമൂഹത്തിനും സുനിശ്ചിത കൃത്യങ്ങളുണ്ട്. ഇവരെ പൊതുവെ 'ഋത്വിക്കു'കൾ എന്നുവിളിക്കുന്നു. അനന്തരം ലക്ഷണമൊത്ത ഒരു അശ്വത്തെ തിരഞ്ഞെടുക്കും. പുരോഹിതൻമാർക്ക് ആയിരം പശുവും നൂറു പലം സ്വർണ്ണവും വീതം ദക്ഷിണനല്കണം. യാഗം ചെയ്യിക്കുന്ന ആൾ-ഇദ്ദേഹത്തെ 'യജമാനൻ' എന്നു വിളിക്കുന്നു- നഖശിഖാദികൾ മുറിച്ച്, ശരീരം വൃത്തിയാക്കി, പുതുവസ്ത്രമണിഞ്ഞ്, യാഗശാലയിൽ പ്രവേശിക്കുന്നു. തദവസരം യജമാനന്റെ പത്നിമാർ, പുത്രിമാരുടേയും പരിചാരികമാരുടേയും അകമ്പടിയോടുകൂടി അവിടെ പ്രത്യക്ഷപ്പെടുന്നു. രാജാവിന്, നാലുവീതം ഭാര്യമാരുണ്ടാവും: മഹിഷി (മുഖ്യഭാര്യ), വാവാത (ഇഷ്ടഭാര്യ), പരിവൃക്ത (അവഗണിത ഭാര്യ), പാലാഗലി (ശൂദ്രജാതിയിലുള്ള ഭാര്യ). ഇവർ യഥാക്രമം പ്രത്യക്ഷപ്പെടുന്നു. ഇവരെ അകമ്പടി സേവിക്കുന്നതിന് നാനൂറോളം സ്ത്രീകൾ വേറേയുമുണ്ടായിരിക്കും. പുരോഹിതൻമാർ യജ്ഞകവാടത്തിന്റെ നാലു വശങ്ങളിലായി നില്പുറപ്പിക്കും. ഓരോ പുരോഹിതസമൂഹത്തിന്റേയും സമീപത്തായി രാജാക്കന്മാർ, ഗ്രാമപ്രമാണിമാർ മുതലായ പ്രമുഖ വ്യക്തികൾ സ്ഥലം പിടിക്കും. അങ്ങനെ അശ്വമേധാശ്വം യാഗശാലയെ പ്രദക്ഷിണം വെയ്ക്കുന്നു. പുരോഹിതവൃന്ദം അശ്വത്തിന്റെ മേൽ തീർഥം തളിക്കും. അനന്തരം മധുമത്തനായ ഒരാൾ ഒരു പട്ടിയെ ഉലക്കകൊണ്ട് -സിധ്രകം എന്നാണീ ഉലക്കയുടെ പേര്- അടിച്ചുകൊല്ലണം. പിന്നെ അശ്വത്തെ വെള്ളത്തിലിറക്കി, വധിക്കപ്പെട്ട പട്ടിയുടെ ശവം കുതിരയുടെ കീഴിലൂടെ ചൂരൽകൊണ്ട് കുരുക്കി ഒഴുക്കണം. ശേഷം കുതിരയെ യാഗശാലയിൽ കൊണ്ടുവന്ന് അതിന്റെ മേൽ ചില ആഹുതികൾ നടത്തുന്നു. പുല്ലുകൊണ്ടു നിർമിച്ച ഒരു കയറുകൊണ്ട് കുതിരയെ ബന്ധിച്ചു, മന്ത്രങ്ങൾ ഉരുവിട്ട് തീർഥാഭിഷേകം ചെയ്യും. യജമാനൻ കുതിരയുടെ ചെവിയിൽ ഇങ്ങനെ മന്ത്രിക്കും: "ദേവന്മാരേ, ദിക്പാലൻമാരേ! ഈ അശ്വത്തെ രക്ഷിപ്പിൻ!" അങ്ങനെ കുതിരയെ രാജ്യം ചുറ്റാൻ അഴിച്ചുവിടുന്നു.

കുതിരയുടെ സഞ്ചാരവേളയിൽ അതിനോടൊപ്പം ആയുധധാരികളായ രക്ഷികളും മൂന്നു ഇഷ്ടികളുമുണ്ടായിരിക്കും. ഇഷ്ടികൾ രാജാവിന്റെ അപദാനങ്ങൾ കീർത്തിച്ചു ഗാഥകൾ പാടും. പെൺകുതിരയുമായി സമ്പർക്കം പുലർത്തുന്നതിനോ വെള്ളത്തിലിറങ്ങുന്നതിനോ അശ്വമേധാശ്വത്തെ അനുവദിക്കുകയില്ല. അതിന്റെ സഞ്ചാരകാലത്ത് യാഗശാലയിൽ വച്ചും രാജാവിനെ സ്തുതിച്ചുകൊണ്ടുള്ള ഗാനാലാപനങ്ങളും മറ്റും നടക്കും. ദിവസേന സായം കാലത്ത് 'ധൃതി' എന്നു പേരുള്ള

ഹോമവും നടത്തപ്പെടും. ഹോതാവ്, അധ്വര്യു എന്നീ പ്രധാന പുരോഹിതൻമാർക്ക് അക്കാലത്ത് ധാരാളം ദക്ഷിണ നല്കപ്പെടും.

വർഷം തികയുമ്പോൾ അശ്വത്തെ തിരിച്ചുകൊണ്ടുവരുന്നു. അനന്തര ദിവസങ്ങളിലെ ചടങ്ങുകളാണ് ഏറ്റവും പ്രധാനം. ആദ്യത്തെ ദിവസം അനവധി ജീവികൾ വധിക്കപ്പെടും. യാഗശാലയിൽ ഇരുപത്തൊന്നു സ്തംഭങ്ങൾ നാട്ടിയിരിക്കും. ഓരോ ദേവന്റെയും പേരിൽ പല തരം ജന്തുക്കൾ ആഹുതിചെയ്യപ്പെടും. ഇക്കൂട്ടത്തിൽ പശുക്കളുമുണ്ടായിരിക്കുമെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മഹാഭാരതത്തിൽ യുധിഷ്ഠിരന്റെ അശ്വമേധത്തെ വർണിച്ചിടത്ത് പറയുന്നു: "പശുക്കളെക്കൊൽവതിനുമന്തം കണ്ടീലതിൽ ജനം!" (കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തനം നോക്കുക.)

രണ്ടാം ദിവസത്തിലെ ചടങ്ങുകളാണ് ഏറ്റവും അപഹാസകരമായി ത്തോന്നുന്നത്. അന്ന് അശ്വമേധാശ്വത്തെ വേറെ മൂന്നു കുതിരകളോടൊന്നിച്ച് രഥത്തിൽ പൂട്ടി, അതിൽ യജമാനനും പ്രധാന പുരോഹിതനായ അധ്വര്യുവും കയറിയിരിക്കുകയും അങ്ങനെ ജലാശയത്തിൽ ഇറക്കുകയും ചെയ്യും. രഥം യാഗശാലയിൽ തിരിച്ചെത്തുന്നതോടെ രാജപത്നിമാരും പരിചാരികമാരും പ്രത്യക്ഷപ്പെടുന്നു. പട്ടമഹിഷി അശ്വത്തിന്റെ മുൻഭാഗത്തും, വാവാതാവ് മധ്യഭാഗത്തും, പരിവൃക്താവ് പിൻഭാഗത്തും വെണ്ണ പുരട്ടും. ഇത്തരുണത്തിൽ പുരോഹിതന്മാർ ഋഗ്വേദ സൂക്തങ്ങൾ ചൊല്ലി അശ്വത്തെ സ്തുതിക്കും.[2]

അനന്തരം തറയിൽ ദർഭപ്പുല്ലും കംബളവും വിരിച്ച് അതിൽ ഒരു സ്വർണക്ഷണമിട്ട് കുതിരയെ അതിൻമേൽ കിടത്തി ശ്വാസം മുട്ടിച്ച് കൊല്ലുന്നു. രാജ്ഞിമാർ 'ഗണാനാം ത്വാ' എന്നുരുവിട്ട് ഇടത്തുനിന്ന് വലത്തോട്ടും 'പ്രിയനാം ത്വാ' എന്നുച്ചരിച്ച് വലത്തുനിന്നിടത്തോട്ടും, 'നിധീനാം ത്വാ' എന്നു ചൊല്ലി വീണ്ടും ഇടത്തുനിന്നു വലത്തോട്ടും നടക്കുന്നു. ഇങ്ങനെ മൂന്നു പ്രാവശ്യം ആവർത്തിക്കുകയും ചെയ്യും. തദവസരം തങ്ങളുടെ വസ്ത്രാഞ്ചലം കൊണ്ട് കുതിരയെ വീശുകയും വേണം. ഇത്തരുണത്തിൽ രാജ്ഞിമാർ തങ്ങളുടെ വലതുവശത്തെ തലമുടി മേല്പോട്ട് കെട്ടിവെച്ച്, ഇടതുവശത്തു അഴിച്ചിടുകയും ചെയ്യണം.[3]

ജീവൻ പോയിക്കഴിഞ്ഞാൽ യജമാനൻ തന്റെ മഹിഷിയെ കുതിരയുടെ മേലേക്ക് 'സ്വർഗീയ സുഖം അനുഭവിച്ചുകൊള്ളുക' എന്നുച്ചരിച്ചു തള്ളിയിടുകയും അധ്വര്യു അവരെ കംബളം വലിച്ചു മൂടുകയും ചെയ്യും. 'ഇതുതന്നെയാണ് സ്വർഗലോകം...' എന്നു പറഞ്ഞ് മഹിഷി കുതിരയുമായി സംഭോഗത്തിലേർപ്പെടും.[4] ഇത്തരുണത്തിൽ പുരോഹിതൻമാരും രാജപത്നിമാരുടെ പരിചാരികമാരും തമ്മിൽ അശ്ലീല വാക്സമരം നടത്തും.

അധ്വര്യു പട്ടമഹിഷിയെ നോക്കി പറയും: "കുമാരീ, ഹയെ ഹയെ, കുമാരീ! യകാ/സകൗ ശകുന്തികാ!" ഇതിനു മറുപടിയായി പട്ടമഹിഷി പറയും: 'അധ്വര്യോ, ഹയെ ഹയെ, അധ്വര്യോ! യകോ/സകൗ ശകുന്തിക!"[5]

അനന്തരം മറ്റൊരു പുരോഹിതനായ ബ്രഹ്മൻ കുമാരിയെ നോക്കി 'മഹിഷീ; ഹയെ ഹയെ, മഹിഷീ! നിന്റെ അച്ഛനമ്മമാർ മുളച്ചുവരുന്ന വൃക്ഷ

ത്തിന്റെ അഗ്രങ്ങളാണ്' എന്നു വിളിച്ചു പറയും. കുമാരിക്ക് നൂറു രജപുത്രിമാർ പരിചാരികമാരായുണ്ടായിരിക്കും. ഇവർ ബ്രഹ്മനെ അഭിമുഖീകരിച്ചു മറുപടി പറയും: "ബ്രഹ്മൻ, ഹയെ, ഹയെ, ബ്രഹ്മൻ! നിങ്ങളുടെ അച്ഛനമ്മമാർ ക്രീഡിക്കുന്ന വൃക്ഷത്തിന്റെ മുകളിലത്രെ!" [6]

ഇതിനുശേഷം വേറൊരു പുരോഹിതനായ ഉദ്ഗാതാവ് പട്ടമഹിഷിയുടെ സപത്നിയായ വാവാതാവിനെ നോക്കി പറയും: "വാവാതാവേ, ഹയെ ഹയെ, വാവാതാവേ! ഈ യജമാന പത്നിയുടെ ...!"[7] ഇവർക്ക് നൂറു ക്ഷത്രിയസ്ത്രീകൾ പരിചാരികമാരായുണ്ടാവും. ഇവർ ഉദ്ഗാതാവിനെ അഭിമുഖീകരിച്ചു മറുപടി പറയും: "ഉദ്ഗാതാവേ, ഹയെ ഹയെ, ഉദ്ഗാതാവേ! അങ്ങ് കുതിരയുടെ...[8]

പിന്നൊരു പുരോഹിതനായ ഹോതാവും മഹിഷിയുടെ മറ്റൊരു സപത്നിയായ പരിവൃക്താവിനെ അഭിമുഖീകരിച്ചു ഇതേ പ്രകാരം ഉരുവിടും. ഇവർക്ക് പരിചാരികമാരായി നൂറു സൂത ഗ്രാമണികളുണ്ടായിരിക്കും. അവർ ഹോതാവിന് മറുപടിയെന്നോണം മേൽ പ്രകാരം അശ്ലീലോക്തികൾ ഉരുവിടും. ക്ഷത്താവ് പാലാഗലിയോടും ഇപ്രകാരം അശ്ലീലോക്തികൾ പറയും. അവർക്ക് ക്ഷത്രിയജാതിയിൽപെട്ട നൂറു വെപ്പാട്ടികൾ പരിചാരികമാരായുണ്ടായിരിക്കും. ഇവർ ക്ഷത്താവിനോടും മേൽപ്രകാരം മറുപടി പറയും.[9]

അവസാനമായി എല്ലാ സ്ത്രീകളും ചേർന്ന്, രാജപത്നിയെ പിടിച്ചെഴുന്നേല്പിക്കുന്നു. ഇയ്യവസരത്തിലും നിർദിഷ്ടമായ മന്ത്രങ്ങളും പ്രാർഥനകളും ഉരുവിടാനുണ്ട്. പിന്നീട് കുതിരയെ മുറിക്കുന്ന ചടങ്ങാണ്. പട്ടമഹിഷി സ്വർണക്കത്തിയും വാവാത വെള്ളിക്കത്തിയും പരിവൃക്ത ഇരുമ്പുകത്തിയും ഉപയോഗിച്ചാണ് 'വപ' (മേധസ്സ്) എടുക്കേണ്ടത്. ഋത്വിക് വപ പാകം ചെയ്യും. ഈ കൃത്യത്തിന് മുമ്പ് ബ്രാഹ്മണരായ പണ്ഡിതൻമാർ ആധ്യാത്മിക കാര്യങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുന്ന മറ്റൊരു ചടങ്ങുമുണ്ട്. അതിന് 'ബ്രഹ്മോദ്യം' എന്നു പറയുന്നു.

മേധസ്സ് ഹോമിച്ചുകഴിഞ്ഞാൽ യജമാനൻ സിംഹത്തിന്റെയോ പുലിയുടെയോ തോലിൽ ഉപവിഷ്ടനാകും. അദ്ദേഹത്തിന്റെ ശിരസ്സിൽ ഒരു കഷണം സ്വർണ്ണം വെച്ച്, തലക്കുമുകളിൽ കാളത്തോൽ പിടിച്ച്, ഹവ്യാവശിഷ്ടം ചൊരിയുന്നു. ഇതോടെ രണ്ടാം ദിവസത്തെ പരിപാടി അവസാനിക്കും.

മൂന്നാം ദിവസമാണ് യജമാനന്റെ 'അവഭൃഥസ്നാനം' എന്ന ചടങ്ങ്. പിംഗലവർണമുള്ള കണ്ണും ഉന്തിയ പല്ലും കഷണ്ടിത്തലയും പാണ്ഡുമുള്ള ഒരാൾ വെള്ളത്തിൽ മുങ്ങും. അയാളുടെ തലക്കു മീതെ 'ജംബുക സ്വാഹാ' എന്നു പറഞ്ഞുകൊണ്ട് ഒരു ബലിയർപ്പിക്കും. ഇതത്രെ അശ്വമേധയാഗത്തിലെ അവസാന ചടങ്ങ്.[10]

ഈ കർമങ്ങൾ നടക്കുമ്പോഴൊക്കെ പുരോഹിതന്മാരായ ബ്രാഹ്മണന്മാർക്ക് ദക്ഷിണകൾ ധാരാളമായി നൽകപ്പെടുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഒന്നാമത്തെ ദിവസവും മൂന്നാമത്തെ ദിവസവും യജ

മാനൻ ഋത്വിക്കുകൾക്ക് ആയിരം പശുക്കൾ വീതം നൽകണം. കൂടാതെ യുദ്ധത്തിൽ ശത്രുക്കളിൽനിന്നു പിടിച്ചെടുത്ത സ്വത്തുക്കളും അവർക്ക് വീതിച്ചുകൊടുക്കണം. കിഴക്കൻ ദിക്കുകളിലെ ധനം ഹോതാവിന്; തെക്കൻ ദിക്കുകളിലേത് ബ്രഹ്മാവിന്; പടിഞ്ഞാറൻ ദിക്കുകളിലേത് അധ്വര്യുവിന്; വടക്കൻ ദിക്കുകളിലേത് ഉദ്ഗാതാവിനും![11]

## ചരിത്രപരത

ഇത്തരം യാഗപരിപാടികൾ പ്രാചീന ഭാരതത്തിൽ നടന്നിരുന്നുവെന്ന കാര്യത്തിൽ ചരിത്രം സംശയിക്കുന്നില്ല. ഋഗ്വേദം ഒന്നാം മണ്ഡലത്തിലെ 162-ഉം 163-ഉം സൂക്തങ്ങൾ അശ്വമേധയാഗത്തെയാണ് വർണിച്ചിട്ടുള്ളത്. എന്നാൽ, വേദത്തിൽ കാണുന്ന ഈ യാഗത്തിന് അത്യഗാധവും അതിഗഹനവുമായ ആന്തരാർഥങ്ങളാണുള്ളതെന്നും ബാഹ്യാർഥത്തിൽ അതെടുക്കുന്നത് ശരിയല്ലെന്നും ഇന്ന് ചില ഭാരതീയ പണ്ഡിതന്മാർ വാദിക്കുന്നു. പക്ഷേ, നിഷ്പക്ഷ നിരൂപകന്മാർ ഈ വാദം അംഗീകരിപ്പാൻ സന്നദ്ധരല്ല. മേൽ പ്രസ്താവിച്ച തരത്തിലുള്ള മതചടങ്ങുകൾ മറ്റു ചിലേടത്തും നടന്നിരുന്നതായി ചരിത്രാന്വേഷകന്മാർ തെളിയിച്ചിട്ടുണ്ട്. ഉദാഹരണമായി, യൂറോപ്പിന്റെ ചില ഭാഗങ്ങളിൽ അശ്വമേധയാഗം നടന്നിരുന്നുവത്രേ. Vision of India എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"യൂറോപ്പിന്റെ വടക്കുഭാഗങ്ങളിലുള്ള ചില സ്ഥലങ്ങളിൽ അശ്വമേധയാഗം നടന്നിരുന്നതിന് തെളിവുണ്ട്. ഹിന്ദുക്കളുടെ ചില ആചാരകർമങ്ങൾ ലിത്വാനിയായിൽ ഇപ്പോഴും നടന്നുവരുന്നു. ഇന്ത്യയിലെ ചില നദികളുടേയും മറ്റും പേരുകളും ഇന്ദ്രൻ, വരുണൻ, പുരു എന്നീ ദേവനാമങ്ങളും അവിടെ രൂപാന്തരപ്പെട്ടു കാണാവുന്നതാണ്."[12]

മൃഗവുമായുള്ള ലൈംഗികസമ്പർക്കം പ്രാകൃത സമുദായങ്ങൾക്കിടയിൽ പുരാതനകാലത്ത് മതചടങ്ങെന്ന നിലയിൽ നടപ്പുണ്ടായിരുന്നതായും തെളിയിക്കപ്പെട്ടിട്ടുണ്ട്. ഹെസ്നാർഡി (Hesnard)നെ ഉദ്ധരിച്ച് റസ്റ്റം ജി. മേത്ത രേഖപ്പെടുത്തുന്നതു കാണുക:

"ഹെസ്നാർഡിന്റെ അഭിപ്രായമനുസരിച്ച്, പ്രാകൃത വർഗങ്ങൾക്കിടയിൽ മൃഗവുമായുള്ള ലൈംഗികചേർച്ച നടപ്പുണ്ടായിരുന്നു. ഉദാഹരണത്തിന് ചെറുപ്പക്കാർ ആദ്യമായി നായാടിക്കൊല്ലുന്ന മൃഗങ്ങളുമായി ലൈംഗികവൃത്തി ആചരിക്കുന്ന സമ്പ്രദായം ആഫ്രിക്കയുടെ ചില ഭാഗങ്ങളിൽ നടന്നിരുന്നു."[13]

ഇതുപ്രകാരം പ്രാചീന ഈജിപ്തിൽ ആടുകളും കാളകളുമായി സ്ത്രീകൾ സംഭോഗം നടത്തുന്ന മതചടങ്ങുകൾ ആചരിക്കപ്പെട്ടിരുന്നുവത്രെ. ഗ്രീക്കുചരിത്രകാരനായ ഹെറോഡോട്ടസിനേയും (ക്രി. മു. 484-425) മറ്റും ഉദ്ധരിച്ചു മേത്ത എഴുതുന്നു:

"ഈജിപ്തിലെ മെംഡസ് (Memdas) എന്ന സ്ഥലത്ത് ആടുകളുമായി സ്ത്രീകൾ സംഭോഗംനടത്തുന്ന മതചടങ്ങ് ആചരിക്കപ്പെട്ടിരുന്നതായി ചരിത്രകാരൻമാരായ ഹെറോഡോട്ടസും ഫ്ളുട്ടാർക്കും പറഞ്ഞിട്ടുണ്ട്. മെംഫിസ് (Memphis) എന്നിടത്ത് ഒരു വിശുദ്ധ കാളയെ ഈ ആവശ്യത്തിനായി ഉപയോ

ഗിച്ചുവന്നിരുന്നു. കറുത്ത നിറവും നെറ്റിയിൽ വെളുത്ത പുള്ളിയും ഒരു ഭാഗത്ത് ചന്ദ്രക്കലയ്ക്ക് തുല്യമായ അടയാളവും ഉള്ള ഒരു കാളയെ തേടിപ്പിടിച്ച്, ആഘോഷപൂർവം ദേവാലയത്തിൽ കൊണ്ടുവന്നു, നാല്പതുദിവസം കെട്ടിയിടും. ഈ കാലത്ത് സ്ത്രീകൾക്കു മാത്രമേ അതിനെ സമീപിക്കാവൂ. അവർ അതിന് തീറ്റകൊടുക്കുക മാത്രമല്ല, സ്വശരീരത്തെ സമർപ്പിക്കുകയും ചെയ്യും."[14]

ഇൻഡോ-ആര്യന്മാരുടെ അശ്വമേധയാഗത്തോട് ഏകദേശം സാമ്യമുള്ള ഒരു മതകർമമായിരുന്നു ഇത്. ഇത്രയും പ്രസ്താവിച്ചതിൽനിന്ന് ചരിത്രപരമായ മറ്റൊരു വസ്തുത തെളിയുന്നു. ഇൻഡോ-ആര്യന്മാരുടെ സഹോദരന്മാർ ഈജിപ്തിലും മറ്റും കുടിയേറിപ്പാർത്തിരുന്നുവെന്നതാണത്. അക്ഷോയ്കുമാർ മജുംദാർ തന്റെ 'ഹിൻഡുഹിസ്റ്ററി' എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു:

"ആര്യന്മാർ കാലാന്തരത്തിൽ പശ്ചിമേഷ്യാദേശങ്ങളിൽ കുടിയേറിപ്പാർക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിച്ചു. അതിനു മുമ്പ് അവർ ബാബിലോണിയ, അസ്സീരിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു."[15]

### കഴുതയാഗം

അശ്വമേധംപോലെ കഴുതയാഗം എന്നൊരു മതചടങ്ങും പ്രാചീനാര്യന്മാർക്കിടയിൽ നടപ്പുണ്ടായിരുന്നു. യാഗം ദീക്ഷിക്കുന്ന യജമാനൻ ബ്രഹ്മചാരിയായി വർത്തിക്കണമെന്നാണ് വിധി. അഥവാ ബ്രഹ്മചര്യം പിഴച്ചുപോയാൽ അതിന്റെ പ്രായശ്ചിത്തമായി കഴുതയാഗം നടത്തണം.[16] ഇതിനു തുല്യമായ ചില ആചാരങ്ങൾ മധ്യപൗരസ്ത്യരാജ്യങ്ങളിൽ പ്രാചീന കാലത്ത് നടപ്പുണ്ടായിരുന്നുവെന്ന് ചരിത്രഗവേഷകൻമാർ പറയുന്നു. ചിലേടങ്ങളിൽ വ്യഭിചാരിണികളായ സ്ത്രീകളെ ശിക്ഷിക്കുന്നതിനാണ് കഴുതയെ ഉപയോഗപ്പെടുത്തിയിരുന്നത്. അവരെക്കൊണ്ട് കഴുതയുമായി സംഭോഗം ചെയ്യിച്ചിരുന്നു. റസ്സം തന്നെ പറയട്ടെ:

"പ്രാചീന കാലങ്ങളിൽ, കമ്പാനിയ (Campania) യിലെ ക്യൂമാക്ക് (Cumac) എന്നിടത്ത് വിശേഷിച്ചും, വ്യഭിചാരക്കുറ്റം ചെയ്യുന്ന സ്ത്രീകളെ ശിക്ഷിക്കുന്നതിന് കഴുതകളെ ഉപയോഗിച്ചിരുന്നു. ലാറ്റിയം (Latium) എന്നിടത്ത് കുറ്റക്കാരിയായ ഭാര്യയെക്കൊണ്ട്, ഒരു ശിക്ഷ എന്ന നിലയിൽ കഴുതയുമായി സംഭോഗം ചെയ്യിച്ചുവന്നിരുന്നു."[17]

ആകയാൽ ജന്തുക്കളെ കൊന്നു യാഗം നടത്തുന്ന ചടങ്ങുകളും മൃഗങ്ങളെക്കൊണ്ട് സംഭോഗംചെയ്യിക്കുന്ന സമ്പ്രദായവും പ്രാചീന ആര്യൻമാർക്കിടയിൽ നടമാടിയിരുന്നുവെങ്കിൽ അതിലൊട്ടും അദ്ഭുതത്തിനവകാശമില്ല. അത്തരം ആരാധനാപരിപാടികൾ ഇന്ത്യയിൽ മാത്രമല്ല, ആര്യവർഗങ്ങൾ കുടിയേറിപ്പാർത്ത മറ്റിടങ്ങളിലും നടമാടിയിരുന്നു. മൃഗബലിയാണെങ്കിൽ ഇന്നും പല മതവിഭാഗങ്ങളിലും പുണ്യകർമമായി ആചരിച്ചുവരുന്നുണ്ട്.

## സൗത്രാമണി യാഗം

ശുക്ലയജുർവ്വേദീയ ശതപഥ ബ്രാഹ്മണത്തിൽ നിർദിഷ്ടമായ വേറൊരു യാഗമാണ് 'സൗത്രാമണി' എന്ന പേരിൽ അറിയപ്പെടുന്നത്. സോമയാഗത്തിനുശേഷം സൗത്രാമണിയാഗം നടത്തണമെന്നാണ് വേദ വിധി. സുപ്ലൻ സർജേയനോട് സോമം പാകപ്പെടുത്തിയെടുക്കുന്ന മാർഗ മാരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞുകൊടുത്തതാണ് സോമപാക വിധി യെന്ന് ശതപഥം പറയുന്നു.[18]

ഈ സോമയാഗത്തെപ്പറ്റിയും ആധുനിക ഭാരതീയ പണ്ഡിതന്മാർക്കി ടയിൽ തർക്കമുണ്ട്. അതൊരു ലഹരിപദാർഥമാണെന്നു ചിലർ; അല്ലെന്നു മറ്റു ചിലരും. നമുക്കീ തർക്കത്തിൽ പ്രത്യേക താത്പര്യമൊന്നുമില്ല. എന്നിരുന്നാലും സത്യാവസ്ഥ ആരായേണ്ടത് ചരിത്രവിദ്യാർഥിയുടെ കട മയാണല്ലോ. അതിനാൽ രണ്ടു കക്ഷികളുടെയും വാദങ്ങളും തെളിവു കളും ഇവിടെ പരിശോധിക്കുന്നത് യുക്തമാണെന്നു കരുതുന്നു.

സൗത്രാമണിയാഗത്തിനാവശ്യമായ സോമത്തെപ്പറ്റി ശതപഥ ബ്രാഹ്മണം 12-ാം കാണ്ഡം 8-ാം ബ്രാഹ്മണം 2-ാം പ്രപാഠകത്തിൽ വിവരിക്കുന്നുണ്ട്. അതിന്റെ ഒരു സംക്ഷിപ്ത രൂപം ചുവടെ കാണി ക്കുന്നു.

സോമം പർവതങ്ങളിലെ പാറക്കെട്ടുകളിലാണ് വളരുന്നതെന്ന് യജുർവേദം പറയുന്നു.[19] ഇവിടെ ചെറുവടി എന്നർഥമുള്ള 'ശാഷ്പം' എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ സോമം സസ്യവർഗ്ഗ ത്തിൽ പെട്ടതാണെന്നു മനസ്സിലാക്കാം. ഇതു പറിച്ചുകൊണ്ടുവന്ന് ശുദ്ധ ജലത്തിൽ ദിവസേന മുമ്മൂന്നു പ്രാവശ്യം കഴുകിയെടുക്കണം. ഓരോ ദിവസവും പശുവിൻപാലിൽ മൂന്ന് തവണ ശുദ്ധിചെയ്കയും വേണം. അനന്തരം അരച്ചുകലക്കി പാകപ്പെടുത്തും. ഇതു പാനംചെയ്താൽ വീര്യം വർധിക്കുമെന്നാണ് ശതപഥം പറയുന്നത്.

സോമലത പറിച്ചുകൊണ്ടുവന്ന് രാത്രിയിൽ ശുദ്ധജലത്തിൽ ഇട്ടു വെക്കണം. പിറ്റന്നാൾ കാലത്ത് അതെടുത്ത് കഴുകണം. ഈ ഒന്നാമത്തെ ശുദ്ധിക്ക് 'ആശ്വിനം' എന്നു പറയുന്നു. ഇപ്രകാരം രണ്ടാമത്തെ രാത്രിയും വെള്ളത്തിലിട്ടുവെക്കണം. അടുത്ത ദിവസം മധ്യാഹ്നത്തിലെടുത്തു കഴു കണം. ഈ രണ്ടാം ശുദ്ധിക്ക് 'സാരസ്വതം' എന്നുപേർ. മൂന്നാമത്തെ രാത്രിയിലും വെള്ളത്തിലിട്ട്, അടുത്ത പകലിൽ എടുത്തു കഴുകണം. ഈ മൂന്നാം ശുദ്ധിക്ക് 'ഐന്ദ്രം' എന്നു പറയുന്നു.

ശുദ്ധിയുടെ രണ്ടാമത്തെ ആവർത്തനം പശുവിൻ പാലിലായിരിക്ക ണം. ആദ്യത്തെ ദിവസം ഒരു പശുവിന്റെയും രണ്ടാമത്തെ ദിവസം രണ്ടു പശുക്കളുടേയും മൂന്നാമത്തെ ദിവസം മൂന്നു പശുക്കളുടേയും പാലി ലാണ് ശുദ്ധി ചെയ്യേണ്ടത്. ഈ ശുദ്ധികളാൽ സോമലത ജലാംശമുള്ള തായിത്തീരുന്നുവെന്നും ഇതാണ് സൗത്രാമണി യാഗത്തിനുചിതമായ സോമമെന്നും ശതപഥം പറയുന്നു:

"ഈ വിധ ശുദ്ധികളാൽ സോമം ജലാംശമുള്ളതായിത്തീരുന്നു;

സോമനെപ്പോലെയാവുന്നു. ഇതാണ് സൗത്രാമണിയാഗത്തിൽ ഉചിതമായിട്ടുള്ള സോമം. എല്ലാം നൈമയമായി ഭവിക്കുന്നു; അതുതന്നെ പ്രത്യക്ഷ സോമരൂപം പ്രാപിക്കുന്നു. ഇതുതന്നെയാണ് മധു!"[20]

ഈ വർണനത്തിൽനിന്നു സോമം ആദിയിൽ ജലാംശരഹിതമായിരുന്നുവെന്നും ശുദ്ധികൾ മൂലമാണ് അത് ജലാംശമുള്ളതായിത്തീരുന്നതെന്നും മനസ്സിലാകുന്നു. അതിനാൽ, ചിലർ ഊഹിക്കുന്നത് പർവതങ്ങളിൽ വളരുന്ന ഒന്നാംതരം കഞ്ചാവാണീ സോമലതയെന്നത്രെ.[21]

ആകയാൽ സോമരസം ഒരു ലഹരിപാനീയമാണെന്നു വിചാരിക്കണം. ഇതിലേക്കുപോദ്ബലകമാണ് അത് സേവിച്ചാൽ വീര്യവർധനവുണ്ടാകുമെന്ന വേദവാക്യം.[22] 'എൻഷ്യന്റ് ഹിസ്റ്ററി ഓഫ് ഇൻഡ്യ' എന്ന കൃതിയിൽ പറയുന്നു: "ഇന്ത്യൻ ജനത പൊതുവിൽ മദ്യപാനികളല്ല; എന്നാൽ യാഗാദികർമങ്ങൾ നടത്തിയിരുന്നവർ ധാരാളമായി മദ്യപാനം ചെയ്തിരുന്നു."[23]

യാഗം ചെയ്യിക്കുന്ന യജമാനനും ചെയ്യുന്ന ഋത്വിക്കുകളും സോമരസം നുകർന്നിരുന്നുവെന്നതിൽ സംശയമില്ല. ശതപഥം പറയുന്നു: "ഇതു വെള്ളത്തിൽ കലക്കി യാഗം ചെയ്യിക്കുന്ന യജമാനൻ ഒറ്റക്കിരുന്നു ഭക്ഷിക്കുന്നു; എല്ലാ ഋത്വിക്കുകളും സോമം ഭക്ഷിക്കുന്നു."[24]

"അധ്വര്യുക്കൾ എന്ന ഋത്വിക്കുകൾ ആശ്വിനവും, ഹോതാവ്, ബ്രഹ്മൻ, മൈത്രാവരുണൻ എന്നീ ഋത്വിക്കുകൾ സാരസ്വതവും യാഗം ചെയ്യിക്കുന്ന യജമാനൻ ഐന്ദ്രവും ഭക്ഷിക്കുന്നു. തനിക്കും തന്റെ സ്ഥാനത്തിനും വേണ്ടി യജമാനൻ അതു ഭക്ഷിക്കുന്നു."[25]

ചുരുക്കത്തിൽ സോമരസം ഒരു ലഹരിപദാർഥമാണെന്ന നിഗമനമാണ് ശരിയായി തോന്നുന്നത്. എന്നാൽ പണ്ഡിതനും 'വേദാർഥവിചാര'ത്തിന്റെ കർത്താവുമായ ശ്രീ. വി.കെ.എ. നാരായണ ഭട്ടതിരിയുടെ അഭിപ്രായത്തിൽ സോമം ഒരു ലഹരിപദാർഥമല്ല. അദ്ദേഹം പറയുന്നു:

"സോമപാലനത്തിലാണ് യജ്ഞതത്വം സ്ഥിതിചെയ്യുന്നത്. ലഹരിയുണ്ടാക്കുന്ന ചില ലതകൾ ഇടിച്ചുപിഴിഞ്ഞു കുടിക്കുക ആര്യൻമാരുടെ യജ്ഞത്തിൽ പ്രധാനമായിരുന്നു." ഇത്തരത്തിലാണ് സോമപാലനത്തെക്കുറിച്ചു പാശ്ചാത്യർ വ്യാഖ്യാനിക്കുന്നത്. ഇന്നു യാഗങ്ങളിൽ ഉപയോഗിക്കുന്ന സോമ ഒരു ലഹരി പദാർഥമല്ല. ഋത്വിക്കായി രണ്ടു തവണ സോമപാനംചെയ്യാൻ അവസരമുണ്ടായ എനിക്ക് സോമം ഒരു ലഹരിപദാർഥമല്ലെന്നു അനുഭവപ്പെട്ടിട്ടുണ്ട്."[26]

ഇക്കാലത്തെ സോമയെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. ഇതുകൊണ്ട് പ്രാചീന ആര്യന്മാർ ഉപയോഗിച്ചിരുന്ന സോമ ലഹരിപദാർഥമല്ലാതാവണമെന്നില്ല. കേരളത്തിൽ നമ്പൂതിരിമാർ നടത്തിവരുന്ന സോമയാഗത്തിന് സോമം നല്കുവാൻ ബാധ്യതപ്പെട്ടവർ തെക്കെ മലബാറിലെ കൊല്ലങ്കോട് നമ്പിടിമാരാണെന്നും, അവർ തദാവശ്യാർഥം, 'സോമലത' എന്ന പേരിൽ ഒരു ചെടി നട്ടുവളർത്തി വരുന്നുണ്ടെന്നും കേൾക്കുന്നു.[27] ഇത് സാക്ഷാൽ സോമം തന്നെയാണോ എന്നറിഞ്ഞുകൂടാ.

ഋഗ്വേദത്തിലെ ഒമ്പതാം മണ്ഡലം മുഴുവൻ സോമസ്തുതിപരമാണ്.

വേദത്തിലെ സോമ ഒരു ലതയല്ലെന്നും, പ്രത്യുത ആത്മാവാണ് വിവക്ഷയെന്നും ശ്രീ. ഭട്ടതിരി പറയുന്നു:

"സോമ എന്ന ശബ്ദത്തിന് ഉമയോടുകൂടി വർത്തിക്കുന്നതെന്നും അർഥമുണ്ട്. ഉമ എന്നാൽ മായയാണെന്നു കേനോപനിഷത്തിൽ കാണുന്നു. മായയാകുന്ന ഉപാധിയോടുകൂടിയ ആത്മാവുതന്നെയാണ് സോമയെന്നു വിചാരിക്കാം. യാഗങ്ങളിൽ സോമലതയെ ഇടിച്ചു പിഴിഞ്ഞരിച്ച്, പാൽ മുതലായവ ചേർത്തു സംസ്കരിക്കാറുണ്ട്. ഇങ്ങനെ സംസ്കരിക്കുന്നതിന്റെ താൽപര്യം ഓരോ ജീവാത്മാവിലുമുള്ള മായാബന്ധത്തെ സംസ്കാരം മൂലം വേർപെടുത്തണമെന്നാകുന്നു. അപ്പോൾ സോമാഹുതി, സോമപാനം എന്നുള്ളതിന്റെയെല്ലാം മുഖ്യ താൽപര്യം ആത്മസാക്ഷാൽക്കാരവും അതിനുള്ള ശ്രമവുമാകുന്നു. ആത്മസാക്ഷാൽക്കാരത്തിന്റെ ഉപായങ്ങളുടെ അഭിനയമാണ് സോമയാഗമെന്ന് ചുരുക്കം."[28]

ഈ വ്യാഖ്യാനം ആകർഷകമായിരിക്കാം. പക്ഷേ, സോമപാനം ഒരു ചരിത്രവസ്തുതയല്ലെന്ന് ഇതുകൊണ്ടു വരുന്നില്ല.

## സുരപാനം

പ്രാചീനാര്യന്മാർക്ക് സോമപാനം പോലെ, സുരപാനവും പതിവായിരുന്നു. 'സുര' ഒഴിച്ചുള്ള മദ്യങ്ങളൊന്നും ബ്രാഹ്മണർ കഴിച്ചുകൂടാ എന്ന് ഗൗതമൻ പറഞ്ഞതായി ബോധായനൻ തന്റെ ധർമസൂത്രത്തിൽ നിർദേശിച്ചിരിക്കുന്നു.[29] ഇതിൽനിന്ന് സുര ഒരു മദ്യമായിരുന്നുവെന്ന് വ്യംഗ്യന്തരേണ സിദ്ധമാകുന്നു. സൗത്രാമണിയാഗത്തിലാണ് ഈ പാനീയവും ഉപയോഗിച്ചിരുന്നതെന്ന് ശതപഥ ബ്രാഹ്മണത്തിൽനിന്നു മനസ്സിലാക്കാം.

"സുരകൊണ്ടു പരിശുദ്ധി വരുത്തുന്നു; സുരതന്നെയും പരിശുദ്ധമായിട്ടുള്ളതാണല്ലോ. പരിശുദ്ധമായ സുരയെ തെളിയെടുത്ത് വേർതിരിക്കുന്നു. ഇത് മനസ്സിലാക്കി സൗത്രാമണിയാഗം ചെയ്തു."[30]

വേദഭാഷ്യത്തിൽ സായണൻ പറയുന്നു: "സുര എന്ന പേരിൽ അറിയപ്പെടുന്ന മദ്യം ഉണ്ടാക്കി ഒഴിച്ചുവെച്ച ശേഷം തെളിയെടുത്ത്, ബാക്കി ഉപേക്ഷിക്കേണ്ടതാണ്." ആകയാൽ സുര ഒരുതരം 'വാഷാ'ണെന്നു മനസ്സിലാകുന്നു.

## ബ്രാഹ്മണങ്ങൾ ഒറ്റനോട്ടത്തിൽ

ആര്യവേദങ്ങളിൽ ബ്രാഹ്മണങ്ങൾക്കുള്ള സ്ഥാനം വലുതായിരിക്കാം. എന്നാൽ സംഹിതകളുമായി തട്ടിച്ചുനോക്കുമ്പോൾ തികച്ചും ഭിന്നമായ ഒരു അന്തരീക്ഷമാണ് അവയിൽ നാം കാണുക. ബ്രാഹ്മണങ്ങൾ നിർജീവമായ മതചടങ്ങുകളെയാണ് മുഖ്യമായും പ്രതിനിധാനം ചെയ്യുന്നത്. ശ്രീ. കെ.വി. ഗോപാലമേനോൻ എഴുതിയതു കാണുക:

"വേദസൂക്തങ്ങൾ സാമാന്യേന നിറഞ്ഞ ഹൃദയത്തിൽനിന്നു കവിഞ്ഞൊഴുകുന്ന കവിതാപ്രവാഹമാകുന്നു. ബ്രാഹ്മണങ്ങളിലേക്കു കട

ക്കുമ്പോഴേക്ക് അന്തരീക്ഷം തീരെ മാറുന്നു. അവിടെ ഹൃദയത്തിനു സ്ഥാനമില്ല. അർഥം അറിയണമെന്നില്ല. ഉച്ചാരണത്തിനും ക്രിയകൾക്കുമായി പ്രാധാന്യം. മതം നിർജീവമായ ഒരു ചടങ്ങായിത്തീർന്നു. ഋഗ്വേദ കാലത്ത് പൗരോഹിത്യം ഒരു പ്രത്യേക വൃത്തിയായിരുന്നില്ല. ഓരോ ഗൃഹത്തിലും ഗൃഹസ്ഥൻ തന്നെയായിരുന്നു പുരോഹിതൻ. ബ്രാഹ്മണ കാലങ്ങളിൽ പൗരോഹിത്യം ഒരു ഉപജീവനവൃത്തിയായിത്തീർന്നു. വൈദിക കർമങ്ങളുടെ എണ്ണവും ചടങ്ങുകളും വർദ്ധിച്ചു. ഈ കർമങ്ങൾ കൊണ്ടെന്തും - അമരത്വവും ഐന്ദ്രപദവിയും കൂടി- സാധിക്കാമെന്നായി. 'ബ്രാഹ്മണൻ ഭൂദേവനായി. ബ്രാഹ്മണകാലങ്ങളിൽ ജാതി വ്യവസ്ഥ പൂർണമായി. വർണ്ണാശ്രമ ധർമങ്ങളേയും മാനവധർമ്മങ്ങളേയും വ്യവസ്ഥപ്പെടുത്തി. ഈ വർണാശ്രമധർമപ്രകാരം ജീവിതം നാലാശ്രമങ്ങളായി വിഭജിച്ചു: (1) ബ്രഹ്മചര്യം. ഇതു വിദ്യാഭ്യാസകാലമാകുന്നു. (2) ഗൃഹസ്ഥാശ്രമം. 3. വാനപ്രസ്ഥം. ഈ കാലത്ത് വ്രതങ്ങൾ മുതലായതു കഴിച്ചു ഈശ്വരനെ ചിന്തിച്ചുകൊണ്ടു കാലം കഴിക്കണം. (4) സന്യാസാശ്രമം. ഈ കാലത്ത് വിഷയങ്ങളിൽനിന്നു വിട്ട് കേവലം ആത്മജ്ഞാനത്തിനായി പരിശ്രമിച്ചു കഴിഞ്ഞുകൂടണം."[31]

അങ്ങനെ കാലാന്തരേണ ആര്യമതം കേവലം നിർജീവ ചടങ്ങുകളായി മാറി; മറ്റെല്ലാ മതങ്ങളേയും പോലെത്തന്നെ.

## കുറിപ്പുകൾ

1. വിശ്വദർശനങ്ങൾ പേ. 544
2. ഋഗ്വേദം 1- മണ്ഡലത്തിലെ 162-ഉം 163-ഉം സൂക്തങ്ങൾ അശ്വസ്തുതീപരങ്ങളാണ്.
3. വിശ്വ വിജ്ഞാനകോശം വാ. 1, പേ. 654 നോക്കുക.
4. യജുർവേദീയ ശപഥബ്രാഹ്മണം, കാണ്ഡം 13, ബ്രാഹ്മണം 3, പ്രപാഠകം 4, ഖണ്ഡിക 1
5. Ibid കാ. 13, ബ്രാ. 3, പ്ര. 4, ഖ. 4
6. Ibid കാ. 13, ബ്രാ. 3, പ്ര. 4, ഖ. 5
7. ബാക്കി ഭാഗം അസഭ്യോക്തികളാകയാൽ വിടുന്നു.
8. ശ.പ. ബ്രാഹ്മണം കാ. 13, ബ്രാ. 3, പ്ര. 4, ഖണ്ഡിക. 6
9. Ibid കാ. 13, ബ്ര. 3, പ്ര. 4, ഖ. 7, 8
10. വിശ്വവിജ്ഞാനകോശം വാ. 1, പേ. 655 നോക്കുക
11. Ibid വാ. 1, പേ. 665
12. ഉദ്ധരണം: ഇന്ത്യയിലെ വർണ്ണസമരം പേ. 57, 58
13. Scientific Curiosities of Sexual Life - by Restom G. Metha P. 68
14 Ibid P. 68
15. Hindu History by Akshoy Kumar Majumdar P. 78
16. ആപസ്തംബ ധർമസൂത്രം (നവമപ്രശ്നം)നോക്കുക.
17. Scientific Curiosities of Sexual Life P. 29
18. ശതപഥം കാ. 12, ബ്ര. 8, പ്ര. 2, ഖ. 3 നോക്കുക.
19. ഉദ്ധരണം: ഇന്ത്യയിലെ വർണസമരം പേ. 62

20. ശതപഥം കാ. 12, ബ്ര. 8, പ്ര. 2, ഖ. 15
21. ഇന്ത്യയിലെ വർണസമരം പേ. 62, 63 നോക്കുക.
22. ശതപഥം കാ. 12, ബ്രാ. 8, പ്ര. 2, ഖ. 16
23. Ancient History of India P. 139
24. ശതപഥം കാ. 12, ബ്രാ. 8, പ്ര. 2
25. Ibid കാ. 12, ബ്രാ. 8, പ്രാ. 2, ഖ. 22- 23
26. വേദാർഥവിചാരം പേ. 71
27. ഇന്ത്യയിലെ വർണസമരം പേ. 61, 62 നോക്കുക.
28. വേദാർഥവിചാരം പേ. 69, 70
29. ബോധായന ധർമസൂത്രം 1, 1, 10
30. ശതപഥം കാ. 13, ബ്രാ. 8, പ്ര. 1, ഖ. 16
31. ലോകചരിത്രം വാ. 1, പേ. 139

## അധ്യായം ഇരുപത്താറ്

# ഉപനിഷദ്ദാർശനികൻമാർ

**ഭാ**രതത്തിൽ പിൽക്കാലത്ത് വളർന്നുവന്ന ദാർശനികചിന്തകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേകതരം സാഹിത്യകൃതികളാണ് ഉപനിഷത്തുകൾ. ഉപനിഷദ്ദർശനം 'വേദാന്തം' എന്ന പേരിൽ അറിയപ്പെടുന്നു. ഇന്നു നിലവിലുള്ള പ്രധാന ഉപനിഷത്തുകളിൽ പലതും വേദഭാഗമായ ബ്രാഹ്മണങ്ങളുടെ, അല്ലെങ്കിൽ ആരണ്യകങ്ങളുടെ അവസാന ഭാഗത്താണ് കാണുന്നത്. അതുകൊണ്ടാവണം, വേദാന്തം (വേദത്തിന്റെ അവസാനം) എന്ന പേർ അവക്ക് സിദ്ധിച്ചതെന്നു കരുതപ്പെടുന്നു. ഉപനിഷത്ത് കൃതികൾ നൂറുകണക്കിനുണ്ട്. ബോംബെയിലെ 'നിർണയ സാഗർ പ്രസ്സു'കാർ 112 ഉപനിഷത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ഉപനിഷത്തുകളും ഒരുപോലെ സ്വീകാര്യങ്ങളല്ല. രാഹുൽ സാംകൃത്യായന്റെ അഭിപ്രായത്തിൽ, പതിമൂന്നെണ്ണം കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഈശാവാസ്യം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, കൗഷീതകി, മൈത്രി, ശ്വേതാശ്വതരം എന്നിവയാണവ. ഇവയിൽ മിക്കതിനും ശ്രീ. ശങ്കരാചാര്യർ ഭാഷ്യം എഴുതിയിട്ടുണ്ട്. പലതും ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

ഉള്ളടക്കം പരിശോധിച്ചാൽ ഉപനിഷത്തുകൾ കേവലം സ്വതന്ത്രകൃതികളായാണ് കാണുക. പക്ഷേ, അവ വേദങ്ങളുടെ അനുബന്ധങ്ങളും, പരിശിഷ്ടങ്ങളും ആണെന്നത്രെ മാമൂൽ മതം. വേദങ്ങളിൽ മുഖ്യമായും കർമകാണ്ഡത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഉപനിഷത്തുകളാവട്ടെ, കർമകാണ്ഡത്തെ അവഗണിക്കുന്നു. ദർശനപരവും തത്വശാസ്ത്രപരവുമായ വിചിന്തനങ്ങളാണ് അവയുടെ ഉള്ളടക്കം. ചിലത് കർമകാ

ണ്ഡത്തെ അഥവാ ഹിംസാപരമായ യാഗപരിപാടികളെ വിമർശിക്കുക പോലും ചെയ്യുന്നു. ആകയാൽ ജ്ഞാനകാണ്ഡത്തെയാണ് ഉപനിഷത്തുകൾ പ്രതിനിധാനംചെയ്യുന്നത്.

ഗുരു അടുത്തിരിക്കുന്ന, അർഹരായ ശിഷ്യൻമാർക്ക് ഉപദേശിച്ചുകൊടുത്ത ബ്രഹ്മരഹസ്യമെന്നാണ് ഉപനിഷത്തെന്ന സാങ്കേതിക പദത്തിന്റെ അർഥം. ഉപനിഷത്തുകളിൽ ചിലത് പദ്യരൂപത്തിലും ചിലത് പദ്യമിശ്രമായ ഗദ്യരൂപത്തിലുമാണ്. ആദിമ ഉപനിഷത്തുകളിലൊന്നായി കരുതപ്പെടുന്ന ഈശോപനിഷത്ത് ശുക്ലയജുർവേദത്തിന്റെ അവസാനത്തിൽ നാല്പതാം അധ്യായമായിട്ടാണ് നിബന്ധിച്ചിരിക്കുന്നത്. പതിനെട്ട് പദ്യങ്ങളാണതിലുള്ളത്. ഛാന്ദോഗ്യം, ബൃഹദാരണ്യകം എന്നിവ മിക്കവാറും ഗദ്യരൂപത്തിലും ശിഷ്ടം ഉപനിഷത്തുകൾ ഗദ്യപദ്യ സമ്മിശ്രരൂപത്തിലുമാണ്.

ലോകം, ആത്മാവ്, ബ്രഹ്മം, പുനർജന്മം, മോക്ഷം എന്നീ ഗഹനവിഷയങ്ങളെപ്പറ്റി ഉപനിഷത്തുകൾ പ്രതിപാദിക്കുന്നു. എന്നാൽ, അവയെല്ലാം ഒരേ വീക്ഷാഗതിയല്ല അവതരിപ്പിക്കുന്നത്. ചില ഋഷിമാർ അദ്വൈതവേദാന്തത്തെ ഊന്നിയുറപ്പിക്കുമ്പോൾ, മറ്റു ചില ഋഷിമാർ ദ്വൈതവാദത്തെ പിന്താങ്ങുന്നു. വേറൊരു പക്ഷമാകട്ടെ, ബ്രഹ്മത്തിന്റെയും ജഗത്തിന്റെയും ശരീരരൂപത്തിലുള്ള അദ്വൈതഭാവത്തെയാണ് അംഗീകരിക്കുന്നത്. ശ്രീ. സാംകൃത്യായൻ എഴുതുന്നതു നോക്കുക:

'ഉപനിഷത്തിലെ ജ്ഞാതരും അജ്ഞാതരുമായ ദാർശനികന്മാർ പരസ്പരം അഭിപ്രായവ്യത്യാസമുള്ളവരാണ്. അവരിൽ ചിലർ ആരുണിയേയും അദ്ദേഹത്തിന്റെ ശിഷ്യനായ യാജ്ഞവൽക്യനേയും പോലെ, അദ്വൈതവിജ്ഞാനവാദികളായിരുന്നു. മറ്റുള്ളവർ ദ്വൈതവാദികളുമായിരുന്നു. മൂന്നാമതൊരു കൂട്ടർ ശരീരരൂപത്തിൽ ബ്രഹ്മത്തിന്റെയും ജഗത്തിന്റെയും അദ്വൈതഭാവത്തെ സ്വീകരിച്ചു. ഇത്തരം ദാർശനികന്മാരുടെ ചിന്തകളെ അവരുടെ ശിഷ്യന്മാരും ശാഖകളും ഗ്രഹിച്ച്, അടുത്ത തലമുറക്ക് ഉപദേശിച്ചുവന്നതിന്റെ സംഗ്രഹമാണ് ഉപനിഷത്തുകൾ."[1]

'ആകയാൽ മുസ്ലിംകളിൽ പിൽക്കാലത്ത് വളർന്നുവന്ന ദാർശനികപ്രസ്ഥാനങ്ങളുടെ നിലപാടും സ്ഥാനവുമാണ് ഉപനിഷദ്ദർശനങ്ങൾക്കുള്ളത്. എന്നാൽ, ഒരു വ്യത്യാസമുണ്ട്. മുസ്ലിംകളിലുടലെടുത്ത ഓരോ 'മദ്ഹബി' (ദാർശനിക മാർഗം) ന്റെയും ആചാര്യന്മാരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഉപനിഷത്തുകളിലെ മഹാചാര്യൻമാരുടെ ജീവചരിത്രം പോലും ഇന്നുപലബ്ധമല്ല.

മുകളിൽ പറഞ്ഞ ഉപനിഷത്തുകളുടെ കർത്താക്കന്മാരേയോ, അവരുടെ ചരിത്രത്തേയോ, കാലത്തേയോ പറ്റി ആർക്കും സൂക്ഷ്മമായി അറിഞ്ഞുകൂടാ. ക്രി. മു. 700-നും 100-നുമിടക്കാവണം അവ നിലവിൽ വന്നതെന്നു നിരൂപകൻമാർ അനുമാനിക്കുന്നു. പ്രസ്തുത കൃതികളിൽ ചില ആചാര്യന്മാരുടെ പേരുകൾ കാണാമെങ്കിലും അവരാരും വല്ല കൃതിയും രചിച്ചിരുന്നതായി അറിയുന്നില്ല. ഇക്കൂട്ടത്തിൽ തന്നെ ഛാന്ദോഗ്യത്തിലും

ബൃഹദാരണ്യകത്തിലും കൗഷീതകിയിലും മൈത്രിയിലും പറഞ്ഞ പേരുകൾക്കേ ചരിത്രപരമായ എന്തെങ്കിലും പ്രാധാന്യമുള്ളൂ. ഇവർ കുരു പാഞ്ചാല രാജ്യത്തെ രാജാക്കന്മാരോ പ്രധാന വിദ്വാൻമാരോ ആയിരുന്നു. എന്നാൽ മറ്റുപനിഷത്തുകളിൽ സ്ഥലംപിടിച്ച ആചാര്യനാമങ്ങൾക്ക് ചരിത്രത്തിൽ യാതൊരു എത്തും പിടിയും കാണുകയില്ല.

ചരിത്രത്തിൽ അറിയപ്പെട്ട ചില ഉപനിഷദ്ദാർശനികരുടെ സ്ഥിതിഗതികളെപ്പറ്റി ഇത്തരുണത്തിൽ സ്വല്പമൊന്നാലോചിക്കുന്നതുചിതമായിരിക്കുമെന്ന് കരുതുന്നു. ഉപനിഷത്തുകളിൽനിന്നും മറ്റും ലഭിച്ച സൂചനകളാണ് ഈ വിവരണത്തിനാധാരം.

## പ്രവാഹണ ജൈവലി

ജീവലന്റെ പുത്രനായ പ്രവാഹണൻ എന്നാണ് ഈ പേരിന്റെ അർഥം. ക്രി. മു. 700-നും 600-നും ഇടക്കാണ് ഇദ്ദേഹത്തിന്റെ കാലമെന്നനുമാനിക്കപ്പെടുന്നു. ഇദ്ദേഹം ഒരു ക്ഷത്രിയ രാജാവായിരുന്നു. പഞ്ചാബിലെ രുഹേൽക്കണ്ഡും ഇത്താവയും അടങ്ങുന്ന പ്രദേശത്തിന് പാഞ്ചാലം എന്നായിരുന്നു മുൻകാലത്തെ പേർ. പാഞ്ചാലം ഭരിച്ചിരുന്ന ഒരു രാജാവായിരുന്നു പ്രവാഹണ ജൈവലി. ഇദ്ദേഹത്തിൽനിന്നാണ് ബ്രാഹ്മണർ ഇദംപ്രഥമമായി ബ്രഹ്മവിദ്യ, അഥവാ ഉപനിഷദ്ദർശനം അഭ്യസിച്ചതെന്നു കാണിക്കുന്ന ഒരു കഥ ഛാന്ദോഗ്യത്തിലും ബൃഹദാരണ്യകത്തിലും കാണാം. അതിന്റെ ചുരുക്കം:

ഉദ്ദാലക ആരുണീഗൗതമൻ ഒരു ബ്രാഹ്മണ പണ്ഡിതനായിരുന്നു. സ്വപുത്രനായ ശ്വേതകേതുവിനെ അദ്ദേഹം ബ്രാഹ്മണ ചിട്ടപ്രകാരം വിദ്യയഭ്യസിപ്പിച്ചു. അങ്ങനെ ഇദ്ദേഹം ഒരു മഹാ പണ്ഡിതനായിത്തീർന്നു. ഒരിക്കൽ ശ്വേതകേതു പ്രവാഹണജൈവലിയുടെ പരിഷത്തിൽ ചെന്നു. തദവസരം പ്രവാഹണൻ ചോദിച്ചു: "ശ്വേതകേതോ, അച്ഛൻ വല്ലതും താങ്കളെ പഠിപ്പിച്ചിട്ടുണ്ടോ?" ശ്വേതകേതു പ്രതിവചിച്ചു: "ഉണ്ട്, ദേവാ."

അനന്തരം ജൈവലി ശ്വേതകേതുവിനോടു ചില ചോദ്യങ്ങൾ ചോദിച്ചു. എല്ലാം ആത്മജ്ഞാന സംബന്ധിയായിരുന്നു. ഒന്നിനെങ്കിലും മറുപടി നൽകുവാൻ ശ്വേതകേതുവിന് സാധിച്ചില്ല. 'അറിഞ്ഞുകൂടാ' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത്തരുണത്തിൽ രാജാവ് ശ്വേതകേതുവിനെ ഒന്നു കശക്കി: "പിന്നെ എന്താണ് താങ്കൾ പഠിച്ചത്? ഇത്തരം കാര്യങ്ങളൊന്നും അറിഞ്ഞുകൂടാത്ത ഒരാൾ എങ്ങനെ സുശിക്ഷിതനാവും?"

ശ്വേതകേതു ലജ്ജിതനായി. മടങ്ങിച്ചെന്നു സ്വപിതാവിനോട് പറഞ്ഞു: "ദേവൻ എന്നെ അശിക്ഷിതൻ എന്നു വിളിച്ചു കളിയാക്കി. അങ്ങ് യാതൊന്നും പഠിപ്പിക്കാതെ തന്നെ പഠിപ്പിച്ചെന്നു പറഞ്ഞു. രാജന്യബന്ധു(ക്ഷത്രിയൻ) എന്നോട് അഞ്ചു ചോദ്യങ്ങൾ ചോദിച്ചു. ഒന്നിനും ഉത്തരം കൊടുക്കാൻ എനിക്കു കഴിഞ്ഞില്ല."

പ്രസ്തുത ചോദ്യങ്ങളോരോന്നായി ശ്വേതകേതു പിതാവിന് വിസ്തരിച്ചു കൊടുത്തു. ആരുണി പറഞ്ഞു: "ഈ പ്രശ്നങ്ങൾക്കുള്ള ഉത്തരം നിനക്കു മാത്രമല്ല, എനിക്കും നിശ്ചയമില്ല. അതുകൊണ്ടാണ് ഞാൻ നിന്നെ പഠിപ്പിക്കാതിരുന്നത്. അറിയുമായിരുന്നെങ്കിൽ ഞാൻ തീർച്ചയായും പഠിപ്പിച്ചേനെ." അന

ന്തരം ആരുണീഗൗതമൻ ജൈവലിയെ സമീപിച്ചു. രാജാവ് നിയമപ്രകാരം ആ ബ്രാഹ്മണപണ്ഡിതനെ സ്വീകരിച്ചു. 'മാനുഷവിത്തം ആവശ്യപ്പെടുക, തന്നേക്കാം' എന്നു പ്രവാഹണൻ പറഞ്ഞു. (ആന, സ്വർണം, പശു, കുതിര, ദാസിമാർ, വസ്ത്രങ്ങൾ മുതലായവയാണീ മാനുഷവിത്തമെന്നു ബൃഹദാരണ്യകോപനിഷത്തിൽ വിശദീകരിച്ചിട്ടുണ്ട്). ആരുണി പറഞ്ഞു: "രാജാവേ, മാനുഷവിത്തം അങ്ങേക്കുതന്നെയിരിക്കട്ടെ. ഞാനിപ്പോൾ ധനദാനം ചോദിപ്പാനല്ല, ശ്വേതകേതുവിനോടു ചോദിച്ച പ്രശ്നങ്ങളുടെ ഉത്തരം കേൾക്കാനാണ് വന്നിട്ടുള്ളത്."

ജൈവലി വിഷമത്തിലായി. എങ്കിലും അവസാനം അദ്ദേഹം അതു പറഞ്ഞുകൊടുത്തു. ഇവിടെ നമ്മുടെ ശ്രദ്ധക്ക് കൂടുതൽ വിഷയമാവുന്നത് ഒരു മുഖവുരയെന്ന നിലയിൽ ജൈവലി ആ ബ്രാഹ്മണ പണ്ഡിതനോട് പറഞ്ഞ വാക്കാണ്: "അല്ലയോ ഗൗതമ, നിങ്ങൾ ആവശ്യപ്പെട്ട ഈ കാര്യം അത്യന്തം വിഷമകരമായ ഒന്നാകുന്നു. ഈ വിദ്യ നിങ്ങൾക്കു മുമ്പുള്ള ബ്രാഹ്മണൻമാർക്ക് അലഭ്യമായിരുന്നു. അതുകൊണ്ടാണ് ലോകം മുഴുവൻ ക്ഷത്രിയന്മാർ ഈ വിദ്യയിൽ ഉപദേഷ്ടാക്കളായി നിലകൊണ്ടത്."[2]

ബ്രഹ്മവിദ്യ അബ്രാഹ്മണരുടെ കുത്തകയായിരുന്നുവെന്നും, അക്കാലം വരെ ബ്രാഹ്മണന്മാർക്ക് അതെപ്പറ്റി യാതൊരു പിടിപാടുമില്ലായിരുന്നുവെന്നും മേൽ സംഭവത്തിൽനിന്നും വ്യക്തമാവുന്നു. ഉപനിഷദ്ദർശനം വേദപാരമ്പര്യത്തിൽനിന്നുടലെടുത്തുവെന്നാണ് ഇന്നത്തെ പൊതുധാരണ. ഇത് ശരിയായിരുന്നുവെങ്കിൽ വേദസാഹിത്യത്തെ നിരന്തരം കൈകാര്യം ചെയ്തുവന്ന ബ്രാഹ്മണപണ്ഡിതൻമാരാകുമായിരുന്നു അതിന്റെ ഉപജ്ഞാതാക്കന്മാരും ആദിദാർശനികൻമാരും. എന്നാൽ ചരിത്രം നേരെ മറിച്ചാണ് നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ, ഉപനിഷദ്ദർശനം വേദപാരമ്പര്യത്തിൽനിന്നുറകൊണ്ടതല്ല എന്ന ആധുനികനിരീക്ഷകന്മാരുടെ അഭിപ്രായമാണ് കൂടുതൽ യുക്തിസഹമായിത്തോന്നുന്നത്. ആദിയിൽ ബ്രാഹ്മണപണ്ഡിതൻമാർക്ക് അജ്ഞാതമായിരുന്നു ഈ വിദ്യ. പിൽക്കാലത്ത് അവരത് കരസ്ഥമാക്കിയെങ്കിലും അബ്രാഹ്മണരിൽനിന്നായിരുന്നുവെന്ന ചരിത്രവസ്തുത പ്രത്യേകം സ്മർത്തവ്യമത്രെ. പ്രവാഹണജൈവലിയിൽനിന്നു ഉദ്ദാലക ആരുണി പഠിച്ചത് പഞ്ചാഹുതി, ദേവയാനം, പിതൃയാനം എന്നീ ഔപനിഷതിക തത്വങ്ങളാണ്.[3]

## ഉദ്ദാലക ആരുണീ ഗൗതമൻ

സാംകൃത്യായന്റെ അഭിപ്രായത്തിൽ, ഇദ്ദേഹത്തിന്റെ കാലം ക്രി. മു. 650 ആണ്. കുരുപാഞ്ചാലത്തിലെ ബ്രാഹ്മണനായിരുന്നു ഇദ്ദേഹമെന്നു ശതപഥബ്രാഹ്മണത്തിൽനിന്നു മനസ്സിലാക്കാം. പാഞ്ചാലരാജാവായ ജൈവലിയായിരുന്നു ആരുണിയുടെ ഒരു ഗുരു എന്നും നാം മുകളിൽ കണ്ടല്ലോ. അനന്തരം കേകയ രാജാവായ അശ്വപതിയിൽനിന്നും ചിത്ര ഗാർഗ്യായണനിൽനിന്നും അദ്ദേഹം ദർശനശിക്ഷണം നേടി. അശ്വപതി

യിൽനിന്ന് ആരുണി ബ്രഹ്മവിദ്യ കരസ്ഥമാക്കിയ കഥ ഛാന്ദോഗ്യത്തി ലുണ്ട്. അതിന്റെ സംക്ഷിപ്തരൂപം:

പ്രാചീനശാല ഔപമന്യവൻ, സത്യയജ്ഞപൗലുഷി, ഇന്ദ്രദ്യുമ്ന ഭാല്ലവേയൻ, ജനശർക്കരാക്ഷ്യൻ, ബുഡില അശ്വതാരശ്വി എന്നീ മഹാ വൈദികരായ അഞ്ചു ബ്രാഹ്മണൻമാർ ചിന്തിച്ചു, ആത്മാവുണ്ടോ ബ്രഹ്മമുണ്ടോ എന്ന്. ഉദ്ദാലകആരുണീഗൗതമനെ സമീപിച്ചാൽ പ്രസ്തുത പ്രശ്നങ്ങൾക്കുത്തരം ലഭിക്കുമെന്ന പ്രതീക്ഷയോടെ അവർ അദ്ദേഹത്തിന്റെ അടുത്തുചെന്നു. ആരുണി വിചാരിച്ചു: ഈ ബ്രാഹ്മ ണപണ്ഡിതൻമാർ പ്രതാപികളും മഹാ വൈദികരുമാണ്. ഇവരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ എന്നെക്കൊണ്ടാവില്ല. അതിനാൽ, മറ്റൊരാളെ നിർദേശിച്ചുകൊടുക്കുന്നതാവും നല്ലത്. അദ്ദേഹം ആ ബ്രാഹ്മണൻമാരോടു പറഞ്ഞു: "ദേവന്മാരേ, കേകയ രാജാവായ അശ്വ പതി വൈശ്വാനരാത്മാവിനെപ്പറ്റി പഠനം നടത്തുകയാണ്, നമുക്ക് അദ്ദേ ഹത്തെ സമീപിക്കാം."

ഇവരെല്ലാം ചേർന്ന് അശ്വപതിയെ കണ്ടു. രാജാവ് അവരെ മര്യാദ പൂർവം സൽക്കരിച്ചു. അനന്തരം പറഞ്ഞു: "എന്റെ നാട്ടിൽ തസ്കരനോ മദ്യപാനിയോ അവിദ്വാനോ അഗ്നിഹോത്രം നടത്താത്തവനോ സ്ത്രീല മ്പടനോ വ്യഭിചാരിണിയോ ലുബ്ധനോ ഇല്ല. ഞാൻ കർമമനുഷ്ഠി ക്കുന്നു. ഇവിടെയുള്ള പുരോഹിതൻമാർക്കു നല്കുന്നത്ര ദാനം നിങ്ങൾക്കും തരാം. ഇവിടെ താമസിച്ചാലും!" അവർ പറഞ്ഞു: "മനു ഷ്യന്റെ ജീവിതലക്ഷ്യം പറഞ്ഞുതരിക. അത് അറിയാനാകുന്നു ഞങ്ങൾ വന്നിട്ടുള്ളത്. നിങ്ങൾ ഇപ്പോൾ വൈശ്വാനരാത്മാവിനെപ്പറ്റി അധ്യയനം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. വൈശ്വാനരാത്മാവ് എന്താണെന്നും ഞങ്ങളെ അറിയിച്ചാലും!" "ശരി, പറഞ്ഞുതരാം" -രാജാവു സമ്മതിച്ചു.

പിറ്റെന്നാൾ പൂർവാഹ്നത്തിൽ ശിഷ്യത്വസ്വീകരണ ചിഹ്നമായ സമിത്തും കയ്യിലെടുത്ത് അവർ അശ്വപതി കൈകേയനെ സമീപിച്ചു. അദ്ദേഹമവരെ ഉപനയനംചെയ്തില്ല; ചിട്ടപ്രകാരം ശിഷ്യന്മാരാക്കിയതു മില്ല. എന്തെന്നാൽ, ബ്രാഹ്മണർക്ക് അബ്രാഹ്മണൻ വിദ്യയഭ്യസിപ്പി ക്കുകയെന്നത് അക്കാലത്തെ ആചാരക്രമത്തിനു വിരുദ്ധമായിരുന്നു. എങ്കിലും അദ്ദേഹം അവരിൽ ഓരോരുത്തനും ഉപാസനചെയ്യുന്ന ആത്മാ വിനെപ്പറ്റി അന്വേഷിക്കുകയും അത് വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. അവസാനം പറഞ്ഞു: "നിങ്ങളെല്ലാവരും വൈശ്വാനരാത്മാ വിനെ അറിയുന്നു, ഭൂമിയെ എന്നപോലെ!"[4]

ഇതിൽനിന്നും ആരുണീഗൗതമൻ പാഞ്ചാലരാജാവായ പ്രവാഹണ നിൽനിന്നെന്നപോലെ, കേകയരാജാവായ അശ്വപതിയിൽനിന്നും ബ്രഹ്മജ്ഞാനം അഭ്യസിച്ചുവെന്നു മനസ്സിലാക്കാവുന്നതാണ്. ത്ധലം, സിന്ധു എന്നീ നദികൾക്കിടയിൽ, താഴ്ന്ന ഹിമാലയ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന രാജഗൃഹത്തിനടുത്തായിരുന്നു കേകയ രാജ്യം.

ഇപ്രകാരം തന്നെ ആരുണി, ചിത്രഗാർഗ്യായണി എന്ന മഹർഷി യിൽ നിന്നും ആത്മജ്ഞാനം സമ്പാദിച്ചതായി കൗഷീതകിയിൽനിന്നും

തെളിയുന്നുണ്ട്. ചരിത്രത്തിൽ ഒന്നാമത്തെ ബ്രാഹ്മണദാർശനികൻ ആരുണിയായിരുന്നുവെന്ന് പറഞ്ഞുവല്ലോ. അദ്ദേഹം സ്വന്തമായ ഒരു ദർശനത്തിന്റെ ഉപജ്ഞാതാവായി സ്വപുത്രനായ ശ്വേതകേതുവിന് അതു പദേശിച്ചു. ജഗത്തും ബ്രഹ്മവും തമ്മിലുള്ള അഭേദവാദം അഥവാ 'തത്ത്വമസി' (അത് നീയാണ്) എന്ന സിദ്ധാന്തം അദ്ദേഹമാണ് ആദ്യ മായി ആവിഷ്കരിച്ചത്. ഈ സിദ്ധാന്തം പുരോഗമിച്ച് അവസാനം അദ്വൈതവേദാന്തമായി രൂപാന്തരപ്പെട്ടു.

## യാജ്ഞവൽക്യൻ

യാജ്ഞവൽക്യൻ എന്ന മഹർഷി പുംഗവന്റെ രാജ്യം ഏതാണെന്ന് നിരൂപകൻമാർക്ക് തീർച്ചയില്ല. ഡോ. ശ്രീധര വെങ്കിടേശ കേത്ക്കറുടെ 'മഹാരാഷ്ട്രീയ വിജ്ഞാന കോശ'ത്തിൽ പറയുന്നത്, യാജ്ഞവൽക്യൻ വിദേഹരാജ്യക്കാരനായിരിക്കണമെന്നാണ്. എന്തെന്നാൽ വിദേഹ രാജാവായ ജനകന്റെ ഗുരുവായിരുന്നു അദ്ദേഹം. എന്നാൽ, സാംകൃത്യായൻ ഈ നിഗമനം അംഗീകരിക്കുന്നില്ല. കുരുപാഞ്ചാല നിവാസിയായിരുന്നു യാജ്ഞവൽക്യൻ എന്നത്രെ അദ്ദേഹത്തിന്റെ നിഗമനം.[5]

യാജ്ഞവൽക്യന്റെ കഥയിൽനിന്നു മനസ്സിലാകുന്നത് അദ്ദേഹം ഒരു ഏകപത്നീവ്രതക്കാരനായിരുന്നില്ല എന്നാണ്. കാത്ത്യായനി, മൈത്രേയി എന്നിങ്ങനെ രണ്ടു പത്നിമാരുണ്ടായിരുന്നു ഈ ഋഷിക്ക്. എന്നാൽ, സന്തതിയുണ്ടായിരുന്നില്ല. മൈത്രേയി ഭർത്താവിനെപ്പോലെ ബ്രഹ്മവാദിനിയായിരുന്നു. കാത്ത്യായനി സാമാന്യ സ്ത്രീയും. യാജ്ഞവൽക്യൻ പരിവ്രജ്യ(സന്യാസം) സ്വീകരിക്കുവാൻ ഉദ്ദേശിച്ചപ്പോൾ തന്റെ സമ്പത്തെല്ലാം പത്നിമാർക്കിടയിൽ വീതിക്കുവാൻ തീരുമാനിച്ചു. പക്ഷേ, മൈത്രേയി സമ്പത്തിൽ തത്പരയല്ലായിരുന്നു. ഭർത്താവിനെപ്പോലെ ലോകപരിത്യാഗത്തിന് മുതിരുകയാണ് അവർ ചെയ്തത്. അങ്ങനെ ഭർത്താവിൽനിന്ന് ബ്രഹ്മവിദ്യ അഭ്യസിക്കുകയും സന്യാസിനിയാവുകയും ചെയ്തു.

ബൃഹദാരണ്യകത്തിൽ മൂന്നു പ്രകരണങ്ങളിലായി യാജ്ഞവൽക്യന്റെ ദാർശനിക ചിന്തകൾ ക്രോഡീകൃതമായിരിക്കുന്നു. മൂന്നു സംഭവങ്ങൾ അതിൽ വിവരിച്ചിട്ടുണ്ട്. ഒന്ന്, ജനകരാജാവിന്റെ പരിഷത്തിൽ പങ്കെടുത്ത് ശാസ്ത്രചർച്ചനടത്തിയത്; രണ്ട്, ജനകനുമായി കൂടിക്കാഴ്ചനടത്തി ബ്രഹ്മജ്ഞാനം ഉപദേശിച്ചത്; മൂന്ന്, സ്വപത്നി മൈത്രേയിക്കുപദേശം നല്കിയത്. ആ സംഭവങ്ങളോരോന്നും ഇവിടെ ചുരുക്കി വിവരിക്കുന്നു:

ജനകന്റെ യജ്ഞപരിഷത്തിൽ പങ്കെടുത്ത് വാദപ്രതിവാദം നടത്തിയ കഥ രസകരമാണ്. ജനകരാജാവ് വളരെ ദക്ഷിണ നൽകി യജ്ഞം നടത്തിക്കുന്ന ഒരു ധർമിഷ്ഠനായിരുന്നു. കുരുപാഞ്ചാലത്തിലെ ബ്രാഹ്മണപണ്ഡിതൻമാർ ഒരിക്കൽ അദ്ദേഹത്തിന്റെ സഭയിൽ സംബന്ധിച്ചു. ആ പണ്ഡിതൻമാരിൽ ഏറ്റവും ശ്രേഷ്ഠനായ ജ്ഞാനി ആരെന്ന് പരീക്ഷിപ്പാൻ രാജാവ് തീരുമാനിച്ചു. ആയിരം പശുക്കളെ ഒരു സ്ഥലത്ത്

നിർത്തുകയും ഒന്നിന്റെ ഇരുകൊമ്പുകളിൽ പതുപ്പത്തു 'ദശപാദം' എന്ന നാണയം കെട്ടിയിടുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "ദേവൻമാരേ, നിങ്ങളിൽ സർവ ശ്രേഷ്ഠനായ പണ്ഡിതൻ ഈ പശുക്കളെ കൊണ്ടു പോകട്ടെ."

ബ്രാഹ്മണ പണ്ഡിതൻമാരാരും അവയെ കൊണ്ടുപോകാൻ ധൈര്യ പ്പെടുന്നില്ലെന്ന് കണ്ടപ്പോൾ യാജ്ഞവൽക്യൻ സ്വശിഷ്യനായ സോമ ശ്രവനോടു കല്പിച്ചു: "ആ പശുക്കളെ തെളിച്ചുകൊണ്ടുപോവുക." അദ്ദേഹം അങ്ങനെ ചെയ്തു. ബ്രാഹ്മണ പണ്ഡിതൻമാർക്ക് അരിശം പിടിച്ചു. "ഇയാൾ എങ്ങനെയാണ് നമ്മളെക്കാൾ ശ്രേഷ്ഠനെന്നവകാശ പ്പെടുന്നത്" -അവർ പറഞ്ഞു.

രാജാവിന്റെ മന്ത്രപുരോഹിതനായിരുന്നു അശ്വലൻ. അദ്ദേഹം ചോദിച്ചു: "അല്ലയോ യാജ്ഞവൽക്യ, താങ്കൾ ഞങ്ങളേക്കാൾ ബ്രഹ്മി ഷ്ഠനാണോ?" "ഞാൻ ബ്രഹ്മിഷ്ഠനെ നമസ്കരിക്കുന്നു. എനിക്ക് പശു ക്കളെയാണാവശ്യം"- യാജ്ഞവൽക്യൻ പറഞ്ഞു. അശ്വലൻ കർമകാ ണ്ഡത്തെപ്പറ്റി വളരെ ചോദ്യങ്ങൾ ചോദിച്ചു. വൈദികകർമകാണ്ഡത്തിൽ അഗാധപാണ്ഡിത്യം നേടിയ ആളായിരുന്നതിനാൽ യാജ്ഞവൽക്യന് അശ്വലനെ നിശ്ശബ്ദനാക്കാൻ പ്രയാസമുണ്ടായില്ല. പിന്നീട് ആർത്തഭാ ഗൻ, ഭുജ്യുർല്ലാഹ്യായനി, ഉഷസ്തി പാക്രായണൻ, കൗഷീതകേയകൻ, ഗാർഗിവാചക്നവി, വിദഗ്ധശാകല്യൻ, ആരുണി മുതലായവരും ചോദ്യ ങ്ങൾ ഉന്നയിച്ചു. ഇവർക്കെല്ലാം തൃപ്തികരമായ മറുപടി കൊടുത്തു. (ഇക്കൂട്ടത്തിൽ ആരുണി ചോദ്യങ്ങൾ ചോദിച്ചുവെന്നത് അസംഗതമാ ണെന്നും ആരുണി യാജ്ഞവൽക്യന്റെ പ്രതിദ്വന്ദിയല്ല, ഗുരുവാണെന്നും ചില നിരൂപകന്മാർ പറയുന്നു. ഗാർഗിവാചക്നവി ഒരു വനിതയാണ്. വനിതകളും അക്കാലത്ത് ബ്രഹ്മവിദ്യാപരമായ വാദപ്രതിവാദത്തിൽ സംബന്ധിച്ചിരുന്നതായി ഈ സംഭവം തെളിയിക്കുന്നു). അങ്ങനെ സകല ബ്രാഹ്മണവിദ്വാൻമാരേയും വിദുഷികളേയും അതിജയിക്കുന്ന മഹാ ജ്ഞാനിയാണ് താനെന്ന് യാജ്ഞവൽക്യൻ വാദപ്രതിവാദത്തിലൂടെ തെളിയിച്ചു.

സദസ്സ് പിരിഞ്ഞ ശേഷം യാജ്ഞവൽക്യൻ ജനകനുമായി സ്വകാര്യ കൂടിക്കാഴ്ചനടത്തുകയും ജനകന് ബ്രഹ്മവിദ്യാസംബന്ധിയായ ഉപ ദേശങ്ങൾ നല്കുകയുംചെയ്തു. ബൃഹദാരണ്യകത്തിലെ നാലാം അധ്യാ യത്തിൽ ഈ കൂടിക്കാഴ്ച വിവരിച്ചിട്ടുണ്ട്.

ആസ്ഥാനമണ്ഡപത്തിൽ ജനകൻ ഇരിക്കുകയായിരുന്നു. യാജ്ഞ വൽക്യൻ അദ്ദേഹത്തെ ചെന്നുകണ്ടു. "എന്തിനാണ് വന്നത്, പശുക്കളെ കൊ ണ്ടുപോകുവാനോ, വല്ല സൂക്ഷ്മതത്വവും ഉപദേശിക്കുവാനോ?" ജനകൻ ചോദിച്ചു. "രണ്ടിനുമാണ്" -യാജ്ഞവൽക്യൻ തുടർന്നു: "മറ്റാരെങ്കിലും ഉപ ദേശിച്ചിട്ടുണ്ടെങ്കിൽ അതു കേൾക്കുവാനും." തദവസരം പല പണ്ഡിതന്മാരും ഉപദേശിച്ച തത്വങ്ങൾ ജനകൻ കേൾപ്പിച്ചു. യാജ്ഞവൽക്യൻ അവയുടെ വിശ ദീകരണം അറിയിച്ചു.

വേറൊരു തവണ ചെന്നപ്പോൾ ജനകൻ പറഞ്ഞു: "നമസ്കാരം! യാജ്ഞവൽക്യ, എനിക്ക് ഉപദേശം നല്കുക." യാജ്ഞവൽക്യൻ പ്രതിവചിച്ചു: "ദീർഘയാത്രക്കാരൻ രഥത്തിലോ തോണിയിലോ സഞ്ചരിക്കുന്നതുപോലെ ഈ ഉപനിഷത്തുകൾ (തത്വോപദേശങ്ങൾ) അങ്ങയുടെ ആത്മാവിന് അഭയം നല്കിയിരിക്കുകയാണ്." തുടർന്നു നല്കിയ ഉപദേശത്തിന്റെ അവസാനത്തിൽ അദ്ദേഹം പറഞ്ഞു: "ആത്മാവ് ഗ്രഹിക്കാനാവാത്തതും ലിപ്തമാവാത്തതുമാകുന്നു. ജനകരാജാവേ, അങ്ങക്കിപ്പോൾ അഭയം ലഭിച്ചിരിക്കുന്നു!" ജനകൻ പ്രത്യുത്തരം നല്കി: "നിങ്ങൾക്കാണ് അഭയം ലഭിച്ചത്. അഭയത്തെപ്പറ്റി എനിക്ക് അറിവു നല്കിയത് നിങ്ങളാണല്ലോ. നമസ്കാരം! ഈ രാജ്യവും ഞാനും, നിങ്ങളുടേതാണ്!"

മൂന്നാമതൊരു തവണയും ജനകനും യാജ്ഞവൽക്യനും തമ്മിൽ ജ്ഞാനചർച്ച നടത്തി. തന്റെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിച്ചപ്പോൾ രാജാവ് പറഞ്ഞു: "ആയിരം ആനകളേയും കാളകളേയും തരുന്നുണ്ട്." ഇങ്ങനെ യാജ്ഞവൽക്യൻ അക്കാലത്തെ ഏറ്റവും വലിയ ദാർശനികനായിരുന്നുവെന്ന് തെളിയിക്കപ്പെട്ടു.

ബൃഹദാരണ്യകത്തിൽ യാജ്ഞവൽക്യന്റെ ദർശനങ്ങൾ അവതരിപ്പിച്ച മറ്റൊരു പശ്ചാത്തലം ഇതാണ്: അദ്ദേഹം സന്യാസാശ്രമം സ്വീകരിക്കാനുദ്ദേശിച്ചപ്പോൾ സ്വപത്നി മൈത്രേയിയോടു പറഞ്ഞു: "ഞാൻ പരിവ്രജ്യ സ്വീകരിക്കുവാൻ പോകയാണ്. ഞാൻ കാത്ത്യായനിയിൽനിന്നു നിന്നെ വേർപെടുത്തുകയും നിന്റെ സ്വത്തു വിഹിതം നല്കുകയും ചെയ്യാം." ബ്രഹ്മവാദിനിയായ മൈത്രേയി ചോദിച്ചു: "ഭഗവൻ, സമ്പൽസമൃദ്ധമായ ഈ ലോകം മുഴുവൻ എന്റേതായിത്തീർന്നാൽ എനിക്കു അമരത്വം പ്രാപിക്കാമോ?" "ഇല്ല, മൈത്രേയി, സമ്പന്നൻമാരുടെ ജീവിതം പോലെയായിത്തീരും നിന്റെ ജീവിതവും" -ഭർത്താവ്. "എനിക്ക് അമരത്വം പ്രാപിക്കാൻ സഹായകമല്ലാത്ത ഒന്നുകൊണ്ട് എന്തുണ്ട് നേട്ടം? ഭഗവൻ, എനിക്കു വേണ്ടത് പറഞ്ഞുതന്നാലും" -മൈത്രേയി. "എന്റെ പ്രിയതമേ ഏറ്റവും പ്രിയങ്കരമായ ഒന്നാണ് ആവശ്യപ്പെട്ടത്. അത് ഞാൻ പറഞ്ഞുതരാം." അങ്ങനെ യാജ്ഞവൽക്യൻ അവർക്ക് ബ്രഹ്മജ്ഞാനം ഉപദേശിച്ചു കൊടുത്തു. ആകയാൽ ജനകനും മൈത്രേയിയും യാജ്ഞവൽക്യന്റെ ശിഷ്യഗണത്തിൽ പെടുന്നു. ഉദ്ദാലക ആരുണീഗൗതമനായിരുന്നു യാജ്ഞവൽക്യന്റെ ഗുരുഭൂതനെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ.

## സത്യകാമ ജാബാലൻ

സാംകൃത്യായന്റെ നിഗമനത്തിൽ സത്യകാമ ഋഷിയുടെ കാലം ക്രി. മു. 650-ാമാണ്ടിനോടടുത്താണ്. ഛാന്ദോഗ്യത്തിലാണ് അദ്ദേഹത്തിന്റെ ദർശനം കാണുന്നത്. അതിലെ നാലാമധ്യായത്തിൽനിന്ന് താഴെ പറയുന്ന സംഗതികൾ മനസ്സിലാക്കാം:

സത്യകാമന് ബ്രഹ്മചര്യം അനുഷ്ഠിക്കാൻ മോഹം ജനിച്ചു. മാതാ

വായ ജാബാലയോട് അദ്ദേഹം ആവശ്യപ്പെട്ടു: "എനിക്ക് ബ്രഹ്മചര്യമനുഷ്ഠിപ്പാനാഗ്രഹമുണ്ട്. എന്റെ ഗോത്രമേതെന്നു പറഞ്ഞുതന്നാലും!" ജാബാല പറഞ്ഞു: "ഞാൻ യൗവനാവസ്ഥയിലായിരുന്നപ്പോൾ വളരെ അതിഥികളോടുകൂടി സഞ്ചരിക്കുകയും സേവനത്തിൽ നിരതയായിരിക്കുകയും ചെയ്തിരുന്നു. ആ അവസരത്തിലാണ് നിന്നെ ലഭിച്ചത്. നിന്റെ ഗോത്രം എനിക്കറിഞ്ഞുകൂടാ. നിന്റെ പേർ സത്യകാമൻ എന്നും എന്റെ പേർ ജാബാല എന്നുമാണ്. അതുകൊണ്ട് സത്യകാമ ജാബാലൻ എന്ന നാമം സ്വീകരിച്ചോളൂ."

സത്യകാമൻ ഹരിദ്രുമത പുത്രനായ ഗൗതമന്റെ അടുത്ത് വിദ്യാഭ്യാസത്തിന് ചെന്നപേക്ഷിച്ചു. "ദേവ, ഞാൻ അങ്ങയുടെ അടുത്ത് ബ്രഹ്മചാരിയായി വസിക്കുവാൻ ആഗ്രഹിക്കുന്നു. എനിക്ക് ശിഷ്യത്വം നല്കിയാലും!" ആചാര്യൻ ചോദിച്ചു: "വൽസ, നിന്റെ ഗോത്രമേതാണ്?" സത്യകാമൻ പ്രത്യുത്തരം ചെയ്തു: "വിഭോ, അത് എനിക്കറിഞ്ഞുകൂടാ. അമ്മയോടു ചോദിച്ചപ്പോൾ പറഞ്ഞത് അധികം അതിഥികളൊന്നിച്ചു സേവനത്തിലേർപ്പെട്ടപ്പോഴാണ് തനിക്കെന്നെ കിട്ടിയതെന്നും, ഗോത്രം അറിയില്ലെന്നും സത്യകാമ ജാബാലൻ എന്ന പേർ സ്വീകരിച്ചുകൊള്ളുകയെന്നുമാണ്." ഗൗതമൻ പറഞ്ഞു: "അബ്രാഹ്മണർക്കിങ്ങനെ പറയുവാൻ കഴിയില്ല. വൽസ, സമിത്ത് കൊണ്ടുവരിക, ഞാൻ നിന്നെ ഉപനയനം ചെയ്യിക്കാം. നീ സത്യത്തിൽനിന്നു വ്യതിചലിച്ചിട്ടില്ല."

ശോഷിച്ചു പരവശപ്പെട്ട നാനൂറു പശുക്കളെ ഏൽപിച്ചുകൊണ്ട് ഗൗതമൻ സത്യകാമനോടു പറഞ്ഞു: "ഇവയെ കൊണ്ടുപോയി മേയ്ക്കുക; ആയിരം തികഞ്ഞിട്ടല്ലാതെ തിരിച്ചുവരരുത്." ശിഷ്യൻ കുറേ വർഷങ്ങൾ അന്യ പ്രദേശങ്ങളിൽ താമസിച്ചു. പശുക്കൾ ആയിരം തികഞ്ഞു. ഒരു നാൾ ഒരു ഋഷഭം (കാള) സത്യകാമനെ അറിയിച്ചു: "ഞങ്ങൾ ആയിരം തികഞ്ഞിരിക്കുന്നു. ഞങ്ങളെ ആചാര്യകുലത്തിലേക്ക് തിരിച്ചുകൊണ്ടുപോയാലും!...." പിറ്റന്നാൾ സന്ധ്യയായപ്പോൾ പശുക്കളെ വൃത്താകൃതിയിൽ നിർത്തി മധ്യത്തിൽ സത്യകാമൻ തീക്കൂട്ടി. അഗ്നിദേവൻ പ്രത്യക്ഷനായി; ചില ഉപദേശങ്ങൾ നൽകി.

സത്യകാമൻ പശുക്കളെ ആചാര്യകുലത്തിലേക്ക് കൊണ്ടുപോയി. ആചാര്യൻ സത്യകാമനെ നോക്കിപ്പറഞ്ഞു: "സത്യകാമ, നിന്നെക്കണ്ടാൽ ബ്രഹ്മജ്ഞാനിയെപ്പോലെ തോന്നുന്നുവല്ലോ. ആരാണ് നിനക്കുപദേശം നൽകിയത്?" "മനുഷ്യരാരുമായിരുന്നില്ല. അങ്ങു തന്നെ എന്റെ ആഗ്രഹത്തിനൊത്തവിധം ഉപദേശിച്ചുതന്നാലും! ആചാര്യനിൽനിന്നു കിട്ടുന്ന ജ്ഞാനം മാത്രമേ മുക്തി നേടിത്തരികയുള്ളൂ എന്നാണല്ലോ അങ്ങയെപ്പോലുള്ള മഹാത്മാക്കളിൽനിന്നും കേട്ടിട്ടുള്ളത്" -ശിഷ്യൻ. "അപ്പോൾ ഒന്നും തന്നെ വിട്ടുപോയിട്ടില്ലല്ലോ" -ആചാര്യൻ. അങ്ങനെ ഹരിദ്രുമത പുത്രനായ ഗൗതമന്റെ ശിഷ്യത്തിലായി സത്യകാമജാബാലൻ ബ്രഹ്മജ്ഞാനിയായിത്തീർന്നു.[6]

സത്യകാമൻ പിന്നീട് ഒരു ആചാര്യനാവുകയും ശിഷ്യൻമാർക്ക്

ബ്രഹ്മോപദേശം നല്കുകയും ചെയ്തു. ഉപകോസലകമലായനൻ ജാബാലന്റെ ശിഷ്യത്വം സ്വീകരിച്ചു ജീവിക്കുന്ന ഒരു ബ്രഹ്മചാരിയായിരുന്നു. പന്ത്രണ്ടുവർഷം ഗുരുപൂജയും അഗ്നിപരിചരണവും നടത്തി. എന്നാൽ, സത്യകാമൻ മറ്റു ശിഷ്യൻമാരെ സമാവർത്തനം ചെയ്യിച്ചുവെങ്കിലും, ഉപകോസലനെ സമാവർത്തനം ചെയ്യിച്ചില്ല. തദവസരം സത്യകാമനോട് തന്റെ ഭാര്യ ജയ ചോദിച്ചു:

"ബ്രഹ്മചാരിയായ ഉപകോസലൻ തപസ്സുചെയ്തു. നല്ല പോലെ അഗ്നിപരിചരണം നടത്തി. എന്നിട്ടും അയാളെ സമാവർത്തനം ചെയ്യിച്ചില്ല. എന്താണ് കാരണം?" സത്യകാമൻ മറുപടിയൊന്നും പറയാതെ വിദേശ സഞ്ചാരത്തിനു പുറപ്പെടുകയാണ് ചെയ്തത്.

ഉപകോസലൻ ദുഃഖാർത്തനായി, നിരാഹാരവ്രതം അനുഷ്ഠിച്ചു. ആചാര്യപത്നി അദ്ദേഹത്തോട് അപേക്ഷിച്ചു: "ബ്രഹ്മചാരീ, ഭക്ഷണം കഴിക്കൂ, എന്താണ് ഒന്നും കഴിക്കാതിരിക്കുന്നത്." ഉപകോസലൻ പ്രതിവചിച്ചു: "ഈ പുരുഷനിൽ നാനാതരത്തിലുള്ള അഭിലാഷങ്ങളുണ്ട്. മാനസികമായി വ്യാധിക്കും ആധിക്കും ഇരയായിരിക്കുകയാണ് ഞാൻ. സ്വന്തം ശരീരത്തെ നശിപ്പിക്കുവാനാണ് വിചാരിക്കുന്നത്."

പിന്നീട് ഉപകോസലൻ ബ്രഹ്മജ്ഞാനിയായ കഥ ഛാന്ദോഗ്യം പറയുന്നത് ഇപ്രകാരമാണ്: താൻ സേവിച്ച അഗ്നികളെല്ലാം ഉപകോസലനോട് ഉപദേശിച്ചു: "പ്രാണനാണ് ബ്രഹ്മം. പ്രാണനെ ആകാശമെന്നും വിളിക്കുന്നു. ആദിത്യനിലെ ആത്മാവ് ഞാനാകുന്നു. അതുതന്നെയാണ് ഞാൻ! ചന്ദ്രനിലെ ആത്മാവ് ഞാനാകുന്നു. അതു തന്നെയാണ് ഞാൻ! വൈദ്യുതിയിലെ ആത്മാവ് ഞാനാകുന്നു. അതുതന്നെയാകുന്നു ഞാൻ!" അഗ്നികൾ തുടർന്നു: "ഉപകോസല, ഈ വിദ്യ നീ ഞങ്ങളിൽനിന്നു ഗ്രഹിക്കുക. ബാക്കിയുള്ളതൊക്കെ ആചാര്യൻ തന്നെ നിനക്കു പറഞ്ഞു തരും!"

അങ്ങനെ ഉപകോസലൻ ബ്രഹ്മജ്ഞാനിയായി. ആചാര്യൻ തിരിച്ചുവന്നു. ശിഷ്യനെ നോക്കി ചോദിച്ചു: "അല്ലയോ ഉപകോസല, നിന്റെ മുഖം ബ്രഹ്മജ്ഞാനിയുടേതുപോലിരിക്കുന്നുവല്ലോ. ആരാണ് നിനക്കുപദേശിച്ചത്?" "വിഭോ, എനിക്കാർ ഉപദേശിക്കാൻ-" ശിഷ്യൻ. ജാബാലൻ വീണ്ടും തിരക്കി. ഉപകോസലൻ സംഭവം വിസ്തരിച്ചു. സത്യകാമൻ പറഞ്ഞു: "വത്സ, നിനക്ക് അവർ ലോകങ്ങളെപ്പറ്റി മാത്രമാണ് പറഞ്ഞുതന്നിട്ടുള്ളത്. ഞാൻ നിനക്കു ജ്ഞാനോപദേശം നല്കാം. അത് അറിയുന്നവരെ താമരയിലയിൽ ജലകണം നില്ക്കാത്തതുപോലെ പാപം സ്പർശിക്കുകയില്ല." "ഭഗവാൻ പറഞ്ഞു തന്നാലും!" ഉപകോസലൻ.[7] "കണ്ണുകളിൽ കാണുന്ന ഈ പുരുഷനാണ് ആത്മാവ്. അമൃതവും അഭയവും ബ്രഹ്മവുമത്രെ അത്" -സത്യകാമൻ. ഇങ്ങനെ ആത്മാവും ജഗത്തും ബ്രഹ്മവുമെല്ലാം വാസ്തവത്തിൽ ഒന്നുതന്നെയാണെന്ന അദ്വൈത വേദാന്തം ഉപകോസലൻ ഗ്രഹിച്ചു.

## സയുഗ്വാരൈക്വൻ

സാംകൃത്യായന്റെ അഭിപ്രായത്തിൽ ആദ്യത്തെ ഉപനിഷദ്ദാർശനികന്മാരിലൊരാളാണ് സയുഗ്വാരൈക്വൻ. ഒരു ആത്മീയ വാദിയായിരുന്നില്ല, ഭൗതികവാദിയായിരുന്നു അദ്ദേഹം എന്നാണ് സാംകൃത്യായൻ സമർഥിച്ചിരിക്കുന്നത്. കാളവണ്ടി തെളിച്ച് അർധഭ്രാന്തനായി ചുറ്റിത്തിരിയലായിരുന്നു അദ്ദേഹത്തിന്റെ മുഖ്യജോലി. സാംകൃത്യായൻ എഴുതുന്നു:

"ചന്ദ്രഗുപ്ത മൗര്യന്റെ സിംഹാസനാരോഹണ കാലത്ത് മരിച്ച ഗ്രീക്കിലെ ഡയോജനീസ് (Diogenes, B.C 412-322)എന്ന ദാർശനികനും ഇപ്രകാരം ഒരു സഞ്ചാരപ്രിയനായിരുന്നു. തന്റെ സ്നാനഗാര (കുളിമുറി)ത്തിൽ ഇരുന്നിട്ടാണ് അദ്ദേഹം ഉപദേശം നൽകിയിരുന്നത്. ഇന്ത്യയിൽ ഇത്തരം സഞ്ചാരികൾ സിദ്ധൻമാരും മഹാത്മാക്കളുമായിട്ടാണ് കരുതപ്പെടുന്നത്. അവരുടെ ചിന്തകൾ മൗലികങ്ങളോ, അല്ലാത്തവയോ എന്ന നോട്ടമില്ല. ബ്രഹ്മജ്ഞാനി ഒരു ബാലകനെപ്പോലെ ഇരിക്കണമെന്ന യാജ്ഞവല്ക്യന്റെ ഉപദേശം സയുഗ്വാരൈക്വനെപ്പോലെയുള്ളവരുടെ പെരുമാറ്റം കണ്ട് ആകൃഷ്ടനായി പറഞ്ഞിട്ടുള്ളതാണെന്ന് വേണം കരുതുക. എന്നാൽ, സയുഗ്വാവ് ആധ്യത്മവാദിയായിരുന്നില്ല; ഭൗതിക വാദിയായ ദാർശനികനായിരുന്നു. ലോകത്തിന്റെ മൂലോപദാനം (മൂലകാരണം) യാജ്ഞവൽക്യന്റെ സമകാലീനനായ അനക്സിമേനിസ്സിനെ (Anaximanes) പ്പോലെ വായുവാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു."[8]

ഛാന്ദോഗ്യം നാലാം അധ്യായത്തിലാണ് രൈക്വന്റെ ദർശനം ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്. അതിന് ഒരുക്കിയ പശ്ചാത്തലം ഇങ്ങനെയാണ്: ജാനശ്രുതി പൗത്രായണൻ (ജനശ്രുതിയുടെ പുത്രന്റെ പൗത്രൻ) എന്ന രാജാവ് അനവധി ദാനങ്ങൾ നല്കിക്കൊണ്ട് അതിഥികളെ വിശ്വാസപൂർവ്വം ആദരിച്ചിരുന്നു. എല്ലായിടങ്ങളിലും ധർമശാലകൾ സ്ഥാപിക്കുകയും അവ മുഖേന അന്നദാനം നല്കുകയും ചെയ്തിരുന്നു. ഒരിക്കൽ തന്റെ വിശ്രമഗൃഹത്തിൽ ഇരുന്ന് അദ്ദേഹം ആശിച്ചു, എല്ലാവരും തന്റെ അന്നം ഭക്ഷിക്കണമെന്ന്. ഒരു രാത്രി രണ്ടു ഹംസങ്ങൾ (അരയന്നങ്ങൾ) പറക്കുന്നതുകണ്ടു. അവ തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം നടന്നു: ഒരു ഹംസം മറ്റതിനോടു പറഞ്ഞു: "അല്ലയോ ഭല്ലാക്ഷ, ജാനശ്രുതിപൗത്രായണന്റെ പ്രഭ ഇവിടെ പകൽവെളിച്ചംപോലെ വ്യാപിച്ചിരിക്കുന്നു. തൊട്ടുപോകരുതേ; പൊള്ളിപ്പോവും." ജാനശ്രുതി പൗത്രായണൻ ഇതു കേൾക്കുന്നുണ്ടായിരുന്നു. തദവസരം മറ്റെ അരയന്നം പറഞ്ഞു: "കമ്പര, നീ പുകഴ്ത്തുന്ന ഇയാൾ സയുഗ്വാരൈക്വനെപ്പോലെയാണോ?" "സയുഗ്വാരൈക്വൻ എങ്ങനെയുള്ള ആളാണ്?"- ഒന്നാമത്തെ അരയന്നം. "ജേതാക്കളുടെ അടുത്തേക്ക് താഴ്ന്ന പടിയിലുള്ള ആളുകൾ ചെല്ലുംപോലെ ജനങ്ങൾ ചെയ്യുന്ന സദ്പ്രവൃത്തികളുടെ പുണ്യഫലം വണ്ടിക്കാരനായ രൈക്വന്റെ സമീപത്തേക്ക് ചെല്ലുന്നു."

അജ്ഞാതനായ ഈ രൈക്വനിൽ രാജാവിന് താൽപര്യം ജനിച്ചു. അദ്ദേഹം രാവിലെ എഴുന്നേറ്റ് സ്വന്തം സചിവന്മാരോട് ചോദിച്ചു: "സയുഗ്വാരൈക്വനെപ്പറ്റി വല്ലതും അറിയുമോ?" "ഇല്ല. ആരാണ് അദ്ദേഹം?

എന്താണ് വിശേഷം?" സചിവന്മാർ. "വിജേതാക്കളുടെ സമീപത്തേക്ക് താഴ്ന്നപടിയിലുള്ളവർ പോകും പോലെ എല്ലാ സത്കർമങ്ങളുടേയും പുണ്യഫലം അദ്ദേഹത്തിന്റെ സമീപത്തേക്കു പോവുന്നു-" ജാനശ്രുതി.

സചിവന്മാർ രൈക്വനെ അന്വേഷിച്ചു പുറപ്പെട്ടു. കണ്ടെത്തിയില്ല. തിരിച്ചുചെന്നു പറഞ്ഞു: "കണ്ടില്ല, തിരുമേനീ." ജാനശ്രുതി ആജ്ഞാപിച്ചു: "ബ്രാഹ്മണരെ കാണാൻ കഴിയുന്ന വിജന സ്ഥലങ്ങളിലെല്ലാം അന്വേഷിക്കുക." അങ്ങനെ സചിവന്മാർ വീണ്ടും തിരക്കി. അവസാനം ഒരു വണ്ടിയുടെ താഴെയിരുന്ന് ചൊറി മാന്തിക്കൊണ്ടിരിക്കുന്ന ഒരു ബ്രാഹ്മണനെ കണ്ടെത്തി. രാജസേവകന്മാർ ചോദിച്ചു: "ദേവാ, അങ്ങുന്നാണോ സയുഗ്വാരൈക്വൻ?" "അതെ, ഞാൻ തന്നെ, എന്തുവേണം?" രൈക്വൻ. സചിവൻമാർ രാജാവിനെ വിവരമറിയിച്ചു. അറുനൂറു പശുക്കളെയും സ്വർണഹാരങ്ങളെയും കഴുതകളെ പൂട്ടിയ രഥങ്ങളെയും കൊണ്ട് ജാനശ്രുതി പൗത്രായണൻ രൈക്വനെ സമീപിച്ചു.

"രൈക്വാ, ഇതാ അറുനൂറു പശുക്കളും സുവർണഹാരങ്ങളും രഥങ്ങളും. ഇവ അങ്ങുന്ന് സ്വീകരിച്ചാലും! ദേവാ, അങ്ങ് ഉപാസന ചെയ്യുന്ന ദേവനെക്കുറിച്ചു എനിക്ക് ഉപദേശം തന്നാലും!"

"ഛീ, മാറിനിൽക്കൂ, ശൂദ്ര! പശുക്കളും സ്വർണമുദ്രകളും നിനക്കു തന്നെയിരിക്കട്ടെ"- മഹർഷിയുടെ പ്രതികരണം.

ജാനശ്രുതി പൗത്രായണൻ മടങ്ങി. അനന്തരം ആയിരം പശുക്കൾ. സ്വർണഹാരങ്ങൾ, രഥങ്ങൾ എന്നിവയോടൊപ്പം സ്വന്തം കന്യക പുത്രിയെക്കൂടി കൊണ്ടുപോയി രൈക്വനോടു പറഞ്ഞു: "ഇതാ, ആയിരം പശുക്കളും സ്വർണഹാരങ്ങളും രഥങ്ങളും ഈ ഭാര്യയും. ഈ ഗ്രാമം തന്നെ അങ്ങയുടേതാകുന്നു. ഉപദേശം തന്നാലും."

രൈക്വൻ ആ കന്യകാരത്നത്തിന്റെ മുഖം പിടിച്ചുപൊക്കി നോക്കി, എന്നിട്ടു പറഞ്ഞു: "ഈ മുഖം കാരണമായി മാത്രമാണ് എന്നിൽനിന്നും ഉപദേശം ലഭ്യമാകുന്നത്. മറ്റുള്ളതെല്ലാം കൊണ്ടുപോവൂ." അദ്ദേഹം ഉപദേശം നല്കിയത് ഇപ്രകാരമാണ്:

"വായുവത്രെ മൂലമായിട്ടുള്ളത്. അഗ്നി ശാന്തമാവുമ്പോൾ വായുവിൽ ലയിക്കുന്നു; സൂര്യൻ അസ്തമിക്കുമ്പോൾ വായുവിൽ ലയിക്കുന്നു; ചന്ദ്രൻ അസ്തമിക്കുമ്പോൾ വായുവിൽ ലയിക്കുന്നു. വെള്ളം വറ്റിപ്പോകുമ്പോൾ വായുവിൽ ലയിക്കുന്നു. വായുവാണ് ഇവയെയെല്ലാം വലയം ചെയ്തിരിക്കുന്നത്. അധിദേവതയെക്കുറിച്ചാണ് ഇത്രയും പ്രസ്താവിച്ചത്. ആധ്യാത്മികദൃഷ്ട്യാ നോക്കുകയാണെങ്കിൽ പ്രാണൻ എന്ന മൂലവസ്തു ശരീരത്തിൽ അവസ്ഥിതമായിരിക്കുന്നു. പുരുഷൻ സുഷുപ്തിയി(ഉറക്കത്തിൽ)ലിരിക്കുമ്പോൾ വാണിയും ചക്ഷുസ്സും ശ്രോത്രവും മനസ്സുമെല്ലാം പ്രാണനിൽ ലയിക്കുന്നു. അപ്പോൾ രണ്ടു മൂലകങ്ങളാണുള്ളത്: ദേവന്മാരിൽ വായുവും ഇന്ദ്രിയങ്ങളിൽ പ്രാണനും."

പ്രസ്തുത ഉദ്ധരണത്തിന്റെ ശേഷം സാംകൃത്യായൻ എഴുതുന്നു: "അങ്ങനെ ഭൗതികജഗത്തിന്റെയും ആധ്യാത്മിക ലോകത്തിന്റെയും

മൂലാധാരമായിട്ടുള്ളത് വായുവാണെന്നത്രെ റൈക്വന്റെ ദർശനം."[9]

## കുറിപ്പുകൾ

1. വിശ്വദർശനങ്ങൾ പേ. 559
2. ഛാന്ദോഗ്യം അധ്യായം 5, ഖണ്ഡം 3 നോക്കുക.
3. Ibid അ. 5, ഖ. 3-9 നോക്കുക.
4. Ibid അ. 5, ഖ. 11-18 നോക്കുക.
5. വിശ്വദർശനങ്ങൾ പേ. 661
6. ഛാന്ദോഗ്യം അ. 4, ഖ. 4-9 നോക്കുക.
7. Ibid അ. 4, ഖ. 10-16 നോക്കുക.
8. വിശ്വദർശനങ്ങൾ പേ. 682
9. Ibid P. 685

അധ്യായം ഇരുപത്തേഴ്

# ഉപനിഷത്തുകളിലെ ഏകത്വദർശനം

**ഭാ**രതത്തിൽ ഉപനിഷത്തുകളുടെ കാലംതൊട്ടാണ് 'ദർശനം' അഥവാ തത്വചിന്ത ആരംഭിക്കുന്നത്. ഉപനിഷത് കാലത്തെ മനീഷികൾ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പിറകിൽ വർത്തിക്കുന്ന ശക്തിവിശേഷത്തെപ്പറ്റി പരിചിന്തനം നടത്തുവാനുദ്യമിച്ചു. അങ്ങനെ വിവിധ ദർശനങ്ങളും ദാർശനിക പ്രസ്ഥാനങ്ങളും നിലവിൽ വന്നു; ഇസ്‌ലാമികചരിത്രത്തിൽ 'ഇൽമുൽകലാം' അഥവാ തത്വചിന്താപ്രസ്ഥാനം വളർന്നുവന്നപോലെ തന്നെ. പക്ഷേ, ഇൽമുൽകലാം ഉടലെടുക്കുന്നതിനു സഹസ്രാബ്ദങ്ങൾക്കു മുമ്പാണ്, ഇന്ത്യയിൽ ദാർശനികപ്രസ്ഥാനങ്ങൾ വളർന്നുവന്നതെന്ന വസ്തുത ഇവിടെ സ്മർത്തവ്യമാണ്.

## വേദവും ഉപനിഷത്തും

ഖുർആനും ഇൽമുൽകലാമും തമ്മിലുള്ള താരതമ്യമെന്തോ, അതു തന്നെയാണ് വേദവും ഉപനിഷത്തും തമ്മിലുള്ളത്. ഖുർആനിൽ ചില അദൃശ്യകാര്യങ്ങളിലേക്കു വെളിച്ചം വീശി. പക്ഷേ, തീരെ അവ്യക്തവും അനിർവചനീയവുമായ വിധത്തിലായിരുന്നു അതിലെ പ്രതിപാദനം. മുസ്‌ലിം 'മുതകല്ലിമുകൾ' (തത്വചിന്തകൻമാർ) ആ അദൃശ്യകാര്യങ്ങളെ വിശദീകരിക്കുവാനും നിർവചിക്കുവാനും ഉദ്യമിച്ചു. അങ്ങനെ ഇൽമുൽകലാം എന്ന പേരിൽ ഒരു പ്രത്യേക വിജ്ഞാനശാഖ രൂപം കൊണ്ടു. ഇതേ പ്രകാരം വേദങ്ങളിലും പ്രപഞ്ചത്തിന്റെ പിറകിൽ സ്ഥിതി ചെയ്യുന്ന അദൃശ്യവും അനിർവചനീയവുമായ ശക്തിവിശേഷത്തെപ്പറ്റി പ്രതിപാദിച്ചിരുന്നു. അതിന്റെ വിശദാംശങ്ങൾ കണ്ടെത്താനുള്ള

ശ്രമം പിൽക്കാലത്ത് നടന്നു. അതിൽനിന്നാണ് ദർശനവും ദാർശനിക പ്രസ്ഥാനങ്ങളും നിലവിൽ വന്നത്. ശ്രീ. രാഹുൽ സാംകൃത്യായൻ എഴുതിയത് കാണുക:

വിശ്വത്തിന്റെ അടിത്തട്ടിൽ എന്താണ്, ചഞ്ചലമായ പ്രപഞ്ചത്തിനു പിന്നിൽ അചഞ്ചലമായ വല്ലതുമുണ്ടോ, വിശ്വത്തിന്റെ ഉദ്ഭവം എങ്ങനെയായിരുന്നു എന്നിങ്ങനെയുള്ള പ്രശ്നങ്ങളുടെ ഒരവ്യക്ത രൂപം ഋഗ്വേദത്തിലെ 'നാസദീയ' സൂക്തത്തിൽ ദർശനീയമാണ്: (വേദത്തിലെ ആ ഭാഗം ഇങ്ങനെയാണ്:)

"അക്കാലത്ത് സത്തയോ അസത്തയോ ഉണ്ടായിരുന്നില്ല. അന്തരീക്ഷമോ അതിൽനിന്നു വിഭിന്നമായ വ്യോമമോ ഉണ്ടായിരുന്നില്ല. ആരാണ് എല്ലാത്തിനേയും മൂടിയത്? എവിടെയായിരുന്നു അത്? ആരാണ് എല്ലാത്തിനേയും രക്ഷിച്ചിരുന്നത്? അഗാധവും ഗംഭീരവുമായ ജലമായിരുന്നുവോ അവിടെ? അന്ന് മരണമോ അമരത്വമോ ഉണ്ടായിരുന്നില്ല. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസവുമുണ്ടായിരുന്നില്ല. ഏകവും സ്വാശ്രിതവുമായ ശക്തിയാൽ അത് (ബ്രഹ്മം) സ്വയം ശ്വസിച്ചു. അതല്ലാതേയോ, അതിനുപരിയായോ യാതൊന്നും ഇല്ലായിരുന്നു. അവിടെ അന്ധകാരമുണ്ടായിരുന്നു. ആരംഭത്തിൽ അത് അന്ധകാരത്താൽ മൂടപ്പെട്ടതായിരുന്നു. അവിഭാജ്യവും, ജലം പോലെ പ്രവാഹരൂപത്തിൽ ഗതിമയവുമായിരുന്നു വിശ്വമഖിലം. ശൂന്യതയിലും അവ്യതിരിക്തതയിലും അത് ഒളിഞ്ഞുകിടന്നു. അത് സ്വശക്തിയാൽ വികസ്വരമായി. അങ്ങനെ ഏറ്റവും ആദ്യമായി 'കാമം' (ഇച്ഛ) ഉളവായി. അന്തർഭാഗത്തുള്ള മനസ്സിന്റെ പ്രാരംഭ ബീജമാകുന്നു ഇച്ഛ. ഋഷിമാർ സ്വഹൃദയത്തിൽ അന്വേഷിച്ച് അസത്തയിൽ സത്തയുടെ സംയോജനബന്ധം കണ്ടുപിടിച്ചു... യാതൊന്നിൽനിന്ന് ഈ ലോകം സംജാതമായോ, ആ മൂല സ്രോതസ്സ് ഉണ്ടാക്കപ്പെട്ടതോ അഥവാ, അകൃതമോ? സർവോന്നതമായ ദൗലോകത്തിൽ നിന്ന് ഇതിനെ ഭരിക്കുന്ന സർവ്വസാക്ഷിയായ നാഥൻ മാത്രമേ അത് അറിയുകയോ അറിയാതിരിക്കുകയോ ചെയ്യുന്നുള്ളൂ."[1]

"മേൽ ഉന്നയിച്ച പ്രശ്നങ്ങൾക്കെല്ലാം സമാധാനം ലഭിക്കുന്നതു തൊട്ടാണ് ദർശനങ്ങൾ ആരംഭിക്കുന്നത്."[2]

ആകയാൽ വേദത്തിലെ അവ്യക്തമായ തത്വവചനങ്ങൾക്ക് യുക്തിയുടെ വെളിച്ചത്തിൽ വ്യാഖ്യാനം നല്കുവാനുള്ള ശ്രമത്തിൽ നിന്നാണ് ഇന്ത്യയിൽ ദർശനപ്രക്രിയ ഉടലെടുത്തത്. ആ ദർശനങ്ങൾ ഉപനിഷദ്രൂപത്തിൽ ക്രോഡീകൃതങ്ങളായി. ഇനി നമുക്കു ഉപനിഷത്തുകളിലെ പ്രധാനമായ പ്രതിപാദ്യങ്ങളെപ്പറ്റി ആലോചിക്കാം.

## ബ്രഹ്മവും ആത്മാവും

ഉപനിഷത്തുകളിലെ ഏറ്റവും മുഖ്യ പ്രതിപാദനം ബ്രഹ്മത്തേയും ആത്മാവിനേയും പറ്റിയാണ്. ഏകനും നിരാകാരനും അദ്വിതീയനുമായ പരമേശ്വരനെ ഉപനിഷത്തുകൾ 'ബ്രഹ്മം' എന്നു വിളിക്കുന്നു. ദൈവം എന്നപോലെ ബ്രഹ്മവും ഒരു നപുംസകലിംഗമാണ്. ഈ പദത്തിന്റെ

അർഥത്തെപ്പറ്റി സാംകൃത്യായൻ എഴുതുന്നു: "നപുംസകലിംഗമായ ബ്രഹ്മം വ്യാപാരപ്രധാനമായ കാലത്തുണ്ടായ ഉപനിഷത്തുകളിൽ ദേവൻമാരുടെ ദേവനായും, അദ്വിതീയവും നിരാകാരവുമായ ഒരു ശക്തി വിശേഷമായും കാണപ്പെടുന്നു.... നപുംസകലിംഗമായ ബ്രഹ്മശബ്ദ ത്തിന് ഭോജനം, ഭോജനദാനം, സാമഗീതം, അദ്ഭുതശക്തിയുള്ള മന്ത്രം, യജ്ഞപൂർത്തി, ഗാനദക്ഷിണ, പുരോഹിതന്റെ മന്ത്രോച്ചാരണം, മഹാൻമാർ എന്നിത്യാദി അർഥങ്ങളാണുള്ളത്."[3]

ബ്രഹ്മം എന്ന പോലെത്തന്നെ 'ആത്മാവ്' എന്നും ഉപനിഷത്തു കൾ പരമേശ്വരനെ വിളിക്കാറുണ്ട്. എന്നാൽ, ആത്മാവിന് ഈ അർഥം വേദകാലത്തുണ്ടായിരുന്നില്ലെന്നു മനസ്സിലാവുന്നു. ഋഗ്വേദകാലത്തെ ഋഷിമാർ മനസ്സ്, പ്രാണൻ എന്നീ അർഥത്തിലാണ് ആത്മശബ്ദം പ്രയോ ഗിച്ചിരുന്നത്. സാംകൃത്യായൻ തന്നെ പറയട്ടെ: 'വൈദികകാലത്തെ ഋഷി മാർ ആത്മാവ് ശരീരത്തിൽനിന്ന് ഭിന്നമായ ഒരു സത്തയാണെന്നു വിശ്വ സിച്ചിരുന്നു. ഋഗ്വേദത്തിലെ ഒരു മന്ത്രത്തിൽ വൃക്ഷങ്ങൾ, സസ്യങ്ങൾ, അന്തരീക്ഷം, സൂര്യൻ എന്നിവയിൽനിന്നാണ് അത് നമ്മുടെ അടുക്ക ലേക്ക് വന്നിട്ടുള്ളതെന്നു പറയുന്നു.... ഋഗ്വേദത്തിൽ മനസ്സ്, ആത്മാവ്, അസു (പ്രാണൻ) എന്നിവയെല്ലാം ജീവന്റെ പര്യായങ്ങളാണ്. എന്നാൽ, ആത്മാവ് എന്ന് പൊതുവായി പറയുന്നത് പ്രാണവായുവിനെയോ, ശരീ രത്തെയോ ആകുന്നു."[4]

പക്ഷേ, ഉപനിഷത്കാലത്ത് ആത്മശബ്ദത്തിന് അതിഗംഭീരവും നിഗൂ ഢവുമായ അർഥം കല്പിക്കപ്പെട്ടു. പരബ്രഹ്മത്തിന്റെ പര്യായമായി ത്തീർന്നു അത്. അതിനാൽ, ബ്രഹ്മവിദ്യ മഹാപണ്ഡിതൻമാരുടെ കുത്തകയായിത്തീർന്നു. അതു സാമാന്യ ജനത്തിന് അറിയിക്കുന്നതു പോലും ഉപനിഷത്തുകൾ നിരോധിച്ചിരിക്കുകയാണ്. ഛാന്ദോഗ്യത്തിൽ പറയുന്നതു നോക്കുക: "പിതാവ് മൂത്ത പുത്രന്നും ആചാര്യൻ യോഗ്യ നായ ശിഷ്യന്നും മാത്രമേ ബ്രഹ്മതത്വത്തെക്കുറിച്ച് ഉപദേശം നൽകാവൂ. മറ്റാർക്കും തന്നെ അത് ഉപദേശിക്കരുത്. ഇതിന്റെ പേരിൽ സമുദ്രത്താൽ ചുറ്റപ്പെട്ട, ധനസമൃദ്ധമായ ഈ ഭൂലോകം മുഴുവൻ നല്കിയാലും ശരി, അങ്ങനെ ചെയ്യരുത്, ഇതാണ് അതിനെക്കാൾ ശ്രേഷ്ഠം; ഇതാണ് അതി നെക്കാൾ ശ്രേഷ്ഠം!"[5]

ഭാരതത്തിലെ സാധാരണക്കാർക്ക് മുൻകാലത്ത് നിഷിദ്ധമായിരുന്നു ബ്രഹ്മത്തെക്കുറിച്ച ജ്ഞാനമെന്നു ഇതിൽനിന്നു ഗ്രഹിക്കാം. ഈ അറിവ് ഉപനിഷത്തുകളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതിനാൽ, ഉപനിഷത്തുകളുടെ പ്രതിപാദനശൈലി ദുർഗ്രഹമായിത്തീർന്നതിൽ അത്ഭുതമില്ല. ഭാരതീയപണ്ഡിതൻമാർക്കു പോലും ഉപനിഷത്തുകളുടെ ഉള്ളടക്കം മനസ്സിലാക്കണമെങ്കിൽ നിരവധി കാലം തപസ്സനുഷ്ഠിക്കണം. അപ്പോൾ പിന്നെ സാമാന്യജനങ്ങളുടെ കാര്യം പറയേണ്ടതുണ്ടോ? ഇതിൽനിന്നു മറ്റൊരു സംഗതികൂടി വ്യക്തമാവുന്നുണ്ട്. ഭാരതീയ സാഹി ത്യങ്ങളിൽ ഏകത്വദർശനം സ്ഥലം പിടിച്ചിരുന്നിട്ടും, ഭാരതീയ ജനത നാനാത്വവിശ്വാസത്തിൽ അടിയുറച്ചുപോയതിന്റെ യഥാർഥ കാരണമാ

ണത്. വിദ്വൽ ജനത്തിന്റെ ലോഭമനോഭാവമായിരുന്നു ആ കാരണം. അവർ ഏകദൈവത്വസിദ്ധാന്തം ജനങ്ങളിൽനിന്നും കഴിയുന്നത്ര മറച്ചു പിടിച്ചിരുന്നു. തന്നിമിത്തം ജനങ്ങൾ അന്ധവിശ്വാസങ്ങളിലും ഊഹാപോഹങ്ങളിലും അകപ്പെട്ടുപോയി.

## ബ്രഹ്മം അദ്വിതീയം

സത്തകൊണ്ടും ഗുണംകൊണ്ടും പരബ്രഹ്മ പരമാത്മാവ് അദ്വിതീയമാണെന്നു ഉപനിഷത്തുകൾ തുറന്നുപറയുന്നു. ഉദാഹരണമായി, ഛാന്ദോഗ്യം പറയുന്നതു കാണുക: "അല്ലയോ പ്രിയ, അത് മുമ്പ് അദ്വിതീയമായ ഒരു ഭാവരൂപം മാത്രമായിരുന്നു. അതിനെത്തന്നെ അദ്വിതീയമായ ഒരു അഭാവരൂപം മാത്രമായും ചിലർ വ്യാഖ്യാനിച്ചു. അങ്ങനെ അസത്തയിൽനിന്ന് സത്തയുണ്ടായി. എന്നാൽ അതെങ്ങനെ സംഭവ്യമാണ്? അസത്തയിൽനിന്നു സത്തയുണ്ടാകുന്നതെങ്ങനെയാണ്? അതിനാൽ അത് അദ്വിതീയമായ ഒരു ഭാവരൂപം മാത്രമായിരുന്നു. അത് ഇച്ഛിച്ചു, ഞാൻ ബഹുരൂപമായിത്തീരട്ടെയെന്ന്. അത് തേജസ്സിനെ സൃഷ്ടിച്ചു. പ്രസ്തുത തേജസ്സ് ഇച്ഛിച്ചു, ഞാൻ ബഹുരൂപനായിരിക്കട്ടെ എന്ന്.... അതു ജലത്തെ സൃഷ്ടിച്ചു...."[6]

ഇതിൽനിന്നും പരമേശ്വരൻ അദ്വിതീയനും ഏകനുമാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. ദൈവത്തിന് രണ്ടുതരം ഗുണങ്ങളുണ്ടെന്നും ഒന്ന് ഭാവാത്മകങ്ങളും (Positive attributes) മറ്റത് അഭാവാത്മകങ്ങളു(Negative attributes)മാണെന്നും നാം മുമ്പൊരിടത്ത് സൂചിപ്പിച്ചിട്ടുണ്ട്. ദൈവത്തെ തന്റെ ഭാവാത്മകഗുണങ്ങൾ പരിഗണിച്ച് 'സത്' ആയും അഭാവാത്മക ഗുണങ്ങൾ പരിഗണിച്ച് 'അസത്' ആയും കല്പിക്കുന്നു. ഛാന്ദോഗ്യത്തിലെ ഋഷിയുടെ അഭിപ്രായത്തിൽ അഭാവാത്മക ഗുണങ്ങളിൽനിന്നല്ല ഭാവാത്മക ഗുണങ്ങളിൽനിന്നാണ് വിശ്വം സംഭവ്യമായത്. ഇതായിരിക്കണം പ്രസ്തുത വാക്യത്തിന്റെ പൊരുൾ. ഏതായാലും ബ്രഹ്മം അദ്വിതീയമാണെന്നു ഛാന്ദോഗ്യം തീർത്തു പറയുന്നു.

ഖുർആനിൽ 'അല്ലാഹു ഏകനാണ്' എന്നും 'അവന് തുല്യമായി യാതൊന്നുമില്ലെ'ന്നും പറഞ്ഞതിന്റെ മറ്റൊരു പ്രതിപാദനശൈലിയാണിത്. ഈ വാക്യങ്ങൾക്ക് ഇസ്ലാമിക പണ്ഡിതൻമാർ വിശദീകരണം നൽകിയതുപോലെ തന്നെയാണ് ഉപനിഷത്തിലെ ഋഷിമാർ ബ്രഹ്മത്തിന്റെ അദ്വിതീയത സമർഥിച്ചിട്ടുള്ളത്. ഇസ്ലാമിക പണ്ഡിതൻമാരുടെ വിശദീകരണം ഇമാം അബുൽ ഹസനിൽ അശ്അരി ഇങ്ങനെ ഉദ്ധരിക്കുന്നു: "അല്ലാഹു ഏകനാണ്. അവനു തുല്യമായി യാതൊന്നുമില്ല; അവൻ ശരീരമല്ല, നിഴലല്ല, പിണ്ഡമല്ല, രൂപമല്ല, ഭാവമല്ല, മാംസമല്ല, രക്തമല്ല, ദ്രവ്യമല്ല, ഗുണമല്ല, നിറമല്ല, രസയുക്തനല്ല, ഗന്ധയുക്തനല്ല, സ്പർശീയനല്ല, ചൂടോ തണുപ്പോ പശിമയോ ശുഷ്കതയോ ഉള്ളവനല്ല...."[7]

ഇങ്ങനെ പോകുന്നു അല്ലാഹുവിന്റെ അഭാവാത്മക ഗുണങ്ങളുടെ നീണ്ട പട്ടിക. അവന്റെ അദ്വിതീയതയും നിസ്തുലതയുമാണ് ഇവിടെ

വിശദീകരിച്ചത്. ഇനി ഇതേ തത്വം ബൃഹദാരണ്യകം വിശദമാക്കിയ ശൈലി കാണുക:

"അത് സ്ഥൂലമല്ല, സൂക്ഷ്മമല്ല, ഹ്രസ്വമല്ല, ദീർഘമല്ല, ചെമപ്പോ, സ്നിഗ്ധതയോ ഉള്ളതല്ല, കിരണയുക്തവും അന്ധകാരമയവുമല്ല, വായുവല്ല, ആകാശമല്ല, നിഴലല്ല, സമീപസ്ഥമോ ദൂരസ്ഥമോ അല്ല, വികാരയുക്തമോ, രസയുക്തമോ ഗന്ധയുക്തമോ അല്ല, കണ്ണിനോ ചെവിക്കോ മനസ്സിനോ പ്രാണനോ വിഷയമല്ല, ആന്തരമോ ബാഹ്യമോ അല്ല, അത് യാതൊന്നും അനുഭവിക്കുന്നില്ല, അതിനെ ആരും അനുഭവിക്കുന്നുമില്ല...."[8]

ഈ ഉദ്ധരണിക്കു ശേഷം സാംകൃത്യായൻ എഴുതുന്നു: "ബ്രഹ്മത്തിന്റെ ഗുണങ്ങൾക്കു അവസാനമില്ല. 'നേതിനേതി' (ഇതൊന്നുമല്ല) എന്ന വിശേഷണം ബ്രഹ്മത്തിന് ആദ്യമായി ലഭിച്ചത് അക്കാലത്താണ്."[9]

പഞ്ചേന്ദ്രിയങ്ങൾക്കോ മനസ്സിനോ പ്രാണനോ വിഷയമാവാത്ത ഒന്നാണ് ബ്രഹ്മമെന്ന് കേനോപനിഷത്ത് വ്യക്തമാക്കുന്നു.

'ന നത്ര ചക്ഷുഗർച്ഛതി ന വാഗ്ഗച്ഛതിനോ മനഃ
ന വിദ്മോ ന വിജാനീമോ യഥൈതദനുശിഷ്യാദ്."[10]

(അതിനെ നേത്രാദി ഇന്ദ്രിയങ്ങൾക്കോ വാക്കിനോ മനസ്സിനോ വിഷയമാക്കാനാവില്ല; അതെങ്ങനെയുള്ളതാണെന്നു ഞങ്ങൾ അറിയുന്നില്ല. അതിനെപ്പറ്റി പഠിപ്പിക്കേണ്ടതെങ്ങനെയെന്നും ഞങ്ങൾക്കറിഞ്ഞുകൂടാ.)

ദൈവസത്തയുടെ അനിർവചനീയതയെപ്പറ്റി ഒന്നാം ഖലീഫ അബൂബക്റിസ്സിദ്ദീഖ് പറയുന്നു:

العَجْزُ عَنْ دَرَكِ الادْراكِ إدْرَاكٌ

(അത് അറിയുക അസാധ്യമാണെന്നു അറിയലാണ് യഥാർഥ ജ്ഞാനം!)[11]

ഇതേ ആശയം മറ്റൊരു ശൈലിയിൽ കേനോപനിഷത്തും അവതരിപ്പിച്ചിരിക്കുന്നു:

"യസ്യാമതം തസ്യമതം മതം യസ്യ ന വേദ സഃ
അവിജ്ഞാതം വിജാനതാം വിജ്ഞാതമ വിജാനതാം."[12]

(ബ്രഹ്മത്തെ അറിയുക സാധ്യമല്ല എന്നു വിചാരിക്കുന്നവൻ ബ്രഹ്മത്തെ അറിഞ്ഞുവെന്നു പറയാം. ബ്രഹ്മത്തെ അറിഞ്ഞുവെന്നു കരുതുന്നവൻ വാസ്തവത്തിൽ അതിനെ അറിഞ്ഞിട്ടില്ല. അറിഞ്ഞെന്ന് വിചാരിക്കുന്നവന് അറിയാത്തതും അറിയില്ലെന്നു കരുതുന്നവന് അറിഞ്ഞതുമാണ് ബ്രഹ്മം.)

ആകയാൽ അല്ലാഹുവിനെപ്പറ്റി ഇസ്ലാം പഠിപ്പിക്കുന്നതും ബ്രഹ്മത്തെപ്പറ്റി പ്രാചീന ഉപനിഷത്തുകൾ പഠിപ്പിക്കുന്നതും ഏതാണ്ടൊന്നു തന്നെയാണ്. പക്ഷേ, ഇസ്ലാം വരുന്നതിന് സഹസ്രാബ്ദങ്ങൾ മുൻപാണ് ഉപനിഷത്തുകളുടെ കാലം.

## ബ്രഹ്മം സൃഷ്ടികർത്താവ്

ഇനി ലോകോത്പത്തിയെപ്പറ്റി ഉപനിഷത്തുകളുടെ നിലപാട് നോക്കാം. ബ്രഹ്മം മാത്രമാണ് ആദിയിൽ ഉണ്ടായിരുന്നതെന്നും ജഗത്സൃഷ്ടിക്ക് കാരണമായിട്ടുള്ളത് അതാണെന്നും ഉപനിഷത്തുകൾ പറയുന്നു:

"ബ്രഹ്മം മാത്രമാണ് മുമ്പുണ്ടായിരുന്നത്. അത് സ്വയം അറിഞ്ഞു, 'ഞാൻ ബ്രഹ്മമാണ്' എന്ന്. അതിൽനിന്ന് എല്ലാം ഉണ്ടായി." [13]

ഭൗതികതത്വങ്ങളിൽ പ്രഥമമായുദ്ഭവിച്ചത് ജലമാണെന്ന് ബൃഹദാരണ്യകം സൂചിപ്പിക്കുന്നു:

"മുൻപു മറ്റു യാതൊന്നുംതന്നെയുണ്ടായിരുന്നില്ല. ജീവശൂന്യമായിരുന്നു സർവത്ര. വിശപ്പുകൊണ്ട് അത് മൂടപ്പെട്ടിരുന്നു. വിശപ്പ് മരണമാണ്. (അതായത്, പ്രപഞ്ചം അഭാവാവസ്ഥയിലാണ് സ്ഥിതിചെയ്തിരുന്നതെന്നർഥം). അതുകൊണ്ട് അത് (ബ്രഹ്മം) ആത്മയുക്തമായി, സശരീരമായിത്തീരണമെന്നു നിശ്ചയിച്ചു. അത് ഇച്ഛിച്ചു. ഈ ഇച്ഛയിൽനിന്നു ജലമുണ്ടായി. ജലത്തിന്റെ കമാനാകൃതി വലുതായിവന്നു. അങ്ങനെ ഭൂമിയുണ്ടായി."[14]

ജലമാണ് പ്രഥമ ഭൗതിക തത്വം എന്ന ആശയത്തിലേക്ക് ഖുർആനും സൂചന നല്കിയിട്ടുണ്ട്. "ആദിയിൽ ദൈവത്തിന്റെ സിംഹാസനം ജലത്തിന് മീതെയായിരുന്നു."[15] അതായത്, ആദിയിൽ ജലമാണുണ്ടായിരുന്നത്; അതിനാൽ, അവന്റെ ആധിപത്യവും അധികാരവും അതിൻമേൽ സ്ഥാപിതമായിരുന്നു എന്നർഥം. കൂടാതെ ജലത്തിൽനിന്നാണ് ജീവ വസ്തുക്കളെല്ലാമുണ്ടാക്കിയതെന്നും ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്.

"എല്ലാ ഓരോ ജീവവസ്തുവിനെയും നാം ജലത്തിൽനിന്ന് ഉണ്ടാക്കി. അവർ ഇനിയും വിശ്വസിക്കില്ലയോ?"[16]

ഗ്രീക്ക് ദാർശനികനായ ഥെയിൽസ് വിഭാവനചെയ്തിരുന്നതും ജലമാണ് ഭൗതികതത്വങ്ങളിൽ പ്രഥമമായതെന്നാണ്.[17]

ലോകസൃഷ്ടി സാധിച്ചതിനെപ്പറ്റി ഐതരേയോപനിഷത്തിൽ മഹിദാസ ഐതരേയൻ പറയുന്നു:

"ആദിയിൽ ഈ ആത്മാവ് (പരബ്രഹ്മപരമേശ്വരൻ) മാത്രമാണുണ്ടായിരുന്നത്. വേറെ ഒന്നുമുണ്ടായിരുന്നില്ല. ലോകസൃഷ്ടി നടത്തണമെന്ന് അത് (പരമേശ്വരൻ) ഈക്ഷണം ചെയ്തു (ഇച്ഛിച്ചു). അങ്ങനെ അവൻ അംഭസ്സ്, മരീചി, മരം, ആപഃ എന്നീ ലോകങ്ങളെ സൃഷ്ടിച്ചു. സ്വർഗത്തിൽ പ്രതിഷ്ഠയോടുകൂടി സ്ഥിതിചെയ്യുന്ന മേഘലോകമത്രെ അംഭസ്സ്. (മറ്റൊരു വ്യാഖ്യാനമനുസരിച്ച് സ്വർഗത്തിനും മുകളിലായി നിലകൊള്ളുന്ന മഹഃ, ജനഃ, തപഃ, സത്യഃ എന്നീ ലോകങ്ങളും അവക്ക് ആധാരമായി സ്ഥിതിചെയ്യുന്ന ദ്യുലോകവും ചേർന്ന അഞ്ചു ലോകങ്ങളുടെ പേരാണ് അംഭസ്സ്). രശ്മികളുടെ ലോകമത്രെ മരീചി. (ഇതിൽ സൂര്യനും ചന്ദ്രനും താരങ്ങളുമുൾപ്പെടുന്നു. പൃഥിവി (ഭൂമി) എന്ന ലോകമാണ് മരം. (മരണത്തിന് വിധേയങ്ങളാണല്ലോ ഭൂലോകത്തിലെ ജീവജാലങ്ങൾ. അതിനാലത്രെ അതിന് മരം [മരിക്കുന്നത്] എന്ന വിശേഷണം ലഭിച്ചത്.) പൃഥിവിയുടെ അടിയിലായി സ്ഥിതിചെയ്യുന്ന ലോകം (പാ

താളം) ആകുന്നു ആപഃ. അതിനു ശേഷം അത് (പരബ്രഹ്മ പരമാത്മാവ്) ഇച്ഛിച്ചു, ലോക സംരക്ഷണത്തിനായി ലോകപരിപാലകന്മാരെ സൃഷ്ടിക്കണമെന്ന്. അങ്ങനെ ജലത്തിൽനിന്ന് പുരുഷനെ (ജീവനെ) അംഗോപാംഗങ്ങളോടുകൂടി സൃഷ്ടിച്ചു. അത് (ബ്രഹ്മം) തപസ്സു ചെയ്തു. (അതായത്, പുരുഷന്റെ വളർച്ചയെ കാംക്ഷിച്ചുവെന്നർഥം). തപസ്സിന്റെ ഫലമായി തപ്തമായ പ്രസ്തുത പിണ്ഡം പക്ഷിയുടെ മുട്ട പൊട്ടുന്നതുപോലെ പൊട്ടി. അങ്ങനെ പുരുഷന് മുഖവും വായയുമുണ്ടായി. മുഖത്തിൽനിന്നു വാഗിന്ദ്രിയവും വാഗിന്ദ്രിയത്തിൽനിന്നും (വാഗ്ദേവനായ) അഗ്നിയും ആവിർഭൂതമായി. നാസികാദ്വാരങ്ങൾ ഉദ്ഭവിച്ചു. ആ ദ്വാരങ്ങളിൽനിന്ന് പ്രാണനും പ്രാണനിൽ നിന്നു വായുദേവനും ഉളവായി. നേത്രങ്ങളാവിർഭവിച്ചു. നേത്രങ്ങളിൽ നിന്നു ദർശനേന്ദ്രിയവും ദർശനേന്ദ്രിയത്തിൽനിന്നു, (അതിന്റെ ദേവതയായ) സൂര്യനും സംജാതമായി. കർണദ്വാരങ്ങളുളവായി. കർണദ്വാരങ്ങളിൽനിന്ന് ശ്രവണേന്ദ്രിയവും ശ്രവണേന്ദ്രിയത്തിൽനിന്നു ദിശകളും (ദിക്കുകൾ) ഉത്പന്നമായി. ചർമം ഉദ്ഭവിച്ചു. ചർമത്തിൽനിന്നു രോമാവലികളും രോമാവലികളിൽനിന്നു ഔഷധികളും (സസ്യലതാദികൾ) ആവിർഭവിച്ചു. ഹൃദയമുണ്ടായി. ഹൃദയത്തിൽനിന്നും മനസ്സും മനസ്സിൽനിന്ന് (അതിന്റെ ദേവനായ) ചന്ദ്രനുമുണ്ടായി. നാഭി പ്രകടമായി. നാഭിയിൽനിന്ന് അപാനവായുവും അപാനനിൽനിന്ന് (അതിന്റെ ദേവനായ) മൃത്യുവും ആവിർഭവിച്ചു. ജനനേന്ദ്രിയം ഉദ്ഭവിച്ചു. ജനനേന്ദ്രിയത്തിൽനിന്നു രേതസ്സും രേതസ്സിൽനിന്നു ജലവുമുണ്ടായി. (ഒരു വ്യാഖ്യാനമനുസരിച്ചു രേതസ്സിൽനിന്നു പ്രജാപതി എന്ന ദേവൻ ഉണ്ടായി.)”[18]

ലോകോത്പത്തിയെ സംബന്ധിച്ച ഈ ചിത്രീകരണത്തിലും പുരുഷൻ (ജീവൻ) സംജാതമായിട്ടുള്ളത് ജലത്തിൽനിന്നാണെന്നു സമർഥിച്ചിരിക്കുന്നു. ഇങ്ങനെ ജഗത്തിന്റെ ഉത്പത്തിക്കു കാരണം പരബ്രഹ്മ പരമാത്മാവാണെന്നു എല്ലാ ഉപനിഷത്തുകളും തീർത്തുപറയുന്നു. എന്നാൽ ഏതു വിധത്തിലാണ് ബ്രഹ്മം ജഗത്സൃഷ്ടിയുടെ കാരണമായിട്ടുള്ളത്? ഈ പ്രശ്നത്തെക്കുറിച്ച് അൽപം ചിന്തിക്കാനുണ്ട്. കാരണം രണ്ടു വിധത്തിലുണ്ട്. ഒന്ന് നിമിത്തകാരണം, അഥവാ കർത്താവ്. കുടത്തിന്റെ നിർമാണത്തിന് കുശവൻ കാരണമാകുന്നപോലെ. മറ്റേത് ഉപാദാനകാരണം, അല്ലെങ്കിൽ ഉപകരണം. കുടത്തിന് മണ്ണു കാരണമാവും പോലെ. ഉപനിഷത്തുകളിൽ ചിലത് പരബ്രഹ്മത്തെ വിശ്വത്തിന്റെ നിമിത്തമായി ചിത്രീകരിക്കുന്നു. ഖുർആന്റെ വീക്ഷണവും അങ്ങനെയാണല്ലോ. എന്നാൽ, മറ്റു ചിലത് വിശ്വത്തിന്റെ ഉപാദാന കാരണമായാണ് ബ്രഹ്മത്തെ വർണിച്ചിരിക്കുന്നത്. ആദ്യത്തെ സങ്കൽപമനുസരിച്ച് ജഗത്തും ബ്രഹ്മവും രണ്ടാണെന്നും കർത്താവും കൃതിയും തമ്മിലുള്ള ബന്ധം മാത്രമാണ് രണ്ടിനും തമ്മിലുള്ളതെന്നും വരും. രണ്ടാമത്തെ സങ്കൽപമനുസരിച്ചു ജഗത്തും ബ്രഹ്മവും തമ്മിൽ യഥാർഥത്തിൽ ഭിന്നതയില്ലെന്നും, രണ്ടും വാസ്തവത്തിൽ ഒന്നാണെന്നും വരും. പ്രസ്തുത രണ്ടു സങ്കൽപങ്ങളിൽനിന്നാവാം ഭാരതീയദർശനത്തിൽ ദ്വൈതവാദവും

അദ്വൈതവാദവും ഉത്ഭവിച്ചതെന്നു തോന്നുന്നു.

## ദ്വൈതവും അദ്വൈതവും

ഉപനിഷത്തുകളിൽ ചിലത് ദ്വൈതവാദത്തെ പിന്തുണക്കുമ്പോൾ മറ്റു ചിലത് അദ്വൈതസിദ്ധാന്തത്തെ സഹായിക്കുന്നു. തൈത്തിരീയോപനിഷത്ത് അദ്വൈതവാദത്തെയാണ് പിൻതാങ്ങുന്നത്. സൃഷ്ടിപ്രക്രിയയെക്കുറിച്ചുള്ള അതിന്റെ പ്രതിപാദനം നോക്കുക:

"ഈ ജഗത്ത് ആദിയിൽ 'അസത്' (അവ്യക്തവും അവ്യതിരിക്തവും) ആയിരുന്നു. അതിൽനിന്നാണ് 'സത്' (ജഡചേതനാത്മകമായ പ്രത്യക്ഷജഗത്ത്) ഉദ്ഭവിച്ചത്. പരബ്രഹ്മാത്മാവ് സ്വയം തന്നെ ജഡചേതനാത്മകരൂപം കൈക്കൊണ്ടു. അതുകൊണ്ടു വിശ്വത്തെ 'സുകൃതം' (നല്ലതായി നിർമിക്കപ്പെട്ടത്) എന്നു പറയുന്നു."[19]

ബ്രഹ്മം തന്നെയാണ് ജഗത്തായി രൂപാന്തരപ്പെട്ടതെന്നത്രെ മേൽ പറഞ്ഞതിന്റെ സാരം. തന്നിമിത്തം ജഗത്തിന്റെ ഉപാദാനകാരണം മാത്രമായിത്തീരുന്നു ബ്രഹ്മം. ബ്രഹ്മം ജഗത്തായിത്തീർന്നതെങ്ങനെയെന്നു തൈത്തിരീയം വിശദീകരിക്കുന്നു: "ഞാൻ ബഹുരൂപമായി തീരണമെന്നു അത് വിചാരിച്ചു. അത് തപസ്സു ചെയ്തു. (അതായത്, ജീവജാലങ്ങളുടെ കർമങ്ങൾക്കനുസരിച്ചു സൃഷ്ടി നടത്തണമെന്നു സങ്കല്പിച്ചു). അങ്ങനെ ഈ കാണുന്നതും കേൾക്കുന്നതുമായ ജഗത്തു മുഴുവൻ സംജാതമായി. അനന്തരം അത് (ബ്രഹ്മം) അതിൽ (ജഗത്തിന്റെ സാങ്കൽപിക രൂപത്തിൽ) പ്രവേശിച്ചു. പ്രവേശിച്ച ശേഷം അത് 'സത്തും' 'ത്യത്തും' (അതായത് മൂർത്തവും അമൂർത്തവുമായ രൂപത്തിൽ) ആയിത്തീർന്നു. നിരുക്തവും (കാണപ്പെടുന്നതും) അനിരുക്തവും (കാണപ്പെടാത്തതും) ആയി. നിലയനവും (ആശ്രയം നൽകുന്നതും) അനിലയനവും (ആശ്രയം നൽകാത്തതും) ആയി. വിജ്ഞാനവും അവിജ്ഞാനവും സത്യവും അസത്യവുമായി."[20]

എന്നാൽ മറ്റുചില ഉപനിഷത്തുകൾ ബ്രഹ്മത്തെ കാണുന്നത് ജഗത്തിന്റെ നിമിത്തകാരണവും ഉപാദാന കാരണവുമായാണ്. എട്ടുകാലിയുടെ ഉദാഹരണത്തിലൂടെ പ്രസ്തുത രണ്ടു ഭാവങ്ങളുമാണ് മുണ്ഡകോപനിഷത്ത് അവതരിപ്പിക്കുന്നത്. "എട്ടുകാലി മറ്റു കാരണത്തെയൊന്നും അപേക്ഷിക്കാതെ തന്നിലുള്ള തന്തുക്കളാൽ വല നെയ്തെടുക്കുന്നതുപോലെ, ഭൂമിയിൽ സസ്യങ്ങൾ മുളക്കുന്നതുപോലെ, മനുഷ്യനിൽ കേശവും രോമാവലികളും സംജാതമാവുന്നതുപോലെ അക്ഷരത്തിൽ (അവിനാശിയായ ബ്രഹ്മത്തിൽ) നിന്ന് ഈ വിശ്വമുണ്ടായി." [21]

ചിലന്തിവലയുടെ നിമിത്തകാരണവും ഉപാദാനകാരണവും ചിലന്തി തന്നെയാണല്ലോ. അതുപോലെയാണ് ബ്രഹ്മത്തിൽനിന്നു വിശ്വമുണ്ടായതെന്നു പറയുമ്പോൾ വിശ്വത്തിന്റെ നിമിത്തവും ഉപാദാനവും ബ്രഹ്മം തന്നെയാണെന്നു അർഥമാക്കേണ്ടിയിരിക്കുന്നു. ഈ ആശയം മറ്റൊരു ദാഹരണത്തിലൂടെയും മുണ്ഡകം വെളിപ്പെടുത്തുന്നുണ്ട്:

"തദേ തത്സത്യം യഥാ സുദീപ്താത്പാവകാദ് വിസ്ഫുലിംഗാഃ

സഹസ്രശഃപ്രഭവന്തേ സരൂപാഃ

തഥാക്ഷരാദ് വിവിധഃ സോമ്യ ഭാവാഃ
പ്രജായന്തേ തത്ര ചൈവാപിയാന്തി."[22]

(അംഗിരസ് മഹർഷി പറയുന്നു: "പ്രിയപ്പെട്ട ശൗനക, ഞാൻ നിനക്ക് ആദ്യം പരബ്രഹ്മത്തിന്റെ സ്വരൂപം വർണിച്ചുതന്നത് സത്യമാകുന്നു. വീണ്ടും അത് ഗ്രഹിപ്പിക്കാം; എപ്രകാരം ആളിക്കത്തുന്ന അഗ്നിയിൽനിന്ന് പല രൂപവർണങ്ങളോടുകൂടിയ ആയിരക്കണക്കിനു സ്ഫുലിംഗങ്ങൾ നാലു പാടും ചിതറുന്നുവോ, അതുപ്രകാരം അവിനാശിയായ ബ്രഹ്മത്തിൽനിന്നും സൃഷ്ടികാലത്ത് നാനാ പ്രകാരത്തിലുള്ള ഭാവങ്ങളോടുകൂടി, മൂർത്തവും അമൂർത്തവുമായ വസ്തുക്കൾ ഉദ്ഭവിക്കുകയും പ്രളയകാലത്ത് വീണ്ടും അതിൽതന്നെ ലീനമാവുകയും ചെയ്യുന്നു.)

രാഹുൽ സാംകൃത്യായൻ എഴുതുന്നു:

"അങ്ങനെ മുണ്ഡകത്തിന്റെ അഭിപ്രായത്തിൽ ബ്രഹ്മം ജഗത്തിന്റെ നിമിത്തവും ഉപാദാനവുമായ കാരണമാകുന്നു. ബ്രഹ്മവും ജഗത്തും തമ്മിൽ ശരീരവും ശരീരിയും തമ്മിലുള്ള ബന്ധമാണുള്ളതെന്നു അതു കരുതുന്നു. എങ്കിലും സത്തയെപ്പറ്റി പറയുമ്പോൾ ജീവൻ, ബ്രഹ്മം, പ്രകൃതി എന്നിങ്ങനെ മൂന്നിന്റേയും അസ്തിത്വത്തെ അത് അംഗീകരിക്കുകയും ചെയ്യുന്നു. സൃഷ്ടിയുടെ ഉത്പാദനത്തിൽ പ്രകൃതിയെ ഭിന്നമായി കരുതുന്നില്ല. എട്ടുകാലിയുടെ ഉദാഹരണം ഇതാണ് കാണിക്കുന്നത്."[23]

അങ്ങനെ ഉപനിഷത്തുകൾ ബ്രഹ്മവും ജഗത്തും തമ്മിലുള്ള ബന്ധത്തെ വ്യത്യസ്ത വീക്ഷാഗതിയിൽകൂടി നോക്കിക്കാണുകയും വ്യാഖ്യാനിക്കുകയുമാണ് ചെയ്യുന്നത്. ജീവാത്മാവിനേയും പരമാത്മാവിനേയും രണ്ടായിത്തന്നെ മുണ്ഡകം കാണുന്നു. ജീവാത്മാവാണ് കർമഫലം അനുഭവിക്കുന്നത്; പരമാത്മാവ് അത് നോക്കിയിരിക്കുന്നേയുള്ളൂ. പക്ഷേ, രണ്ടും ഒരേ ശരീരത്തിൽ തന്നെ നിലകൊള്ളുന്നു. ഈ സംഗതി ഒരുദാഹരണത്തിലൂടെ മുണ്ഡകം വ്യക്തമാക്കുന്നു.

"ദ്വാ സുപർണ്ണാ സയുജാ സഖായാ
സമാനം വൃക്ഷം പരിഷസ്വജാതേ
തയോരന്യഃപിപ്പലം സ്വാദ്വത്ത്യ-
നശ്നന്നന്യോ അഭിചാകശീതി"[24]

(സംയുക്തരും സഖാക്കളുമായ രണ്ടു പക്ഷികൾ [ജീവാത്മാവും പരമാത്മാവും] ഒരേ വൃക്ഷത്തിൽ [ശരീരത്തിൽ] ഒന്നിച്ചു നിവസിക്കുന്നു. അവയിൽ ഒന്ന് [ജീവാത്മാവ്] വൃക്ഷത്തിന്റെ ഫലം, അഥവാ കർമഫലം ആസ്വദിക്കുകയും മറ്റത് [പരമാത്മാവ്] ഒന്നും അനുഭവിക്കാതെ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.)

ബ്രഹ്മവും ജീവാത്മാവും തമ്മിലുള്ള ദ്വൈതഭാവത്തെയാണ് ഈ മന്ത്രവും കുറിക്കുന്നത്. ഈ കാര്യം കേനോപനിഷത്ത് കൂടുതൽ ഊന്നിപ്പറയുന്നു:

"അന്യദേവ തദ്വിദിതാദഥോ അവിദിത്യദധി
ഇതി ശുശ്രുമ പൂർവ്വേഷാം യേ നസ്തദ്വ്യാചചക്ഷിരേ."[25]

(അറിയപ്പെട്ടതിൽനിന്നും അറിയപ്പെടാത്തതിൽനിന്നും തികച്ചും ഭിന്നമായിട്ടുള്ളതാകുന്നു ബ്രഹ്മം. ഇതാണ് അതിനെ വ്യാഖ്യാനിച്ചു തന്ന ആചാര്യന്മാരിൽനിന്നും ഞങ്ങൾ കേട്ടിട്ടുള്ളത്.)

എന്നാൽ സർവ്വത്തിനും സാക്ഷാൽ കാരണമായി വർത്തിക്കുന്നത് ബ്രഹ്മമത്രെ. കേനം പറയുന്നു:

"ആരുടെ സാന്നിധ്യം കൊണ്ടാണോ ശ്രോത്രത്തിന് കേൾവിയും മനസ്സിന് മനനശക്തിയും വാഗിന്ദ്രിയത്തിന് സംസാരകഴിവും പ്രാണന് ചലനശക്തിയും നേത്രേന്ദ്രിയത്തിനു ദർശനകഴിവും ഉണ്ടായിത്തീരുന്നത്, അതാണ് പരമാത്മാവ്. ബുദ്ധിമാൻമാരായ ആളുകൾ അതു മനസ്സിലാക്കി, ശ്രോത്രാദി ഇന്ദ്രിയങ്ങളിൽനിന്ന് ആത്മാവിനെ വേർതിരിച്ചറിഞ്ഞ്, ഇന്ദ്രിയ ജീവിതത്തിൽനിന്നു വിരമിച്ച്, മരണരഹിതമായ അവസ്ഥ പ്രാപിക്കുന്നു."[26]

കേനോപനിഷത്തിന്റെ അവസാന ഭാഗത്തിൽ ജഗത്തിന്റെ പിന്നിൽ നിഗൂഢമായി വർത്തിക്കുന്ന അപരിമേയ ശക്തിയെപ്പറ്റിയാണ് വർണിച്ചിരിക്കുന്നതെന്നു പ്രത്യേകം പ്രസ്താവ്യമാണ്.

## ബ്രഹ്മത്തിന്റെ ഗുണനാമങ്ങൾ

പരബ്രഹ്മത്തിന്റെ ഗുണങ്ങളും നാമങ്ങളും ഉപനിഷത്തുകളിൽ വർണിച്ചിട്ടുണ്ട്. അവ മിക്കവാറും ഖുർആനിലെ ദൈവഗുണങ്ങളുമായി യോജിക്കുന്നു. കഠോപനിഷത്ത് ബ്രഹ്മത്തെ വർണിക്കുന്നതു കാണുക:

"ഇന്ദ്രിയങ്ങളേക്കാൾ ഉത്കൃഷ്ടങ്ങളാണ് വിഷയങ്ങൾ. വിഷയങ്ങളേക്കാൾ ഉത്കൃഷ്ടമാണ് മനസ്സ്. മനസ്സിനേക്കാൾ ഉത്കൃഷ്ടമാണ് ബുദ്ധി. ബുദ്ധിയേക്കാൾ ഉത്കൃഷ്ടമത്രെ ആത്മാവ് (മഹതത്വം). മഹതത്വത്തേക്കാൾ ഉത്കൃഷ്ടമാകുന്നു അവ്യക്തമായ മൂലപ്രകൃതി. അവ്യക്തമായ മൂലപ്രകൃതിയേക്കാൾ ഉത്കൃഷ്ടമാണ് പുരുഷൻ അഥവാ ബ്രഹ്മം. പുരുഷനേക്കാൾ പരമമായി യാതൊന്നും തന്നെയില്ല. പരമകാഷ്ഠയും പരമ ലക്ഷ്യവുമാകുന്നു അത്."[27]

ഖുർആനിലെ 'അർറബ്ബുൽ അഅ്ലാ' (പരമോത്കൃഷ്ടനായ ഈശ്വരൻ) എന്ന ദൈവവിശേഷണത്തിന്റെ ആശയം തന്നെയാണ് മേൽ മന്ത്രം ഉൾക്കൊള്ളുന്നത്. ഇതുപോലെ അല്ലാഹുവിന്റെ 'അൽഖുദ്ദൂസ് (പരിശുദ്ധൻ), 'അസ്സ്വമദ്' (സകലർക്കും ആശ്രയമുള്ളവൻ), 'അൽഅസീസ്' (അജയ്യൻ), 'അൽ ഹയ്യുൽഖയ്യൂം' (അനശ്വര ചേതനൻ), 'അൽ ബാഖി' (ശാശ്വതൻ) എന്നീ ഗുണവിശേഷങ്ങൾ കഠോപനിഷത്തിലും കാണാവുന്നതാണ്. അതിൽ ഒരിടത്ത് പറയുന്നു:

"മുകളിൽ വേരും താഴെ ശാഖകളുമുള്ള ഒരു അശ്വത്ഥ വൃക്ഷം (അരയാൽ) പോലെയുള്ളതും അനാദിയും സനാതനവുമാണിത്. പരിശുദ്ധമെന്നും ബ്രഹ്മമെന്നും അമൃതമെ (മരണ രഹിതം)ന്നും അതിനെ വിളിക്കുന്നു. സകല

ലോകവും അതിനെ ആശ്രയിച്ചു നിൽക്കുന്നു. യാതൊന്നും തന്നെ അതിനെ അതിക്രമിക്കുന്നില്ല. അതത്രെ ആ ആത്മാവ്."[28]

മലക്കുകളും മറ്റെല്ലാ വസ്തുക്കളും അല്ലാഹുവെ ഭയപ്പെട്ട് അവന്റെ അനുശാസനങ്ങൾക്കനുസരിച്ച് സ്വന്തം കൃത്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതായി ഖുർആൻ പറയുന്നുണ്ടല്ലോ. അതുപോലെ കഠോപനിഷത്ത് പറയുന്നു:

'ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതി സൂര്യഃ

ഭയാദിന്ദ്രശ്ച വായുശ്ച മൃത്യുർധാവതി പഞ്ചമഃ"[29]

(അതിനെക്കുറിച്ച ഭയത്താൽ അഗ്നിദേവൻ തപിക്കുന്നു; അതിനെക്കുറിച്ച ഭയത്താൽ സൂര്യദേവൻ തപിക്കുന്നു; അതിനെ ഭയപ്പെട്ടുകൊണ്ടു തന്നെ ഇന്ദ്രൻ, വായു, അഞ്ചാമനായ മൃത്യു എന്നീ ദേവൻമാരും സ്വവ്യാപാരങ്ങളിൽ വ്യാപൃതരാവുന്നു.)

"അല്ലാഹു നൂറുസ്സമാവാത്തി വൽ അർദി" (ആകാശ ഭൂമികളുടെ വെളിച്ചമാണ് അല്ലാഹു) എന്നു ഖുർആൻ പറയുന്നു. കഠോപനിഷത്തും ഇതേ ആശയം അവതരിപ്പിക്കുന്നു:

"അവിടെ സൂര്യൻ പ്രകാശിക്കുന്നില്ല; ചന്ദ്രനും നക്ഷത്രങ്ങളും ഈ മിന്നലുകളും പ്രകാശിക്കുന്നില്ല; പിന്നെ അഗ്നിയെപ്പറ്റി പറയാനുണ്ടോ! അതിന്റെ (ബ്രഹ്മത്തിന്റെ) പ്രകാശത്തെത്തുടർന്നാണ് ഇവയെല്ലാം പ്രകാശിക്കുന്നത്. അതിന്റെ വെളിച്ചമാണ് അവക്കെല്ലാം വെളിച്ചം നല്കുന്നത്."[30]

ഖുർആനിൽ അല്ലാഹുവിനെ 'മാലികുൽമുൽക്' (രാജത്വത്തിന്റെ പരമമായ ഉടമ) എന്നു വിശേഷിപ്പിച്ചപോലെത്തന്നെ ബൃഹദാരണ്യകത്തിൽ ബ്രഹ്മത്തെ സകല ജീവജാലങ്ങളുടേയും രാജാവായി വർണിച്ചിരിക്കുന്നു.

'എല്ലാ ജീവജാലങ്ങളുടെയും രാജാവാകുന്നു ആത്മാവ് അഥവാ ബ്രഹ്മം. രഥചക്രത്തിന്റെ അച്ചുതണ്ടിലേക്ക് എല്ലാ ആരങ്ങളും ഘടിപ്പിച്ചിട്ടുള്ളതുപോലെ ബ്രഹ്മത്തിൽ സർവഭൂതങ്ങളും (മൂലതത്വങ്ങൾ) ദേവൻമാരും ലോകങ്ങളും ജീവാത്മാക്കളും സമർപ്പിതമായിരിക്കുന്നു."[31]

ഖുർആൻ 112-ാം അധ്യായത്തിൽ അല്ലാഹുവിനെ വിശേഷിപ്പിച്ചിട്ടുള്ളത് ഇങ്ങനെയാകുന്നു: "അവൻ ജനകനോ ജാതനോ ആയിട്ടില്ല." ഇതേ പ്രകാരം ബ്രഹ്മത്തെ കഠോപനിഷത്ത് വർണിച്ചിരിക്കുന്നു:

"ന ജായതേ മ്രിയതേ വാ വിപശ്ചി-

ന്നായം കുതശ്ചിന്ന ബഭൂവ കശ്ചിത്

അജോ നിത്യഃ ശാശ്വതോഽയം പുരാണോ

ന ഹന്യതേ ഹന്യമാനേ ശരീരേ."[32]

(ജ്ഞാനസ്വരൂപനായ ഈ ആത്മാവ് [ബ്രഹ്മം] ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ഇത് മറ്റൊന്നിനാൽ ഉണ്ടായതല്ല; ഇതിൽനിന്ന് യാതൊന്നും ജന്മമെടുത്തിട്ടുമില്ല. ഉത്പത്തിയോ നാശമോ ഇല്ലാത്തതും

നിത്യവും ശാശ്വതവും അനാദിയും അനന്തവും ആയ ഈ ആത്മാവ് ശരീരം നശിപ്പിക്കപ്പെടുമ്പോഴും നശിക്കുന്നതല്ല.)

ഖുർആനിൽ അല്ലാഹുവിനെന്നപോലെത്തന്നെ ഉപനിഷത്തിൽ ബ്രഹ്മത്തിനും ശ്രവണം, ദർശനം, വചനം, ജ്ഞാനം, ശക്തി മുതലായ ഗുണങ്ങൾ സ്ഥാപിച്ചിരിക്കുന്നു. തൈത്തിരീയോപനിഷത്തിൽ പറയുന്നു: "അങ്ങനെ അത് വാക്പതിയും ചക്ഷുഷ്പതിയും ശ്രോത്രപതിയും വിജ്ഞാനപതിയുമാണെന്നു കാണാം."[33]

ശ്വേതാശ്വതരോപനിഷത്തിലെ ദൈവഗുണ വർണനം നോക്കുക:

"ഈശ്വരന്മാരുടെ മഹേശ്വരനും ദേവന്മാരുടെ പരമദേവനും, സ്രഷ്ടാക്കളിൽവച്ച് പരമ സ്രഷ്ടാവും രക്ഷകന്മാരുടെ രക്ഷാകർത്താവും ഭുവനേശ്വരനും സ്തുത്യനുമായ ആ ദൈവത്തെ നാം അറിയണം. അവന് കാര്യകാരണങ്ങൾ അറിയപ്പെടുന്നില്ല. അവന് തുല്യമായി ആരുമില്ല. അവനുപരിയായി മറ്റൊന്നും കാണപ്പെടുന്നില്ല. ആ പരമേശ്വരന്റെ ബലം, ജ്ഞാനം, ക്രിയാശേഷി എന്നിവ നാനാ പ്രകാരത്തിൽ കേൾക്കപ്പെടുന്നു."[34]

ഖുർആനിൽ അല്ലാഹുവിന്റെ സവിശേഷതകളായി ഉദ്ധരിച്ച 'റബ്ബുൽ മലാഇകഃ', 'റബ്ബുൽ ആലമീൻ', 'അഹ്സനുൽ ഖാലികീൻ' മുതലായ ഗുണങ്ങളുടെ സാരാംശം തന്നെയാണ് ഈ വർണനയിലും നാം കാണുന്നത്. ഇങ്ങനെ ഏകദൈവത്തിന്റെ സൗന്ദര്യത്തെയും ഗാംഭീര്യത്തെയും പരിപൂർണതയെയും മഹത്വത്തെയും സ്പഷ്ടമായി വർണിച്ചിട്ടുള്ള ധാരാളം മന്ത്രങ്ങൾ ഉപനിഷത്തുകളുൾക്കൊള്ളുന്നു. മാതൃകക്കായി ഏതാനും ഉദ്ധരിച്ചെന്നുമാത്രം!

### കുറിപ്പുകൾ

1. ഋഗ്വേദം മ. 10, സൂ. 129 നോക്കുക.
2. വിശ്വദർശനം പേ. 554, 555
3. Ibid P. 551
4. Ibid P. 552
5. ഛാന്ദോഗ്യം അ. 3, ഖ. 11, മ. 5, 6
6. ഛാന്ദോഗ്യം അ. 6, ഖ. 2
7. മഖാലാത്തുൽ ഇസ്‌ലാമിയ്യീൻ നോക്കുക.
8. ബൃഹദാരണ്യകം അധ്യായം 3, ബ്രാഹ്മണം 8, മന്ത്രം 8
9. വിശ്വദർശനങ്ങൾ പേ. 585
10. കേനം ഖണ്ഡം 1, മന്ത്രം 3
11. ഇഹ്‌യാ വാ. 4, പേ. 362
12. കേനം ഖ. 2, മ. 3
13. ബൃഹദാരണ്യകം അധ്യായം 1, ബ്രാഹ്മണം 4, മന്ത്രം 10
14. Ibid അ. 1, ബ്രാ. 2, മ. 1
15. ഖുർആൻ അ. 11, സൂ. 7
16. ഖുർആൻ അ. 11, സൂ. 30
17. വിശ്വദർശനങ്ങൾ പേ. 586

18. ഐതരേയം അ. 1, ഖ. 1, മ. 1-4 നോക്കുക.
19. തൈത്തിരീയം, ബ്രഹ്മാനന്ദവല്ലി, അനുവാകം 7, മ. 1
20. Ibid ബ്രഹ്മാനന്ദവല്ലി, അനു. 6, മ. 4
21. മുണ്ഡകം 1, ഖണ്ഡം 1, മന്ത്രം 7
22. മുണ്ഡകം 2, ഖ. 1, മ. 1
23. വിശ്വദർശനങ്ങൾ പേ. 612
24. മു. 3, ഖ. 1, മ. 1
25. കേനം ഖണ്ഡം 1, മന്ത്രം 4
26. Ibid ഖ. 1, മ. 2
27. കഠോപനിഷത്ത് അധ്യായം 1, വല്ലി 3, മന്ത്രം 10, 11
28. Ibid അ. 2, വ. 6, മ. 1
29. Ibid അ. 2, വ. 6, മ. 3
30. Ibid അ. 2, വ. 5, മ. 15
31. ബൃഹദാരണ്യകം
32. കഠോപനിഷത്ത് അ. 1, വ. 2, മ. 18
33. തൈത്തിരീയം, ശിക്ഷാവല്ലി, അനുവാകം 6, മന്ത്രം 3
34. ശ്വേതാശ്വതരം അ. 6, മ. 7, 8

## അധ്യായം ഇരുപത്തെട്ട്

# ആത്മാവ്

ഒരിക്കൽ മുഹമ്മദ് നബിയോട് ചില ജൂതൻമാർ ആത്മതത്വത്തെപ്പറ്റി ചോദിക്കുകയുണ്ടായി. തദവസരത്തിൽ പ്രവാചകന് ദൈവത്തിങ്കൽനിന്ന് വെളിപാടുണ്ടായി:

"അവർ താങ്കളോട് ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാണ്. അറിവിൽ അല്പം മാത്രമേ നിങ്ങൾക്ക് നൽകിയിട്ടുള്ളൂ."[1]

ആത്മാവിന്റെ യാഥാർഥ്യത്തെക്കുറിച്ച അറിവ് മനുഷ്യർക്കു നൽകപ്പെട്ടിട്ടില്ലെന്നും ആത്മതത്വം നിർവചിക്കാൻ ആർക്കും സാധ്യമല്ലെന്നുമാണ് മേലുദ്ധരിച്ച വചനത്തിൽനിന്നും മുസ്‌ലിം പണ്ഡിതൻമാരിൽ വലിയൊരു വിഭാഗം മനസ്സിലാക്കുന്നത്. പുരാതന പണ്ഡിതൻമാരും ആത്മതത്വത്തെ നിർവചിച്ചിരുന്നില്ല. എന്നാൽ പിൽക്കാലത്തെ വിജ്ഞാനകുതുകികളായ സൂഫി പണ്ഡിതന്മാർ ആത്മരഹസ്യം കണ്ടെത്തുവാൻ ശ്രമിച്ചു. അവർ ആത്മാവിന് നിർവചനം നൽകി. ഇമാം ഗസ്സാലി ഇക്കൂട്ടത്തിലൊരാളാണ്. അദ്ദേഹം തന്റെ 'ഇഹ്‌യാ'യിൽ ആത്മതത്വത്തെ നിർവചിച്ചു പറയുന്നു:

"റൂഹ് (ആത്മാവ്) എന്ന വാക്ക് രണ്ടർഥങ്ങളിൽ വ്യവഹരിക്കപ്പെടുന്നു: ഒന്ന്, ഒരു സൂക്ഷ്മദ്രവ്യം. ജഡാത്മകമായ ഹൃദയത്തിന്റെ അന്തർഭാഗത്താണ് അതിന്റെ കേന്ദ്രം. അതിന്റെ ശക്തി ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും നാഡീവ്യൂഹങ്ങളിലൂടെ വ്യാപരിക്കുന്നു. ശരീ

രത്തിനകത്ത് അത് ചലിക്കുന്നതിനേയും അതിൽനിന്ന് ജീവൻ, ബോധം, ദർശനം, ശ്രവണം, ഘ്രാണം മുതലായവയുടെ പ്രകാശങ്ങൾ അതതു അവയവങ്ങളിലേക്ക് പ്രസരിക്കുന്നതിനേയും നമുക്ക് ഒരു ദീപനാള ത്തിന്റെ ചലനത്തോടും പ്രസരത്തോടും ഉപമിക്കാം. ഒരു ഭവനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചലിപ്പിക്കപ്പെടുന്ന ദീപത്തിന്റെ വെളിച്ചം എത്തുന്ന ഇടങ്ങളെല്ലാം പ്രകാശമാനമായിത്തീരുന്നു. അതുപോലെ ആത്മാവിന്റെ പ്രസരവും ശരീരത്തെയാകമാനം പ്രകാശമാനമാക്കുന്നു. ആത്മാവ് പ്രസ്തുത ദീപം പോലെയാകുന്നു. ജീവനാകട്ടെ ഭവനത്തിന്റെ ഭിത്തി കളിൽ പതിക്കുന്ന വെളിച്ചം പോലെയും. ശരീരത്തിനകത്ത് ആത്മാവ് ചലിക്കുന്നത് ഗൃഹത്തിന്റെ അന്തർഭാഗങ്ങളിൽ ചലിപ്പിക്കുന്ന ദീപത്തിന്റെ ചലനത്തിനു തുല്യമാകുന്നു. ഇനി ആത്മാവിന്റെ രണ്ടാമത്തെ അർഥം പറയാം: മനുഷ്യനിലെ ജ്ഞാനിയും കാര്യഗ്രാഹിയുമായ സൂക്ഷ്മ വസ്തുവാണത്, ഹൃദയത്തിനു നാം വിവരിച്ച രണ്ടർഥങ്ങളിലൊന്നത്രെ ഇത്.[2] മേൽ സൂചിപ്പിച്ച ഖുർആൻ സൂക്തത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള 'റൂഹ്' ഇതാകുന്നു. അത്യന്തം അത്ഭുതാവഹവും ദിവ്യവുമായ ഒരു ശക്തിവിശേഷമാണിത്. ഈ റൂഹിന്റെ യഥാർഥ തത്വം മിക്കവർക്കും ഗ്രഹിക്കാനോ മനസ്സിലാക്കാനോ കഴിയുകയില്ല."[3]

ചില വിശിഷ്ട വ്യക്തികൾക്ക് ആത്മരഹസ്യം ഗ്രഹിക്കുവാനും മന സ്സിലാക്കുവാനും കഴിയുമെന്നാണ് ഗസ്സാലിയുടെ മേൽ പ്രസ്താവന യുടെ ധ്വനി. എന്നാൽ, ആത്മരഹസ്യം ദൈവത്തിനല്ലാതെ ആർക്കും അറിയില്ല എന്നാണ് മറ്റു പലരുടേയും വാദം. ഏതായാലും പിൻഗാമിക ളായ സൂഫിപണ്ഡിതൻമാർ ആത്മരഹസ്യം കണ്ടെത്തുവാനുള്ള ശ്രമം നടത്തുക തന്നെ ചെയ്തു. അങ്ങനെ അവർ വ്യത്യസ്തമായ നിഗമന ങ്ങളിലെത്തി. ചിലർ ആത്മാവ് അകൃതമാണെന്നുപോലും വാദിച്ചു.[4] എന്നാൽ അധിക പണ്ഡിതന്മാരും ഈ വാദത്തെ തിരസ്കരിക്കുന്നു. ആത്മാവ് അകൃതമാണെന്നു പറയുന്നവരുടെ അഭിപ്രായത്തിൽ രണ്ടു തരം ലോകങ്ങളുണ്ട്. ഒന്ന് സൃഷ്ടലോകം. ഇതിന് 'ആലമുൽ ഖൽഖ്' എന്നു പറയുന്നു. മറ്റത് അസൃഷ്ടലോകം. ഇതിന് 'ആലമുൽ അംറ്' എന്നും 'ആലമുൽ മലകൂത്ത്' എന്നും പറയുന്നു. ആത്മാവ് അസൃഷ്ട ലോകത്തിൽ പെട്ടതാണത്രെ. മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യത്തിൽ "ആത്മാവ് എന്റെ റബ്ബിന്റെ അംറിൽപെട്ടതാണ്" എന്നു പറഞ്ഞതിന്റെ താൽപര്യവും അതാണുപോൽ. സൂഫികളിൽ പലരും ആത്മാവ് അനാ ദിയും അനശ്വരവുമാണെന്നു സിദ്ധാന്തിച്ചിട്ടുണ്ട്.[5]

## ആത്മാവ് ഭാരതീയസാഹിത്യങ്ങളിൽ

ആത്മതത്വത്തെക്കുറിച്ച ഭാരതീയ സാഹിത്യങ്ങളുടെ നിലപാടു പരി ശോധിച്ചാലും വ്യത്യസ്ത അഭിപ്രായങ്ങളാണ് കാണാൻ കഴിയുക. ഋഗ്വേ ദകാലത്തെ ഋഷിമാർ അത് കൃതമെന്നോ അകൃതമെന്നോ തീരുമാനി ക്കാതെ, പരമേശ്വരനു മാത്രമേ അതിനെപ്പറ്റി അറിയൂ എന്നു പറഞ്ഞൊ ഴിയുകയാണ് ചെയ്തത്. സൃഷ്ടിഗീതത്തിൽ പറയുന്നതു നോക്കുക:

"വാസ്തവത്തിൽ ആർക്കറിയും, ഇവിടെ ആർക്ക് പറയാൻ കഴിയും, എവിടെനിന്ന് അതുണ്ടായി എന്നും, എവിടെനിന്നു ഈ വിവിധ സൃഷ്ടികൾ ഉദ്ഭവിച്ചു എന്നും? ഇതിന്റെ ഉത്പത്തിക്കു ശേഷമാണ് ദേവന്മാർ (മലക്കുകൾ) ഉണ്ടായത്. അപ്പോൾ ആർക്കറിയാം, ഏതിൽനിന്നു ഇതു ഉവായെന്ന്? യാതൊന്നിൽനിന്നു ഈ ലോകം സംജാതമായോ ആ മൂല സ്രോതസ്സ് കൃതമോ, അഥവാ അകൃതമോ? സർവോന്നതമായ സ്വർഗ ലോകത്തുനിന്നും ഇതിനെ നിയന്ത്രിക്കുന്ന സർവസാക്ഷിയായ നാഥനുമാത്രമേ അതു അറിയുകയോ അറിയാതിരിക്കുകയോ ചെയ്യുന്നുള്ളൂ."[6]

ജഗത്തിന്റെ സൃഷ്ടിരഹസ്യവും ആത്മാവിന്റെ യാഥാർഥ്യവും മനുഷ്യന് അറിയാൻ സാധ്യമല്ലെന്ന നിലപാടാണ് വേദം ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഖുർആൻ സ്വീകരിച്ച അതേ നിലപാടുതന്നെ. എന്നാൽ, ഉപനിഷത്തുകളുടെ കാലമായപ്പോൾ ആത്മതത്വത്തെപ്പറ്റി വിപുലമായ തോതിൽ പര്യവേക്ഷണങ്ങൾ നടത്തപ്പെട്ടു. എന്നിരുന്നാലും ഏകോപിച്ച ഒരു നിഗമനത്തിൽ അന്നത്തെ ചിന്തകൻമാർക്ക് എത്തിച്ചേരാൻ കഴിഞ്ഞില്ല. മുസ്‌ലിം പണ്ഡിതന്മാരെപ്പോലെത്തന്നെ അവരും വ്യത്യസ്ത അഭിപ്രായക്കാരായിത്തീരുകയാണുണ്ടായത്.

## ക്ഷുദ്രാകാശം

ഇനി നമുക്ക് ഉപനിഷത്തുകളിലെ ആത്മദർശനത്തെപ്പറ്റി ഒരു വിഹഗവീക്ഷണം നടത്താം. ഛാന്ദോഗ്യം ഒരു ക്ഷുദ്രാകാശത്തെ വർണിക്കുന്നു. ബാഹ്യ പ്രപഞ്ചത്തോട് പലവിധേനയും ഔപമ്യമുള്ള ഒരു ആന്തരപ്രപഞ്ചം മനുഷ്യനിൽ സ്ഥിതിചെയ്യുന്നുണ്ട്. അതിന് 'ക്ഷുദ്രാകാശം' എന്നു പറയുന്നു. ഛാന്ദോഗ്യം പ്രസ്താവിക്കുന്നത് കാണുക:

"ഹൃദയത്തിലെ ക്ഷുദ്രാകാശത്തിൽ ബ്രഹ്മോപാസന ചെയ്യണമെന്ന് പറയപ്പെടുന്നു. ബ്രഹ്മപരമായ ശരീരത്തിൽ ഒരു പുണ്ഡരീകഗൃഹമുണ്ട്. (അതായത്, താമരമൊട്ടുപോലത്തെ ഹൃദയം). അതിനകത്ത് ഒരു ക്ഷുദ്രാകാശമുണ്ട്. അതിന്റെ അന്തർഭാഗത്തുള്ള വസ്തുവിനെയാണ് അന്വേഷിക്കേണ്ടത്. അതിനെ മാത്രം ആഗ്രഹിക്കുകയും വേണം. പുറമേയുള്ള ആകാശം പോലെതന്നെയാണ് ഹൃദയാന്തർഭാഗത്തുള്ള ആകാശവും. അതിന്റെ മധ്യത്തിൽ നക്ഷത്രലോകവും ഭൂമിയും നിലകൊള്ളുന്നു. അഗ്നി, വായു, സൂര്യൻ, ചന്ദ്രൻ, മേഘജ്യോതിസ്സ്, നക്ഷത്രങ്ങൾ- അങ്ങനെ ഈ ലോകത്തുള്ളതും ഇല്ലാത്തതുമായ എല്ലാം അവിടെ സ്ഥിതിചെയ്യുന്നു."[7]

ബാഹ്യലോകത്തെപ്പോലെയുള്ള ഒരു ആന്തരലോകം മനുഷ്യന്റെ അകത്തുണ്ടെന്ന ഈ കല്പന ഒരു അറബിക്കവിയും അവതരിപ്പിച്ചിട്ടുണ്ട്.

وَتَزْعَمُ أَنَّكَ جِرْمٌ صَغِيرٌ وفِيكَ انطَوَى العَالَمُ الاكْبَرُ

(ചെറിയൊരു പിണ്ഡമാണെന്നു നീ പറയുന്നു. മഹത്തായ ലോകമാണ് നിന്നിൽ അന്തർലീനമായിരിക്കുന്നത്.)

## മനസ്സ്

ഉപനിഷത് കർത്താക്കന്മാരായ ഋഷിമാരുടെ ദൃഷ്ടിയിൽ മനസ്സ് ആത്മാവിൽനിന്നു ഭിന്നമായ ഒരു പദാർഥമാകുന്നു. അതുകൊണ്ട് മനസ്സിനെ അവർ 'അന്നമയ'മെന്നു വർണിക്കുന്നു. അന്നത്താൽ പരിപുഷ്ടമാകുന്നതെന്നു താത്പര്യം. ഛാന്ദോഗ്യം പറയുന്നു:

"ഭക്ഷിക്കപ്പെടുന്ന അന്നം മൂന്നു വിധത്തിൽ പരിണമിക്കുന്നു. അതിന്റെ സ്ഥൂലധാതു 'പുരിഷ' (മലമൂത്രാദി മാലിന്യം) മായിത്തീരുന്നു. വിചലമായത് മാംസവും, അതിസൂക്ഷ്മമായത് മനസ്സുമായി ഭവിക്കുന്നു. മനസ്സ് അന്നമയമാണ്. തൈരു കലക്കിയാൽ അതിലെ സൂക്ഷ്മാംശം മുകളിലേക്ക് പൊന്തിവരികയും വെണ്ണയായിത്തീരുകയും ചെയ്യുന്നതു പോലെ, ഭക്ഷിക്കപ്പെട്ട അന്നത്തിന്റെ സൂക്ഷ്മാംശം മുകളിലേക്കു പൊങ്ങിവരികയും മനസ്സായിത്തീരുകയും ചെയ്യുന്നു."[8]

മനസ്സ് അന്നമയമാണെന്ന ഈ ആശയം മുസ്‌ലിംസൂഫികളും വ്യംഗ്യന്തരേണ അംഗീകരിക്കുന്നുണ്ട്. സൂഫികളുടെ വിശകലനത്തിൽ കാമം, ക്രോധം, മദം, മോഹം, മാത്സര്യം, ലോഭം തുടങ്ങിയ ദുർവികാരങ്ങളുടെ ഇരിപ്പിടം മനസ്സ് അഥവാ 'നഫ്സ്' ആകുന്നു. അതിനാൽ, നഫ്സിനെ തിരായ സമരം നിരന്തരം നടത്തണമെന്ന് അവർ ആഹ്വാനം ചെയ്യുന്നു. നഫ്സ് അന്നത്താൽ പരിപുഷ്ടമായിത്തീരുമെന്നും കാമക്രോധാദി ദുർവ്വികാരങ്ങളെ പോഷിപ്പിക്കുന്നത് അന്നമാണെന്നും ഒരു സൂഫി കവിയായ ശറഫുദ്ദീനിൽ ബൂസൂരി (ക്രി. 12131295?) തന്റെ 'ബുർദ' എന്ന കാവ്യത്തിൽ സമർഥിച്ചിട്ടുണ്ട്.

إنَّ الطَّعَامَ يُقَوِّى شَهْوَةَ النَّهِمِ

(അന്നം തന്നെയാണ് അത്യാസക്തന്റെ കാമത്തെ പരിപോഷിപ്പിക്കുന്നത്.)

## സുപ്താവസ്ഥ

ഉപനിഷത്തുകളിലെ ദാർശനികന്മാർക്ക് മനുഷ്യന്റെ നിദ്രാവസ്ഥ വലിയൊരു രഹസ്യമായിരുന്നു. ആത്മതത്വത്തേയും ബ്രഹ്മതത്വത്തേയും വിവരിക്കുവാൻ പ്രസ്തുത അവസ്ഥയെയാണ് അവർ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഗാഢമായ നിദ്രാവസ്ഥയിൽ മനുഷ്യൻ യാതൊന്നും അറിയുന്നില്ല. സ്വപ്നദർശനം പോലുമുണ്ടാകുന്നില്ല. എന്തുകൊണ്ടാണിത്? ബൃഹദാരണ്യകത്തിൽ പറയുന്നു:

"ഗാഢനിദ്രാവസ്ഥയിൽ പുരുഷൻ (ജീവാത്മാവ്) യാതൊന്നും തന്നെ അറിയുന്നില്ല. ഹൃദയത്തിൽനിന്ന് 'പുരീതത്തി'ലേക്ക് പോവുന്ന എഴുപത്തിരണ്ടായിരം 'ഹിത' എന്നു പേരായ നാഡികളുണ്ട്. അവ വഴിയായി അവിടെയെത്തി അത് (പുരുഷൻ) ഉറങ്ങുന്നു. ശിശുവോ, മഹാരാജാവോ, മഹാബ്രാഹ്മണനോ സുഖനിദ്രകൊള്ളുന്നതുപോലെത്തന്നെ."[9]

(ഹൃദയത്തിനകത്ത്, അല്ലെങ്കിൽ അതിന്റെ പൃഷ്ഠദണ്ഡത്തിൽ സ്ഥിതിചെയ്യുന്ന ഒരു ചക്രത്തെയാണ് ഇവിടെ പുരീതതം എന്നു പറഞ്ഞിരിക്കുന്നത്.

സ്വപ്നാവസ്ഥയിലും ഗാഢനിദ്രാവസ്ഥയിലും ജീവൻ അവിടെയാണ് പോയൊളിക്കുന്നത്.)

ഇതേ സംഗതി ഛാന്ദോഗ്യത്തിലും വന്നിട്ടുണ്ട്: "ഉറങ്ങുന്ന ആൾ ആനന്ദമഗ്നനായി സ്വപ്നംപോലും അറിയാതെ സ്ഥിതിചെയ്യുന്ന അവസരത്തിൽ, അത് ഹിതാനാഡികളിൽക്കൂടെ സുപ്താവസ്ഥ പ്രാപിക്കുന്നു." വീണ്ടും പറയുന്നു: "പുരുഷൻ ഉറങ്ങുമ്പോൾ ബ്രഹ്മവുമായി ഏകീഭാവം പ്രാപിക്കുന്നു. സ്വയം സംയോഗമായതുകൊണ്ട് ഇതിന് 'സ്വപിതി' എന്നു പറയുന്നു."

ഛാന്ദോഗ്യത്തിന്റെ അഭിപ്രായത്തിൽ പുരുഷൻ സ്വപ്നം പോലും അറിയാതെ ഗാഢനിദ്രയിൽ ലയിക്കുന്നത് ബ്രഹ്മസമാഗമം കൊണ്ടാണ്. അപ്പോൾ ഓരോ മനുഷ്യനും ദിനംപ്രതി പരമേശ്വരനുമായി സന്ധിക്കുന്നു. എന്നാൽ, എന്തുകൊണ്ട് അയാളത് അറിയുന്നില്ല? ഛാന്ദോഗ്യം ഉത്തരം പറയുന്നു:

"സ്ഥലം അറിയാത്തവർ ഒളിഞ്ഞുകിടക്കുന്ന സുവർണ കുംഭങ്ങളുടെ മുകൾഭാഗത്തുകൂടി നടന്നുപോകുന്നുണ്ടെങ്കിലും അവർക്ക് പ്രസ്തുത നിധി ലഭിക്കുന്നില്ല. അതുപോലെ ജനങ്ങൾ ദിനം പ്രതി ബ്രഹ്മലോകദർശനം ചെയ്യുന്നുണ്ടെങ്കിലും ബ്രഹ്മപദപ്രാപ്തിക്ക് അർഹരായിത്തീരുന്നില്ല. എന്തെന്നാൽ, അസത്യത്താലും അജ്ഞാനത്താലും അത് മറയ്ക്കപ്പെട്ടിരിക്കുന്നു."[11]

സുഷുപ്താവസ്ഥയിൽ ആത്മാവും ദൈവവും തമ്മിലുള്ള അനിതരസാധാരണമായ ബന്ധത്തെപ്പറ്റി ഖുർആനും സൂചിപ്പിച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്: "അല്ലാഹു ആത്മാക്കളെ അവയുടെ മരണസമയത്ത് ഏറ്റെടുക്കുന്നു; മരണമടയാത്ത ആത്മാക്കളെ അവയുടെ നിദ്രാവസരത്തിലും (ഏറ്റെടുക്കുന്നു). എന്നിട്ട് മരണം വിധിച്ചിട്ടുള്ള ആത്മാക്കളെ അവൻ പിടിച്ചുവെക്കുകയും മറ്റുള്ളവയെ സുനിർണിതമായ ഒരു കാലാവധി വരേക്കായി വിട്ടയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനതക്ക് ഇതിൽ തീർച്ചയായും തെളിവുകളുണ്ട്."[12]

സുഷുപ്താവസ്ഥയിൽ ആത്മാക്കൾ ദൈവത്തിന്റെ സമീപത്താണെന്നും, തദവസരം അവനുമായി അസാധാരണബന്ധം പുലർത്തുന്നുണ്ടെന്നും മേൽ വാക്യം കുറിക്കുന്നു. ഋഷിമാരെ സംബന്ധിച്ചേടത്തോളം സ്വപ്നാവസ്ഥയും ഗാഢനിദ്രാവസ്ഥയും എത്രമാത്രം പ്രധാനങ്ങളായിരുന്നുവെന്ന് ഛാന്ദോഗ്യത്തിലെ ഒരു മഹർഷിയായ ഉദ്ദാലക ആരുണി സ്വപുത്രനായ ശ്വേതകേതുവിനോടുപദേശിച്ചതിൽനിന്നും മനസ്സിലാക്കാം: "സ്വപ്നത്തിനുള്ളിലുള്ള കാര്യങ്ങൾ അറിയുക. നൂൽത്തലപ്പിൽ സുബദ്ധമായ പക്ഷി ഓരോ ദിക്കിലേക്കും പറന്ന്, എങ്ങും സ്ഥലം കിട്ടാതെ ഒടുവിൽ ബന്ധനസ്ഥാനത്തെത്തന്നെ ആശ്രയിക്കുന്നു. അതുപോലെ മനസ്സ് വിവിധ ദിക്കുകളിലേക്ക് ഓടി, വിശ്രമസ്ഥാനം ലഭിക്കാതെ ഒടുവിൽ ആത്മാവിലേക്കുതന്നെ തിരിച്ചുവരുന്നു. മനസ്സിനെ ബന്ധിക്കുന്നത് പ്രാണനത്രെ."[13]

## ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ

ഉപനിഷത്തുകൾ ആത്മാവിന്റെ വ്യത്യസ്തമായ അവസ്ഥകൾ വിശദീകരിച്ചുകൊണ്ട് ബ്രഹ്മവുമായുള്ള അതിന്റെ ബന്ധം സ്ഥാപിക്കുന്നു. മാണ്ഡൂക്യോപനിഷത്താണ് ഇക്കാര്യം കുറെക്കൂടി വിശദമായി ചർച്ച ചെയ്തിട്ടുള്ളത്. അതിലെ ആശയങ്ങൾ ചുരുക്കത്തിൽ ഇവിടെ പ്രകാശിപ്പിക്കാം:

ആത്മാവിന് മൂന്ന് അവസ്ഥാന്തരങ്ങളുണ്ട്. ഒന്ന് ജാഗ്രതാവസ്ഥ; രണ്ട് സ്വപ്നാവസ്ഥ; മൂന്ന് സുഷുപ്താവസ്ഥ. ജാഗ്രതാവസ്ഥയിലുള്ള ആത്മാവിനെ 'വൈശ്വാനരൻ' എന്നും, സ്വപ്നാവസ്ഥയിലുള്ളതിനെ 'തൈജസൻ' എന്നും, സുഷുപ്താവസ്ഥയിലുള്ളതിനെ 'പ്രാജ്ഞൻ' എന്നും വിളിക്കുന്നു. ഇനി ഇപ്പറഞ്ഞ മൂന്ന് ആത്മാക്കളുടേയും സവിശേഷതകൾ കാണുക:

ജാഗ്രതാവസ്ഥയിലിരിക്കുന്ന വൈശ്വാനരാത്മാവ് തന്നിൽനിന്നന്യമായ വിഷയങ്ങളിലേക്ക് വ്യാപരിക്കുകയും പ്രജ്ഞകൊണ്ട് ബാഹ്യമായ സ്ഥൂലവസ്തുക്കളെ അറിയുകയും ചെയ്യുന്നു. അതിനാൽ, അതിനെ 'സ്ഥൂലഭുക്' എന്നു വിളിക്കുന്നു. സ്വപ്നാവസ്ഥയിലായിരിക്കുന്ന തൈജസാത്മാവ് ബാഹ്യലോകത്തുള്ള യാതൊന്നും അറിയുന്നില്ല. എന്നാൽ, മനസ്സിനകത്ത് സമാഹൃതമായിക്കിടക്കുന്ന വാസനകളെ പദാർഥങ്ങളുടെ രൂപത്തിൽ അത് ദർശിക്കുന്നു. ഇതത്രെ സ്വപ്നദർശനത്തിന്റെ യാഥാർഥ്യം. ആകയാൽ തൈജസൻ അതിന്റെ പ്രജ്ഞകൊണ്ട് വ്യാപരിക്കുന്നത് അന്തഃകരണത്തിലുള്ള സൂക്ഷ്മപദാർഥങ്ങളിൽ മാത്രമാണ്. അതിനാൽ, അതിനെ 'അന്തഃപ്രജ്ഞൻ' എന്നു വിശേഷിപ്പിക്കുന്നു. ഗാഢനിദ്രാവസ്ഥയിൽ സ്ഥിതിചെയ്യുന്ന പ്രാജ്ഞൻ ബാഹ്യലോകത്തോ ആന്തരലോകത്തോ ഉള്ള യാതൊന്നും തന്നെ അറിയുന്നില്ല; യാതൊരു വ്യാപാരവും നടത്തുന്നില്ല. സ്വപ്നം പോലും ദർശിക്കുന്നില്ല. ഗാഢനിദ്രയിൽ ലയിച്ചിരിക്കുകയാണത്. സമസ്ത വാസനകളും തന്നിൽ തന്നെ അടങ്ങിയിരിക്കുന്നതിനാൽ പ്രാജ്ഞനെ 'പ്രജ്ഞാനഘ്നൻ' എന്നു വിശേഷിപ്പിക്കുന്നു. ഇത്തരുണത്തിൽ അതിന് ഒരേയൊരു ഭോജ്യമേയുള്ളൂ-ആനന്ദം! നിദ്രാവസ്ഥയിൽ ആത്മാവ് പരമാനന്ദം അനുഭവിക്കുന്നു.

ജാഗ്രതാവസ്ഥയിൽ സ്ഥിതിചെയ്യുന്ന വൈശ്വാനരൻ തന്നിൽ നിന്നന്യമായ വിഷയങ്ങളിൽ വ്യാപരിക്കുന്നുവെന്നു പറഞ്ഞുവല്ലോ. പത്തൊൻപതു മുഖങ്ങളോടുകൂടിയാണ് അത് വിഷയഗ്രഹണം ചെയ്യുന്നത്. അഞ്ചു ബാഹ്യേന്ദ്രിയങ്ങൾ, അഞ്ചു ആന്തരേന്ദ്രിയങ്ങൾ, അഞ്ചു പ്രാണന്മാർ (പ്രാണൻ, വ്യാനൻ, അപാനൻ, സമാനൻ, ഉദാനൻ എന്നീ വായുക്കൾ), കൂടാതെ മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നിവയാണ് പ്രസ്തുത മുഖങ്ങൾ. ഈ പത്തൊൻപതു ഉപാധികളോടു കൂടിയല്ലാതെ ജാഗ്രതാവസ്ഥയിൽ ആത്മാവിന് വ്യാപരിക്കുവാൻ കഴിയുന്നതല്ല. അതിനാൽ, വൈശ്വാനരനെ 'ഏകോനവിംശതിമുഖൻ' (പത്തൊൻപതു മുഖമുള്ളവൻ) എന്നു വിശേഷിപ്പിക്കുന്നു. ഇതുപോലെ അതിന് ഏഴംഗങ്ങളും കല്പിക്കപ്പെടുന്നുണ്ട്. ശിരസ്സ്, നേത്രം, പ്രാണൻ, ശരീരം, മലമൂത്ര

വിസർജനസ്ഥാനം, പാദം, മുഖം എന്നിവയാണ് ആ ഏഴംഗങ്ങൾ. അതിനാൽ 'സപ്താംഗൻ' (ഏഴംഗങ്ങളോടുകൂടിയവൻ) എന്നും വൈശ്വാനരൻ വിശേഷിപ്പിക്കപ്പെടുന്നു. ആകയാൽ ജാഗ്രതാവസ്ഥയിൽ ആത്മാവ് പത്തൊൻപതു മുഖത്തോടും ഏഴംഗത്തോടും ബാഹ്യ പ്രജ്ഞയോടും സ്ഥൂലഭുക്തിയോടും കൂടിയാണ് സ്ഥിതിചെയ്യുന്നത്. ഈ അവസ്ഥയിലുള്ള വൈശ്വാനരനെ ബ്രഹ്മത്തിന്റെ പ്രഥമപാദമായി സങ്കൽപിച്ചിരിക്കുന്നു. [14]

സ്വപ്നാവസ്ഥയിലിരിക്കുന്ന തൈജസനും പ്രജ്ഞകൊണ്ടാണ് തന്നിൽ അന്തർലീനമായിരിക്കുന്ന വാസനകൾ അനുഭവിക്കുന്നത്. മനോമണ്ഡലത്തിൽ അടങ്ങിയിരിക്കുന്ന വാസനകളാകുന്ന അണുക്കൾ തൈജസന്റെ പ്രകാശത്തിൽ വികസിച്ച്, പദാർഥങ്ങളുടെ രൂപം പ്രാപിക്കുന്നു. ഇതാണ് സ്വപ്നം. അതിസൂക്ഷ്മമായി പദാർഥങ്ങളിൽ വ്യാപരിക്കുകയെന്നതാണ് തൈജസന്റെ സ്വഭാവം. വൈശ്വാനരനെപ്പോലെ തൈജസന്നും പത്തൊൻപതു മുഖങ്ങളും ഏഴു അംഗങ്ങളുമുണ്ട്. പക്ഷേ, അവ അത്യന്തം സൂക്ഷ്മങ്ങളാണ്. വൈശ്വാനരന് സ്ഥൂല പദാർഥങ്ങളിൽ മാത്രമേ വിഹരിക്കാൻകഴിയൂ. തൈജസന്നാകട്ടെ സൂക്ഷ്മ പദാർഥങ്ങളിൽ മാത്രവും. അതിനാൽ, സൂക്ഷ്മഭുക്കാണ് തൈജസൻ. ഇത് ബ്രഹ്മത്തിന്റെ ദ്വിതീയപാദമായി കല്പിക്കപ്പെട്ടിരിക്കുന്നു.

സുഷുപ്താവസ്ഥയിലിരിക്കുന്ന പ്രാജ്ഞന് സ്ഥൂലപദാർഥങ്ങളിലോ സൂക്ഷ്മപദാർഥങ്ങളിലോ വ്യാപാരമില്ല. അതിനാൽ, പ്രാജ്ഞൻ യാതൊന്നും അറിയുന്നില്ല. ഒന്നിന്റെയും പ്രതീതിയില്ല. അതിന് ചിത്തമാകുന്ന ഒരേയൊരു മുഖമേയുള്ളൂ. പ്രാജ്ഞനെസ്സംബന്ധിച്ചിടത്തോളം നാനാത്വബോധമില്ല. ആനന്ദം മാത്രമാണ് അതിന്റെ ഭോജ്യം. മറ്റൊരുപാധിയുടെ അപേക്ഷയില്ല. സ്വയം ആനന്ദമയനാകുന്നു പ്രജ്ഞേയൻ. ഇതിനെ ബ്രഹ്മത്തിന്റെ തൃതീയപാദമായി കല്പിക്കുന്നു.

ഇത്രയും വിവരിച്ചത് ആത്മാവിന്റെ ഗുണാത്മകമായ അവസ്ഥാന്തരങ്ങളാണ്. ഇനി ആത്മാവിന് നിർഗുണാത്മകമായ ഒരവസ്ഥ കൂടിയുണ്ട്. അതാകുന്നു ആത്മാവിന്റെ ചതുർഥപാദം. ഈ ചതുർഥപാദത്തെ 'തുരീയൻ' എന്നു വിളിക്കുന്നു. തുരീയനെ യാതൊരു വിധത്തിലും വർണിക്കാനോ നിർവചിക്കാനോ സാധ്യമല്ല. അതിന് ഭാവാത്മക ഗുണങ്ങളോ ലക്ഷണങ്ങളോ ഇല്ല. വല്ല ഗുണവും അതിനുണ്ടെങ്കിൽ അഭാവാത്മകഗുണം മാത്രമാണ്. അതിനാൽ, മാണ്ഡൂക്യം തുരീയനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: "അദൃഷ്ടമ വ്യവഹാര്യമ ഗ്രാഹ്യമ ലക്ഷണമ ചിന്ത്യമ വ്യപദേശ്യമേകാത്മ..."[15] (അതായത്, തുരീയനെ യാതൊരു ദൃഷ്ടികൊണ്ടും കാണാൻ സാധ്യമല്ല. ഏതൊരു വിധത്തിലും വ്യവഹരിക്കാൻ വയ്യ. അതിനാൽ, അദൃഷ്ടവും അവ്യവഹാര്യവുമാണത്. അത് ഒന്നുകൊണ്ടും ഗ്രഹിക്കപ്പെടുന്നില്ല. അതിന് യാതൊരു ലക്ഷണവും പറയാവതല്ല. മനസ്സിൽ സങ്കൽപിക്കുവാനോ ബുദ്ധികൊണ്ട് അനുമാനിക്കുവാനോ വാക്കുകൊണ്ട് നിർദേശിക്കുവാനോ വയ്യ. അത് ഏകനും അദ്വിതീയനുമാകുന്നു.)

ഇതുപ്രകാരം അക്ഷരങ്ങളുടെ കൂട്ടത്തിൽ മൂന്നെണ്ണമുണ്ട്: അ.ഉ.മ. ഇവ

മൂന്നും ചേർന്ന ഓംകാരം ബ്രഹ്മത്തിന്റെ പേരാണ്. ഇതിനെ 'പ്രണവം' എന്നുവിളിക്കുന്നു. പ്രസ്തുത വർണങ്ങളോരോന്നും ആത്മാവിന്റെ ഓരോ അവസ്ഥയെ അഥവാ, പാദത്തെ പ്രതിനിധാനം ചെയ്യുന്നു. അകാരം വൈശ്വാനരനേയും ഉകാരം തൈജസനേയും മകാരം പ്രാജ്ഞനേയും ദ്യോതിപ്പിക്കുന്നു. അ. ഉ. മ. എന്നിവയെ മാത്രകളെന്നു പറയുന്നു. ഓരോ മാത്രയും ആത്മാവിന്റെ ഓരോ പദത്തെയാണ് സൂചിപ്പിക്കുന്നതെന്നർഥം. ഇവ കൂടാതെ ഓംകാരത്തിന് നാലാമതൊരു മാത്ര കൂടിയുണ്ട്. അതിന് അമാത്രമാത്ര എന്നു പേർ. അതാണ് നാലാമത്തെ പദമായ തുരീയനെ പ്രതിനിധീകരിക്കുന്നത്. മാണ്ഡൂക്യത്തിന്റെ വ്യാഖ്യാതാവായ ജ്ഞാനാനന്ദ സരസ്വതി എഴുതുന്നു:

"പ്രണവോച്ചാരണത്തിൽ അ. ഉ. മ. എന്നീ മൂന്നു വർണങ്ങളും അവസാനിച്ച്, പിന്നീട് ശേഷിക്കുന്ന സ്വരത്തെ, അല്ലെങ്കിൽ നാദത്തെയാണ് അമാത്രമാത്ര എന്നു പറയുന്നത്..... അതാണ് പ്രണവത്തിന്റെ (ഓംകാരത്തിന്റെ) ചതുർഥമാത്ര. ചതുർഥമാത്രയിൽ അഭിധാനാഭിധേയങ്ങളായ വാക്കും മനസ്സും ലയിക്കുന്നതിനാൽ ഇന്ന പ്രകാരത്തിലുള്ളതാണ് എന്നു പറയാൻ വയ്യ. അതിനാൽ അവ്യവഹാരമാണ്."[16]

ആകയാൽ അവസാന വിശകലനത്തിൽ പരമേശ്വരന്റെ യഥാർഥ സ്വരൂപം അനിർവചനീയവും അവ്യവഹാര്യവുമാണെന്ന തീരുമാനത്തിലാണ് മാണ്ഡൂക്യവും എത്തുന്നത്.

## ആത്മാവിന്റെ അവസ്ഥാത്രയം ഖുർആനിൽ

'നഫ്സി'ന്റെ, അല്ലെങ്കിൽ ആത്മാവിന്റെ മൂന്ന് അവസ്ഥാ വിശേഷണങ്ങൾ ഖുർആനും സൂചിപ്പിക്കുന്നുണ്ട്. പക്ഷേ, അവയെ വർണിച്ചിട്ടുള്ളത് ഉപനിഷത്തുകളിലേതുപോലെയല്ല; മറ്റൊരു തരത്തിലാണ്. ഒന്ന്, 'നഫ്സ് അമ്മാറ' (തിന്മപ്രേരകാത്മാവ്); രണ്ട്, 'നഫ്സ് ലവ്വാമഃ' (സ്വയം ആക്ഷേപിക്കുന്ന ആത്മാവ്); മൂന്ന്, 'നഫ്സ് മുത്ത്മഇന്ന' (ശാന്തത പ്രാപിച്ച ആത്മാവ്). കാമക്രോധാദി ദുർവികാരങ്ങളുടെ താത്പര്യങ്ങൾക്ക് തികച്ചും വശംവദമായിരിക്കുകയും തിന്മ ചെയ്യുന്നതിൽ ആവേശം കൊള്ളുകയും ചെയ്യുന്ന അവസ്ഥയിലിരിക്കുമ്പോഴാണ് ആത്മാവിനെ, അഥവാ മനസ്സിനെ 'നഫ്സ് അമ്മാറ' എന്നു വിശേഷിപ്പിക്കുന്നത്. ഇതാണ് സാമാന്യ മനസ്സുകളുടെയെല്ലാം പ്രകൃതം. അതുകൊണ്ടാണ് ഒരു മഹാത്മാവായ യൂസുഫ് നബിപോലും ഇങ്ങനെ പറഞ്ഞതായി ഖുർആൻ ഉദ്ധരിച്ചത്:

"എന്റെ മനസ്സ് നിരപരാധിയാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. കാരണം, മനസ്സ് തീർച്ചയായും തിന്മപ്രേരകമാകുന്നു."[17]

എന്നാൽ ഉചിതമായ ശിക്ഷണശീലനങ്ങൾമൂലം മനസ്സിന്റെ ഈ നിലക്ക് മാറ്റം വരുത്താൻ കഴിയും. അങ്ങനെ അത് പുരോഗതിയുടെ സോപാനത്തിലേക്ക് കരേറിക്കൊണ്ടിരിക്കും. എന്നിരുന്നാലും ചിലപ്പോഴൊക്കെ കാമക്രോധാദി ദുർവികാരങ്ങൾ അതിനെ പിടികൂടിയെന്നു വരും. അങ്ങനെ പല തെറ്റുകുറ്റങ്ങളും അത് പ്രവർത്തിച്ചേക്കും. പക്ഷേ,

തദവസരത്തിൽ കുറ്റബോധവും അനുതാപവും അതിനെ അസ്വസ്ഥപ്പെടുത്തുകയും അത് തന്നത്താൻ ശപിക്കുകയും ചെയ്യുന്നു. ഇയ്യവസ്ഥയിൽ, സ്ഥിതിചെയ്യുന്ന ആത്മാവിനെ 'നഫ്സ് ലവ്വാമ' എന്നു വിശേഷിപ്പിക്കുന്നു. ആദ്യം പറഞ്ഞ അവസ്ഥയേക്കാൾ ഉത്കൃഷ്ടമാണ് ഈ അവസ്ഥ. അതിനാൽ, നഫ്സ് ലവ്വാമയെ മുൻനിർത്തി അല്ലാഹു സത്യം ചെയ്തിട്ടുണ്ട്.[18]

എന്നാൽ, മനുഷ്യാത്മാവ് അവിടെയും നിൽക്കുന്നില്ല. വീണ്ടും പുരോഗമിക്കുന്നു. അങ്ങനെ പരമപദം പ്രാപിക്കുന്നു. ഇത്തരുണത്തിൽ യാതൊരു ദുർവികാരവും അതിനെ അതിജയിക്കുന്നില്ല. അതിനു പരിപൂർണമായ ശാന്തതയും, പരിപൂർണമായ സമാധാനവും കൈവരുന്നു. ഈ അവസ്ഥയിലെത്തുന്ന ആത്മാവിനെ 'നഫ്സു മുത്ത്മഇന്ന' എന്നു വിശേഷിപ്പിക്കുന്നു. ഇത്തരം ആത്മാവിനെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറയുന്നു:

"അല്ലയോ ശാന്തത പ്രാപിച്ച ആത്മാവേ, സംതൃപ്തിയാർന്നും സംതൃപ്തിക്കു പാത്രമായും കൊണ്ട് നിന്റെ നാഥനിലേക്കു തിരിച്ചുവരിക!"[19]

ഇതിൽ നിന്നും ഒരു വസ്തുത തെളിഞ്ഞിട്ടുണ്ട്: ആത്മാവിന്റെ പരമമായ ലക്ഷ്യം അതിന്റെ നാഥനാണ്. അവിടേക്കാണ് അത് പുരോഗമിക്കുന്നത്. ഇക്കാര്യം പലേടങ്ങളിലും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

## ജീവാത്മാവും പരമാത്മാവും തമ്മിലുള്ള സമാഗമം

ജീവാത്മാവ് അവസാനം പരമാത്മാവിൽ വിലയം പ്രാപിക്കുമെന്ന് ഉപനിഷത്തുകളിൽ ചിലത് സൂചിപ്പിക്കുന്നു. പ്രശ്നോപനിഷത്ത് പറയുന്നത് കാണുക:

"സമുദ്രത്തെ ലക്ഷ്യമാക്കി ഒഴുകുന്ന ഈ നദികൾ സമുദ്രത്തെ പ്രാപിക്കുന്നതോടെ അതിൽ വിലയം പ്രാപിക്കുകയും ആ നദികളുടെ നാമവും രൂപവും അസ്തമിക്കുകയും ചെയ്യുന്നു. അപ്പോൾ സമുദ്രം എന്നു മാത്രം പറയപ്പെടുന്നു. അതുപോലെ പരമാത്മാവിനെ ലക്ഷ്യമാക്കുന്ന സർവസാക്ഷിയായ പുരുഷൻ (ജീവാത്മാവ്) പരമാത്മാവിനെ പ്രാപിക്കുമ്പോൾ പതിനാറു കലകളും നശിച്ച്, നാമരൂപങ്ങൾ അസ്തമിച്ച്, അതിൽ വിലയം പ്രാപിക്കുകയും പുരുഷൻ എന്നു മാത്രം പറയപ്പെടുകയും ചെയ്യുന്നു. ജീവാത്മാവ് കലകളില്ലാത്തതും മരണരഹിതവുമായി ഭവിക്കുന്നു."[20]

(ഇവിടെ സൂചിപ്പിച്ച പതിനാറു കലകൾ തൊട്ടുമുമ്പുള്ള മന്ത്രത്തിൽ വിശദമാക്കിയിട്ടുണ്ട്. പ്രാണൻ, ശ്രദ്ധ, ആകാശം, വായു, അഗ്നി, ജലം, ഭൂമി, പഞ്ചേന്ദ്രിയങ്ങൾ, മനസ്സ്, അന്നം, വീര്യം, തപസ്സ്, മന്ത്രങ്ങൾ, കർമം, ലോകങ്ങൾ, നാമം എന്നിവയാണത്.)

പ്രസ്തുത അവസ്ഥക്കാണ് 'മുക്തി' എന്നു പറയുന്നത്. മുക്തിപ്രാപിച്ച മഹാപുരുഷന്മാരുടെ മഹിമ മുണ്ഡകോപനിഷത്ത് വർണിക്കുന്നത് നോക്കുക: "ഒഴുകിക്കൊണ്ടിരിക്കുന്ന നദികൾ അവയുടെ നാമരൂപങ്ങൾ

ത്യജിച്ച്, സമുദ്രത്തിൽ ലയിച്ചുചേരും പോലെ ജ്ഞാനികൾ നാമരൂപരഹിതരായി പരാത്പര ദിവ്യപുരുഷനായ പരമാത്മാവിൽ നിലീനരായി ഭവിക്കുന്നു. ഏതൊരാൾ പരബ്രഹ്മത്തെ ശരിക്ക് അറിയുന്നുവോ, അയാൾ അങ്ങനെ ബ്രഹ്മം തന്നെയായിത്തീരുന്നു. അവന്റെ വംശത്തിൽ ആരും തന്നെ ബ്രഹ്മത്തെ അറിയാത്തവരായി കാണുകയില്ല. എല്ലാ തരത്തിലുള്ള ശോകങ്ങളിൽനിന്നും ചിന്തകളിൽനിന്നും സർവഥാ അവൻ അകന്ന് ജീവിക്കുന്നു. എല്ലാ പാപങ്ങളിൽനിന്നും പൂർണമായും മുക്തനായി ഭവിക്കുന്നു. എല്ലാ സംശയങ്ങളും അഹങ്കാരങ്ങളും വിഷയാസക്തികളും വേരോടെ നശിച്ച് അമരനായിത്തീരുകയും ചെയ്യുന്നു!"[21]

ഇത്രയും വിവരിച്ചതിൽനിന്നും ആത്മാവിന്റെ അന്തിമ ലക്ഷ്യം പരമേശ്വരനാണെന്നു ഉപനിഷത്തും ഖുർആനും അംഗീകരിക്കുന്നുണ്ടെന്ന സംഗതി തുലോം വ്യക്തമായല്ലോ.

## അന്ത്യനാൾ

ഉപനിഷത്തുകളിൽ ഒരു 'പരാന്തകാലം' (ഏറ്റവും അന്ത്യമായകാലം) വിഭാവന ചെയ്യപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം 'യൗമുൽ ആഖിർ' എന്ന പേരിൽ പരിചയപ്പെടുത്തുന്ന അന്ത്യനാൾതന്നെയാണത്. ആ കാലത്ത് മഹാപുരുഷന്മാർ ദിവ്യമായ ബ്രഹ്മസങ്കേതത്തിൽ പ്രവേശിക്കുകയും തികച്ചും വിമുക്തരും അമൃതരുമായി ഭവിക്കുകയും ചെയ്യും. ഇതെപ്പറ്റി മുണ്ഡകത്തിൽ പറയുന്നതു കാണുക:

"വേദാന്ത വിജ്ഞാന സുനിശ്ചിതാർഥാഃ
സന്ന്യാസയോഗാദ്യതയഃ ശുദ്ധസത്ത്വാഃ
തേ ബ്രഹ്മലോകേഷ്ട പരാന്തകാലേ
പരാമൃതാഃ പരിമുച്യന്തി സർവേ."[22]

(വേദാന്തജ്ഞാനം മുഖേന സുനിശ്ചിതാർഥരായ [പരമപുരുഷനെ നന്നായും ദൃഢമായും മനസ്സിലാക്കിയ] യതിവര്യന്മാർ [മഹാത്മാക്കൾ] അവരുടെ സന്ന്യാസയോഗംമൂലം, ഏറ്റവും അന്തിമകാലത്ത് ശുദ്ധതത്വന്മാരായി പരബ്രഹ്മത്തിന്റെ ദിവ്യസങ്കേതത്തിൽ പ്രവേശിക്കുന്നതാണ്. അവർ എല്ലാ വിധേനയും മുക്തി നേടുകയും അമൃതത്വം പ്രാപിക്കുകയും ചെയ്യും.)

ഇതേ ആശയം മറ്റൊരു ശൈലിയിൽ ഖുർആനും അവതരിപ്പിച്ചിട്ടുണ്ട്. സത്തുക്കളായ ഭക്തൻമാർ സർവശക്തിമാനായ രാജാവിന്റെ (അല്ലാഹുവിന്റെ) സന്നിധാനത്തിലുള്ള 'മഖ്അദുസിദ്ഖി'(സത്യപീഠം)ലാണ് സ്ഥിതിചെയ്യുക എന്നു ഖുർആൻ പ്രഘോഷിക്കുന്നു.[23]

## സൂഫികളുടെ 'ഫനാ'യും 'ബഖാ'യും

ജീവാത്മ-പരമാത്മാക്കളുടെ പരസ്പര സമാഗമത്തെപ്പറ്റിയുള്ള ഉപനിഷത്തുകളുടെ നിലപാടു നാം കണ്ടു. നമ്മുടെ സൂഫികളും ഇത്തരം ഒരു അവസ്ഥയെപ്പറ്റി വർണിച്ചുകാണുന്നു. അവരുടെ സാങ്കേതിക ഭാഷയിൽ പ്രസ്തുത അവസ്ഥക്ക് 'ഫനാ' എന്നും 'ബഖാ' എന്നുമാണ് പേര്. പ്രസിദ്ധ സൂഫിനേതാവായ അബൂസഈദിൽ ഖർറാസ് പറയുന്നു: "പരമസത്ത (ദൈവം) വിലയം പ്രാപിക്കലാണ് 'ഫനാ.' പരമ സത്തയുടെ കൂടെയുള്ള സാന്നിധ്യമാണ് 'ബഖാ.'[24]

# പദനാമസൂചി

## അ

അക്കാഡിയ 119, 190
അക്കേയൻമാർ 206
അഗ്നിദേവൻ 163, 232, 233, 272, 277, 298, 300, 323, 336
അജാതശത്രു 164
അഞ്ചെസ്-എൻ-അമെൻ(ഈജിപ്തിലെ റാണി) 256
അഥർവം 71, 74, 269
അദൃശ്യയാഥാർഥ്യം(ഗൈബ്) 37, 38
അദ്നാൻ 136
അദോമ്യർ 203
അദ്വൈതവാദം 333, 348, 349
അനക്സി മേനിസ്സ് 324
അന്ത്യനാൾ 347
അഫ്ഗാനിസ്ഥാൻ 100, 101, 115
അബുൽഹസനിൽ അശ്അരി 330
അബുൽഹസൻ മസൂദി 16, 130
അബൂബക്രിസ്സിദ്ദീഖ്(ഖലീഫ) 331
അബ്ദുല്ലാഹിബ്നു അബ്ബാസ് 132
അബ്രഹാം(ഇബ്റാഹീം നബി) 86, 90, 124, 125, 148, 149, 176, 177, 180, 188, 192, 193, 198, 220, 254
അമാലിക്കവംശം 188
അമേരിക്കനിന്ത്യൻ ഭാഷകൾ 88
അമോസീസ് പ്രഭു 205
അമോര്യർ(അമറൈറ്റുകാർ) 191, 194, 214
അമ്രാഫെൽ 124, 125, 192
അരാമ്യർ 178, 179,181, 209
അരാം 177, 178, 179, 181, 256, 262, 263
അരാറാത്ത് പർവതം 84, 112, 129, 131, 143
അരിസ്റ്റോഫെയിന്റ് 288
അർജുനൻ 23, 24, 25
അർമീനിയ 143, 185
'അർറബ്ബുൽ അഅ്ലാ' 336
അലക്സാണ്ടർ 217, 218
'അൽഅറബുൽ ബായിദഃ' 187, 264
'അൽഖുദ്ദൂസ്' 336
അൽജബ്ഹർ 18
അൽബീറൂനി 31, 32, 34, 71
അല്ലാഹു 283, 284, 285, 299, 301, 302, 330, 331, 336, 337, 346
'അൽഹഖ്' 296, 297
അൽ ഹിജ്ർ 247, 248, 250
അവതാരസങ്കൽപം 26, 27, 28
'അവസ്ത' 269, 300
അവസ്റ്റിക് 269
അശ്അരി വിഭാഗം 285
അശ്ശൂർ 177, 178
അശ്വപതി രാജാവ് 319
അശ്വമേധയാഗം 305-309
അഷൂർ ബാനിപാൽ 117, 118, 129, 135, 215
അസീരിയ 115, 117, 119, 128, 135, 177, 186, 215, 221, 225, 309
അസുരൻമാർ 107, 122, 134, 135, 136
'അസ്സ്വമദ്' 336
അഹരോൻ(ഹാറൂൻ) 204
അഹുരമസ്ദ് 90, 135, 283
അഹ്ഖാഫ് 225, 263, 264
അഹ്റീമാൻ 90
'അഹ്ലുൽ കിതാബ്' 90
അള്ളോപനിഷത്ത് 74, 156
അറബികൾ 119, 133, 134, 136, 176, 178, 187, 188, 190, 203, 209, 211, 214, 215, 224, 240, 243, 248
അറേബ്യ 65, 133, 134, 179, 182, 185, 186, 190, 194, 206, 209, 214, 223, 235, 237, 239, 240, 244, 247, 263, 264

## ആ

ആണിയെഴുത്ത് 253
ആത്മാവ് 328, 329, 339-348
ആദം 62, 63, 66, 83
ആദം മല 62
ആദു വംശം 178-182, 187, 188, 194, 223-234, 237, 239, 242, 248-251, 256, 263-265
ആദുസാനിയ(രണ്ടാമത്തെ ആദ്) 237, 242, 245, 264, 265
ആധ്യാത്മരാമായണം 77
ആനി 244, 245
ആന്ത്രോപോഫ്യൂയിസം 284
ആന്ത്രോപോമോർഫിസം 284
ആപസ്തംബൻ 229
ആഫ്രിക്ക 185, 186, 309
ആമൂർ 130
ആയത്ത് 27
ആരണ്യകങ്ങൾ 69, 73-76, 151, 152, 304
'ആരിബ' 187
ആര്യ-ദസ്യുപ്രശ്നം 102, 103, 104, 153
ആര്യൻഭാഷ 87, 134, 181
ആര്യൻമാർ 16, 68, 70, 72, 79, 92, 102-104, 107-110, 119, 128, 133-135, 137, 145, 146, 151-157, 160, 165, 171-182, 184-186. 193, 214, 221, 223, 225-230, 232-234, 247, 251-263, 266-275, 285, 300, 304, 305, 309-311
ആര്യഭടൻ 18, 134
'ആര്യസത്യങ്ങൾ' 178
ആര്യാവർത്തം 66, 178
'ആലമുൽ അംറ്' 340

'ആലമുൽ ഖൽഖ്' 340
'ആലമുൽ മലകൂത്ത്' 340
'ആൽഫബെറ്റ്' 209
ആറൽ കടൽ 62

## ഇ

ഇതിഹാസങ്ങൾ 69, 77
ഇൻഡോ-ഇറാനിയൻ ദേവതകൾ 254
ഇൻഡോ-യൂറോപ്യൻ വർഗം 253
ഇന്ദ്രൻ 103-108, 134, 137, 163, 174-176, 180, 190, 211, 226, 232, 233, 254, 255, 264, 266, 271, 272, 274, 277, 298, 308, 336
ഇബാദത്ത് 29
ഇബ്നുബാജ 18
ഇബ്നുസീനാ 18
ഇബ്നുറുഷ്ദ് 18
ഇബ്റാഹീം നബി(അബ്രഹാം നോക്കുക)
ഇമാം ഗസ്സാലി 339, 340
ഇരുമ്പ് 104, 105, 273
ഇരുമ്പ് യുഗം 57
'ഇൽമുൽ കലാം' 327
ഇൽയാസ്(ഏലിയ) 136
ഇസ്മായേൽ 176
ഇസ്‌ലാം 36, 82, 290
ഇസ്റായേൽ (യാക്കോബ് നോക്കുക)
ഇറം 178-181, 233, 234, 249, 256, 262, 265
ഇറാഖ് 100, 101, 115, 116, 140, 142, 173, 188, 189,196
ഇറാൻ 64, 90, 100, 180, 214, 215, 262, 263, 269
ഈജിപ്ത് 65, 116, 128, 176, 187-189, 194, 196, 197, 201-205, 208, 244, 255, 272, 309
ഈജിയൻമാർ 212, 213, 214
ഈസ്റ്റ് ഇന്ത്യാ കമ്പനി 237

## ഉ

ഉഗ്രസേനൻ 22
ഉദ്ദാലക ആരുണി ഗൗതമൻ 157, 158, 160, 164, 317-322, 343
ഉപകോസലകമലായനൻ 323, 324
ഉപനിഷത്തുക്കൾ 69, 73-76, 151, 152, 155, 156, 160, 161, 163, 164, 166, 315, 316, 327-329, 333, 341
ഉമറുബ്നുൽ ഖത്താബ്(ഖലീഫ) 90
ഉമറുബ്നുൽ ഫാരിള്(സൂഫീകവി) 299
ഉൽപത്തി 288-290
'ഉസ്സാ' 65
ഉറുക്കാഗിന 120, 121, 174, 189
ഊർപട്ടണം 123, 191, 198

## ഋ

ഋഗ്വേദം 28, 70-74, 102, 103, 156, 172, 269, 270-272, 275, 277, 278, 285, 297, 299
'ഋതം' 297
ഋത്വിക്കുകൾ 108, 300, 305, 308, 311

## എ

എഡ്വിൻ ആൽഡ്രിൻ 292
എട്ടുകാലി 334
'എൻലിൻ' 120-122
എബ്രായവംശം 189, 193, 198, 202, 204
എവറസ്റ്റ് 61
എറാറ്റസ്തനീസ് 240
എറേക്ക് നഗരം 173, 174, 190
ഏകദൈവത്വം 38, 39, 131, 132, 136, 143, 145, 146, 148, 163, 164, 233, 268, 298, 299, 301, 327, 329, 330
ഏബർ(ശേമിന്റെ പുത്രൻ) 193, 198
ഏലാമൈറ്റുകാർ(ഏലാമ്യർ) 184, 191, 194, 214, 260
ഏലാം(നോഹയുടെ പൗത്രൻ) 184, 214
ഏലിയ(ഇൽയാസ് നോക്കുക)
ഏശാവ് 177
ഏഷ്യാമൈനർ 84, 175, 176, 206, 221, 254, 259,266

## ഒ

ഓക്കശ് 173, 174, 190
ഓക്ക്‌ലി 58
'ഓം' 145, 146, 345

## ക

കപർദികൾ 206
കപ്പൽക്ഷേത്രം 143
കബീർ 28
കമാണ്ടർ ഫ്രാങ്ക് ബാർമൻ 292
കംസൻ 22
കരിങ്കടൽ 62
'കർമമാർഗം' 155
കലിയുഗം 66, 67
കൽക്കി 27
കൽഹണൻ 69
കൽബ്ഗോത്രം 132
കഴുതയാഗം 309
കാൽഡിയ 130, 225
കാർത്തേജ് 209, 210
കാസ്പിയൻ 62
കുന്തി 23
കുരുക്ഷേത്രയുദ്ധം 23
കുളം 94, 95, 147, 149
കുളിമുറി 17, 94-96, 146, 147, 149, 212, 231, 324
കൃതയുഗം 66
കൃഷ്ണൻ(അസുരരാജാവ്) 104-106
കൈബർ ചുരം 62
കോമ്ട് ഡി ഗോബിനോസ് 79
കോരസ്(സൈറസ് നോക്കുക)
കൗർമം 27
ക്രീറ്റ് 142, 212, 213, 225

ക്രിസ്ത്യാനികൾ 89, 90, 140
ക്ഷത്രിയൻ 81, 158-160, 317
ക്ഷുദ്രാകാശം 341
ക്ലാവർ 97

## ഖ

ഖതബാനിയൻസ് 240
ഖഹ്താൻ 136
'ഖിബ്ല' 147, 148, 300
ഖുർആൻ 75, 223, 224, 270, 277, 278, 289, 295-298, 301, 302, 327, 331, 333, 335, 336, 345
ഖുസ്റു(കീഖുസ്റു) 215
ഖുറൈശികൾ 224

## ഗ

ഗബ്രിയേൽ മാലാഖ(ജിബ്രീൽ നോക്കുക)
ഗംഗ 153, 154
ഗാർഗ്യൻ 164
ഗാലപാഗോസ്ദ്വീപ് 46
ഗിൽഗമേഷ് ചരിതം 118, 119, 129
ഗുഡിയ രാജാവ് 123
ഗൈബ്(അദൃശ്യയാഥാർഥ്യം നോക്കുക)
ഗോവ്(പശു നോക്കുക)
ഗ്രീക്കുകാർ 127, 213, 214, 220
ഗ്ലാവമൈത്രേയൻ 161

## ച

ചന്ദ്രഗുപ്തമൗര്യൻ 324
ചാതുർവർണ്യം 81, 103, 146
ചിത്രഗാർഗ്യായണി മഹർഷി 319
ചീനാഭാഷകൾ 88
ചീനാഭിത്തി 218

## ജ

ജനകരാജാവ് 320, 321
ജരാസന്ധൻ 22
ജലപ്രളയം(മഹാജലപ്രളയം നോക്കുക)
ജറൂസലം 215
ജാനശ്രുതി പൗത്രായണൻ 324, 325
ജാവാമനുഷ്യൻ 48, 51
ജിബ്രീൽ 27, 219
ജൂദി പർവതം 143
ജൈനമതം 99, 166
'ജ്ഞാനമാർഗം' 153, 154

## ട

ടയർ(സോർ) 208-210
ടിർഹേനിയൻമാർ 206
ടുണീഷ്യ(തുനീസ്) 210
ടുറേനിയൻ ഭാഷകൾ 87
ടൂട്ടൻഗാമൻ(ഫറോവ) 256
ടൈഗ്രീസ് 112, 114, 115, 117, 128, 129, 142, 189
ടോളമി 182

## ഡ

ഡമാസ്കസ് 147, 178
ഡയോജനീസ് 324
'ഡാരിൻപാസ്' 218
ഡാർവിൻ 46, 47, 50
ഡിഡാലസ്(ക്രീറ്റ് ശാസ്ത്രജ്ഞൻ) 213
ഡേവിഡ്സൻബ്ലാക്ക്, പ്രൊഫ. 48, 49
ഡോസൻ 58

## ത

'തത്ത്വമസി' 319, 348
താമ്രയുഗം 57
താലൂത്ത്(ശൗൽ നോക്കുക)
തിരുയാഫിഥ് 111, 112, 130
തുർവശൻ 206
തുർഷൻമാർ 206
തോമസ് ഹക്സലി 50
ത്രിത്വവാദം 38
ത്രിപിടകങ്ങൾ 166
ത്രേതായുഗം 66, 67
'ത്വാഗൂത്ത്' 29

## ഥ

ഥെയിൽസ്(ഗ്രീക്ക് ദാർശനികൻ) 332

## ദ

ദയാനന്ദസരസ്വതി 72, 73, 171, 234, 286
ദർശനസൂത്രം 69, 78
ദസ്യുക്കൾ 102-105, 107-110, 133, 137, 145, 153, 154, 156, 157, 227, 271
ദസ്യുസംസ്കാരം 151, 153, 154, 156, 165, 166
ദാനിയേൽ നബി 219
ദാരിയസ് ഒന്നാമൻ 220, 221
ദാശരാജ്ഞയുദ്ധം 153, 154, 165
'ദീൻ' 25
ദുര്യോധനൻ 23
'ദുൽഖർനൈൻ' 216-220
ദേവകി 22
ദൗമതുൽ ജൻദൽ 132
ദ്രാവിഡൻമാർ 16, 110-112, 130, 142, 149, 225-227
ദ്രാവിഡഭാഷ 88, 110, 111
ദ്വാപരയുഗം 66, 67
ദ്വൈതവാദം 148, 333

## ന

നബാത്തിയൻസ് 248
'നബി' 32
'നഫ്സ് അമ്മാറ' 345, 346
'നഫ്സ് മുത്ത്മഇന്ന' 345, 346
'നഫ്സ് ലവ്വാമ' 345, 346

നരകം 159
നരസിംഹം 27, 174
നരാംസിൻകർ 174, 175, 191
നവീന ശിലായുഗം 57, 63, 64
നസ്റ് 132, 133, 135
നാസത്യൻമാർ 175, 176, 254, 255, 286
നിംറൂദ് 124, 180, 188
നിയാണ്ടർതാൾ മനുഷ്യൻ 49, 50, 51
നിഹിമ്മാവ് 30
നീഗ്രോ 88, 89, 260
നൂഫിർ 130
നെബുക്കഡ് നസ്ർ(ബുഖ്ത് നസ്ർ) 215, 216
'നേതിനേതി' 330
നൈൽ നദി 128
നോബോസ് കൊട്ടാരം 212
നോഹ(നൂഹ്) 15, 83–85, 90, 111, 112, 118, 119, 129, 130, 132, 133, 142–146, 148, 149, 177, 184, 195, 198, 225, 226
നോഹയുടെ കപ്പൽ 83, 84, 129, 143

## പ

'പണികൾ' 137, 211, 212
പരലോകവിശ്വാസം 39, 40
പരശുരാമൻ 27
'പരിഷത്ത്' 157
പശു 211, 212, 273, 300, 305, 310, 317, 320, 322,325
പാക്കിസ്ഥാൻ 92
പാഞ്ചാലി 24
പാതാളം 159, 332
പാമീർ 172, 258
പിപ്രു 104, 106
പുനർജൻമസങ്കൽപം 39, 40, 159, 160
പുരാണങ്ങൾ 77
പൂണികയുദ്ധം 210
പെക്കിങ്ങു മനുഷ്യൻ 48, 49, 51
പെറു സംസ്കരം 128
പൗലസ്ത്യർ 206
'പ്രത്ന ഓക്കസ്' 173, 174, 190
പ്രവാചകത്വം 26–28, 42, 282, 283
പ്രാചീനശിലായുഗം 57, 63, 64

## ഫ

'ഫജ്ജുന്നാഖഃ' (ഒട്ടകത്തിന്റെ മലയിടുക്ക്) 248
'ഫനാ' 348
ഫലസ്തീൻ 86, 87, 135, 198
ഫറോവ(ഫിർഔൻ) 188, 194, 196, 198, 201–204, 249
'ഫാത്തിഹ' 278
'ഫിത്റത്തുല്ലാ' 295
ഫിനീഷ്യർ 137, 208–211, 214, 225

## ബ

ബകദാല്ഭ്യൻ 161, 164
'ബഖാ' 348
ബർട്രാണ്ട് റസ്സൽ 294
ബലരാമൻ 27
ബലൂചിസ്ഥാൻ 140
ബലി 152, 213, 234, 300
ബഹുദൈവത്വം 131, 143, 232, 233, 252, 298, 329
ബഹുഭാര്യത്വം 276, 277
ബാബിലോണിയ 116, 118–120, 122–124, 129, 135, 140, 180, 187, 188, 194, 215, 216, 221, 309
ബാൻറ്റു ഭാഷകൾ 88
ബാൽദേവൻ 135, 137, 210, 211
ബീദബ 18, 134
ബുദ്ധൻ 71, 74, 77, 178, 229, 271
ബുദ്ധമതം 99, 166, 271
ബെറസൂസി 130, 188
ബേൽശസ്സർ 216
ബൈബ്ൾ 223, 224, 289, 298, 301
ബോഘാസ്കോയ് 175, 252–256, 266, 271
ബ്രഹ്മം- 162, 163, 283, 287, 288, 290, 304, 319, 324, 328–337, 341, 342, 347, 348
ബ്രാഹ്മണങ്ങൾ 69, 70, 72, 73, 75, 76, 151, 152, 304, 305, 312
ബ്രാഹ്മണർ 81, 108, 148, 157, 158, 159, 160, 164, 229, 230, 270, 277, 304, 305, 312, 313, 317, 318, 325
ബ്രാഹ്വി വിഭാഗം 110

## ഭ

ഭഗവദ്ഗീത 24, 77
ഭരതൻ 65
ഭരദ്വാജൻ 251
ഭാഗവതം 28
ഭാഗവതമതം 166, 167
ഭിക്ഷുക്കൾ 165

## മ

'മജല്ലതു ലുഖ്മാൻ' 245
മജൂസികൾ 89, 90
'മഖ്അദുസിദ്ഖി' 347
മഗാൻ നഗരം 175
മദ്ഹബ് 316
മനസ്സ് 341–344, 346
മനു (വൈവസ്വതമനു നോക്കുക)
മയിൻ 241, 242
മയീൻകാർ(മെയോന്യർ) 213
മരണാനന്തര ജീവിതം 281
മർദൂക് ദേവൻ 115, 120, 121
മലക്കുകൾ(മാലാഖമാർ) 26, 27, 37, 63, 121, 336, 348
'മശീഹ്' 216, 221
മഹാജലപ്രളയം 66, 83, 84, 85, 111, 118, 119, 129–131, 142, 144, 145
മഹാഭാരതം 69, 77

'മഹാമദ' 28
'മഹാശാല' 156, 157
മാനീത്തോൻ 197, 198
മിട്ടാണികൾ 176, 254-256
മിഡിയ സാമ്രാജ്യം 220
മിത്രൻ 175, 176, 233, 254, 255, 266, 272, 277, 298
മിദ്യാൻ (മദ്‌യൻ) 176, 204, 248, 255, 266
മിദ്യാന്യർ(മിട്ടാണികൾ കാണുക)
മിനായിയൻസ് 240, 241, 265
മിസ്രയിം 206
മുഅ്മിനുകൾ 89, 90
മുആവിയ 237
'മുക്തി' 347
'മുക്തിമാർഗം'(ജ്ഞാനമാർഗം നോക്കുക)
മുഗൾ സാമ്രാജ്യം 68
മുതകല്ലിമുകൾ 327
മുശ്‌രിക്കുകൾ 89, 90
മുഹമ്മദ് നബി 28, 42, 43, 82, 193, 219, 245, 288, 339
മെസൊപൊട്ടേമിയ 54, 65, 97, 101, 110, 114-122, 124, 125, 127-132, 135, 140, 142, 143, 145, 146, 173, 178, 186-191, 208, 214, 231, 255, 272
മൈനോസ് 213
മൈസൂർ 64, 119
മോസസ്സ്(മൂസാനബി) 36, 124, 176, 192, 193, 204, 205, 224, 249, 255, 301
മോഹൻജദാരോ 92-101, 110, 114, 115, 119, 131, 145, 146, 230, 268, 271

## യ

'യഊഖ്' 132, 133, 135
'യഗൂഥ്' 132, 133, 135
യജ്ഞം 72, 107, 108, 152, 211, 300, 304, 305
യജുർവേദം 71, 74, 269
യദു 81, 180, 226, 264
യമുന 153, 154
യമൻ 238, 239, 240, 264
യവനൻമാർ 100, 136
യശയ്യാവ് 30, 216
യഹസ്കേൽ 30
യഹൂദൻമാർ 80, 85, 86, 89, 111, 119, 136, 177, 198, 201, 204, 205, 215, 216, 219, 221, 254, 301, 339
യാക്കോബ്(ഇസ്രായേൽ) 176, 177, 198
യാജ്ഞവല്ക്യൻ 71, 164, 319, 320, 321, 322, 324
യാജൂജ്-മാജൂജ് 216, 217
യാദവവംശം 22, 24, 180
യാദ്വർ 181
യാഫിഥ് 16
യാഫെത്ത് 85, 86, 111, 226
യിരമ്യാവ് 30
യുങ് 293
യൂജിൻ ദുബായ്, ഡോ. 48
യൂഫ്രട്ടീസ് 112, 114, 115, 117, 128, 129, 142, 189
യേശുക്രിസ്തു 36, 108, 193
യോസേഫ് (യൂസുഫ്നബി) 176, 197, 198, 196, 201, 346

## ര

രണ്ടാമത്തെ ആദ്(ആദു സാനിയ നോക്കുക)
രത്നിദേവൻ 273
'രാജതരംഗിണി' 69
രാമായണം 69, 77
രാവണൻ 245

## ല

ലക്ഷ്മണൻ 245
ലങ്കാദ്വീപ്(സിലോൺ) 62
ലുഖ്മാനുൽ ഹകീം 242, 243-246, 264
ലുഗൽ ഓക്സി രാജാവ് 173, 174, 190
ലുഗൽ സാഹിസി രാജാവ് 173, 174, 189, 190
ലോത്ത്(ലൂത്ത്) 192

## വ

വദ്ദ് 132, 134
വർഗസിദ്ധാന്തം 79, 80, 82
വർണമേധാവിത്വം 81
വർധമാനമഹാവീരൻ 166
വരുണൻ 107, 163, 175, 176, 233, 234, 254, 255, 266, 272, 277, 298, 302, 308
വലൻദേവൻ 137, 211
വഷഷൻമാർ 206
വസിഷ്ഠൻ 107, 108, 227, 229, 274
വസുദേവൻ 22
'വഹ്‌യ്'(ദൈവിക വെളിപാട്) 26, 280, 296
'വാദിൽഖുറാ' 247, 265
വാനപ്രസ്ഥം 313
വാനരൻ 46, 47, 48
വാമനം 27
വാരാഹം 27
വാസുദേവ കൃഷ്ണൻ 166
വിൻസ്റ്റൻ ചർച്ചിൽ 52
വിവേകാനന്ദസ്വാമി 72, 224
വിശ്വാമിത്രൻ 274, 276
വിഷ്ണു 21, 174
'വുസൂൽ' 348
വൃത്രൻ 134
വേദം 69, 70, 75, 151, 152, 160, 164, 166, 272, 277, 278, 285, 302, 312, 315, 327, 328
വേദാംഗങ്ങൾ 78
വേദവ്യാസൻ 134, 270, 271
'വൈതരണി' 139
വൈവസ്വതമനു 66, 129, 130, 131, 142
വൈശ്യൻ 81, 159, 160

## ശ

ശദ്ദാദ് രാജാവ് 180, 197, 242
ശങ്കരാചാര്യർ 348
ശമുവേൽ 30
'ശഹാദത്ത്' 37
ശിലായുഗം 50, 57
ശിവൻ 99, 133, 134, 272
ശീഥ് 15, 90, 148
ശുനഃശേപൻ 234, 276
ശുഷ്ണൻ 104, 106, 137
ശൂദ്രൻ 33, 81, 102, 146, 159, 160, 229, 230
ശംബരൻ 104, 105
ശെബാ 239
ശേം 85, 86, 111, 177, 181, 184, 261
ശേമ്യവർഗക്കാർ(സെമിറ്റിക് വർഗം നോക്കുക)
ശൗൽ(താലൂത്ത്) 227
ശ്രീകൃഷ്ണൻ 21-25, 27, 52, 66, 67
ശ്രീരാമൻ 27, 67, 74
ശ്വേതകേതു 157, 164, 317

## ഷ

ഷകർഷൻമാർ 206
ഷമാസ് 121
ഷാഫ്ഹൗസ് പ്രൊഫ. 49, 50

## സ

സത്യകാമജാബാലൻ 322, 323, 324
സമൂദ് 179, 180, 187, 247-252, 255, 256, 265-267
സയുഗ്വാരൈക്വൻ 324, 325, 326
സരതുഷ്ട്രമതക്കാർ(മജൂസ്) 90
സർഗോൺ ഒന്നാമൻ 174, 191, 194, 212, 214
സർവം ഖാലിദം ബ്രഹ്മം 348
സാബിമതം 15, 17, 146-149, 213
സാബിയൻമാർ 17, 90, 112, 146-149, 239
സാമവേദം 71, 72, 74, 269
സാം 185
സാമുവൽ ലയിംഗ് 186
സിഗ്മണ്ട് ഫ്രോയിഡ് 293
സിതിയൻമാർ 218
സിന്ധുതടം 17, 92, 97, 110, 114, 115, 127, 128, 130, 131, 133, 145, 146, 151, 231, 268, 271
സിസിലയൻമാർ 206
'സിറാത്ത്' 139
സീത 245
'സുന്നത്തുല്ലാ' 295
സുമേരിയൻമാർ 97, 110-112, 114, 116-120, 129, 130, 132, 133, 139, 141-143, 173, 174, 189, 191, 195, 209, 214, 225, 226, 249
സുമേരിയൻ സംസ്കാരം 116, 118, 120
സുര 312
സുലൈമാൻ നബി(സോളമൻ രാജാവ്) 239
'സുവാഅ്' 65, 132, 133, 134
സൂഫികൾ 299, 339, 340, 342, 348
സൂര്യദേവൻ 163
സ്മൃതികൾ(ധർമശാസ്ത്രം) 69, 76, 77, 102, 151
സൃഷ്ടിപൂജ 38
സെമിറ്റിക് ഭാഷകൾ 87
സെമിറ്റിക് വർഗം 184-196, 201, 203, 205, 206, 208, 209, 221, 223-225, 249, 255, 256, 260, 262, 268
സൈന്ധവൻമാർ 96-98, 100, 110, 125, 127, 128, 131, 132, 139, 141, 148, 231, 268
സൈന്ധവ സംസ്കാരം 17, 101, 119, 148, 149, 212, 268, 271, 272
സൈറസ് ചക്രവർത്തി(കോരശ്) 215-221
സോക്രട്ടീസ് 289
സോമം 270, 273, 277, 300, 310-312
സോമർ ഫേൽഡ് 295
സൗത്രാമണിയാഗം 310-312
സ്വയംഭുവമനു 66, 67
സ്വാലിഹ് നബി 249-252, 265
സ്പെയിൻ 210, 225

## ഹ

ഹജ്ജ് 142
ഹദ്റമൗത്ത് 181, 182, 237, 240, 264
ഹനുമാൻ 74
ഹമ്മൂറാബി 123-125, 191-194, 209, 212, 214
ഹംദാൻ 133
ഹരപ്പ 92-95, 98-101, 110, 119, 131, 140, 145, 147, 230, 268, 271
ഹർറാൻ 17
ഹവ്വ 83
ഹാമിറ്റിക് 87, 206
ഹാം 85, 111
ഹാറൂൻ(അഹരോൻ നോക്കുക)
ഹിജാസ് 136
'ഹിന്ദ്' 64, 65
ഹിമാലയം 62, 112, 131, 319
ഹിരണ്യഗർഭൻ 285, 286
ഹിറ്റ്ലർ 79, 80
ഹിറ്റൈറ്റുകാർ(ഹിത്യർ)176, 177, 253, 254, 256, 266
ഹുബ്ൽ 136
ഹൂദ്നബി 179, 195, 225-227, 230-232, 235, 237, 239, 264, 265
ഹൂറിയർ 255
ഹൈക്സോസ് വർഗം 201-204, 228,241,255, 260
ഹോരേബ് പർവതം 204

## റ

റയംസീസ് രണ്ടാമൻ 205
റയ്യാനുബ്നുൽ വലീദ് (ഫറോവ) 205
റോബർട്ട് ഐൻസ്റ്റൈൻ 80
റോം 210

# അവലംബകൃതികൾ

Advanced History of India
Ancient History of India
An Introduction to Jung's psychology
Artic Home in Vedas - Balagangadhara Thilak
Encyclopedea of Religion and Ethics Vol.5
Encyclopedea of Britannica Vol. 2, 11
Genesis- Cambridge Bible for Schools & Colleges
Hindu Civilization - Jayaswalal
Hindu History- Akshoy Kumar Majumdar
History of Civilization of Ancient India - R.C. Dutt
History of Sanskrit Literature, Vedic Period - C.V. Vaidya M.A
Indian Phylosophy- Dr. Radhakrishnan
Influence of Islam on Indian Culture- Dr. Thara Chand
Religion of Rigveda- Arrow Smith
Rgvedic India and Rgvedic Culture- Abinas Chandra Das
Sacred Books of the East Vol. 1- Maxmuller
Scientific Curiosities of Sexual Life- Restom G. Metha
The Hindu Aug. 22, 1969
United Nations Bullettin Vol.ix No.3
Veda and Vedanta- Homees
What Happend in History - Gorden Child.

അഥർവവേദം
അൽബിറൂനി കണ്ട ഇന്ത്യ – അബൂറയ്ഹാൻ മുഹമ്മദുൽ ബീറൂനി
ആപസ്തംബ ധർമസൂത്രം
ആര്യഭാരതം – എം. രാമകൃഷ്ണൻ നായർ
ഇന്ത്യയിലെ വർണസമരം– ടി.കെ. ഗ്രീഫിത്ത്
ഇന്ത്യയുടെ ആത്മാവ്– കെ. ദാമോദരൻ
ഇന്ത്യയെ കണ്ടെത്തൽ– ജവഹർലാൽ നെഹ്റു
ഇബ്നു ഖൽദൂന്റെ ചരിത്രഗ്രന്ഥം
ഈജിപ്ഷ്യൻ സാഹിത്യചരിത്രം – കൃഷ്ണചൈതന്യ
ഋഗ്വേദം

ഋഗ്വേദം വള്ളത്തോൾ വിവർത്തന ആമുഖം- സർദാർ കെ.എം. പണിക്കർ
ഋഗ്വേദത്തിലൂടെ - വി.വി.കെ. വാലത്ത്
ഒമർ ഖയ്യാം - കുസുമത്ത്
കലിയുഗം - പോഞ്ഞിക്കര റാഫി
കഠോപനിഷത്ത് മലയാള വിവർത്തനം - വിവേകാനന്ദ സ്വാമികൾ
കാവ്യദർശനം -എം.പി. പോൾ
കൃഷ്ണയജുർവേദം
കേനോപനിഷത്ത്
ഖുർആൻ
ഗദ്യകൈരളി - പി. ദാമോദരൻ പിള്ള
ഛാന്ദോഗ്യോപനിഷത്ത്
പാണിനീയ മഹാഭാഷ്യം
പ്രാചീന ലിഖിതങ്ങൾ - വി.ആർ. പരമേശ്വരൻപിള്ള
ബൃഹദാരണ്യകോപനിഷത്ത്
ബൈബിൾ
ഭഗവദ്ഗീത
ഭവിഷ്യപുരാണം
ഭാരതപ്പഴമ- ഡോ. എ. അയ്യപ്പൻ
ഭാരതബൃഹച്ചരിത്രം വാ. 1- ആർ.സി. മജുംദാർ, എച്ച്.സി. റായ് ചൗധരി, കാളികിങ്കർദത്ത
ഭാരതീയ തത്ത്വചിന്ത- ദേവീപ്രസാദ് ചട്ടോപാധ്യായ
ഭാരതീയ സാംസ്കാരിക സാമ്രാജ്യ ചരിത്രം- പി. തോമസ്
മതം പൗരസ്ത്യ-പാശ്ചാത്യ രാജ്യങ്ങളിൽ - ഡോ. എസ്. രാധാകൃഷ്ണൻ, വിവ: അമ്പാടി ഇക്കാവമ്മ
മനുസ്മൃതി
മഹാഭാരതം
മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം - ഹെറോഡോട്ടസ്
യജുർവേദം
യഹൂദ സാഹിത്യ ചരിത്രം- കൃഷ്ണചൈതന്യ
യാക്കൂബിയുടെ ചരിത്രം വാ. 1 - ഇബ്നു വാസിഹ് യാക്കൂബി
ലോക ചരിത്രം വാ.1 - കെ.വി. ഗോപാലമേനോൻ
ലോകചരിത്ര സംഗ്രഹം - എച്ച്. ജി. വെൽസ്
വിവേകാനന്ദസ്വാമികളുടെ എഴുത്തുകൾ
വിശ്വചരിത്ര സംഗ്രഹം - ജവഹർലാൽ നെഹ്റു
വിശ്വദർശനങ്ങൾ- രാഹുൽ സാംകൃത്യായൻ
വിശ്വവിജ്ഞാനകോശം വാ. 1-6, 10

വേദപര്യടനം - നരേന്ദ്രഭൂഷൻ
വേദാർഥവിചാരം - വി.കെ.എ. നാരായണ ഭട്ടതിരി
ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ - ടി.സി. ശങ്കരമേനോൻ
ശബ്ദതാരാവലി- ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള
സംസ്കൃത സാഹിത്യ ചരിത്രം- കൃഷ്ണചൈതന്യ

الشهرستاني – الملل والنحل
السهروردى – عوارف المعارف
ابن هشام – السيرة النبوية، الجزء الثاني
مولانا سيد سليمان ندوي – أرض القرآن، الجزء الأول والثاني
أبو حامد الغزالي – إحياء علوم الدين، الجزء الثالث والرابع
ابن خلدون – كتاب العبر، الجزء الأول
ابن قتيبة الدينوري – كتاب المعارف، الجزء الأول
الطبري – تاريخ الأمم والملوك، الجزء الأول
الشوكاني – نيل الأوطار، الجزء الثامن
ابن حجر العسقلاني – فتح الباري، الجزء العاشر
أبو الحسن الأشعري – مقالات الإسلاميين
عبد السلام بن تيمية – منتقى الأخبار
أبو الحسن المسعودي – مروج الذهب، الجزء الأول والثاني
الامام البخاري – صحيح البخارى